# ദുരന്ത നിവാരണത്തിനുള്ള ഓറഞ്ച് പുസ്തകം

# 2

## 2026

## കാലവർഷ-തുലാവർഷ മുന്നൊരുക്ക,

## ദുരന്ത പ്രതികരണ മാർഗ്ഗരേഖ

എട്ടാം  പതിപ്പ് - 11 ജൂൺ 2026

# ORANGE BOOK OF DISASTER MANAGEMENT

# 2

## 2026

## MONSOON PREPAREDNESS AND DISASTER RESPONSE GUIDELINES (Malayalam)

Edition 8 – 11 June 2026

പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം**
**(കെ.എസ്.ഇ.ഓ.സി)**
**സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം**
**ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഓ**
**തിരുവനന്തപുരം** - 695033
**ഫോൺ:** 1070, 1079. **ഇ-മെയിൽ**: seoc.ksdma@kerala.gov.in

## ആമുഖം

ദുരന്തങ്ങളെ നേരിടുന്നതിന്റെ കാര്യക്ഷമത ദുരന്തങ്ങളെ നേരിടുന്നതിന് എത്രകണ്ട് തയ്യാറെടുക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും. കേരളത്തിൽ ഏറ്റവും അധികം ദുരന്ത സാഹചര്യം ഉണ്ടാകുന്ന സമയം കാലവർഷ-തുലാവർഷ കാലം ആണ്. 2012 മുതൽ എല്ലാ വർഷവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കാലവർഷ-തുലാവർഷ മുന്നൊരുക്കയോഗം സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ നടത്തി വരുന്നു.

സംസ്ഥാന, ജില്ലാ, താലൂക്ക് തലത്തിൽ അടിയന്തരഘട്ട പ്രവർത്തന സംവിധാനം (Incident Response System) സ്ഥാപിച്ച്, വിവിധ വകുപ്പുകളുടെ പ്രവർത്തന മേഖല വ്യക്തമാക്കി ഒരു പ്രത്യേക രൂപ രേഖയുടെ ആവശ്യം ഓഖി ചുഴലിക്കാറ്റ്, 2018ലെയും, 2019ലെയും പ്രളയം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. മേൽ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടാണ് ഇത്തരം ഒരു മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം) ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 22 (2) (f) പ്രകാരം കാലവർഷ-തുലാവർഷ കാലത്തേക്ക് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത്.

അതാത് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ അതാത് വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ജില്ല ദുരന്ത നിവാരണ അതോറിറ്റി നേതൃത്വം നൽകേണ്ടതുണ്ട്. തുടർവർഷങ്ങളിൽ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ കൈപുസ്തകം പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമമായി ദുരന്തങ്ങളെ നേരിടുന്നതിനുള്ള മാർഗ്ഗരേഖയായി മാറ്റുന്നതാണ്. കാലവർഷ-തുലാവർഷ കാലം അല്ലാത്ത മാസങ്ങളിലും, പ്രളയം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, എന്നീ സാഹചര്യങ്ങളിലും ഈ മാർഗ്ഗരേഖ പ്രകാരം ആണ് വകുപ്പുകൾ പ്രവർത്തിക്കേണ്ടത്.

ദുരന്ത നിവാരണ 2005ന്റെ സെക്ഷൻ 23 (1), (2), (3) എന്നിവയുടെ അടിസ്ഥാനത്തിൽ GO (Rt) No. 3667/2016/DMD dated 9-9-2016, GO (Rt) No. 3667/2016/DMD dated 9-9-2016 പ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാന ദുരന്ത പ്രതിരോധ പദ്ധതിയിൽ (State Disaster Management Plan) ദീർഘകാലത്തിൽ

പുതുക്കേണ്ടതും, വാർഷികമായി പുതുക്കേണ്ടതും ആയ ഘടകങ്ങൾ ഉണ്ട്. വാർഷികമായി പുതുക്കേണ്ടുന്ന ഭാഗങ്ങൾ ആണ് ഈ ഓറഞ്ച് ബുക്കിൽ ഉള്ളത്. ഓറഞ്ച് ബുക്ക് ഇതിനാൽ സംസ്ഥാന ദുരന്ത പ്രതിരോധ പദ്ധതിയുടെ (State Disaster Management Plan) അവിഭാജ്യ ഘടകം ആയി തീരുമാനിക്കുന്നു. സംസ്ഥാന ദുരന്ത പ്രതിരോധ പദ്ധതിയുടെ ഭാഗമായ ഈ പുസ്തകം പുതുക്കി പ്രസിദ്ധീകരിക്കേണ്ടത് സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെൻ്ററിന്റെ ചുമതല ആയിരിക്കും.

ഈ കൈപുസ്തകം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി 06-05-2019ന് അംഗീകരിക്കുകയും സർക്കാർ GO (Rt) No. 280/2019/DMD dated 09-05-2019 എന്ന ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പുസ്തകം 2019ലെ പ്രളയ അനുഭവത്തിന്റെ വെളിച്ചത്തിൽ പുതുക്കി പ്രസിദ്ധീകരിക്കുവാൻ സംസ്ഥാന ഇ.ഒ.സിയെ 30-4-2020ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. 2020 മുതൽ സംസ്ഥാന ഇ.ഒ.സി ഓറഞ്ച് പുസ്തകം പുതുക്കി വരുന്നു.

5-7-2024ന് ബഹു. മുഖ്യമന്ത്രിയുടെ (ചെയർമാൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി) അദ്ധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ വകുപ്പുകളെയും, കേന്ദ്ര/സംസ്ഥാന സേനകളേയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെയും ഉൾപ്പെടുത്തി യോഗം ചേർന്ന് 2024ലെ ഓറഞ്ച് ബുക്ക് സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി അംഗീകരിച്ചു (GO (Rt) No. 3667/2016/DMD dated 9-9-2016, GO (Rt) No. 399/2018/DMD dated 18-7-2018).

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

**GOVERNMENT OF KERALA**

**Abstract**

Disaster Management Department - Orange Book 2026- Approved-Orders issued.

---

**DISASTER MANAGEMENT (A) DEPARTMENT**

G.O.(Rt)No.248/2026/DMD Dated,Thiruvananthapuram, 11-06-2026

---

Read 1 GO(Rt) No.280/2019/DMD dated 09.05.2019

2 GO(Rt) No.442/2021/DMD dated 27.05.2021

3 GO(Rt) No.514/2022/DMD dated 10.06.2022

4 GO(Rt) No.368/2023/DMD dated 09.06.2023

5 GO(Rt) No.577/2024/DMD dated 05.08.2024

6 G.O.(Rt)No.532/2025/DMD dated 12-08-2025

7 Ltr No.MTO VII/765/2026/Admin dated 22/05/2026 from Member Secretary, KSDMA

8 Minutes of the State Executive Committee Meeting held on 01/06/2026

**ORDER**

In exercise of the powers vested upon the State Executive Committee of Kerala State Disaster Management Authority under Section 22(2)(f), Disaster Management Act 2005, the Orange Book of Disaster Management - Kerala -Standard Operating Procedures and Emergency Support Functions Plan, was approved and issued as per Government Order read as 1st paper above, for strict compliance by the Departments concerned, Central Agencies and District Disaster Management Authorities.

2) As per Government orders read as 2nd to 6th papers above, the Orange Book has been updated periodically. The updated version of draft Orange Book for the year 2026 was submitted for approval by Member Secretary, KSDMA vide letter read as 7th paper above. As per the minutes of the State Executive Meeting read as 8th paper above the

Committee recommended approval of the draft Orange Book 2026, except for Clause 5.14 (Page 93), which proposes to issue guidelines to District Collectors regarding the declaration of holidays for schools.

3) Government have examined the matter in detail and are pleased to approve the Orange Book-2026 of Kerala State Disaster Management Authority (except for Clause 5.14 (Page 93) of the draft, which proposes to issue guidelines to District Collectors regarding the declaration of holidays for schools ) which is updated based on the inputs received from Departments and Districts and is published for strict compliance by concerned Departments, Central Agencies and District Disaster Management Authorities

(By order of the Governor)
M G RAJAMANICKAM
SECRETARY

To:
The Additional Chief Secretary, Home Department.
The Additional Chief Secretary, Local Self Government Department.
The Additional Chief Secretary, Health and Family Welfare Department.
The Additional Chief Secretary, Forest Department.
The Principal Secretary, Finance Department.
The Principal Secretary, General Education Department.
The Principal Secretary, Higher Education Department.
The Principal Secretary, Agriculture Department.
The Secretary, Water Resources Department.
The Secretary, Fisheries Department.
The Secretary, Public Works Department.
The Secretary, Power Department.
The Secretary, Tourism Department.
The Commissioner, Land Revenue
The Commissioner, Disaster Management.
The Member Secretary, KSDMA.
All District Collectors.
The Director, Fire and Rescue Services.
All Departments Concerned.
The Accountant General (A&E) Kerala, Thiruvananthapuram.

Web & New Media, I& PRD.
Stock File / Office Copy.

Forwarded /By order

Section Officer

## Contents

1 കേരളത്തിലെ മഴക്കാലം ........ 14
1.1 വിവിധ കാലാവസ്ഥാ സ്ഥാപനങ്ങളുടെ പ്രവചനങ്ങൾ ........ 24
1.1.1 കേന്ദ്ര കാലാവസ്ഥാ വകുപ്പ് (India Meteorological Department) ........ 24
1.1.2 ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ കാലാവസ്ഥാ കൂട്ടായ്മയുടെ പത്തൊൻപതാം സമ്മേളനം [South Asian Seasonal Climate Outlook Forum (SASCOF-2026)] ........ 26
1.1.3 സ്വകാര്യ ഏജൻസികൾ ........ 27
1.1.4 കേരളത്തിലെ 2026ലെ കാലവർഷം സംബന്ധിച്ച അനുമാനം ........ 28
1.2 തെക്ക് പടിഞ്ഞാറൻ മൺസൂൺ ആരംഭ തീയതി സംബന്ധിച്ച വിശകലനം ........ 31
1.3 എൽ നിനോ സതേൺ ഓസിലേഷൻ (El Niño-Southern Oscillation-ENSO) ........ 31
1.4 ഇന്ത്യൻ ഓഷ്യൻ ഡൈപോൾ (IOD) ........ 33
1.5 മഴ, വെള്ളപ്പൊക്കം, കടൽസ്ഥിതി, കാറ്റ് എന്നിവ സംബന്ധിച്ച മുന്നറിയിപ്പുകളുടെ രീതികൾ ........ 34
1.6 മഴ സംബന്ധിച്ച മുന്നറിയിപ്പ് ........ 36
1.6.1 പ്രവചനത്തിലെ മഴയുടെ അളവും, തീക്ഷ്ണതയും ........ 36
1.6.2 പ്രവചനത്തിലെ മഴ സാധ്യതാ സ്ഥലങ്ങളെ സംബന്ധിച്ച വിവരം ........ 38
1.6.3 ബ്ലോക്ക് തലത്തിൽ മഴയുടെ സാധ്യത ........ 39
1.6.4 മഴ പെയ്യാനുള്ള സാധ്യത ........ 39
1.6.5 മഴ മുന്നറിയിപ്പ് - നിറങ്ങളുടെ അടിസ്ഥാനത്തിൽ ........ 40
1.6.6 ന്യൂനമർദ്ദവും ചുഴലിക്കാറ്റും സംബന്ധിച്ച മുന്നറിയിപ്പുകൾ ........ 43
1.6.7 ചുഴലിക്കാറ്റുകളുടെ പേര് ........ 49
1.6.8 മുന്നറിയിപ്പിൽ പ്രതിപാദിക്കുന്ന സമുദ്ര ഭാഗങ്ങൾ ........ 50
1.7 വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പ് ........ 51
1.7.1 കേരളത്തിലെ പ്രളയ സാധ്യതാ ഭൂപടം ........ 52
1.8 കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് ........ 55
1.9 ഇടിയോട്കൂടിയ മഴയുടെ മുന്നറിയിപ്പ് ........ 57
1.10 സമുദ്ര സ്ഥിതി സംബന്ധിച്ച വിശകലനം ........ 59
1.11 മുന്നറിയിപ്പുകളും അതിനനുസരിച്ച് സ്വീകരിക്കേണ്ട നടപടികളും ........ 61

1.12 അടിയന്തിര ഘട്ട നമ്പർ 112 ..... 63
1.13 ഔദ്യോഗിക മുന്നറിയിപ്പ് ലഭിക്കുന്ന സയറണുകൾ, സ്ട്രോബ് ലൈറ്റുകൾ 63
1.14 സചേത് മൊബൈൽ ആപ്പ് ..... 67
1.15 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാട്സ് ആപ്പ് ചാനൽ ..... 67
1.16 ഔദ്യോഗിക മുന്നറിയിപ്പ് ലഭിക്കുന്ന ആപ്പുകളും, വെബ്സൈറ്റുകളും, സാമൂഹിക മാധ്യമങ്ങളും ..... 68
2 അംഗീകൃത ദുരന്തങ്ങൾ ..... 71
2.1 കേരളത്തിലെ പ്രധാന മഴക്കാല ദുരന്ത സാദ്ധ്യതകൾ ..... 73
2.2 സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) ..... 74
2.2.1 നാഷണൽ ഡിസാസ്റ്റർ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം (NDMIS)... 75
2.3 NDEM – National Database for Emergency Management ..... 78
3 സംസ്ഥാന ഇ.ഓ.സി നടത്തേണ്ട പ്രവർത്തനം ..... 79
4 Central Agencies ..... 83
4.1 National Disaster Response Force ..... 83
4.2 Central Armed Forces (Indian Army, Indian Navy, Indian Air Force, Coast Guard, BSF, CRPF, ITBP, CISF) 85
4.3 Office of DDG Technology (in-charge of Disaster Management), Dept. of Telecom, Kerala LSA, Ernakulam ..... 86
4.4 District NICs ..... 87
4.5 Airports in Kerala ..... 87
4.6 Indian Railways ..... 87
4.7 National Highways Authority ..... 88
5 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നടത്തേണ്ട പ്രവർത്തനങ്ങൾ ..... 89
5.1 ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ശുപാർശ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ..... 132
5.2 അണകെട്ടുകളിലെയും, നദികളിലേയും ജലനിരപ്പ് നിരീക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും ജില്ലയിൽ ഉറപ്പാക്കേണ്ട സംവിധാനം ..... 134
5.3 ഹെലികോപ്റ്റർ ഇറങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ..... 140
5.4 ദേശീയ ദുരന്ത പ്രതികരണ സേനയെ (NDRF) വിന്യസിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ..... 142

5.5 സിവിൽ ഡിഫെൻസ് ........ 146
5.6 ആപതാ മിത്ര/യുവ ആപതാ മിത്ര സന്നദ്ധ സേന ........ 147
5.7 സാമൂഹിക സന്നദ്ധ സേനയുടെ ഉപയോഗം ........ 149
5.8 എമർജൻസി റെസ്പോൺസ് ടീം (ERT) ........ 150
5.9 സന്നദ്ധ സംഘടനകളുടെ ഔദ്യോഗിക കൂട്ടായ്മകൾ (Inter Agency Group) . 151
5.10 ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാനുള്ള മാർഗ്ഗരേഖ ........ 154
5.11 നഗര പ്രളയ തയ്യാറെടുപ്പ് ........ 156
5.12 തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത ലഘൂകരണ പദ്ധതി കോർഡിനേറ്റർമാർക്കുള്ള നിർദേശം ........ 157
5.13 ജില്ലാ ഹസാർഡ് അനലിസ്റ്റ്കൾക്കുള്ള നിർദേശം ........ 160
6 വിവിധ വകുപ്പുകൾക്കുള്ള നിർദ്ദേശങ്ങൾ ........ 164
6.1 പൊതു നിർദ്ദേശങ്ങൾ - സംസ്ഥാന തലം ........ 164
6.2 പൊതു നിർദ്ദേശങ്ങൾ - ജില്ലാ തലം ........ 165
6.3 ലാൻഡ് റവന്യു ........ 166
6.4 തദ്ദേശ സ്വയംഭരണ സർക്കാരുകൾ ........ 175
6.4.1 ദുരന്താവശിഷ്ട നിർമ്മാർജനം ........ 197
6.4.2 ദുരന്ത പ്രതികരണ നിധിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന തുക ലഭ്യമാക്കുവാനുള്ള നടപടി ക്രമം ........ 200
6.5 പോലീസ് ........ 203
6.6 അഗ്നി-രക്ഷാ സേന ........ 209
6.7 ആരോഗ്യ വകുപ്പ് ........ 213
6.8 ജലസേചന വകുപ്പ് ........ 220
6.9 കെ.എസ്.ഇ.ബി ........ 227
6.10 കേരള വാട്ടർ അതോറിറ്റി ........ 231
6.11 ഫിഷറീസ് വകുപ്പ് ........ 235
6.12 മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ........ 239
6.13 മണ്ണ് സംരക്ഷണ വകുപ്പ് ........ 242
6.14 ദേവസ്വം ........ 243

6.15 മൃഗസംരക്ഷണ വകുപ്പ് ........ 244
6.16 സിവിൽ സപ്ലൈസ് വകുപ്പ് ........ 245
6.17 കൃഷി വകുപ്പ് ........ 246
6.18 കെ.എസ്.ആർ.റ്റി.സി ........ 247
6.19 ജലഗതാഗത വകുപ്പ് ........ 248
6.20 വിദ്യാഭ്യാസ വകുപ്പ് ........ 249
6.21 കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി ........ 253
6.22 കേരള ഡാം സേഫ്റ്റി അതോറിറ്റി ........ 253
6.23 ടൂറിസം വകുപ്പ് ........ 253
6.24 വനം വകുപ്പ് ........ 255
6.25 പട്ടികവർഗ്ഗ വികസന വകുപ്പ് ........ 256
6.26 പട്ടികജാതി വികസന വകുപ്പ് ........ 258
6.27 സാമൂഹിക നീതി വകുപ്പ് ........ 259
6.28 വനിതാ-ശിശുക്ഷേമ വകുപ്പ് ........ 263
6.29 വിവര-പൊതുജന സമ്പർക്ക വകുപ്പ് ........ 264
6.30 ഗതാഗത വകുപ്പ് ........ 265
6.31 എക്സൈസ് ........ 266
6.32 പൊതുമരാമത്ത് വകുപ്പ് ........ 266
6.33 വ്യവസായ വകുപ്പ് ........ 267
6.34 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ........ 268
6.35 തൊഴിൽ വകുപ്പ് ........ 269
6.36 പരിസ്ഥിതി വകുപ്പ് ........ 272
6.37 നോർക്ക വകുപ്പ് ........ 272
6.38 കെ.എസ്.അർ.ഇ.സി (KSREC) ........ 273
6.39 കേരള മാനസികാരോഗ്യ അതോറിറ്റി ........ 273
7 ജില്ലാ കളക്ടർമാർക്കുള്ള തയ്യാറെടുപ്പ് പരിശോധന പട്ടിക ........ 275
8 ഉപസംഹാരം ........ 279
9 അനുബന്ധം 1 ദൈനംദിന ദുരന്ത റിപ്പോർട്ട് സമർപ്പിക്കേണ്ട ഫോർമാറ്റ് ........ 281

10 അനുബന്ധം 2: എല്ലാ മാസവും സമർപ്പിക്കേണ്ടുന്ന ദുരന്ത റിപ്പോർട്ടിന്റെ ഫോർമാറ്റ് ..... 285

11 അനുബന്ധം 3: ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ..... 291

12 അനുബന്ധം 4: രാത്രികാലങ്ങളിലും ഷട്ടറുകൾ പ്രവർത്തിപ്പിച്ച് പെട്ടന്ന് ജലം ഒഴുക്കിവിടേണ്ടിവന്നേക്കാവുന്ന ചെറിയ അണക്കെട്ടുകൾ ..... 308

13 അനുബന്ധം 5: പാമ്പ് കടിയ്ക്കുള്ള ചികിത്സ ലഭ്യമാകുന്ന ആശുപതികളുടെ പട്ടിക ..... 311

14 അനുബന്ധം 6: സംസ്ഥാനത്ത് വാർഷികമായും, ഋതുക്കളിലും, അതാത് മാസവും ലഭിക്കുന്ന ദീർഘ കാല ശരാശരി മഴയുടെ അളവ് സൂചിപ്പിക്കുന്ന ഭൂപടങ്ങൾ ..... 314

15 അനുബന്ധം 7: വ്യക്തിഗത സുരക്ഷാ കിറ്റ് ..... 316

16 അനുബന്ധം 8: കേന്ദ്ര ജല കമ്മീഷൻ പുഴയിലെ ജലനിരപ്പ് നിരീക്ഷിക്കുന്ന സ്ഥലങ്ങളും അനുബന്ധ വിവരങ്ങളും ..... 317

17 അനുബന്ധം 9 - വീടുകളിൽ തിരികെ പോകുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 320

17.1 വീടിന്റെ തറയും പരിസരവും വൃത്തിയാക്കുന്ന രീതി ..... 322

17.2 കിണറുകൾ, ദുരന്തം ബാധിച്ച ജല സംഭരണികൾ എന്നിവ ശുചിയാക്കുന്ന പ്രവർത്തനം ..... 325

18 അനുബന്ധം 10 - ഹെലികോപ്റ്റർ ഇറങ്ങുവാൻ സാധിക്കുന്ന സ്ഥലങ്ങളുടെ പട്ടിക ..... 327

19 അനുബന്ധം 11 - സാറ്റലൈറ്റ് ഫോൺ നമ്പറുകൾ ..... 341

20 അനുബന്ധം 12 - സംസ്ഥാനത്തെ പെട്രോളിയം അടിയന്തിരഘട്ട സഹായ വാഹനങ്ങൾ, സംസ്ഥാനത്ത് ദുരിതാശ്വാസ ക്യാമ്പുകൾ നടത്താവുന്ന കെട്ടിടങ്ങളും, ആശുപത്രികളും സംബന്ധിച്ച ഭൂപടങ്ങളും, പട്ടികയും ..... 349

21 അനുബന്ധം 14 - ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ശുപാർശ ചെയ്യുന്നതിനുള്ള ചെക്ക് ലിസ്റ്റ് ..... 350


22 അനുബന്ധം 15 - നേവി, കോസ്റ്റ് ഗാർഡ് എന്നീ സേനകളുടെ സഹായം മുങ്ങി മരണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്നതിനുള്ള ഫോർമാറ്റ് ..... 356

## 1 കേരളത്തിലെ മഴക്കാലം

കേരളത്തിൽ നാല് ഋതുക്കളിലും മഴ ലഭിക്കുന്നുണ്ടെങ്കിലും കേരളത്തിലെ മഴക്കാലം ആയി കണക്കാക്കുന്നത് ജൂൺ മുതൽ സെപ്റ്റംബർ വരെ ധാരാളമായി മഴ ലഭിക്കുന്ന ഇടവപ്പാതിയും (തെക്കു പടിഞ്ഞാറൻ കാലവർഷം) ഒക്ടോബർ മുതൽ ഡിസംബർ വരെ മഴ ലഭിക്കുന്ന തുലാവർഷവും ആണ്. തെക്കു പടിഞ്ഞാറൻ കാലവർഷം ഇന്ത്യയിൽ ആദ്യമെത്തുന്ന പ്രദേശം ആണ് കേരളം. കേരളത്തിലെ വാർഷിക മഴയുടെ ദീർഘകാല ശരാശരി 2897.1mm ആണ്. ഇതിൽ 2018.6 മില്ലി മീറ്റർ മഴയും തെക്ക് പടിഞ്ഞാറൻ മൺസൂണിലാണ് ലഭിക്കുന്നത്. തൊട്ടു പിന്നാലെ വരുന്ന വടക്ക് കിഴക്കൻ മൺസൂണിൽ 492mm മഴയാണ് 'സാധാരണ' (normal) ലഭിക്കാറുള്ളത്. അത് കൂടാതെ കേരളത്തിലെ പ്രീ-മൺസൂൺ കാലത്തു (മാർച്ച്-മെയ്) 359mm മഴയും ശീതകാലത്തു (ജനുവരി-ഫെബ്രുവരി) 21.1mm മഴയും സാധാരണ ലഭിക്കാറുണ്ട്. കേരളത്തിൽ ഏറ്റവുമധികം മഴ സാധാരണയായി ലഭിക്കാറുള്ളത് ജൂലൈ മാസത്തിലാണ്. സംസ്ഥാനത്തിലാകെ 653.4 മില്ലിമീറ്റർ മഴ ജൂലൈ മാസത്തിലും 648.3mm മഴ ജൂൺ മാസത്തിലും ദീർഘകാല ശരാശരിയായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ രണ്ട് പ്രധാന മഴ മാസങ്ങൾക്ക് ശേഷമെത്തുന്ന ഓഗസ്റ്റ് മാസത്തിലെ 'സാധാരണ' പ്രതീക്ഷിക്കാവുന്ന മഴ 445.2mm ആണ്. 1971 മുതൽ 2020 വരെ രേഖപ്പെടുത്തപ്പെട്ട മഴയുടെ വിവരങ്ങളിൽ നിന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഈ കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. പരിചിതമല്ലാത്ത രീതിയിൽ ഉണ്ടാകുന്ന അസാധാരണ മഴ പലപ്പോഴും വലിയ നാശനഷ്ടങ്ങൾ സൃഷ്ടിക്കാറുണ്ട്.


ഏറ്റവും പ്രധാനപ്പെട്ട മഴക്കാലം ആയ തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ താരതമ്യേന കൂടുതൽ മഴ ലഭിക്കുന്നത് വടക്കൻ കേരളത്തിലും കുറവ് മഴ ലഭിക്കുന്നത് തെക്കൻ കേരളത്തിലുമാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ 2000mmൽ അധികം മഴ സാധാരണ ലഭിക്കാറുണ്ട്. ഇതിൽ ഏറ്റവും അധികം മഴ (2846.2mm) ലഭിക്കുന്നത് കാസർഗോഡ് ജില്ലയിലാണ്. ഏറ്റവും കുറവ് മഴ (844.6mm) സാധാരണ

ലഭിക്കാറുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. കാലവർഷ സീസണിൽ ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട മഴയുടെ അളവ് (ചിത്രം 1) കൊടുത്തിരിക്കുന്നു.




ചിത്രം 1: തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട മഴയുടെ അളവ്

കേരളത്തിൽ 2025 തെക്കു പടിഞ്ഞാറൻ മൺസൂൺ സീസണിൽ (ജൂൺ-സെപ്റ്റംബർ) ലഭിച്ചത് സാധാരണ മഴയായാണ്. ജൂൺ-സെപ്റ്റംബർ മാസത്തിൽ ശരാശരി ലഭിക്കേണ്ട 2018.6mm മഴയുടെ സ്ഥാനത്ത് 2025 മൺസൂൺ സീസണിൽ ലഭിച്ചത് 1752.7mm, അതായത് സാധാരണയെക്കാൾ 13% കുറവ് മഴയാണ് (ചിത്രം 2 & ടേബിൾ 1). 2023 ൽ ഈ കാലയളവിൽ 34% കുറവ് മഴയാണ് ലഭിച്ചത്.





ചിത്രം 2: 2025ൽ കാലവർഷത്തിൽ ഓരോ ദിവസവും സംസ്ഥാനത്തു ലഭിച്ച മഴ

| ടേബിൾ 1: കാലവർഷ മഴ (ജൂൺ - സെപ്റ്റംബർ) 2025 | | | | |
|---|---|---|---|---|
| ജില്ലകൾ | ലഭിച്ച മഴ (mm) | ലഭിക്കേണ്ട മഴ (mm) | വ്യതിയാനം (%) | |
| കേരളം | 1752.7 | 2018.6 | -13 | സാധാരണ |
| ലക്ഷദ്വീപ് | 856.3 | 1026.6 | -17 | സാധാരണ |
| ആലപ്പുഴ | 1541.6 | 1643 | -6 | സാധാരണ |
| കണ്ണൂർ | 2987.2 | 2623 | 14 | സാധാരണ |
| എറണാകുളം | 1900.9 | 2116.9 | -10 | സാധാരണ |
| ഇടുക്കി | 1674.5 | 2574.3 | -35 | കുറവ് |
| കാസർഗോഡ് | 2781.2 | 2846.2 | -2 | സാധാരണ |
| കൊല്ലം | 1152.6 | 1257.6 | -8 | സാധാരണ |
| കോട്ടയം | 1633.6 | 1905.3 | -14 | സാധാരണ |
| കോഴിക്കോട് | 2071.1 | 2561.6 | -19 | സാധാരണ |
| മലപ്പുറം | 1420.4 | 1956.5 | -27 | കുറവ് |
| പാലക്കാട് | 1401.5 | 1556.1 | -10 | സാധാരണ |
| പത്തനംതിട്ട | 1654.5 | 1572.7 | 5 | സാധാരണ |
| തിരുവനന്തപുരം | 849.5 | 844.6 | 1 | സാധാരണ |
| തൃശ്ശൂർ | 2066.5 | 2132.1 | -3 | സാധാരണ |
| വയനാട് | 1567.1 | 2464.7 | -36 | കുറവ് |
| മാഹി | 2490.3 | 2385.3 | 4 | സാധാരണ |

| ടേബിൾ 1a: 2025ൽ കാലവർഷ കാലത്തു (ജൂൺ -സെപ്റ്റംബർ) ഓരോ ജില്ലയിലും ഓരോ മാസത്തിലും ലഭിച്ച മഴ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| DISTRICTS | JUNE | | JULY | | AUGUST | | SEPTEMBER | | JUN-SEPT | |
| | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) |
| KERALA | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) | ACTUAL | DEPARTURE (%) |
| ALAPPUZHA | 620.4 | -4 | 570.1 | -13 | 355 | -20 | 207.2 | -24 | 1752.7 | -13 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| KANNUR | 583.2 | 6 | 481.9 | 1 | 244.7 | -29 | 232.5 | -15 | 1542.3 | -6 |
| ERNAKULAM | 989.6 | 13 | 1131.9 | 25 | 554.1 | -1 | 312.3 | 14 | 2987.9 | 14 |
| IDUKKI | 690.8 | -1 | 577.8 | -13 | 383 | -12 | 247.8 | -23 | 1899.9 | -10 |
| KASARAGODE | 608.7 | -17 | 507.6 | -39 | 349.3 | -46 | 208.9 | -44 | 1674.5 | -35 |
| KOLLAM | 836.7 | -15 | 1104.2 | 14 | 537.8 | -14 | 302.5 | 12 | 2781.2 | -2 |
| KOTTAYAM | 420.9 | -1 | 368.2 | 7 | 190.7 | -28 | 172.8 | -24 | 1152.6 | -8 |
| KOZHIKODE | 589.1 | -8 | 467.4 | -16 | 317 | -23 | 260.1 | -12 | 1633.6 | -14 |
| MALAPPURAM | 752.2 | -15 | 750.7 | -14 | 396.1 | -23 | 172.1 | -40 | 2071.1 | -19 |
| PALAKKAD | 560.2 | -10 | 476.6 | -28 | 250.6 | -40 | 133.4 | -48 | 1420.4 | -27 |
| PATHANAMTHITTA | 519.6 | 12 | 427.6 | -19 | 312.9 | -13 | 140.5 | -32 | 1400.6 | -10 |
| TRIVANDRUM | 578.5 | 14 | 488.3 | 4 | 384.5 | 12 | 203.2 | -19 | 1654.5 | 5 |
| THRISSUR | 307.6 | -2 | 202.9 | 4 | 147.5 | -7 | 191.5 | 7 | 849.5 | 1 |
| WAYANAD | 773.3 | 9 | 586.8 | -14 | 488.8 | 9 | 218.4 | -26 | 2067.3 | -3 |
| MAHE | 453.1 | -36 | 533 | -41 | 393.4 | -34 | 190.1 | -28 | 1569.6 | -36 |

ഇടവപ്പാതിയിൽ നിന്ന് വിപരീതമായി ഇടിവെട്ടോടുകൂടിയ തുലാവർഷം താരതമ്യേന ഏറ്റവും അധികം പെയ്തിറങ്ങാറുള്ളത് തെക്കൻ കേരളത്തിലാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തിരുവനതപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ 500 മില്ലി മീറ്ററിൽ അധികം മഴ ലഭിക്കാറുണ്ട്. തുലാവർഷത്തിൽ ഏറ്റവും അധികം മഴ (630.8 mm) ലഭിക്കുന്നത് പത്തനംതിട്ട (629 mm), കൊല്ലം (628.2 mm) ജില്ലകളിലും ഏറ്റവും കുറവ് മഴ (324 mm) ലഭിക്കുന്നത് വയനാട് ജില്ലയിലുമാണ്. തുലാവർഷത്തിൽ ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട മഴയുടെ അളവ് (ചിത്രം 3) കൊടുത്തിരിക്കുന്നു.





*ചിത്രം 3: വടക്ക് കിഴക്കൻ തുലാവർഷത്തിൽ ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട മഴയുടെ അളവ്*

കേരളത്തിൽ 2025 വടക്ക് കിഴക്കൻ കാലവർഷത്തിൽ (ഒക്ടോബർ-ഡിസംബർ) ലഭിച്ചത് സാധാരണ മഴയാണ്. ഒക്ടോബർ-ഡിസംബർ മാസത്തിൽ ദീർഘകാല ശരാശരി പ്രകാരം ലഭിക്കേണ്ട മഴ 492mm ആണ്. എന്നാൽ ഇത്തവണ ലഭിച്ചത് 388.4mm, അതായത് 21% കുറവ് മഴയാണ് (ടേബിൾ 2).

| ടേബിൾ 2: തുലാവർഷ മഴ (ഒക്ടോബർ - ഡിസംബർ) 2025<br>കേന്ദ്ര കാലാവസ്ഥ വകുപ്പ് , തിരുവനന്തപുരം | | | | |
|---|---|---|---|---|
| ജില്ലകൾ | ലഭിച്ച മഴ | ലഭിക്കേണ്ട മഴ | വ്യതിയാനം (%) | |
| കേരളം | 388.4 | 491.9 | -21 | കുറവ് |
| ലക്ഷദ്വീപ് | 401.7 | 334.9 | 20 | സാധാരണ |
| ആലപ്പുഴ | 464.9 | 565 | -18 | സാധാരണ |
| കണ്ണൂർ | 309.9 | 391.3 | -21 | കുറവ് |
| എറണാകുളം | 466.4 | 578.8 | -19 | സാധാരണ |
| ഇടുക്കി | 418.3 | 567.3 | -26 | കുറവ് |
| കാസർഗോഡ് | 304.5 | 339.2 | -10 | സാധാരണ |
| കൊല്ലം | 427.2 | 628.2 | -32 | കുറവ് |
| കോട്ടയം | 549.6 | 574.2 | -4 | സാധാരണ |


| | | | | |
|---|---|---|---|---|
| കോഴിക്കോട് | 347.3 | 454.2 | -24 | കുറവ് |
| മലപ്പുറം | 306.5 | 459.8 | -33 | കുറവ് |
| പാലക്കാട് | 283.9 | 371.4 | -24 | കുറവ് |
| പത്തനംതിട്ട | 518.7 | 629 | -18 | സാധാരണ |
| തിരുവനന്തപുരം | 536.6 | 551.6 | -3 | സാധാരണ |
| തൃശ്ശൂർ | 372 | 485.6 | -23 | കുറവ് |
| വയനാട് | 251.5 | 324 | -22 | കുറവ് |
| മാഹി | 464.9 | 378.2 | -18 | സാധാരണ |

മാർച്ച്-മെയ് മാസങ്ങളിൽ പെയ്യുന്ന വേനൽ മഴയും ഇടിവെട്ടോടു കൂടിയുള്ളതാണ്. കേരളത്തിന്റെ തെക്കൻ ജില്ലകളിൽ ആണ് വേനൽ മഴ അധികവും ലഭിക്കുന്നത്. വടക്കൻ ജില്ലകളിൽ താരതമ്യേന മഴ കുറവാണ്. പത്തനംതിട്ട ജില്ലയിൽ ആണ് ഏറ്റവും അധികം മഴ ലഭിക്കുന്നത്. പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ യഥാക്രമം 495.3 mm, 455.2 mm, 451.7 mm, 433.2 mm, 426.4 mm, 400.6 mm ശരാശരി മഴ ലഭിക്കുന്നു. വേനൽ മഴ ഏറ്റവും കുറവ് ലഭിക്കുന്നത് പാലക്കാട് (244 mm) ആണ്. വേനൽ മഴ ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട അളവ് (ചിത്രം 4) കൊടുത്തിരിക്കുന്നു.





ചിത്രം 4: വേനൽ മഴ ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട അളവ്

2026-ൽ ഇതുവരെ (മെയ് 13) 19% കുറവ് മഴയാണ് രേഖപ്പെടുത്തിയത്.




ചിത്രം 5: 2026ൽ വേനൽകാലത്തു എല്ലാ ജില്ലകളിലും ലഭിച്ച മഴ

കേരളത്തിൽ ശീതകാലത്തു മറ്റു ഋതുക്കളെ അപേക്ഷിച്ചു താരതമേന്യ കുറവ് മഴ ആണ് ലഭിക്കാറുള്ളത്. ഈ മാസങ്ങളിൽ കൂടുതലും മഴ ലഭിക്കുന്നത് തെക്കൻ കേരളത്തിൽ ആണ്. വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ ശരാശരി 10mmൽ താഴെ മഴ ലഭിക്കാറുള്ളു. എന്നാൽ തെക്കൻ ജില്ലകളായ പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിൽ ശരാശരി 30 മില്ലി മീറ്ററിൽ അധികം മഴ ലഭിക്കാറുണ്ട്. ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഏറ്റവും അധികം മഴ (49 mm) ലഭിക്കുന്നത് പത്തനംതിട്ട ജില്ലയിലും ഏറ്റവും കുറവ് മഴ (4.4 mm) ലഭിക്കുന്നത് കണ്ണൂർ ജില്ലയിലും ആണ്. ശൈത്യകാലത്തു ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട മഴയുടെ അളവ് (ചിത്രം 6) കൊടുത്തിരിക്കുന്നു.





ചിത്രം 6: ശൈത്യകാലത്തു ഓരോ ജില്ലയിലും സാധാരണ ലഭിക്കേണ്ട മഴയുടെ അളവ്

കേരളത്തിൽ 2026 ശൈത്യകാലത്തു (ജനുവരി-ഫെബ്രുവരി)ലഭിച്ചത് സാധാരണയെക്കാൾ വളരെ കൂടുതൽ മഴയായിരുന്നു. ജനുവരി-ഫെബ്രുവരി മാസത്തിൽ ശരാശരി ലഭിക്കേണ്ട മഴ 21.1 mm ആണ്. ഇത്തവണ ലഭിച്ചത് 45.6 മില്ലിമീറ്റർ, 116% കൂടുതൽ. കഴിഞ്ഞവർഷം (2025) ഈ കാലയളവിൽ 66% കുറവ് മഴയാണ് ലഭിച്ചത്.

| ടേബിൾ 3: ശൈത്യകാല മഴ (ജനുവരി - ഫെബ്രുവരി) 2026 | | | | |
|---|---|---|---|---|
| ജില്ലകൾ | ലഭിച്ച മഴ | ലഭിക്കേണ്ട മഴ | വ്യതിയാനം (%) | |
| കേരളം | 45.6 | 21.1 | 116 | വളരെ കൂടുതൽ |
| ലക്ഷദ്വീപ് | 48.9 | 25.8 | 90 | വളരെ കൂടുതൽ |
| ആലപ്പുഴ | 68.3 | 39.1 | 75 | വളരെ കൂടുതൽ |
| കണ്ണൂർ | 29.3 | 4.4 | 565 | വളരെ കൂടുതൽ |
| എറണാകുളം | 56.2 | 29.9 | 88 | വളരെ കൂടുതൽ |
| ഇടുക്കി | 39.4 | 26.7 | 47 | കൂടുതൽ |
| കാസർഗോഡ് | 7.7 | 4.5 | 70 | വളരെ കൂടുതൽ |
| കൊല്ലം | 36.8 | 41.2 | -11 | സാധാരണ |
| കോട്ടയം | 75.6 | 31.5 | 140 | വളരെ കൂടുതൽ |
| കോഴിക്കോട് | 67.3 | 5.1 | 1219 | വളരെ കൂടുതൽ |
| മലപ്പുറം | 8.4 | 7.1 | 19 | സാധാരണ |
| പാലക്കാട് | 50.1 | 11.2 | 348 | വളരെ കൂടുതൽ |


| | | | | |
|---|---|---|---|---|
| പത്തനംതിട്ട | 93.2 | 49 | 90 | വളരെ കൂടുതൽ |
| തിരുവനന്തപുരം | 43 | 36.9 | 17 | സാധാരണ |
| തൃശ്ശൂർ | 47 | 13.2 | 256 | വളരെ കൂടുതൽ |
| വയനാട് | 36.8 | 11 | 234 | വളരെ കൂടുതൽ |
| മാഹി | 0.2 | 5 | -96 | വളരെ കുറവ് |

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ (ഐ.എം.ഡി) 2011 മുതലുള്ള തെക്ക് പടിഞ്ഞാറൻ മൺസൂൺ പ്രവചനവും കേരളത്തിൽ ലഭിച്ച മഴയും ദീർഘകാല ശരാശരിയുടെ ശതമാന കണക്കിൽ ചുവടെച്ചേർക്കുന്നു (ചിത്രം 7) പ്രവചനവും പ്രാദേശിക മഴയുടെ അളവും തമ്മിലുള്ള വ്യതിയാനം ഈ ഗ്രാഫിൽ നിന്നും വ്യക്തമാണ്.





ചിത്രം 7: തെക്ക് പടിഞ്ഞാറൻ മൺസൂൺ പ്രവചനവും കേരളത്തിൽ ലഭിച്ച മഴയും (ശതമാനത്തിൽ)

2005-2025 വരെയുള്ള 21 വർഷങ്ങളിൽ, 12 തവണ പ്രതീക്ഷിച്ചതിൽ കൂടുതൽ മഴയും, 9 തവണ പ്രതീക്ഷിച്ചതിൽ കുറവ് മഴയും ആണ് കേരളത്തിൽ ലഭിച്ചത് എന്ന് ചുവടെ ചേർക്കുന്ന കേരളത്തിലെ ശരാശരി മഴയും, ലഭിച്ച മഴയും തമ്മിലുള്ള താരതമ്യത്തിൽ നിന്നും വ്യക്തമാണ് (ചിത്രം 8).




ചിത്രം 8: കേരളത്തിലെ വാർഷിക മഴയുടെ അളവ്

ഓരോ മാസത്തിലും ജില്ലകളിൽ ലഭിച്ചേക്കാവുന്ന ശരാശരി മഴ ചുവടെ ചേർക്കുന്നു.



സംസ്ഥാനത്ത് അതാത് മാസവും, ഋതുക്കളിലും, വർഷികമായും, ലഭിക്കുന്ന ശരാശരി മഴയുടെ ഭൂപടങ്ങൾ അനുബന്ധം 6 ആയി ചേർത്തിട്ടുണ്ട്.

കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് കാലാവസ്ഥാ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ സർക്കാരിനും സംവിധാനങ്ങൾക്കും നൽകാൻ ഔദ്യോഗിക ചുമതയുള്ള ഏജൻസി. ഏപ്രിൽ മാസത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ആദ്യഘട്ട ദീർഘകാല മഴ പ്രവചനത്തിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്ത് മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിക്കാറുള്ളത്.

## 1.1 വിവിധ കാലാവസ്ഥാ സ്ഥാപനങ്ങളുടെ പ്രവചനങ്ങൾ

### 1.1.1 കേന്ദ്ര കാലാവസ്ഥാ വകുപ്പ് (India Meteorological Department)

2026 ഏപ്രിൽ 16ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം (IMD) പുറപ്പെടുവിച്ച ദീർഘകാല മഴ സാധ്യതാ പ്രവചനത്തിൽ രാജ്യത്ത് ഈ വർഷം പ്രതീക്ഷിക്കുന്നത് 'സാധാരയെക്കാൾ കുറവ് (below normal) മഴയാണ്. ദീർഘകാല ശരാശരിയുടെ 92% (+/-5% മോഡൽ പിഴവുകൾക്കുള്ള സാധ്യതയോടെ) മഴയാണ് 2026 ലെ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ (ഇടവപ്പാതി) ഇന്ത്യയിൽ പ്രവചിക്കപ്പെട്ടിരിക്കുന്നത്. (കാലാവസ്ഥാ വകുപ്പിൻറെ 2025ലെ ദീർഘകാല പ്രവചനം 105%വും, 2024ൽ 106%വും, 2023ലേത് 96%, 2022ൽ 99%വുമായിരുന്നു). കേരളത്തിലും ഇത്തവണ സാധാരണ ഈ കാലയളവിൽ ലഭിക്കുന്നതിനേക്കാൾ കുറവ് കാലവർഷ മഴ ലഭിക്കാനും സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ആദ്യ ഘട്ട മൺസൂൺ പ്രവചനത്തിൽ (First Stage Long Range Forecast) വ്യക്തമാക്കുന്നത്. 2018.6 മില്ലിമീറ്റർ മഴയാണ് കേരളത്തിലെ സാധാരണ മൺസൂൺ സീസണിൽ ലഭിക്കേണ്ട മഴ.

ജൂൺ മുതൽ സെപ്തംബർ വരെയുള്ള തെക്ക് പടിഞ്ഞാറൻ മൺസൂണിൽ ഇന്ത്യയിലാകെ ലഭിക്കാനിടയുള്ള ആകെ മഴയുടെ അളവിനെ സംബന്ധിച്ചുള്ളതാണ് ഈ പ്രവചനം. ഇന്ത്യയുടെ തെക്ക് പടിഞ്ഞാറൻ മൺസൂൺ മഴയുടെ ദീർഘകാല ശരാശരി എന്നത് 866.6 മില്ലി മീറ്റർ

മഴയാണ്. ഈ പ്രവചനത്തിൽ നിന്ന് വലിയ അപകടങ്ങൾ സൃഷ്ടിക്കാറുള്ള അതിതീവ്ര മഴ ദിനങ്ങൾ രാജ്യത്തുണ്ടാകുമെന്നോ സംസ്ഥാനത്ത് ഇടവപ്പാതി ഏത് രീതിയിലായിരിക്കുമെന്നോ പൊതുവെ മനസ്സിലാക്കാൻ സാധിക്കുകയില്ല. നിലവിൽ എല്ലാ ദിവസവും കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കുന്ന 5 ദിവസത്തെ ജില്ലാതല മഴ പ്രവചനത്തിൽ മാത്രമാണ് ഇത്തരം വിവരങ്ങൾ നമുക്ക് ലഭ്യമാകുന്നത്.


മൺസൂണിനെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകങ്ങളായ പസിഫിക്ക് സമുദ്രത്തിലെ എൻസോ (ENSO) പ്രതിഭാസം നിലവിൽ ന്യൂട്രൽ സാഹചര്യത്തിൽ തുടരുന്നു. ഇന്ത്യൻ മഹാസമുദ്രത്തിലെ 'ഇന്ത്യൻ ഓഷ്യൻ ഡൈപോൾ' പ്രതിഭാസവും നിലവിൽ 'ന്യൂട്രൽ' അവസ്ഥയിലാണ് ഉള്ളത്. ഏറ്റവും പുതിയ ആഗോള കാലാവസ്ഥ മോഡലുകൾ നൽകുന്ന സൂചനകൾ അനുസരിച്ച് കാലവർഷ സീസണിൽ എൽ നിനോ പ്രതിഭാസം രൂപെടാനും അതോടൊപ്പം ഇന്ത്യൻ ഓഷ്യൻ ഡൈപോൾ പോസറ്റീവ് ഫേസിലേക്ക് മാറാനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കുന്നു.

സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവ് മഴ (Deficient) ലഭിക്കാനുള്ള സാധ്യത 35% വും സാധാരണ യെക്കാൾ കുറവ് മഴ (Below normal) ലഭിക്കാനുള്ള സാധ്യത 31 %വും സാധാരണ മഴ ലഭിക്കാനുള്ള സാധ്യത 27% മാണ് IMD ദീർഘകാല പ്രവചനത്തിലൂടെ വ്യക്തമാക്കുന്നത്

സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് പ്രാദേശിക അടിസ്ഥാനത്തിലുള്ള മഴയുടെ വിതരണ സാധ്യത (forecasts of spatial distribution of seasonal rainfall along with the regionally averaged rainfall forecasts) ദീർഘകാല പ്രവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ആഗോള കാലാവസ്ഥ മോഡലുകളെ (coupled global climate models-CGCMs) അടിസ്ഥാനമാക്കി ഒരു ഡയനാമിക്ക് മൾട്ടി മോഡൽ എൻസെംബിൾ (MME) സംവിധാനം കേന്ദ്ര കാലാവസ്ഥ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. ഇതുപയോഗപ്പെടുത്തി കൊണ്ട് ഓരോ മാസത്തേക്കുമുള്ള പ്രവചനവും നിലവിൽ ലഭ്യമാകുന്നുണ്ട്.

മെയ് അവസാനവാരത്തിൽ IMD അവരുടെ രണ്ടാമത്തെ ദീർഘകാല പ്രവചനം പുറത്തിറക്കുന്നതാണ്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ


കേന്ദ്രത്തിൻറെ 2026 ദീർഘകാല മൺസൂൺ പ്രവചനം https://internal.imd.gov.in/press_release/20260415_pr_4893.pdf എന്ന ലിങ്കിൽ ലഭ്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ അന്തർദേശീയ, സ്വകാര്യ ഏജൻസികളും 2026 മൺസൂൺ മഴയുടെ ദീർഘകാല പ്രവചനം നടത്തിയിട്ടുണ്ട്. ലഭ്യമായ ചില വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.




### 1.1.2 ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ കാലാവസ്ഥാ കൂട്ടായ്മയുടെ പത്തൊൻപതാം സമ്മേളനം [South Asian Seasonal Climate Outlook Forum (SASCOF-2026)]

ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ഔദ്യോഗിക കാലാവസ്ഥാ ഏജൻസികളുടെ കൂട്ടായ്മയായ SASCOF ഏപ്രിൽ 28ന് മാലിദ്വീപിലെ മാലെയിൽ വെച്ച് നടന്നു ലോക കാലാവസ്ഥാ സംഘടനയുടെയും അന്താരാഷ്ട്ര വിദഗ്ധരുടെ പിന്തുണയോടെ ദക്ഷിണേഷ്യയിലെ ഒമ്പത് ദേശീയ

കാലാവസ്ഥാ, ജലശാസ്ത്ര ഏജൻസികൾ സഹകരിച്ചാണ് 2026 സീസണിലെ മേഖലയിൽ പ്രതീക്ഷിക്കുന്ന സീസൺ എങ്ങനെയായിരിക്കുമെന്ന് വിലയിരുത്തി. തെക്കൻ ഏഷ്യയിൽ പൊതുവെ 'സാധാരണയെക്കാൾ കുറവ് മൺസൂൺ ആയിരിക്കുമെന്ന നിഗമനത്തിലാണ് സാസ്കോഫ് എത്തിച്ചേർന്നിട്ടുള്ളത്. സാസ്കോഫ് പ്രസിദ്ധീകരിച്ച കാലാവസ്ഥാ അവലോകന ഭൂപടത്തിൽ കേരളത്തിലും പൊതുവെ സാധാരണയെക്കാൾ കുറവ് മഴ ലഭിക്കാനുള്ള സാധ്യത പ്രവചിക്കുന്നു തെക്കൻ കേരളത്തിൽ .തിരുവനതപുരം ചില മേഖലയിൽ സാധാരണ യെക്കാൾ കൂടുതൽ മഴ പ്രതീക്ഷിക്കുന്നു.





SASCOFന്റെ പ്രവചനം സംബന്ധിച്ചുള്ള വിവരം https://rcc.imdpune.gov.in/SASCOF/sascof34/SASCOF34_outlook_statement_JJAS2026.pdf എന്ന ലിങ്കിൽ ലഭ്യമാണ്

### 1.1.3 സ്വകാര്യ ഏജൻസികൾ

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കാലാവസ്ഥ ഏജൻസിയായ സ്കൈമെറ്റ് വെതർ അവരുടെ മൺസൂൺ പ്രവചനം ലഭ്യമാക്കിയിട്ടുണ്ട്.

രാജ്യത്തു ഇത്തവണ കാലവർഷം സാധാരണയെക്കാൾ കുറവ് നിലയിലായിരിക്കുമെന്നു സ്വകാര്യ കാലാവസ്ഥ ഏജൻസിയായ സ്കൈമെറ്റ് വെതർ. ദീർഘകാല ശരാശരിയുടെ 94% മഴയാണ് (+/-5% മോഡൽ പിഴവുകൾക്കുള്ള സാധ്യതയോടെ) ഈ വർഷം ഇന്ത്യയിലാകെ ലഭിക്കുക എന്നാണ് അവരുടെ പ്രവചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇതു പ്രകാരം കേരളത്തിൽ ജൂൺ മുതൽ സെപ്തംബര് വരെയുള്ള സീസണിൽ സാധാരണയിൽ കൂടുതൽ (Above normal) മഴ ലഭിക്കാൻ സാധ്യത. ജൂൺ, ജൂലൈ, സെപ്റ്റംബർ മാസങ്ങളിൽ സാധാരണയിൽ കൂടുതൽ മഴയും ആഗസ്റ്റ്, മാസത്തിൽ സാധാരണയെക്കാൾ കുറവ് മഴ ലഭിക്കാനും സാധ്യത.




വിശദമായഅവലോകനം:

https://view.officeapps.live.com/op/embed.aspx?src=https%3A%2F%2Fskymetglobalweather.com%2Fstrapi_skymet%2Fuploads%2FMonsoon_2026_ENG_02b3c9c034.pptx എന്ന ലിങ്കിൽ ലഭ്യമാണ്.

### 1.1.4 കേരളത്തിലെ 2026ലെ കാലവർഷം സംബന്ധിച്ച അനുമാനം

കേന്ദ്ര കാലാവസ്ഥാ വകുപ്പ് 29-5-2026നു പുറപ്പെടുവിച്ച രണ്ടാം ഘട്ട പ്രവചനം അനുസരിച്ച് രാജ്യത്ത് പൊതുവിൽ - 90% (±5%) സാധാരണയിൽ കുറഞ്ഞ അളവിൽ മഴ ലഭിക്കും എന്നാണ് കരുതുന്നത്. കേരളം ഉൾപ്പെടെയുള്ള തെക്കേ ഇന്ത്യയിയിലും സാധാരണയെക്കാൾ കുറവ് മഴ സാധ്യത (മഴ ദീർഘകാല ശരാശരിയുടെ 94%). മഴ കുറവ് പരിഗണിച്ച് കെ.എസ്.ഡി.എം.എയിലെ വരൾച്ചാ നിരീക്ഷണ സെൽ വരൾച്ചാ നിരീക്ഷണം ആരംഭിച്ചു.

2026 ഏപ്രിൽ/മെയ് മാസങ്ങളിൽ ലഭ്യമായിട്ടുള്ള വിവിധ കാലാവസ്ഥ ഏജൻസികളുടെ പ്രവചനങ്ങളുടെ പട്ടിക താഴെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | കാലാവസ്ഥ ഏജൻസി/രാജ്യം | കാലവർഷം പ്രവചനം കേരളത്തിൽ (ജൂൺ-സെപ്റ്റംബർ) | ലിങ്ക് |
|---|---|---|---|
| 1 | ഇന്ത്യൻ കാലാവസ്ഥ വകുപ്പ് (IMD) ഇന്ത്യ (ഏപ്രിൽ അപ്ഡേറ്റ്) | സാധാരണയിൽ കുറവ് | https://internal.imd.gov.in/press_release/20250415_pr_3891.pdf |
| 2 | ക്ലൈമറ്റ് പ്രെഡിക്ഷന് സെന്ററ്‍ (CPC), അമേരിക്ക | സാധാരണയിൽ കുറവ് (ജൂൺ -ഓഗസ്റ്റ്) | https://www.cpc.ncep.noaa.gov/products/international/nmme/html_seasonal/precip_anom_sasia_body.html |
| 3 | സൗത്ത് ഏഷ്യൻ ക്ലൈമറ്റ് ഔട്ട് ലുക്ക് ഫോറം (SASCOF) (ഏപ്രിൽ അപ്ഡേറ്റ്) | സാധാരണയിൽ കുറവ് | https://rcc.imdpune.gov.in/SASCOF/sascof34/SASCOF34_outlook_statement_JJAS2026.pdf |
| 4 | ജപ്പാൻ മീറ്റിയറോളജിക്കൽ ഏജൻസി (JMA), ജപ്പാൻ | സാധാരണയിൽ കുറവ് (ജൂൺ - ഓഗസ്റ്റ്) | https://climate.copernicus.eu/charts/packages/c3s_seasonal/ |
| 5 | യൂറോപ്യൻ സെന്ററ്‍ ഫോർ മീഡിയം റേഞ്ച് വെതർ ഫോർകാസ്റ്റ് (ECMWF). യു.കെ | സാധാരണയിൽ കൂടുതൽ | https://www.wmolc.org/seasonPmmeUI/plot_PMME# |
| 6 | IRI കൊളംബിയ യൂണിവേഴ്സിറ്റി, അമേരിക്ക | സാധാരണയിൽ കുറവ് (ജൂൺ - ഓഗസ്റ്റ്) | IRI – International Research Institute for Climate and Society \| Seasonal Climate Forecasts (columbia.edu) |
| 7 | കോപ്പർ നിക്കസ് ക്ലൈമറ്റ് ചേഞ്ച് സർവീസ് (C3S), യു.കെ | സാധാരണ/സാധാരണയിൽ കുറവ് ( ജൂൺ -ഓഗസ്റ്റ് ) | https://climate.copernicus.eu/charts/packages/c3s_seasonal/ |
| 8 | അപെക് ക്ലൈമറ്റ് | സാധാരണയിൽ | https://apcc21.org/ser/outlook.do?la |

| | | | |
|---|---|---|---|
| | സെന്റർ (APCC), ദക്ഷിണ കൊറിയ | കുറവ് | ng=en |
| 9 | യു.കെ മെറ്റ് ഓഫീസ് (UK Met Office), യു.കെ | സാധാരണയിൽ കുറവ് (ജൂൺ -ഓഗസ്റ്റ്) | https://www.metoffice.gov.uk/research/climate/seasonal-to-decadal/gpc-outlooks/glob-seas-prob |
| 10 | ഓസ്ട്രേലിയൻ കാലാവസ്ഥ ഏജൻസി (BOM), ഓസ്ട്രേലിയ | സാധാരണയിൽ കുറവ് | https://www.wmolc.org/seasonPmmeUI/plot_PMME# |
| 11 | നാഷണൽ സെന്റർ ഫോർ എൻവിറോൺമെന്റൽ പ്രഡിക്ഷൻ (NCEP), അമേരിക്ക | സാധാരണയിൽ കുറവ് (ജൂൺ -ഓഗസ്റ്റ്) | https://climate.copernicus.eu/charts/packages/c3s_seasonal/ |
| 12 | ലോക കാലാവസ്ഥ സംഘടന (WMO) മൾട്ടി മോഡൽ | സാധാരണയിൽ കുറവ് | https://www.wmolc.org/seasonPmmeUI/plot_PMME# |
| 13 | സ്കൈമെറ്റ് (സ്വകാര്യ ഏജൻസി), ഇന്ത്യ | സാധാരണയിൽ കൂടുതൽ | Skymetweather |
| 14 | കൊറിയ കാലാവസ്ഥ ഏജൻസി (KMA), കൊറിയ | സാധാരണയിൽ കുറവ് | Global long-range model probability maps - Met Office |

ലഭ്യമായ ഭൂരിപക്ഷം പ്രവചനങ്ങൾ പ്രകാരം 2026ൽ സംസ്ഥാനത്തു ഇത്തവണ മൺസൂൺ മഴ സാധാരണയിൽ കുറവ് ലഭിക്കാനുള്ള സാധ്യതയാണുള്ളത്. പ്രാദേശികമായ വ്യതിയാനങ്ങൾക്ക് സാധ്യതയുമുണ്ട്.

2018 മുതൽ 2020 വരെയുള്ള തുടർച്ചയായ 3 വർഷങ്ങളിലും സാധാരണ മഴ പ്രവചിക്കപ്പെടുകയും സാധാരണയിൽ കൂടുതൽ മഴയും അതിനെ തുടർന്നുള്ള പ്രകൃതി ക്ഷോഭങ്ങളുമാണ് കേരളം നേരിട്ടത്.2021 ലാകട്ടെ കാലവർഷം കുറവായിരുന്നുവെങ്കിലും തുലാവർഷത്തിലെ അധിവർഷം മഴക്കെടുതിയിലേക്കും ഉരുൾപൊട്ടലിലേക്കും നയിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. 2022ൽ കാലവർഷം കുറവും തുലാവർഷം സാധാരണ നിലയിലും ലഭിച്ചു. 2023ൽ  കാലവർഷത്തിൽ മഴ കൂടുതൽ പ്രവചിക്കപ്പെട്ടുവെങ്കിലും കുറവ് മഴയാണ് ലഭിച്ചത്. എന്നാൽ

തുലാവർഷം കൂടുതൽ ലഭിച്ചു. 2024ൽ സാധാരണയിൽ കൂടുതൽ മഴ പ്രവചിരുന്നെങ്കിലും 13% മഴ കുറവായിരുന്നു കാലവർഷ സീസണിൽ ലഭിച്ചത്. 2025ലും കൂടുതൽ മഴ പ്രവചിരുന്നെങ്കിലും 13% മഴ കുറവായിരുന്നു.

**വിവിധ കാലാവസ്ഥാ മോഡലുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളെ അപഗ്രഥിക്കുമ്പോൾ, കേരളത്തിൽ 2026 മൺസൂണിൽ ജൂൺ മുതൽ സെപ്തംബർ വരെയുള്ള സീസണിൽ സാധാരണയിൽ കുറവ് മഴ ലഭിക്കാനുള്ള സൂചന നൽകുന്നു.** പ്രളയവും മറ്റ് പ്രകൃതിക്ഷോഭങ്ങളും സൃഷ്ടിക്കാൻ പ്രാപ്തിയുള്ള അതിതീവ്ര മഴ ദിനങ്ങൾ ഉണ്ടാകുമോ എന്നുള്ള വിവരങ്ങൾ മെയ് മാസത്തിൽ പ്രവചിക്കാൻ സാധിക്കില്ല. അതിനാൽ തന്നെ സാമാന്യം ശക്തമായ മഴ ലഭിക്കാൻ ഇടയുള്ള മഴക്കാലമെന്ന ധാരണ വച്ച് കൊണ്ടും, മുൻ വർഷങ്ങളിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലും സമൂലവും കാര്യക്ഷമവുമായ തയ്യാറെടുപ്പുകൾ കേരളത്തിലുടനീളം ബന്ധപ്പെട്ട മുഴുവൻ വകുപ്പുകളും, സംവിധാനങ്ങളും, പൊതുജനങ്ങളും നടത്തേണ്ടതുണ്ട്.

### 1.2 തെക്ക് പടിഞ്ഞാറൻ മൺസൂൺ ആരംഭ തീയതി സംബന്ധിച്ച വിശകലനം

മൺസൂൺ മഴ സാധാരണ കേരളത്തിൽ എത്തേണ്ടുന്ന ദിവസമായി കണക്കാക്കപ്പെടുന്നത് ജൂൺ 1ആണ്.

2026ലെ തെക്ക് പടിഞ്ഞാറൻ മൺസൂൺ (കാലവർഷം) ജൂൺ 4ന് കേരളത്തിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം (IMD) അനുമാനിക്കുന്നു. മോഡൽ അനുമാനങ്ങളിൽ 4 ദിവസം വരെ മുന്നോട്ടോ പിന്നോട്ടോ ആവാനുള്ള (model error) സാധ്യത കണക്കാക്കുന്നുണ്ട്. ഐ.എം.ഡിയുടെ പ്രവചനം ഈ ലിങ്കിൽ ലഭ്യമാണ്. https://internal.imd.gov.in/press_release/20260602_pr_5045.pdf

### 1.3 എൽ നിനോ സതേൺ ഓസിലേഷൻ (El Niño-Southern Oscillation-ENSO)

പസിഫിക്കിലെ (കിഴക്കൻ/മധ്യ) സമുദ്രോപരിതല ഊഷ്മാവ് സാധാരണയേക്കാൾ വർദ്ധിക്കുകയും അത് അന്തഃരീക്ഷ മർദത്തിൽ

ചെലുത്തുന്ന സ്വാധീനവും കാറ്റുകളുടെ ഗതിമാറ്റവും അതുവഴി ലോകത്തെ പല മേഖലകളിയേയും 'സാധാരണ' കാലാവസ്ഥയെ ബാധിക്കുകയും ചെയ്യുന്ന സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ് എൽ നിനോ സതേൺ ഓസിലേഷൻ (ENSO). ഇന്ത്യൻ മൺസൂൺ (കാലവർഷത്തെ) പൊതുവെ എൽ നിനോ പ്രതികൂലമായി ബാധിക്കുന്നതാണ് കണ്ടിട്ടുള്ളത്. അതായത് ശക്തമായ എൽ നിനോ വർഷങ്ങളിൽ മിക്കപ്പോഴും മൺസൂണിലെ മഴ സാധാരണയെക്കാൾ കുറവ് രേഖപ്പെടുത്തപ്പെടുന്ന സാഹചര്യമുണ്ടാവുകയും പലപ്പോഴും അത് വരൾച്ചയിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്. ശക്തമായ എൽ നിനോ വർഷങ്ങളായിരുന്ന 1972-73, 1982-83, 2015-16 സീസണുകളിൽ കേരളത്തിൽ മഴ കുറവ് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഏറ്റവും അവസാനം 2023-24 വർഷങ്ങളിലും ഇടവപ്പാതിയിൽ (തെക്ക്പടിഞ്ഞാറൻ കാലവർഷം) വലിയ കുറവ് സംഭവിച്ചു. എന്നാൽ ശക്തമായ എൽ നിനോ ഘട്ടമായിരുന്ന 1997-98 ൽ കേരളത്തിൽ വാർഷിക മഴ സാധാരണയെക്കാൾ കൂടുതലാണ് ലഭിച്ചത്. ഏതായിരുന്നാലും ഇന്ത്യൻ മൺസൂണിനെ സ്വാധീനിക്കുന്ന ഒരു പ്രധാന അന്തരീക്ഷ പ്രതിഭാസമായി കണക്കാക്കുന്ന എൽ നിനോയെ ഗൗരവത്തിൽ തന്നെയാണ് കാണേണ്ടത്. അതിനാൽ ഒരു എൽ നിനോ രൂപപ്പെടാനുള്ള സാധ്യത സീസണിൽ ആകെ പെയ്യുന്ന മഴയുടെ അളവിൽ കുറവ് പ്രതീക്ഷിക്കാൻ തക്കതായ ഒരു കാരണമായി എടുക്കാം.

2026ൽ നമ്മുടെ കാലവർഷ സീസണിൽ എൽ നിനോ രൂപപ്പെടാനുള്ള സാധ്യത പ്രവചിക്കപ്പെട്ടിട്ടുണ്ട്. വരുന്ന മൺസൂണുകളെ പ്രതികൂലമായി ബാധിക്കാനും വേനൽക്കാലങ്ങൾ രൂക്ഷമാക്കാനും ഒരുപക്ഷെ എൽനിനോ കണ്ടീഷൻ കാരണമായേക്കാം. എന്നിരുന്നാലും നിനോ ഇൻഡക്സ്, രൂപപ്പെടുന്ന സമയം തുടങ്ങിയ പല ഘടകങ്ങളെ ആശ്രയിച്ചിരിക്കും അത് കേരളത്തിലെ മഴയിൽ എത്രത്തോളം സ്വാധീനം ഉണ്ടാക്കുമെന്ന് കണക്കാക്കാൻ. എൽ നിനോ ജൂലൈയിൽ ആരംഭിക്കും എന്നാണ് അനുമാനം.

## 1.4 ഇന്ത്യൻ ഓഷ്യൻ ഡൈപോൾ (IOD)

പസിഫിക്കിലെ എൽ നിനോ പോലെ ഇന്ത്യൻ മഹാസമുദ്രത്തിലെ സമുദ്രോപരിതല ഊഷ്മാവും അതിന്റെ സ്വാധീനത്താൽ അതിനോട് ചേർന്നുള്ള അന്തരീക്ഷ മർദവും കാറ്റുകളും കാലാവസ്ഥയും മാറുന്നതാണ് ഇന്ത്യൻ ഓഷ്യൻ ഡൈപോൾ എന്നതിന്റെ ലളിതമായ നിർവചനം. ഇന്ത്യൻ മഹാസമുദ്രത്തിന്റെ പടിഞ്ഞാറൻ ഭാഗവും (ആഫ്രിക്കൻ തീരം) കിഴക്കൻ ഭാഗവും (ഇന്തോനേഷ്യൻ തീരം) തമ്മിലുള്ള സമുദ്രോപരിതല താപനിലയിലെ വ്യത്യാസമാണിത്. പടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്രം സാധാരണയെക്കാൾ കൂടുതൽ ചൂടുപിടിക്കുന്ന അവസ്ഥയെ പോസിറ്റീവ് IOD യെന്നും കിഴക്കൻ ഭാഗം സാധാരണയെക്കാൾ ചൂട് പിടിക്കുന്ന അവസ്ഥയെ നെഗറ്റീവ് IOD യെന്നും വിളിക്കുന്നു. പോസിറ്റീവ് ഇന്ത്യൻ ഓഷ്യൻ ഡൈപോൾ എന്നത് പൊതുവെ ഇന്ത്യയിലെ കാലവർഷത്തെ അധികരിപ്പിക്കുന്ന പ്രതിഭാസവും നെഗറ്റീവ് IOD പൊതുവിൽ മൺസൂണിനെ പ്രതികൂലമായി ബാധിക്കുന്ന പ്രതിഭാസവുമാണ്. 2019 ൽ ഏറ്റവും ശക്തമായ പോസിറ്റീവ് IOD ഫേസ് ആയിരുന്നു. 2016 ൽ നെഗറ്റീവ് IOD ഫേസ് ആയിരുന്നു.

2026ൽ കാലവർഷ ഘട്ടത്തിൽ ഇന്ത്യൻ ഓഷ്യൻ ഡൈപോൾ പോസിറ്റീവ് ഫേസിലേക്ക് മാറാനുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. അതായത് മൺസൂൺ നല്ല രീതിയിൽ ലഭിക്കാനുള്ള അനുകൂല സാഹചര്യം.

അതായത് എൽ നിനോയുടെ സ്വാധീനം മൂലം മഴ കുറയാനും IOD പോസിറ്റീവ് ആകുന്നത് കൊണ്ട് മഴക്ക് അനുകൂലവുമായ ആഗോള സാഹചര്യമാണ് ഇത്തവണ ഇന്ത്യയിലെ മൺസൂണിന് ഉള്ളത്. ഒരുപക്ഷെ 2023 ലേതിന് സമാനമായി എൽ നിനോ കാരണം തെക്ക്പടിഞ്ഞാറൻ കാലവർഷം കുറയുകയും എന്നാൽ പിന്നീട് വടക്ക് കിഴക്കൻ മൺസൂൺ നന്നായി ലഭിക്കുകയും ചെയ്തതിന് സമാനമായ സാഹചര്യം ആവർത്തിക്കപ്പെട്ടേക്കാം. ഏതായിരുന്നാലും വരുന്ന വേനൽക്കാലം അതിരൂക്ഷമാകാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള ജലസംരക്ഷണ

പ്രവർത്തനങ്ങൾ കൂടി ഈ മൺസൂൺ കാലത്ത് ദീർഘവീക്ഷണത്തോടെ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

എൽ നിനോയോ, പോസിറ്റീവ് IOD യോ മാത്രം വെച്ച് കൊണ്ട് കേരളത്തിൽ അതിവർഷമുണ്ടാകുമെന്നോ വരൾച്ച ഉണ്ടാകുമെന്നോ പറയാനാകില്ല. അതിലുപരി മഴയുടെ പെയ്ത്ത് രീതി, അതായത് ദുരന്തങ്ങൾ സൃഷ്ടിക്കുന്ന രീതിയിലുള്ള അതിതീവ്ര മഴ ദിനങ്ങൾ ഉണ്ടാകുമോ എന്നും ഇതിൽ നിന്ന് അനുമാനിക്കാൻ സാധിക്കില്ല.

## 1.5 മഴ, വെള്ളപ്പൊക്കം, കടൽസ്ഥിതി, കാറ്റ് എന്നിവ സംബന്ധിച്ച മുന്നറിയിപ്പുകളുടെ രീതികൾ

കാലാവസ്ഥാ പ്രവചനത്തെ പലപ്പോഴും തമാശയായും, കളിയാക്കലിന്റെ ഭാഷയിലും വിമർശിക്കുന്നത് ഒരു പൊതു ശീലം ആണ്. ലോകത്തിൽ തന്നെ കാലാവസ്ഥാ പ്രവചനത്തിന് ഏറ്റവും ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ഒന്നാണ് കേരളം. സാങ്കേതികമായി ഒട്ടനവധി പരിമിതികൾ പ്രവചനങ്ങൾക്ക് ഉണ്ട്.

കേരളത്തിലെ ഏറ്റവും ശക്തമായ മഴക്കാലമാണ് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ കാലവർഷം. കേരളത്തിന് ലഭിക്കുന്ന മഴയുടെ 60 മുതൽ 75% വരെ തെക്കുപടിഞ്ഞാറൻ കാലവർഷം വഴിയാണ് ലഭിക്കുന്നത്. കേരളത്തിന്റെ ഏറ്റവും തെക്കൻ മേഖലയിൽ 80-120 സെന്റീമീറ്റർ മഴ തെക്കുപടിഞ്ഞാറൻ കാലവർഷം വഴി ലഭിക്കുമ്പോൾ വടക്കൻ മേഖലയിൽ അത് 250-300 സെന്റീമീറ്റർ വരെയാകുന്നു. പശ്ചിമഘട്ടത്തിന്റെ ഉന്നതമേഖലയിൽ വർഷപാതം 400 സെന്റീമീറ്റർ കടക്കാറുമുണ്ട്. വർഷം തോറും ഏതാണ്ട് 112 ബില്യൺ ക്യൂബിക് മീറ്റർ ശുദ്ധജലമാണ് കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷമായി പെയ്തിറങ്ങുന്നത്. നിർഭാഗ്യവശാൽ അതിന്റെ സിംഹഭാഗവും ദിവസങ്ങൾക്കുള്ളിൽ പടിഞ്ഞാറൻ സമുദ്രത്തിലേക്ക് ഒഴുകി പോകുകയാണ് ചെയ്യുന്നത്.

ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള വടക്കു കിഴക്കൻ കാലവർഷം കേരളത്തിൽ ശരാശരി 40-60 സെന്റീമീറ്റർ മഴയാണ്

പെയ്യിക്കുന്നത്. തെക്കു പടിഞ്ഞാറൻ കാലാവർഷത്തിനു നേർ വിപരീതമായി കേരളത്തിന്റെ തെക്കൻ മേഖലയിൽ കൂടുതൽ മഴയും വടക്കൻ മേഖലകളിൽ കുറഞ്ഞ തോതിലുള്ള മഴയുമാണ് വടക്കു കിഴക്കൻ കാലവർഷത്തിന്റെ പ്രത്യേകത. ചില വർഷങ്ങളിൽ വടക്കു കിഴക്കൻ കാലവർഷത്തിൽ വളരെ കുറച്ച് മഴയെ ലഭിക്കാറുള്ളൂ. അത്തരം ഒരു വർഷമായിരുന്നു 2016. 2016ൽ കേരളത്തിൽ സാധാരണ ലഭിക്കുന്ന വടക്കു കിഴക്കൻ കാലവർഷത്തിന്റെ ഇരുപതു ശതമാനം പോലും ലഭിച്ചില്ല. ഉച്ചതിരിഞ്ഞ് ഉണ്ടാകാറുള്ള ഇടിയോടുകൂടിയ മഴയാണ് ഈ കാലത്തിന്റെ ഒരു പ്രത്യേകത.

പിന്നെയുള്ളത് വേനൽ മഴയും, ഇടക്ക് ബംഗാൾ ഉൾക്കടലിലും അറബിക്കടലിലുമൊക്കെയായി രൂപപ്പെടുന്ന ന്യൂനമർദങ്ങളും ചുഴലിക്കാറ്റും ഒക്കെ മൂലമുണ്ടാകുന്ന മഴയുമാണ്. വേനൽമഴക്കാലത്തും ഇടിയോടുകൂടിയ മഴ നാശം വിതയ്ക്കാറുണ്ട്. മഴ എന്നത് കേരളത്തിൽ സാധാരണ ഒരു ജില്ല മുഴുവൻ ഉണ്ടാകുന്ന പ്രതിഭാസം അല്ല. ചിലപ്പോൾ ഒരു താലൂക്കിൽ തന്നെ മുഴുവനായും മഴ പെയ്യണമെന്നില്ല. വേനൽ മഴയുടെ കാര്യമെടുത്താൽ ഒരേ വില്ലേജിൽ തന്നെ ചിലയിടത്ത് പെയ്യാനും മറ്റ് ചിലയിടത്ത് പെയ്യാതിരിക്കുവാനും സാധ്യതയുണ്ട്.

കേരളത്തിലെ മഴ പൊതുവിൽ അന്തരീക്ഷ ശാസ്ത്രഭാഷയിൽ (meteorologically) meso-scale റേഞ്ചിൽ വരുന്നവയാണ്. 5 മുതൽ 100 km വരെ വിസ്തൃതിയിൽ ഉണ്ടാകുന്ന സിസ്റ്റങ്ങളെയാണ് meso-scale സിസ്റ്റംസ് എന്ന് വിളിക്കുന്നത്. മൺസൂണും ചുഴലിക്കാറ്റും ഒരു സിനോപ്റ്റിക്ക് system ആണ്; Meso-scaleനേക്കാൾ വിസ്തൃതിയുള്ള വലിയ സിസ്റ്റം. കേരളത്തിൽ കാലവർഷത്തിലും, ന്യൂനമർദ്ദ പ്രഭാവത്തിലും പെയ്യാറുള്ള മഴ പൊതുവെ meso-scale റേഞ്ചിലും അതിലും ചെറിയ micro-scale റേഞ്ചിലും ഉള്ള മഴയാണ്.

കേന്ദ്ര കാലാവസ്ഥാ വകുപ്പ് വിവിധ തരത്തിൽ മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. ഇവയിൽ കാലവർഷത്തിൽ സവിശേഷ ശ്രദ്ധ വേണ്ടത് മഴ സംബന്ധിച്ച മുന്നറിയിപ്പ്, കാറ്റിന്റെ മുന്നറിയിപ്പ്, ഇടിയോട്കൂടിയ മഴ മുന്നറിയിപ്പ്, ന്യൂനമർദ്ദ മുന്നറിയിപ്പ് എന്നിവയാണ്.

## 1.6 മഴ സംബന്ധിച്ച മുന്നറിയിപ്പ്

ഒരു ജില്ലയിൽ മഴയുടെ പ്രവചനം ലഭിച്ചാൽ, മഴ പെയ്യാനുള്ള സാധ്യതയും, പ്രവചനത്തിലെ മഴയുടെ അളവ്, തീക്ഷ്ണത, പ്രവചനത്തിലെ മഴ സാധ്യതാ സ്ഥലങ്ങളെ സംബന്ധിച്ച വിവരം എന്നിവ പരിശോധിക്കണം. ഇവയുടെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ പ്രതീക്ഷിക്കാവുന്ന മഴയുടെ കാഠിന്യം സംബന്ധിച്ച് പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് നിറങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സൂചന നൽകുന്നു.

### 1.6.1 പ്രവചനത്തിലെ മഴയുടെ അളവും, തീക്ഷ്ണതയും

24 മണിക്കൂറിനുള്ളിൽ രേഖപെടുത്തുന്ന മഴയുടെ അളവിനനുസരിച്ച് (rainfall amount in 24 hours) കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മഴയുടെ ലഭ്യതയെ 6 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

- നൂൽ മഴ (Very light rainfall): മഴ മാപിനിയിൽ 0.1 mm മുതൽ 2.4 mm വരെ
- ചാറ്റൽ മഴ (Light rainfall): 2.5 mm മുതൽ 15.5 mm വരെ
- മിതമായ മഴ (Moderate): 15.6 mm മുതൽ 64.4 mm വരെ
- ശക്തമായ മഴ (Heavy rainfall): 64.5 mm മുതൽ 115.5 mm വരെ
- അതിശക്തമായ മഴ (Very heavy rainfall): 115.6 mm മുതൽ 204.4 mm വരെ
- അതിതീവ്ര മഴ (Extremely heavy rainfall): 204.4 mmൽ കൂടുതൽ മഴ

മണിക്കൂറിൽ എത്ര മഴ പെയ്തു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് മഴയുടെ തീക്ഷ്ണത (Rainfall Intensity) നിർണയിക്കുന്നത്. മിതമായ മഴ പ്രവചിക്കപ്പെടുന്ന സ്ഥലത്ത് 50 mm മഴ ഒരു മണിക്കൂർ സമയം കൊണ്ടാണ് പെയ്യുന്നതെങ്കിൽ അത് തീക്ഷ്ണത (high intensity rainfall) കൂടിയ മഴ ആയിരിക്കും. എന്നാൽ 50 mm മഴ 24 മണിക്കൂർ സമയം കൊണ്ടാണ് പെയ്യുന്നതെങ്കിൽ അത് തീക്ഷ്ണത (low intensity rainfall) കുറഞ്ഞ മഴ ആയിരിക്കും. ഈ വിവരം പ്രാദേശികമായി ലഭിക്കുന്നതിന് ആവശ്യമായ അളവിൽ ഓട്ടോമാറ്റിക്ക് കാലാവസ്ഥാ ഉപകരണങ്ങൾ കേരളത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പക്കൽ

ലഭ്യമായിരുന്നില്ല. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആവശ്യം പരിഗണിച്ച് കേന്ദ്ര സർക്കാർ കേരളത്തിനായി 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ അനുവദിക്കുകയുണ്ടായി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്ഥലം കണ്ടെത്തി അവിടങ്ങളിൽ കാലാവസ്ഥ വകുപ്പ് 100 AWS കൾ സ്ഥാപിച്ചു.

നിലവിൽ 13 കേന്ദ്രങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകപ്പ് കാലാവസ്ഥാ നിരീക്ഷണം നടത്തുന്നുണ്ട്; 68 സ്ഥലങ്ങളിൽ ദൈനംദിന മഴയുടെ അളവ് ശേഖരിക്കുന്നുണ്ട്; 100 ഇടങ്ങളിൽ Automated Weather Stations ഉണ്ട്; 30 ഇടങ്ങളിൽ Automated Rain Gauges ഉണ്ട്. കൂടാതെ, കേരള ജലസേചന വകുപ്പ് 138 ഇടങ്ങളിൽ മഴയുടെ അളവുകൾ രേഖപ്പെടുത്തുന്നുണ്ട്.

പൊതുവിൽ നമുക്ക് അനുഭവപ്പെടുന്ന മഴയുടെ തീക്ഷ്ണത നോക്കി ശക്തമായ മഴയാണെന്ന് പറയുന്നതും പ്രവചനത്തിലെ ശക്തമായ മഴയും രണ്ടാണ്. പ്രവചനത്തിലെ ശക്തമായ മഴ, 24 മണിക്കൂറിനുള്ളിൽ രേഖപെടുത്തുന്ന മഴയുടെ അളവിനനുസരിച്ചും, അനുഭവപ്പെടുന്ന മഴ, മഴയുടെ തീക്ഷ്ണതയും ആണ്.

മിന്നൽ പ്രളയം ഉറപ്പിക്കാവുന്ന തരത്തിലുള്ള മഴയാണ് അതിതീവ്ര മഴയും, തീക്ഷ്ണത കൂടിയ മഴയും. 2018ൽ കേരളത്തിൽ പ്രളയത്തിന് കാരണമായ ദിവസങ്ങളിൽ പലയിടങ്ങളിലും 300 mm മുതൽ 400 mm വരെ മഴയായിരുന്നു 24 മണിക്കൂറിൽ പെയ്തത്. തീക്ഷ്ണത നിർണയിക്കാൻ ഉപകരണങ്ങൾ ഇല്ലാത്തതിനാൽ, എത്ര സമയം കൊണ്ടാണ് ഇത്ര അധികം മഴ പെയ്തത് എന്ന് കൃത്യമായ വിവരം ലഭ്യമല്ല. Automated Weather Stations, Automatic Rain Gauges എന്നിവയിൽ നിന്നും മാത്രമേ ഇത്തരം വിവരം ലഭ്യമാകൂ.

പൊതു സമൂഹത്തിനും, ഔദ്യോഗിക സംവിധാനങ്ങൾക്കും ലഭ്യമായ Automatic Weather Stations networkകൾ ചുവടെ ചേർക്കുന്നു.

| ഏജൻസി | ലിങ്ക് |
|---|---|
| കേന്ദ്ര കാലാവസ്ഥാ വകുപ്പ് | http://aws.imd.gov.in:8091/state.php?id=KERALA |

### 1.6.2 പ്രവചനത്തിലെ മഴ സാധ്യതാ സ്ഥലങ്ങളെ സംബന്ധിച്ച വിവരം

കാലാവസ്ഥാ പ്രവചനത്തിൽ 'ഒന്നോ രണ്ടോ സ്ഥലങ്ങൾ (One or two places)', 'ചില സ്ഥലങ്ങൾ (At a few places)', 'ഒട്ടനവധി സ്ഥലങ്ങൾ (At many places)', 'ബഹുഭൂരിപക്ഷം സ്ഥലങ്ങൾ (At most places)' എന്നീ പ്രയോഗങ്ങൾ വിമർശിക്കപ്പെടുന്നുണ്ട്. ഇവയുടെ വിശദീകരണം ചുവടെ ചേർക്കുന്നു.

- Isolated rainfall - One or two places - ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മഴ - സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ മഴ മാപിനി സ്റ്റേഷനുകളിൽ 25 ശതമാനമോ അതിൽ കുറവോ എണ്ണത്തിൽ മഴ ലഭിക്കുവാനുള്ള സാധ്യത എന്ന് അർത്ഥം (<25% of stations gets rainfall).
- Scattered rainfall - At a few places - ചില സ്ഥലങ്ങളിൽ മഴ - സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ മഴ മാപിനി സ്റ്റേഷനുകളിൽ 25 മുതൽ 50 ശതമാനം വരെ എണ്ണത്തിൽ മഴ ലഭിക്കുവാനുള്ള സാധ്യത എന്ന് അർത്ഥം (26-50% of stations get rainfall).
- Fairly widespread - At many places - ഒട്ടനവധി സ്ഥലങ്ങളിൽ മഴ - സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ മഴ മാപിനി സ്റ്റേഷനുകളിൽ 51 മുതൽ 75 ശതമാനം വരെ എണ്ണത്തിൽ മഴ ലഭിക്കുവാനുള്ള സാധ്യത എന്ന് അർത്ഥം (51-75% of stations get rainfall).
- Widespread - At most places - ബഹുഭൂരിപക്ഷം സ്ഥലങ്ങളിൽ മഴ - സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ മഴ മാപിനി സ്റ്റേഷനുകളിൽ 76 മുതൽ 100 ശതമാനം വരെ എണ്ണത്തിൽ മഴ ലഭിക്കുവാനുള്ള സാധ്യത എന്ന് അർത്ഥം (76-100% of stations get rainfall).

സംസ്ഥാനത്ത്, കാലാവസ്ഥാ വകുപ്പ് നിലവിൽ 65 സ്ഥലങ്ങളിൽ മഴ മാപിനികൾ സ്ഥാപിച്ച് ദൈനംദിന മഴ അളവുകൾ ലഭ്യമാക്കുന്നുണ്ട്. മേൽ സൂചിപ്പിച്ചത് പോലെ:

- Isolated rainfall - One or two places - ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മഴ = സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ, പരമാവധി 16 മഴ മാപിനി സ്റ്റേഷനുകളിൽ മഴ ലഭിക്കും എന്ന് അർത്ഥം.

- Scattered rainfall - At a few places - ചില സ്ഥലങ്ങളിൽ മഴ = സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ, പരമാവധി 32 മഴ മാപിനി സ്റ്റേഷനുകളിൽ മഴ ലഭിക്കും എന്ന് അർത്ഥം.
- Fairly widespread - At many places - ഒട്ടനവധി സ്ഥലങ്ങളിൽ മഴ = സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ, പരമാവധി 49 മഴ മാപിനി സ്റ്റേഷനുകളിൽ മഴ ലഭിക്കും എന്ന് അർത്ഥം.
- Widespread - At most places - ബഹുഭൂരിപക്ഷം സ്ഥലങ്ങളിൽ മഴ = സംസ്ഥാനത്ത് കാലാവസ്ഥാ വകുപ്പിന്റെ, മഴ മാപിനി സ്റ്റേഷനുകളിൽ 49ൽ കൂടുതൽ എണ്ണത്തിൽ മഴ ലഭിക്കും എന്ന് അർത്ഥം.

ജില്ലാ തലത്തിലെ പ്രവചനം ലഭിക്കുമ്പോഴും ഇതേ രീതി ആണ് ഈ പ്രവചനങ്ങൾ മനസ്സിലാക്കാൻ അവലംബിക്കേണ്ടത്.

### 1.6.3 ബ്ലോക്ക് തലത്തിൽ മഴയുടെ സാധ്യത

അടുത്ത 5 ദിവസത്തേക്കുള്ള ബ്ലോക്ക് തലത്തിലെ മഴ, കാറ്റ്, താപനില, ആർദ്രത തുടങ്ങിയവ സംബന്ധിച്ചുള്ള പ്രവചനം കേന്ദ്ര കാലാവസ്ഥ വകുപ്പ് എല്ലാ ദിവസവും അവരുടെ വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്നുണ്ട്. https://mausam.imd.gov.in/thiruvananthapuram/mcdata/blocklevelforecast.pdf എന്ന ലിങ്കിൽ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ബ്ലോക്ക്തല പ്രവചനം കാണാവുന്നതാണ്.

### 1.6.4 മഴ പെയ്യാനുള്ള സാധ്യത

മാത്തമറ്റിക്കൽ പ്രോബബിലിറ്റി അടിസ്ഥാനപ്പെടുത്തിയാണ് മഴ പെയ്യുവാനുള്ള സാധ്യത പ്രവചിക്കുന്നത്.

- Likely - സാധ്യത = 25 മുതൽ 50% വരെ സാധ്യത
- Very likely - നല്ല സാധ്യത = 51 മുതൽ 75% വരെ സാധ്യത
- Most likely - വ്യക്തമായ സാധ്യത = 75%ന് മുകളിൽ സാധ്യത

ഒരു സ്ഥലത്ത് മഴപെയ്യുമോ ഇല്ലയോ എന്നത് ഈ സാധ്യതയെ കൂടി അടിസ്ഥാനപ്പെടുത്തിയാണ് നിർണയിക്കപ്പെടുന്നത്.

### 1.6.5 മഴ മുന്നറിയിപ്പ് - നിറങ്ങളുടെ അടിസ്ഥാനത്തിൽ

നാല് നിറത്തിലുള്ള മഴ അലെർട്ടുകളാണ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പുറപ്പെടുവിക്കാറുള്ളത്. മുൻപ് സൂചിപ്പിച്ചത് പോലെ മഴ പെയ്യാനുള്ള സാധ്യത, പ്രവചനത്തിലെ മഴയുടെ അളവ്, തീക്ഷ്ണത, പ്രവചനത്തിലെ മഴ സാധ്യതാ സ്ഥലങ്ങളെ സംബന്ധിച്ച വിവരം എന്നിവ പരിശോധിക്കണം. ഇവയുടെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ പ്രതീക്ഷിക്കാവുന്ന മഴയുടെ കാഠിന്യം സംബന്ധിച്ച് പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് നിറങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സൂചന നൽകുന്നു. ഇത് പ്രവചിക്കപ്പെടുന്ന മഴക്ക് അനുസരിച്ചുള്ള 'ദുരന്ത തയ്യാറെടുപ്പ് നടപടികൾ' തീരുമാനിക്കാനുള്ളതാണ്.

- പച്ച (Green) - ജാഗ്രത പാലിക്കേണ്ട സാഹചര്യം നിലവിലില്ല
- മഞ്ഞ (Yellow) - കാലാവസ്ഥയെ കരുതലോടെ നിരീക്ഷിക്കണം. സാഹചര്യങ്ങൾക്കനുസരിച്ച് അപ്ഡേറ്റ് ചെയ്യപ്പെടണം. ഭയപ്പെടേണ്ട സാഹചര്യമില്ല. അപകട സാധ്യത അപ്ഡേറ്റ് ചെയ്യപ്പെടുന്നതനുസരിച്ച് മുന്നൊരുക്കങ്ങൾ നടത്താം.
- ഓറഞ്ച് (Orange) - അതീവ ജാഗ്രത മുന്നറിയിപ്പ്. സുരക്ഷാ തയ്യാറെടുപ്പുകൾ തുടങ്ങണം. മാറ്റി താമസിപ്പിക്കൽ ഉൾപ്പെടെ അധികൃതർ ആരംഭിക്കേണ്ടതോ അതിന് വേണ്ട മുന്നൊരുക്കങ്ങൾ പൂർത്തിയാക്കേണ്ടതോ ആയ ഘട്ടം. അപകട സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർ എമർജൻസി കിറ്റ് (അനുബന്ധം 7) ഉൾപ്പെടെ തയ്യാറാക്കി അവസാനഘട്ട തയ്യാറെടുപ്പും പൂർത്തീകരിച്ച് തയ്യാറായി നിൽക്കണം. രക്ഷാ സേനകളോട് തയ്യാറെടുക്കാൻ ആവശ്യപ്പെടും. ക്യാമ്പുകൾ തയ്യാറാക്കുക.

भारत सरकार
भारत मौसम विज्ञान विभाग
(पृथ्वी विज्ञान मंत्रालय)
मौसम केन्द्र
विकासभवन पीओ
तिरुवनंतपुरम – 695 033

GOVERNMENT OF INDIA
INDIA METEOROLOGICAL DEPARTMENT
(Ministry of Earth Sciences)
METEOROLOGICAL CENTRE
VikasBhavan P.O
Thiruvananthapuram - 695033

## DISTRICT RAINFALL FORECAST FOR KERALA AND LAKSHADWEEP

17 May 2026 | Time of Issue: 1600 hrs IST

| District | | 17-May | 18-May | 19-May | 20-May | 21-May |
|---|---|---|---|---|---|---|
| Thiruvananthapuram | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kollam | Intensity: | ISOL. H | L to M | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Pathanamthitta | Intensity: | ISOL `H to VH | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Alappuzha | Intensity: | ISOL `H to VH | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kottayam | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Ernakulam | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Idukki | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Thrissur | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Palakkad | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Malappuram | Intensity: | ISOL. H | ISOL. H | ISOL. H | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kozhikode | Intensity: | ISOL. H | L to M | ISOL. H | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Wayanad | Intensity: | ISOL. H | L to M | ISOL. H | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kannur | Intensity: | ISOL. H | L to M | ISOL. H | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Kasaragode | Intensity: | ISOL. H | L to M | ISOL. H | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |
| Lakshadweep | Intensity: | ISOL. H | ISOL. H | L to M | L to M | L to M |
| | Probability: | Very Likely | Very Likely | Very Likely | Very Likely | Very Likely |

| Intensity of Rainfall | |
|---|---|
| V L | Very Light Rainfall (0.1 to 2.4 mm) |
| L | Light rainfall (2.5-15.5 mm) |
| M | Moderate (15.6-64.4 mm) |
| H | Heavy Rainfall (64.5-115.5 mm) |

| Distribution of Heavy Rainfall | |
|---|---|
| Category | % of stations |
| ISOL | 1-25 |

| Probability of Occurence (%) | |
|---|---|
| Likely | 25 - 50 |
| Very Likely | 51 - 75 |

| Warning Colour codes |
|---|
| Warning(Take Action) |
| Alert (Be Prepared to take Action) |
| Watch (Be Aware) |


കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കുന്ന നിറങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മുന്നറിയിപ്പ്

- ചുവപ്പ് (Red) - കർശന സുരക്ഷ നടപടി സ്വീകരിക്കേണ്ട ഘട്ടം. ദുരന്ത സാധ്യതാ മേഖലയിൽ നിന്നും എല്ലാവരെയും സുരക്ഷിത സ്ഥാനത്തേക്കോ ക്യാമ്പുകളിലേക്കോ മാറ്റി താമസിപ്പിക്കുക. മാറി താമസിക്കാൻ തയ്യാറാവാത്തവരെ ആവശ്യമെങ്കിൽ നിർബന്ധിതമായി ബലപ്രയോഗത്തിലൂടെ മാറ്റി താമസിപ്പിക്കേണ്ടതാണ്. രക്ഷാ സേനയെ വിന്യസിപ്പിക്കുക, ക്യാമ്പുകൾ ആരംഭിക്കുക തുടങ്ങിയ എല്ലാ വിധ

നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ട അപകടസൂചന സന്ദേശമാണിത്.

ഇതിൽ ചുവപ്പ് അലർട്ട് ഒഴികെയുള്ള അലർട്ടുകളെ പൊതുവിൽ ഭീതിയോടെ കാണേണ്ടതില്ല. എന്നിരുന്നാലും മഞ്ഞ, ഓറഞ്ച് അലർട്ട്കൾ പ്രഖ്യാപിച്ചു കഴിഞ്ഞാൽ കരുതലും ജാഗ്രതയും പ്രധാനമാണ്.

സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (എസ്.ഇ.ഓ.സി) ഈ അറിയിപ്പുകളെ ചുരുക്കി, ചിത്രവും, പട്ടികയുമായി പൊതുജനങ്ങൾക്കും, എല്ലാ ജില്ലാ അതോറിറ്റികൾക്കും ലഭ്യമാക്കുന്നുണ്ട്.




India Meteorological Department's District Rainfall Forecast
Issue Date: 18.05.2026; Time: 13:00 hrs.

| District | 18.05.2026 | 19.05.2026 | 20.05.2026 | 21.05.2026 | 22.05.2026 |
|---|---|---|---|---|---|
| Thiruvananthapuram | ISOL. H | ISOL. H | L to M | L to M | L to M |
| Kollam | ISOL. H | ISOL. H | L to M | L to M | L to M |
| Pathanamthitta | ISOL. H | ISOL. H | L to M | L to M | L to M |
| Alappuzha | ISOL. H | ISOL. H | L to M | L to M | L to M |
| Kottayam | ISOL. H | ISOL. H | L to M | L to M | L to M |
| Ernakulam | ISOL. H | ISOL. H | L to M | L to M | L to M |
| Idukki | ISOL. H | ISOL. H | L to M | L to M | L to M |
| Thrissur | L to M | L to M | L to M | L to M | L to M |
| Palakkad | L to M | L to M | L to M | L to M | L to M |
| Malappuram | ISOL. H | L to M | L to M | L to M | L to M |
| Kozhikode | ISOL. H | L to M | L to M | L to M | L to M |
| Wayanad | ISOL. H | L to M | L to M | L to M | L to M |
| Kannur | ISOL `H to VH | ISOL. H | L to M | L to M | L to M |
| Kasaragod | ISOL `H to VH | ISOL. H | L to M | L to M | L to M |

| COLOUR CODE | WARNING | INTENSITY |
|---|---|---|
| White | No Rain | No Rain |
| Green | No Warning (No Action) | Light Rain |
| Yellow | Watch (Be Updated) | Moderate Rain |
| Orange | Alert (Be Prepared) | Heavy to Very Heavy Rain |
| Red | Warning (Take Action) | Very Heavy Rain to Extremely Heavy Rain |

| Rainfall Intensity (mm) | |
|---|---|
| Light | (2.5 - 15.5 mm) |
| Moderate | (15.6 - 64.4 mm) |
| Heavy | (64.5 - 115.5 mm) |
| Very Heavy | (115.6 - 204.4 mm) |
| Extremely Heavy | (> 204.4 mm) |

ISOL - Isolated Rainfall One or two places (<25% of stations gets rainfall)




കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള മഴ പ്രവചനം
പുറപ്പെടുവിച്ച ദിവസം :18.05.2026; സമയം : 13:00 hrs.

| ജില്ല | 18.05.2026 | 19.05.2026 | 20.05.2026 | 21.05.2026 | 22.05.2026 |
|---|---|---|---|---|---|
| തിരുവനന്തപുരം | ISOL. H | ISOL. H | L to M | L to M | L to M |
| കൊല്ലം | ISOL. H | ISOL. H | L to M | L to M | L to M |
| പത്തനംതിട്ട | ISOL. H | ISOL. H | L to M | L to M | L to M |
| ആലപ്പുഴ | ISOL. H | ISOL. H | L to M | L to M | L to M |
| കോട്ടയം | ISOL. H | ISOL. H | L to M | L to M | L to M |
| എറണാകുളം | ISOL. H | ISOL. H | L to M | L to M | L to M |
| ഇടുക്കി | ISOL. H | ISOL. H | L to M | L to M | L to M |
| തൃശ്ശൂർ | L to M | L to M | L to M | L to M | L to M |
| പാലക്കാട് | L to M | L to M | L to M | L to M | L to M |
| മലപ്പുറം | ISOL. H | L to M | L to M | L to M | L to M |
| കോഴിക്കോട് | ISOL. H | L to M | L to M | L to M | L to M |
| വയനാട് | ISOL. H | L to M | L to M | L to M | L to M |
| കണ്ണൂർ | ISOL `H to VH | ISOL. H | L to M | L to M | L to M |
| കാസറഗോഡ് | ISOL `H to VH | ISOL. H | L to M | L to M | L to M |

| കളർ കോഡ് | മുന്നറിയിപ്പ് | മഴയുടെ തീവ്രത |
|---|---|---|
| വെള്ള | മുന്നറിയിപ്പ് ഇല്ല | മഴ ഇല്ല |
| പച്ച | മുന്നറിയിപ്പ് ഇല്ല | നേരിയ തോതിൽ |
| മഞ്ഞ | നിരീക്ഷിക്കുക (മുന്നറിയിപ്പ് പുതുക്കികൊണ്ടിരിക്കുക) | ശക്തമായത് |
| ഓറഞ്ച് | ജാഗ്രത പാലിക്കുക (കരുതിയിരിക്കുക) | ശക്തമായതോ അതിശക്തമായതോ |
| ചുവപ്പ് | മുന്നറിയിപ്പ് (പ്രവർത്തിക്കുക) | അതി ശക്തമായതോ അതി തീവ്രമായതോ |

| മഴയുടെ തീവ്രതയും അളവും (മി. മീ) | |
|---|---|
| ചാറ്റൽ മഴ | 2.5 - 15.5 |
| മിതമായ മഴ | 15.6 - 64.4 |
| ശക്തമായ മഴ | 64.5 - 115.5 |
| അതി ശക്തമായ മഴ | 115.6 - 204.4 |
| അതിതീവ്ര മഴ | > 204.4 |

ISOL- കാലാവസ്ഥാ വകുപ്പിന്റെ മഴ മാപിനി സ്റ്റേഷനുകളിൽ 25 ശതമാനമോ അതിൽ കുറവോ എണ്ണത്തിൽ മഴ ലഭിക്കുവാനുള്ള സാധ്യത




കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം ചുരുക്കിപുറപ്പെടുവിക്കുന്ന രണ്ട് ഭാഷയിൽ ഉള്ള പട്ടികയും, ഭൂപടവും

### 1.6.6 ന്യൂനമർദ്ദവും ചുഴലിക്കാറ്റും സംബന്ധിച്ച മുന്നറിയിപ്പുകൾ

കേന്ദ്ര കാലാവസ്ഥാ വകുപ്പ് ന്യൂനമർദ്ദവും ചുഴലിക്കാറ്റും സംബന്ധിച്ച മുന്നറിയിപ്പുകൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നു. ഇവയിൽ, കടലിൽ പ്രതീക്ഷിക്കുന്ന കാറ്റിന്റെ വേഗത, ദിശ, മത്സ്യ തൊഴിലാളികൾക്കുള്ള മുന്നറിയിപ്പ്, കരയിൽ പ്രതീക്ഷിക്കുന്ന കാറ്റിന്റെ ദിശ, വേഗത എന്നിവയും ഓരോ ജില്ലയിൽ സാധ്യതയുള്ള മഴയുടെ നിറങ്ങളെ അടിസ്ഥാനപ്പെടുത്തിയ ജില്ലാതല മുന്നറിയിപ്പുകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ടാകും. ന്യൂനമർദ്ദം ശക്തിപ്രാപിച്ചാൽ അത് ചുഴലിക്കാറ്റായി പരിണമിക്കുവാൻ സാധ്യതയുണ്ട്. അതിനാൽ, ന്യൂനമർദ്ദ മുന്നറിയിപ്പുകൾ കൂടുതൽ ശ്രദ്ധയോടെ പരിഗണിക്കണം.

മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി അറബി കടലിലും ന്യൂനമർദ്ദവും അവ ചുഴലിക്കാറ്റായി പരിണമിക്കുന്ന പ്രക്രിയയും വർദ്ധിച്ച് വരുന്നു എന്ന് കാണുന്നു. കൂടാതെ, ബംഗാൾ ഉൾക്കടൽ, ഇന്ത്യൻ മഹാസമുദ്രം എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും കേരളത്തിൽ ശക്തമായ മഴയ്ക്കും, കാറ്റിനും കാരണമാകുന്നതായി കാണുന്നു. ഭൂമദ്ധ്യരേഖയുടെ വടക്ക് ഇന്ത്യൻ മഹാസമുദ്രത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ആണ് ചുഴലിക്കാറ്റുകൾ രൂപപ്പെടുന്നത്. ഇവയിൽ മെയ്, നവംബർ മാസങ്ങളിൽ ആണ് ചുഴലിക്കാറ്റുകൾ കൂടുതലായി രൂപപെട്ടിട്ടുള്ളത്.

ന്യൂനമർദ്ദത്തിൽ നിന്നും ചുഴലിക്കാറ്റായി പരിണമിക്കുന്ന പ്രക്രിയയെ പ്രധാനമായും ന്യൂനമർദ്ദമേഖലയുടെ ചുറ്റും വീശുന്ന കാറ്റിന്റെ വേഗതയ്ക്കനുസരിച്ച് 8 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്:

1. ന്യൂനമർദ്ദ പ്രദേശം (low pressure area): അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 31 കിലോമീറ്റർ വേഗയിൽ കാറ്റ് വീശുന്ന പ്രദേശം (An area enclosed by a closed isobar with minimum pressure inside when mean surface wind is less than 31 kmph)

2. അതിശക്ത ന്യൂനമർദ്ദം (depression): ദീർഘവൃത്താകൃതിയിൽ, ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 31 മുതൽ 49 കിലോമീറ്റർ വേഗതയുള്ള പ്രദേശം (A cyclonic disturbance in which the maximum sustained surface wind speed is between 31 kmph and 49 kmph)



3. തീവ്ര ന്യൂനമർദ്ദം (deep depression): ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 50 മുതൽ 61 കിലോമീറ്റർ വേഗതയുള്ള പ്രദേശം (A cyclonic disturbance in which the maximum sustained surface wind speed is between 50 kmph and 61 kmph)
4. ചുഴലിക്കാറ്റ് (Cyclonic Storm): ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 62 മുതൽ 88 കിലോമീറ്റർ വേഗതയുള്ള പ്രദേശം (A cyclonic disturbance in which the maximum sustained surface wind speed is between 62 kmph and 88 kmph)
5. ശക്തമായ ചുഴലിക്കാറ്റ് (Severe Cyclonic Storm): ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 89 മുതൽ 117 കിലോമീറ്റർ വേഗതയുള്ള പ്രദേശം (A cyclonic disturbance in which the maximum average surface wind speed is in the range of 89 kmph to 117 kmph)
6. അതിശക്തമായ ചുഴലിക്കാറ്റ് (Very Severe Cyclonic Storm): ദീർഘവൃത്താകൃതിയിൽ, ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 118 മുതൽ 166 കിലോമീറ്റർ വേഗതയുള്ള പ്രദേശം (A cyclonic disturbance in which the maximum average surface wind speed is 118 kmph to 166 kmph)
7. അതിതീവ്ര ചുഴലിക്കാറ്റ് (Extremely Severe Cyclonic Storm): ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി

മണിക്കൂറിൽ ശരാശരി 167 മുതൽ 221 കിലോമീറ്റർ വേഗതയുള്ള പ്രദേശം (A cyclonic disturbance in which the maximum average surface wind speed is 167 kmph to 221 kmph)

8. സൂപ്പർ ചുഴലിക്കാറ്റ് (Super cyclonic storm): ചുഴലി രൂപത്തിൽ, അന്തരീക്ഷ മർദ്ദം തീരെ കുറഞ്ഞ പ്രദേശത്തെ ചുറ്റി മണിക്കൂറിൽ ശരാശരി 222 കിലോമീറ്ററിൽ അധികം വേഗതയുള്ള പ്രദേശം (A cyclonic disturbance in which maximum wind speed is 222 kmph and above)

ചുഴലിക്കാറ്റ് മുന്നറിയിപ്പ് 4 ഘട്ടങ്ങളിലായിട്ടാണ് ലഭിക്കേണ്ടത്. ഇതിനായി പ്രത്യേക ബുള്ളറ്റിൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കും.

- ആദ്യ ഘട്ടം - ചുഴലിക്കാറ്റ് ശ്രദ്ധ (First Stage - Pre Cyclone Watch): അതിശക്ത ന്യൂനമർദ്ദം ചുഴലിക്കാറ്റായി മാറുവാനുള്ള സാധ്യത പരാമർശിക്കുന്ന ആദ്യഘട്ട ബുള്ളറ്റിൻ, ചുഴലിക്കാറ്റിന്റെ പ്രഭാവമുണ്ടാകുവാൻ സാധ്യതയുള്ള തീരപ്രദേശത്ത് കാലാവസ്ഥാ പ്രക്ഷുബ്ധമാകുന്നതിന് 48 മണിക്കൂർ മുൻപ് പുറപ്പെടുവിക്കും. ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ബുള്ളറ്റിനിൽ
  - ചുഴലിക്കാറ്റിന്റെ പ്രഭാവം മൂലം കാലാവസ്ഥാ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ള കര പ്രദേശങ്ങൾ ഏതൊക്കെ
  - കടൽ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ള പ്രദേശങ്ങളും ഏതൊക്കെ
  - അടുത്ത 72 മണിക്കൂർ സംബന്ധിച്ച അവലോകനം
  - *ഈ ബുള്ളറ്റിനിൽ പരാമർശിക്കുന്ന കടൽ മേഖലയിൽ മത്സ്യ തൊഴിലാളികൾ മത്സ്യ ബന്ധനത്തിന് പോകരുത് എന്ന ഉപദേശം ഉടൻ നൽകേണ്ടതാണ്.*
- രണ്ടാം ഘട്ടം - ചുഴലിക്കാറ്റ് ജാഗ്രത (Second Stage - Cyclone Alert): ചുഴലിക്കാറ്റായി മാറുവാനുള്ള സാധ്യത പരാമർശിക്കുന്ന രണ്ടാംഘട്ട ബുള്ളറ്റിൻ, ചുഴലിക്കാറ്റിന്റെ പ്രഭാവമുണ്ടാകുവാൻ സാധ്യതയുള്ള തീരപ്രദേശത്ത് കാലാവസ്ഥാ പ്രക്ഷുബ്ധമാകുന്നതിന് 48 മണിക്കൂർ

മുൻപ് പുറപ്പെടുവിക്കും. ചുവടെ ചേർക്കുന്ന വിവരങ്ങൾ ഈ ബുള്ളറ്റിന്റെ ഭാഗമായിരിക്കും.

- പ്രതീക്ഷിക്കുന്ന തീവ്രത
- കാറ്റ് സഞ്ചരിക്കുവാൻ സാധ്യതയുള്ള പാത
- ന്യൂനമർദ്ദത്തിൽ നിന്നും ചുഴലിക്കാറ്റായി പരിണമിക്കുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ സഞ്ചാരപഥത്തിലെ ഏതെല്ലാം സ്ഥലങ്ങൾ ഏതെല്ലാം സമയങ്ങളിൽ തരണം ചെയ്യും എന്ന അനുമാനം
- ചുഴലിക്കാറ്റിന്റെ പ്രഭാവം മൂലം കാലാവസ്ഥാ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ള കര പ്രദേശങ്ങൾ ഏതൊക്കെ
- കടൽ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെ
- മത്സ്യ തൊഴിലാളികൾക്കും, മാധ്യമങ്ങൾക്കും, ദുരന്ത നിവാരണ പ്രവർത്തകർക്കും, പൊതു ജനങ്ങൾക്കുമുള്ള കടൽ സ്ഥിതി, കാലാവസ്ഥാ മുന്നറിയിപ്പുകൾ
- അടുത്ത 72 മണിക്കൂർ സംബന്ധിച്ച അവലോകനം
- *ഈ ബുള്ളറ്റിനിൽ പരാമർശിക്കുന്ന ചുഴലിക്കാറ്റിന്റെ പ്രഭവ മേഖല ഉൾപ്പെടുന്ന കടൽ പ്രദേശത്ത് മത്സ്യ തൊഴിലാളികളെ മത്സ്യ ബന്ധനത്തിന് പോകുവാൻ അനുവദിക്കരുത്.*
- *ചുഴലിക്കാറ്റിന്റെ പ്രഭവ മേഖല ഉൾപ്പെടുന്ന കര പ്രദേശം പരിഗണിച്ച് എസ്.ഇ.ഓ.സിയുമായി ബന്ധപ്പെട്ട് കാറ്റിന്റെ തീവ്രത വിലയിരുത്തി പൊതുജനങ്ങളെ ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.*

▪ മൂന്നാം ഘട്ടം - ചുഴലിക്കാറ്റ് മുന്നറിയിപ്പ് (Third Stage - Cyclone Warning): ചുഴലികാറ്റായി മാറിയ വിവരം പരാമർശിക്കുന്ന മൂന്നാംഘട്ട ബുള്ളറ്റിൻ, ചുഴലികാറ്റിന്റെ പ്രഭാവമുണ്ടാകുവാൻ സാധ്യതയുള്ള തീരപ്രദേശത്ത് കാലാവസ്ഥാ പ്രക്ഷുബ്ധമാകുന്നതിന് 24 മണിക്കൂർ മുൻപ് പുറപ്പെടുവിക്കും. ചുവടെ ചേർക്കുന്ന വിവരങ്ങൾ ഈ ബുള്ളറ്റിനിന്റെ ഭാഗമായിരിക്കും.

- നിലവിലെ തീവ്രത

– നിലവിൽ കാറ്റ് എത്തിയ സ്ഥലം
– ചുഴലിക്കാറ്റ് എവിടെ, എപ്പോൾ തീരമണയും
– ചുഴലിക്കാറ്റിന്റെ പ്രഭാവം മൂലം കാലാവസ്ഥാ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ള കര പ്രദേശങ്ങൾ ഏതൊക്കെ
– കടൽ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെ
– പ്രഭാവ മേഖലയിൽ വിവിധ സ്ഥലങ്ങളിൽ മഴയുടെ തീവ്രത
– തീരശോഷണ സാധ്യതയുള്ള തീരങ്ങൾ ഏതെല്ലാം
– കാറ്റ് സഞ്ചരിക്കുവാൻ സാധ്യതയുള്ള പാത
– ചുഴലികാറ്റിന്റെ വിവിധ ഘട്ടങ്ങളിൽ സഞ്ചാരപഥത്തിലെ ഏതെല്ലാം സ്ഥലങ്ങൾ ഏതെല്ലാം സമയങ്ങളിൽ തരണം ചെയ്യും
– അടുത്ത 72 മണിക്കൂർ സംബന്ധിച്ച അവലോകനം
– മത്സ്യ തൊഴിലാളികൾക്കും, മാധ്യമങ്ങൾക്കും, ദുരന്ത നിവാരണ പ്രവർത്തകർക്കും, പൊതു ജനങ്ങൾക്കുമുള്ള കടൽ സ്ഥിതി, കാലാവസ്ഥാ മുന്നറിയിപ്പുകൾ
– *ഈ ബുള്ളറ്റിനിൽ പരാമർശിക്കുന്ന ചുഴലിക്കാറ്റിന്റെ പ്രഭവ മേഖല ഉൾപ്പെടുന്ന കടൽ പ്രദേശത്ത് മത്സ്യ തൊഴിലാളികളെ മത്സ്യ ബന്ധനത്തിന് പോകുവാൻ അനുവദിക്കരുത്.*
– *ചുഴലിക്കാറ്റിന്റെ പ്രഭവ മേഖല ഉൾപ്പെടുന്ന കര പ്രദേശം പരിഗണിച്ച് എസ്.ഇ.ഓ.സിയുമായി ബന്ധപ്പെട്ട് കാറ്റിന്റെ തീവ്രത വിലയിരുത്തി പൊതുജനങ്ങളെ ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.*

- നാലാം ഘട്ടം - ചുഴലിക്കാറ്റ് തീരമണഞ്ഞശേഷമുള്ള വിശകലനം (Fourth Stage - Post Landfall Outlook): ചുഴലിക്കാറ്റ് തീരമണഞ്ഞാൽ തീവ്രത കുറയുകയാണ് പൊതുവിൽ സംഭവിക്കുന്നത്. തീരമണയാൻ 12 മണിക്കൂർ ശേഷിക്കെ പുറപ്പെടുവിക്കുന്ന ഈ വിശകലനത്തിൽ
  – നിലവിലെ തീവ്രത
  – നിലവിൽ കാറ്റ് എത്തിയ സ്ഥലം
  – ചുഴലിക്കാറ്റ് എവിടെ, എപ്പോൾ തീരമണയും

- ചുഴലിക്കാറ്റിന്റെ പ്രഭാവം മൂലം കാലാവസ്ഥാ പ്രക്ഷുബ്ദമാകുവാൻ സാധ്യതയുള്ള കര പ്രദേശങ്ങൾ ഏതൊക്കെ
- കടൽ പ്രക്ഷുബ്ദമാകുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെ
- പ്രഭാവ മേഖലയിൽ വിവിധ സ്ഥലങ്ങളിൽ മഴയുടെ തീവ്രത
- തീരശോഷണ സാധ്യതയുള്ള തീരങ്ങൾ ഏതെല്ലാം
- കാറ്റ് തീരമണഞ്ഞശേഷം സഞ്ചരിക്കുവാൻ സാധ്യതയുള്ള പാത
- ചുഴലികാറ്റിന്റെ വിവിധ ഘട്ടങ്ങളിൽ സഞ്ചാരപഥത്തിലെ ഏതെല്ലാം സ്ഥലങ്ങൾ ഏതെല്ലാം സമയങ്ങളിൽ തരണം ചെയ്യും എന്നതും തീവ്രത കുറഞ്ഞ് ഘട്ടങ്ങളിൽ എപ്പോൾ പ്രവേശിക്കും എന്ന അനുമാനവും
- അടുത്ത 72 മണിക്കൂർ സംബന്ധിച്ച അവലോകനം
- മത്സ്യ തൊഴിലാളികൾക്കും, മാധ്യമങ്ങൾക്കും, ദുരന്ത നിവാരണ പ്രവർത്തകർക്കും, പൊതു ജനങ്ങൾക്കുമുള്ള കടൽ സ്ഥിതി, കാലാവസ്ഥാ മുന്നറിയിപ്പുകൾ

എന്നിവ ഉണ്ടായിരിക്കും.

- *ഈ ബുള്ളറ്റിനിൽ പരാമർശിക്കുന്ന ചുഴലിക്കാറ്റിന്റെ പ്രഭവ മേഖല ഉൾപ്പെടുന്ന കടൽ പ്രദേശത്ത് മത്സ്യ തൊഴിലാളികളെ മത്സ്യ ബന്ധനത്തിന് പോകുവാൻ അനുവദിക്കരുത്.*
- *ചുഴലിക്കാറ്റിന്റെ പ്രഭവ മേഖല ഉൾപ്പെടുന്ന കര പ്രദേശം പരിഗണിച്ച് എസ്.ഇ.ഓ.സിയുമായി ബന്ധപ്പെട്ട് കാറ്റിന്റെ തീവ്രത വിലയിരുത്തി പൊതുജനങ്ങളെ ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.*
- *ചുഴലിക്കാറ്റ് കടന്നുപോകുവാൻ സാധ്യതയുള്ള, കാറ്റിന്റെ തീവ്രത രൂക്ഷമായി അനുഭവിക്കുവാൻ സാധ്യതയുള്ള മേഖലയിൽ അടിയന്തിര ദുരന്ത പ്രതികരണ നടപടികൾ സ്വീകരിക്കുവാൻ തയ്യാറെടുപ്പ് നടത്തുക.*

അതിശക്ത ന്യൂനമർദ്ദ/തീവ്ര ന്യൂനമർദ്ദ ഘട്ടം മുതൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് ബുള്ളറ്റിനുകൾ പുറപ്പെടുവിച്ച്

തുടങ്ങും. ഈ ഘട്ടത്തിൽ മുന്നറിയിപ്പ് ബുള്ളറ്റിനുകൾ ചുവടെ ചേർക്കുന്ന സമയങ്ങളിൽ പുറപ്പെടുവിക്കപ്പെടും:

- ❖ അതിരാവിലെ 12 മണി
- ❖ അതിരാവിലെ 3 മണി
- ❖ രാവിലെ 6 മണി
- ❖ ഉച്ചയ്ക്ക് 12 മണി
- ❖ വൈകിട്ട് 6 മണി

ചുഴലിക്കാറ്റായി രൂപപ്പെട്ടാൽ മുന്നറിയിപ്പ് ബുള്ളറ്റിനുകൾ ചുവടെ ചേർക്കുന്ന സമയങ്ങളിൽ പുറപ്പെടുവിക്കപ്പെടും:

- ❖ അതിരാവിലെ 12 മണി
- ❖ അതിരാവിലെ 3 മണി
- ❖ രാവിലെ 6 മണി
- ❖ ഉച്ചയ്ക്ക് 12 മണി
- ❖ വൈകിട്ട് 6 മണി
- ❖ രാത്രി 10 മണി

### 1.6.7 ചുഴലിക്കാറ്റുകളുടെ പേര്


ലോകത്ത് ഒരേ സമയം തന്നെ നിരവധി ചുഴലിക്കാറ്റുകൾ രൂപം കൊള്ളാറുണ്ട്. ചുഴലിക്കാറ്റുകളെ ഇന്ത്യൻ മഹാസമുദ്രത്തിൽ 'ട്രോപ്പിക്കൽ സൈക്ലോൺ' എന്നും അറ്റ്ലാന്റിക്കിൽ 'Hurricanes' എന്നും പസിഫിക് മഹാസമുദ്രത്തിൽ 'Typhoons' എന്നും ഓസ്ട്രേലിയയിൽ 'Willy willy' എന്നുമാണ് വിളിക്കാറുള്ളത്. ലോകത്ത് ചുഴലിക്കാറ്റുകളെ നിരീക്ഷിക്കാനും അവയ്ക്ക് പേരിടാനും ബുള്ളെറ്റിനുകൾ പ്രസിദ്ധീകരിക്കാനുമായി 6 Regional Specialised Meteorological Centres (RSMCs)ഉം 5 Tropical Cyclone Warning centres (TCWCs) പ്രവർത്തിച്ചു വരുന്നു. ഏഷ്യയിലെ 13 രാജ്യങ്ങളുടെ RSMC യുടെ കേന്ദ്രം ഇന്ത്യയിലാണ്. കേന്ദ്ര കാലാവസ്ഥ വകുപ്പ് (IMD) ആണതിന് നേതൃത്വം നൽകുന്നത്. ദുരന്ത നിവാരണ പ്രവർത്തനത്തിനും മറ്റുമായി ചുഴലിക്കാറ്റുകളെയും അവയുടെ കൃത്യമായ സഞ്ചാരപഥവുമെല്ലാം ട്രാക്ക് ചെയ്യേണ്ടതുണ്ട്. ഒരേ സമയം

ഒന്നിലധികം ചുഴലിക്കാറ്റുകൾ രൂപപ്പെടാനുമിടയുണ്ട്. അത്കൊണ്ട് ഓരോ ചുഴലിക്കാറ്റിനെയും പ്രത്യേകമായി തിരിച്ചറിയാൻ വേണ്ടിയാണ് ചുഴലിക്കാറ്റുകൾക്ക് പേരിടാൻ തീരുമാനിച്ചത്. 2004 മുതലാണ് ഇന്ത്യൻ മഹാസമുദ്രത്തിലെ ചുഴലിക്കാറ്റുകൾക്ക് പേരിടാൻ തുടങ്ങിയത്. ഇതിനായി അന്ന് RSMC യുടെ ഭാഗമായിരുന്ന 8 രാജ്യങ്ങൾ 8 വീതം പേരുകൾ നൽകി 64 പേരുകളുടെ പട്ടിക മുൻകൂട്ടി തയ്യാറാക്കുകയും രാജ്യങ്ങളുടെ പേരിൻറെ അക്ഷരക്രമത്തിൽ, രൂപപ്പെടുന്ന പുതിയ ചുഴലിക്കാറ്റുകൾക്ക് പേര് നൽകുകയും ചെയ്തു.

2004ലെ ലിസ്റ്റ് പൂർത്തിയായത് കൊണ്ട് RSMC നിലവിലെ 13 അംഗരാഷ്ട്രങ്ങളുടെ 13 വീതം പേരുകൾ ഉൾപ്പെടുത്തി 169 പേരുകളുടെ ലിസ്റ്റ് 2020 ഏപ്രിൽ 28ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക https://wmo.int/content/tropical-cyclone-naming/northern-indian-ocean-names-arabian-sea-and-bay-of-bengal എന്ന ലിങ്കിൽ ലഭ്യമാണ്.

### 1.6.8 മുന്നറിയിപ്പിൽ പ്രതിപാദിക്കുന്ന സമുദ്ര ഭാഗങ്ങൾ


മുന്നറിയിപ്പ് നൽകുന്നതിനായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ത്യൻ മഹാസമുദ്രത്തെയും, അറബികടലിനെയും, ബംഗാൾ ഉൾക്കടലിനെയും പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സമുദ്ര മേഖലകളെ കാണിക്കുന്ന ഭൂപടം താഴെ നൽകിയിരിക്കുന്നു.




## 1.7 വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പ്


കേന്ദ്ര ജല കമ്മീഷൻ (CWC) കേരളത്തിൽ നിലവിൽ 38 ഇടങ്ങളിൽ പുഴകളിലെ ജലനിരപ്പ് നിരന്തരം നിരീക്ഷിക്കുന്നുണ്ട്. ഈ സ്ഥലങ്ങളുടെ പട്ടിക അനുബന്ധം 8 ആയി ചേർക്കുന്നു. ഈ സ്ഥലങ്ങളിലെ ജലനിരപ്പ്, അടുത്ത 24 മണിക്കൂർ സമയത്തേക്കുള്ള ജലനിരപ്പിന്റെ പ്രവചനം, മഞ്ഞ, ഓറഞ്ച്, ചുവപ്പ് അലർട്ടുകൾ പുറപ്പെടുവിക്കുന്ന ജല നിരപ്പ് എന്നിവ ദിവസവും ഒരു തവണ കാലവർഷ-തുലാവർഷ സമയത്ത് CWC ലഭ്യമാക്കുന്നുണ്ട്. ഇവ ദുരന്ത നിവാരണ അതോറിറ്റി ഔദ്യോഗിക സംവിധാനങ്ങൾക്കും, പൊതു സമൂഹത്തിനും ചുവടെ ചേർക്കും വിധം ലഭ്യമാക്കുന്നുണ്ട്.

കേന്ദ്ര ജല കമ്മീഷൻ (CWC) https://ffs.india-water.gov.in/ എന്ന ലിങ്കിലൂടെ പ്രളയ സാധ്യത നിരീക്ഷണം പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.







| ക്രമ നമ്പർ | നദി | സ്റ്റേഷൻ | ജില്ല | വാണിങ് നില (മീറ്റർ) | അപകട നില (മീറ്റർ) | നിലവിലെ ജലനിരപ്പ് (മീറ്റർ) | നിലവിലെ പ്രവണത (at 8 am) |
|---|---|---|---|---|---|---|---|
| 1 | ഇരുവഴിഞ്ഞിപ്പുഴ | തൊട്ടത്തിൽകടവ് | കോഴിക്കോട് | 31.8 | 32.8 | 22.73 | താഴുന്നു |
| 2 | ചന്ദ്രഗിരി | പൂക്കയം | കാസറഗോഡ് | 36.2 | 37.2 | 34.39 | താഴുന്നു |
| 3 | കുന്തിപ്പുഴ | ചകലക്കുത്ത് | മലപ്പുറം | 17.9 | 18.9 | 13.25 | താഴുന്നു |
| 4 | കടലുണ്ടി | കാരാത്തോട് | മലപ്പുറം | 12 | 13 | 6.64 | താഴുന്നു |
| 5 | ചാലിയാർ | കുനിയിൽ | മലപ്പുറം | 10.85 | 11.85 | 3.25 | താഴുന്നു |
| 6 | വളപട്ടണം | പെരുമ്പ് | കണ്ണൂർ | 17.2 | 18.2 | 10.41 | മാറ്റമില്ല |
| 7 | വാമനപുരം | അയിലം | തിരുവനന്തപുരം | 8 | 8.5 | 3.44 | താഴുന്നു |
| 8 | പുലന്തോട് | പുലമന്തോൾ | പാലക്കാട് | 15.6 | 16.6 | 13.33 | താഴുന്നു |
| 9 | പമ്പ | മലക്കര | പത്തനംതിട്ട | 5 | 7 | 4.47 | താഴുന്നു |
| 10 | മണിമല | കല്ലൂപ്പാറ | പത്തനംതിട്ട | 5 | 6 | 4.63 | താഴുന്നു |
| 11 | കല്ലട | പട്ടാഴി | കൊല്ലം | 7 | 8 | 3.55 | താഴുന്നു |
| 12 | പയസ്വിനി | എരിഞ്ഞിപ്പുഴ | കാസറഗോഡ് | 18.03 | 19.03 | 16.33 | താഴുന്നു |
| 13 | ഭാരതപ്പുഴ | മങ്കര | പാലക്കാട് | 51.53 | 52.53 | 48.07 | ഉയരുന്നു |
| 14 | ഷിറിയ | അടുക്കസ്ഥല | കാസറഗോഡ് | 97.5 | 98.5 | 92.54 | ഉയരുന്നു |
| 15 | കാളിയാർ | കലംപൂർ | എറണാകുളം | 12.64 | 13.64 | 10.04 | താഴുന്നു |
| 16 | പെരിയാർ | വണ്ടിപ്പെരിയാർ | ഇടുക്കി | 794.2 | 795.2 | 792.54 | താഴുന്നു |
| 17 | ചാലക്കുടി | അരങ്ങാലി | തൃശ്ശൂർ | 7.1 | 8.1 | 3.45 | മാറ്റമില്ല |
| 18 | പെരിയാർ | നീലീശ്വരം | എറണാകുളം | 9.0 | 10.0 | 2.48 | താഴുന്നു |
| 19 | മീനച്ചിൽ | കിടങ്ങൂർ | കോട്ടയം | 6.18 | 7.18 | 4.18 | താഴുന്നു |
| 20 | ഭാരതപ്പുഴ | കുമ്പിടി | പാലക്കാട് | 8.2 | 9.2 | 6.4 | താഴുന്നു |
| 21 | പമ്പ | മടമൺ | പത്തനംതിട്ട | 100.0 | 101.0 | 98.8 | താഴുന്നു |
| 22 | അച്ചൻകോവിൽ | തുമ്പമൺ | പത്തനംതിട്ട | 9 | 10 | 9.87 | താഴുന്നു |
| 23 | നെയ്യാർ | അരുവിപ്പുറം | തിരുവനന്തപുരം | 95.5 | 96 | 93.14 | താഴുന്നു |
| 24 | കല്ലട | നെല്ലിപ്പള്ളി | കൊല്ലം | 19.0 | 20.0 | 15.18 | മാറ്റമില്ല |
| 25 | കരമന | വെള്ളൈക്കടവ് | തിരുവനന്തപുരം | 92 | 93 | 91.9 | താഴുന്നു |
| 26 | കോതമംഗലം | പള്ളിപ്പടി | എറണാകുളം | 23.8 | 24.8 | 20.67 | താഴുന്നു |
| 27 | കണ്ണാടിപ്പുഴ | പുതൂർ | പാലക്കാട് | 83.5 | 84.5 | 81.5 | ഉയരുന്നു |
| 28 | ഗായത്രി | ചേലക്കര | തൃശ്ശൂർ | 32.7 | 33.7 | 31.655 | താഴുന്നു |
| 29 | മണിമല | പുല്ലകയർ | ഇടുക്കി | 26.2 | 27.2 | 24.97 | താഴുന്നു |
| 30 | മണിമല | മണിമല | ഇടുക്കി | 77.4 | 78.4 | 76.355 | മാറ്റമില്ല |
| 31 | മീനച്ചിൽ | കാവത്തുകടവ് | കോട്ടയം | 32.8 | 33.8 | 23.04 | താഴുന്നു |
| 32 | കീച്ചേരി | കൊറ്റപ്പുറം | തൃശ്ശൂർ | 23.5 | 25 | 16.575 | താഴുന്നു |
| 33 | തൊടുപുഴ | മണക്കാട് | ഇടുക്കി | 36.5 | 37.5 | 35.125 | താഴുന്നു |
| 34 | കരുവന്നൂർ | ചിറക്കര | തൃശ്ശൂർ | 8.3 | 9.3 | 8.09 | താഴുന്നു |
| 35 | കുറ്റ്യാടി | കുറ്റ്യാടി | കോഴിക്കോട് | 5.05 | 5.05 | 2.81 | മാറ്റമില്ല |
| 36 | ചാലിയാർ | പെരുവമ്പ | മലപ്പുറം | 26.5 | 27.5 | 21.75 | താഴുന്നു |
| 37 | ഇത്തിക്കര | അയ്യക്കാവൂർ | കൊല്ലം | 86 | 87 | 83.70 | ഉയരുന്നു |
| 38 | മൂവാറ്റുപുഴ | രാമമംഗലം | എറണാകുളം | 8 | 9 | 3.56 | ഉയരുന്നു |
| | ഇന്ന് രാവിലെയുള്ള കണക്കുകൾ പ്രകാരം ജലനിരപ്പ് ഉയരുന്ന സ്റ്റേഷനുകളുടെ എണ്ണം | | | | | | 5 |
| | ഇന്ന് രാവിലെയുള്ള കണക്കുകൾ പ്രകാരം ജലനിരപ്പ് താഴുന്ന സ്റ്റേഷനുകളുടെ എണ്ണം | | | | | | 28 |
| | ഇന്ന് രാവിലെയുള്ള കണക്കുകൾ പ്രകാരം ജലനിരപ്പ് മാറ്റമില്ലാത്ത സ്റ്റേഷനുകളുടെ എണ്ണം | | | | | | 5 |
| | Source : കേന്ദ്ര ജല കമ്മീഷൻ (CWC) പ്രളയ മുന്നറിയിപ്പ് സംവിധാനം-KSEOC-KSDMA (23/09/2020, 11 am) | | | | | | |




https://ffs.india-water.gov.in/

കേരളത്തിലെ ജല വിഭവ നിരീക്ഷണത്തിനായി ജലസേചന വകുപ്പ് പുതുതായി Kerala Water Resources Information System (KWRIS) എന്ന സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. നിലവിലെ മഴ, മഴയുടെ പ്രവചനം, പുഴകളിലെയും, അണകെട്ടുകളിലെയും ജലനിരപ്പ് എന്നിവ ഈ സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നുണ്ട് (https://www.idrb.kerala.gov.in/daily-water-level).




KWRIS

### 1.7.1 കേരളത്തിലെ പ്രളയ സാധ്യതാ ഭൂപടം

ദേശീയ ദുരന്ത ലഘൂകരണ പദ്ധതി 2019 പ്രകാരം പ്രളയ സാധ്യതാ പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി നൽകേണ്ടത് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങൾ ആണ്. ഇവ തയ്യാറാക്കുന്നതിൽ

കാലതാമസം നേരിടുന്നതിനാൽ യു.എൻ.ഇ.പി, യു.എൻ ഗ്രിഡ്, ച്ചിമ ഫൌൻഡേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ 10 വർഷ പ്രളയ ആവർത്തന സാധ്യത, 25 വർഷ പ്രളയ ആവർത്തന സാധ്യത, 50 വർഷ പ്രളയ ആവർത്തന സാധ്യത, 100 വർഷ പ്രളയ ആവർത്തന സാധ്യത, 200 വർഷ പ്രളയ ആവർത്തന സാധ്യത, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്ഥാപനത്തിലെയും പ്രളയ സാധ്യതാ പ്രദേശം, അതാത് പ്രളയ സാധ്യതാ പ്രദേശത്ത് ഉണ്ടാകാവുന്ന പ്രളയ ജല ഉയരം എന്നിവ പൊതു ജനങ്ങൾക്കായി ഇവിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.


| | |
|---|---|
| 1. Thiruvananthapuram | 2. Kollam |
| 3. Pathanamthitta | 4. Alappuzha |
| 5. Kottayam | 6. Idukki |
| 7. Ernakulam | 8. Thrissur |
| 9. Palakkad | 10. Malappuram |
| 11. Kozhikode | 12. Wayanad |
| 13. Kannur | 14. Kasragod |

തദ്ദേശ സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും ദുരന്ത സാധ്യത പരിഗണിച്ചുള്ള തയ്യാറെടുപ്പുകൾക്കായി ഈ ഭൂപടങ്ങൾ ഉപയോഗിക്കാം. 10 വർഷ പ്രളയ ആവർത്തന സാധ്യതാ പ്രദേശങ്ങളിൽ ശക്തമായ മഴയിൽ വെള്ളക്കെട്ടും പ്രളയവും അനുഭവപ്പെടും. ഒന്നിൽ കൂടുതൽ ദിവസങ്ങൾ നീണ്ട് നിൽക്കുന്ന ശക്തമോ അതിൽ അധികമോ തീവ്രതയുള്ള മഴയിൽ 10 വർഷ പ്രളയ ആവർത്തന സാധ്യതാ പ്രദേശങ്ങൾ ആയിരിക്കും ഏറ്റവും കൂടുതൽ മുങ്ങുക. കേരളത്തിൽ 2018 ൽ ഉണ്ടായ പ്രളയം ഏകദേശം 500 വർഷ ആവർത്തന സാധ്യതയുള്ള പ്രളയം ആയിരുന്നു.

അടുത്തടുത്ത ദിവസങ്ങളിൽ ഓറഞ്ച് അലേർട്ട്, റെഡ് അലേർട്ട് എന്നിവ ജില്ലയിൽ ഉണ്ടെങ്കിൽ 10 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളിൽ നിന്നുള്ള ആളുകളെ മാറ്റി പാർപ്പിക്കുവാൻ തയ്യാറാക്കുകയും പുഴ, നീർച്ചാലുകൾ എന്നിവയിൽ ജല നിരപ്പ് അപകട ഘട്ടം കടന്നാൽ ആളുകളെ മാറ്റി പാർപ്പിക്കുകയും ചെയ്യാം.

ചുവടെ കൊടുത്തിട്ടുള്ള ഭൂപടത്തിൽ ഓരോ പ്രളയ ആവർത്തന സാധ്യതാ പ്രദേശത്തും ഉള്ള സ്കൂളുകൾ, ആശുപത്രികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ പ്രാദേശിക സൂചകങ്ങളായി ഉപയോഗിക്കാം.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും, താലൂക്കുകളും, തദ്ദേശ സ്ഥാപനങ്ങളും ഈ ഭൂപടങ്ങൾ പ്രിൻറ് ചെയ്ത് സൂക്ഷിക്കുക.



| PATHANAMTHITTA DISTRICT<br>ADOOR TALUK | | | | | | |
|---|---|---|---|---|---|---|
| | Return Probability (Historic) | | | | | |
| Name of exposed Hospital/School (LSGI) | 1 In 10 Year | 1 in 25 Year | 1 in 50 Year | 1 in 100 Year | 1 in 200 Year | 1 in 500 Year |
| **Erathu** | | | | | | |
| **School** | | | | | | |
| Erathu | ✓ | ✓ | ✓ | ✓ | ✓ | ✓ |
| **Ezhamkulam** | | | | | | |
| **Hospital** | | | | | | |
| St Thomas Hospital, Malakara | | | | | ✓ | ✓ |
| **School** | | | | | | |
| Ezhamkulam | | | | | | ✓ |
| **Pandalam Municipality** | | | | | | |
| **School** | | | | | | |
| Govt. S.V.L.P.S Cherickal | | | | | | ✓ |
| Govt.U.P.S Mangaram | | | | | | ✓ |

**PATHANAMTHITTA DISTRICT**

**ADOOR TALUK**

| 1 in 10 YEAR (Historic) | | | | 1 in 25 YEAR (Historic) | | | | 1 in 50 YEAR (Historic) | | | |
|---|---|---|---|---|---|---|---|---|---|---|---|
| Sl No | LSG | Flood Inundation Area (Km2) | Max. Flood Level (m) | Sl No | LSG | Flood Inundation Area (Km2) | Max. Flood Level (m) | Sl No | LSG | Flood Inundation Area (Km2) | Max. Flood Level (m) |
| 1 | Adoor Municipality | 0.02 | 1.01 | 1 | Adoor Municipality | 0.05 | 4.91 | 1 | Adoor Municipality | 0.09 | 5.36 |
| 2 | Enadimangalam | 0.17 | 2.6 | 2 | Enadimangalam | 0.18 | 3 | 2 | Enadimangalam | 0.19 | 3.26 |
| 3 | Erathu | 0.51 | 2.73 | 3 | Erathu | 0.64 | 4.53 | 3 | Erathu | 0.72 | 5.79 |
| 4 | Ezhamkulam | 1.10 | 5.95 | 4 | Ezhamkulam | 1.37 | 7.82 | 4 | Ezhamkulam | 1.64 | 9.18 |
| 5 | Kadampanad | 2.04 | 12.26 | 5 | Kadampanad | 2.51 | 12.98 | 5 | Kadampanad | 3.02 | 14.45 |
| 6 | Kodumon | 2.10 | 10.05 | 6 | Kodumon | 2.62 | 11.26 | 6 | Kodumon | 2.76 | 11.62 |
| 7 | Pallickal Pta | 0.94 | 5.03 | 7 | Pallickal Pta | 1.19 | 5.3 | 7 | Pallickal Pta | 1.25 | 5.44 |
| 8 | Pandalam Municipality | 16.18 | 12.04 | 8 | Pandalam Municipality | 17.52 | 12.59 | 8 | Pandalam Municipality | 18.37 | 13.1 |
| 9 | Pandalam Thekkekara | 2.95 | 10.5 | 9 | Pandalam Thekkekara | 4.46 | 11.62 | 9 | Pandalam Thekkekara | 4.69 | 12.1 |
| 10 | Thumpamon | 5.31 | 11.61 | 10 | Thumpamon | 5.90 | 12.28 | 10 | Thumpamon | 5.96 | 12.36 |

| 1 in 100 YEAR (Historic) | | | | 1 in 200 YEAR (Historic) | | | | 1 in 500 YEAR (Historic) | | | |
|---|---|---|---|---|---|---|---|---|---|---|---|
| Sl No | LSG | Flood Inundation Area (Km2) | Max. Flood Level (m) | Sl No | LSG | Flood Inundation Area (Km2) | Max. Flood Level (m) | Sl No | LSG | Flood Inundation Area (Km2) | Max. Flood Level (m) |
| 1 | Adoor Municipality | 0.10 | 5.98 | 1 | Adoor Municipality | 0.13 | 6.41 | 1 | Adoor Municipality | 0.15 | 6.94 |
| 2 | Enadimangalam | 0.19 | 3.4 | 2 | Enadimangalam | 0.20 | 3.61 | 2 | Enadimangalam | 0.26 | 3.93 |
| 3 | Erathu | 0.96 | 7.29 | 3 | Erathu | 1.15 | 8.07 | 3 | Erathu | 1.80 | 9.6 |
| 4 | Ezhamkulam | 2.02 | 10.58 | 4 | Ezhamkulam | 2.27 | 11.27 | 4 | Ezhamkulam | 2.95 | 13.04 |
| 5 | Kadampanad | 3.62 | 15.45 | 5 | Kadampanad | 4.20 | 15.84 | 5 | Kadampanad | 5.15 | 17.42 |
| 6 | Kodumon | 2.95 | 12.24 | 6 | Kodumon | 3.17 | 12.81 | 6 | Kodumon | 3.77 | 13.7 |
| 7 | Pallickal Pta | 1.34 | 6 | 7 | Pallickal Pta | 1.43 | 6.41 | 7 | Pallickal Pta | 1.48 | 6.94 |
| 8 | Pandalam Municipality | 19.05 | 13.74 | 8 | Pandalam Municipality | 20.00 | 14.28 | 8 | Pandalam Municipality | 20.45 | 15.12 |
| 9 | Pandalam Thekkekara | 4.94 | 12.8 | 9 | Pandalam Thekkekara | 5.26 | 13.67 | 9 | Pandalam Thekkekara | 5.60 | 14.27 |
| 10 | Thumpamon | 6.18 | 13.31 | 10 | Thumpamon | 6.41 | 14.01 | 10 | Thumpamon | 6.61 | 14.78 |

## 1.8 കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ്

ശക്തമായ കാറ്റിന്റെ സാധ്യത ഉണ്ടെങ്കിൽ, ഇതിനായി പ്രത്യേകം മുന്നറിയിപ്പ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകാറുണ്ട്. പ്രതീക്ഷിക്കുന്ന കാറ്റിന്റെ തീവ്രത സംബന്ധിച്ച് അതാത് ദിവസത്തെ പൊതു കാലാവസ്ഥാ അവലോകനത്തിൽ ഉൾപ്പെടുത്തി നൽകും.

കാറ്റിന്റെ വേഗത കടലിൽ ശക്തമാകുന്ന അവസരത്തിൽ, ചില തീര പ്രദേശങ്ങളിലും, കടൽ മേഖലകളിലും മത്സ്യ ബന്ധനം ഒഴിവാക്കുവാൻ പ്രത്യേക നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കാറുണ്ട്.


**കേരളത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടവും, ജീവ ഹാനിയും ഉണ്ടാക്കുന്ന സംസ്ഥാന സവിശേഷ ദുരന്തമാണ് ശക്തമായ കാറ്റ്.** നമ്മുടെ പുരയിടങ്ങളിൽ ധാരാളമായി വളരുന്ന വടവൃക്ഷങ്ങൾ മഴക്കാലത്തിന് മുന്നോടിയായി കോതി ഒതുക്കുന്ന പ്രക്രിയ മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്നു. എന്നാൽ ഇപ്പോൾ വനത്തിൽ വളരുന്ന രീതിയിൽ മനുഷ്യവാസ മേഖലയിലും മരം വളർത്തുകയും, ഇവ കോതി ഒതുക്കുന്ന പ്രക്രിയ നടത്താത്തത് മൂലം ഇവയുടെ ശിഖരങ്ങളും, മരം തന്നേയും കാറ്റത്ത് മറിഞ്ഞ് വീണ് ഒട്ടനവധി നാശനഷ്ടവും, ജീവഹാനിയും ഉണ്ടാക്കുന്നുണ്ട്. കൂടാതെ, പരസ്യ ഹോർഡിങ്ങുകൾ, കാലപ്പഴക്കം ചെന്ന പോസ്റ്റുകൾ എന്നിവയും, കഴുക്കോലിൽ നന്നായി ഉറപ്പിക്കാത്ത ഷീറ്റ് മേഞ്ഞ മേൽക്കൂരയും ശക്തമായ കാറ്റത്ത് പറന്നുപോയി ഉടമസ്ഥർക്കും, പ്രധാനമായും വഴിപോക്കർക്കും, അയൽക്കാർക്കും ജീവഹാനിയും, നാശ നഷ്ടവും ഉണ്ടാക്കുന്നു.

കാറ്റിൽ മരം വീണ് ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുവാൻ, മഴക്കാലത്തിന് മുന്നോടിയായി മരം കോതി ഒതുക്കുന്ന പ്രക്രിയ പുനരാരംഭിക്കേണ്ടതുണ്ട്. വനത്തിൽ വളരുന്ന മരങ്ങളെപോലെ മനുഷ്യവാസ മേഖലയിൽ മരം വളരുവാൻ അനുവദിച്ചുകൂട എന്നും, മനുഷവാസ മേഖലയിൽ മരങ്ങൾ മനുഷ്യന് ജീവഹാനിയും, നാശനഷ്ടവും ഉണ്ടാക്കാത്ത രീതിയിൽ പരിപാലിക്കപ്പെടണം എന്നും ഉള്ള പൊതു ബോധം വളരേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്.


പരസ്യ ഹോർഡിങ്ങുകൾ, കാലപ്പഴക്കം ചെന്ന പോസ്റ്റുകൾ എന്നിവയും, കഴുക്കോലിൽ നന്നായി ഉറപ്പിക്കാത്ത ഷീറ്റ് മേഞ്ഞ മേൽക്കൂരയും ബലപ്പെടുത്തുന്ന പ്രക്രിയ അതാത് കമ്പനികൾ/വ്യക്തികൾ/വീട്ടുടമകൾ നടത്തുവാൻ നിർദ്ദേശിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

## 1.9 ഇടിയോട്കൂടിയ മഴയുടെ മുന്നറിയിപ്പ്

ഏപ്രിൽ-മെയ് മാസങ്ങളിൽ, വേനൽ മഴയോട് അനുബന്ധിച്ചും, തുലാവർഷകാലത്തും ആണ് പൊതുവിൽ ഇത്തരം മഴയുടെ സാഹചര്യം കാണുന്നത്. കേരളത്തിൽ ശരാശരി (2015-2024) 13 വ്യക്തികൾ ഇടിമിന്നലിൽ ഒരു വർഷം മരണപ്പെടുന്നു എന്നാണ് കണക്കുകൾ ചൂണ്ടി കാണിക്കുന്നത്. വസ്തുവകകൾക്കുള്ള നാശനഷ്ടവും വലിയ അളവിൽ ഉണ്ട്. ഇടവപ്പാതി ആരംഭിച്ചാൽ ഇടിയോടുകൂടിയ മഴയുടെ സാഹചര്യം പൊതുവിൽ കുറയും. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇടിയോട്കൂടിയ മഴയുടെ മുന്നറിയിപ്പ് (Thunderstorm Warning), ഇത്തരം മഴ ഉണ്ടാകുവാൻ സാധ്യതയുള്ള സമയത്തിന് 3 മണിക്കൂർ മുൻപ് ജില്ലാ അടിസ്ഥാനത്തിൽ പ്രവചിക്കുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട് (Nowcast).




| Sl.No | District | No. of Lightning Incidents |
|---|---|---|
| 1 | Thiruvananthapuram | 644 |
| 2 | Kollam | 1420 |
| 3 | Pathanamthitta | 1101 |
| 4 | Alappuzha | 630 |
| 5 | Kottayam | 2363 |
| 6 | Idukki | 609 |
| 7 | Ernakulam | 2492 |
| 8 | Thrissur | 889 |
| 9 | Palakkad | 889 |
| 10 | Malappuram | 281 |
| 11 | Kozhikode | 976 |
| 12 | Wayanad | 299 |
| 13 | Kannur | 271 |
| 14 | Kasargode | 668 |
| | Total | 13532 |




| Sl.No | District | 2015 | 2016 | 2017 | 2018 | 2019 | 2020 | Total |
|---|---|---|---|---|---|---|---|---|
| 1 | Kasargode | | | | 1 | | | 1 |
| 2 | Kannur | 2 | 1 | 1 | 1 | 3 | | 8 |
| 3 | Kozhikode | 1 | | | | | 1 | 2 |
| 4 | Wayanad | | | | 1 | | 2 | 3 |
| 5 | Malappuram | | 1 | 2 | 2 | 3 | 1 | 9 |
| 6 | Palakkad | 1 | 1 | 2 | 2 | | | 6 |
| 7 | Thrissur | | | 1 | 1 | | | 2 |
| 8 | Ernakulam | 1 | 1 | | | 2 | 1 | 5 |
| 9 | Idukki | 1 | | 2 | | | | 3 |
| 10 | Kottayam | 2 | 4 | 1 | 3 | 1 | | 11 |
| 11 | Alappuzha | 1 | | 2 | | 1 | | 4 |
| 12 | Pathanamthitta | 1 | | 3 | 1 | | | 5 |
| 13 | Kollam | | 2 | 3 | 6 | | | 11 |
| 14 | Thiruvananthapuram | 3 | 1 | 3 | 2 | 1 | | 10 |
| | Total | 13 | 11 | 20 | 20 | 11 | 5 | 80 |

'ഇടിയോടുകൂടിയ മഴ അടുത്ത 3 മണിക്കൂറിനുള്ളിൽ ഇന്ന ജില്ലയിൽ പെയ്യും' എന്ന ഈ മുന്നറിയിപ്പിന് എല്ലാ മാസങ്ങളിലും ഒരേ പ്രധാന്യമല്ല

കൽപ്പിക്കേണ്ടത്. ഏപ്രിൽ-മെയ് മാസങ്ങളിൽ, വേനൽ മഴയോട് അനുബന്ധിച്ചും, തുലാവർഷകാലത്തും ഇത്തരം അറിയിപ്പ് ലഭിച്ചാൽ അപകടകരമായ ഇടിമിന്നൽ സാധ്യത മനസ്സിലാക്കി, ഉടൻതന്നെ ഇടിമിന്നൽ സുരക്ഷാ ക്രമീകരണം ചെയ്യേണ്ടതുണ്ട്. ഇടിമിന്നൽ സുരക്ഷാ ക്രമീകരണം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇടിയോടുകൂടിയ മഴയുടെ മുന്നറിയിപ്പ് ലഭിച്ചാലുടൻ മേൽ സുരക്ഷാ മുന്നറിയിപ്പുകൾ പൊതു ജനങ്ങൾക്കായി ജില്ലയുടെ സാമൂഹിക മാധ്യമങ്ങളിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും, ജില്ലയിലെ കേബിൾ മാധ്യമങ്ങളോട് ഇവ ടെക്സ്റ്റ് ഓവർലെ (Text Overlay) ആയി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്. എഫ്.എം റേഡിയോകളോട് ഇവ ഉടൻ പൊതുജനങ്ങളെ അറിയിക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്. കമ്മ്യൂണിറ്റി റേഡിയോകളേയും പ്രദശികമായി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന CAP (common alert protocol) സൗകര്യം ഉപയോഗിച്ച് കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇത്തരം 3 മണിക്കൂർ നേരത്തേക്കുള്ള നൗകാസ്റ്റുകൾ sms മുഖേന അതാത് ജില്ലാ പരിധിയിലുള്ള മൊബൈൽ ഫോൺ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായ സേവനദാതാക്കളുടെ കണക്ഷൻ ഉപയോഗിക്കുന്നവരിൽ മുന്നറിയിപ്പുള്ള ജില്ലാ പരിധിയിൽ പ്രസ്തുത സമയം ഉള്ളവർക്ക് മുന്നറിയിപ്പ് സന്ദേശം ലഭിക്കും. (location-based alert system) അതായത് കോഴിക്കോട് സ്വദേശിയായ ഒരാൾ തിരുവനന്തപുരത്തേക്ക് യാത്ര ചെയ്യുകയാണെങ്കിൽ യാത്രാമധ്യേ എറണാകുളം ജില്ലയിൽ അദ്ദേഹം എത്തുന്ന ഘട്ടത്തിൽ എറണാകുളം ജില്ലയിൽ ഇടിയോട് കൂടിയ അതിശക്തമായ മഴക്കുള്ള മുന്നറിയിപ്പ് ഉണ്ടാവുകയാണെങ്കിൽ അത് അദ്ദേഹത്തിന് sms ആയി ലഭിക്കും. അതിശക്തമായതോ അതിൽ കൂടുതലോ മഴ സാധ്യത (ഓറഞ്ച്, റെഡ് അലെർട്ടുകൾ) ഘട്ടത്തിൽ മാത്രമാണ് നിലവിൽ sms അലെർട്ടുകൾ

നൽകുന്നത്. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ 'Damini' മൊബൈൽ ആപ്പിലും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 'SACHET' ആപ്പിലും ഇടിമിന്നൽ മുന്നറിയിയിപ്പുകൾ ലഭ്യമാണ്.




സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ച ഇടിമിന്നൽ ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ (Kerala State Lightning Action Plan) ഇവിടെ ലഭ്യമാണ് http://sdma.kerala.gov.in/wp-content/uploads/2022/05/Kerala_State_LAP_final2022.pdf

## 1.10 സമുദ്ര സ്ഥിതി സംബന്ധിച്ച വിശകലനം

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പൊതു മുന്നറിയിപ്പ് ബുള്ളറ്റിനുകളിൽ സമുദ്ര സ്ഥിതി സംബന്ധിച്ച വിശകലനം നൽകുന്നത് ദേശീയ സമുദ്രവിവര വിശകലന കേന്ദ്രം (INCOIS) ആണ്. INCOISന്റെ വെബ്സൈറ്റ് https://incois.gov.in എന്നതാണ്. ഇൻഡ്യൻ തീരത്തെ ബാധിക്കാവുന്ന, സമുദ്രത്തിൽ ഉൽഭവിക്കുന്ന വിവിധ ദുരന്തങ്ങൾ സംബന്ധിച്ച് INCOIS മുന്നറിയിപ്പുകൾ നൽകി വരുന്നു. താരതമ്യേന

പുതിയ ഒരു സ്ഥാപനമായ INCOIS ചുരുങ്ങിയ കാലംകൊണ്ട് അന്താരാഷ്ട്ര പ്രശംസ കൈവരിച്ചിട്ടുണ്ട്. സുനാമി, കള്ളക്കടൽ (Swell waves), അപകടകരമായ തിരമാലകൾ, ചുഴലിക്കാറ്റിന്റെ സമയത്തെ വിവിധ പ്രദേശങ്ങളിലെ സമുദ്ര സ്ഥിതി, വേലിയേറ്റ സമയത്തെ സമുദ്ര സ്ഥിതി എന്നിവയാണ് പ്രധാനമായും INCOIS നൽകുന്ന മുന്നറിയിപ്പുകൾ. ഇവയിൽ സുനാമി ഒഴികെ ഉള്ള എല്ലാ വിശകലനങ്ങളും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ബുള്ളറ്റിനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുനാമി കാലവർഷവുമായി ബന്ധപ്പെട്ട ദുരന്ത സാധ്യത അല്ലാത്തതിനാൽ ഇവിടെ വിശദമാക്കുന്നില്ല. ചില അവസരങ്ങളിൽ INCOIS പ്രത്യേകമായി തന്നെ മുന്നറിയിപ്പുകൾ പുറപ്പെടുവിക്കാറുണ്ട്. ഇത്തരം അവസരങ്ങളിൽ ഈ മുന്നറിയിപ്പുകൾക്കനുസരിച്ച് ദുരന്ത നിവാരണ അതോറിറ്റി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും. INCOISന്റെ വെബ്സൈറ്റിൽ വിവിധ വിവരങ്ങൾ ലഭ്യമാണ്. ഇവയിൽ ദുരന്ത സാഹചര്യവുമായി ബന്ധപ്പെട്ടവയുടെ ലിങ്കുകൾ ചുവടെ ചേർക്കുന്നു.

| Sl. No | ലഭ്യമായ വിവരം | ലിങ്ക് |
|---|---|---|
| 1 | വേലിയേറ്റ വേലിയിറക്ക വിവരം | https://tsunami.incois.gov.in/TEWS/TGMap.jsp |
| 2 | കേരള തീരത്തെ കടലിലെ തിരമാലകളുടെ ഉയരവും, ദിശയും | https://incois.gov.in/site/services/hwa.jsp |
| 3 | അറബി കടലിലെ വിവിധ സൂചകങ്ങളുടെ സ്ഥിതി | https://incois.gov.in/site/index.jsp |
| 4 | സുനാമി മുന്നറിയിപ്പ് | http://tsunami.incois.gov.in/TEWS/ |
| 5 | തിരയേറ്റം (Storm Surge) | https://incois.gov.in/site/services/StormSurge.jsp |

- കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കാറ്റിന്റെ പ്രവചനത്തിൽ 30 കിലോമീറ്ററിൽ അധികം വേഗതയും, INCOISന്റെ തിരമാല പ്രവചനം കേരള തീരത്ത് 2 മീറ്ററിൽ അധികം ആകുകയും ചെയ്താൽ പ്രസ്തുത കാലയളവിൽ അവർ നിർദ്ദേശിക്കുന്ന പ്രദേശങ്ങളിൽ മത്സ്യ തൊഴിലാളികൾ ജാഗ്രത പാലിക്കണം എന്നും, 2 m തിരമാലയിൽ മറിയുവാൻ സാധ്യതയുള്ള ചെറിയയാനങ്ങളിൽ മത്സ്യ ബന്ധനം

നടത്തുന്നത് ഒഴിവാക്കണം എന്നും ഉപദേശ രൂപേണ അറിയിപ്പ് നൽകും.

- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4-12-2017ലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് "Fishermen advised not to venture" എന്ന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ "മത്സ്യതൊഴിലാളികൾ കേന്ദ്ര കാലാവസ്ഥാ വകുപ്പോ, INCOISഓ നിർദ്ദേശിക്കുന്ന സമുദ്ര മേഖലയിൽ, നിർദ്ദേശിക്കുന്ന കാലയളവിൽ "മത്സ്യ ബന്ധനത്തിന് പോകരുത്", എന്ന നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കും.
- ഇന്ത്യൻ മഹാസമുദ്രത്തിന്റെയും, അറബിക്കടലിന്റെയും, ബംഗാൾ ഉൾക്കടലിന്റെയും ഏതെങ്കിലും സമുദ്ര പ്രദേശത്ത് "Total suspension of fishing" എന്ന നിർദ്ദേശം ഉണ്ടെങ്കിൽ പ്രസ്തുത മേഖലയിൽ, മുന്നറിയിപ്പിൽ സൂചിപ്പിക്കുന്ന കാലയളവിൽ "മത്സ്യ ബന്ധനത്തിന് പോകുന്നത് തടയണം" എന്ന കർശന നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കും.

### 1.11 മുന്നറിയിപ്പുകളും അതിനനുസരിച്ച് സ്വീകരിക്കേണ്ട നടപടികളും

കേരളത്തിന്റെ ഭൂമിശാസ്ത്ര-സാമൂഹിക ഘടനകൂടി പരിഗണിച്ച് വേണം അലെർട്ടുകളെ മനസ്സിലാക്കുവാൻ. കേരളം വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയുള്ള പ്രദേശമാണ്. ഉരുൾപൊട്ടൽ സാധ്യതയുള്ള മലയോരവും, വീതി കുറഞ്ഞ ധാരാളം നദികളും നീളമേറിയതും ജനസാന്ദ്രതയേറിയതുമായ കടൽതീരവുമാണ് നമ്മുടെ പ്രധാന അപകട മേഖലകൾ. സുരക്ഷിതമല്ലാത്ത ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സാമൂഹിക ഘടനയും പരിശോധിക്കണം. കേരള സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ ആകും ഇത്തരം പ്രദേശങ്ങളിൽ വസിക്കുന്നത്. അടച്ചുറപ്പില്ലാത്ത വീടുകൾ ഏറ്റവും കൂടുതൽ കാണപ്പെടാനും സാധ്യതയുള്ള മേഖലകളാണിവ. അലെർട്ടുകളും അതിനനുസരിച്ച് വിലയിരുത്തേണ്ടതാണ്. മഴ എല്ലായിടത്തും ഒരു പോലെ

അപകടം വിതയ്ക്കണമെന്നില്ല. മലയോരഭൂമിയിൽ മനുഷ്യനായി വ്യതിയാനം വരുത്തുകയും, ഹരിത മേലാപ്പ് ഇല്ലാതാക്കപ്പെടുകയും ചെയ്ത സ്ഥലങ്ങൾ, റോഡിനും, വീടിനും മറ്റുമായി കുന്ന് വെട്ടി 1 മീറ്ററിൽ അധികം ഉയർന്ന മൺതിട്ടകൾ നിർത്തിയിട്ടുള്ള ഇടങ്ങൾ, ചതുപ്പും, നെൽവയലും നികത്തിയ സ്ഥലങ്ങൾ, നീർച്ചാലുകൾ വഴിതിരിച്ച് വിട്ടതോ, തടയപ്പെട്ടതോ ആയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ചെറു തീക്ഷ്ണതയുള്ള മഴ തന്നെ വലിയ ദുരന്തം സൃഷ്ടിച്ചേക്കാം. അതിനാൽ തന്നെ ഒരു ജില്ലയിലെ തീരപ്രദേശത്ത് എടുക്കുന്ന മുന്നൊരുക്കങ്ങൾ മതിയാകില്ല മലയോര മേഖലയിൽ. ഓരോ മുന്നറിയിപ്പും പരിഗണിച്ച് അതാതു പ്രദേശത്തിന് അനുയോജ്യമായ തീരുമാനങ്ങൾ അതാതു പ്രദേശത്തെ ചുമതലയുള്ള ഉദ്യോഗസ്ഥൻ നിർണയിക്കേണ്ടതുണ്ട്. ഓരോ വില്ലേജിലെയും ദുരന്ത സാധ്യത ക്രോഡീകരിച്ച് പട്ടികയായി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ അനുബന്ധമായി ഇവിടെ http://sdma.kerala.gov.in/wp-content/uploads/2019/03/Kerala-SDMP-Version-September-2016-Annexure-1-compressesd.pdf നൽകിയിട്ടുണ്ട്. ഇവ കൂടി പരിഗണിച്ചുവേണം പ്രാദേശിക തീരുമാനം കൈകൊള്ളാൻ. തദ്ദേശസ്വയംഭരണ തലത്തിൽ തയ്യാറാക്കിയ ദുരന്ത നിവാരണ പ്ലാനുകളും ഇക്കാര്യത്തിന് ആശ്രയിക്കാം. അവ https://dmp.kila.ac.in/ എന്ന ലിങ്കിൽ നിന്ന് ലഭ്യമാകും.

തുടർച്ചയായി മഴ ലഭിച്ചുകൊണ്ടിരിക്കുന്ന ദിവസങ്ങൾക്കിടയിൽ ഒരു ദിവസം മഞ്ഞ ജാഗ്രതാ നിർദ്ദേശം ലഭിച്ചാൽ, മഞ്ഞ ജാഗ്രതാ നിർദ്ദേശം നിലനിൽക്കുന്ന ദിവസം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. അതുപോലെ തുടർച്ചയായി മഴ ലഭിച്ചുകൊണ്ടിരിക്കുന്ന ദിവസങ്ങൾക്കിടയിൽ ഒരു ദിവസം ഓറഞ്ച് ജാഗ്രതാ നിർദ്ദേശം ലഭിച്ചാൽ, ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നിലനിൽക്കുന്ന ദിവസം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. തുടർച്ചയായ ദിവസങ്ങളിൽ മഴ ലഭിക്കാതിരിക്കുകയും എന്നാൽ ഒരു ദിവസം ചുവപ്പ് ജാഗ്രതാ നിർദ്ദേശം ലഭിക്കുകയും ചെയ്താലും ചുവപ്പ് ജാഗ്രതാ നിർദ്ദേശം നിലനിൽക്കുന്ന ദിവസം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

ഈ ഓരോ അലേർട്ട് നിറത്തിനും അനുസരിച്ച് ഓരോ വകുപ്പും കൈക്കൊള്ളേണ്ടുന്ന നടപടികൾ Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ നിഷ്ക്കർഷിച്ചിരിക്കുന്നു. ഇവ എല്ലാ വകുപ്പുകളും, തദ്ദേശ സ്ഥാപനങ്ങളും പ്രത്യേകം പരിശോധിച്ച് അവരവർക്ക് നിർദ്ദേശിച്ചിട്ടുള്ള നടപടികൾ അതാത് സാഹചര്യവും, സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നിർദ്ദേശവും അനുസരിച്ച് സ്വീകരിക്കണം.

## 1.12 അടിയന്തിര ഘട്ട നമ്പർ 112

അടിയന്തര ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന പാൻ-ഇന്ത്യ നമ്പർ (112) അടിസ്ഥാനമാക്കിയുള്ള അടിയന്തര പ്രതികരണ സംവിധാനമാണ് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ERSS). ദുരന്ത ഘട്ടങ്ങളിൽ ഉള്ള അടിയന്തിര സഹായം, പോലീസ് സഹായം, അഗ്നിശമനസേന, ആംബുലൻസ്, സ്ത്രീ സംരക്ഷണം, കുട്ടികളുടെ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട അടിയന്തര സഹായം അഭ്യർത്ഥിക്കാൻ ജനങ്ങൾക്ക് വോയ്സ് കോൾ മുഖേനയും, എസ്ഒഎസ്, എസ്എംഎസ്, ഇമെയിൽ, വെബ് അഭ്യർത്ഥന എന്നിവ 112 മൊബൈൽ ആപ്പ് വഴിയും ചെയ്യാവുന്നതാണ്. ഇത്തരം സഹായം തേടുമ്പോൾ പോലീസ് ആസ്ഥാനത്തും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലും സജ്ജീകരിച്ചിട്ടുള്ള ERSS കണ്ട്രോൾ റൂമുകളിൽ സഹായം അഭ്യര്ഥിക്കുന്ന ആളിന്റെ ലൊക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാവും. അതുൾപ്പെടെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും നടപടികൾ പിന്തുടരുകയും ചെയ്യും.


## 1.13 ഔദ്യോഗിക മുന്നറിയിപ്പ് ലഭിക്കുന്ന സയറണുകൾ, സ്ട്രോബ് ലൈറ്റുകൾ

ദുരന്ത സംബന്ധിയായ മുന്നറിയിപ്പുകൾ പൊതു സമൂഹത്തെ അറിയിക്കുന്നതിനായി കേരളത്തിൽ 126 ഇടങ്ങളിൽ സയറണുകളും, സ്ട്രോബ് ലറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവ സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിന്നും പ്രവർത്തിപ്പിക്കുവാൻ

സാധിക്കുന്നവയാണ്. ഇവയിലൂടെ അടിയന്തിര ഘട്ടങ്ങളിൽ ശബ്ദ, വെളിച്ച സന്ദേശങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുന്നതാണ്. ഏതെങ്കിലും ജില്ലയിൽ റെഡ്, ഓറഞ്ച് അലെർട്ടുകൾ പ്രഖ്യാപിക്കപ്പെട്ടാൽ അതാത് ജില്ലയിലെ സൈറണുകൾ നിശ്ചിത സമയം മുഴുക്കുന്നതും, സൈറണിലൂടെ തന്നെ അനൗൺസ്മെൻറ് നടത്തുകയും, സ്ട്രോബ് ലൈറ്റുകൾ തെളിയുകയും ചെയ്യുന്നതാണ്. സാധാരണ നിലയിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ച ജില്ലയിൽ വൈകീട്ട് 3.30നും, 4നും ഇടയിലും, ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ച ജില്ലയിൽ വൈകിട്ട് 4നും, 4.30നും ഇടയിലായിട്ടായിരിക്കും സൈറൺ മുഴക്കുക. റെഡ്, ഓറഞ്ച് അലെർട്ടുകൾക്ക് പ്രത്യേക ശബ്ദങ്ങളായിരിക്കും. ഈ ശബ്ദങ്ങൾ കേട്ടാൽ ഏത് അലേർട്ട് ആണെന്ന് പൊതുജനങ്ങൾ തിരിച്ചറിയുന്ന രീതിയിൽ ആളുകൾക്കിടയിൽ പ്രചാരണം നടത്തേണ്ടതുണ്ട്. അസാധാരണമായ രീതിയിൽ കാലാവസ്ഥ മുന്നറിയിപ്പുകളിൽ മാറ്റം വരുത്തുന്ന ഘട്ടങ്ങളിലും സൈറണുകൾ മുഴക്കും. ഇതല്ലാതെ മറ്റ് അടിയന്തര സാഹചര്യങ്ങളിലും സൈറണുകൾ മുഴക്കുന്നതും മുന്നറിയിപ്പുകൾ വിളിച്ചു പറയുകയും ചെയ്യും.




| SL No | Location | District | X | Y | Structure |
|---|---|---|---|---|---|
| 1 | Muttathara | Thiruvananthapuram | 76.9318 | 8.46336 | MPCS |
| 2 | Govt. V. H. S. S. Poovar | Thiruvananthapuram | 77.07 | 8.31977 | Govt Building |
| 3 | Govt. H. S. Karikkakom | Thiruvananthapuram | 76.9107 | 8.49662 | Govt Building |
| 4 | Govt. UPS, Kizhuvillam | Thiruvananthapuram | 76.8149 | 8.67131 | Govt Building |
| 5 | Mini Auditorium, Pozhiyoor by KSCADC | Thiruvananthapuram | 77.0893 | 8.30044 | Govt Building |
| 6 | Govt. HSS Kulathummel Kattakkada | Thiruvananthapuram | 77.0759 | 8.50582 | Govt Building |
| 7 | Govt UP School Vellarada | Thiruvananthapuram | 77.1956 | 8.44276 | Govt Building |
| 8 | Government Vocational Higher Secondary School Kallara | Thiruvananthapuram | 76.9393 | 8.75307 | Govt Building |
| 9 | Govt. V and HSS, Vithura | Thiruvananthapuram | 77.0844 | 8.6721 | Govt Building |
| 10 | Govt. HSS Valathungal (Boys) | Kollam | 76.6281 | 8.85564 | Govt Building |
| 11 | Govt. UP School, Kureepuzha | Kollam | 76.5776 | 8.92005 | Govt Building |
| 12 | GUPS Vellimon | Kollam | 76.6488 | 8.9568 | Govt Building |
| 13 | Regional Technical Fisheries School, Ayanivelikulangara | Kollam | 76.5206 | 9.04417 | Govt Building |
| 14 | Government Higher Secondary School, Kulathupuzha | Kollam | 77.0487 | 8.89606 | Govt Building |
| 15 | G H S Azheekal | Kollam | 76.4781 | 9.10969 | Govt Building |
| 16 | K. S. G. H. S. S. , Kadapra | Pathanamthitta | 76.5361 | 9.34798 | Govt Building |
| 17 | Thiruvalla Taluk Office | Pathanamthitta | 76.5693 | 9.38082 | Govt Building |
| 18 | Pre-Metric Girls Hostel, Achankovil | Pathanamthitta | 77.1125 | 9.09287 | Govt Building |
| 19 | Community Study Centre, Kodumudi | Pathanamthitta | 76.9119 | 9.31587 | Govt Building |
| 20 | Govt HS, Melukara Keekozhur,Ranni | Pathanamthitta | 76.7704 | 9.35399 | Govt Building |
| 21 | Government High School, Kozhenchery | Pathanamthitta | 76.7093 | 9.33526 | Govt Building |
| 22 | Pathanamthitta DEOC | Pathanamthitta | 76.7801 | 9.26774 | Govt Building |
| 23 | Kottayam Thaluk Office | Kottayam | 76.5206 | 9.58691 | Govt Building |
| 24 | Govt HS/VHSS Nattakom | Kottayam | 76.5119 | 9.55303 | Govt Building |
| 25 | College of Engineering Poonjar (CEP) | Kottayam | 76.8261 | 9.67384 | Govt Building |
| 26 | Govt High school, Adukkom | Kottayam | 76.834 | 9.74158 | Govt Building |
| 27 | Mahatma Gandhi Government Higher Secondary School,Pala | Kottayam | 76.6833 | 9.71416 | Govt Building |
| 28 | Cheruthana | Alappuzha | 76.4466 | 9.30538 | MPCS |
| 29 | Arthungal Matsyabhavan | Alappuzha | 76.2916 | 9.66943 | Govt Building |
| 30 | Govt. Model HSS, Ambalapuzha | Alappuzha | 76.3674 | 9.3824 | Govt Building |
| 31 | Govt. HSS, Kakkazham | Alappuzha | 76.3538 | 9.39326 | Govt Building |
| 32 | Govt. UPS, Kannamangalam | Alappuzha | 76.5197 | 9.24138 | Govt Building |
| 33 | Mararikkulam MPCS | Alappuzha | 76.3036 | 9.62678 | MPCS |
| 34 | Govt H.S.S.Valiyazheekal | Alappuzha | 76.4669 | 9.14187 | Govt Building |
| 35 | Padanilam Higher Secondary School | Alappuzha | 76.6371 | 9.19256 | Govt Building |
| 36 | Community Study Center CSC, Manalady | Idukki | 77.1621 | 9.59928 | Govt Building |
| 37 | Government High School, Mannamkandam | Idukki | 76.9432 | 10.0311 | Govt Building |
| 38 | Dr.APJ Abdul Kalam Government Higher Secondary School, Thodupuzha | Idukki | 76.7137 | 9.89924 | Govt Building |
| 39 | College of Engineering, Munnar | Idukki | 77.0682 | 10.0932 | Govt Building |
| 40 | Govt High School, Mamalakandam | Idukki | 77.1988 | 10.147 | Govt Building |
| 41 | Pallipuram | Ernakulam | 76.1871 | 10.1625 | MPCS |
| 42 | Thuruthippuram | Ernakulam | 76.2121 | 10.1728 | MPCS |
| 43 | Paliyam Govt. HSS Chendamangalam | Ernakulam | 76.2347 | 10.1723 | Govt Building |
| 44 | Govt. J. B. S. Kunnukara | Ernakulam | 76.305 | 10.1562 | Govt Building |
| 45 | Govt. M. I. U. P. S. Veliyathunad | Ernakulam | 76.3143 | 10.1356 | Govt Building |
| 46 | Govt H.S.West Kadungallur | Ernakulam | 76.318 | 10.1062 | Govt Building |
| 47 | Govt Boys H S S Aluva | Ernakulam | 76.3548 | 10.1072 | Govt Building |
| 48 | Govt. Higher Secondary School, Sivankunnu, Muvattupuzha | Ernakulam | 76.5804 | 9.98271 | Govt Building |
| 49 | Government Higher Secondary School, Mudickal | Ernakulam | 76.4541 | 10.1166 | Govt Building |
| 50 | Kerala Government Guest House, Ernakulam | Ernakulam | 76.278 | 9.97695 | Govt Building |
| 51 | Ernakulam DEOC | Ernakulam | 76.3434 | 10.0172 | Govt Building |
| 52 | Azhikode | Thrissur | 76.1684 | 10.2013 | MPCS |
| 53 | Kadappuram | Thrissur | 76.0281 | 10.5393 | MPCS |
| 54 | Govt. Fisheries H S S Nattika | Thrissur | 76.0941 | 10.4099 | Govt Building |
| 55 | ITI Manaloor | Thrissur | 76.1049 | 10.4815 | Govt Building |
| 56 | Government Model Higher Secondary School.(VHSS Chalakudy) | Thrissur | 76.3339 | 10.306 | Govt Building |
| 57 | Govt Fisheries VHSS Kaipamangalam | Thrissur | 76.1258 | 10.3165 | Govt Building |
| 58 | Pre–Metric Hostel, Boys, Muthalamada | Palakkad | 76.7618 | 10.608 | Govt Building |
| 59 | Community Study Centre, Mele Mulli | Palakkad | 76.7162 | 11.2234 | Govt Building |
| 60 | Government Higher Secondary School, Kozhippara | Palakkad | 76.8358 | 10.7974 | Govt Building |
| 61 | Govt. Vocational Higher Secondory School For The Deaf Ottapalam | Palakkad | 76.3701 | 10.7723 | Govt Building |
| 62 | Govt ITI Attapadi | Palakkad | 76.7135 | 11.1444 | Govt Building |
| 63 | GVHSS Agali | Palakkad | 76.6426 | 11.0985 | Govt Building |
| 64 | Palapetty | Malappuram | 75.9582 | 10.7017 | MPCS |
| 65 | Paravanna | Malappuram | 75.8923 | 10.9004 | MPCS |
| 66 | GHSS, Thrikkavu | Malappuram | 75.9317 | 10.7788 | Govt Building |
| 67 | GUPS, Purathurpadinjarekkara | Malappuram | 75.909 | 10.8099 | Govt Building |
| 68 | GMLPS, Kuttayi North, Mangalam | Malappuram | 75.9022 | 10.8494 | Govt Building |
| 69 | GFLPS, Parappanangadi | Malappuram | 75.8461 | 11.0705 | Govt Building |
| 70 | GVHSS Kizhuparamba, Eranad | Malappuram | 76.0171 | 11.2429 | Govt Building |
| 71 | GMVHSS Nilambur | Malappuram | 76.2314 | 11.2843 | Govt Building |
| 72 | GHSS Beypore | Kozhikode | 75.8072 | 11.1833 | Govt Building |
| 73 | GFHSS Puthiyappa, Elathur | Kozhikode | 75.7514 | 11.3142 | Govt Building |
| 74 | Government Higher Secondary School, Payyoli | Kozhikode | 75.6179 | 11.5129 | Govt Building |
| 75 | Kathirur | Kannur | 75.5234 | 11.7733 | MPCS |
| 76 | Govt HSS Thiruvangad | Kannur | 75.5028 | 11.7515 | Govt Building |
| 77 | Govt City H.S.S. Kannur | Kannur | 75.3815 | 11.8598 | Govt Building |
| 78 | Premetric Hostel, Boys, Naduvil | Kannur | 75.4856 | 12.1136 | Govt Building |
| 79 | GHSS Aralam Farm | Kannur | 75.7704 | 11.9422 | Govt Building |
| 80 | Govt. Higher Secondary School Peringome | Kannur | 75.3138 | 12.2265 | Govt Building |
| 81 | Pullur | Kasaragod | 75.1004 | 12.3578 | MPCS |
| 82 | Kudlu | Kasaragod | 74.994 | 12.5405 | MPCS |
| 83 | Kumbla | Kasaragod | 74.947 | 12.5945 | MPCS |
| 84 | GFVHSS Cheruvathur | Kasaragod | 75.1367 | 12.2122 | Govt Building |
| 85 | G. F. U. P.S. Adkathubail | Kasaragod | 74.9788 | 12.4936 | Govt Building |
| 86 | Vellarikundu Taluk Office | Kasaragod | 75.2912 | 12.3637 | Govt Building |
| 87 | Pre-Metric Hostel Boys, Perikkalloor, Mullankolly | Wayanad | 76.1536 | 11.8626 | Govt Building |
| 88 | Government Higher Secondary School, Kalloor | Wayanad | 76.3272 | 11.6637 | Govt Building |
| 89 | G H S S Padinjarathara | Wayanad | 75.9758 | 11.6842 | Govt Building |
| 90 | GHSS Panamaram | Wayanad | 76.069 | 11.7384 | Govt Building |
| 91 | G H S S Meppadi | Wayanad | 76.1307 | 11.5602 | Govt Building |
| 92 | Kadakkavoor Panchayat Office | Thiruvananthapuram | 76.77091 | 8.684252 | Govt Building |
| 93 | Thumba Police Station | Thiruvananthapuram | 76.87102 | 8.545446 | Govt Building |
| 94 | Vizhinjam fisheries station | Thiruvananthapuram | 76.99012 | 8.379429 | Govt Building |
| 95 | KSDMA | Thiruvananthapuram | 76.95875 | 8.50967 | Govt Building |
| 96 | Government Vocational Higher Secondary School | Kollam | 76.53952 | 8.981506 | Govt Building |
| 97 | Govt. HSS , Vellamanal | Kollam | 76.64401 | 8.842181 | Govt Building |
| 98 | Kottapuram Village Office | Kollam | 76.66995 | 8.807099 | Govt Building |
| 99 | Government TTI Cantonment | Kollam | 76.59355 | 8.88173 | Govt Building |
| 100 | Govt. ITI For Women | Kollam | 76.56305 | 8.89882 | Govt Building |
| 101 | Alappuzha.UPS Panoorkkara | Alappuzha | 76.39846 | 9.28186 | Govt Building |
| 102 | Port Office Alappuzha | Alappuzha | 76.31875 | 9.493868 | Govt Building |
| 103 | Njarackal VHSS | Ernakulam | 76.2187 | 10.05028 | Govt Building |
| 104 | Edward Memorial Government Higher Secondary School | Ernakulam | 76.24452 | 9.95074 | Govt Building |
| 105 | Tanur Block Office | Malappuram | 75.87532 | 10.98544 | Govt Building |
| 106 | Parappanangadi Municipal office | Malappuram | 75.8588 | 11.04915 | Govt Building |
| 107 | GUPS Ariyallur | Malappuram | 75.84282 | 11.09386 | Govt Building |
| 108 | Vadakara Block Panchayath Meeting Hall | Kozhikode | 75.55436 | 11.6758 | Govt Building |
| 109 | Government Engineering College Kozhikode | Kozhikode | 75.76985 | 11.28641 | Govt Building |
| 110 | Government Upper Primary School Panniyankara | Kozhikode | 75.79065 | 11.23015 | Govt Building |
| 111 | Govt. PWD Rest House Koyilandy | Kozhikode | 75.6878 | 11.44925 | Govt Building |
| 112 | Govt VHSS for Boys Madappally | Kozhikode | 75.57049 | 11.63711 | Govt Building |
| 113 | Kozhikode Municipal Corporation Office | Kozhikode | 75.77058 | 11.25543 | Govt Building |
| 114 | Thiruvangoor Community Health Center | Kozhikode | 75.73505 | 11.38411 | Govt Building |
| 115 | Govt. H.S.S. Muzhappilangad | Kannur | 75.45629 | 11.79961 | Govt Building |
| 116 | GVHSS (Sports) Kannur(Municipal HSS Kannur) | Kannur | 75.37054 | 11.87824 | Govt Building |
| 117 | Govt HSS Azhiyur | Kozhikode | 75.54448 | 11.68526 | Govt Building |
| 118 | Mattool Higher Secondary School | Kannur | 75.28242 | 11.97417 | Govt Building |
| 119 | Ramanthali GHSS | Kannur | 75.19151 | 12.06075 | Govt Building |
| 120 | PWD Rest House | Kannur | 75.35596 | 11.86265 | Govt Building |
| 121 | Hosdurg Government Higher Secondary School | Kasaragod | 75.09249 | 12.31284 | Govt Building |
| 122 | Mahakavi.P Smaraka Government Vocational Higher Secondary School | Kasaragod | 75.08911 | 12.34248 | Govt Building |
| 123 | GVHSS Mogral | Kasaragod | 74.95483 | 12.56904 | Govt Building |
| 124 | Block Panchayat Office | Kasaragod | 74.88574 | 12.72509 | Govt Building |
| 125 | Govt HSS Pallikere | Kasaragod | 75.04514 | 12.38686 | Govt Building |
| 126 | Govt. Food Craft Institution Uduma Kasaragod | Kasaragod | 75.03372 | 12.44319 | Govt Building |


KERALA
EWDS Siren Locations
LEGEND
Siren Locations
Taluk boundary
District boundary
0 20 40 80 120 Km
RISK LAB,KSEOC
Kerala State Disaster Management Authority
Thiruvananthapuram
External boundaries are not verified. Reference purpose only.
Source: KSDMA - KSEOC

## 1.14 സചേത് മൊബൈൽ ആപ്പ്

മുന്നറിയിപ്പുകളും ദുരന്തസംബന്ധിയായ മറ്റു വിവരങ്ങളും പരമാവധി ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുക എന്നതിന്റെ ഭാഗമായി ദേശിയ ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ അപ്ലിക്കേഷൻ ആണ് COMMON ALERTING PROTOCOL BASED INTEGRATED ALERT SYSTEM (SACHET) https://sachet.ndma.gov.in/. ഇതിന്റെ ഭാഗമായി അലേർട്ട് ജനറേറ്റിംഗ് ഏജൻസികൾ (IMD, CWC, INCOIS മുതലായവ), CAP പ്ലാറ്റ്ഫോം വഴി പുറപ്പെടുവിക്കുന്ന മുന്നറിയിപ്പ്/അലേർട്ടുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള മുന്നറിയിപ്പുകൾ




പൊതുജനങ്ങൾക്ക് നൽകുകയും ആണ് ചെയ്യുന്നത്. സെല്ലുലാർ നെറ്റ്വർക്ക്, റേഡിയോ, ടെലിവിഷൻ, ഇൻ്റർനെറ്റ്, സാറ്റലൈറ്റ് മുതലായവ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കാൻ ഈ സംവിധാനം വഴി സാധിക്കുന്നു. ഇതിന്റെ ഭാഗമായുള്ള സചേത് എന്ന മൊബൈൽ അപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്.

## 1.15 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാട്സ് ആപ്പ് ചാനൽ

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾക്കും മറ്റ് അപ്ഡേറ്റുകൾക്കുമായി സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ വാട്സ് ആപ്പ് ചാനൽ ഫോളോ ചെയ്യാവുന്നതാണ്.

വാട്സ് ആപ്പ് ചാനൽ ലിങ്ക്: https://whatsapp.com/channel/0029VaagdUA0bIduRzh22C38

## 1.16 ഔദ്യോഗിക മുന്നറിയിപ്പ് ലഭിക്കുന്ന ആപ്പുകളും, വെബ്സൈറ്റുകളും, സാമൂഹിക മാധ്യമങ്ങളും


കാലാവസ്ഥാ സംബന്ധിയായ മുന്നറിയിപ്പുകൾ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ https://mausam.imd.gov.in/, https://mausam.imd.gov.in/Thiruvananthapuram/ എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. സമുദ്രസ്ഥിതി സംബന്ധിച്ച വിവരം, www.incois.gov.in എന്ന ദേശീയ സമുദ്രവിവര വിശകലന കേന്ദ്രത്തിന്റെ (INCOIS) വെബ്സൈറ്റിൽ ലഭ്യമാണ്. നദികളിലെ ജല നിരപ്പ് https://ffs.india-water.gov.in/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.




www.imdtvm.gov.in




www.mausam.imd.gov.in


www.incois.gov.in



https://ffs.india-water.gov.in/

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിലും (sdma.kerala.gov.in), ഫേസ്ബുക്കിലെ കേരള സർക്കാർ പേജും, ബഹു: മുഖ്യമന്ത്രിയുടെ പേജും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പേജും, അതതു സമയങ്ങളിൽ ഔദ്യോഗികമായി ദുരന്ത സംബന്ധിയായ മുന്നറിയിപ്പുകളും വിവരങ്ങളും പൊതുജനങ്ങൾക്കായി നൽകുന്നുണ്ട്.





ദുരന്ത നിവാരണ അതോറിറ്റി, ദുരന്ത സംബന്ധിയായ നിർദേശങ്ങൾ നൽകുന്നതിനായി പ്രത്യേക WhatsApp Group 2015 മുതൽ

പ്രവർത്തിപ്പിക്കുന്നുണ്ട്. KSDMA IAS Officers, KSDMA IPS Officers, KSDMA Forces, KSDMA Media, KSDMA PS to Ministers, KSDMA Volunteers, KSDMA Virtual Cadre, KSDMA KAS, KSDMA-KSRTC, KSDMA-LSGD Nodal Officers, KSDMA-ST Department, KSDMA ApdaMithra, KSDMA-Forest EOCs തുടങ്ങി 30 ലധികം ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. ഇതിലേക്ക് എല്ലാ ദിവസവും മുന്നറിയിപ്പുകളും നിലവിലെ സ്ഥിതിവിവരങ്ങളും കൈമാറുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ അധ്യക്ഷൻ/അധ്യക്ഷമാരുടെയും, സെക്രട്ടറിമാരുടെയും ഗ്രൂപ്പുകളും ഇത്തരത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ട്.



മിന്നൽ ഉണ്ടാകുന്ന സ്ഥലങ്ങൾ മനസ്സിലാക്കുവാനും, നമ്മൾ നിൽക്കുന്ന സ്ഥലത്തിന് അടുത്ത് മിന്നൽ ഉണ്ടാകുന്നുണ്ടോ എന്ന് മനസ്സിലാക്കുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പ് 'ദാമിനി (Damini)' എന്ന ഒരു മൊബൈൽ അപ്ലിക്കേഷൻ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്.

പ്രസ്തുത അപ്ലിക്കേഷനുകൾ ഡി.ഇ.ഓ.സിയിലെ ഒരു ഔദ്യോഗിക മൊബൈൽ ഫോണിൽ ഇൻസ്റ്റോൾ ചെയ്യുകയും, നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇവ എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ഉപയോഗിക്കുന്നത് കാലാവസ്ഥാ വിവരം കൂടുതൽ വ്യാപകമായി ഉപയോഗപ്പെടുവാൻ സാഹചര്യം ഒരുക്കും. ഇതിനായി ജില്ലയിലെ എല്ലാ ഉദ്യോഗസ്ഥരേയും പ്രത്യേകമായി പ്രേരിപ്പിക്കുന്നത് ഉചിതമാണ്.

## 2 അംഗീകൃത ദുരന്തങ്ങൾ

| **ദേശീയ തലത്തിൽ അംഗീകരിച്ചിട്ടുള്ള ദുരന്തങ്ങൾ** | |
|---|---|
|  വെള്ളപ്പൊക്കം |  ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറവീഴ്ച്ച /പാറനിരങ്ങൽ |
|  വരൾച്ച |  ചുഴലിക്കാറ്റ് |
|  ഭൂമികുലുക്കം |  മേഘസ്ഫോടനം |
|  ആലിപ്പഴ വർഷം |  സുനാമി |
|  കാട്ട് തീ |  കീടാക്രമണം |

| | |
|---|---|
| <br>ശൈത്യതരംഗം/ശീതാഘാതം | <br>ഹിമപാതം |
| ഈ ദുരന്തങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായം GO (Ms) No. 6/2023/DMD dated 18-6-2023 പ്രകാരം നിർണയിച്ചിട്ടുണ്ട് | |

| സംസ്ഥാന സവിശേഷ ദുരന്തങ്ങൾ | |
|---|---|
| <br>തീരശോഷണം | <br>ഇടിമിന്നൽ |
| <br>ശക്തമായ കാറ്റ് | <br>കുഴലീകൃത മണ്ണൊലിപ്പ് |
| <br>ഉഷ്ണതരംഗം/സൂര്യാഘാതം/സൂര്യതാപം | <br>മനുഷ്യ-മൃഗ സംഘർഷം |
| <br>വേലിയേറ്റ വെള്ളപ്പൊക്കം | |
| ഈ ദുരന്തങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായം GO (Ms) No. 343/2015/DMD dated 23-07-2015, GO (Rt) No. 149/2017/DMD dated 18-01-2017, GO (Ms) No. 9/2019/DMD dated 9-03-2019, GO (Ms) No. 4/2024/DMD dated 7-3-2024, GO (Ms) No. 5/2026/DMD dated 30-1-2026, GO (Rt) No. 209/2026/DMD dated 11-5-2026 എന്നിവ പ്രകാരം നിർണയിച്ചിട്ടുണ്ട് | |

## 2.1 കേരളത്തിലെ പ്രധാന മഴക്കാല ദുരന്ത സാദ്ധ്യതകൾ

1. ദീർഘകാല ശരാശരിയോ അതിലധികമോ മഴ ലഭിക്കുവാനുള്ള സാധ്യത ഉണ്ട് എന്നത് പരിഗണിച്ച്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ വെള്ളപൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ്, തീരശോഷണം എന്നിവ നേരിടുവാൻ തയ്യാറാകേണ്ടതുണ്ട്. അടുത്തകാലത്തായി മഴയുടെ തീക്ഷ്ണത (rainfall intensity: amount of rainfall in 1 hr) സാധാരണയിൽ അധികമാണ് എന്ന് കാലാവസ്ഥാ വിദഗ്ദ്ധർ വിലയിരുത്തുന്നു. ലഭിക്കും എന്ന് പ്രതീക്ഷിക്കുന്ന മഴ ചുരുങ്ങിയ സമയത്തിലും, ദിവസങ്ങളിലും ലഭിക്കുന്ന അവസ്ഥയാണ് പൊതുവിൽ കാണുന്നത്. തീക്ഷ്ണത കൂടിയ മഴ പെയ്താൽ മണ്ണിലേക്ക് ആഴ്ന്നിറങ്ങുവാനുള്ള സമയം ജലത്തിന് ലഭിക്കില്ല എന്നതിനാൽ അത് പെട്ടെന്ന് നീർച്ചാലുകളിലും, പുഴകളിലും ചെന്നെത്തുകയും വെള്ളപ്പൊക്കത്തിനും, മിന്നൽ പ്രളയത്തിനും കാരണമാകും.
2. മേൽമണ്ണ് 2018ലെ പ്രളയത്തിൽ ഗണ്യമായ അളവിൽ നഷ്ടപെട്ടതിനാൽ, ലഭിക്കുന്ന മഴയുടെ നല്ലൊരുപങ്കും ഒഴുകി പോകുവാൻ സാധ്യതയുണ്ട്. ഇത് നദികളിലെയും, ചാലുകളിലേയും ജലനിരപ്പ് പെട്ടെന്ന് ഉയരുവാൻ കാരണമാകും.
3. വെള്ളപൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടാകുവാൻ സാധ്യതയുള്ള തദേശ സ്ഥാപനങ്ങളുടെ വിവരം ജില്ലാ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്. ഈ വിവരം http://sdma.kerala.gov.in/maps/, https://dmp.kila.ac.in/ എന്നീ ലിങ്കിൽ ലഭ്യമാണ്
4. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ പ്രവചന സാങ്കേതിക വിദ്യ നിലവിൽ വിജയകരമായി പരീക്ഷിക്കപെട്ടിട്ടില്ല; ശ്രമങ്ങൾ ജി.എസ്.ഐ, അമൃത വിശ്വവിദ്യാലയം, കേരള സർവ്വകലാശാല എന്നിവർ നടത്തി വരുന്നു.
5. ആലപ്പുഴ, തൃശൂർ, കോട്ടയം, എറണാകുളം എന്നീ ജില്ലകൾ വെള്ളപ്പൊക്ക പ്രതിരോധത്തിന് പ്രത്യേകമായി തയ്യാറെടുക്കേണ്ടതുണ്ട്.
6. വയനാട്, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി, കോട്ടയം, പത്തനംതിട്ട, മലപ്പുറം, കൊല്ലം എന്നീ ജില്ലകൾ

ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ പ്രതിരോധത്തിന് പ്രത്യേകമായി തയ്യാറെടുക്കേണ്ടതുണ്ട്

7. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകൾ കടലാക്രമണം നേരിടുന്നതിന് തയ്യാറാകുക
8. കാലവർഷ-തുലാവർഷ കാലത്ത് അണകെട്ടുകളുടെ ഷട്ടർ തുറക്കുവാൻ സാധ്യതയുണ്ട്.
9. കുഴലീകൃത മണ്ണൊലിപ്പ് കാണപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ കുട്ടികൾ ഇവ മൂലം ഉണ്ടായിട്ടുള്ള തുരങ്കങ്ങളിൽ അകപ്പെടാതെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവ ഇടിഞ്ഞ് ഇറങ്ങുന്നത് ഉരുൾപൊട്ടൽ സാധ്യത വർദ്ധിപ്പിക്കുന്നു.
10. കപാറികൾ, മലയോര മേഖലയിലെ ചെറു അരുവികളും, കയങ്ങളും, കടൽ തീരങ്ങൾ എന്നിവിടങ്ങളിൽ ഒട്ടനവധി മുങ്ങി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മഴക്കാലത്ത് ഇവയിലെ ദുരന്ത സാധ്യത ഗണ്യമായി വർധിക്കുന്നു.
11. ശക്തമായ കാറ്റ്, തീരശോഷണം, ഇടിമിന്നൽ എന്നിവ കേരളത്തിൽ നാശനഷ്ടം ഗണ്യമായി സൃഷ്ടിക്കുന്നുണ്ട്. തീരത്തെ വേലിയേറ്റ സമയത്തെ വെള്ളപ്പൊക്കം ഗണ്യമായ നാശനഷ്ടം ചില പ്രദേശങ്ങളിൽ എങ്കിലും സൃഷ്ടിക്കും. വേലിയേറ്റവും, മഴ മൂലം പുഴയിലെ ജലനിരപ്പിൽ വർധനവും ഒരേ സമയത്ത് ഉണ്ടായാൽ തീര പ്രദേശനങ്ങളിലെ താഴ്ന്ന സ്ഥലങ്ങളിൽ വെള്ളപ്പൊക്ക തീവ്രത വർദ്ധിപ്പിക്കും.

## 2.2 സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF)

- സംസ്ഥാന ദുരന്ത പ്രതികരണ നിധി (State Disaster Response Fund) എന്നത് കേന്ദ്ര സർക്കാർ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡം പ്രകാരമാണ് വിനിയോഗിക്കേണ്ടത്. നിലവിലെ മാനദണ്ഡം ഇവിടെ ലഭ്യമാണ് http://sdma.kerala.gov.in/wp-content/uploads/2023/08/GO-MS-6-2023_SDRF-Norms.pdf
- നാഷണൽ ഡിസാസ്റ്റർ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഉള്ള എല്ലാ ചെലവുകളും രേഖപ്പെടുത്തേണ്ടതുണ്ട്. ndmis.mha.gov.in

### 2.2.1 നാഷണൽ ഡിസാസ്റ്റർ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം (NDMIS)

സംസ്ഥാന ദുരന്തപ്രതികരണ നിധി (SDRF), ദേശീയ ദുരന്ത പ്രതികരണ നിധി (NDRF) എന്നിവയിൽ നിന്നും ചിലവാക്കിയ തുകയുടെ വിശദാംശങ്ങൾ കാലങ്ങളായി സംസ്ഥാനങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് (MHA) പേപ്പർ ഡോക്യുമെന്റ് രേഖാമൂലമാണ് സമർപ്പിച്ചിരുന്നത്. പല സംസ്ഥാനങ്ങൾ പല രീതിയിൽ ഇതിലെ ഘടകങ്ങൾ വ്യാഖ്യാനിക്കുന്നതിനാൽ ഈ വിവരങ്ങൾക്ക് ഒരു ഐകരൂപ്യം ഉണ്ടായിരുന്നില്ല. ഇത് മൂലം കേന്ദ്രീകൃതമായി വിവരങ്ങൾ സൂക്ഷിക്കുന്നതിനും മേൽ നിധികളിൽ നിന്നുള്ള ചെലവുകളുടെ മേൽനോട്ടം വഹിക്കുന്നതിനും ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഇതിനൊരു പരിഹാരമായാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ദേശീയ തലത്തിൽ ഒരു സംയോജിത ദുരന്തവിവരശേഖരം എന്ന ആശയവുമായി മുന്നോട്ട് വന്നത്. ഇതിനായി ആവിഷ്കരിക്കപ്പെട്ട സംവിധാനമാണ് NDMIS. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ദുരന്ത നിവാരണ വിഭാഗം, സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടം എന്നിവയാണ് ഈ സംവിധാനത്തിൻറെ പങ്കാളികൾ.

ദുരന്തങ്ങളുടെ വർഗീകരണം, ദുരന്തപ്രതികരണവും സമാശ്വാസവുമായി ബന്ധപ്പെട്ട വിവിധ മാനദണ്ഡങ്ങൾ, ഘടകങ്ങൾ എന്നിവയ്ക്ക് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് മനുഷ്യജീവനുണ്ടാകുന്ന നഷ്ടങ്ങൾ, പരിക്കുകൾ, കന്നുകാലികൾ, മറ്റു ജീവനോപാധികൾ, ആസ്തികൾ തുടങ്ങിയവക്കുണ്ടാകുന്ന നഷ്ടങ്ങൾ എന്നിവ കൃത്യമായി വകയിരുത്തി ദുരന്തജന്യമായ നാശനഷ്ടങ്ങൾ കണക്കാക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ജില്ലകളിൽ നിന്ന് സംസ്ഥാനത്തേക്ക്, അവിടെ നിന്ന് കേന്ദ്രത്തിലേക്ക് എന്നിങ്ങനെ പാരമ്പരാഗതമായി നടക്കുന്ന എഴുത്തുകുത്തിടപാടുകൾ നിരുത്സാഹപ്പെടുത്തുക എന്നതും ഈ സംവിധാനത്തിലൂടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ലക്ഷ്യമിടുന്നു. ഈ സംവിധാനത്തിലൂടെ വിവരങ്ങളുടെ സുതാര്യത, തത്സമയമുള്ള ലഭ്യത, ആധികാരികത, ഏകീകരണം എന്നിവയും ഉറപ്പാക്കപ്പെടുന്നു. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനും, ഈ ഇനത്തിൽ ചിലവാക്കപ്പെടുന്ന

തുകയുടെ മേൽനോട്ടം ഉറപ്പാക്കുന്നതിനും NDMIS സംവിധാനം സഹായിക്കുന്നു. ഇത് കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs), സെൻഡായ് ദുരന്തസാധ്യതാ ലഘൂകരണ മാർഗ്ഗരേഖ (SFDRR) എന്നീ അന്താരാഷ്ട്ര പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്തുവാനും റിപ്പോർട്ട് ചെയ്യുവാനും NDMIS-ലൂടെ സാധിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ സമാഹരിക്കപ്പെടുന്ന പ്രധാന ഘടകങ്ങൾ ഇവയാണ്: 1. NDRF/SDRF ചിലവുകൾ സംബന്ധിച്ച് ജില്ലകൾ സംസ്ഥാനത്തിന് സമർപ്പിക്കുന്ന കണക്കുകളും സംസ്ഥാനങ്ങൾ കേന്ദ്രത്തിലേക്ക് സമർപ്പിക്കുന്ന കണക്കുകളും; 2. ദുരന്തജന്യമായ നാശനഷ്ടങ്ങളുടെ കണക്കും സെൻഡായ് ദുരന്തസാധ്യതാ ലഘൂകരണ മാർഗ്ഗരേഖ നിർണയിച്ചിട്ടുള്ള ലക്ഷ്യങ്ങളുടെ നിർവ്വഹണ പുരോഗതിയും. പ്രാദേശികമായി സംഭവിക്കുന്ന ദുരന്തങ്ങളെ സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിനും സംസ്ഥാന സർക്കാരിനും തത്സമയ സ്ഥിതിവിവരം റിപ്പോർട്ട് ചെയ്യാനുള്ള വ്യവസ്ഥയും NDMIS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**NDMIS - പദ്ധതിനിർവ്വഹണം**

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ദുരന്തനിവാരണ വിഭാഗം ആണ് നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററിൻറെ സഹായത്തോടെ NDMIS വെബ് പോർട്ടൽ കൈകാര്യംചെയ്യുന്നത്. മേൽ മന്ത്രാലയത്തിൻറെ 2019, നവംബർ 13 -ആം തീയതിയിലെ F.No. 11-3/ 2019-NDRF (Pt) എന്ന കത്തുപ്രകാരം എല്ലാ സംസ്ഥാനങ്ങളും 2020-2021 സാമ്പത്തികവർഷം മുതൽ NDMIS സംവിധാനത്തിലൂടെ ഓൺലൈനായി മാത്രം വിവരങ്ങൾ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ 08/ 11/2019 തീയതിയിലെ കേരള സർക്കാർ ഉ.നം. DMA1/269/2019-DMD പ്രകാരം NDMIS പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസർ ആയി മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റിയെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

NDMIS വെബ് പോർട്ടലിൽ പ്രവേശിക്കുന്നതിനും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുമായി State Admin, State User, District Admin, District User എന്നിങ്ങനെ 4 തരത്തിലുള്ള User Account കൾ നൽകിയിട്ടുണ്ട്. സംസ്ഥാന

റിലീഫ് കമ്മീഷണർക്കു വേണ്ടി, മെമ്പർ സെക്രട്ടറിയാണ് State Admin ID കൈകാര്യം ചെയ്യുന്നത്. State User ID, District Admin ID എന്നിവ സൃഷ്ടിക്കുവാനും, സജീവമാക്കുവാനും, നിർജ്ജീവമാക്കുവാനുമുള്ള അവകാശം State Admin യൂസർക്ക് ഉണ്ട്. സംസ്ഥാനത്തിന് വേണ്ടി SDRF/NDRF ചിലവുകൾ സംബന്ധിച്ച റിപ്പോർട്ട് ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിക്കുന്നത് State Admin ആണ്. സംസ്ഥാന ദുരന്തനിവാരണ വകുപ്പിനെയാണ് State User ആയി നിയോഗിച്ചിട്ടുള്ളത്. സംസ്ഥാന തലത്തിലുള്ള ചിലവുകണക്കുകൾ സമർപ്പിക്കുവാനും ജില്ലകളിൽ നിന്നും സമർപ്പിച്ചിട്ടുള്ള കണക്കുകൾ പരിശോധിക്കാനും State User -ക്ക് കഴിയുന്നതാണ്.

ഇതേ രീതിയിൽ ജില്ലാതലത്തിലും District Admin, District User എന്നീ User ID-കൾ ഉപയോഗിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടറെയാണ് District Admin യൂസർ ആയി നിയോഗിച്ചിട്ടുള്ളത്. District User അക്കൗണ്ടുകൾ സൃഷ്ടിക്കുവാനും, സജീവമാക്കുവാനും, നിർജ്ജീവമാക്കുവാനുമുള്ള അവകാശം District Admin യൂസർക്ക് ഉണ്ട്. District User സമർപ്പിച്ച വിവരങ്ങൾ പരിശോധിച്ച്, മാറ്റങ്ങൾ വേണമെങ്കിൽ വരുത്തി, സംസ്ഥാനത്തിന് സമർപ്പിക്കേണ്ടത് District Admin ൻറെ ചുമതലയാണ്. ജില്ലാ ഭരണകൂടത്തിൻറെ ദുരന്ത നിവാരണ വിഭാഗത്തിനാണ് District User എന്ന ചുമതല നൽകിയിട്ടുള്ളത്. SDRF/NDRF നിധികളിൽ നിന്നും ജില്ലാതലത്തിൽ ചിലവഴിച്ച തുകയുടെ വിവരങ്ങൾ NDMIS-ൽ രേഖപ്പെടുത്തേണ്ടത് District User ആണ്.

2021-22 സാമ്പത്തികവർഷം മുതൽ SDRFൽ നിന്നും NDRF-ൽ നിന്നും ഫണ്ട് സ്വീകരിക്കുന്ന എല്ലാ സംസ്ഥാന സർക്കാർ വകുപ്പുകൾക്കും ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ NDMIS-ൽ നേരിട്ട് രേഖപ്പെടുത്താനായി Admin/UserID-കൾ നൽകുന്നുണ്ട്. ഇതിലൂടെ സംസ്ഥാനത്തിൻറെ SDRF/NDRF നിധികളിൽ നിന്നുള്ള ചിലവാക്കൽ സംബന്ധിച്ച പൂർണമായ വിവരങ്ങൾ NDMIS-ൽ ലഭ്യമാകും.

### 2.3 NDEM – National Database for Emergency Management

കാലാവസ്ഥ വിവരങ്ങൾ പ്രവചിക്കുന്ന സ്ഥാപനങ്ങളുടെ സേവനങ്ങളും ഉപഗ്രഹാധിഷ്ഠിത വിവരങ്ങളും പ്രകൃതി ദുരന്തങ്ങളെ കുറിച്ചുള്ള വിവരങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന ജിയോ പോർട്ടലാണ് NDEM. ഡിസിഷൻ സപ്പോർട്ട് സിസ്റ്റത്തോടൊപ്പം, ടൂളുകളും, മൾട്ടി-സ്കെയിൽ ജിയോസ്പേഷ്യൽ ഡാറ്റാബേസിന്റെ സംയോജനവും ഈ പോർട്ടലിൽ ഉൾപ്പെടുന്നു. ദുരന്ത സമയങ്ങളിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ദുരന്ത നിവാരണ ഉദ്യോഗസ്ഥർക്ക് തയ്യാറെടുപ്പുകൾ നടത്താനും, അപകട സാധ്യത/അപകട മേഖലകൾ എന്നിവ കണ്ടെത്താനും, ഓരോ മേഖലയിലെയും നാശനഷ്ടങ്ങൾ വിലയിരുത്താനും, അടിയന്തര പ്രതികരണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ പോർട്ടൽ ഉപയോഗപ്പെടുത്തുന്നു. എല്ലാ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്കും പ്രസ്തുത പോർട്ടലിൽ ലോഗിൻ നൽകിയിട്ടുണ്ട്.ജില്ലകളിലെ ദുരന്തവുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ ജില്ലകളും പ്രസ്തുത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണം എന്നതും കേന്ദ്രമന്ത്രാലയം നിഷ്കര്ഷിച്ചിട്ടുള്ളതാണ്. (ലിങ്ക് : https://ndem.nrsc.gov.in/login.php)

## 3 സംസ്ഥാന ഇ.ഓ.സി നടത്തേണ്ട പ്രവർത്തനം

1. സംസ്ഥാന തല Incident Command ആയി പ്രവർത്തിക്കുക
2. സംസ്ഥാന തല Incident Response Team ചുവടെ ചേർക്കുന്നു

| State Level | | |
|---|---|---|
| **Sl. No** | **IRS Designation** | **Officer** |
| 1 | Responsible Officer (RO) | Chief Executive Officer of SDMA (Chief Secretary) |
| 2 | Incident Commander (IC) | State Relief Commissioner (Secretary, Disaster Management) |
| 3 | Alternate Incident Commander (AIC) | One of the members of the State Executive Committee |
| 4 | Deputy Incident Commander (DIC) | Commissioner, Disaster Management or Commissioner, Land Revenue |
| 5 | Operations Section Chief (OSC) | Assistant Commissioner of Police nominated by State Police Chief |
| 6 | Logistics Section Chief (LSC) | Regional Transport Officers nominated by Transport Commissioner |
| 7 | Planning Section Chief (PSC) | Motor Transport Officer nominated by Director General, Fire & Rescue Services |
| 8 | Liaison Officer (LO) | Member Secretary, KSDMA or Hazard and Risk Analyst, SEOC |
| 9 | Safety Officer (SO) | Assistant Director/Associate Professor or equivalent nominated by Health Department |
| 10 | Media Officer (MO) | Information Officer nominated by Director, I & PRD |
| 11 | Information Officer (IO) | Duty Hazard Analyst or Link Hazard Analyst |
| ക്രമ നമ്പർ 4 മുതൽ 11 വരെ ഓരോ ഉദ്യോഗസ്ഥരും 8 മണിക്കൂർ പ്രവർത്തനത്തിന് ശേഷം അവർക്ക് പകരം ഉള്ള ഉദ്യോഗസ്ഥർ ചുമതല എൽക്കേണ്ടതാണ്. ഒരു ഉദ്യോഗസ്ഥനും നിരന്തരമായി 12 മണിക്കൂറിൽ അധികം IRT ജോലികൾ ചെയ്യരുത്. | | |

3. ദുരന്ത സാഹചര്യത്തിൽ Incident Response System അനുസരിച്ച് ദുരിതാശ്വാസ കമ്മീഷണറുടെ Liaision, Planning and Information കാര്യാലയമായും, General Staff ആയും പ്രവർത്തിക്കുക
4. സംസ്ഥാന ഇ.ഒ.സി പൂർണ്ണമായും പ്രവർത്തന സജ്ജം ആണ് എന്ന് ഉറപ്പ് വരുത്തുകയും, എ.സി, ജനറേറ്റർ, കമ്പ്യൂട്ടറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തന ക്ഷമത ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. ആയതിനുള്ള തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

5. ദിവസവും ഉച്ചയ്ക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഉച്ചയ്ക്ക് 1 മണിയുടെ ബുള്ളറ്റിൻ പരിഗണിച്ച് 3 മണിയോടെ അടുത്ത ദിവസത്തെ കാലാവസ്ഥാ അവലോകനം അനുസരിച്ചുള്ള പ്രവർത്തന നിർദ്ദേശങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, വിവിധ കണ്ട്രോൾ റൂമുകൾക്കും ഇമെയിൽ, WhatsApp എന്നിവയായി നൽകുക
6. മത്സ്യ തൊഴിലാളികൾക്കുള്ള പ്രത്യേക മുന്നറിയിപ്പ് പ്രത്യേകമായി, അത്തരം മുന്നറിയിപ്പ് ഉള്ള ദിവസങ്ങളിൽ പുറപ്പെടുവിക്കുക
7. ദുരന്ത സാധ്യതയുടെ പ്രവചിക്കപ്പെടുന്ന തീവ്രത അനുസരിച്ച് ഫോൺ മുഖാന്തരം  ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, വിവിധ കണ്ട്രോൾ റൂമുകൾക്കും പ്രത്യേകമായി വിവരം കൈമാറുക
8. പ്രത്യേകമായി മുന്നറിയിപ്പുകൾ ഉണ്ടെങ്കിൽ പ്രസ്തുത വിവരം ആദ്യം ഫോണിലൂടെ നേരിട്ട് ജില്ലാ കളക്ടറെ അറിയിക്കുകയും, തുടർന്ന് ജില്ലാ ഇ.ഓ.സിയെയും അറിയിക്കുക
9. ആഴ്ചയിൽ 1 ദിവസം ജില്ലാ ഇ.ഓ.സികളുടെയും, വിവിധ കണ്ട്രോൾ റൂമുകൾകളുടെയും സാറ്റലൈറ്റ് ഫോൺ, മൊബൈൽ ഫോൺ, ലാൻഡ് ഫോൺ, ഇന്റെർനെറ്റ് എന്നിവ പരിശോധിക്കുക
10. എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും, താലൂക്കുകളുടെയും, ജില്ലകളുടെയും ദുരന്ത സാധ്യതാ ഭൂപടം, അതാത് പ്രദേശത്തെ സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, സ്കൂളുകൾ, ഇവയെ ബന്ധിപ്പിക്കുന്ന റോഡുകൾ, പ്രദേശത്തെ പ്രധാന തോടുകൾ, നദികൾ, കായലുകൾ, ജല സംഭരണികൾ പ്രധാനസ്ഥല പേരുകൾ ഉൾപ്പടെ പ്രത്യേകം ഭൂപടങ്ങൾ ആയി തയ്യാറാക്കി പി.ഡി.എഫ് ആയി ജില്ലകൾക്ക് നൽകുക.
11. ജില്ലാ അതോറിറ്റികളിൽ നിന്നും ലഭിക്കുന്ന ദൈനംദിന ദുരന്ത വിവരങ്ങൾ കേന്ദ്ര ദുരന്ത വിവര ശേഖരണ സംവിധാനത്തിൽ ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന് ലഭ്യമാക്കുക
12. സാമൂഹിക മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും പൊതു ജനങ്ങൾക്കുള്ള മുന്നറിയിപ്പുകളും, പരസ്യങ്ങളും, അവബോധ ലഘുലേഖകളും പുറപ്പെടുവിക്കുക

13. സംസ്ഥാന ഇ.ഓ.സിയും, ജില്ലാ ഇ.ഓ.സികളും, പോലീസ് സംസ്ഥാന കാര്യാലയം, അഗ്നി-രക്ഷാ സേന കാര്യാലയം, സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ കാര്യാലയം എന്നിവയുമായി ഹോട്ട് ലൈൻ നിലനിർത്തുക.
14. ദുരന്ത സാഹചര്യത്തിൽ/ദുരന്ത മുന്നറിയിപ്പ് സാഹചര്യത്തിൽ, കേന്ദ്ര ദുരന്ത പ്രതികരണ സേന, പ്രതിരോധ സേനകൾ എന്നിവയുടെ ആവശ്യകത നിർണയിച്ച് ആവശ്യമായ സംവിധാനം ദുരിതാശ്വാസ കമ്മീഷണറുടെ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്ത് വിന്യസിക്കുവാൻ നിർദ്ദേശം നൽകുക.
15. ആവശ്യമായ ഘട്ടത്തിൽ കേന്ദ്ര സർക്കാരിന് നൽകുവാൻ മെമോറാൻഡം തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക.
16. സംസ്ഥാന ഇ.ഒ.സി ആക്ടിവേറ്റ് ചെയ്യുവാൻ തീരുമാനിക്കുകയും, സംസ്ഥാന ഇ.ഒ.സിയിൽ മറ്റ് വകുപ്പുകളുടെ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്താൽ സംസ്ഥാന ഇ.ഒ.സിയിൽ 3 നേരം ഭക്ഷണവും, രണ്ട് നേരം റിഫ്രെഷ്മെന്റും നല്കുവാൻ ഉള്ള നടപടി സംസ്ഥാന ഇ.ഒ.സി സ്വീകരിക്കുക. ആവശ്യമായ ചെലവ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
17. ദുരന്ത സാഹചര്യങ്ങളിലും, ദുരന്താനന്തര ദുരിതാശ്വാസ, പുനരിധിവാസ, പുനർനിർമ്മാണ സാഹചര്യങ്ങളിലും, സംസ്ഥാന ഇ.ഒ.സി ആക്ടിവേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന അവസരങ്ങളിലും, സംസ്ഥാന ഇ.ഒ.സിയിലെ ഉപകരണങ്ങൾ, കവചം സയറൺ, യു.പി.എസ് ബാറ്ററി മാറ്റിവയ്ക്കൽ, വിവര വിക്ഷേപണ/ശേഖരണ സംവിധാനങ്ങൾ, വെബ് സർവീസസ്, കാലാവസ്ഥാ ഡാറ്റാ സർവീസസ്, വീഡിയോ കോൺഫറൺസ് സംവിധാനം, Emergency Response Vehicle, Drone, Generator, വാഹനങ്ങൾ എന്നിവ പൂർണ്ണമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ, അറ്റകൂറ്റ പണികൾ, ഉപകരണങ്ങൾ മാറ്റി വാങ്ങൽ, അടിയന്തിരമായി പുതിയ ഉപകരണങ്ങൾ വാങ്ങൽ, വാഹനങ്ങൾ വാടകയ്ക്ക്

എടുക്കൽ, മറ്റ് ജില്ലകളിൽ അടിയന്തിരമായി വിദഗ്ദ്ധസംഘങ്ങളെ നിയോഗിക്കുന്നതിന്റെയോ, അതോറിറ്റിയിലെ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന്റെയോ യാഥാർദ്ധ ചെലവുകൾ, വോളൻറിർമാരുടെ വിനിയോഗത്തിന് ഒരാൾക്ക് പരമാവധി 750 രൂപ/ദിവസം എന്ന നിലയിൽ 178 ദിവസത്തിൽ അധികരിക്കാതെ ഉപയോഗപ്പെടുത്തുക എന്നിവ ദുരന്ത നിവാരണ നിയമം സെക്ഷൻ 50 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറിക്ക് നടത്താവുന്നതാണ്. ആയതിനായി ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫൺഡ്, എസ്.ഇ.ഒ.സിയുടെ ബാങ്ക് അക്കൌണ്ടിൽ ഉള്ള ഫൺഡ് എന്നിവ ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്.

18. ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗത്തിന് ദുരന്ത നിവാരണ വകുപ്പിന് ആവശ്യമായ ഉപദേശം നൽകുക
19. ദിവസവും ഉച്ചയ്ക്ക് 12 മണിക്ക് കഴിഞ്ഞ ദിവസത്തെ നാശനഷ്ടങ്ങളുടെ കണക്കുകൾ മാധ്യമങ്ങൾക്ക് നൽകുക
20. മുന്നറിയിപ്പുകളും ദുരന്ത പ്രതികരണ, പ്രതിരോധ സംവിധാനങ്ങളും സംബന്ധിച്ച് മാധ്യമങ്ങളോട് ആവശ്യാനുസരണം വിശദീകരിക്കുക


# 4 Central Agencies

## 4.1 National Disaster Response Force

1. State EOC has deployed a hotline phone at the temporary Regional Response Centre at Thrissur for direct communication with NDRF
2. NDRF shall appoint an officer (not below the rank of Head Constable) to State EOC for liaison on 24 x 7 duty on a shift basis.
3. NDRF shall pre-position at least 7 teams as directed by SDMA, in addition to 1 team in Thrissur RRC
4. In case of deployment of teams in Kerala, the Thrissur District Disaster Management Authority must provide vehicles for movement of the teams from Thrissur. The vehicle arranged by DDMA, Thrissur may be retained by NDRF till the deployment task is completed, to return to Thrissur. If this vehicle is relieved, the concerned district may provide an equivalent suitable vehicle. While deployed in a district, the concerned District Disaster Management Authority will provide logistic support, including fuel if necessary, boarding and lodging facilities to the NDRF teams. If the deployed NDRF team is on private vehicle provided by DDMA, Thrissur, any fuel arrangments for the said vehicle shall be made by the concerned DDMA in consultation with DDMA Thrissur.
5. **NDRF teams also include Women Rescuers. Therefore, the lodging facility identified should have separate toilet blocks and rooms to accommodate Women Rescuers.** (Ltr. No. I-17018/Ops/Monsoon/HQ/NDRF-2783 dated 16-4-2026 from Director General, NDRF)
6. In case of deployment of teams in Kerala through any of the boarder check posts, the concerned DDMA shall arrange necessary vehicles, if need be, for the movement of the teams of other districts. Once the teams reach the designate districts, the concerned districts may avail necessary vehicles and relieve the vehicles hired from other districts.
7. A team of NDRF is a monolithic formation. No authority shall direct the Team Leader to split the team. The decision if any to split a team, will be that of the Team Leader.
8. NDRF will not respond to in-sea accidents, Fire or Crowd Management (Ltr. No. I-17018/Ops/Monsoon/HQ/NDRF-2783 dated 16-4-2026 from Director General, NDRF)
9. All NDRF teams should be deployed along with locality aware Aapda Mitra volunteers and Local Police (Ltr. No. I-17018/Ops/Monsoon/HQ/NDRF-2783 dated 16-4-2026 from Director General, NDRF)
10. **Directives to the NDRF teams shall only be from State Incident Commander (for inter-district movement), District Incident Commander (for intra-district movement), Taluk Incident Commander (for intra-taluk movement) or from the Onsite Incident Commander appointed by the State or District (for operational area designation). Directives from other**

**entities/forces will not be and shall not be honoured by NDRF.** (Ltr. No. I-17018/Ops/Monsoon/HQ/NDRF-2783 dated 16-4-2026 from Director General, NDRF)

11. The Liaison Officer (Member Secretary, KSDMA & Head, SEOC) of State Incident Response Team for and onbehalf of State Incident Commander will be the requisition authority for services of Indian Air Force, additional teams of NDRF, Navy, Army, Coast Guard, ITBP, CRPF, CISF and BSF.
12. Mobile numbers of NDRF Team Commanders shall not be shared in public domain and shall be kept with SEOC/DEOC/TEOC and Onsite Incident Command Post.
13. The NDRF shall be in ready state to deploy not less than 28 teams for immediate response to Kerala within 24 hours of notice. The major disasters that NDRF may have to respond are given below, district wise.
14. NDRF teams deployed in the districts may be used for training programmes and mock drills in Schools, Government Offices and Hospitals on days that they are not deployed for response activities. Funds for this may be drawn from the HoA Flood Other Items – Rs. 1 crore allocated for monsoon preparedness. Expenditure for refereshment and facilitation for one training programme/mock drill by NDRF shall be limited to Rs. 25,000/-.
15. All teams shall have enough number of boats for immediate deployment

| District | Type of Disasters requiring response of NDRF | | | |
|---|---|---|---|---|
| Thiruvananthapuram |  |  |  |  |
| Kollam |  |  |  |  |
| Pathanamthitta |  |  | |  |
| Alappuzha |  | |  |  |
| Kottayam |  |  |  |  |
| Idukki |  |  | |  |
| Ernakulam |  |  |  |  |
| Thrissur |  |  |  |  |

| | | | | |
|---|---|---|---|---|
| Palakkad |  |  | |  |
| Malappuram |  |  |  |  |
| Kozhikode |  |  |  |  |
| Wayanad |  |  | |  |
| Kannur |  |  |  |  |
| Kasargode |  |  |  |  |
| |  Flood |  Landslide |  Coastal Erosion |  Building Collapse |

## 4.2 Central Armed Forces (Indian Army, Indian Navy, Indian Air Force, Coast Guard, BSF, CRPF, ITBP, CISF)

1. All Central Armed Forces may conduct a reconnaissance to the most vulnerable areas of all districts of Kerala
2. All Central Armed Forces may source all hazard prone area maps, road network maps and helicopter landing sites from KSDMA
3. All Central Armed Forces may conduct necessary orientation of hazard proneness of Kerala to field commanders in collaboration with KSDMA, if needed
4. All Central Armed Forces may ensure that adequate number of boats, BAUTs and out board motors are pre-positioned in Kerala. At least 10 BAUTs at Indian Army Station, Thiruvananthapuram and 5 BAUTs at Defence Service Corps cantonment in Kannur may be positioned.
5. In case of deployment of Central Armed Forces and Paramilitary Forces, the District in which the unit resides will provide necessary logistic support and facilitate heavy duty trucks and buses if needed. While deployed in a district, the concerned District Disaster Management Authority will provide logistic support, including fuel, boarding and lodging facilities to the NDRF teams.
6. Indian Air Force may pre-position 2 heavy lift helicopters for immediate deployment in Kerala
7. All deployment requests and communications will be initially via Mobile Phone Call from State EOC (9446568222 or 9400323122), WhatsApp Group of KSDMA for Forces and email of State

Emergency Operations Centre (seoc.gok@gmail.com or seoc.ksdma@kerala.gov.in) after which an ink signed copy of the directive from State Relief Commissioner (Principal Secretary, Disaster Management) or Chief Secretary will be provided.

8. The Liaison Officer (Member Secretary, KSDMA & Head, SEOC) of State Incident Response Team for and onbehalf of State Incident Commander will be the requisition authority for services of Indian Air Force, additional teams of NDRF, Navy, Army, Coast Guard, ITBP, CRPF, CISF and BSF.
9. If need be, during L2 or L3 disasters, on request from State EOC, one officer with necessary communication gear from each armed force may be posted to State EOC for close liaison
10. In case of deployment for handling drowning accidents, Ernakulam Collectorate will liaison with Indian Navy and Coast Guard based on the request from concerned District Disaster Management Authorities. SEOC will intervene only in case of notified disaster events.
11. In case of in-sea accidents involving Fishermen, the Fisheries Control Room at the Fisheries Department Headquarters shall directly liaison with the Joint Operations Command at INS Venduruthy and do the needful for ensuring adequate response.
12. The primary agency to respond to in-sea accidents other than the Marine Enforcement is the Coast Guard. Navy should be called in only if Coast Guard specifically suggests for the support of Navy

## 4.3 Office of DDG Technology (in-charge of Disaster Management), Dept. of Telecom, Kerala LSA, Ernakulam

1. Direct all mobile phone operators in the State to keep their Communication on Wheels ready for immediate deployment focusing on Alappuzha, Idukki, Wayanad and Palakkad
2. Direct BSNL to ensure that the mobile phone, land phone, toll free (1070, 1077, 1079), hot line and internet of State EOC (Observatory Hills, Vikas Bhavan P.O, Thiruvananthapuram) and District EOCs (located in District Collectorates) are not disconnected or obstructed. BSNL shall at districts ensure immediate restoration of the connectivity to these numbers in case of disruption.
3. All Mobile Towers in Kerala should be operational 24 x 7
4. Sufficient diesel needs to be stocked to ensure that they can operate even during power failures for at least 3 days during the monsoon season
5. Alternate diesel supply routes should be worked out to ensure that diesel supply do not get trapped in flood waters or landslides
6. Details of the contact persons and the locations of the CoWs shall be provided to SDMA. Contact details of the deployed CoWs and their locations shall be provided to DDMA of the respective districts

7. Uninterrupted cocommunication and internet support should be ensured to the State Emergency Operations Centre (Observatory Hills, Vikas Bhavan P.O, Thiruvananthapuram), District Emergency Operations Centres (in all District Collectorates) and Taluk Control Rooms (Taluk Offices) as these are the nerve centres of emergency operations during the monsoon season.
8. In case fiber optical lines are disrupted, the telecommunication providers may undertake necessary repair of such disruptions after written approval of the Deputy Director General, Technology, Dept. of Telecom, Kerala LSA, Ernakulam under intimation to the State and concerned District Emergency Operations Centre. All DDMAs shall do the needful to provide support as desired by the DDG Technology, Dept. of Telecommunications for speedy recovery of telecommunications network.

### 4.4 District NICs

1. Shall create an SMS system for DDMA including all Government Officials in the district. The system shall have various SMS groups for varying levels of administration. Alappuzha DEOC has established such a system which may be studied and replicated.
2. To issue specific alerts to public, an SMS messaging system integrating the mobile numbers in the voter card database may be created. Such an alert system will enable to send varying messages to varying geographies depending on the threats.

### 4.5 Airports in Kerala

1. In case the State Disaster Management Authority decides to requisition the services of Indian Air Force, Indian Navy, Indian Army, Coast Guard, BSF or CRPF aircrafts for deployment of armed forces or rescue forces, the airport to which the SDMA determines to operate such aircrafts in Kerala will have to facilitate the landing of such aircrafts at the time determined and intimated by SDMA. This is a standing instruction issued under Section 24 (h) and 72 of Disaster Management Act, 2005.
2. All Airports shall provide nodal officers not below the rank of Airport Managers for liaisoning with KSDMA. DDMAs with Airports in their jurisdication shall do the needful to collect this information and provide to KSDMA.

### 4.6 Indian Railways

1. In case the State/District Disaster Management Authority decides to requisition the services of Indian Air Force, Indian Navy, Indian Army, Coast Guard, BSF or CRPF aircrafts for deployment of armed forces or rescue forces or for transportation of relief, the Indian Railways must facilitate the services requesitioned by the the SDMA/DDMA.

2. In case of major accidents involving passengers with native or residence in Kerala, the passenger manifest and the list of affected/hospitalized passengers shall be immediately communicated to seoc.ksdma@kerala.gov.in and seoc.gok@gmail.com by the concerned Senior Divisional Safety Manager. Thiruvananthapuram and Palakkad DDMAs shall direct the concerned Divisional Railway Managers about this decision of SDMA in writing.
3. The disaster management plans of Indian Railways – Thiruvananthapuram Division and Palakkad Division can be found here https://sdma.kerala.gov.in/departmental-dm-plan/

### 4.7 National Highways Authority

1. In sites where side walls and infilled embankments of National Highways fail, the NHAI should ensure rapid response teams (JCBs, Pumps, Pre-filled Geobags, Lights, Cutters etc) for immediate repair of the highways
2. When a highway segment is non-motorable, the NHAI shall do the needful in collaboration with the District Administration to identify alternate routes and put up well made temporary marking to indicate the diversions
3. When storm water drainage systems along national highways are seen blocked, the NHAI shall do the needful in collaboration with Local Self Governments to ensure free flow of water

## 5 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നടത്തേണ്ട പ്രവർത്തനങ്ങൾ

1. കാലവർഷ-തുലാവർഷ പ്രവർത്തനങ്ങളുടെ അവലോകനത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങൾ ചേരുക
2. മഴയുടെ ലഭ്യതയിൽ പ്രവചനാതീതസ്വഭാവം പ്രതീക്ഷിക്കുന്നതിനാൽ ജില്ലകളിലെ മഴക്കാല തയ്യാറെടുപ്പ് പ്രവർത്തനങ്ങളുടെ അവലോകനം ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആദ്യ ആഴ്ചയിൽ പ്രത്യേകമായി നടത്തണം. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെയോ ജില്ലാകളക്ടർമാരുടെയോ നേതൃത്വത്തിൽ ഇത്തരത്തിൽ യോഗം ചേരണം. അതിൽ ഓരോ പ്രവർത്തികളുടെയും പുരോഗതി അവലോകനം ചെയ്യണം.
3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ മഴക്കാല തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി (Monsoon Preparedness) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള 1 കോടി രൂപ ഓറഞ്ച് ബുക്കിൽ നിർദേശിക്കുന്ന വിവിധ ആവശ്യങ്ങൾക്കും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അടിയന്തിര തയ്യാറെടുപ്പ് ആവശ്യകത എന്ന് വിലയിരുത്തുന്ന പ്രവർത്തികൾക്കും വിനിയോഗിക്കാം.
4. GO (Rt) No. 216/2026/DMD dated 13-5-2026 പ്രകാരം അതാത് ശീർഷകത്തിൽ അനുവദിച്ച തുക വിനിയോഗിച്ച്, പഴയ പ്രവർത്തികൾക്ക് പണം കൊടുത്തു തീർക്കുവാനുണ്ടെങ്കിൽ, അതാത് കാലഘട്ടത്തിൽ നിലനിന്നിരുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് പരിശോധിച്ച് കൊടുത്ത് തീർക്കുക. അധികമായി ഏതെങ്കിലും ശീർഷകത്തിൽ തുക ആവശ്യമുണ്ടോ എന്ന് എല്ലാ ആഴ്ച്ചയും ഫിനാൻസ് ഓഫീസർ പരിശോധിച്ച്, അധിക തുക ആവശ്യമുണ്ട് എങ്കിൽ രണ്ട് ആഴ്ചയിൽ ഒരിക്കൽ ദുരന്ത നിവാരണ വകുപ്പിലേക്ക് തുക ആവശ്യപ്പെടുക.
5. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെയും, ജില്ലാ ഇ.ഒ.സികളുടെയും പ്രവർത്തനത്തിനായി 5 ലക്ഷം രൂപ വീതം 2245-02-101-94-01 Flood Other items എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. അടുത്ത ഓറഞ്ച് ബുക്ക് ഇറങ്ങുന്നത് വരെ,

ചുവടെ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഈ തുക 2245-02-101-94-01 Flood Other items എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ഉണ്ടായിരിക്കും.

**അനുവദിക്കാവുന്ന പ്രവർത്തികൾ**

I. ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻററിന്റെ (DEOCയുടെ മാത്രം)

a. ടെലിഫോൺ ബില്ലുകൾ

b. മൊബൈൽ ഫോൺ ബില്ലുകൾ

c. ടെലിവിഷൻ കണക്ഷൻ ബില്ലുകൾ

d. പ്രിന്ററർ കാട്രിഡ്ജ്

e. ഇൻററർനെറ്റ് ചാർജ്ജുകൾ

f. സ്റ്റേഷനറി വാങ്ങൽ

g. കമ്പ്യൂട്ടറുകൾ, ടിവികൾ, പ്രിൻറ്റർ, ഫോൺ, മൊബൈൽ ഫോൺ അറ്റകുറ്റപ്പണികൾ (NCRMP II പദ്ധതിയിൽ വാങ്ങി പരിപാലിച്ച് വരുന്നുവ ഒഴികെ)

h. ഫാനുകൾ, ലൈറ്റുകൾ, എയർ കണ്ടീഷണറുകൾ, യുപിഎസ്, Batterys, Generator (NCRMP II പദ്ധതിയിൽ വാങ്ങി പരിപാലിച്ച് വരുന്നുവ ഒഴികെ) എന്നിവയുടെ അറ്റകുറ്റപ്പണി/പരിപാലനം

II. ഐ.ആർ.എസ് പരിശീലന ചെലവുകൾ

III. മോക്ക് ഡ്രില്ലുകൾ/പരിശീലന പരിപാടികൾ - ഒരു സ്ഥലത്തെ മോക്ക് ഡ്രില്ലിന്/പരിശീലന പരിപാടികൾക്ക് പരമാവധി Rs. 25,000 രൂപ വരെ ചെലവഴിക്കാം. ഈ തുക ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർക്ക്/LSG DM Plan Coordinatorമാർക്ക് അഡ്വാൻസ് ആയി നല്കാം. ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർ/LSG DM Plan Coordinatorമാർ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, സർട്ടിഫൈ ചെയ്ത ബില്ലുകൾ എന്നിവ അഡ്വാൻസ് ലഭിച്ച തീയതിയിൽ നിന്നും 3 മാസത്തിനുള്ളിൽ സെറ്റിൽ ചെയ്യണം.

IV. ദുരന്ത സാഹചര്യങ്ങളിൽ DEOC യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഭക്ഷണം, ചായ, ലഘു ഭക്ഷണം എന്നിവയുടെ ചെലവുകൾ

V. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടോ, ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിളിച്ച് ചേർക്കുന്ന യോഗങ്ങൽ, പരിശീലന പരിപാടികൾ എന്നിവയിൽ ഭക്ഷണം, ചായ, ലഘു ഭക്ഷണം എന്നീ ചെലവുകൾ

VI. DEOCയുടെ മഴക്കാലത്തെ പ്രവർത്തനം തടസമില്ലാതെ നടത്തുന്നതിന് ആവശ്യമെങ്കിൽ ഒരു Aapda Mitra വോളന്റിയറെ തുടർച്ചയായി 178 ദിവസത്തിൽ അധികരിക്കാതെ നിയോഗിക്കാം. നിയോഗിക്കുന്ന ദിവസങ്ങളിൽ പരമാവധി '750 രൂപ/8 മണിക്കൂർ ഡ്യൂട്ടി' എന്ന നിലയിൽ ദിനബത്ത നൽകാവുന്നതാണ്. പരമാവധി 6 പേരുടെ പട്ടിക ജില്ലാ ഹസർഡ് അനലിസ്റ്റ് തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഒ, ചെയർമാൻ എന്നിവർക്ക് നൽകുക. ഈ പട്ടികയിൽ നിന്നും ഒരു Aapda Mitra വോളന്റിയറെ വീതം തുടർച്ചയായി ഷിഫ്റ്റ് ഡ്യൂട്ടി ആയി 8 മണികൂർ വീതം നിയോഗിക്കാം.

VII. TEOCയുടെ മഴക്കാലത്തെ പ്രവർത്തനം തടസമില്ലാതെ നടത്തുന്നതിന് ആവശ്യമെങ്കിൽ ഒരു Aapda Mitra വോളന്റിയറെ തുടർച്ചയായി 178 ദിവസത്തിൽ അധികരിക്കാതെ നിയോഗിക്കാം. നിയോഗിക്കുന്ന ദിവസങ്ങളിൽ പരമാവധി '750 രൂപ/8 മണിക്കൂർ ഡ്യൂട്ടി' എന്ന നിലയിൽ ദിനബത്ത നൽകാവുന്നതാണ്. പരമാവധി 6 പേരുടെ പട്ടിക ജില്ലാ ഹസർഡ് അനലിസ്റ്റ് തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഒ, ചെയർമാൻ എന്നിവർക്ക് നൽകുക. Yuva Aapda Mitra Master trainers ആയി കർണാടകയിൽ പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് വാങ്ങിയവർക്ക് മുൻഗണന നൽകുക. ഈ പട്ടികയിൽ നിന്നും

ഒരു Aapda Mitra വോളന്റിയറെ വീതം തുടർച്ചയായി ഷിഫ്റ്റ് ഡ്യൂട്ടി ആയി 8 മണികൂർ വീതം നിയോഗിക്കാം.

VIII. ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപന ഡി.എം പ്ലാൻ കോർഡിനേറ്റർമാർ (TA/DA Category Grade 2b) എന്നിവർ ഉൾപ്പെടുന്ന ജില്ലാ ഹെഡ് ക്വാർട്ടറിന് പുറത്ത്, ജില്ലയ്ക്ക് അകത്തുള്ള Field Work, meetings, investigation എന്നിവയുടെ യാത്രയ്ക്കായി വാഹന വാടക, വാഹന ചെലവ്, ദിനബത്ത എന്നിവ

IX. മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഭക്ഷണം, ചായ, ലഘു ഭക്ഷണം, യാത്ര എന്നിവയുടെ ചെലവ്

X. ദുരന്ത ലഘൂകരണം സംബന്ധിച്ച ലഘുലേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, ചെറു വീഡിയോകൾ തയ്യാറാക്കി സാമൂഹിക മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവ്

6. ജില്ലാ ഇ.ഒ.സികളുടെ പുതുക്കലിനായി/ഉപകരണങ്ങൾ മാറ്റി വാങ്ങുന്നതിന് ഒറ്റതവണയായി പരമാവധി 25 ലക്ഷം രൂപ രണ്ട് വർഷത്തിൽ ഒരിക്കൽ 2245-02-101-94-01 Flood Other items എന്ന ശീർഷകത്തിൽ നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ അനുമതിയോടെ ചെലവഴിക്കാവുന്നതാണ്.

i. NCRMP II പദ്ധതിയിൽ വാങ്ങി പരിപാലിച്ച് വരുന്നുവ ഒഴികെ, ജില്ലാ ഇ.ഒ.സിയിലെ കമ്പ്യൂട്ടർ, പ്രിൻ്ററർ, ഫോൺ, മൊബൈൽ ഫോൺ, Wireless Router, Lan Router, Internet Switch, Firewall, ടി.വി, റേഡിയോ, AC, UPS, Fan, Light, Furniture, Generator, Battery എന്നിവ PWD Electronics/Electrical/Civil പരിശോധിച്ച്, മാറ്റി വാങ്ങുവാൻ ശുപാർശ ലഭിക്കുന്നവ മാത്രം മാറ്റി പുതിയത് വാങ്ങുവാൻ

ii. ജില്ലാ ഇ.ഒ.സിയിൽ ഉണ്ടാകേണ്ട സംവിധാനങ്ങൾ Orange Book of Disaster Management 1, Page 36ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf). നിലവിൽ ഈ സംവിധാനങ്ങൾ ഇല്ല എങ്കിൽ

അവ ഉറപ്പാക്കുന്നതിന്. രണ്ട് മൊബൈൽ ഫോൺ, ലാൻഡ് ഫോൺ, സംസ്ഥാന ഇ.ഓ.സിയിൽ നിന്നും ലഭിച്ചിട്ടുള്ള ഹോട്ട് ലൈൻ, ടോൾ ഫ്രീ നമ്പർ (1077), പോലീസ് വയർലെസ്സ്, വനം വകുപ്പ് വയർലെസ്സ് (Palakkad, Idukki, Wayanad, Malappuram, Pathanamthitta ജില്ലകളിൽ), ഇന്ററർനെറ്റ് (രണ്ട് മൊബൈൽ ഫോണുകളിലും SIM based ഇന്റെർനെറ്റും, രണ്ട് ഒപ്ടിക്കൽ ഫൈബർ ഇന്ററർനെറ്റും), രണ്ട് ഡസ്ക്ടോപ്പ്, രണ്ട് ടി.വിയും, ഒരു ഡി.ടി.എച്ച് കണക്ഷനും, സാധാരണ റേഡിയോ, ഒരു ഹാം റേഡിയോ, Generator, UPS, ആവശ്യമായ ബാറ്ററി എന്നിവയാണ് അത്യാവശ്യം ഉള്ള സംവിധാനങ്ങൾ.

7. DDMAയിലെ ഉദ്യോഗസ്ഥർക്ക് ദുരന്ത സാധ്യതാ സ്ഥല പരിശോധന/ദുരന്ത പ്രതികരണം എന്നിവയ്ക്കായി rugged vehicles (Bolero/Gurkha) contract arrangement വഴി ജൂൺ മുതൽ ഡിസംബർ വരെ എടുക്കാവുന്നതാണ്. ഇതിനായി 2245-02-101-94-01 Flood Other items എന്ന ശീർഷകത്തിൽ നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ അനുമതിയോടെ ചെലവഴിക്കാവുന്നതാണ്.
8. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹ-അധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ദുരന്ത നിവാരണ അതോറിറ്റിയുടെ എല്ലാ യോഗങ്ങളിലും പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തുക
9. ചുവടെ ചേർക്കുന്ന വെബ്സൈറ്റുകൾ എല്ലാ ജില്ലാ ഇ.ഓ.സികളിലും നിരന്തര നിരീക്ഷണ വിധേയം ആക്കുക.

| ഏജൻസി | വിവരം | ലിങ്ക് |
|---|---|---|
| കേന്ദ്ര കാലാവസ്ഥാ വകുപ്പ് | പെയ്ത മഴ, വീശിയ കാറ്റ്, അന്തരീക്ഷ താപനില എന്നിവ എല്ലാ 15 മിനിറ്റിലും - Password ജില്ലാ എച്ച്.എ മാർക്ക് ലഭ്യമാക്കിയിട്ടുണ്ട് | http://aws.imd.gov.in:8091/internal/login.php |
| | ജില്ലാ തലത്തിലെ അടുത്ത 5 ദിവസത്തെ മഴ മുന്നറിയിപ്പ് | https://mausam.imd.gov.in/thiruvananthapuram/mcdata/district_rainfall_forecast.pdf |
| | ജില്ലാ തലത്തിലെ അടുത്ത 3 | https://mausam.imd.gov.in/im |

| | | |
|---|---|---|
| | മണിക്കൂറിലെ മഴ, ഇടിമിന്നൽ, കാറ്റ് എന്നിവ സംബന്ധിച്ച മുന്നറിയിപ്പ് | d_latest/contents/districtwise warnings_mc.php?id=4 |
| | കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളുള്ള സ്ഥലങ്ങളിലെ അടുത്ത 3 മണിക്കൂറിലെ മഴ, ഇടിമിന്നൽ, കാറ്റ് എന്നിവ സംബന്ധിച്ച മുന്നറിയിപ്പ് | https://mausam.imd.gov.in/imd_latest/contents/stationwise-nowcast-warning_mc.php?id=4 |
| | മത്സ്യ ബന്ധന തൊഴിലാളികൾക്കുള്ള മുന്നറിയിപ്പുകൾ | https://mausam.imd.gov.in/thiruvananthapuram/mcdata/fishermen%20warning.pdf |
| കേന്ദ്ര ജല കമ്മീഷൻ (CWC) | ജലനിരപ്പ്, അടുത്ത 24 മണിക്കൂർ സമയത്തേക്കുള്ള ജലനിരപ്പിന്റെ പ്രവചനം, മഞ്ഞ, ഓറഞ്ച്, ചുവപ്പ് അലർട്ടുകൾ പുറപ്പെടുവിക്കുന്ന ജല നിരപ്പ് | https://ffs.india-water.gov.in/ |
| ദേശീയ സമുദ്രവിവര വിശകലന കേന്ദ്രം (INCOIS) | വേലിയേറ്റ വേലിയിറക്ക വിവരം | https://tsunami.incois.gov.in/TEWS/TGMap.jsp |
| | കേരള തീരത്തെ കടലിലെ തിരമാലകളുടെ ഉയരവും, ദിശയും | https://incois.gov.in/site/services/hwa.jsp |
| | അറബി കടലിലെ വിവിധ സൂചകങ്ങളുടെ സ്ഥിതി | https://incois.gov.in/site/index.jsp |
| | സുനാമി മുന്നറിയിപ്പ് | http://tsunami.incois.gov.in/TEWS/ |
| | തിരയേറ്റം (Storm Surge) | https://incois.gov.in/site/services/StormSurge.jsp |
| കെ.എസ്.ഇ.ബി | പ്രധാന അണക്കെട്ടുകളിലെ ജല നിരപ്പ് | https://sldckerala.com/index.php?id=7 |
| Ventusky | വിവിധ ദിനാന്തരീക്ഷ പ്രവചന മോഡലുകളിൽ നിന്നുള്ള കാറ്റ്, മഴ, ഇടിമിന്നൽ, എന്നിവ സംബന്ധിച്ച നിരന്തര പ്രവചന വിവരങ്ങൾ | https://www.ventusky.com/?p=10.71;76.01;7&l=rain-3h |

10. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹ-അധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്നോട്, തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെക്കൂടി ഉൾപ്പെടുത്തി ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത്തല കാലവർഷ-തുലാവർഷ തയാറെടുപ്പ് അവലോകനയോഗങ്ങൾ നടത്തുവാൻ അഭ്യർഥിക്കുക.

11. ജില്ലാ ഇ.ഓ.സികൾ എമർജൻസി മോഡിൽ ആക്ടിവേറ്റ് ചെയ്യുകയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ 24 x 7ഉം ബന്ധപ്പെടേണ്ട നമ്പർ എല്ലാ വകുപ്പുകൾക്കും, പ്രത്യേകിച്ച് ജില്ലാതല നോഡൽ ഓഫീസർമാർക്കും നല്കണം.

12. ജില്ലാ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ റവന്യു, പോലീസ്, ഫയർ & റെസ്ക്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, 6 പേര് വീതം, അതാത് വകുപ്പിൽ നിന്നും ജൂൺ മുതൽ സെപ്റ്റംബർ വരെ മാറ്റം ഇല്ലാതെ നിയോഗിക്കുക. എല്ലാ വർഷവും മെയ് മാസത്തിൽ ഫയർ, പോലീസ്, റവന്യൂ വകുപ്പുകളിൽ നിന്ന് ലിസ്റ്റ് ലഭ്യമാക്കുകയും, DEOC പരിശീലനം മെയ് അവസാനത്തോടെ പൂത്തിയാക്കി ജൂൺ മുതൽ EOC പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നത് ഉറപ്പാക്കുക.

13. കവചം സംവിധാനം ഉപയോഗിക്കുന്നതിനായി ജില്ലാ എമെർജൻസി ഓപ്പറേഷൻസ് സെന്റർ (DEOC) താലൂക്ക് എമെർജൻസി ഓപ്പറേഷൻസ് സെന്റർ (TEOC) എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതാണ്. ഇത്തരത്തിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ മഴക്കാല സീസണിൽ (ജൂൺ മുതൽ സെപ്റ്റംബർ വരെ) മറ്റ് ചുമതലകളിലേക്ക് മാറ്റുന്നില്ല എന്നും ഉറപ്പാക്കണം.

14. ജില്ലാ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ റവന്യു വകുപ്പിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലകൾ

    a) DM Directory തയ്യാറാക്കുകയും പുതുക്കുകയും ചെയ്യുക

    b) നൽകിയതും, ലഭിച്ചതുമായ സന്ദേശങ്ങൾ ലോഗ് ബുക്കിൽ കൃത്യയമായി എഴുതി സൂക്ഷിക്കുകയും, ദിവസവും വൈകിട്ട് 4 മണിക്ക് ഡെപ്യൂട്ടി കളക്ടറെ കാണിച്ച് ഒപ്പിട്ട് വാങ്ങുകയും ചെയ്യുക

c) ദുരന്തം സംബന്ധിച്ച സന്ദേശങ്ങൾ ലഭിച്ചാൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും WhatsApp Groupൽ അറിയിക്കുക.

d) ദുരന്തം സംബന്ധിച്ച സന്ദേശങ്ങൾ ലഭിച്ചാൽ സ്ഥലം വില്ലേജ് ഓഫീസർ, തഹസിൽദാർ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുക. അറിയച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുക

e) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കേണ്ട NDEM Portal, എക്സൽ ഷീറ്റ് എന്നിയിൽ ആവശ്യമായ നാശ നഷ്ടകണക്കുകൾ, ക്യാമ്പ് വിവരങ്ങൾ എന്നിവ തയ്യാറാക്കി അപ്പ്ലോഡ് ചെയ്യുക

f) DEOCയിലെ ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ല എങ്കിൽ, പ്രസ്തുത വിവരം റിപോർട്ട് ആയി ഡി.എം സെക്ഷൻ ജൂനിയർ സൂപ്രണ്ടിന് നല്കുക

15. ജില്ലാ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ പോലീസ് വകുപ്പിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലകൾ

a) ദുരന്തം സംബന്ധിച്ച വിവരങ്ങൾ സേനയിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻമാരെയും, സ്ഥലം പോലീസ് സ്റ്റേഷൻ SHO, SI, CI എന്നിവരെയും അറിയിക്കുക

b) പോലീസ് മുഖാന്തരം ദുരന്തം നടന്ന സ്ഥലത്തെ സ്ഥിതിവിവരങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും WhatsApp Groupൽ അറിയിക്കുക

c) ദുരന്ത മേഖലയിൽ ജനക്കൂട്ട നിയന്ത്രണം ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് സ്ഥലം പോലീസ് സ്റ്റേഷൻ SHO, SI, CI എന്നിവരെ അറിയിക്കുക

d) പോലീസ് VHF മുഖാന്തരം സ്ഥലത്തെ പ്രവർത്തങ്ങൾ സംബന്ധിച്ച നിരന്തര വിവരങ്ങൾ DEOCൽ നിരീക്ഷിക്കുക, നിർദ്ദേശങ്ങൾ കൈമാറുക

16. ജില്ലാ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലകൾ

   a) ദുരന്തം സംബന്ധിച്ച വിവരങ്ങൾ സേനയിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻമാരെയും, സ്ഥലം Station Officer എന്നിവരെ അറിയിക്കുക
   b) മറ്റ് പ്രദേശങ്ങളിൽ നിന്നും സേനയെ അവശ്യമുണ്ട് എന്ന് ദുരന്ത സ്ഥലത്ത് നിന്നും ഫയർ ഓഫീസർ അറിയിച്ചാൽ ആ വിവരം മറ്റ് Station Officerമാരെ അറിയിക്കുക, ആവശ്യമായ ഏകോപനം ഉറപ്പാക്കുക

17. അടിയന്തര ഘട്ടങ്ങളിൽ മുന്നറിയിപ്പ് കൈമാറ്റം ചെയ്യാനും, Satellite Phone പ്രവർത്തിപ്പിക്കാനും, സൈറണുകൾ പ്രവർത്തിപ്പിക്കാനും ഉള്ള ചുമതല ജില്ലാ എമെർജൻസി ഓപ്പറേഷൻസ് സെന്ററിൽ നിയോഗിക്കപ്പെടുന്ന റവന്യു, പോലീസ്, ഫയർ & റെസ്ക്യൂ വകുപ്പുകളിലെ uplഉദ്യോഗസ്ഥർക്ക് ആയിരിക്കും. പരിശീലനം എസ്.ഡി.എം.എ നൽകും.
18. DEOCയിലെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കാൻ ഉള്ള ചുമതല ഡി.എം സെക്ഷൻ ജൂനിയർ സൂപ്രണ്ടിന് ആയിരിക്കും. DEOCയിലെ ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ല എങ്കിൽ അവ പ്രവർത്തന ക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തുക
19. സാമൂഹിക മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും പൊതു ജനങ്ങൾക്കുള്ള മുന്നറിയിപ്പുകളും, പരസ്യങ്ങളും, അവബോധ ലഘുലേഖകളും പ്രസിദ്ധീകരിക്കുക.
20. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP) പ്രകാരം സ്ഥാപിച്ച വിവിധോദ്ദേശ ദുരിതാശ്വാസ കേന്ദ്രങ്ങളിലെ ശുചിമുറികൾ, വാഷ് ബേസിൻ, വാട്ടർ പമ്പ്, ജെനറെറ്റർ, ലൈറ്റ്കൾ, ഫാനുകൾ, മാലിന്യ കുഴി, സെപ്പറ്റിക്ക് ടാങ്ക്, പ്ലംബിംഗ്, റ്റോയിലെറ്റ്കൾ, വൈദ്യുതി വിതരണ സംവിധാനങ്ങൾ എന്നിവയെല്ലാം പരിശോധിച്ച് അവ പ്രവർത്തനക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തുവാൻ അതാത് ഷെൽറ്റർ

മാനേജ്മെൻറ് കമ്മിറ്റികൾക്ക് നിർദേശം നൽകുക. ഷെൽറ്റർ മാനേജ്മെൻറ് കമ്മിറ്റിയുടെ കോർപ്പസ് ഫണ്ടിലെ പലിശ/മറ്റ് വരുമാനം എന്നിവ ഉപയോഗിച്ച് അറ്റകൂറ്റ പണി ചെയ്തു എന്ന് ഉറപ്പ് വരുത്തുക. അധികമായി തുക ആവശ്യമാണ് എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ബോധ്യം ആകുന്ന പക്ഷം ഒരു കെട്ടിടത്തിന് 2245-02-101-94-Flood-Other itemsൽ നിന്നും 1 ലക്ഷം രൂപ വരെ ചെലവഴിക്കാം.

21. തദ്ദേശ സർക്കാരുകൾ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ നിന്നും ചുവടെ ചേർക്കുന്ന വിവരങ്ങൾ പരിശോധിച്ച് ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും അവലോകനം നടത്തുകയും, പട്ടികകളും, മൊബൈൽ നമ്പറുകളും ജില്ലാ ഇ.ഒ.സി, താലൂക്ക് കൺട്രോൾ റൂം, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ സൂക്ഷിക്കുകയും ചെയ്യുക.

A. ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ - വാർഡ് തിരിച്ച്

a. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ, ഒന്നോ രണ്ടോ (ചുരുങ്ങിയത് രണ്ട് വർഡുകൾക്ക് ഒന്ന് എന്ന നിലയിൽ) വാർഡുകൾക്കായി ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം എന്ന നിലയിൽ കണ്ടെത്തി അതാത് തദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുക. ഒരു വാർഡിൽ ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം കണ്ടെത്തേണ്ടുന്ന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥനും, പ്രദേശത്തെ വില്ലേജ് ഓഫീസർക്കും സംയുക്തമായിട്ടായിരിക്കും.

b. മേൽ പ്രവർത്തനം നടന്നു എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഉറപ്പ് വരുത്തുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും ചെയ്യണം എന്ന് നിർദേശിക്കുക

c. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ചു Preparednessനായി (തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ) തുക

ചെലവഴിക്കാം. എല്ലാ പഞ്ചായത്തുകൾക്കും 2245-02-101-94-Flood-Other itemsൽ നിന്നും 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും, കോർപ്പറേഷൻ 5 ലക്ഷം രൂപയും നല്കുക. ഈ തുക മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഉപയോഗിക്കുവാൻ പാടില്ല. അതാത് തദേശ സ്വയംഭരണ സ്ഥാപന മേഖലയിൽ കണ്ടെത്തുന്ന, ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുചിമുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മാത്രമെ ഈ തുക ഉപയോഗിക്കുവാൻ പാടുള്ളൂ. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഈ തുകയ്ക്ക് അർഹത ഉണ്ടാവുകയുള്ളു. ഈ തുക മുൻകൂർ ആയി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

d. ആപതാ മിത്ര, സിവിൽ ഡിഫൻസ്, യുവജന ക്ഷേമ ബോർഡ് തയ്യാറാക്കിയ ടീം കേരള സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സേന, എമർജൻസി റെസ്പോൺസ് ടീം അംഗങ്ങൾ എന്നിങ്ങനെ പരിശീലനം സിദ്ധിച്ചവർക്ക് പ്രാദേശികമായി രക്ഷാപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടിടം കണ്ടെത്തുകയും രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ വാങ്ങിയോ, മഴക്കാലത്തേക്ക് വാടകയ്ക്ക് എടുത്തോ ശേഖരിച്ച് വെക്കണം. ആപതാ മിത്ര, സിവിൽ ഡിഫൻസ്, ടീം കേരള സന്നദ്ധ പ്രവർത്തകർ തുടങ്ങിയ പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരെ അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ ഈ കേന്ദ്രവുമായി ബന്ധിപ്പിക്കണം. ഈ കേന്ദ്രത്തിന്റെ ദൈനംദിന മേൽനോട്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കും. അപകടങ്ങൾ ഉണ്ടാവുമ്പോൾ സമയനഷ്ടംകൂടാതെ പ്രാദേശികമായി രക്ഷാപ്രവർത്തനം ആരംഭിക്കാൻ ഇത് ഗുണകരമാവും. ഇതിനാവശ്യമായ തുക

ദുരന്തപ്രതികരണനിധിയിൽ നിന്ന് അനുവദിക്കും. ഓരോ ഗ്രാമപഞ്ചായത്തിനും 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 3 ലക്ഷം രൂപയും കോർപറേഷന് 5 ലക്ഷം രൂപ വരെയും ഉപകരണങ്ങൾ വാങ്ങുവാനും സംഭരണകേന്ദ്രം ആരംഭിക്കുന്നതിനും, ഈ വർഷം നടത്തുന്നതിനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് ആവശ്യാനുസരണം അനുവദിക്കും. കൂടുതലായി ഉപകരണങ്ങൾ ആവശ്യമായി വന്നാൽ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ സ്വരൂപിക്കണം. ഉപകരണങ്ങൾ വാങ്ങുന്നുവെങ്കിൽ മഴക്കാല ശേഷം അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുപയോഗിക്കാവുന്ന തരത്തിൽ സൂക്ഷിക്കണം. ഈ തുക മുൻകൂർ ആയി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

e. അടിയന്തിര ഘട്ടത്തിൽ ക്യാമ്പുകളിലെ ചെലവുകൾക്കോ, സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ദുരന്ത പ്രതികരണത്തിൽ ഏർപ്പെടുന്ന സേനകൾ എന്നിവർക്ക് ലഘുഭക്ഷണം, പാനിയങ്ങൾ എന്നിവ നല്കുവാനോ, വീണ് കിടക്കുന്ന മരം മാറ്റുന്നതിനോ, മറ്റ് അത്യാവശ്യം വേണ്ടുന്ന പ്രവർത്തനങ്ങൾക്കൊ ആയി വില്ലേജ് ഓഫീസർമാർക്ക് H/A 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്നും ഒരു വില്ലേജിന് Rs. 25,000/- എന്ന തരത്തിൽ അഡ്വാൻസ് ആയി വില്ലേജ് ഓഫീസർമാർക്ക് നൽകാവുന്നതാണ്. ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഇത്തരത്തിൽ അഡ്വാൻസ് നൽകുവാൻ അനുമതി ഉണ്ടാകുകയുള്ളൂ. ഈ തുക മുൻകൂർ ആയി വില്ലേജ് ഓഫീസർമാർക്ക് ലഭ്യമാക്കുക.

B. ചുവടെ പരാമർശിക്കുന്ന ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള വിഭാഗങ്ങൾക്ക് ഒഴിപ്പിക്കൽ സമയത്ത് മുൻഗണന നല്കണം. ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള ചുവടെ ചേർക്കുന്ന വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കുക. ഈ പ്രവർത്തനം നടന്നു എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാജോയിന്റ് ഡയറക്ടർ ഉറപ്പ് വരുത്തുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും ചെയ്യണം എന്ന് നിർദേശിക്കുക.

a) പുറമ്പോക്കിൽ വസിക്കുന്നവർ
b) ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ
c) വയൽ കരകളിൽ താമസിക്കുന്നവർ
d) മലയുടെ ചരിവുകളിലും, ഒറ്റപ്പെട്ട പ്രദേശത്തും, ഒറ്റപ്പെട്ട എസ്റ്റേറ്റ് ലേബർ ക്യാമ്പുകളിലും വസിക്കുന്നവർ
e) 2018ലോ, 2019ലോ, 2021ലോ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വാസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീടുകളിലോ, സ്ഥലങ്ങളിലോ താമസിക്കുന്ന ദുരന്ത ബാധിതർ
f) പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ
g) ലയങ്ങളിൽ താമസക്കാരായിരുന്ന, ലയം പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ
h) ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ
i) ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ, വൃദ്ധസദനങ്ങളിലെ താമസക്കാർ, കുട്ടികളുടെ ഹോസ്റ്റലുകൾ, അതിദരിദ്രർ എന്ന് കണ്ടെത്തിയ കുടുംബങ്ങൾ

C. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള എമർജൻസി റെസ്പോൺസ് ടീം സംബന്ധിച്ച പട്ടികയും, ടീം അംഗങ്ങളുടെ മൊബൈൽ ഫോൺ വിവരങ്ങളും

D. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമായ ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, ബോട്ടുകൾ, വള്ളങ്ങൾ, ഇലക്ട്രിക് മരം മുറി യന്ത്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഉടമയുടെ പേരും, മൊബൈൽ നമ്പരും സഹിതം

22. മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒഴിപ്പിക്കൽ പ്രവർത്തനത്തിൽ 5 (19) (B) (a to i) പട്ടികയിൽപ്പെടുന്നവർക്ക് ആദ്യ പരിഗണന നല്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നിർദ്ദേശം നൽകണം. ഈ രീതിയിൽ മുൻഗണനാ ക്രമം തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കി വില്ലേജ് ഓഫീസർ, പോലീസ്, അഗ്നി-രക്ഷാ സേന എന്നിവർക്ക് നൽകി എന്ന് ഉറപ്പ് വരുത്തുക.

a. ഇത്തരം പ്രദേശവാസികളെ സംബന്ധിച്ച് വിവരം നിലവിൽ തദ്ദേശ സർക്കാരുകളുടെ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ, ഇലക്ഷൻ ബൂത്ത് ലെവൽ ഓഫീസർമാരുടെയും, അതാത് തദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സിഡിഎസ് കളുടെയും സഹായത്തോടെ ഉടൻ തയ്യാറാക്കുക.

b. ഒരു ജില്ലയിലോ, താലൂക്കിലോ, പ്രദേശത്തോ മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ ഒഴിപ്പിക്കൽ ആവശ്യമായി വന്നാൽ ആദ്യം ഒഴിപ്പിക്കേണ്ടതും, രക്ഷിക്കേണ്ടതും ഈ പട്ടിക അനുസരിച്ചായിരിക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നിർദ്ദേശം നൽകുക.

c. ഇന്ന് മഞ്ഞ അലർട്ടും നാളെ ഓറഞ്ചോ, ചുവപ്പോ ആണെങ്കിൽ, ഇന്ന് വൈകീട്ട് തന്നെ ഇത്തരത്തിൽ ദുരന്ത സാധ്യതാ മേഖലയിൽ വസിക്കുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനവും, വില്ലേജ് ഓഫീസും ചേർന്ന് നടപടി സ്വീകരിച്ചു എന്ന് ഉറപ്പ് വരുത്തുക.

d. ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും, വില്ലേജ് ഓഫീസിലും സൂക്ഷിക്കുക.
e. ജില്ലയിൽ ഓറഞ്ച് അലേർട്ട് ആണ് എങ്കിൽ നിർബന്ധമായും ഇവരെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം. ഇവയിൽ ഏതെങ്കിലും കുടുംബം കാലവർഷ-തുലാവർഷ മാസങ്ങളിൽ ഏതൊരു അവസരത്തിലും ക്യാമ്പിലേക്ക് മാറി താമസിക്കണം എന്ന ആവശ്യം ഉന്നയിച്ചാൽ, അവർക്കായി ക്യാമ്പ് നടത്തണം.

23. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഭിന്നശേഷിക്കാരുടെ പട്ടിക മുൻകൂട്ടി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനം, താലൂക്ക് EOC, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ നല്കുവാൻ സാമൂഹിക നീതി വകുപ്പിന് നിർദ്ദേശം നൽകുക.
24. സർക്കാർ നിർദേശം അനുസരിച്ച് ബന്ധു വീടുകളിലേക്ക് മാറി താമസിക്കുന്ന വ്യക്തികളുടെ വിവരം കൃത്യമായി തദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തുക
25. ജില്ലയിലെ ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം) (ഡെപ്യൂട്ടി കളക്ടർ ദുരന്ത നിവാരണം ഇല്ലാത്ത ജില്ലകളിൽ എ.ഡി.എം), ജില്ല കളക്ടറെറ്റിലെ Natural Calamity Section, Hazard Analyst, Local Self Government DM Plan Coordinator എന്നിവർ ആയിരിക്കും ജില്ലാ അതോറിറ്റിയുടെ കാര്യാലയമായി പ്രവർത്തിക്കുക.
26. National Disaster Management Guidelines - Incident Response System, 2010 പ്രകാരമുള്ള ജില്ലാതല, താലൂക്ക്തല ദുരന്ത പ്രതികരണ ചുമതലകൾ ചുവടെ ചേർക്കുന്ന വിധം നിർവചിച്ച് ഉത്തരവ് പുറപ്പെടുവിക്കുക.
27. Incident Response System സംബന്ധിച്ച മലയാളം ഹാൻഡ് ബുക്ക് എല്ലാ IRT ഉദ്യോഗസ്ഥർക്കും പ്രിൻറ് ആയി നൽകുക (https://sdma.kerala.gov.in/wp-content/uploads/2021/08/IRS-handbook-malayalam-jjg.pdf)
28. ജില്ലാ/താലൂക്ക് തല Incident Response Teamന്റെ ചുമതല വഹിക്കേണ്ടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ, താലൂക്ക് തലത്തിൽ ഇതിനനുസ്രിതമായി ജില്ലാ ദുരന്ത നിവാരണ

അതോറിറ്റികൾ ഉത്തരവ് പുറപ്പെടുവിക്കുക. എല്ലാ തസ്തികകളിലും 8 മണിക്കൂർ പ്രവർത്തന ശേഷം മാറ്റുവാൻ ഒരു പകരം ഉദ്യോഗസ്ഥനെയും കണ്ടെത്തി Alternate IRTയും ഉറപ്പ് വരുത്തുക. തുടർച്ചയായി ഒരു ഉദ്യോഗസ്ഥനും 12 മണിക്കൂറിൽ അധികം പ്രവർത്തിക്കുന്നില്ല എന്ന് സേഫ്റ്റി ഓഫീസർ ഉറപ്പ് വരുത്തണം. പുതിയ ആളുകൾ ചാർജ് എടുക്കുമ്പോൾ മുൻപ് പ്രവർത്തിച്ചവർ നടത്തിയ പ്രവർത്തനം സംബന്ധിച്ച് ഒരു briefing നൽകണം.

| | | |
|---|---|---|
| **District Level** | | |
| 1 | Responsible Officer (RO) | Chairperson, DDMA (District Collector) |
| 2 | Incident Commander (IC) | Chief Executive Officer, DDMA (Deputy Collector, DM/General) |
| 3 | Deputy Incident Commander (DIC) | Joint Director, Local Self Government or District Planning Officer |
| 4 | Operations Section Chief (OSC) | A Dy. SP nominated by District Police Chief |
| 5 | Logistics Section Chief (LSC) | Joint Transport Officer nominated by RTO |
| 6 | Planning Section Chief (PSC) | Assistant Divisional Fire Officer nominated by District Fire Officer |
| 7 | Safety Officer (SO) | A Medical Officer nominated by District Medical Officer |
| 8 | Media Officer (MO) | Information Officer (I & PRD) nominated by District Information Officer |
| 9 | Liaison Officer (LO) | Junior Superintendent, Natural Calamity |
| 10 | Information Officer (IO) | Hazard Analyst, DEOC |
| **Taluk Level** | | |
| 1 | Responsible Officer (RO) | Deputy Collector or equivalent nominated by Chairperson, DDMA |
| 2 | Incident Commander (IC) | Tahasildar of the Taluk |
| 3 | Deputy Incident Commander (DIC) | Block Panchayath Secretary nominated by Joint Director, Local Self Government |
| 4 | Operations Section Chief (OSC) | A Circle Inspector of Police nominated by District Police Chief |
| 5 | Logistics Section Chief (LSC) | Motor Vehicles Inspector nominated by Regional Transport Officer |
| 6 | Planning Section Chief (PSC) | Station Officer, Fire and Rescue Services nominated by District Fire Officer |
| 7 | Safety Officer (SO) | A Medical Officer nominated by District Medical Officer |
| 8 | Media Officer (MO) | Information Officer nominated by District Information Officer (I & PRD) |
| 9 | Liaison Officer (LO) | Deputy Tahasildar (DM) |
| 10 | Information Officer (IO) | Deputy Tahasildar (HQ) |

29. IRTയിലെ ഓരോരുത്തരുടേയും ഉത്തരവാദിത്തം സംബന്ധിച്ച് പരിശീലനം ആവശ്യമായ ജില്ലകൾ സംസ്ഥാന അതോറിറ്റിയെ ബന്ധപ്പെടുക. IRTൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്കായി പരിശീലനം ആവശ്യാനുസരണം നൽകുന്നതാണ്.

30. എല്ലാ ജില്ലകളിലും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ റവന്യൂ, പോലീസ് (പോലീസ് VHF റേഡിയോ സഹിതം), അഗ്നിശമന സേന എന്നീ വകുപ്പുകളുടെ പ്രതിനിധികളെ ഷിഫ്റ്റ് വ്യവസ്ഥയിൽ ഉൾപെടുത്തി 24 മണിക്കുറും പ്രവർത്തിക്കുന്നുണ്ട് എന്ന് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നിഷ്കർഷിച്ചിരിക്കുന്നത് പോലെ ഉറപ്പ് വരുത്തണം.

31. ജില്ലാ ഇ.ഓ.സികൾ എമർജൻസി മോഡിൽ ആക്ടിവേറ്റ് ചെയ്യുകയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ 24 x 7ഉം ബന്ധപ്പെടേണ്ട നമ്പർ (1077) എല്ലാ വകുപ്പുകൾക്കും, പ്രത്യേകിച്ച് ജില്ലാ തല നോഡൽ ഓഫീസർമാർക്കും നല്കണം.

32. പൊതു ജനങ്ങൾക്ക് ദുരന്ത സംബന്ധിയായ വിവരങ്ങൾ വിളിച്ചറിയിക്കുവാൻ 1077 എന്ന നമ്പർ പ്രസിദ്ധീകരിക്കുക. 1077 എന്ന നമ്പറിന് ചുരുങ്ങിയത് 10 Hunting Lines നല്കുവാൻ BSNLനോട് ആവശ്യപ്പെടുക

33. ജില്ലയിൽ ലഭ്യമായ ആകാശവാണിയുടെ ഈ നിലയങ്ങൾ ഒന്ന് ജില്ലാ ഇ.ഓ.സിയിൽ എപ്പോഴും ശ്രദ്ധിക്കുക

    – Trivandrum തിരുവനന്തപുരം MW (AM Channel): 1161 kHz
    – Alappuzha ആലപ്പുഴ MW (AM Channel): 576 kHz
    – Thrissur തൃശ്ശൂർ MW (AM Channel): 630 kHz
    – Calicut കോഴിക്കോട് MW (AM Channel): 684 kHz

34. ജില്ല ഇ.ഓ.സിയിൽ നിന്നും പൊതുജനങ്ങളെ മുന്നറിയിപ്പ് അറിയിക്കുന്നതിന് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ടുള്ള മൊബൈൽ നമ്പർ ശേഖരം ഉപയോഗിക്കുന്നതിന് ദുരന്ത നിവാരണ നിയമം 2005,

Section 30 (2) (v) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ഇത്തരം സംവിധാനം തയ്യാറാക്കി തരുവാൻ എൻ.ഐ.സിയോട് നിർദ്ദേശിക്കുകയും ചെയ്യുക. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ടുള്ള മൊബൈൽ നമ്പർ ശേഖരമാണെങ്കിൽ സൂക്ഷ്മമായി പ്രാദേശികമായി വത്യസ്തമായ മുന്നറിയിപ്പുകൾ നൽകുവാൻ ഉപയോഗപ്പെടും.

35. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ദുരന്ത സാധ്യതാ ഭൂപടവും, അതാത് പ്രദേശത്തെ സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, സ്കൂളുകൾ, ഇവയെ ബന്ധിപ്പിക്കുന്ന റോഡുകൾ, പ്രദേശത്തെ പ്രധാന തോടുകൾ, നദികൾ, കായലുകൾ, ജല സംഭരണികൾ പ്രധാനസ്ഥല പേരുകൾ ഉൾപ്പടെ പ്രത്യേകം ഭൂപടങ്ങൾ ആയി തയ്യാറാക്കി സംസ്ഥാന ഇ.ഓ.സി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കില മുഖാന്തരം നൽകിയിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തി തദ്ദേശ സർക്കാരുകൾ ദുരന്ത ലഘൂകരണ പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തല ഭൂപടങ്ങളുടെ ഡിജിറ്റൽ ശേഖരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലിങ്ക് മുഖാന്തരം എല്ലാ ജില്ലകൾക്കും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട് https://sdma.kerala.gov.in/hazard-maps/ https://dmp.kila.ac.in/. ഇവ ആവശ്യാനുസരണം പ്രിന്റ് ചെയ്ത് അഗ്നി-രക്ഷാ സേന, പോലീസ്, ആരോഗ്യ വകുപ്പ് എന്നിവർക്ക് നൽകുക.

36. മലയോര ജില്ലകളിൽ, എല്ലാ ദിവസവും ഭൂജല വകുപ്പ്, മൈനിംഗ് ആൻഡ് ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളിൽ ഒന്നിലെ ജിയോളജിക്കൽ അസിസ്റ്റന്റ്/മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥൻ/ അസിസ്റ്റന്റ് ജിയോളജിസ്റ്റിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലേക്ക് ഓറഞ്ച് അലേർട്ട് സാഹചര്യത്തിൽ 24 x 7 നിയോഗിക്കുവാൻ നിർദ്ദേശിക്കുക. മഴയുടെ പ്രവചനത്തെ അടിസ്ഥാനപ്പെടുത്തി അതാത് ജില്ലാ അതോറിറ്റികൾക്ക് ജില്ലയിലെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത സംബന്ധിച്ച് അവലോകനം മേൽ ഉദ്യോഗസ്ഥൻ നടത്തി നൽകുവാൻ നിർദ്ദേശിക്കുക.

37. രണ്ട് ദിവസം അടുപ്പിച്ചു മഴ പെയ്താൽ, ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലേജുകളിൽ ഉള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തിവെക്കുവാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഉത്തരവ് ഇറക്കി എന്ന് ഉറപ്പ് വരുത്തുക. ഈ ഉത്തരവ് പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനം, റവന്യൂ എന്നിവർ നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തുക.

38. മലയോരത്ത് നിന്നും മണ്ണ് വെട്ടിമാറ്റുക, ആഴത്തിലുള്ള കുഴികൾ നിർമ്മിക്കുക, നിർമാണത്തിനായി ആഴത്തിൽ മണ്ണ് മാറ്റുക എന്നിവ 2 ദിവസം തുടർച്ചയായി മഴ പെയ്ത പ്രദേശങ്ങളിൽ അനുവദിക്കരുത് എന്ന ഉത്തരവ് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഇറക്കി എന്ന് ഉറപ്പ് വരുത്തുക. ഈ ഉത്തരവ് പോലീസ്, റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവർ നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തുക.

39. മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് നീർചാലുകളിൽ ഉള്ള തടസങ്ങൾ കണ്ടെത്തുക. അവയിലെ തടസങ്ങൾ മാറ്റുവാൻ തദ്ദേശ എൻജിനീയറിങ്ങ് വിംഗ്, പൊതു മാരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവരെ ഉപയോഗിക്കുക.

40. ഓടകൾ പരിശോധിച്ച് അവയിലെ തടസങ്ങൾ മാറ്റുവാൻ തദ്ദേശ എൻജിനീയറിങ്ങ് വിംഗിനെ നിയോഗിക്കുക. മഴവെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന എല്ലാ വസ്തുക്കളും ഓടകളിൽനിന്നും നീർച്ചാലുകളിൽ നിന്നും മാറ്റുക.

41. പ്രളയം, ഉരുൾപൊട്ടൽ എന്നിവ ബാധിക്കുന്ന വില്ലേജുകളിലെ ജല സ്രോതസുകളുടെയോ, ഈ വില്ലേജുകളിൽ വിതരണം ചെയ്യുവാൻ ജലം ശേഖരിക്കുന്ന സ്രോതസുകളുടെയോ ജലം പരിശോധിക്കുന്നതിന് ജല അതോറിറ്റിക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ തുക 2245-02-102-99-Flood-Drinking water supply എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകാവുന്നതാണ്.

42. Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-

content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf)
നിഷ്കർഷിച്ചിരിക്കുന്നത് പോലെ എല്ലാ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും രണ്ട് സ്ഥിരം മൊബൈൽ ഫോൺ നമ്പറുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക. ഈ നമ്പർ ഏതെങ്കിലും വ്യക്തിയുടെതോ, ഉദ്യോഗസ്ഥന്റെയോ ആയിരിക്കരുത്. ഈ മൊബൈൽ ഫോൺ നമ്പറിൽ WhatsApp ഉണ്ടാകേണ്ടതാണ്. ദുരന്ത സംബന്ധിയായി ജില്ലയെ സംബന്ധിച്ച് ലഭിക്കുന്ന മുന്നറിയിപ്പുകൾ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലെ ഇമെയിൽ, WhatsApp, ജില്ലാ കളക്ടറുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവയിൽ ആയിരിക്കും പ്രധാനമായി സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും അറിയിക്കുക. ജില്ലാതലത്തിൽ ആവശ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും, ജനപ്രതിനിധികൾക്കും അറിയിപ്പുകൾ നൽകേണ്ടുന്ന ചുമതല ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനായിരിക്കും. ജില്ലയിലെ ജനപ്രതിനിധികൾക്ക് ദുരന്ത സാധ്യത സംബന്ധിച്ചും, തയ്യാറെടുപ്പ് സംവിധാനങ്ങൾ സംബന്ധിച്ചും, ഓറഞ്ച് ബുക്ക് സംബന്ധിച്ചും അവബോധം നല്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രത്യേകം യോഗം ചേരുകയും വിശദീകരിക്കുകയും ചെയ്യുക.

43. സ്വകാര്യ ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ പഞ്ചായത്തിരാജ് ആക്ട്, സെക്ഷൻ 238 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്തം അതാത് തദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. നഗരപ്രദേശങ്ങളിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 412 പ്രകാരവും അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ അതാത് തദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് ആയിരിക്കും ചുമതല.

44. പൊതു ഇടങ്ങളിലെ അപകടകരം എന്നും അടിയന്തരമായി മുറിച്ച് മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങൾ മുറിക്കുവാനുള്ള അനുമതി

നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപെടുത്തി ഉത്തരവ് പുറപ്പെടുവിക്കുക. മുറിച്ച് മാറ്റണം എന്ന് സമിതി മുൻപാകെ നിർദേശിക്കപ്പെടുന്ന മരങ്ങൾ ഓരോന്നും സമിതി സന്ദർശിക്കുകയും, മുറിച്ച് മാറ്റിയില്ലെങ്കിൽ ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാകും എന്നും ഉത്തമ ബോധ്യം ഉണ്ടാകുകയും ചെയ്താൽ മാത്രമെ സമിതി അവരുടെ സംയുക്ത ശുപാർശ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് നല്കുവാൻ പാടുള്ളൂ.

45. മര ചില്ലകൾ മുറിക്കുവാനും, മരം കോതി ഒതുക്കുവാനും ഈ സമിതിയുടെ ശുപാർശ ആവശ്യം ഇല്ല; തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് തന്നെ തീരുമാനിക്കാം. ഇതിനായി വകുപ്പുകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തണം.

46. അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുന്ന വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ നിലവിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ പഞ്ചായത്തി രാജ് ആക്ട്, സെക്ഷൻ 238 പ്രകാരം/കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 412 പ്രകാരം ഉടൻ തീർപ്പാക്കുകയും, മരം/മര ചില്ല വീണ് മരണം, നാശനഷ്ടം എന്നിവ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുക. അപകടകരം എന്നും അടിയന്തരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങൾ (മര ചില്ലകൾ മുറിക്കുവാനും, മരം കോതി ഒതുക്കുവാനും ഈ സമിതിയുടെ ശുപാർശ ആവശ്യം ഇല്ല; തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് തന്നെ തീരുമാനിക്കാം). ഈ ഉത്തരവാദിത്തം നിർവഹിക്കുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുക.

47. വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിൽ ഉള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30

(2) (v) പ്രകാരം എല്ലാ വകുപ്പുകൾക്കും തദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുക. ഇതിനായി വകുപ്പുകൾ/തദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തണം. GO (Ms) No. 84/2022/LGSG dated 19-4-2022, GO (Ms) No. 86/2022/LSGD dated 19-4-2022 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് വർഷം വികസന ഫണ്ട്/സ്വന്തം ഫണ്ട് എന്നിവ ഉപയോഗിച്ച് ദുരന്ത പ്രതികരണ, പ്രതിരോധ പ്രോജക്റ്റ്കൾ തയ്യാറാക്കി നടപ്പാക്കേണ്ടത് ഉണ്ട്. അതാത് വർഷം പഞ്ചായത്തി രാജ് ആക്ട്, സെക്ഷൻ 238/കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 412 പ്രകാരം അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ചുരുങ്ങിയത് 5 ലക്ഷം രൂപയുടെ പദ്ധതി ഉണ്ടാകണം എന്ന് നിഷ്കർഷിക്കുകയും ചെയ്യുക. തദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ (വകുപ്പ്, സ്ഥാപനം എന്നീ വകഭേദം ഇല്ലാതെ) എല്ലാ പ്രദേശത്തെയും മരങ്ങൾ ആവശ്യാനുസരണം കോതുവാനും, മുറിച്ച് മാറ്റുവാനും ആയിരിക്കണം ഈ പദ്ധതി എന്നും നിഷ്കർഷിക്കുക.

48. പാര 44ലെ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി അടിയന്തിരമായി മുറിക്കേണ്ട മരങ്ങൾ മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈകൊള്ളാവുന്നതാണ്.

49. പൊതു/എയ്ഡഡ് സ്ക്കൂളുകളിലും, സർക്കാർ ആശുപത്രികളിലും ഉള്ള അപകടകരമായ മരങ്ങൾ പാര 44ലെ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈകൊള്ളാവുന്നതാണ്. ഇത്തരത്തിൽ സമതി ശുപാർശ ചെയ്ത് ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ അംഗീകരിച്ച മരങ്ങൾ മുറിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മഴക്കാല ദുരന്ത പ്രതികരണ തയ്യാറെടുപ്പിനായി അനുവദിച്ച തുകയിൽ നിന്നും പണം ചെലവഴിക്കാവുന്നതാണ്.

50. അടിയന്തിരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിക്ക് ശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ.
51. അംഗീകൃത ദുരന്തത്തിൽ മറിഞ്ഞു വീഴുന്ന മരം മുറിച്ച് മാറ്റി ഗതാഗതം പുനർസ്ഥാപിക്കുവാനും, Search and Rescueവിനായും മരം മുറിച്ച് മാറ്റുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദനീയമാണ്.
52. അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം പൊതുജനങ്ങൾക്ക് പത്ര-മാധ്യമങ്ങൾ വഴി നിർദ്ദേശം നൽകുക. ഈ നിർദ്ദേശം അനുസരിക്കാത്ത വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത എന്നത് പരസ്യപ്പെടുത്തുക.
53. പരസ്യ ഹോർഡിങ്ങുകളുടെ ശക്തി/ബലം പരിശോധിക്കുവാനും, ഇവ കാറ്റത്ത് മറിഞ്ഞു വീണ് നഷ്ടവും ജീവഹാനിയും ഉണ്ടാക്കുന്നില്ല എന്നും ഉറപ്പ് വരുത്തണം എന്നും ജില്ലയിൽ ഇത്തരം ബോർഡ് സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുക.
54. എല്ലാ വകുപ്പുകളും അവരവരിൽ നിക്ഷിപ്തമായ ദുരന്ത പ്രതികരണ ചുമതലകൾ Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നിന്നും മനസ്സിലാക്കുകയും ആവശ്യമായ വകുപ്പുതല തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു എന്ന് ഉറപ്പ് വരുത്തുക.
55. കേരളത്തിൽ, ജില്ല തിരിച്ച് ദുരന്ത പ്രതികരണത്തിന് ഉപയോഗിക്കാവുന്ന ഒട്ടനവധി ഉപകരണങ്ങളുടെ പട്ടിക Indian Disaster Resource Network (https://idrn.nidm.gov.in/)എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ പട്ടിക എല്ലാ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും,

താലൂക്ക് ഓഫീസിലും പ്രിന്റ് ചെയ്ത് സൂക്ഷിക്കുക. കൂടുതൽ വിവരം പ്രാദേശികമായി ശേഘരിച്ച് ഈ വെബ്സൈറ്റിൽ അപ്പ്ലോഡ് ചെയ്യുക.

56. ജില്ലകളിൽ ഉള്ള ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി എന്നിവ ഗതാഗത വകുപ്പ് മുൻകൂട്ടി കണ്ടെത്തി ഉടമകളുമായി വിനിയോഗ ധാരണയിൽ എത്തി എന്ന് ഉറപ്പ് വരുത്തുക

57. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടായാൽ വറ്റിക്കുവാൻ ആവശ്യമായ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് കൃഷി, ജല സേചന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/വകുപ്പ്, അഗ്നി സുരക്ഷാ വകുപ്പ് എന്നിവർ ഉറപ്പ് വരുത്തുവാൻ നിർദേശിക്കുക

58. ദുരിതാശ്വാസ-ദുരന്ത പ്രതികരണ പ്രവർത്തനത്തിന് ജില്ലയിൽ ലഭ്യമായ ഏതൊരു വാഹനവും ഉപയോഗിക്കാം. ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങൾക്ക് ഇവ ഉപയോഗിച്ച് ദുരിതാശ്വാസ-ദുരന്ത പ്രതികരണ പ്രവർത്തനത്തിനാണ് എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ബോധ്യപ്പെട്ടാൽ ഇവയുടെ ഇന്ധനം, ദുരിതാശ്വാസ-ദുരന്ത പ്രതികരണ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന അവസരത്തിൽ ഉണ്ടായിട്ടുള്ള അറ്റകുറ്റപ്പണി എന്നിവയുടെ ചെലവ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ H/A 2245-02-101-94-01 Flood Other Items നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടെ വഹിക്കാവുന്നതാണ്.

59. എല്ലാ താലൂക്കിലും അഗ്നി-രക്ഷാ സേനയുടെയോ, പോലീസിന്റെയോ ഒരു Tower light എങ്കിലും ഉണ്ട് എന്ന് ഉറപ്പു വരുത്തുക. ഇതിനായി ആവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത സേനകൾക്ക് നൽകുക. അത്യാവശ്യഘട്ടത്തിൽ ഇവ മറ്റ് സ്ഥലങ്ങളിൽ ലഭ്യമാക്കുവാൻ ആവശ്യമായ സൗകര്യം ഒരുക്കുക.

60. ദൈനംദിന ദുരന്ത നാശനഷ്ട വിവരങ്ങൾ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ദിവസവും 3 മണിക്ക് മുൻപായി അനുബന്ധം 1ൽ ചേർത്തിട്ടുള്ള വകുപ്പ് തല ഗൂഗിൾ ഷീറ്റിൽ അതാത് വകുപ്പുകൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. അതാത് ആഴ്ചയിലെ ക്രോഡീകരിച്ച റിപ്പോർട്ട് അനുബന്ധം 2 പ്രകാരം എല്ലാ

മാസവും അവസാന പ്രവൃത്തി ദിവസം seoc.gok@gmail.com എന്ന ഇമെയിലിൽ ലഭ്യമാകേണ്ടതാണ്. എല്ലാ വകുപ്പുകളുടെയും വിവരം കൃത്യമായി അതതു ദിവസം നൽകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

61. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രതികരണ പ്രവർത്തങ്ങൾക്ക് അംഗീകാരം ഉള്ള ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ നാവിക സേന, വായൂ സേന, കര സേന, ദേശീയ ദുരന്ത പ്രതികരണ സേന (NDRF), എന്നിവയെ ഉപയോഗപ്പെടുത്തുവാൻ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെ ബന്ധപ്പെടുക. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ ഇമെയിൽ/SMS/Telephone/Fax ആയി seoc.gok@gmail.com, Mobile: 9446568222ൽ എന്നിവയിൽ ആവശ്യം അറിയിക്കുക. ഇവ ലോഗ് ചെയ്യപ്പെടണം എന്നതിനാൽ SMS അല്ലെങ്കിൽ ഫോൺകാൾ എന്നിവ ജില്ല കളക്ടറുടെ ഔദ്യോഗിക ഫോണിൽ നിന്നോ, ജില്ലാ ഇ.ഓസിയുടെ ഫോണിൽ നിന്നോ മാത്രം ചെയ്യുക.

62. ക്യാമ്പുകളിൽ ഭക്ഷണം നൽകുന്നതിന് ഒരു ദിവസം ഒരു വ്യക്തിക്കായി ചിലവാക്കാവുന്ന തുക എത്ര എന്ന് പ്രാദേശികമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർണ്ണയിക്കുക. GO (Ms) No. 6/2023/DMD dated 18-6-2023 പ്രകാരം ഉള്ള കേന്ദ്ര മാനദണ്ഡത്തിൽ ക്യാമ്പുകളിൽ ഭക്ഷണം നൽകുന്നതിന് തുക പരിമിതപ്പെടുത്തിയിട്ടില്ല.

63. വെള്ളപ്പൊക്ക സമയങ്ങളിൽ ചില ജില്ലകളിൽ കേന്ദ്രീകൃതമായി ഭക്ഷണ കേന്ദ്രങ്ങൾ നടത്തി വരുന്നു. Gruel Centres എന്ന് അറിയപ്പെടുന്ന ഇവിടങ്ങളിൽ അതാത് കരയിൽ ഉള്ളവർ എത്തി ഭക്ഷണം കഴിക്കുകയും വീടുകളുടെ മുകളിലും, ബന്ധു വീടുകളിലും ആയി കഴിയുകയും ചെയ്യുകയാണ് പതിവ്. ഇത്തരം കേന്ദ്രങ്ങളിൽ ഭക്ഷണം കഴിക്കുന്നവരുടെ പേര് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണം. ഇവർ Gruel Centresൽ ആണ് എന്നതിനാൽ മുതിർന്ന വ്യക്തിക്ക് 200 രൂപ, കുട്ടിക്ക് 150 രൂപ ഒരു ദിവസം, എന്ന പരിധിയിൽ വേണം Gruel Centre നടത്തിപ്പ്.

64. Gruel Centres എവിടെ നടത്തണം, എന്ത് കൊണ്ട് ക്യാമ്പ നടത്തുവാൻ സാധിക്കില്ല എന്നീ കാരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ മുഖാന്തരം ഡി.ഡി.എം.എയെ അറിയിക്കണം. ഈ ശുപാർശ പരിശോധിച്ച് വേണം Gruel Centres നടത്തുവാൻ അനുമതി നൽകേണ്ടത്.

65. Gruel Centreകളുടെ ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ എന്നിവർ ചേർന്ന് ഒപ്പിട്ട ശേഷം തഹസിൽദാർക്ക് സമർപ്പിക്കുക. തഹസിൽദാർ ശുപാർശ ചെയ്യുന്ന ചെലവുകൾ ആയിരിക്കും അനുവദിക്കുക.

66. വിജ്ഞാപനം ചെയ്തിട്ടുള്ള അംഗീകൃത ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ പ്രതികരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന തുകയുടെ പരിധി GO (Ms) No. 6/2023/DMD dated 18-6-2023 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അനുവദനീയമായ പരിധി അധികരിക്കാതിരിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി പ്രത്യേകം ശ്രദ്ധിക്കുക. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ അതാത് ഹെഡ് ഓഫ് അക്കൌണ്ടിൽ സർക്കാർ ലഭ്യമാക്കിയിട്ടുള്ള തുക അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക.

67. അംഗീകൃത ദുരന്തത്തിൽ തകർച്ച നേരിട്ട വീടുകളുടെ കെട്ടിട തകർച്ചയുടെ തോത് മാത്രം ശതമാന നിരക്കിൽ GO (Ms) No. 25/2019/DMD dated 23-08-2019 പ്രകാരം കണക്കാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗവും, ഭരണ വിഭാഗവും, ലാൻഡ് റവന്യൂ ഉദ്യോഗസ്ഥനും ചേർന്നാണ് നാശനഷ്ട്ട തോത് കണക്കാക്കി തഹസിൽദാറിന് നൽകേണ്ടത്.

68. വീടിന്റെയോ, ഗൃഹോപകരണങ്ങളുടെയോ വാല്യു കണക്കാക്കേണ്ടതില്ല. തകർച്ച നേരിട്ട കെട്ടിടത്തിന് തകർച്ചയുടെ ശതമാന നിരക്കിലെ തോതിന് അനുസരിച്ച് മാത്രമേ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. വീടിന്റെയോ,

ഗ്രഹോപകരണങ്ങളുടെയോ വാല്യു ദുരിതാശ്വാസ സഹായം നൽകുന്നതിന് മാനദണ്ഡം അല്ല.

69. ഇത്തരത്തിൽ ലഭിക്കുന്ന നാശനഷ്ട വിവര തോതിന് അനുസരിച്ച് GO (Ms) No. 1/2025/DMD dated 9-1-2025 (https://shorturl.at/HnGqJ) പ്രകാരം ആണ് തുക അനുവദിക്കേണ്ടത്.

70. അതാത് ആഴ്ചയിൽ അനുവദിക്കുന്ന വ്യക്തിഗതമായ ദുരിതാശ്വാസം സംബന്ധിച്ച വിവരവും, ക്യാമ്പുകളുടെ വിവരവും, നാശനഷ്ടം സംബന്ധിച്ച വിവരവും ക്രോഡീകരിച്ച് ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുത്. അതാത് താലൂക്ക് ഓഫീസിൽ ഈ വിവരം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഇതിനായി ജില്ല കളക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൃഷി നഷ്ടവുമായി ബന്ധപെട്ട വിവരം അതാത് കൃഷി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. വ്യക്തിഗതമായി ദുരിതാശ്വാസം ലഭിച്ചവരുടെ പേരുവിവരം ₹10 രൂപ അടച്ച് ആവശ്യപെടുന്നവർക്ക് ലഭ്യമാക്കണം.

71. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 6അം യോഗം കൈക്കൊണ്ട തീരുമാനം അനുസരിച്ച് Ltr. No. DM/372/2019/SDMA dated 22-02-2019 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള സ്കൂൾ സുരക്ഷാ നിർദ്ദേശങ്ങൾ എല്ലാ സ്കൂളിലും നടപ്പാക്കി എന്ന് ഉറപ്പ് വരുത്തുക. എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷ പദ്ധതി തയാറാക്കി എന്ന് ഉറപ്പു വരുത്തുക.

72. ജില്ലയിലെ എല്ലാ സ്കൂളുടെയും fitness, Circular No. GEDN-M1/188/2025-G.EDN dated 13-5-2026 പ്രകാരം ഉറപ്പ് വരുത്തുക. Fitness ഇല്ലാത്ത കെട്ടിടങ്ങൾ സ്കൂൾ നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. ആയതിനായി ദുരന്ത നിവാരണ നിയമം, Section 30 (2) (xxiii) പ്രകാരം ഇതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുക. പ്രസ്തുത നിർദ്ദേശം അനുസരിക്കാത്തവർ ദുരന്ത നിവാരണ നിയമം, Section 51 (b) പ്രകാരം ശിക്ഷയ്ക്ക് വിധേയരാകും എന്നത് വ്യക്തമാക്കുക.

73. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടക കെട്ടിടത്തിലോ മറ്റ് സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ

പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് Circular No. GEDN-M1/188/2025-G.EDN dated 13-5-2026 അനുസരിച്ച് ലഭ്യമാക്കണം.

74. സ്കൂളിനടുത്തുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയ്ക്ക് സുരക്ഷാഭിത്തികൾ നിർമ്മിക്കണം, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക.

75. റെയിൽ ക്രോസ്സിന് സമീപമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ച് കടക്കുന്നതിനുള്ള സംവിധാനം ഒരുക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക. ഇതിനായി സ്റ്റുഡൻറ് പൊലീസിനെ വിനിയോഗിക്കുക.

76. സ്കൂളും പരിസരവും വൃത്തിയാക്കണം. പി.ടി.എയുടെ നേതൃത്വത്തിൽ ജനകീയ സന്നദ്ധ പ്രവർത്തനം നടത്തി സ്കൂൾ ശുചീകരിക്കണം. സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡണ്ട്സ് അസോസിയേഷനുകൾ, അദ്ധ്യപക-വിദ്യാർത്ഥി-ബഹുജന സംഘടനകൾ മുതലായവയെ സഹകരിപ്പിക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക


77. ഇഴജന്തുക്കളുടെ സാന്നിധ്യം ക്ളാസ് മുറികളിലും പരിസരങ്ങളിലും ഇല്ല എന്ന് SAPRA volunteersനെ ഉപയോഗപ്പെടുത്തി ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകേണ്ടതാണ്.

78. സ്കൂൾ പരിസരത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ, ബോർഡുകൾ, ഹോർഡിംഗ്സ് എന്നിവ നീക്കം ചെയ്യണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക.

79. കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി ക്ലോറിനേഷൻ അടക്കമുള്ള ജല ശുചീകരണ നടപടികൾപൂർത്തിയാക്കണം. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക.

80. സ്കൂളിലേയ്ക്കുള്ള വഴി, പരിസരം എന്നിവിടങ്ങളിലെ അപകടാവസ്ഥയിൽ നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ, വൈദ്യുത

കമ്പികൾ എന്നിവ ഒഴിവാക്കണം എന്ന് കെ.എസ്.ഇ.ബിയോട് നിർദേശിക്കുക




81. സ്കൂൾ ബസ്സുകൾ, സ്കൂളിൽ കുട്ടികളെ എത്തിക്കുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്ന് ഗതാഗത വകുപ്പിനോട് നിർദേശിക്കുക.
82. സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകണം എന്ന് പോലീസിനോട് നിർദേശിക്കുക.
83. ദുരന്ത പ്രതികരണത്തിന് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മതിയായ പരിശീലനം ലഭ്യമാക്കണം. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി മോക്ക് ഡ്രിൽ സംഘടിപ്പിക്കണം എന്ന് സ്കൂൾ, അഗ്നി-രക്ഷാ സേന എന്നിവരോട് നിർദേശിക്കുക. അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രം മോക്ക് ഡ്രിൽ നടത്തുക.
84. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ നടത്തണം എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് നിർദേശിക്കുക.
85. **ഉസ്കൂൾ ആപ്പ് ഉപയോഗിച്ച് എല്ലാ സ്കൂളുകളും July 30ന് മുൻപായി DM Plan പൂർത്തിയാക്കേണ്ടതാണ് (https://uschool.sdma.kerala.gov.in/).**
86. ആശുപത്രി സുരക്ഷ പരിശോധിക്കുന്നതിനുള്ള ചെക്ക് ലിസ്റ്റ് ഇവിടെ ലഭ്യമാണ്. https://sdma.kerala.gov.in/wp-content/uploads/2025/07/Hospital_Safety_Audit03072025-1.pdf. ഈ ചെക്ക് ലിസ്റ്റ് പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2025/07/Hospital_Safety_Audit_Guidance_Note_03072025-2.pdf

87. ഈ ചെക്ക് ലിസ്റ്റ് എല്ലാ ആശുപത്രികളും പരിശോധിച്ച് പൂരിപ്പിച്ച് ഒപ്പിട്ട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നല്കി എന്ന് ഉറപ്പ് വരുത്തുക.

88. അഗ്നി-രക്ഷാ വകുപ്പിന്റെ എൻ.ഓ.സി ഇല്ലാത്ത കെട്ടിടങ്ങൾ ആശുപത്രി നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. ദുരന്ത നിവാരണ നിയമം, Section 30 (2) (xxiii) പ്രകാരം ഇതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുക. പ്രസ്തുത നിർദ്ദേശം അനുസരിക്കാത്തവർ ദുരന്ത നിവാരണ നിയമം, Section 51 (b) പ്രകാരം ശിക്ഷയ്ക്ക് വിധേയരാകും എന്നത് വ്യക്തമാക്കുക.

89. ആശുപത്രികളിൽ വൈദ്യുത ലഭ്യത തടസ്സമില്ലാതെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനായി പ്രധാന ആശുപത്രികളിൽ ജനറേറ്ററുകൾ പ്രവർത്തിക്കുണ്ട് എന്ന് ഉറപ്പ് വരുത്തണം.

90. വൈദ്യുത ബന്ധത്തിൽ തകരാറുകൾ വരുന്ന മുറക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താനുള്ള തയ്യാറെടുപ്പുകൾ, ആവശ്യമായ ടാസ്ക് ഫോഴ്സുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി മുൻകൂട്ടി സജ്ജമാക്കി നിർത്തണം.

91. സംസ്ഥാനത്തെ ആശുപത്രികളിൽ വൈദ്യുതി മുടങ്ങുന്നില്ലെന്ന് വൈദ്യുത വകുപ്പുമായും ആരോഗ്യ വകുപ്പുമായും ചേർന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഉറപ്പാക്കണം.

92. ജില്ലാ തലത്തിൽ വിവിധ വകുപ്പുകൾക്കായി നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 30 (2) (v) പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിർദ്ദേശമായി പുറപ്പെടുവിക്കുക. നിർദ്ദേശങ്ങൾ അനുസരിക്കാത്ത ഉദ്യോഗസ്ഥർ ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 51 അനുസരിച്ച് ശിക്ഷിക്കപ്പെടും എന്നതും, ഈ ശിക്ഷ വിധിക്കുവാൻ ജില്ലാ അതോറിറ്റിക്ക് അധികാരം ഉണ്ട് എന്നതും വ്യക്തമാക്കുക.

93. ദുരന്ത മേഖലയിൽ സന്നദ്ധ പ്രവർത്തനത്തിന് മുന്നിട്ട് വരുന്ന അംഗീകൃത സന്നദ്ധ സംഘടനകൾ, സുമനസ്ക്കർ എന്നിവരെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുക, അവർക്ക്

നേതൃത്വം നൽകുക. ദുരന്ത ശേഷം, ദുരിതാശ്വാസ വിതരണത്തിനും, ദുരന്ത ബാധിത മേഖലകൾ വൃത്തിയാക്കുന്നതിനും ഇവരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. ഇതിനായി ഇന്റർ എജെൻസി ഗ്രൂപ്പ് രൂപീകരിക്കുക.

94. ദുരന്തസമയങ്ങളിൽ സന്നദ്ധപ്രവർത്തകരുടെയും, എൻ.ജി.ഓകളുടെയും സഹായം അഭിവാജ്യഘടകമാണ്. ഇതിനായി ജില്ലാ തലത്തിൽ ഏകോപനത്തിനായി ഐ.എ.ജി കൺവീനറെ ചുമതലപ്പെടുത്തുക.

95. ദുരന്ത നിവാരണ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഓകൾ പ്രവർത്തനാനുമതിക്കായി ജില്ലാ അതോറിറ്റിയെ സമീപിക്കുന്ന സാഹചര്യത്തിൽ ഓരോ എൻ.ജി.ഓയുടെയും അവരവരുടെ പ്രവർത്തനമേഖലയിലെ പ്രവർത്തി പരിചയം, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ രജിസ്ട്രേഷൻ ഉണ്ടോ, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ, ദർപ്പൻ പോർട്ടലിൽ രജിസ്ട്രഷേൻ ഉണ്ടോ എന്നിവ പരിശോധിക്കുക.

96. ദുരന്ത നിവാരണ മേഖലയിൽ പ്രവർത്തനം അനുവദിക്കാവുന്ന എൻ.ജി.ഓ ആണെന്ന് ജില്ലാ അതോറിറ്റി നിർണ്ണയിക്കുന്നവരെ ചേർത്ത് ഇന്റർ ഏജെൻസി ഗ്രൂപ്പുകൾ നിർണയിച്ച് ദുരന്ത നിവാരണ നിയമം 2005, Section 30 (2) (xix) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുക. നിലവിൽ ജില്ലകളിൽ പ്രവർത്തിക്കുന്ന ഇന്റർ ഏജെൻസി ഗ്രൂപ്പുകളുടെ വിവരം ഇവിടെ https://sdma.kerala.gov.in/interagency1/ ലഭ്യമാണ്; മാറ്റം ആവശ്യമാണ് എങ്കിൽ അവ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും, സംസ്ഥാന അതോറിറ്റിയെ അറിയിക്കുകയും ചെയ്യുക.

97. ദർപ്പൻ പോർട്ടലിൽ (https://ngodarpan.gov.in/) രജിസ്ട്രഷേൻ ഇല്ലാത്ത എൻ.ജി.ഓ/സി.ബി.ഒകളെ ദർപ്പൻ പോർട്ടലിൽ രജിസ്ട്രഷേൻ ലഭിക്കുന്നത് വരെ ഇന്റർ ഏജെൻസി ഗ്രൂപ്പിലെ ഭരവാഹികൾ (Convenor, Executive Committee Members എന്നിവ) ആക്കരുത്.

98. രക്ഷാപ്രവർത്തനത്തിനായി അഗ്നി-രക്ഷാ വകുപ്പിനോട് ചേർന്ന് പ്രവർത്തിക്കുവാൻ സിവിൽ ഡിഫെൻസ്, ആപതാ മിത്ര, സന്നദ്ധ സേന

എന്നീ സന്നദ്ധ സേവകർ വിദഗ്ദ്ധ പരിശീലനം ലഭിച്ചവരായി ലഭ്യമാണ്. ഇവരുടെ സേവനം അഗ്നി-രക്ഷാ വകുപ്പിലൂടെ ആവശ്യാനുസരണം വിനിയോഗിക്കുക. ജില്ലാ തലത്തിൽ ഇത്തരം സന്നദ്ധ സേവകരെ ഏകോപ്പിക്കുന്ന ചുമതല ജില്ല അഗ്നി-രക്ഷാ ഓഫീസർക്ക് ആയിരിക്കും.

99. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും എമർജൻസി റെസ്പോൺസ് ടീം രൂപീകരിച്ചു എന്ന് ഉറപ്പു വരുത്തുക. അവരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ക്രോഡീകരിച്ചു സൂക്ഷിക്കുക, അവർക്കാവശ്യമായ പരിശീലനം നൽകി എന്ന് ഉറപ്പാക്കുക.

100. തദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല ശുചിത്വം ഉറപ്പ് വരുത്തുവാൻ ആവശ്യമായ ഉപകരണങ്ങളും, പമ്പുകളും, ക്ലോറിൻ, ബ്ലീച്ചിങ് പൌഡർ, മറ്റ് ആവശ്യമായ ശുചീകരണ രാസപദാർത്ഥങ്ങൾ എന്നിവ സംഭരിച്ചു എന്ന് ഉറപ്പ് വരുത്തുക.

101. മഴവെള്ള സംഭരണം ഉറപ്പുവരുത്തുവാൻ എല്ലാ വകുപ്പുകളോടും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുക. തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഈ വിഷയത്തിൽ പുറപ്പെടുവിച്ച Proceedings No. H2/E/162507/19 (1) dated 1-03-2019 എന്ന ഉത്തരവ് സവിശേഷ ശ്രദ്ധയ്ക്കായി 4അം അനുബന്ധമായി ചേർക്കുന്നു.

102. എല്ലാ വകുപ്പുകൾക്കും GO (Ms) No. 6/2023/DMD dated 18-6-2023, GO (Ms) No. 1/2025/DMD dated 9-1-2025 എന്ന ഉത്തരവുകളുടെ കോപ്പി നൽകുകയും, ഓരോ ദുരന്തത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മാനദണ്ഡപ്രകാരം അനുവദനീയമായ തുക എത്ര എന്നും വ്യക്തമായി മനസ്സിലാക്കുവാൻ നിർദ്ദേശം നൽകുക.

103. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ദുരിതാശ്വാസ സഹായം എത്തിയാൽ അവ എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും ഏറ്റെടുത്ത് ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും വിതരണം ചെയ്യുവാൻ ആവശ്യമായ സംവിധാനം സൃഷ്ടിക്കുക. ജില്ലാ തല ദുരിതാശ്വാസ ശേഖരണ-വിതരണ കേന്ദ്രവും, താലൂക്ക് തല ദുരിതാശ്വാസ ശേഖരണ-വിതരണ കേന്ദ്രവും ആക്കുവാൻ ഉതകുന്ന

കെട്ടിടങ്ങൾ കണ്ടെത്തി ഇവ അടിയന്തിരഘട്ടത്തിൽ ഉപയോഗപ്പെടുത്തുവാൻ പ്രസ്തുത കെട്ടിടങ്ങളുടെ ഉടമസ്ഥരുമായി ധാരണയിൽ എത്തുകയും, വാടക റേറ്റ് കോൺട്രാക്റ്റ് പ്രകാരം നിർണ്ണയിക്കുകയും ചെയ്യുക.

104. ഓരോ തലത്തിലെയും ശേഖരണ-വിതരണ കേന്ദ്രത്തിന്റെ ചുമതല ജില്ലാ കളക്ടർ നിർണയിക്കുന്ന വകുപ്പിലെ ഉദ്യോഗസ്ഥർക്കായിരിക്കും. ഇതിനായി ദുരന്ത നിവാരണ നിയമം അനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുക.

105. സംഭരണ കേന്ദ്രങ്ങളുടെ വിവരവും ഓരോ കേന്ദ്രത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും, മൊബൈൽ നമ്പറും ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക.

106. രാജ്യാന്തര സഹായം ലഭ്യമാകുന്ന അവസരത്തിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എയർപോർട്ടിൽ ഇത്തരം സഹായം ജില്ലാ കളക്ടർ മാത്രമേ സ്വീകരിക്കാവൂ. ഇവ എത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ എന്തെല്ലാം വസ്തുക്കൾ ആണ് സഹായമായി ലഭിക്കുന്നത് എന്നും, ഇവ വിതരണം ചെയ്യുവാൻ വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ താല്പര്യപ്പെടുന്ന സ്ഥലം ഏതെന്നും കാണിച്ച് ഇവ വന്നെത്തുന്ന എയർപോർട്ട് ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ കളക്ടർക്ക് വെള്ള പേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയും, വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ താല്പര്യപ്പെടുന്ന സ്ഥലത്തെ ദുരിതാശ്വാസ ആവശ്യകതയും പരിഗണിച്ച് എവിടെ വിതരണം ചെയ്യണം എന്ന് ജില്ലാ കളക്ടർ തീരുമാനിക്കുക.

107. ദുരന്ത ബാധിതർക്ക് പരാതി പരിഹാരത്തിനായി GO (Rt) No. 627/2018/DMD dated 22-11-2018 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സംവിധാനം നടപ്പാക്കുക.

108. ജില്ലകളിൽ ഉള്ള ബോട്ടുകളുടെയും, വള്ളങ്ങളുടെയും വിവരങ്ങൾ, ഉടമകളുടെ പേരും, ബോട്ട് ലഭ്യമായ സ്ഥലവും, മൊബൈൽ നമ്പറും

സഹിതം പട്ടികപ്പെടുത്തി ജൂൺ 15ന് മുൻപ് ലഭ്യമാക്കുവാൻ ജലഗതാഗത വകുപ്പിനോടും, ടൂറിസം വകുപ്പിനോടും ആവശ്യപ്പെടുക.

109. കുട്ടനാടൻ മേഖലയിലും മറ്റും പ്രളയ സാഹചര്യത്തിൽ ഒറ്റപ്പെട്ട് പോകുന്ന പ്രദേശത്തെ ജനങ്ങൾക്ക് ദൈനംദിന കൃത്യങ്ങൾ നിർവഹിക്കുവാൻ സ്വന്തം ശുചിമുറികൾ ഉപയോഗിക്കുവാൻ സാധിക്കില്ല. ഇത്തരം സാഹചര്യത്തിൽ ബയോ/കെമിക്കൽ ശുചിമുറികൾ ഉള്ള ബോട്ടുകൾ ഓരോ കരകളിലും എത്തിച്ച് ജനങ്ങൾക്ക് സൗകര്യം ചെയ്ത് നൽകേണ്ടതുണ്ട്. ഇതിനായി ബോട്ട് ഉടമകളുമായി ചർച്ച നടത്തുകയും കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുവാൻ ജലഗതാഗത വകുപ്പിന് നിർദ്ദേശം നൽകുക.

110. ബയോ ശുചിമുറികൾ, കെമിക്കൽ ശുചിമുറികൾ എന്നിവയ്ക്കായി കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ നൽകിയിട്ടുണ്ട്.

111. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലും, തൃശൂർ കോൾ നിലങ്ങളുടെ പരിസരത്തും ആവശ്യമെങ്കിൽ മുൻകൂട്ടി ബയോ ശുചിമുറികൾ, കെമിക്കൽ ശുചിമുറികൾ എന്നിവ വിന്യസിക്കുക. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തീരുമാനത്തിന് വിധേയമായി 2245-02-101-94-Flood-Other items എന്ന ശീർഷകത്തിൽ നിന്നും ഇതിനായി തുക വഹിക്കാവുന്നതാണ്.

112. **ആലപ്പുഴ ജില്ലയിൽ** ഡി.ഡി.എം.എയുടെ നിയന്ത്രണത്തിൽ സൂക്ഷിച്ചിരിക്കുന്ന അതിശക്തമായ 5 (UK Pumps) പമ്പുകളും,

ജലസേചന വകുപ്പിന്റെ കൈവശം ഉള്ള അതിശക്തമായ പമ്പുകളും പ്രവർത്തനക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തി എന്നും ഇവ അടിയന്തിരമായി വിവിധ സ്ഥലങ്ങളിൽ വിന്യസിക്കുവാൻ ആവശ്യമായ എണ്ണം ക്രെയിൻ, വാഹനങ്ങൾ എന്നിവയ്ക്ക് ജൂൺ 15 മുൻപ് തന്നെ കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിച്ചു എന്നും ഉറപ്പ് വരുത്തുക. ഇവ ജില്ലയിൽ വിന്യസിക്കേണ്ട ആവശ്യം വന്നാൽ കൃഷി വകുപ്പും, ജലസേചന വകുപ്പും, പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് മുൻഗണന നിശ്ചയിച്ച് തീരുമാനം കൈക്കൊള്ളുക. മറ്റ് ജില്ലകളിലേക്ക് മാറ്റുന്നത് അനുവദിക്കുന്ന അവസരത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക. ഈ പമ്പുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന് H/A 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്നും ആവശ്യമായ തുക ആലപ്പുഴ ഡി.ഡി.എം.എക്ക് ചെലവഴിക്കാവുന്നതാണ്. ഇതിനായി പ്രത്യേകം സർക്കാർ അനുമതിക്ക് ആവശ്യപ്പെടേണ്ടതില്ല.

113. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത വസ്തുവകകളുടെയും വാടകയോ, ചെലവോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിക്കുന്നത് ഒഴിവാക്കുക.

114. ബണ്ട് സംരക്ഷണം, കടൽ/പുഴ/കനാൽ തീരത്തെ വീട് സംരക്ഷണം എന്നിവ ആവശ്യമായി വരികയാണെങ്കിൽ, തദ്ദേശ സ്ഥാപനത്തിനും, ജലസേചന വകുപ്പിനും, കൃഷി വകുപ്പിനും സ്വന്തമായി ഈ പ്രവർത്തിക്ക് പണം ലഭ്യമല്ല എങ്കിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ, മണൽ ബണ്ട്കളോ (മണൽ വാടാ), പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ബണ്ടുകളോ ഇടുന്ന പ്രവർത്തികൾക്ക് ഒരു പഞ്ചായത്തിൽ പരമാവധി നാല് ലക്ഷം രൂപ, മുനിസിപ്പാലിറ്റിയിൽ അഞ്ച് ലക്ഷം രൂപ, കോർപ്പറേഷനിൽ ഏഴ് ലക്ഷം രൂപ വരെ 2245-02-101-94-Flood-Other itemsൽ നിന്നും

വഹിക്കാവുന്നതാണ്. പ്രവർത്തികൾക്ക് തഹസിൽദാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ എന്നത് പരിശോധിച്ച് മാത്രം ബില്ലുകൾ അനുവദിക്കുക.

115. ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളിൽ ശേഖരിച്ചിട്ടുള്ള അപകടകരമായ രാസപദാർത്ഥങ്ങൾ ഏതെല്ലാം, എത്ര വീതം എന്നത് പട്ടികപ്പെടുത്തി ആരോഗ്യ വകുപ്പിനും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ജൂൺ 15ന് മുൻപ് നൽകുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുക. ഈ രാസപദാർത്ഥങ്ങൾ ജലത്തിലോ, മണ്ണിലോ, വായുവിലോ കലർന്ന് മനുഷ ജീവനും, മൃഗങ്ങളുടെ ജീവനും അപകടകരം ആയാൽ അവ പ്രതിരോധിക്കുന്ന രീതികൾ, മരുന്നുകൾ എന്നിവ ഏതെല്ലാം എന്ന് ആരോഗ്യ വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ് എന്നിവർ ചേർന്ന് പ്രസിദ്ധീകരിക്കുക.

116. ദുരന്ത സാഹചര്യത്തിൽ, ദുരന്ത ബാധിത പ്രദേശത്ത് തകർച്ച നേരിട്ട ഒപ്റ്റിക്കൽ ഫൈബർ ലൈനുകൾ, ടവറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് Deputy Director General, Technology, Dept. of Telecom, Kerala LSA, Ernakulam അനുമതി നൽകുന്ന Telecommunications Service Providers, Mobile Companies എന്നിവർക്ക് അനുമതി നൽകുക.

117. ദുരന്ത സാഹചര്യത്തിൽ, ദുരന്ത ബാധിത പ്രദേശത്ത് തകർച്ച നേരിട്ട ഒപ്റ്റിക്കൽ ഫൈബർ ലൈനുകൾ, ടവറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് പ്രദേശം അറിയുന്ന ഡ്രൈവർമാരുടെ സേവനം ആവശ്യമായി വന്നാൽ Telecommunications Service Providers, Mobile Companies എന്നിവർക്ക് പോലീസ് മുഖാന്തരം അത്തരം സഹായം നല്കുക.

118. ദുരന്ത സാഹചര്യത്തിൽ, ദുരന്ത ബാധിത പ്രദേശത്ത് തകർച്ച നേരിട്ട ഒപ്റ്റിക്കൽ ഫൈബർ ലൈനുകൾ, ടവറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി പ്രത്യേകം സഹായം Telecommunications Service Providers, Mobile Companies എന്നിവർക്ക് നല്കണം എന്ന് നിർദേശിക്കുക.

119. കിടപ്പ് രോഗികളായവർക്കും ഭിന്ന ശേഷിക്കാർക്കും പ്രത്യേക വാഹന സൗകര്യങ്ങൾ ഒരുക്കണം. വെള്ളം കയറുന്ന സാഹചര്യത്തിൽ ഉപയോഗിക്കാൻ പറ്റുന്ന വിധത്തിൽ തറയിൽ നിന്നും കൂടുതൽ ഉയരമുള്ള വാഹനങ്ങൾ ആയിരിക്കണം കണ്ടെത്തേണ്ടത്. ആംബുലൻസുകളായി ഉപയോഗിക്കാൻ കഴിയുന്ന വാഹനങ്ങളും കണ്ടെത്തി വിവരം സൂക്ഷിക്കണം.

120. പ്ലാൻറ്റേഷൻ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരുടെ വിവരങ്ങൾ ശേഖരിക്കുക. ഇത്തരം സ്ഥലങ്ങളിലെ കണക്റ്റിവിറ്റി, വൈദ്യുതി എന്നിവ കൂടി ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സ്ഥലങ്ങളുടെ വിവരശേഖരണവും site ലെവൽ ഇൻസ്പെക്ഷനും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തി എന്ന് ഉറപ്പ് വരുത്തുക

121. പ്ലാൻറ്റേഷൻ പ്രദേശങ്ങളിൽ KSEB/BSNL/JIO/AIRTEL/VI എന്നിവരുമായി സഹകരിച്ച് നിരന്തര വിവര സംവേദന സംവിധാനം ഉറപ്പ് വരുത്തുക

122. പ്ലാൻറ്റേഷൻ പ്രദേശങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ JCB, Electric Cutter, കയറുകൾ, അടിയന്തിര ആവശ്യത്തിനുള്ള മരുന്നുകൾ, ASKA Light എന്നീ സംവിധാനങ്ങൾ തൊഴിൽ വകുപ്പ് ഉറപ്പ് വരുത്തി എന്ന് ഉറപ്പാക്കുക

123. നിലവിലുള്ള മുഴുവൻ തോട്ടംതൊഴിലാളി വാസകേന്ദ്രങ്ങളുടെയും ഭൂപടങ്ങളും ആവശ്യമുള്ളയിടങ്ങളിൽ ഒഴിപ്പിക്കൽ പ്ലാനുകളും തൊഴിൽ വകുപ്പ് തയ്യാറാക്കി എന്ന് ഉറപ്പ് വരുത്തുക

124. മുഴുവൻ വാസസ്ഥലങ്ങളുടെയും ദോഷപൂർണ്ണത (Vulnerability) നിർണ്ണയിക്കുകയും അതിൽ നിന്ന് വൾനറബിൾ ആയ കുടുംബങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിക്ക് തൊഴിൽ വകുപ്പ് രൂപം നൽകി എന്ന് ഉറപ്പ് വരുത്തുക

125. തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയറുടെ സഹായത്തോടെ തോട്ടങ്ങളിലെ ലയങ്ങളുടെ ഫിറ്റ്നെസ്സ് പരിശോധിക്കുകയും ഫിറ്റ്നെസ്സ് ഇല്ലാത്ത ലയങ്ങളിൽ തൊഴിലാളികളെ താമസിപ്പിക്കുന്നില്ല എന്നും തൊഴിൽ വകുപ്പ് ഉറപ്പ് വരുത്തി എന്ന് ഉറപ്പാക്കുക

126. ഒറ്റപ്പെട്ട ലയങ്ങളോട് അടുത്ത് അടിയന്തിരമായി ക്യാമ്പുകൾ ആരംഭിക്കുവാൻ അവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും, അവിടങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ തൊഴിൽ വകുപ്പ് ഉറപ്പ് വരുത്തി എന്ന് ഉറപ്പാക്കുകയും ചെയ്യുക

127. മഴക്കാലത്ത് നടത്തുന്ന എല്ലാ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് 30-4-2027ന് മുൻപായി പരിഗണിച്ച് അംഗീകരിച്ച്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കണം. ഈ പ്രവർത്തിക്കായി വിവര-പൊതുജന സമ്പർക്ക വകുപ്പിനെ ചുമതലപ്പെടുത്തുക.

128. റോഡിൽ പണിനടക്കുന്നയിടങ്ങളിൽ സുരക്ഷാബോർഡുകൾ ഉറപ്പാക്കണം. റോഡിലുള്ള കുഴികൾ അടക്കാനുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കണം. കുഴികളും മറ്റും രൂപം കൊണ്ട സ്ഥലങ്ങളിൽ ആളുകൾക്ക് അപകടം പറ്റാതിരിക്കാൻ മുന്നറിയിപ്പ്ബോർഡുകൾ വെക്കണം.

129. വന ഭൂമിയിലും പൊതു ഇടങ്ങളിലും ഉള്ള വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അപകടസാധ്യത മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കണം. മലവെള്ളപ്പാച്ചിൽ ഉണ്ടാവാൻ ഇടയുള്ള ജലാശയങ്ങളിൽ സുരക്ഷാമുന്നറിയിപ്പ് നൽകാൻ ആവശ്യമായ സംവിധാനം ഒരുക്കണം. ഇത്തരം കേന്ദ്രങ്ങളിൽ ടൂറിസം/വനം വകുപ്പ് ഗാർഡ്മാർക്ക് അടിയന്തിരബന്ധപ്പെടലുകൾക്കായി ഹാം റേഡിയോ ഓപ്പറേറ്റർമാരെ ഉൾപ്പെടുത്തി ആവശ്യമായ സജീകരണം ഒരുക്കി നല്കുക.

130. അതാത് ജില്ലയിലെ എയർപോർട്ട്കളിൽ നിന്നും ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുവാൻ എയർപോർട്ട് മാനേജർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി ആവശ്യപ്പെടുക. പ്രസ്തുത വ്യക്തിയുടെ പേരും, മൊബൈൽ നംബർ, ഇമെയിൽ എന്നിവ ജില്ല ദുരന്ത നിവാരണ അതോറിറ്റിയിൽ സൂക്ഷിക്കുക. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും ലഭ്യമാക്കുക. ദുരന്ത സാഹചര്യങ്ങളിൽ എയർപോർട്ടിൽ ദുരന്ത

നിവാരണ പ്രവർത്തനങ്ങൾക്കുള്ള വിമാനങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട് എന്ന നിർദേശം നൽകുക.

131. അപകട മുങ്ങിമരണ പ്രതികരണത്തിന് (അംഗീകൃത ദുരന്തങ്ങളിൽ അല്ലാതെ ഉള്ള മുങ്ങിമരണങ്ങൾ) നേവി, കോസ്റ്റ് ഗാർഡ് എന്നിവരെ ചുവടെ ചേർക്കുന്ന വിലാസത്തിൽ അനുബന്ധം 15 ആയി നൽകിയിരിക്കുന്ന ഫോർമാറ്റിൽ ഇമെയിൽ അയയ്ക്കുക The Naval Officer-in-Charge, Joint Operations Centre, Kochi. Email: sncoicjocnavy@nic.in. സംസ്ഥാന ഇ.ഓ.സിക്ക് അംഗീകൃത ദുരന്തങ്ങളിൽ മാത്രമേ കേന്ദ്ര സേനകളുടെ സഹായം തേടുവാൻ സാധിക്കൂ.

132. അംഗീകൃത ദുരന്തങ്ങൾ (അംഗീകൃത ദുരന്തങ്ങൾ: https://sdma.kerala.gov.in/notified-disasters/) അല്ലാത്തവയുടെ പ്രതികരണത്തിന് നേവി, കോസ്റ്റ് ഗാർഡ്, എയർ ഫോഴ്സ്, ദേശീയ ദുരന്ത പ്രതികരണ സേന, അഗ്നി-രക്ഷാ സേന, സിവിൽ ഡിഫൻസ്, ആപതാ മിത്ര, ടീം കേരള എന്നിവരെ ഉപയോഗിക്കുന്നതിന് വരുന്ന ചെലവ് 2245-80-800-80-OMRE എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കണം.

133. ഇന്ത്യൻ റെയിൽവെയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളുടെ ദുരന്ത നിവാരണ പദ്ധതികൾ ഇവിടെ ലഭിക്കും https://sdma.kerala.gov.in/departmental-dm-plan/. പ്രസ്തുത പദ്ധതികളിൽ, വലിയ അപകടങ്ങളിലും, ദുരന്തങ്ങളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി റെയിൽവേക്ക് നൽകേണ്ട സഹായം എന്തെല്ലാം എന്നത് പരിശോധിച്ച് പ്രസ്തുത സഹായം നൽകുവാൻ തയ്യാറാകുക. പാലക്കാട് ഡിവിഷൻ സീനിയർ സേഫ്റ്റി മാനേജരുടെ നംബർ 9746763926. തിരുവനന്തപുരം ഡിവിഷൻ സീനിയർ സേഫ്റ്റി മാനേജരുടെ നംബർ 9746769990.

134. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ മാനസികാരോഗ്യ പ്രോഗ്രാമും ചേർന്ന് ജില്ലയിലെ മാനസികാരോഗ്യ ദുർബലത സംബന്ധിച്ചും ഈ മേഖലയിലെ ജില്ലയിലെ സംവിധാനങ്ങളുടെ ശേഷി സംബന്ധിച്ചും അസ്സസ്മെന്റ് നടത്തണം. ഇത് ആരോഗ്യവകുപ്പിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും സമർപ്പിക്കണം.

135. ജില്ലാ മാനസികാരോഗ്യ പ്രോഗ്രാമും ആരോഗ്യവകുപ്പുമായും സഹകരിച്ച് ദുരിതബാധിതർക്കും ദുരിതാശ്വാസ ക്യാമ്പുകളിലും മാനസികാരോഗ്യ സേവനം ഉറപ്പ് വരുത്തണം. ഇതിനായി ജില്ലാ മനസികാരോഗ്യ പ്രോഗ്രാം, കുടുംബശ്രീ, ആരോഗ്യ വകുപ്പ്, മറ്റ് വകുപ്പുകളിലെ ഔദ്യോഗിക കൗൺസിലർമാരുടെ ഒരു പാനൽ എല്ലാ ജില്ലയിലും മുൻകൂട്ടി തയ്യാറാക്കി വെക്കേണ്ടതാണ്. ഇവർക്ക് ദുരിതബാധിതരെ/ദുരിതാശ്വാസ ക്യാമ്പുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായ പരിശീലനം നൽകേണ്ടതുമാണ്. ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം/ആരോഗ്യ വകുപ്പ് നിശ്ചയിക്കുന്ന നോഡൽ ഓഫിസർ (DMHP) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ പ്രസ്തുത പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

136. വലിയ വ്യാപ്തിയിലുള്ള ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സന്നദ്ധ പ്രവർത്തകരായെത്തുന്നവരും വിവിധ സംഘടനകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ച് മാനസികാരോഗ്യ പ്രഥമശുശ്രൂഷ പ്രവർത്തനങ്ങൾക്കെത്തുന്നവരും മതിയായ യോഗ്യതയുള്ളവരാണ് എന്ന് ഉറപ്പാക്കണം. യോഗ്യത ഉള്ളവരാണെങ്കിൽ കൂടിയും ദുരിതാശ്വാസ ക്യാമ്പുകൾ/ദുരിതബാധിതരെ കൈകാര്യം ചെയ്യാൻ ആവശ്യമായ പ്രത്യേക പരിശീലനം (Orientation) ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ നൽകിയ ശേഷം മാത്രമേ ഇവരെ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത്തരത്തിൽ മാനസികാരോഗ്യ പ്രഥമശുശ്രൂഷ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നവരുടെ വിവര ശേഖരണം നടത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കാൻ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിനോട് നിർദേശിക്കുക.

137. ദുരിതാശ്വാസ ക്യാമ്പുകളിൽ/ദുരിതബാധിതർക്ക് മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുമ്പോൾ നിർബന്ധമായും അവരുടെ വിവരങ്ങൾ രേഖപ്പെടുത്തി ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം വഴി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണ്. തുടർചികിത്സ ആവശ്യമായവർക്ക് അതിനായുള്ള സൗകര്യങ്ങൾ ജില്ലാ മെന്റൽ

ഹെൽത്ത് പ്രോഗ്രാം ചെയ്ത് നൽകേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലയിലെ വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വിവരങ്ങൾ കൈമാറണം.

138. ബഹു. ഹൈക്കോടതിയുടെ നിർദേശം അനുസരിച്ച് നിർമ്മിതികൾ നടത്തുവാൻ പദ്ധതികൾ മുന്നോട്ട് വയ്ക്കുന്ന വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപോർട്ടിൽ തന്നെ Govt. Circular Number DMB1/82/2023/DMD dated 18-12-2023 (http://sdma.kerala.gov.in/wp-content/uploads/2024/01/Circular-DMB1-82-Natural-Disaster-Impact-Assessment-Checklist.pdf) പ്രകാരം ദുരന്ത ലഘൂകരണ അവലോകനം നടത്തി സ്വയം സാക്ഷ്യപ്പെടുത്തി പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപോർട്ടിൽ ചേർക്കേണ്ടതാണ്. ഇത്തരം സ്വയം സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടത് അതാത് വകുപ്പുകളുടെയും, തദ്ദേശ സ്ഥാപനങ്ങളുടെയും മാത്രം ചുമതല ആണ്.

139. WP (C) No. 15709 of 2021 എന്ന കേസിലും ബന്ധപ്പെട്ട മറ്റ് കേസുകളിലും, ബഹു. ഹൈക്കോടതി വിധി പ്രകാരം ദുരന്ത നിവാരണ നിയമം Section 26 (2) പ്രകാരമുള്ള അധികാരം ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് ഉപയോഗിക്കാൻ 'അടിയന്തര സാഹചര്യം' വേണം. കൂടാതെ Section 30, 33, 34 എന്നിവയിൽ പറയുന്ന അധികാരങ്ങൾ ജില്ല അതോറിറ്റിയുടെ അധികാരങ്ങളാണ്, അതിനാൽ അതിന്റെ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് ഒറ്റയ്ക്ക് ഈ അധികാരങ്ങൾ പ്രയോഗിക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്.

140. 3-6-2025ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ, ചീഫ് സെക്രട്ടറി അധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ട 4ലെ തീരുമാന പ്രകാരം പരിസ്ഥിതി ആഘാത നിർണ്ണയ പഠനത്തിന്റെ (Environment Impact Assessment) ഭാഗമായി, പദ്ധതി മുന്നോട്ട് വയ്ക്കുന്ന സ്ഥാപനം/വ്യക്തി പരിസ്ഥിതി ആഘാത നിർണ്ണയ പഠനം നടത്തുന്ന ഏജൻസിയിലൂടെ പദ്ധതി മൂലം പരിസ്ഥിതിക്ക് ഉണ്ടാകാവുന്ന

ദോഷകരമായ സ്വാധീനങ്ങൾ - ദുരന്ത സാധ്യതകൾ ഉൾപ്പടെ - പരിശോധിക്കേണ്ടതുണ്ട്. ഇത്തരം സാധ്യതകൾ എങ്ങനെ ലഘൂകരിക്കാം എന്ന് പരിസ്ഥിതി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി (Environment Management Plan) നിർദേശിക്കുകയും, പദ്ധതി മുന്നോട്ട് വയ്ക്കുന്ന സ്ഥാപനം/വ്യക്തി നടപ്പിലാക്കുകയും ചെയ്യണം എന്ന് നിലവിലുള്ള നിയമങ്ങളും മാർഗനിർദ്ദേശങ്ങളും പറയുന്നു. EIAയും EMPയും വിലയിരുത്തി അനുമതി നൽകാനുള്ള നിയമപരമായ അധികാരം പരിസ്ഥിതി, വന, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനാണ്. DDMAക്കും SDMAക്കും EIAയിലോ EMPയിലോ വിധി പറയാനും അനുമതി നൽകാനും നിയമപരമായ അധികാരമില്ല.

141. വീട്/കെട്ടിട നിർമ്മാണ അനുമതി, റോഡ്/റെയിൽ/ടവർ/വൈദ്യുത ലൈൻ നിർമ്മാണ അനുമതി, ടണൽ നിർമ്മാണ അനുമതി, പാറമടകൾക്കുള്ള അനുമതി, മറ്റ് ധാതുക്കളുടെ ഖനന അനുമതികൾ, വീടും/കെട്ടിടങ്ങളും/മറ്റ് എടുപ്പുകൾ നിർമ്മിക്കുന്നതിനായി മണ്ണ്/പാറ എന്നിവ മാറ്റുന്നതിനുള്ള അനുമതി എന്നിവ സംബന്ധിച്ച പരാതികൾ ലഭിച്ചാൽ സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അതാത് വകുപ്പുകൾക്ക്/അധികാരികൾക്ക്/സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് തുടർ നടപടികൾക്കായി നൽകുക. പ്രസ്തുത വകുപ്പുകൾക്ക് പരിശോധന നടത്തുവാൻ അഭ്യന്തരമായി സാങ്കേതിക പരിമിതി ഉണ്ടെങ്കിൽ പ്രസ്തുത വകുപ്പ് IITകൾ, NITകൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഉള്ള ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി പരിശോധന നടത്തി പ്രസ്തുത പരിശോധനയുടെ വെളിച്ചത്തിൽ തീരുമാനം വകുപ്പിനുള്ളിൽ സ്വീകരിക്കുക. ആയതിനായി വേണ്ടിവരുന്ന ചെലവ് അതാത് വകുപ്പുകൾ ദുരന്ത നിവാരണ നിയമം 2005, Section 32 അനുസരിച്ച് സ്വയം കണ്ടെത്തുക.

142. മണ്ണെടുക്കൽ, റോഡ് നിർമ്മാണം, ക്വാറികളുടെ അനുമതി, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയോ, ജില്ലാ ഹസാർഡ് അനലിസ്റ്റ്കളുടെയോ

റിപോർട്ട്, അനുമതി എന്നിവ ദുരന്ത നിവാരണ നിയമം അനുസരിച്ച് ആവശ്യമില്ല, ഇവ നല്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ മാത്രം ചുമതലയുള്ള ജില്ലാ ഹസാർഡ് അനലിസ്റ്റ്കൾക്കും നിയമപരമായ ബാധ്യതയില്ല. ദുരന്ത ശേഷം ഉള്ള ഡെബറിസ് മാറ്റുന്നതിനാണ് ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 24 (സി) പ്രകാരം സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെയും, സെക്ഷൻ 34 (d) പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമിതികൾക്ക് മുന്നോടിയായി/അനുമതി പ്രക്രിയയുടെ ഭാഗമായി മറ്റ് നിയമങ്ങൾ അനുശാസിക്കുന്ന പ്രവർത്തനങ്ങൾ പാലിക്കുവാൻ കേന്ദ്ര നിയമത്തിന് കീഴിൽ പ്രവർത്തിക്കുന്ന ദുരന്ത നിവാരണ അതോറിറ്റികൾക്കും, അതോറിറ്റിയുടെ പ്രവർത്തനത്തിനായി മാത്രം ചുമതലപ്പെടുത്തി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും നിയമപരമായി അധികാരം ഇല്ല.

143. GO (Rt) No. 542/14/ID dated 26-5-2014 പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സമിതി അല്ല. ജില്ലാ ജിയോളൊജിസ്റ്റ് ആണ് ഈ സമിതിയുടെ കൺവീനർ. ജില്ലാ ജിയോളൊജിസ്റ്റ്ന് പരിശോധന നടത്തുവാൻ സാങ്കേതിക പരിമിതി ഉണ്ടെങ്കിൽ IITകൾ, NITകൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഉള്ള ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി പരിശോധന നടത്തി പ്രസ്തുത പരിശോധനയുടെ വെളിച്ചത്തിൽ തീരുമാനം വകുപ്പിനുള്ളിൽ സ്വീകരിക്കുകയും, GO (Rt) No. 542/14/ID dated 26-5-2014 പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതിയുടെ മുന്നിൽ അജണ്ട ആയി കൊണ്ട് വന്ന് ആവശ്യമായ തീരുമാനം കൈകൊള്ളുകയും ചെയ്യുക. ആയതിനായി വേണ്ടിവരുന്ന ചെലവ് മൈനിങ് & ജിയോളൊജി വകുപ്പ്, ദുരന്ത നിവാരണ നിയമം 2005, Section 32 അനുസരിച്ച് സ്വയം കണ്ടെത്തുക.

## 5.1 ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ശുപാർശ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ

1. ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ശുപാർശ നല്കുന്നതിന്റെ നടപടിക്രമങ്ങൾ അനുബന്ധം 14 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയോട് സ്ഥല പരിശോധന ആവശ്യപ്പെടുന്നതിന് മുൻപ് തന്നെ ജില്ലാ തലത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ഹസാർഡ് അനലിസ്റ്റ് എന്നിവർ സ്ഥല പരിശോധന നടത്തുകയും അനുബന്ധം 14ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് ലിസ്റ്റ് സംയുക്തമായി പൂരിപ്പിച്ച് തീരുമാനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.
2. ചെക്ക് ലിസ്റ്റിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉത്തരത്തിനും ബ്രാക്കറ്റിൽ ഉള്ള നമ്പർ കൂട്ടിയാൽ കിട്ടുന്ന ഏറ്റവും ചുരുങ്ങിയ സ്കോർ 20 ആണ്. ഏറ്റവും കൂടുതൽ സ്കോർ 100 ആണ്. പരിശോധനയ്ക്ക് ശേഷം പ്രസ്തുത സ്ഥലത്തിന് മൊത്തം ലഭിക്കുന്ന സ്കോർ 35ൽ താഴെ ആണെങ്കിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിക്ക് വിഷയം ശുപാർശ ചെയ്യുക.
3. ഉരുൾപൊട്ടൽ സാധ്യതകണക്കാക്കുന്ന മലയോരമേഖലയിൽ ജനങ്ങൾക്കിടയിൽ ശക്തമായ ബോധവൽക്കരണ കാമ്പയിനും പരിശീലനവും നൽകണം. ആളുകൾക്ക് അപകടസാധ്യത മനസ്സിലാക്കി ക്യാമ്പുകളിലേക്ക് സ്വയം മാറാൻ സാധിക്കുന്നതരത്തിൽ പരിശീലനം മൈനിങ് & ജിയോളൊജി, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവരുടെ സഹായത്തോടെ നടത്തണം.
4. മനുഷ്യ ഇടപെടൽ മൂലം അല്ലാതെ സ്വാഭാവിക ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനും അനുബന്ധം 14 ഉപയോഗിക്കാം.

5. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടം ഇതിനാൽ സംസ്ഥാന ദുരന്ത നിവാരണ പ്ലാനിൽ ഉൾപ്പെടുത്തുന്നു. ദേശീയ ഭൌമ ശാസ്ത്ര പഠന കേന്ദ്രം (NCESS) തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016ലെ പതിപ്പിൽ ഉൾപ്പെടുത്തിയിരുന്ന ഭൂപടത്തിന്റെ സ്ഥാനത്ത് ഇനി മുതൽ ദേശീയ നോഡൽ ഏജൻസി ആയ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടം ആയിരിക്കും ഉപയോഗപ്പെടുക (https://sdma.kerala.gov.in/hazard-maps/). പ്രസ്തുത ഭൂപടത്തിൽ ഉരുൾപൊട്ടൽ സാധ്യത പ്രദേശങ്ങളെ 3 സോണുകൾ ആയി തിരിച്ചിരിക്കുന്നു - ഹൈ (High), മോഡറേറ്റ് (Moderate), ലോ (Low) ഹസാർഡ് സോണുകൾ.

6. സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016ലെ സെക്ഷൻ 3.21.1ൽ പരാമർശിക്കുന്ന നിയന്ത്രണങ്ങൾ ബാധകമാകുന്ന പ്രദേശങ്ങൾ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടത്തിലെ ഹൈ (High), മോഡറേറ്റ് (Moderate) എന്നീ പ്രദേശങ്ങൾ ആയിരിക്കും. സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളിൽ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതാ പ്രദേശം (Landslide Pone Area/Landslide Susceptible Area) എന്ന പരാമർശം ഇനി മുതൽ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടത്തിലെ ഹൈ (High), മോഡറേറ്റ് (Moderate), ലോ (Low) ഹസാർഡ് സോണുകൾക്കുള്ളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് മാത്രം ആകും ബാധകം.

7. ഹൈ (High), മോഡറേറ്റ് (Moderate), ലോ (Low) ഹസാർഡ് സോണുകൾക്കുള്ളിൽ ഉൾപ്പെടുന്ന പ്രദേശം ആയത് കൊണ്ട് മാത്രം നിർമ്മാണപ്രവർത്തനങ്ങൾ, കെട്ടിടങ്ങളുടെ വിനിയോഗം എന്നിവ സ്ഥിരമായി തടയുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കില്ല. മഴക്കാലത്ത്, റെഡ്, ഓറഞ്ച് അലേർട്ടുകൾ ഉള്ള ദിവസങ്ങളിൽ ഇത്തരം പ്രദേശങ്ങളിലെ

നിർമ്മാണപ്രവർത്തനങ്ങൾ, കെട്ടിടങ്ങളുടെ വിനിയോഗം എന്നിവ താല്കാലികമായി റെഡ്, ഓറഞ്ച് അലേർട്ട്കൾ ഉള്ള ദിവസങ്ങളിലും, റെഡ്, ഓറഞ്ച് അലേർട്ട്കൾക്ക് 2 ദിവസം മുൻപും, രണ്ട് ദിവസം കഴിഞ്ഞും വരെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് തടയാവുന്നതാണ്.

8. ഇടുക്കി, വയനാട് ജില്ലകളിൽ ഉരുൾപൊട്ടൽ ഒഴുകി എത്താവുന്ന പ്രദേശങ്ങൾ അടയാളപ്പെടുത്തിയ, പഞ്ചായത്ത് തലത്തിലെ ഭൂപടം അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് പ്രാദേശിക ഒഴുപ്പിക്കൽ ആസൂത്രണം ചെയ്യുവാനായി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ ഭൂപടം പരീക്ഷണ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്. ഈ വർഷം വാലിഡേറ്റ് ചെയ്തശേഷം മുഖ്യധാരയിൽ പ്രസിദ്ധീകരിക്കും. ഈ ഭൂപടം അതാത് പഞ്ചായത്തുകളിൽ പഴയ സർവേ നമ്പറുകൾ കൂടി ചേർത്താണ് നല്കിയിട്ടുള്ളത്. ഉരുൾപൊട്ടൽ ഒഴുകി എത്താവുന്ന പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ സർവേ നമ്പർ അടിസ്ഥാനത്തിൽ കണ്ടെത്തി ഒഴുപ്പിച്ചാൽ എത്തിക്കേണ്ട ക്യാമ്പുകൾ, അതിലേക്കുള്ള സുരക്ഷിതമായ വഴികൾ എന്നിവ ഇവരെ അറിയിക്കണം.

## 5.2 അണകെട്ടുകളിലെയും, നദികളിലേയും ജലനിരപ്പ് നിരീക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും ജില്ലയിൽ ഉറപ്പാക്കേണ്ട സംവിധാനം

1. എല്ലാ അണക്കെട്ടുകളുടെയും റെഡ്, ഓറഞ്ച്, നീല എന്നീ അലേർട്ട് ജലനിരപ്പുകളും, റൂൾ കർവ് ബാധകമായ അണക്കെട്ടുകളിൽ അതനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ജലസേചന വകുപ്പും, കെ.എസ്.ഇ.ബിയും ജൂൺ 15ന് മുൻപ് നൽകി എന്ന് ഉറപ്പ് വരുത്തുക. ഇത്തരത്തിൽ ലഭിക്കുന്ന വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പരിഗണിച്ച് ഉചിതമായ നിർദ്ദേശങ്ങൾ സഹിതം അനുമതി നൽകി എന്ന് ഉറപ്പ് വരുത്തുക. ഈ

അംഗീകൃത പദ്ധതി അനുസരിച്ച് മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുക.

a. കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള റൂൾ കർവ്വ് നിലവിൽ 200 MCMനു മുകളിൽ ശേഷി ഉള്ള ഡാമുകളിൽ മാത്രമാണ് ജലവിതാനം ക്രമീകരിക്കേണ്ടത് എന്ന് നിർദ്ദേശം 08/10/2021 തീയതിയിലെ G.O.(Rt) No.524/2021/WRD of Water Resources (Interstate Water Cell) Department ഉത്തരവ് പ്രകാരം നിലനിൽക്കുന്നതിനാൽ, ജലസേചന വകുപ്പിന് കീഴിൽ കല്ലട, മലമ്പുഴ എന്നീ ഡാമുകളിൽ മാത്രമേ റൂൾ കർവ്വ് അനുസരിച്ച് ജലവിതാനം നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കല്ലട, മലമ്പുഴ എന്നീ ഡാമുകളിലെ ജലവിതാന നിയന്ത്രണത്തെ കുറിച്ചുള്ള മുന്നറിയിപ്പ് റൂൾ കർവും അലേർട്ട് ജലനിരപ്പുകളും അനുസരിച്ചും ബാക്കി വരുന്ന 14 ഡാമുകളിൽ Red/Orange/Blue alert ലെവലുകൾ അനുസരിച്ചും 4 barrageകളിൽ ജലനിരപ്പനുസരിച്ചും, മഴയുടെ മുന്നറിയിപ്പും നീരൊഴുക്കും നിരീക്ഷിച്ച് ഏത് സാഹചര്യങ്ങളിൽ അണക്കെട്ടുകൾ/ബാരേജുകൾ തുറക്കും എന്ന വിവരം ജൂൺ 15നു മുൻപ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകി എന്ന് ഉറപ്പു വരുത്തുക.

2. ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലേക്ക് 24 x 7 നിയോഗിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുക.

3. ജില്ലയിലെ മഴയും, ജലവും, അണക്കെട്ടിലെ ജലവും സംബന്ധിച്ച വിവരങ്ങൾ അതതു ദിവസം ക്രോഡീകരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകുവാൻ മേൽ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുക. പുഴകളിലെയും അണക്കെട്ടുകളിലെയും ജലനിരപ്പുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യം ഏതെങ്കിലും പ്രദേശത്തുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുവാനും പ്രസ്തുത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുക. അതാത് ദിവസത്തെ മഴയുടെ അളവ്, പുഴകളിലെ ജലനിരപ്പ് എന്നിവ ഒരു Excel ഫയൽ ആയി സൂക്ഷിക്കുകയും, ആയത്

അവലോകനം ചെയ്ത്, വെള്ളപ്പൊക്ക സാധ്യത ജില്ലാ അതോറിറ്റിയെ ദിവസവും അറിയിക്കുകയും ചെയ്യുക.

4. കേന്ദ്ര ജല കമ്മിഷൻ (CWC) നൽകുന്ന പ്രളയ മുന്നറിയിപ്പ് നിരീക്ഷിച്ച് ജില്ലയിലെ ഏതെല്ലാം ഭാഗത്ത് പ്രളയ സാധ്യതയുണ്ട് എന്ന് സംസ്ഥാന, ജില്ലാ ഇ.ഒ.സികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ അറിയിക്കുന്നതിന് ജില്ലയിലെ എല്ലാ ജല സേചന ഉദ്യോഗസ്ഥരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തിക്കുവാനുള്ള ചുമതലയും മേൽ ഉദ്യോഗസ്ഥന് നൽകുക.
   a. കേന്ദ്ര ജല കമ്മീഷൻ പുറപ്പെടുവിക്കുന്ന പ്രളയ മുന്നറിയിപ്പിൽ ഒരു നിശ്ചിത ദിവസം നിരീക്ഷണ സ്ഥലത്ത് മഞ്ഞ അലർട്ട് ആണെങ്കിൽ പ്രസ്തുത സ്ഥലത്തിന് താഴെ പുഴ ഒഴുകുന്ന ഓരോ പ്രദേശത്തും ജലനിരപ്പ് ഓറഞ്ച് ആലേർട്ട്, റെഡ് അലേർട്ട് എന്നീ നിലയിൽ ആയാൽ എത്ര കണ്ട് ജലം ഉയരും എന്നത് അനുമാനിച്ച് നൽകുവാൻ ജില്ല ഇ.ഓ.സിയിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും, ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുമോ എന്ന് കൂട്ടായി പരിശോധിക്കുകയും ചെയ്യുക.
   b. ജലം ഒഴുകുന്ന ജില്ലയിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പാതയിലെ എല്ലാ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാരെയും, പ്രസിഡന്റ്, ചെയർമാൻ, മേയർ, തഹസിൽദാർ, വില്ലേജ് ഓഫീസർ, എന്നിവരെയും അണക്കെട്ട് തുറക്കുവാൻ ഉള്ള സാധ്യത സംബന്ധിച്ച വിവരം അറിയിക്കുക
   c. എല്ലാ പത്ര-മാധ്യമങ്ങളെയും അറിയിക്കുക
   d. ജില്ലാ കളക്ടറുടെ സാമൂഹിക മാധ്യമത്തിൽ പ്രസിദ്ധീകരിക്കുക
   e. ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക
   f. ഓറഞ്ച് അലേർട്ട് ആയാൽ പൊതുജനങ്ങൾക്കായി മൈക്കിലൂടെ നദിയുടെയും/കായലിന്റെയും തീര പ്രദേശങ്ങളിൽ മൈക്കിലൂടെ ഉടൻ തന്നെ (രാത്രി കാലം ആണെങ്കിലും) വിളിച്ച് പറയുവാനായി

പൊലീസിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, അഗ്നി-രക്ഷാ വകുപ്പിനും നിർദ്ദേശം നൽകുക.

g. നദീ ജലം മറ്റ് ജില്ലകളിൽ ചെന്ന് എത്തും എങ്കിൽ പ്രസ്തുത ജില്ലയിലെ ജില്ലാ ഇ.ഒ.സിയെ അറിയിക്കുക

5. അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടേണ്ടുന്ന സാഹചര്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുകയാണെങ്കിൽ നീല അലേർട്ട് പുറപ്പെടുവിക്കുന്ന അവസരത്തിൽ, തുറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ **ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ** (1077ൽ) നിർബന്ധമായും അറിയിപ്പ് നൽകേണ്ടതാണ് എന്നും ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലാ കളക്ടർമാരുടെയും അനുമതിയോടെ മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടാൻ പാടുള്ളൂ എന്നും കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ജില്ലാ തലത്തിൽ ആവർത്തിക്കുക.

6. എല്ലാ പ്രധാന അണക്കെട്ടുകളുടെയും ചുവപ്പ്, ഓറഞ്ച്, നീല എന്നീ അലേർട്ട് ജലനിരപ്പുകളും, റൂൾ കർവ് ബാധകമായ അണക്കെട്ടുകൾക്ക് റുൾ കെർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 15ന് മുൻപ് നൽകി മുൻകൂർ അനുമതി വാങ്ങണം എന്നും മേൽ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ജില്ലാ തലത്തിൽ ആവർത്തിക്കുക.

7. എല്ലാ അണക്കെട്ടുകൾക്കും ചുവപ്പ്, ഓറഞ്ച്, നീല എന്നീ മൂന്നു തരം മുന്നറിയിപ്പുകൾ ഇല്ല. ഏതെല്ലാം അണക്കെട്ടുകൾക്കാണ് ഇവ ബാധകം എന്നത് പ്രത്യേകമായി ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെ അറിയിക്കണം എന്ന് അണകെട്ടുകളുടെ ഉടമസ്ഥരായ വകുപ്പുകൾക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ജില്ലാ തലത്തിൽ ആവർത്തിക്കുക.

8. ഇവയിൽ ഏതെല്ലാം അണകെട്ടുകൾക്ക് ചുവപ്പ് മുന്നറിയിപ്പ് പുറപ്പെടുവിക്കുമ്പോൾ ആണ് പൂർണ്ണമായ ഒഴിപ്പിക്കൽ നടപ്പാക്കേണ്ടത് എന്നത് ജലസേചന വകുപ്പ്, കെ.എസ്.ഇ.ബി എന്നിവരുമായി കൂടി ആലോചിച്ച് ജില്ലാ തലത്തിൽ നിർണയിക്കുക. ഈ കൂടിയാലോചന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ തല ഓഫീസർമാർ എന്നിവർ പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
9. അണകെട്ട് സംബന്ധിച്ച ഓറഞ്ച് മുന്നറിയിപ്പ് ലഭിച്ചാൽ ചുവടെ ചേർക്കുന്ന നടപടികൾ പൂർത്തീകരിച്ചു എന്ന് ഉറപ്പ് വരുത്തുക:
    a. അതാത് അണകെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലത്തിന് അനുസരിച്ച് ഓരോ പ്രദേശത്തും എത്ര കണ്ട് ജലം ഉയരും എന്നത് അനുമാനിച്ച് നൽകുവാൻ ജില്ല ഇ.ഓ.സിയിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും, ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുമോ എന്ന് കൂട്ടായി പരിശോധിക്കുകയും ചെയ്യുക.
    b. ജലം ഒഴുകുന്ന ജില്ലയിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പാതയിലെ എല്ലാ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാരെയും, പ്രസിഡന്റ്, ചെയർമാൻ, മേയർ എന്നിവരെയും അണക്കെട്ട് തുറക്കുവാൻ ഉള്ള സാധ്യത സംബന്ധിച്ച വിവരം അറിയിക്കുക
    c. എല്ലാ പത്ര-മാധ്യമങ്ങളെയും അറിയിക്കുക
    d. ജില്ലാ കളക്ടറുടെ സാമൂഹിക മാധ്യമത്തിൽ പ്രസിദ്ധീകരിക്കുക
    e. ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക
    f. തുറന്നു വിടുന്ന ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുവാൻ സാധ്യതയുണ്ടെങ്കിൽ പൊതുജനങ്ങൾക്കായി മൈക്കിലൂടെ നദിയുടെയും/കായലിന്റെയും തീര പ്രദേശങ്ങളിൽ മൈക്കിലൂടെ 12

മണിക്കൂർ മുൻപെങ്കിലും വിളിച്ച് പറയുവാനായി പൊലീസിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, അഗ്നി-രക്ഷാ വകുപ്പിനും നിർദ്ദേശം നൽകുക..

g. വൈകിട്ട് 6 മണിക്ക് ശേഷം, പകൽ 6 മണിവരെ അണക്കെട്ടിൽ നിന്നും പുതുതായി ജലം തുറന്ന് വിടുവാൻ അനുവദിക്കരുത്.

10. വേലിയേറ്റ സമയത്തെ സമുദ്ര സ്ഥിതി കൂടി INCOISന്റെ വെബ്സൈറ്റിൽ (https://incois.gov.in/site/services/pat.jsp) നിന്നും പരിശോധിച്ചിട്ട് വേണം അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടുവാൻ അനുവാദം നല്കുവാൻ. ജില്ല ഇ.ഓ.സി യിൽ നിയോഗിച്ചിടുള്ള ജലസേചന വകുപ്പ് എഞ്ചിനീയരോട് മേൽ അനുമാനം നടത്തി ശുപാർശ നല്കുവാൻ നിർദ്ദേശം നൽകുക.

11. അണകെട്ടുകൾ സംബന്ധിച്ച ചുവന്ന മുന്നറിയിപ്പ് ലഭിച്ചാൽ ഉടൻ തന്നെ അണകെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലത്തിന് അനുസരിച്ച് ഓരോ പ്രദേശത്തും എത്ര കണ്ട് ജലം ഉയരും എന്നത് ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ അനുമാനിച്ച് ജലം ഉയർന്ന് എത്തുവാൻ സാധ്യതയുള്ള മേഖലയിലെ ജനങ്ങളെ പൂർണ്ണമായും ഒഴിപ്പിച്ച് ക്യാമ്പുകളിലേക്ക് മാറ്റുക.

12. അപ്രതീക്ഷിത മഴയിൽ രാത്രിയും തുറന്ന് വിടേണ്ടി വരുന്ന അണകെട്ടുകളുടെ പേരുകൾ അനുബന്ധം 4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുന്നതായി മുന്നറിയിപ്പ് ലഭിച്ചാൽ വിഷയം പരിശോധിച്ച് 1 മണിക്കൂറിനുള്ളിൽ അനുമതി നല്കണം. കൂടാതെ ഉടൻ തന്നെ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുക.

a) അതാത് അണകെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലം പുഴയുടെ കരകവിഞ്ഞ് ഒഴുകുമോ എന്ന് ജില്ല ഇ.ഓ.സിയിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എഞ്ചിനീയറോട് കണ്ടെത്തുവാൻ ആവശ്യപ്പെടുകയും, കൂട്ടായി പരിശോധിക്കുകയും ചെയ്യുക.

b) ജലം ഒഴുകുന്ന ജില്ലയിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പാതയിലെ എല്ലാ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാരെയും, പ്രസിഡന്റ്, ചെയർമാൻ, മേയർ, തഹസിൽദാർ, വില്ലേജ് ഓഫീസർ, എന്നിവരെയും അണക്കെട്ട് തുറക്കുവാൻ ഉള്ള സാധ്യത സംബന്ധിച്ച വിവരം അറിയിക്കുക

c) എല്ലാ പത്ര-മാധ്യമങ്ങളെയും അറിയിക്കുക

d) ജില്ലാ കളക്ടറുടെ സാമൂഹിക മാധ്യമത്തിൽ പ്രസിദ്ധീകരിക്കുക

e) ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക

f) തുറന്നു വിടുന്ന ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുവാൻ സാധ്യതയുണ്ടെങ്കിൽ പൊതുജനങ്ങൾക്കായി മൈക്കിലൂടെ നദിയുടെയും/കായലിന്റെയും തീര പ്രദേശങ്ങളിൽ മൈക്കിലൂടെ ഉടൻ തന്നെ (രാത്രി കാലം ആണെങ്കിലും) വിളിച്ച് പറയുവാനായി പൊലീസിനും, തദ്ദേശ സ്ഥാപനങ്ങൾക്കും, അഗ്നി-രക്ഷാ വകുപ്പിനും നിർദ്ദേശം നൽകുക..

g) നദീ ജലം മറ്റ് ജില്ലകളിൽ ചെന്ന് എത്തും എങ്കിൽ പ്രസ്തുത ജില്ലയിലെ ജില്ലാ ഇ.ഒ.സിയെ അറിയിക്കുക. പ്രസ്തുത ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും a മുതൽ f വരെ നടപ്പിൽ വരുത്തുക.

h) ഇത്തരം സാഹചര്യത്തിൽ അനുബന്ധം 3ൽ സൂചിപ്പിക്കുന്നത് പോലെ ആവശ്യമായ സ്ഥലങ്ങളിൽ ക്യാമ്പുകൾ പ്രവർത്തിപ്പിക്കണം.

## 5.3 ഹെലികോപ്റ്റർ ഇറങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. ജില്ലയിൽ ഹെലികോപ്റ്റർ ഇറങ്ങുവാൻ സാധിക്കുന്ന സ്ഥലങ്ങളുടെ ഭൂപടവും പട്ടികയും ഇവിടെ ലഭ്യമാണ്. https://sdma.kerala.gov.in/wp-content/uploads/2021/05/Helipad-Locations-and-Maps.pdf
2. ഹെലികോപ്റ്റർ ഇറങ്ങുന്ന സാഹചര്യം ഉണ്ട് എങ്കിൽ ചുവടെ ചേർക്കുന്ന നടപടികൾ പൂർത്തിയാക്കുക

A. വെള്ളക്കെട്ട് ഉണ്ടെങ്കിൽ, വെള്ളക്കെട്ട് ഒഴിവാക്കുവാൻ പൊതു മാരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുക
B. ഹെലികോപ്റ്റർ പങ്ക കുരുങ്ങുവാൻ സാധ്യതയുള്ള മരങ്ങൾ, കമ്പികൾ, കയറുകൾ എന്നിവ ഉണ്ടെങ്കിൽ അവ നീക്കം ചെയ്യുക
C. ഹെലികോപ്റ്റർ എത്തുന്നതിന് മുന്നോടിയായി തലേ ദിവസം തന്നെ നേവി, വായുസേന എന്നിവരുടെ (ആരുടെതാണോ ഹെലികോപ്റ്റർ അവരുടെ) സംഘം എത്തും. ഇവർക്ക് താമസിക്കുവാൻ ഹോട്ടൽ സൗകര്യം ഉറപ്പാക്കുക
D. ഹെലികോപ്റ്റർ രാത്രി തങ്ങുകയാണെങ്കിൽ അവിടെ പൈലറ്റ് ഉൾപ്പടെ ഉള്ളവർക്ക് താമസിക്കുവാൻ ഹോട്ടൽ സൗകര്യം ഉറപ്പാക്കുക
E. ഹെലികോപ്റ്റർ എത്തുന്നു എന്ന അറിയിപ്പ് സംസ്ഥാന അതോറിറ്റി നൽകിയാൽ ഇറങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം പോലീസ് ബന്ദവസിൽ ആക്കുക
F. ഹെലികോപ്റ്റർ എത്തുന്നുതിന് 1 മണിക്കൂർ മുൻപ് എങ്കിലും ലാൻഡ് ചെയ്യുന്ന സ്ഥലം അടയാളപ്പെടുത്തി, ഈ സ്ഥലത്ത് നിന്നും 50 മീറ്റർ ചുറ്റളവിൽ ഉള്ള എല്ലാ വ്യക്തികളെയും പോലീസ് മാറ്റുക.
G. ഹെലികോപ്റ്റർ എത്തുന്ന അവസരത്തിൽ റിലീഫ് മെറ്റീരിയൽ ആണ് കൊണ്ടുവരുന്നത് എങ്കിൽ ഇവ ഉടൻ ശേഖരിച്ച് നിശ്ചിത കളക്ഷൻ സെന്ററിൽ എത്തിക്കുവാൻ വാഹനങ്ങൾ ഉൾപ്പടെ തയ്യാറാക്കുക
H. ഈ ആവശ്യത്തിനായി ഗതാഗത വകുപ്പ് മുൻകൂട്ടി തന്നെ ട്രക്കുകൾ കണ്ടെത്തി, ഉടമകളുമായി ധാരണയിൽ എത്തി എന്ന് ഉറപ്പ് വരുത്തുക

3. സംസ്ഥാന തലത്തിൽ നിന്നും ലഭ്യമാക്കുന്ന ഹെലികോപ്ടറിന് പുറമെ, ജില്ലാ തലത്തിൽ ആവശ്യമെങ്കിൽ HELISEWA (https://helisewa.civilaviation.gov.in/) പോർട്ടൽ മുഖാന്തരം ഹെലികോപ്ടർ

സേവനം ലഭ്യമാണെങ്കിൽ പ്രസ്തുത സേവനം ജില്ലകൾക്ക് ഉപയോഗപ്പെടുത്താം

4. വിമാനത്തിൽ അധികമായി കേന്ദ്ര സേനകളെ വിന്യസിക്കുകയോ, സാധന സാമഗ്രികൾ എത്തിക്കുകയോ ചെയ്യുകയാണെങ്കിൽ ചുവടെ ചേർക്കുന്ന നടപടികൾ വിമാനത്താവളം ഉള്ള ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്വീകരിക്കുക
   A. റിലീഫ് മെറ്റീരിയൽ ആണ് കൊണ്ടുവരുന്നത് എങ്കിൽ ഇവ ഉടൻ ശേഖരിച്ച് നിശ്ചിത കളക്ഷൻ സെന്ററിൽ എത്തിക്കുവാൻ വാഹനങ്ങൾ ഉൾപ്പടെ തയ്യാറാക്കി നിർത്തുക
   B. സേനാ വിന്യാസം ആണ് എങ്കിൽ ബസ്സുകളും, വലിയ ട്രാക്കുകളും തയ്യാറാക്കി നിർത്തുക
   C. ഈ ആവശ്യത്തിനായി ഗതാഗത വകുപ്പ് മുൻകൂട്ടി തന്നെ ട്രക്കുകൾ കണ്ടെത്തി, ഉടമകളുമായി വിനിയോഗ ധാരണയിൽ എത്തി എന്ന് ഉറപ്പ് വരുത്തുക.

## 5.4 ദേശീയ ദുരന്ത പ്രതികരണ സേനയെ (NDRF) വിന്യസിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ദേശീയ ദുരന്ത പ്രതികരണ സേനയെ (NDRF) തൃശ്ശൂരിൽനിന്നോ, മറ്റ് സ്ഥലങ്ങളിൽ നിന്നോ വിന്യസിക്കുന്ന അവസരത്തിൽ ഇവരുടെ ഭക്ഷണം, താമസം എന്നിവ അതാത് ജില്ലകൾ വഹിക്കേണ്ടതാണ്. ഇവരുടെ യാത്രാ ചെലവ് തൃശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വഹിക്കും. ആരക്കോണത്തുനിന്നും നേരിട്ടു വിന്യസിക്കപെട്ടാലും ഇവരുടെ (ഒരു ടീമിൽ പരമാവധി 48 അംഗങ്ങൾ) ഭക്ഷണം, താമസം എന്നിവ അതാത് ജില്ലകൾ വഹിക്കേണ്ടതാണ്. ആവശ്യമാണെങ്കിൽ യാത്രാ വാഹനവും നൽകണം. ഇവർ തിരികെ പോകുന്ന അവസരത്തിൽ ആവശ്യമാണെങ്കിൽ ഇവരുടെ വാഹനങ്ങളിൽ ആവശ്യമായ ഇന്ധനം നിറച്ച് നൽകേണ്ടതാണ്. ഇവയ്ക്ക് ആവശ്യമായി വരുന്ന തുക GO (Ms) No. 6/2023/DMD dated 18-6-2023, item 2 - Search

and Rescue Operations പ്രകാരം 2245-02-112-99-Flood-Evacuation of Population എന്ന ഹെഡ്ൽ നിന്നും വഹിക്കാവുന്നതാണ്.

2. ദേശീയ ദുരന്ത പ്രതികരണ സേന (NDRF)യെ ജില്ലയിൽ വിന്യസിക്കുമ്പോൾ ഇവരുടെ താമസത്തിനായുള്ള കെട്ടിടം, (ചുരുങ്ങിയത് 100 പേരെ ഉൾക്കൊള്ളാവുന്നതും, ആവശ്യമായ ശുചിമുറി സൌകര്യം ഉള്ളതും, ഭക്ഷണം പാകം ചെയ്യാവുന്നതുമായ കെട്ടിടം) ജില്ലയിൽ ഒന്ന് എന്ന നിലയിൽ കണ്ടെത്തി ജൂൺ 15ന് മുൻപ് seoc.gok@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കുക.
3. ദേശീയ ദുരന്ത പ്രതികരണ സേനയിൽ വനിത അംഗങ്ങളും ഉണ്ടാകാം എന്നതിനാൽ ഇവർക്ക് വാസിക്കുവാൻ പ്രത്യേകം ബ്ലോക്ക്/കെട്ടിടം, ശുചിമുറികൾ എന്നിവ ഉണ്ടാകണം.
4. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ സ്ഥലത്തെ വില്ലേജ് ഓഫീസർ സൂക്ഷിക്കുക. സർക്കാർ കെട്ടിടങ്ങൾ ലഭ്യമല്ല എങ്കിൽ സ്വകാര്യ കെട്ടിടങ്ങളും ഉപയോഗിക്കാം. സ്വകാര്യ കെട്ടിടങ്ങളാണ് ഉപയോഗിക്കുന്നതെങ്കിൽ ഇതിനായി ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിച്ച് ദുരന്ത സമയത്ത് വസ്തുവകകൾ വാടകയ്ക്ക് എടുക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള Rate Contract പ്രക്രിയ പൂർത്തിയാക്കുക.
5. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രതികരണ പ്രവർത്തങ്ങൾക്ക് അംഗീകാരം ഉള്ള ദുരന്തങ്ങൾ (https://sdma.kerala.gov.in/notified-disasters/) ഉണ്ടാകുന്ന അവസരങ്ങളിൽ അഗ്നി-രക്ഷാ സേന, നാവിക സേന, വായു സേന, കര സേന, ദേശീയ ദുരന്ത പ്രതികരണ സേന (NDRF), എന്നിവയെ ഉപയോഗപ്പെടുത്തുമ്പോൾ ഇതിന് ആവശ്യമായി വരുന്ന തുക GO (Ms) No. 6/2023/DMD dated 18-6-2023, item 2 - Search and Rescue Operations പ്രകാരം 2245-02-112-99-Flood-Evacuation of Population എന്ന ഹെഡ്ൽ നിന്നും വഹിക്കാവുന്നതാണ്.
6. മുന്നൊരുക്കത്തിന്റെ ഭാഗമായോ അടിയന്തരഘട്ടത്തിലോ NDRF സേനയെ ജില്ലയിൽ ലഭ്യമാക്കുന്ന സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് NDRF

സേനാംഗങ്ങൾക്കുള്ള താമസത്തിനായുള്ള സൗകര്യം ജില്ലയിൽ എവിടെയൊക്കയാണ് ഒരുക്കാൻ സാധിക്കുക എന്നത് മുൻകൂട്ടി നിശ്ചയിക്കേണ്ടതും അത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖാന്തരം NDRFനെ അറിയിക്കേണ്ടതുമാണ്. സംഘങ്ങളെ ജില്ലകളിലേക്ക് നിയോഗിക്കുമ്പോൾ, സേന എത്തിച്ചേരുന്നതിന് മുന്നോടിയായി തന്നെ താമസ സൗകര്യം ഉറപ്പ് വരുത്തി അത് സംബന്ധിച്ച വിവരം ടീം ലീഡറെ അറിയിക്കണം. കൂടാതെ, വനിതാ രക്ഷാപ്രവർത്തകർ പ്രധാനഘടകമായതിനാൽ, അടിസ്ഥാന സൗകര്യങ്ങളോടൊപ്പം സ്ത്രീകൾക്കായി പ്രത്യേകമായി വേർതിരിച്ച താമസമുറികൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

7. NDRF എത്തുന്ന തീയതി മുതൽ ആദ്യ ആഴ്ച്ച ജില്ലയിലെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ സന്ദർശനം നടത്തുവാൻ നിയോഗിക്കുക.
8. ജില്ലക്കും സംസ്ഥാനത്തിനും പുറത്ത് നിന്ന് എത്തിച്ചേരുന്ന സംഘങ്ങൾക്ക് പ്രാദേശിക മാർഗനിർദേശങ്ങൾ നൽകാൻ പ്രദേശത്തെ ആപതാ മിത്ര അംഗങ്ങളെ ചുമതലപ്പെടുത്തണം. സംഘത്തിൽ പ്രാദേശിക ഭാഷ അറിയാവുന്നവർ ഇല്ലാത്ത സാഹചര്യത്തിൽ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നതിനാൽ പ്രദേശത്തെ ഭൂപ്രകൃതി നന്നായി അറിയുന്ന പോലീസ്/അഗ്നിശമന സേന അംഗങ്ങളെയോ ആപതാ മിത്ര സന്നദ്ധ പ്രവർത്തകരെയോ NDRF സംഘത്തിൻറെ മാർഗനിർദേശകരായി നിയോഗിക്കണം.
9. NDRF സംഘത്തെ വിന്യസിച്ചു കഴിഞ്ഞാൽ ജില്ലാ/താലൂക്ക് ഇൻസിഡന്റ് കമാണ്ടറുടെ മാത്രം നിയന്ത്രണത്തിലായിരിക്കും സേന പ്രവർത്തിക്കുക. മറ്റ് വകുപ്പുകൾക്കും സംവിധാനങ്ങൾക്കും എന്തെങ്കിലും നിർദ്ദേശങ്ങളോ മറ്റോ പ്രതികരണ പ്രവർത്തനങ്ങളിൽ ഉണ്ടെങ്കിൽ അത് ജില്ലാ ഇൻസിഡന്റ് കമാണ്ടർ വഴി മാത്രം NDRF സേനക്ക് നല്കാൻ ശ്രദ്ധിക്കുക.
10. ഏതെങ്കിലും ജില്ലയിൽ NDRF സംഘത്തെ അധികമായി ആവശ്യമാണെങ്കിൽ പ്രസ്തുത ആവശ്യം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റി NDRF നെ ആവശ്യപ്പെടുകയും ചെയ്യും. അതല്ലാതെ നേരിട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ NDRF സംഘത്തെ ആവശ്യപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്.

11. പല അവസരങ്ങളിലും എൻഡിആർഎഫ് ടീം കമാൻഡർമാരുടെ മൊബൈൽ നമ്പർ വിവിധ ഉദ്യോഗസ്ഥർക്കായി നൽകുകയും പ്രചരിക്കപ്പെടുകയും ചെയ്യുന്നതായി കാണപ്പെടുന്നു. ഇതിന്റെ ഫലമായി, ഉദ്യോഗസ്ഥർ തുടർച്ചയായി ഫോൺ ചെയ്ത് നിർദേശങ്ങൾ നൽകുന്നതോടെ, ടീം കമാൻഡർമാരുടെ ജോലി നിർവഹണത്തിൽ സ്ഥിരമായ തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന പരാതി NDRF ഉന്നയിച്ചിരുന്നു. ആയതിനാൽ ഇത്തരം സാഹചര്യം ഒഴിവാക്കേണ്ടതും DEOC/TEOC വഴി ആശയവിനിമയം നടത്തേണ്ടതുമാണ്.

12. എൻ.ഡി.ആർ.എഫ് അടിയന്തിര സാഹചര്യങ്ങളിൽ പ്രതികരിക്കുന്ന സേന ആയതിനാൽ, സംഭവ സ്ഥലത്തേക്ക് ഏറ്റവും വേഗത്തിൽ എത്തിച്ചേരാൻ സംഘങ്ങളുടെ നീക്കം ധ്രുതഗതിയിലാക്കാൻ സാധ്യമാകുന്ന വിധത്തിൽ നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാൽ, അടിയന്തര വിന്യാസ സമയങ്ങളിൽ എൻഡിആർഎഫ് സംഘങ്ങൾക്ക് ഹരിത ഇടനാഴികൾ (Green Corridor) നൽകുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. എൻഡിആർഎഫ് ടീമുകൾ സ്വയംപര്യാപ്തമായ സംഘങ്ങളാണെന്നും ഇവർ ഏകോപിതമായി പ്രവർത്തിക്കേണ്ടതാണ്. ഒരു സംഘം പരമാവധി രണ്ട് ഉപസംഘങ്ങളായി സമീപ പ്രദേശങ്ങളിൽ മാത്രമേ വിഭജിക്കാനാവൂ. അതിനാൽ, സംഘങ്ങളുടെ നിലനിൽപ്പ് താറുമാറാക്കുകയും പ്രവർത്തന കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കാനും ഇടവരുത്തുന്ന രീതിയിൽ സംഘങ്ങൾ വിഭജിക്കാൻ ജില്ലാഭരണകൂടം നിർദേശിക്കാതിരിക്കണം. ടീം വിഭജിക്കണം ടീം കമാൻഡർക്ക് മാത്രമാണ് ടീം വിഭജിക്കുവാൻ അധികാരം.

14. എൻ.ഡി.ആർ.എഫ്. (NDRF)ന് കടൽ അപകടങ്ങൾ, തീപിടിത്തങ്ങൾ, ജനക്കൂട്ട അപകടം/നിയന്ത്രണം എന്നിവയിൽ പ്രതികരിക്കുകയില്ല.

15. അടിയന്തിര ഘട്ട കൈകാര്യത്തിൽ ഏർപ്പെടാത്ത സമയത്ത് എൻ.ഡി.ആർ.എഫ്ഇനെ ഉപയോഗപ്പെടുത്തി മോക്ക് ഡ്രിൽ/പരിശീലന പരിപാടികൾ/അവബോധ പരിപാടികൾ നടത്താവുന്നതാണ്.

## 5.5 സിവിൽ ഡിഫെൻസ്

1. സ.ഉ (കൈ) നം. 132/2019 ആഭ്യന്തരം തീയതി, തിരുവനന്തപുരം 30-08-2019 പ്രകാരമാണ് കേരളത്തിൽ സിവിൽ ഡിഫൻസ് രൂപീകൃതമായിരിക്കുന്നത്. കേരളാ ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ തന്നെയാണ് ഹോം ഗാർഡ്സിന്റേയും സിവിൽ ഡിഫൻസിന്റേയും മേധാവി. ഭരണനിർവ്വഹണത്തിനായി തിരുവനന്തപുരം അസ്ഥാനമായി ഒരു റീജിയണൽ ഫയർ ഓഫീസറും, ജില്ലകളിൽ ജില്ലാ ഫയർ ഓഫീസർമാരും സിവിൽ ഡിഫൻസിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കും. അതാത് ജില്ലാ കളക്ടർമാരായിരിക്കും സേനയുടെ പ്രവർത്തനം ജില്ലാതലത്തിൽ നിയന്ത്രിക്കുക. ജില്ലാ ഫയർ ഓഫീസർമാർ നോഡൽ ഓഫീസർമാരായും പ്രവർത്തിക്കും. 1968ൽ നിലവിൽ വന്ന സിവിൽ ഡിഫൻസ് ആക്ട് അനുസരിച്ചുള്ള ചുമതലകൾക്ക് പുറമെ സിവിൽ ഡിഫൻസ് (അമെന്റ്മെന്റ്) ആക്ട് 2009ന്റെ 2010ലെ മൂന്നാം വിജ്ഞാപനത്തിലൂടെ ദുരന്തനിവാരണം കൂടി സിവിൽ ഡിഫൻസ് വിഭാഗത്തിന്റെ അധികചുമതലയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പ്രകൃതിദത്തമോ മനുഷ്യനിർമ്മിതമോ ആയ അത്യാഹിതം/ദുരന്തം ഫലപ്രദമായി നേരിടുന്ന ചുമതല കൂടി സിവിൽ ഡിഫൻസ് വോളന്റിയർമാർ നിർവ്വഹിക്കുന്നതാണ്. കേരളത്തിലെ ഓരോ അഗ്നി-രക്ഷാനിലയങ്ങളുടെ കീഴിലും പ്രാദേശിക, ജില്ലാ, സംസ്ഥാന തലങ്ങളിൽ പരിശീലനം നേടി 124 ഫയർ സ്റ്റേഷനുകളുടെ കീഴിൽ 10,000 സിവിൽ ഡിഫൻസ് വോളന്റീർസ് ഉണ്ട്
2. സിവിൽ ഡിഫൻസ് വോളന്റിയർമാർ അംഗീകൃത ദുരന്തങ്ങളുടെ പ്രതികരണത്തിനായി ഉപയോഗിക്കുന്ന അവസരത്തിൽ ഇവരുടെ യാത്രയ്ക്കായുള്ള വാഹനം, ഇവരുടെ വിനിയോഗ സമയത്തെ

ഭക്ഷണം, വെള്ളം, ഇവർക്ക് ദുരന്ത പ്രതികരണ സമയത്ത് പരിക്കേൽക്കുകയാണെങ്കിലുള്ള ചികിത്സാ എന്നിവ GO (Ms) No. 6/2023/DMD dated 18-6-2023, item 2 - Search and Rescue Operations പ്രകാരം 2245-02-101-94-Flood-Other items എന്ന ഹെഡ്ൽ നിന്നും വഹിക്കാവുന്നതാണ്

3. ഏകോപന പ്രവർത്തനം, ക്യാമ്പ് നടത്തിപ്പ്, ആരോഗ്യ പരിപാലനവും ശുചിത്വവും, ഒഴിപ്പിക്കൽ പ്രവർത്തനം എന്നിവയിൽ ഇവരുടെ സേവനം വിനിയോഗിക്കാം. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ (Rescue) അഗ്നി-രക്ഷാ സേന, ദേശീയ ദുരന്ത പ്രതികരണ സേന എന്നിവരെ സഹായിക്കുകയും, അഗ്നി-രക്ഷാ സേനയുടെ മേൽനോട്ടത്തിൽ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യാം.
4. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ (Rescue) സിവിൽ ഡിഫെൻസ്, ആപതാ മിത്ര സന്നദ്ധ സേന എന്നിവയിലൂടെ പരിശീലനം ലഭിച്ച വ്യക്തികളെ ആയിരിക്കണം ഉപയോഗിക്കേണ്ടത്. ദുരന്ത പ്രതികരണ പരിശീലനം ലഭിച്ചിട്ടുണ്ടോ എന്നത് നിർണ്ണയിക്കുകയും, ഏതെങ്കിലും വ്യക്തിയുടെ സേവനം ദുരന്ത പ്രതികരണത്തിന് വിനിയോഗിക്കണോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടതും അഗ്നി-രക്ഷാ സേന ആണ്.

## 5.6 ആപതാ മിത്ര/യുവ ആപതാ മിത്ര സന്നദ്ധ സേന

1. കേരളത്തിൽ 14 ജില്ലകളിലായി 10,000ത്തോളം പരിശീലനം സിദ്ധിച്ച ആപ്താ മിത്ര/യുവ ആപതാ മിത്ര സന്നദ്ധ സേനയുടെ സംഘം ലഭ്യമാണ്. ഇവർക്ക് വെള്ളപ്പൊക്ക ദുരന്ത പ്രതികരണ പരിശീലനവും, രക്ഷാ പ്രവർത്തനത്തിനുള്ള ഉപകരണങ്ങളും നൽകിയിട്ടുണ്ട്.
2. രക്ഷാ പ്രവർത്തനം നടത്തുവാൻ പരിശീലനം ലഭിച്ച ആപതാ മിത്ര പ്രവർത്തകരെ ഔദ്യോഗിക സേനകളുടെ മേൽനോട്ടത്തിൽ ഉപയോഗിക്കാം.

3. ഏകോപന പ്രവർത്തനം, ക്യാമ്പ് നടത്തിപ്പ്, ആരോഗ്യ പരിപാലനവും ശുചിത്വവും, ഒഴിപ്പിക്കൽ പ്രവർത്തനം എന്നിവയിലും ഇവരുടെ സേവനം വിനിയോഗിക്കാം.
4. ആപതാ മിത്ര, യുവ ആപതാ മിത്ര സന്നദ്ധ പ്രവർത്തകരെ അവരവരുടെ താലൂക്കിൽ വിളിച്ച് കൂട്ടി തഹസിൽദാർമാരുടെ അദ്ധ്യക്ഷതയിൽ മഴക്കാല ദുരന്ത നിവാരണം സംബന്ധിച്ച് എൻ.ഡി.ആർ.എഫ്ഇനെയും, അഗ്നി രക്ഷാ സേനയെയും, സ്ഥലത്തെ സി.ഐയെയും കൂടി ഉൾപ്പെടുത്തി ഒരു ദിന അവബോധ പരിശീലനം നടത്തുക. ഇതിനായി പ്രത്യേകം ഫണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർക്ക് ലഭ്യമാക്കും.
5. ആപതാ മിത്ര സന്നദ്ധ സേനയെ ഉപയോഗിക്കുന്ന അവസരത്തിൽ ഇവരുടെ യാത്രയ്ക്കായുള്ള വാഹനം, ഇവരുടെ വിനിയോഗ സമയത്തെ ഭക്ഷണം, വെള്ളം, താമസം, ഇവർക്ക് ദുരന്ത പ്രതികരണ സമയത്ത് പരിക്കേൽക്കുകയാണെങ്കിലുള്ള ചികിത്സ എന്നിവ GO (Ms) No. 6/2023/DMD dated 18-6-2023, item 2 - Search and Rescue Operations പ്രകാരം 2245-02-101-94-Flood-Other items എന്ന ഹെഡ്ഡിൽ നിന്നും വഹിക്കാവുന്നതാണ്.
6. ഏകോപന പ്രവർത്തനം, ക്യാമ്പ് നടത്തിപ്പ്, ആരോഗ്യ പരിപാലനവും ശുചിത്വവും, ഒഴിപ്പിക്കൽ പ്രവർത്തനം എന്നിവയിൽ ഇവരുടെ സേവനം വിനിയോഗിക്കാം. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ (Rescue) അഗ്നി-രക്ഷാ സേന, ദേശീയ ദുരന്ത പ്രതികരണ സേന എന്നിവരെ സഹായിക്കുകയും, അഗ്നി-രക്ഷാ സേനയുടെ മേൽനോട്ടത്തിൽ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യാം.
7. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ (Rescue) സിവിൽ ഡിഫെൻസ്, ആപതാ മിത്ര/യുവ ആപതാ മിത്ര സന്നദ്ധ സേന എന്നിവയിലൂടെ പരിശീലനം ലഭിച്ച വ്യക്തികളെ ആയിരിക്കണം ഉപയോഗിക്കേണ്ടത്. ദുരന്ത പ്രതികരണ പരിശീലനം ലഭിച്ചിട്ടുണ്ടോ എന്നത് നിർണ്ണയിക്കുകയും, ഏതെങ്കിലും വ്യക്തിയുടെ സേവനം ദുരന്ത

പ്രതികരണത്തിന് വിനിയോഗിക്കണോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടതും അഗ്നി-രക്ഷാ സേന ആണ്.

### 5.7 സാമൂഹിക സന്നദ്ധ സേനയുടെ ഉപയോഗം

1. സാമൂഹിക സന്നദ്ധ സേന പ്രവർത്തകരുടെ പട്ടിക സാമൂഹിക സന്നദ്ധ സേനയുടെ Directorateൽ (ssannadhasena@gmail.com) നിന്നും ശേഖരിക്കുക. ഈ പട്ടിക തദ്ദേശ സ്ഥാപന തലത്തിൽ റവന്യൂ, തദ്ദേശ സ്ഥാപനങ്ങൾ, പോലീസ്, അഗ്നി-രക്ഷാ സേന എന്നിവർക്ക് ലഭ്യമാക്കുക
2. സാമൂഹിക സന്നദ്ധ സേന പ്രവർത്തകരുടെ വിനിയോഗം ജില്ലാ തലത്തിൽ അഗ്നി-രക്ഷാ സേന ഏകോപിപ്പിക്കുക
3. സാമൂഹിക സന്നദ്ധ സേന പ്രവർത്തകരുടെ യോഗം എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപന തലത്തിൽ Internet സംവിധാനങ്ങളിലൂടെ 15-6-2026ന് മുൻപ് നടത്തുക.
4. സാമൂഹിക സന്നദ്ധ സേന പ്രവർത്തകരെ അംഗീകൃത ദുരന്തങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന അവസരത്തിൽ ഇവരുടെ യാത്രയ്ക്കായുള്ള വാഹനം, ഇവരുടെ വിനിയോഗ സമയത്തെ ഭക്ഷണം, വെള്ളം, താമസം, ഇവർക്ക് ദുരന്ത പ്രതികരണ സമയത്ത് പരിക്കേൽക്കുകയാണെങ്കിലുള്ള ചികിത്സാ എന്നിവ GO (Ms) No. 6/2023/DMD dated 18-6-2023, item 2 - Search and Rescue Operations പ്രകാരം 2245-02-101-94-Flood-Other items എന്ന ഹെഡ്ൽ നിന്നും വഹിക്കാവുന്നതാണ്
5. ഏകോപന പ്രവർത്തനം, ക്യാമ്പ് നടത്തിപ്പ്, ആരോഗ്യ പരിപാലനവും ശുചിത്വവും, ഒഴിപ്പിക്കൽ പ്രവർത്തനം (Relief, Preparedness) എന്നിവയിൽ ഇവരുടെ സേവനം വിനിയോഗിക്കാം.
6. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ (Rescue) സിവിൽ ഡിഫെൻസ്, ആപതാ മിത്ര/യുവ ആപതാ മിത്ര സന്നദ്ധ സേന എന്നിവയിലൂടെ പരിശീലനം ലഭിച്ച വ്യക്തികളെ ആയിരിക്കണം ഉപയോഗിക്കേണ്ടത്. ദുരന്ത പ്രതികരണ പരിശീലനം ലഭിച്ചിട്ടുണ്ടോ എന്നത്

നിർണ്ണയിക്കുകയും, ഏതെങ്കിലും വ്യക്തിയുടെ സേവനം ദുരന്ത പ്രതികരണത്തിന് വിനിയോഗിക്കണോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടതും അഗ്നി-രക്ഷാ സേന ആണ്.

## 5.8 എമർജൻസി റെസ്പോൺസ് ടീം (ERT)

1. സ.ഉ (കൈ) നം. 156/2019/ത.സ്വ.ഭ.വ; തീയ്യതി 04.12.2019 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും നാല് തരത്തിലുള്ള എമർജൻസി റെസ്പോൺസ് ടീമുകളെ (ERT) തയ്യാറാക്കിയിട്ടുണ്ട്. പ്രഥമ ശുശ്രൂഷ ടീം, തിരച്ചിൽ ഒഴിപ്പിക്കൽ രക്ഷപ്പെടുത്തൽ ടീം, ദുരന്ത മുന്നറിയിപ്പ് ടീം, ക്യാമ്പ് മാനേജ്മെൻറ് ടീം എന്നീ ടീമുകളെയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇവർക്ക് ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. എല്ലാ ടീമുകൾക്കും ഒരു ലീഡർ ഉണ്ടാകേണ്ടതാണ്. ഈ ടീമുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ സെക്രട്ടറിയുടെ കീഴിലും സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്.
2. 10 വീടുകൾക്ക് ഒരു വളണ്ടിയർ എന്ന നിലയിൽ സന്നദ്ധ സേനകളെ കൂടുതൽ ശക്തമാക്കാൻ തദ്ദേശ സ്വയംഭരണ ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുക. സന്നദ്ധ സേനാംഗങ്ങൾക്ക് പ്രാഥമിക ചികിത്സ നൽകാനുള്ള പരിശീലനവും കിറ്റും നൽകുക. കൃത്യമായ ആശയവിനിമ നിർദ്ദേശങ്ങളും ഇവർക്ക് നൽകുക
3. മൺസൂൺ തയ്യാറെടുപ്പുകളുടെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ERT അംഗങ്ങളുടെ പേര്, മേൽവിലാസം, മറ്റുവിവരങ്ങൾ പുനഃപരിശോധിക്കുകയും അടിയന്തിര പ്രതികരണത്തിന് അംഗങ്ങളെല്ലാവരും ലഭ്യമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
4. പുനഃപരിശോധനക്ക് ശേഷം തയ്യാറാക്കിയ ERT അംഗങ്ങളുടെ ലിസ്റ്റും വിശദവിവരങ്ങളും വർഷകാല ദുരന്തപ്രതികരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുകയും ആവശ്യാനുസരണം ആ

വിവരങ്ങൾ മറ്റ് വകുപ്പുകളുമായി പങ്കിടുകയും ചെയ്യുക. ഇത് ദുരന്തപ്രതികരണ ഏകോപനത്തിന് ഉതകും.

5. വർഷകാലത്തിനു മുന്നേ തന്നെ ഇത്തരത്തിൽ ERT കൾ പുനസംഘടിപ്പിക്കേണ്ടതുണ്ട്.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏപ്രിൽ 30 നകം ERT കൾ പുനസംഘടിപ്പിക്കേണ്ടതാണ് എന്ന നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകാവുന്നതാണ്.
6. മുൻപ് നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾ പുനഃസംഘടനക്ക് പാലിക്കാവുന്നതാണ്.
7. Early warning, rescue, camp management, പ്രഥമ ശുശ്രൂഷ എന്നീ ടീമുകളിലെ അംഗങ്ങളുടെ പേരും മേൽവിലാസവും ഫോൺ നമ്പറും DDMAക്കു സമർപ്പിക്കേണ്ടതാണ്.
8. DDMA ഇത് ക്രോഡീകരിച്ചു സൂക്ഷിക്കേണ്ടതും LSG DM പ്ലാൻ കോർഡിനേട്ടറെ ഇതിനു ചുമതലപ്പെടുത്താവുന്നതുമാണ്.
9. ഇതിനോടൊപ്പം ഈ ടീമുകൾക്ക് അനുയോജ്യമായ പരിശീലനം തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി നടത്തേണ്ടതാണ്.
10. ആരോഗ്യവകുപ്പ്, അഗ്നി സുരക്ഷാ വകുപ്പ്, മറ്റ് വകുപ്പുകൾ എന്നിവയുടെ സങ്കേതിക സഹായത്തോടെ ഇത്തരം പരിശീലനങ്ങൾ നടത്താവുന്നതാണ്.
11. പരിശീലനങ്ങൾക്ക് വേണ്ടിയുള്ള മോഡ്യൂളുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയിൽ ലഭ്യമാണ്.
12. പരിശീലനം നേടിയ അംഗങ്ങളെ അടിയന്തിര ഘട്ടങ്ങളിൽ അനുയോജ്യമായ പ്രതികരണങ്ങളുടെ ഭാഗമായി ഉപയോഗപ്പെടുത്താവുന്നതാണ്.
13. ഈ സേനയുടെ മുഴുവൻ ചുമതലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതാണ്.

## 5.9 സന്നദ്ധ സംഘടനകളുടെ ഔദ്യോഗിക കൂട്ടായ്മകൾ (Inter Agency Group)

1. ദുരന്ത മേഖലയിൽ സന്നദ്ധ പ്രവർത്തനത്തിന് മുന്നിട്ട് വരുന്ന അംഗീകൃത സന്നദ്ധ സംഘടനകൾ, സുമനസ്ക്കർ എന്നിവരെ ദുരന്ത

പ്രതികരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുക, അവർക്ക് നേതൃത്വം നൽകുക. ദുരന്ത ശേഷം, ദുരിതാശ്വാസ വിതരണത്തിനും, ദുരന്ത ബാധിത മേഖലകൾ വൃത്തിയാക്കുന്നതിനും ഇവരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. ഇതിനായി ഇന്ററർ എജെൻസി ഗ്രൂപ്പ് (ഐ.എ.ജി) രൂപീകരിക്കുക.

2. ദുരന്തനിവാരണ-ലഘൂകരണ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ ജില്ലാതലങ്ങളിൽ ഉള്ള കൂട്ടായ്മയായ ഇന്റർ ഏജൻസി ഗ്രൂപ്പുകളെ വിവിധ സേവന മേഖലകളിലെ പ്രാവീണ്യം കണക്കിലെടുത്ത് ദുരന്തപൂർവ്വ, ദുരന്താനന്തര പ്രവർത്തനങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

3. നിലവിൽ പ്രവർത്തിക്കുന്ന ഇന്റർ ഏജെൻസി ഗ്രൂപ്പുകളുടെ വിവരം ഇവിടെ https://sdma.kerala.gov.in/interagency1/ ലഭ്യമാണ്; മാറ്റം ആവശ്യമാണ് എങ്കിൽ അവ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും, സംസ്ഥാന അതോറിറ്റിയെ അറിയിക്കുകയും ചെയ്യുക.

4. ദുരന്ത നിവാരണ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഓകൾ പ്രവർത്തനാനുമതിക്കായി ജില്ലാ അതോറിറ്റിയെ സമീപിക്കുന്ന സാഹചര്യത്തിൽ ഓരോ എൻ.ജി.ഓയുടെയും അവരവരുടെ പ്രവർത്തനമേഖലയിലെ പ്രവർത്തി പരിചയം, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ രജിസ്ട്രേഷൻ ഉണ്ടോ, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ, ദർപ്പൻ പോർട്ടലിൽ രജിസ്ട്രഷേൻ ഉണ്ടോ എന്നിവ പരിശോധിക്കുക.

5. ദർപ്പൻ പോർട്ടലിൽ (https://ngodarpan.gov.in/) രജിസ്ട്രഷേൻ ഇല്ലാത്ത എൻ.ജി.ഓ/സി.ബി.ഒകളെ ദർപ്പൻ പോർട്ടലിൽ രജിസ്ട്രഷേൻ ലഭിക്കുന്നത് വരെ ഇന്റർ ഏജെൻസി ഗ്രൂപ്പിലെ ഭരവാഹികൾ (Convenor, Executive Committee Members എന്നിവ) ആക്കരുത്.

6. ദുരന്തസമയങ്ങളിൽ സന്നദ്ധപ്രവർത്തകരുടെയും, എൻ.ജി.ഓകളുടെയും സഹായം അഭിവാജ്യഘടകമാണ്. ഇതിനായി ജില്ലാ തലത്തിൽ ഏകോപനത്തിനായി ഐ.എ.ജി കൺവീനറെ ചുമതലപ്പെടുത്തുക.

7. ദുരന്തപൂർവ്വ ഘട്ടത്തിൽ ഇന്റർ ഏജൻസി ഗ്രൂപ്പിനെ ദുരന്ത ലഘൂകരണ, ദുരന്ത തയ്യാറെടുപ്പ് സംബന്ധമായ പ്രവൃത്തികളിലും, സാമൂഹിക ബോധവൽക്കരണ പ്രവർത്തനങ്ങളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ഉപയോഗിക്കാവുന്നതാണ്.
8. ദുരന്ത പ്രതികരണത്തിൽ ജില്ലാതല ഇന്റർ ഏജൻസി ഗ്രൂപ്പിനെ വിവിധ സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന് ഉപയോഗിക്കാവുന്നതാണ്. ഈ വിധത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ വിഭവങ്ങളുടെ ദുരുപയോഗം ലഘൂകരിക്കുന്നതിനും, വിഭവങ്ങളുടെ കാര്യക്ഷമവും നീതിപൂർവ്വവുമായ വിതരണം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു.
9. ദുരിതാശ്വാസ ക്യാമ്പുകളിലും, മറ്റു താത്കാലിക താമസ കേന്ദ്രങ്ങളിലും വിവിധ സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ സന്നദ്ധ പ്രവർത്തകരെ ലഭ്യമാക്കുന്നതിനും, അവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഇന്റർ ഏജൻസി ഗ്രൂപ്പിനെ ജില്ലാ ഭരണകൂടത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.
10. ദുരന്താനന്തര പ്രവർത്തനത്തിന്റെ ഭാഗമായ ആരോഗ്യ, ശുചീകരണ, അനുബന്ധ മേഖലകളിലെ ജോലികൾക്ക് ഇന്റർ ഏജൻസി ഗ്രൂപ്പ് അംഗങ്ങളായ സന്നദ്ധ സംഘടനകളെ ജില്ലാ ഭരണകൂടത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.
11. ദുരന്ത പൂർവ്വ ഘട്ടത്തിൽ തയ്യാറെടുപ്പുകളുടെ ഭാഗമായി ഇന്റർ ഏജൻസി ഗ്രൂപ്പ് അംഗങ്ങളായ സന്നദ്ധ സംഘടനകളുടെ കൈവശമുള്ള വിഭവങ്ങളുടെ (ഉദാ: മനുഷ്യവിഭവശേഷി, ഉപകരണങ്ങൾ, മറ്റുള്ളവ) കണക്ക് ശേഖരിക്കുകയും, അവയെ ബന്ധപ്പെടേണ്ട കോൺടാക്റ്റ് നമ്പറുകൾ ശേഖരിക്കുകയും അവ അവശ്യ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതുമാണ്.
12. ഇന്റർ ഏജൻസി ഗ്രൂപ്പ് എന്നത് വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തന ഏകോപന കൂട്ടായ്മ ആയതിനാൽ, ഏതെങ്കിലും ഒരു സംഘടനയുടെ പ്രത്യക്ഷമായ അവതരണത്തിനുള്ള വേദിയായി

ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല. അവരുടെ ബാനറുകൾ, പ്രചാരണ പ്രവർത്തങ്ങൾ എന്നിവ അനുവദനീയമല്ല.

13. ജില്ലാ തലത്തിൽ, പ്രവർത്തന വൈദഗ്ധ്യം പരിഗണിച്ച് ജില്ല ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് ഇന്റർ ഏജൻസി ഗ്രൂപ്പ് വിപുലപ്പെടുത്താവുന്നതാണ്.

14. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ (Rescue) സിവിൽ ഡിഫെൻസ്, ആപതാ മിത്ര സന്നദ്ധ സേന എന്നിവയിലൂടെ പരിശീലനം ലഭിച്ച വ്യക്തികളെ ആയിരിക്കണം ഉപയോഗിക്കേണ്ടത്. ഒപ്പം പരിശീലനം സിദ്ധിച്ചിട്ടുള ERT അംഗങ്ങളെയും (അവർക്ക് ലഭിച്ചിട്ടുള്ള പരിശീലനത്തിനുസരിച്ചു). ഇന്റർ ഏജൻസി ഗ്രൂപ്പിലെ സന്നദ്ധ സംഘടനകളുടെ അംഗങ്ങളായ വ്യക്തികൾക്ക് ദുരന്ത പ്രതികരണ പരിശീലനം ലഭിച്ചിട്ടുണ്ടോ എന്നത് നിർണ്ണയിക്കുകയും, ഏതെങ്കിലും വ്യക്തിയുടെ സേവനം ദുരന്ത പ്രതികരണത്തിന് (rescue) വിനിയോഗിക്കണോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടതും അഗ്നി-രക്ഷാ സേന ആണ്.

15. 'ഇന്റർ ഏജൻസി ഗ്രൂപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി' എന്ന ബോർഡ് വച്ച് വാഹനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം ബോർഡ് അനുവദനീയം അല്ല.

## 5.10 ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാനുള്ള മാർഗ്ഗരേഖ

1. ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 34 (d) അനുസരിച്ച് ദുരന്തത്തിൽ വന്നടിയുന്ന മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, എന്നിവയുടെ മിശ്രിതം (ദുരന്താവശിഷ്ടങ്ങൾ) ഏതൊരു പൊതു ഇടത്തുനിന്നും (ജനവാസ മേഖലകൾ, കൃഷി ഭൂമി, റോഡ്, പുറംമ്പോക്ക്, പൊതുജനം ദുരന്തത്തിന് മുൻപ് സ്വതന്ത്രമായി ഇടപെട്ടിരുന്ന മറ്റേതൊരു മേഖലയിൽ നിന്നും) ഉടൻ തന്നെ മാറ്റുവാൻ ഉള്ള ചുമതല ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് ഉണ്ട്. ഈ പ്രവർത്തനത്തിനായി പ്രത്യേകം അനുമതി ആവശ്യം ഇല്ല.

2. ദുരന്താനന്തര മാലിന്യ നിർമ്മാർജനം സംബന്ധിച്ച് സെക്ഷൻ 6.4.1ൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.
3. അംഗീകൃത ദുരന്തം ബാധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപ എന്ന നിലയിൽ ജില്ലകൾക്ക് 2245-02-101-94-Flood-Other itemsൽ നിന്നും ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാൻ ചിലവാക്കാവുന്നതാണ്. ദുരന്തം ബാധിച്ചു എന്നും, ഇത്തരത്തിൽ മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, മരങ്ങൾ എന്നിവയുടെ മിശ്രിതം വന്ന് പൊതു ഇടങ്ങളിൽ അടിഞ്ഞിട്ടുണ്ട് എന്നും ആയതിനാൽ ഇവ നീക്കം ചെയ്യേണ്ടതുണ്ട് എന്നും തഹസിൽദാർ കണ്ട് ബോധ്യപ്പെടുകയും സർട്ടിഫൈ ചെയ്യുകയും വേണം.
4. സ്വകാര്യ ഭൂമിയിലെ മണ്ണ്, എക്കൽ, മണൽ, പാറ എന്നിവ നീക്കം ചെയ്യുന്നതിന് Rule 31 of Kerala Minor Mineral Concession (Amendment) Rules, 2023 പ്രകാരം ഉള്ള നടപടികൾ പാലിക്കേണ്ടത് ഉണ്ട്. സ്വകാര്യ ഭൂമിയിലെ ദുരന്താവശിഷ്ടങ്ങൾ അംഗീകൃത ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/) വന്നെത്തിയതാണ് എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സർട്ടിഫൈ ചെയ്യേണ്ടതാണ്.
5. ഈ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിർവ്വഹിക്കുവാൻ ആവശ്യമായ സജീകരണങ്ങൾ ചെയ്യുക
6. ഇവ മാറ്റുവാൻ സന്നദ്ധ പ്രവർത്തകരുടെ സേവനം പരമാവധി വിനിയോഗിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുക. Inter Agency Groupന്റെ സഹായം തേടാവുന്നതാണ്.
7. ദുരന്തത്തിൽ പുഴയിലും, നദിയിലും വന്നടിഞ്ഞ മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, മരങ്ങൾ എന്നിവയുടെ മിശ്രിതം നീക്കുവാൻ വാർഡ് തലത്തിൽ ഉള്ള സാമ്പത്തിക പരിധി ബാധകം അല്ല. വ്യക്തമായ എസ്റ്റിമേറ്റ് ജലസേചന വകുപ്പിൽ നിന്നും ശേഖരിച്ച് ആവശ്യകത ബോധ്യപ്പെടുന്നപക്ഷം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശയോടെ ദുരിതാശ്വാസ കമ്മീഷണർക്ക്

സമർപ്പിക്കുക. അനുമതി ലഭിച്ച ശേഷം പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

8. അജൈവ, ജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച് ശാസ്ത്രീയമായി നിർമാർജനം ചെയ്യുവാൻ ശുചിത്വ മിഷന്റെ ജില്ലാ ഓഫീസറോട് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ ആവശ്യപ്പെടുക

## 5.11 നഗര പ്രളയ തയ്യാറെടുപ്പ്

1. കേരളത്തിലെ 6 സിറ്റി കോർപ്പറേഷനുകൾക്കും (Thiruvananthapuram, Kollam, Ernakulam, Thrissur, Kozhikode, Kannur) നഗര പ്രളയ തയ്യാറെടുപ്പിനായി 1 കോടി രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ Preparedness and Capacity Building Windowയിൽ നിന്നും അനുവദിക്കും. ഈ തുക സിറ്റി കോർപ്പറേഷനുകൾക്ക് മുൻകൂർ ആയി നല്കണം
2. ടൌൺഷിപ്പ് നിർമ്മിതി നടക്കുന്ന കല്പറ്റ നഗര സഭയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ 50 ലക്ഷം രൂപ വയനാട് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് അനുവദിക്കും.
3. ദേശീയ നഗര പ്രളയ ദുരന്ത നിവാരണ മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാം.

   (https://nidm.gov.in/pdf/guidelines/new/management_urban_flooding.pdf).
4. പ്രവർത്തികൾ നടത്തുന്നതിന് മുൻപ് പ്രവർത്തികളുടെ ഭരണാനുമതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും വാങ്ങണം. ടെൻഡർ ഉൾപ്പടെ ഉള്ള നടപടികൾ നഗര സഭ തന്നെ നിർവഹിക്കണം.
5. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുൻകൂർ അംഗീകാരം നല്കിയ പ്രവർത്തികൾക്ക് മാത്രമെ ബില്ലുകൾ മാറി നല്കുവാൻ പാടുള്ളൂ.
6. നടത്തിയ പ്രവർത്തി സംബന്ധിച്ച് വിശദമായ റിപോർട്ട് (ഫോട്ടോ ഉൾപ്പടെ) 30-4-2027ന് മുൻപ് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കണം.

## 5.12 തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത ലഘൂകരണ പദ്ധതി കോർഡിനേറ്റർമാർക്കുള്ള നിർദേശം

1. ദേശീയ, സംസ്ഥാന, ജില്ലാ, ലോക്കൽ സ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്തനിവാരണ നിയമ-സ്ഥാപന ഘടനയെ വ്യക്തമായി മനസ്സിലാക്കണം
2. ദേശീയ, സംസ്ഥാന, ജില്ലാ ദുരന്തനിവാരണ പദ്ധതികൾ, ഓറഞ്ച് ബുക്ക്, ആക്ഷൻ പ്ലാനുകൾ, സ്ഥാപന DM പ്ലാനുകൾ, പ്രതികരണ പ്രോട്ടോകോളുകൾ, ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിൽ പരിചയം നേടണം
3. LSGI DM പ്ലാൻ പ്രവർത്തനങ്ങൾ
   - LSGI ദുരന്തനിവാരണ പ്രവർത്തന ഗ്രൂപ്പിനെ പരിശീലിപ്പിക്കുക
   - DM പ്ലാൻ തയ്യാറാക്കൽ, പുതുക്കൽ
   - അടിയന്തര പ്രതികരണ സംഘങ്ങൾ (ERTs)
   - ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS)
   - LSGI-കൾക്കുള്ള DM ഫണ്ടിംഗ് ഉറവിടങ്ങൾ
4. LSGI-കളെ DM പ്ലാൻ തയ്യാറാക്കുന്നതിലും പുതുക്കുന്നതിലും സഹായിക്കുക. 2 വർഷത്തിൽ ഒരിക്കൽ എങ്കിലും പ്ലാൻ പുതുക്കി, ഭരണ സമിതി അംഗീകരിച്ച സോഫ്റ്റ് കോപ്പി പ്ലാൻ കോഡിനേറ്റർ ഡി.ഡി.എം.എയിൽ സമർപ്പിക്കുക.
5. ഓരോ LSGI-യും കുറഞ്ഞത് ചുവടെ ചേർക്കുന്ന പദ്ധതികൾ നടത്തണം
   - ഒരു ERT പരിശീലന പരിപാടി
   - ഒരു ദുരന്ത ലഘൂകരണ പദ്ധതി
   - സ്വന്തം ഫണ്ടുകൾ/സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് DRR-നെക്കുറിച്ചുള്ള ഒരു പൊതുജന ബോധവൽക്കരണ പരിപാടി
   - GO (Ms) No. 84/2022/LGSG dated 19-4-2022, GO (Ms) No. 86/2022/LSGD dated 19-4-2022 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് വർഷം വികസന ഫൺഡ്/സ്വന്തം ഫൺഡ് എന്നിവ ഉപയോഗിച്ച് ദുരന്ത പ്രതികരണ,

പ്രതിരോധ പ്രോജക്റ്റ്കൾ തയ്യാറാക്കി നടപ്പാക്കേണ്ടത് ഉണ്ട്. അതാത് വർഷം പഞ്ചായത്തി രാജ് ആക്ട്, സെക്ഷൻ 238 പ്രകാരം അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ചുരുങ്ങിയത് 5 ലക്ഷം രൂപയുടെ പദ്ധതി ഉണ്ടാകണം. തദേശ സ്ഥാപന പരിധിയിലെ (വകുപ്പ്, സ്ഥാപനം എന്നീ വകഭേദം ഇല്ലാതെ) എല്ലാ പ്രദേശത്തെയും അപകടകരമായ മരങ്ങൾ ആവശ്യാനുസരണം കോതുവാനും, മുറിച്ച് മാറ്റുവാനും ആയിരിക്കണം ഈ പദ്ധതി എന്നും നിഷ്കർഷിക്കുന്നു.

- ഇവയ്ക്കായുള്ള വാർഷിക പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും, ഡി.പി.സിയിൽ സമർപ്പിച്ച് അനുമതി വാങ്ങി എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക
- പദ്ധതി നടന്നോ എന്നത് എല്ലാ ക്വാർട്ടറിലും പരിശോധിച്ച് ഡി.ഡി.എം.എയെയും, JD-LSGDയെയും രേഖാമൂലം അറിയിക്കുക.

6. സംസ്ഥാന ദുരന്ത പ്രതികരണ/പ്രതിരോധ നിധിയിലെ വകയിരുത്തലുകൾ (ഓറഞ്ച് ബുക്കിലെ) LSGI-കൾ ഉപയോഗിക്കുന്നതിന് സഹായിക്കുക, സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ നിന്ന് ധനസഹായം നേടുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുക
7. LSGI എഞ്ചിനീയർമാർക്ക് പ്രതിരോധ നിർമ്മാണ രീതികളും പ്രകൃതി അധിഷ്ഠിത പരിഹാരങ്ങളും സംബന്ധിച്ച് പരിശീലനം നൽകുക
8. LSGI ദുരന്തനിവാരണ പ്രവർത്തന ഗ്രൂപ്പംഗങ്ങൾക്ക് IRS പരിശീലനം നൽകുക
9. LSGI-കളിലെ എല്ലാ സ്കൂളുകളും USchool App ഉപയോഗിച്ച് ഡി.എം പ്ലാൻ പുതുക്കിയിരിക്കുന്നുവെന്ന് ഉറപ്പാക്കുക
10. Aapda Mitra മാസ്റ്റർ ട്രെയിനർമാർ മുഖേന അടിയന്തര പ്രതികരണ സംഘങ്ങൾക്ക് പരിശീലനം നൽകുക

11. LSGI DM പ്ലാനുകൾ DDMA-യുടെ കാഴ്ചപ്പാടുമായി ഏകീകരിക്കുന്നതിന് LSGD ജോയിന്റ് ഡയറക്ടർ, ജില്ലാ ഹസാഡ് അനലിസ്റ്റ്, LSGI-കളുമായി ഏകോപനം നടത്തുക
12. വാർഷിക വികസന പദ്ധതികളിൽ DRR കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തുന്നതിന് LSGI-കൾക്ക് സാങ്കേതിക പിന്തുണ നൽകുക
13. KSDMA, DDMA, LSGD ജോയിന്റ് ഡയറക്ടർ, LSGD പ്ലാനിംഗ്, LSGD എഞ്ചിനീയറിംഗ്, ജില്ലാ പ്ലാനിംഗ് ഓഫീസുമായി ബന്ധപ്പെടുന്ന ലിയാസൺ ആയി പ്രവർത്തിക്കുക
14. KSDMA, DDMA, LSGD ജോയിന്റ് ഡയറക്ടർ, LSGD പ്ലാനിംഗ്, LSGD എഞ്ചിനീയറിംഗ്, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പിന്തുണയ്ക്കുക
15. DDMA-യെ സംസ്ഥാന/ജില്ലാതല പരിശീലനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പദ്ധതികൾ, പദ്ധതികൾ, ആലോചനകൾ, പ്രദർശനങ്ങൾ, മോക്ക് ഡ്രില്ലുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിൽ സഹായിക്കുക
16. IDRN പോർട്ടൽ ആറുമാസത്തിലൊരിക്കൽ പുതുക്കുന്നതിനായി DDMA-യെ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിൽ സഹായിക്കുക
17. ജില്ലാ ഹസാഡ് അനലിസ്റ്റുമായി അടുത്ത് പ്രവർത്തിക്കുകയും DDMA-യുമായി DRR പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുക
18. LSGI-കളിലെ DRR മികച്ച രീതികൾ രേഖപ്പെടുത്തി പ്രചരിപ്പിക്കുകയും റിപ്പോർട്ടുകൾ DDMAs, KSDMA-യുമായി പങ്കിടുകയും ചെയ്യുക
19. ജില്ലാ ഹസാഡ് അനലിസ്റ്റ് നടത്തുന്ന പരിശീലന, ശേഷി വികസന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക
20. അടിയന്തര ചുമതലകൾ
21. DEOC ഔദ്യോഗികമായി സജീവമാകുമ്പോൾ 24x7 ഡ്യൂട്ടിക്ക് സന്നദ്ധരായിരിക്കണം
22. DEOC ഔദ്യോഗികമായി സജീവമാകുമ്പോൾ DEOC-യുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിൽ ജില്ലാ ഹസാഡ് അനലിസ്റ്റിനെ സഹായിക്കുക

23. DEOC ഔദ്യോഗികമായി സജീവമാകുമ്പോൾ, ജില്ലാ ഹസാഡ് അനലിസ്റ്റ് ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കാൻ തീരുമാനിച്ചാൽ, DEOC-യിൽ ഷിഫ്റ്റ് ഡ്യൂട്ടി ഏറ്റെടുക്കുക
24. LSG DM പ്ലാൻ കോഓർഡിനേറ്റർ ബന്ധപ്പെട്ട DDMA-യിലെ ജില്ലാ ഹസാർഡ് അനലിസ്റ്റുമായി ചേർന്ന് പ്രവർത്തിക്കുകയും, അതാത് ആഴ്ച്ചയിലെ പ്രവർത്തനങ്ങൾ ജില്ലാ ഹസാർഡ് അനലിസ്റ്റുമായി ചർച്ച ചെയ്ത് തീരുമാനിച്ച് ആഴ്ച്ചയിലെ പ്രവർത്തന പദ്ധതി ആയി DDMA-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും, ജില്ലാ ഹസാർഡ് അനലിസ്റ്റിനും നൽകുക. ഈ പ്രവർത്തനങ്ങൾ നടന്നോ ഇല്ലയോ എന്നത് ജില്ലാ ഹസാർഡ് അനലിസ്റ്റ് പരിശോധിക്കണം
25. സംസ്ഥാന തലത്തിൽ മെംബർ സെക്രട്ടറി, കെ.എസ്.ഡി.എം.എ LSG DM പ്ലാൻ കോഓർഡിനേറ്ററുടെ ചുമതലകൾ നിർണ്ണയിക്കും
26. ഓരോ LSGI-യുടെയും DRR പദ്ധതികളുടെ നടപ്പാക്കൽ നില വിശദീകരിക്കുന്ന, KSDMA നിർദ്ദേശിച്ച ഫോർമാറ്റിൽ തയ്യാറാക്കിയ, ഒപ്പിട്ട ആറുമാസ പ്രവർത്തന റിപ്പോർട്ട്, ജില്ലാ ഹസാർഡ് അനലിസ്റ്റിഇന്റെ മേലൊപ്പോട്കൂടി DDMA-ക്കും KSDMA-ക്കും സമർപ്പിക്കുക

## 5.13 ജില്ലാ ഹസാർഡ് അനലിസ്റ്റ്കൾക്കുള്ള നിർദേശം

1. ജില്ലാ ഹസാർഡ് അനലിസ്റ്റ്മാരുടെ ചുമതലകളും, റിപ്പോർട്ടിങ് ചുമതലകൾ, മേധാവികൾ ആരെല്ലാം എന്നത് GO (Rt) No. 466/2019/DMD dated 3-8-2019 പ്രതിബാധിച്ചിട്ടുണ്ട്. ഈ ഉത്തരവ് കൃത്യമായി പാലിക്കുക.
2. ദിനവും SEOC പുറപ്പെടുവിക്കുന്ന മഴ, പുഴ, ഡാം, മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശ ഭൂപടം വിവരങ്ങൾ വൈകിട്ട് 3 മണിക്ക് മുൻപായി ജില്ലാ കളക്ടർ, സി.ഇ.ഒ ഡി.ഡി.എം.എ എന്നിവർക്ക് പ്രിൻറ് ആയി നൽകുക. അതാത് ദിവസം നല്കുന്ന വിവരങ്ങൾ ഒരു പ്രത്യേക ഫോൾഡറിൽ DEOCയിൽ സൂക്ഷിക്കുക.

3. അനുബന്ധം 1 ഉള്ള വിവരങ്ങൾ എല്ലാ ദിവസവും വകുപ്പുകളിൽ നിന്നും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക. DEOCയിലെ ആപ്ത മിത്ര പ്രവർത്തകനെ ഉപയോഗിച്ച് വിവരം അതാത് ദിവസം സംഗ്രഹിച്ച് അടുത്ത ദിവസം രാവിലെ 10.30 മണിക്ക് മുൻപായി ജില്ലാ കളക്ടർക്ക് ലഭ്യമാക്കുക.
4. ചുവടെ ചേർക്കുന്ന പട്ടിക ആപ്ത മിത്ര പ്രവർത്തകനെ ഉപയോഗിച്ച് പൂരിപ്പിച്ച് ജില്ലാ കളക്ടർ, സി.ഇ.ഒ ഡി.ഡി.എം.എ), SEOC എന്നിവർക്ക് മൺസൂൺ ആരംഭിക്കുന്ന ദിവസം മുതൽ ഡിസംബർ 31 വരെ വൈകിട്ട് 5 മണിക്ക് മുൻപ് ലഭ്യമാക്കുക.

| **ജില്ലാ ഹസാർഡ് അനലിസ്റ്റ് ജില്ലാ കളക്ടർ, സി.ഇ.ഒ ഡി.ഡി.എം.എ), SEOC എന്നിവർക്ക് ദിനവും വൈകിട്ട് 5 മണിക്ക് ലഭ്യമാക്കേണ്ട വിവരം** | | |
|---|---|---|
| ജില്ല: | | തീയതി: |
| **Sl. No** | **Item** | **വിവരം** |
| 1 | ജില്ലയിൽ ഏറ്റവും കൂടതൽ മഴ ലഭിച്ച താലൂക്ക് | |
| 2 | ജില്ലയിലെ ഇന്നത്തെ മഴ പ്രവചനം (ചുവപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച) | |
| 3 | ജില്ലയിലെ നാളത്തെ മഴ പ്രവചനം (ചുവപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച) | |
| 4 | ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിൽ ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടായ താലൂക്ക് | |
| 5 | ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിൽ താലൂക്ക് തലത്തിൽ പൂർണ്ണമായും തകർന്ന വീടുകളുടെ എണ്ണം മാത്രം | |
| 6 | ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിൽ താലൂക്ക് തലത്തിൽ അംഗീകൃത ദുരന്തം മൂലം ഉണ്ടായ മരണം (SDRFൽ നിന്നും പണം നല്കുവാൻ സാധിക്കുന്നത് മാത്രം) | |
| 7 | ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിൽ താലൂക്ക് തലത്തിൽ അംഗീകൃത ദുരന്തം മൂലം ഉണ്ടായ കൃഷി നഷ്ടം (ഹെക്ടറിൽ) | |
| 8 | ജില്ലയിലെ പുഴകളുടെ ജല നിരപ്പ് (ഉയരുന്നു/താഴുന്നു) | |
| 9 | ജില്ലയിലെ ഡാമുകളിലെ ജല നിരപ്പ് (ഉയരുന്നു/താഴുന്നു) | |

| | | |
|---|---|---|
| 10 | ജില്ലയിലെ തുറന്നിരിക്കുന്ന ഡാമുകൾ | |
| 11 | ജില്ലയിലെ ഇന്നും, നാളെയുമായി തുറക്കാൻ സാദ്ധ്യതയുള്ള ഡാമുകൾ | |
| 12 | ഈ ജില്ലയെ ബാധിക്കുന്ന, സമീപ ജില്ലയിലെ ഏതെല്ലാം ഡാമുകൾ തുറന്നിരിക്കുന്നു | |
| 13 | ഈ ജില്ലയെ ബാധിക്കുന്ന, സമീപ ജില്ലയിലെ ഏതെല്ലാം ഡാമുകൾ ഇന്നും, നാളെയുമായി തുറന്നേക്കാം | |
| 14 | ജില്ലയിൽ എത്ര ക്യാമ്പുകൾ/Gruel Centres പ്രവർത്തിക്കുന്നു (എണ്ണം) | |
| 15 | ജില്ലയിൽ പ്രവർത്തിക്കുന്നു ക്യാമ്പുകളിൽ എത്ര വനിത, എത്ര പുരുഷൻ, എത്ര കുട്ടികൾ | |
| 16 | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ദുരന്ത തയ്യാറെടുപ്പ്/പ്രതികരണം/ദുരിതാശ്വാസം എന്നിവ സംബന്ധിച്ച് രണ്ട് ദിവസത്തിനുള്ളിൽ പരിഗണിച്ച് തീർപ്പാക്കേണ്ട സവിശേഷ വിഷയങ്ങൾ | |
| 17 | ജില്ലാ ഹസാർഡ് അനലിസ്റ്റിന്റെ ശ്രദ്ധയിൽ വരുന്നു മറ്റ് ദുരന്ത സാധ്യതകൾ | |
| 18 | ജില്ലാ ഹസാർഡ് അനലിസ്റ്റിന്റെ ശ്രദ്ധയിൽ വരുന്നു DEOC/TEOCകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ | |
| | | പേര്, ഒപ്പ് |

5. LSG DM പ്ലാൻ കോഓർഡിനേറ്ററുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
6. അടിയന്തിര ഘട്ട കൈകാര്യത്തിൽ ഏർപ്പെടാത്ത സമയത്ത് എൻ.ഡി.ആർ.എഫ്ഇനെ ഉപയോഗപ്പെടുത്തി മോക്ക് ഡ്രിൽ/പരിശീലന പരിപാടികൾ/അവബോധ പരിപാടികൾ നടത്താവുന്നതാണ്. ഇവർ എത്തുന്ന രണ്ടാം ആഴ്ച മുതൽ ഇതിനായി സ്കൂൾ, സർക്കാർ ഓഫീസ്, ആശുപത്രികൾ എന്ന നിലയിൽ ടീം കമാൻഡറുമായി ചേർന്ന് കലണ്ടർ തയ്യാറാക്കി, സ്ഥാപനങ്ങൾക്ക് ഡി.ഡി.എം.എ വഴി നിർദേശം നല്കണം.
7. DEOCയിൽ നിന്നും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ദൈനംദിന നാശനഷ്ട വിവരങ്ങൾ NDEM പോർട്ടലിൽ, ഗൂഗിൾ ഷീറ്റ് എന്നിവയിൽ അപ്‌ലോഡ് ചെയ്തു എന്നത് ഉറപ്പാക്കുക.

8. ഒരു സ്ഥലത്തെ മോക്ക് ഡ്രില്ലിന്/പരിശീലന പരിപാടികൾക്ക് പരമാവധി Rs. 25,000 രൂപ വരെ ചെലവഴിക്കാം. ഈ തുക ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർക്ക് അഡ്വാൻസ് ആയി DDMAയിൽ നിന്നും സ്വീകരിക്കാം. ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, സർട്ടിഫൈ ചെയ്ത ബില്ലുകൾ എന്നിവ അഡ്വാൻസ് ലഭിച്ച തീയതിയിൽ നിന്നും 3 മാസത്തിനുള്ളിൽ സെറ്റിൽ ചെയ്യണം.
9. ദുരന്ത സാഹചര്യങ്ങളിൽ IDRN പോർട്ടൽ ഉപയോഗിക്കുന്നുണ്ട് എന്നത് ഉറപ്പാക്കുക
10. കവചം മുന്നറിയിപ്പ് സംവിധാനം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഉപയോഗിക്കുന്നുണ്ട് എന്നത് ഉറപ്പാക്കുക
11. ആപതാ മിത്ര, യുവ ആപതാ മിത്ര സന്നദ്ധ പ്രവർത്തകരെ അവരവരുടെ താലൂക്കിൽ വിളിച്ച് കൂട്ടി തഹസിൽദാർമാരുടെ അദ്ധ്യക്ഷതയിൽ മഴക്കാല ദുരന്ത നിവാരണം സംബന്ധിച്ച് എൻ.ഡി.ആർ.എഫ്ഇനെയും, അഗ്നി രക്ഷാ സേനയെയും, സ്ഥലത്തെ സി.ഐയെയും കൂടി ഉൾപ്പെടുത്തി ഒരു ദിന അവബോധ പരിശീലനം നടത്തുക. ഇതിനായി പ്രത്യേകം ഫണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജില്ലാ ഹസാർഡ് അനലിസ്റ്റ്മാർക്ക് ലഭ്യമാക്കും.

# 6 വിവിധ വകുപ്പുകൾക്കുള്ള നിർദ്ദേശങ്ങൾ

## 6.1 പൊതു നിർദ്ദേശങ്ങൾ - സംസ്ഥാന തലം

1. Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റിൽ എല്ലാ വകുപ്പുകളും മഴക്കാല ദുരന്ത പ്രതിരോധ-പ്രതികരണ പ്രവർത്തനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ച് 15th June 2026ന് മുൻപ് revenuedmdk@gmail.com, seoc.ksdma@kerala.gov.in ഇമെയിലുകളിൽ അറിയിക്കുക. ഇത്തരത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, വഹിക്കുന്ന സ്ഥാനം, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ, അവർ നൽകേണ്ടതായ സേവനങ്ങൾ, സേവനം ലഭ്യമാക്കേണ്ട ചുരുങ്ങിയ സമയപരിധി എന്നിവ ക്രോഡീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
2. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് മെമോറാൻഡം നൽകുവാൻ തീരുമാനിച്ചാൽ അതിനായി ആവശ്യമായ വിവരം അതാത് വകുപ്പിൽ നിന്നും നോഡൽ ഓഫീസർമാർ ശേഖരിച്ച് നൽകേണ്ടതുണ്ട്.
3. ലാൻഡ് റവന്യൂ, പോലീസ്, കൃഷി, ജലസേചനം, ആരോഗ്യ വകുപ്പ്, വാട്ടർ അതോറിറ്റി, Mining and Geology, ഫിഷറീസ്, വൈദ്യുതി, എന്നീ വകുപ്പുകൾ അടിയന്തിരമായി വകുപ്പ് തല ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 30ന് മുൻപായി സമർപ്പിക്കുക.
4. സംസ്ഥാന ഇ.ഓ.സിയിലേക്ക് പോലീസ് (സി.ഐ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ പോലീസ് വയർലസ് യൂണിറ്റ് സഹിതം), തദ്ദേശ സ്വയംഭരണ വകുപ്പ് (ജോയിന്റ് ഡയറക്ടറിൽ കുറയാതെ), റവന്യൂ (തഹസിൽദാറിൽ കുറയാതെ), അഗ്നി-രക്ഷാ സേന (സ്റ്റേഷൻ ഓഫീസർ റാങ്കിൽ കുറയാതെ), ഫിഷറീസ് (അസിസ്റ്റന്റെ ഡയറക്ടറിൽ കുറയാതെ),

ജലസേചനം (അസിസ്റ്റന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാതെ), കെ.എസ്.ഇ.ബി അസിസ്റ്റന്റെ എക്സിക്യൂട്ടിവ് എഞ്ചിനീയറിൽ കുറയാതെ), ഗതാഗത വകുപ്പ് (R.T.Oയിൽ കുറയാതെ), Civil Supplies (താലൂക്ക് സപ്ലയ് ഓഫീസറിൽ കുറയാതെ), എന്നീ വകുപ്പുകൾ മുഴുവൻ സമയവും 8 മണിക്കൂർ ഷിഫ്റ്റ് ആയി ഉദ്യോഗസ്ഥരെ നിയോഗിക്കണം. സംസ്ഥാന ഇ.ഓ.സിയിൽ പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥരുടെ പേര് വിവരം വകുപ്പ് തല ഉത്തരവായി പുറപ്പെടുവിച്ച് seoc.ksdma@kerala.gov.in ലേക്ക് ഇമെയിൽ ആയി അയക്കുക.

5. ആകാശവാണിയുടെ ഈ നിലയങ്ങൾ എല്ലാവകുപ്പുകളും ശ്രദ്ധിക്കുക
   - Trivandrum തിരുവനന്തപുരം MW (AM Channel): 1161 kHz
   - Alappuzha ആലപ്പുഴ MW (AM Channel): 576 kHz
   - Thrissur തൃശൂര് MW (AM Channel): 630 kHz
   - Calicut കോഴിക്കോട് MW (AM Channel): 684 kHz

## 6.2 പൊതു നിർദ്ദേശങ്ങൾ - ജില്ലാ തലം

1. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ഓരോ വകുപ്പും ഒരു ജില്ലാതല നോഡൽ ഓഫീസറെ നിയമിക്കണം. പ്രസ്തുത വ്യക്തിയുടെ പേര്, പദവി, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ എന്നിവ ജില്ലാ അതോറിറ്റികൾക്ക് 15-6-2026ന് മുൻപ് കൈമാറണം.
2. അനുബന്ധം 1ൽ നൽകിയിരിക്കുന്ന ഫോർമാറ്റിൽ അതാത് വകുപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ അതാത് ദിവസം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കി എന്ന് പ്രസ്തുത നോഡൽ ഓഫീസർ ഉറപ്പ് വരുത്തണം. ഈ ഫോർമാറ്റ് പൂരിപ്പുക്കുവാൻ പോലീസ്, റവന്യു, ആരോഗ്യം, മൃഗസംരക്ഷണം, കെ.എസ്.ഇ.ബി, പൊതുമരാമത്ത്, തദേശ-സ്വയംഭരണ പൊതുമരാമത്ത് എന്നിവരിൽ നിന്നുള്ള ദൈനംദിന വിവരം ആവശ്യമാണ്. ഇത് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക.
3. അംഗീകൃത ദുരന്തങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ

സഹായത്തിന് അർഹത. ഇതിനായി പോലീസ് എഫ്.ഐ.ആർ റിപ്പോർട്ട് ആണ് ആശ്രയിക്കേണ്ടത്. ഈ ആവശ്യത്തിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രത്യേകമായി ഒരു ഗൂഗിൾ ഷീറ്റ് നൽകുന്നതായിരിക്കും. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന് അർഹതയുണ്ട് എന്ന് കണ്ടാൽ എഫ്.ഐ.ആർ നംബർ സഹിതം ഈ ഷീറ്റിൽ പൂരിപ്പിക്കേണ്ടതാണ്.

4. അനുബന്ധം 2ൽ നൽകിയിരിക്കുന്ന ഫോർമാറ്റിൽ അതാത് വകുപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ മാസവും അവസാന പ്രവർത്തി ദിവസം രാവിലെ 11 മണിക്ക് മുൻപ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കി എന്ന് പ്രസ്തുത നോഡൽ ഓഫീസർ ഉറപ്പ് വരുത്തണം. ഈ വിവരം ലഭിക്കുന്നുണ്ട് എന്ന് ജില്ലാ അതോറിറ്റി ഉറപ്പ് വരുത്തണം.
5. അവരവരിൽ നിക്ഷിപ്തമായ ദുരന്ത പ്രതികരണ ചുമതലകൾ Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നിന്നും മനസ്സിലാക്കുകയും ആവശ്യമായ വകുപ്പുതല തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുക.

## 6.3 ലാൻഡ് റവന്യൂ

1. ദുരന്ത സാഹചര്യത്തിൽ പൊതു ഏകോപനത്തിന്റെയും, ദുരിതാശ്വാസത്തിന്റെയും ചുമതല ലാൻഡ് റവന്യൂ വകുപ്പിനായിരിക്കും
2. താലൂക്ക് ഇ.ഒ.സികളുടെ പരിപാലനത്തിനും, ഓരോ ജില്ലാ കളക്ടർക്കും Rs. 5 ലക്ഷം രൂപ വീതം imprest fund എന്നിവ GO (Rt) No. 1335/2025/RD dated 3-6-2025 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ വർഷവും ഈ തുക അനുവദിക്കുക.
3. താലൂക്ക് ഇ.ഒ.സികളിൽ റവന്യൂ വകുപ്പിൽ നിന്നും 6 പേരെ 1 വ്യക്തി വീതം 8 മണികൂർ ജോലിക്കായി നിയോഗിക്കുക. ഈ 6 പേർ 2 മാസം തുടർച്ചയായി ഉണ്ടാകണം. എല്ലാ വർഷവും മെയ് മാസത്തിൽ റവന്യൂ വകുപ്പിൽ

നിന്നും ലിസ്റ്റ് ലഭ്യമാക്കുകയും, DEOC പരിശീലനം മെയ് അവസാനത്തോടെ പൂർത്തിയാക്കി ജൂൺ മുതൽ EOC പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നത് ഉറപ്പാക്കുക.

4. താലൂക്ക് അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ റവന്യു വകുപ്പിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ചുമതലകൾ

a) DM Directory തയ്യാറാക്കുകയും പുതുക്കുകയും ചെയ്യുക
b) നല്കിയതും, ലഭിച്ചതുമായ സന്ദേശങ്ങൾ ലോഗ് ബുക്കിൽ കൃത്യയമായി എഴുതി സൂക്ഷിക്കുകയും, ദിവസവും വൈകിട്ട് 4 മണിക്ക് തഹസിൽദാറെ കാണിച്ച് ഒപ്പിട്ട് വാങ്ങുകയും ചെയ്യുക
c) ദുരന്തം സംബന്ധിച്ച സന്ദേശങ്ങൾ ലഭിച്ചാൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ WhatsApp Groupൽ അറിയിക്കുക.
d) ദുരന്തം സംബന്ധിച്ച സന്ദേശങ്ങൾ ലഭിച്ചാൽ സ്ഥലം വില്ലേജ് ഓഫീസർ, തഹസിൽദാർ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുക. അറിയച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുക
e) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കേണ്ട NDEM Portal, എക്സൽ ഷീറ്റ് എന്നിയിൽ ആവശ്യമായ നാശ നഷ്ടകണക്കുകൾ, ക്യാമ്പ് വിവരങ്ങൾ എന്നിവ തയ്യാറാക്കി ജില്ലാ അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് നൽകുക
f) TEOCയിലെ ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ല എങ്കിൽ, പ്രസ്തുത വിവരം റിപ്പോർട്ട് ആയി ഡി.എം സെക്ഷൻ DTക്ക് നല്കുക

5. അടിയന്തിര ഘട്ടത്തിൽ ക്യാമ്പുകളിലെ ചെലവുകൾക്കോ, സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ദുരന്ത പ്രതികരണത്തിൽ ഏർപ്പെടുന്ന സേനകൾ എന്നിവർക്ക് ലഘുഭക്ഷണം, പാനിയങ്ങൾ എന്നിവ നല്കുവാനോ, വീണ് കിടക്കുന്ന മരം മാറ്റുന്നതിനോ, മറ്റ് അത്യാവശ്യം വേണ്ടുന്ന പ്രവർത്തനങ്ങൾക്കൊ ആയി വില്ലേജ് ഓഫീസർമാർക്ക് H/A 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്നും ഒരു വില്ലേജിന് Rs. 25,000/- എന്ന തരത്തിൽ അഡ്വാൻസ് ആയി വില്ലേജ് ഓഫീസർമാർക്ക് നൽകാവുന്നതാണ്. ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഇത്തരത്തിൽ അഡ്വാൻസ്

നൽകുവാൻ അനുമതി ഉണ്ടാകുകയുള്ളൂ. ഈ തുക മുൻകൂർ ആയി വില്ലേജ് ഓഫീസർമാർക്ക് ലഭ്യമാക്കുക.

6. താലൂക്കിലെ ഉദ്യോഗസ്ഥർക്ക് ദുരന്ത പ്രതികരണത്തിനായി rugged vehicles (Bolero/Gurkha) contract arrangement വഴി ജൂൺ മുതൽ ഡിസംബർ വരെ എടുക്കാവുന്നതാണ്. ഇതിനായി 2245-02-101-94-01 Flood Other items എന്ന ശീർഷകത്തിൽ നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ അനുമതിയോടെ ചെലവഴിക്കാവുന്നതാണ്.

7. തദ്ദേശ സർക്കാരുകൾ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ നിന്നും പ്രധാനമായും ചുവടെ ചേർക്കുന്ന വിവരങ്ങൾ പരിശോധിച്ച് താലൂക്ക് തലത്തിൽ അവലോകനം നടത്തുകയും, ഇവയുടെ പട്ടികകളും, മൊബൈൽ നമ്പറുകളും താലൂക്ക് കൺട്രോൾ റൂം, വില്ലേജ് ഓഫീസ്, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ സൂക്ഷിക്കുകയും ചെയ്യുക.

A. ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ - വാർഡ് തിരിച്ച്

   a. തദ്ദേശ സ്ഥാപന തലത്തിൽ, ഒന്നോ രണ്ടോ (ചുരുങ്ങിയത് രണ്ട് വർഡുകൾക്ക് ഒന്ന് എന്ന നിലയിൽ) വാർഡുകൾക്കായി ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം എന്ന നിലയിൽ കണ്ടെത്തി അതാത് തദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുക. ഒരു വാർഡിൽ ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം കണ്ടെത്തേണ്ടുന്ന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥനും, പ്രദേശത്തെ വില്ലേജ് ഓഫീസർക്കും സംയുക്തമായിട്ടായിരിക്കും.

   b. ദുരന്ത പ്രതികരണ നിധിയുടെ പുതിയ മാനദണ്ഡം അനുസരിച്ചു Preparedness (തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ)നായി തുക ചെലവഴിക്കാം. എല്ലാ പഞ്ചായത്തുകൾക്കും 2245-02-101-94-Flood-Other itemsൽ നിന്നും 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും, കോർപ്പറേഷൻ

5 ലക്ഷം രൂപയും നല്കുക. ഈ തുക മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഉപയോഗിക്കുവാൻ പാടില്ല. അതാത് തദ്ദേശ സ്ഥാപന മേഖലയിൽ കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുച്ചി മുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മാത്രമെ ഈ തുക ഉപയോഗിക്കുവാൻ പാടുള്ളൂ. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഈ തുകയ്ക്ക് അർഹത ഉണ്ടാക്കൂ.

B. ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള വിഭാഗങ്ങളുടെ പട്ടിക

a) പുറമ്പോക്കിൽ വസിക്കുന്നവർ
b) ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ
c) വയൽ കരകളിൽ താമസിക്കുന്നവർ
d) മലയുടെ ചരിവുകളിലും, ഒറ്റപ്പെട്ട പ്രദേശത്തും, ഒറ്റപ്പെട്ട എസ്റ്റേറ്റ് ലേബർ ക്യാബകൾ എന്നിവിടങ്ങളിൽ വസിക്കുന്നവർ
e) 2018ലോ, 2019ലോ, 2021ലോ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീടുകളിലോ താമസിക്കുന്ന ദുരന്ത ബാധിതർ
f) പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ
g) ലയങ്ങളിൽ താമസക്കാരായിരുന്ന, ലയം പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

h) ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ
i) ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ, വൃദ്ധസദനങ്ങളിലെ താമസക്കാർ, കുട്ടികളുടെ ഹോസ്റ്റലുകൾ, അതിദരിദ്രർ പട്ടികയിൽ ഉൾപ്പെട്ടവർ

C. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള എമർജൻസി റെസ്പോൺസ് ടീം സംബന്ധിച്ച പട്ടികയും, ടീം അംഗങ്ങളുടെ മൊബൈൽ ഫോൺ വിവരങ്ങളും

D. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമായ ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, ബോട്ടുകൾ, എലക്ട്രിക് മരം മുറി യന്ത്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഉടമയുടെ പേരും, മൊബൈൽ നമ്പരും സഹിതം

8. മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒഴിപ്പിക്കൽ പ്രവർത്തനത്തിൽ 6.3 (7) (B) (a to i) പട്ടികയിൽപ്പെടുന്നവർക്ക് ആദ്യ പരിഗണന നല്കണം. ഈ രീതിയിൽ മുൻഗണനാ ക്രമം തദ്ദേശ സ്ഥാപനം നിർണയിച്ചു എന്ന് വില്ലേജ് ഓഫീസർ ഉറപ്പ് വരുത്തുക.

a. ഇത്തരം പ്രദേശവാസികളെ സംബന്ധിച്ച് വിവരം നിലവിൽ തദ്ദേശ സർക്കാരുകളുടെ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ, ഇലക്ഷൻ ബൂത്ത് ലെവൽ ഓഫീസർമാരുടെയും, സന്നദ്ധ പ്രവർത്തകരുടെയും, പോലീസിന്റെയും സഹായത്തോടെ ഉടൻ തയ്യാറാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുക.

b. ഒരു ജില്ലയിലോ, താലൂക്കിലോ, പ്രദേശത്തോ മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ ഒഴിപ്പിക്കൽ ആവശ്യമായി വന്നാൽ ആദ്യം ഒഴിപ്പിക്കേണ്ടതും, രക്ഷിക്കേണ്ടതും ഈ പട്ടിക അനുസരിച്ചായിരിക്കണം

c. ഇന്ന് മഞ്ഞ ആലേർട്ടും നാളെ ഓറഞ്ചോ, ചുവപ്പോ ആണെങ്കിൽ, ഇന്ന് വൈകീട്ട് തന്നെ ഇത്തരത്തിൽ ദുരന്ത സാധ്യതാ മേഖലയിൽ

വസിക്കുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനവും, പോലീസും, അഗ്നി-രക്ഷാ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുക.

d. ജില്ലയിൽ മഴയുടെ ഓറഞ്ച് അലേർട്ട് ആണ് എങ്കിൽ 5.3 (2) (B) (a to i) പട്ടികയിൽപ്പെടുന്നവരെ നിർബന്ധമായും ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം.

e. ഇവയിൽ ഏതെങ്കിലും കുടുംബം കാലവർഷ-തുലാവർഷ മാസങ്ങളിൽ ഏതൊരു അവസരത്തിലും ക്യാമ്പിലേക്ക് മാറി താമസിക്കണം എന്ന ആവശ്യം ഉന്നയിച്ചാൽ, അവർക്കായി ക്യാമ്പ് നടത്തണം

f. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലൂടെ ഒഴുകുന്ന നദികളിൽ ജല നിരപ്പ് സംബന്ധിച്ച ഓറഞ്ച് അലേർട്ട് ലഭിച്ചാൽ ഉടൻ തന്നെ നിർബന്ധമായും 5.3 (2) (B) (a to i) പട്ടികയിൽപ്പെടുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം

g. മഴയുടെ ചുവന്ന അലേർട്ട് ജില്ലയിൽ വന്നാൽ ഉടൻ തന്നെ 2018, 2019, 2021 വർഷങ്ങളിൽ പ്രളയവും ഉരുൾപൊട്ടലും ബാധിച്ചവരെയും, 5.3 (2) (B) (a to i) പട്ടികയിൽപ്പെടുന്നവരെയും ഒഴിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടും, പോലീസിനോടും, അഗ്നി-രക്ഷാ വകുപ്പിനോടും ഒപ്പം പ്രവർത്തിക്കുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

h. ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി വില്ലേജ് ഓഫീസിൽ സൂക്ഷിക്കുക.

9. വകുപ്പിന്റെ 24 x 7 പ്രവർത്തിക്കുന്ന സംസ്ഥാന കണ്ട്രോൾ റൂമിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസിൽദാർ റാങ്കിൽ കുറയാത്ത ഒരാളെ നിയോഗിക്കണം

10. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനം എന്നീ സാഹചര്യത്തിൽ ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക

11. സർക്കാർ നിർദേശം അനുസരിച്ച് ബന്ധു വീടുകളിലേക്ക് മാറി താമസിക്കുന്ന വ്യക്തികളുടെ വിവരം കൃത്യമായി തദേശ സ്ഥാപന തലത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുക

12. ജില്ലാ തലത്തിൽ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ tarpaulinനും, ചെറിയ പന്തലും മറ്റും കെട്ടി നൽകുന്നവരുമായും കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

13. അത്യാഹിത സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ വണ്ടികൾ, ജനറേറ്ററുകൾ, ക്രെയിനുകൾ, മണ്ണ് മാന്തികൾ ദുരിതാശ്വാസത്തിനാവശ്യമായ മറ്റ് വസ്തുവകകൾ (വിറക്, പാത്രങ്ങൾ എന്നിവ) കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

14. താലൂക്ക് തലത്തിൽ നിന്നും അനുബന്ധം 1, 2 എന്നിവ സമയ ബന്ധിതമായി ജില്ലാ ഇ.ഓ.സിയിൽ ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

15. അംഗീകൃത ദുരന്തത്തിൽ തകർച്ച നേരിട്ട വീടുകളുടെ കെട്ടിട തകർച്ചയുടെ തോത് മാത്രം ശതമാന നിരക്കിൽ GO (Ms) No. 25/2019/DMD dated 23-08-2019 പ്രകാരം കണക്കാക്കേണ്ടതുണ്ട്. തദ്ദേശ

സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗവും, ഭരണ വിഭാഗവും, ലാൻഡ് റവന്യൂ ഉദ്യോഗസ്ഥനും ചേർന്നാണ് നാശനഷ്ട്ട തോത് കണക്കാക്കാകി നൽകേണ്ടത്.

16. ഇത്തരത്തിൽ ലഭിക്കുന്ന നാശനഷ്ട വിവര തോതിന് അനുസരിച്ച് GO (Ms) No. 1/2025/DMD dated 9-1-2025 (https://sdma.kerala.gov.in/wp-content/uploads/2025/02/GO-Housing-2025.pdf) പ്രകാരം ആണ് തുക അനുവദിക്കേണ്ടത്.

17. വീടുകളുടെ നാശനഷ്ടം സംബന്ധിച്ച വിവരം റിലീഫ് പോർട്ടൽ (https://relief.kerala.gov.in/reliefportal/index.php) മുഖാന്തരം ലഭ്യമാക്കുക.

18. വീടിന്റെയോ, ഗൃഹോപകരണങ്ങളുടെയോ വാല്യു കണക്കാക്കേണ്ടതില്ല. തകർച്ച നേരിട്ട കെട്ടിടത്തിന് തകർച്ചയുടെ ശതമാന നിരക്കിലെ തോതിന് അനുസരിച്ച് മാത്രമേ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. വീടിന്റെയോ, ഗ്രഹോപകരണങ്ങളുടെയോ വാല്യു ദുരിതാശ്വാസ സഹായം നൽകുന്നതിന് മാനദണ്ഡം അല്ല.

19. ബണ്ട് സംരക്ഷണം, കടൽ/പുഴ തീരത്തെ വീട് സംരക്ഷണം എന്നിവ ആവശ്യമായി വരികയാണെങ്കിൽ, തദ്ദേശ സ്ഥാപനത്തിനും, ജലസേചന വകുപ്പിനും, കൃഷി വകുപ്പിനും സ്വന്തമായി ഈ പ്രവർത്തിക്ക് പണം ലഭ്യമല്ല എങ്കിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ, മണൽ ബണ്ട്കളോ (മണൽ വാടാ), പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ബണ്ടുളോ ഇടുന്ന പ്രവർത്തികൾക്ക് ഒരു പഞ്ചായത്തിൽ പരമാവധി നാല് ലക്ഷം രൂപ, മുനിസിപ്പാലിറ്റിയിൽ അഞ്ച് ലക്ഷം രൂപ, കോർപ്പറേഷനിൽ ഏഴ് ലക്ഷം രൂപ വരെ 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്.

20. മേൽ പ്രവർത്തികൾ ആവശ്യമായ സ്ഥലങ്ങൾ, വകുപ്പുകളുടെ (തദ്ദേശ സ്വയംഭരണ സ്ഥാപനം/ജലസേചന വകുപ്പ്/കൃഷി വകുപ്പ്) ആവശ്യം അനുസരിച്ച്, തഹസിൽദാർ സന്ദർശിച്ച് പ്രവർത്തി ആവശ്യകത ബോധ്യപ്പെട്ടു എങ്കിൽ തഹസിൽദാർ അനുവദിക്കുന്ന സ്ഥലത്ത്, പ്രവർത്തി നടപ്പാക്കാൻ ഉള്ള ടെൻഡർ നടപടികൾ അതാത് വകുപ്പ്

പൂർത്തീകരിച്ച് സാമ്പത്തിക അനുമതിയുടെ പരിധിക്കുള്ളിൽ നിന്നും പ്രവർത്തി അനുമതി നൽകുക. ഈ പ്രവർത്തിമൂലം ഉണ്ടാകുന്ന ദുരന്ത ലഘൂകരണം എത്ര എന്നത് തഹസിൽദാർക്ക് ബോധ്യപ്പെടുകയും, അത്തരത്തിൽ സാക്ഷ്യപ്പെടുത്തിയതിന് ശേഷം വേണം അനുമതി നല്കുവാൻ.

21. പ്രവർത്തികൾക്ക് തഹസിൽദാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ എന്നത് പരിശോധിച്ച് മാത്രം ബില്ലുകൾ അതാത് വകുപ്പിന് (തദ്ദേശ സ്വയംഭരണ സ്ഥാപനം/ജലസേചന വകുപ്പ്/കൃഷി വകുപ്പ്) അനുവദിക്കുക.

22. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ വ്യക്തിഗതമായ എല്ലാ ദുരിതാശ്വാസവും Direct Benefit Transfer വഴി വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിൽ വേണം അനുവദിക്കുവാൻ. ചെക്ക്, നേരിട്ട് പണം നൽകൽ എന്നിവ അനുവദനീയമല്ല.

23. ദുരിതാശ്വാസ ക്യാമ്പ് നടത്തുന്നതിന് അനുബന്ധം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

24. TEOCയുടെ മഴക്കാലത്തെ പ്രവർത്തനം തടസമില്ലാതെ നടത്തുന്നതിന് ആവശ്യമെങ്കിൽ ഒരു Aapda Mitra വോളന്റിയറെ തുടർച്ചയായി 178 ദിവസത്തിൽ അധികരിക്കാതെ നിയോഗിക്കാം. നിയോഗിക്കുന്ന ദിവസങ്ങളിൽ പരമാവധി ‘750 രൂപ/8 മണിക്കൂർ ഡ്യൂട്ടി’ എന്ന നിലയിൽ ദിനബത്ത നൽകാവുന്നതാണ്. പരമാവധി 6 പേരുടെ പട്ടിക ജില്ലാ ഹസർഡ് അനലിസ്റ്റ് തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഒ, ചെയർമാൻ എന്നിവർക്ക് നൽകുക. ഈ പട്ടികയിൽ നിന്നും ഒരു Aapda Mitra വോളന്റിയറെ വീതം തുടർച്ചയായി ഷിഫ്റ്റ് ഡ്യൂട്ടി ആയി 8 മണികൂർ വീതം നിയോഗിക്കാം.

25. വില്ലേജ് ഓഫീസർ നേരിട്ട് നടത്തേണ്ടുന്ന നാശനഷ്ട/ജീവഹാനി വിവര ശേഘരണം

   – വീടും സ്ഥലവും നഷ്ടപ്പെട്ടു എന്ന റിപ്പോർട്ട് തദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറുമായി ചേർന്ന് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിക്കുന്ന ആപ്ലികേഷനിൽ ശേഖരിക്കുക

- ദൈനംദിന ക്യാമ്പ് റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശിക്കുന്ന ആപ്ലിക്കേഷനിൽ ശേഖരിക്കുക
- ജീവഹാനി സംബന്ധിച്ച റിപ്പോർട്ട്, പോലീസ് എഫ്.ഐ.ആർ നമ്പറും, തീയതിയും സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാക്കുക. അംഗീകൃത ദുരന്തങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന് അർഹത. ഇതിനായി പോലീസ് എഫ്.ഐ.ആർ റിപ്പോർട്ട് ആണ് ആശ്രയിക്കേണ്ടത്.

## 6.4 തദ്ദേശ സ്വയംഭരണ സർക്കാരുകൾ

1. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനം എന്നിവ അതാത് തദ്ദേശ സ്ഥാപന മേഖലയിൽ ഏകോപിപ്പിക്കുന്ന ചുമതല സ്വയംഭരണ തദ്ദേശ സ്ഥാപനത്തിനായിരിക്കും. ഈ ഓറഞ്ച് ബുക്കിൽ മറ്റു വിവിധ ഭാഗങ്ങളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ട പങ്കു വിശദമായി പ്രതിപാദിച്ചിട്ടുണ്ടെന്നതും ശ്രദ്ധിക്കുക.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അടിയന്തിര ദുരന്ത പ്രതികരണത്തിനായി സ്വന്തം ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക നീക്കി വയ്ക്കണം.
3. ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിനുള്ള അനുബന്ധം 3ലെ മാർഗനിർദ്ദേശങ്ങൾ പ്രകാരം ക്യാമ്പ് നടത്തിപ്പ് ലാൻഡ് റവന്യൂ വകുപ്പിനൊപ്പം ഏകോപിപ്പിക്കുക.
4. ക്യാമ്പ് നടത്തിപ്പിനായി വില്ലേജ് ഓഫീസറുടെ കൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ചാർജ് ഓഫീസറെ നിയോഗിക്കേണ്ടതാണ്.
5. ദുരന്തനിവാരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുകയും തുടർ നടപടികൾ ആസൂത്രണം ചെയ്യുകയും മോണിട്ടർ ചെയ്യുകയും വേണം.

6. LSGD Engineering Wing Rapid Response Teams എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് കീഴിലും രൂപീകരികരിക്കണം. അടിയന്തര പ്രവർത്തി നിർവഹണത്തിനായി ആവശ്യമായ ഉപകരണങ്ങൾ Generator, Light, First Aid Kits, JCB, boats, hitachi, ambulance, pump, cutters (concrete and tree), geobags എന്നിവ ഉറപ്പ് വരുത്തുക.

7. **ദുരന്ത ലഘൂകരണ പദ്ധതികളിൽ നിന്നും ചുവടെ ചേർക്കുന്ന വിവരങ്ങൾ പരിശോധിച്ച് ഇവയുടെ പട്ടികകളും, മൊബൈൽ നമ്പറുകളും താലൂക്ക് കൺട്രോൾ റൂം, വില്ലേജ് ഓഫീസ്, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ നൽകുക.**

A. ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ - വാർഡ് തിരിച്ച്

a) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ, ഒന്നോ രണ്ടോ (ചുരുങ്ങിയത് രണ്ട് വർഡുകൾക്ക് ഒന്ന് എന്ന നിലയിൽ) വാർഡുകൾക്കായി ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം എന്ന നിലയിൽ കണ്ടെത്തി അതാത് തദേശ സ്ഥാപനത്തിലെ ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുക. ഒരു വാർഡിൽ ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം കണ്ടെത്തേണ്ടുന്ന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥനും, പ്രദേശത്തെ വില്ലേജ് ഓഫീസർക്കും സംയുക്തമായിട്ടായിരിക്കും.

b) ക്യാമ്പുകൾ നടത്താൻ കണ്ടെത്തിയ മറ്റ് കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനസജ്ജമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതാത് തദ്ദേശ സ്ഥാപന മേഖലയിൽ കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുചി മുറികൾ, Septic Tank, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവ ഉറപ്പ് വരുത്തണം. ദുരന്ത ഘട്ടങ്ങളിലായിരിക്കരുത് ക്യാമ്പുകളായി നടത്തുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. ഇവ മുൻകൂട്ടി നിർബന്ധമായും പൂർത്തിയാക്കിയിട്ടുണ്ടാകണം

c) ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP) പ്രകാരം സ്ഥാപിച്ച വിവിധോദ്ദേശ ദുരിതാശ്വാസ കേന്ദ്രങ്ങളിലെ (https://sdma.kerala.gov.in/implementation-status/) ശുചിമുറികൾ, വാഷ് ബേസിൻ, വാട്ടർ പമ്പ്, ജെനറെറ്റർ, ലൈറ്റ്കൾ, ഫാനുകൾ, മാലിന്യ കുഴി, സെപ്പറ്റിക്ക് ടാങ്ക്, പ്ലംബിംഗ്, വൈദ്യുതി വിതരണ സംവിധാനങ്ങൾ, ജെനറേട്ടർ എന്നിവയെല്ലാം പരിശോധിച്ച് അവ പ്രവർത്തനക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തുക. ഷെൽറ്റർ മാനേജ്മെൻറ് കമ്മിറ്റിയുടെ കോർപ്പസ് ഫണ്ടിലെ പലിശ/മറ്റ് വരുമാനം എന്നിവ ഉപയോഗിച്ച് അറ്റകൂറ്റ പണി ചെയ്തു എന്ന് ഉറപ്പ് വരുത്തുക. അറ്റകൂറ്റ പണിക്ക് കോർപ്പസ് ഫണ്ടിലെ പലിശ/മറ്റ് വരുമാനം എന്നിവയിൽ അധികമായി തുക ആവശ്യമാണ് എങ്കിൽ ഷെൽറ്റർ മാനേജ്മെൻറ് കമ്മിറ്റി അധ്യക്ഷൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോട് സഹായം ആവശ്യപ്പെടുക.

d) ദുരന്ത പ്രതികരണ നിധിയുടെ പുതിയ മാനദണ്ഡം അനുസരിച്ചു Preparedness (തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ)നായി തുക ചെലവഴിക്കാം. എല്ലാ പഞ്ചായത്തുകൾക്കും 2245-02-101-94-Flood-Other itemsൽ നിന്നും 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും, കോർപ്പറേഷൻ 5 ലക്ഷം രൂപയും നല്കുക. ഈ തുക മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഉപയോഗിക്കുവാൻ പാടില്ല. അതാത് തദേശ സ്ഥാപന മേഖലയിൽ കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുച്ചി മുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മാത്രമെ ഈ തുക ഉപയോഗിക്കുവാൻ പാടുള്ളൂ. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഈ തുകയ്ക്ക് അർഹത ഉണ്ടാക്കൂ.

e) ഓരോ വാർഡിലും ദുരിതാശ്വാസ ക്യാമ്പുകളായി തെരഞ്ഞെടുത്ത കെട്ടിടങ്ങളിലേക്കുള്ള സുരക്ഷിതമായ വഴി അടയാളപ്പെടുത്തി

പ്രസിദ്ധീകരിക്കുക. ഇവ ദുരന്ത സാധ്യതാ പ്രദേശങ്ങളിലുള്ള ജനങ്ങളെ അറിയിക്കുക.

f) മേൽ പ്രവർത്തനം നടന്നു എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഉറപ്പ് വരുത്തുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും ചെയ്യണം.

B. ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള ചുവടെ ചേർക്കുന്ന വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കുക. ഈ പ്രവർത്തനം നടന്നു എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഉറപ്പ് വരുത്തുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും ചെയ്യണം.

a. പുറമ്പോക്കിൽ വസിക്കുന്നവർ
b. ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ
c. വയൽ കരകളിൽ താമസിക്കുന്നവർ
d. മലയുടെ ചരിവുകളിലും, ഒറ്റപ്പെട്ട പ്രദേശത്തും, ഒറ്റപ്പെട്ട എസ്റ്റേറ്റ് ലേബർ ക്യാമ്പുകൾ എന്നിവിടങ്ങളിൽ വസിക്കുന്നവർ
e. 2018ലോ, 2019ലോ, 2021ലോ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീടുകളിലോ താമസിക്കുന്ന ദുരന്ത ബാധിതർ
f. പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ
g. ലയങ്ങളിൽ താമസക്കാരായിരുന്ന, ലയം പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

h. ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ
i. ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ, അതി ദരിദ്രർ പട്ടികയിൽ ഉൾപ്പെട്ടവർ

C. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള എമർജൻസി റെസ്പോൺസ് ടീം സംബന്ധിച്ച പട്ടികയും, ടീം അംഗങ്ങളുടെ മൊബൈൽ ഫോൺ വിവരങ്ങളും

D. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമായ ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, ബോട്ടുകൾ, എലക്ട്രിക് മരം മുറി യന്ത്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഉടമയുടെ പേരും, മൊബൈൽ നമ്പരും സഹിതം

8. മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒഴിപ്പിക്കൽ പ്രവർത്തനത്തിൽ 5.4 (5) (B) (a to i) പട്ടികയിൽപ്പെടുന്നവർക്ക് ആദ്യ പരിഗണന നല്കണം. ഈ രീതിയിൽ മുൻഗണനാ ക്രമം തദ്ദേശ സ്ഥാപനം നിർണയിക്കുക.

a. ഇത്തരം പ്രദേശവാസികളെ സംബന്ധിച്ച് വിവരം നിലവിൽ തദ്ദേശ സർക്കാരുകളുടെ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ, ഇലക്ഷൻ ബൂത്ത് ലെവൽ ഓഫീസർമാരുടെയും, സന്നദ്ധ പ്രവർത്തകരുടെയും, പോലീസിന്റെയും സഹായത്തോടെ ഉടൻ തയ്യാറാക്കുക.
b. ഒരു ജില്ലയിലോ, താലൂക്കിലോ, പ്രദേശത്തോ മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ ഒഴിപ്പിക്കൽ ആവശ്യമായി വന്നാൽ ആദ്യം ഒഴിപ്പിക്കേണ്ടതും, രക്ഷിക്കേണ്ടതും ഈ പട്ടിക അനുസരിച്ചായിരിക്കണം
c. ഇന്ന് മഞ്ഞ ആലേർട്ടും നാളെ ഓറഞ്ചോ, ചുവപ്പോ ആണെങ്കിൽ, ഇന്ന് വൈകീട്ട് തന്നെ ഇത്തരത്തിൽ ദുരന്ത സാധ്യതാ മേഖലയിൽ വസിക്കുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റുവാൻ തദ്ദേശ സ്വയംഭരണ

സ്ഥാപനവും, വില്ലേജ് ഓഫീസും ചേർന്ന് നടപടി സ്വീകരിച്ചു എന്ന് ഉറപ്പ് വരുത്തുക.

d. ജില്ലയിൽ മഴയുടെ ഓറഞ്ച് അലേർട്ട് ആണ് എങ്കിൽ നിർബന്ധമായും 5.4 (5) (B) (a to i) പട്ടികയിൽപ്പെടുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം.

e. ഇവയിൽ ഏതെങ്കിലും കുടുംബം കാലവർഷ-തുലാവർഷ മാസങ്ങളിൽ ഏതൊരു അവസരത്തിലും ക്യാമ്പിലേക്ക് മാറി താമസിക്കണം എന്ന ആവശ്യം ഉന്നയിച്ചാൽ, അവർക്കായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ക്യാമ്പ് നടത്തണം

f. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലൂടെ ഒഴുകുന്ന നദികളിൽ ജല നിരപ്പ് സംബന്ധിച്ച ഓറഞ്ച് അലേർട്ട് ലഭിച്ചാൽ ഉടൻ തന്നെ നിർബന്ധമായും 5.4 (5) (B) (a to i) പട്ടികയിൽപ്പെടുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം

g. മഴയുടെ ചുവന്ന അലേർട്ട് ജില്ലയിൽ വന്നാൽ ഉടൻ തന്നെ 2018, 2019 പ്രളയകാലത്ത് പ്രളയവും ഉരുൾപൊട്ടലും ബാധിച്ചവരെയും, 5.4 (5) (B) (a to i) പട്ടികയിൽപ്പെടുന്നവരെയും ഒഴിപ്പിക്കുവാൻ പോലീസിനോടും, അഗ്നി-രക്ഷാ സേനയോടും, റവന്യൂ വകുപ്പിനോടും ഒപ്പം പ്രവർത്തിക്കുക; തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

h. ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിക്കുക; വില്ലേജ് ഓഫീസ്, പോലീസ് സ്റ്റേഷൻ, അഗ്നി-രക്ഷാ സേന സ്റ്റേഷൻ എന്നിവിടങ്ങളിൽ മേൽ പട്ടിക ലഭ്യമാക്കുക.

9. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനം എന്നീ സാഹചര്യത്തിൽ ഗർഭിണികൾ, കുട്ടികൾ, അംഗപരിമിതർ, ഭിന്നശേഷിക്കാർ, അതി ദരിദ്രർ പട്ടികയിൽ ഉൾപ്പെട്ടവർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക

10. സർക്കാർ നിർദേശം അനുസരിച്ച് ബന്ധു വീടുകളിലേക്ക് മാറി താമസിക്കുന്ന വ്യക്തികളുടെ വിവരം കൃത്യമായി തദേശ സ്ഥാപന തലത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുക

11. സ.ഉ (കൈ) നം. 156/2019/ത.സ്വ.ഭ.വ; തീയ്യതി 04.12.2019 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലും നാല് തരത്തിലുള്ള എമർജൻസി റെസ്പോൺസ് ടീമുകളെ (ERT) തയ്യാറാക്കിയിട്ടുണ്ട്. പ്രഥമ ശുശ്രൂഷ ടീം, തിരച്ചിൽ ഒഴിപ്പിക്കൽ രക്ഷപ്പെടുത്തൽ ടീം, ദുരന്ത മുന്നറിയിപ്പ് ടീം, ക്യാമ്പ് മാനേജ്മെൻ്റ് ടീം എന്നീ ടീമുകളെയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇവർക്ക് ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. എല്ലാ ടീമുകൾക്കും ഒരു ലീഡർ ഉണ്ടാകേണ്ടതാണ്. ഈ ടീമുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ സെക്രട്ടറിയുടെ കീഴിലും സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്.
12. 10 വീടുകൾക്ക് ഒരു വളണ്ടിയർ എന്ന നിലയിൽ സന്നദ്ധ സേനകളെ കൂടുതൽ ശക്തമാക്കാൻ തദ്ദേശ സ്വയംഭരണ ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുക. സന്നദ്ധ സേനാംഗങ്ങൾക്ക് പ്രാഥമിക ചികിത്സ നൽകാനുള്ള പരിശീലനവും കിറ്റും നൽകുക. കൃത്യമായ ആശയവിനിമ നിർദ്ദേശങ്ങളും ഇവർക്ക് നൽകുക
13. കിടപ്പ് രോഗികളായവർക്ക് പ്രത്യേക വാഹന സൗകര്യങ്ങൾ ഒരുക്കണം. വെള്ളം കയറുന്ന സാഹചര്യത്തിൽ ഉപയോഗിക്കാൻ പറ്റുന്ന വിധത്തിൽ തറയിൽ നിന്നും കൂടുതൽ ഉയരമുള്ള വാഹനങ്ങൾ ആയിരിക്കണം കണ്ടെത്തേണ്ടത്. ആംബുലൻസുകളായി ഉപയോഗിക്കാൻ കഴിയുന്ന വാഹനങ്ങളും കണ്ടെത്തി വിവരം സൂക്ഷിക്കണം
14. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജൂൺ മുതൽ ഡിസംബർ വരെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സ്ഥാപിക്കുക. ഈ കൺട്രോൾ റൂം അതാത് തദ്ദേശ സ്ഥാപനത്തിലെ വിവിധ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഉപകാരപ്രദം ആയിരിക്കും. അതാത് തദ്ദേശ സ്ഥാപനത്തിലെ കൺട്രോൾ റൂം നമ്പർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ വീടുകളിലും അറിയിക്കുക.

15. ജില്ലാ പഞ്ചായത്ത് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏകോപ്പിച്ചുകൊണ്ട് കൺട്രോൾ റൂം സ്ഥാപിക്കുക
16. വഴി അരികുകളിലും, കടത്തിണ്ണകളിൽ, ബസ് സ്റ്റാന്റ്കളിലും അന്തിഉറങ്ങുന്ന ആളുകൾക്ക് മഴക്കാലം ദുരന്ത പൂർണമാണ്. ഇത് ഒഴിവാക്കുവാനും, ഇവർക്ക് ഈ മഴക്കാലത്ത് രാത്രികാലങ്ങളിൽ ഉറങ്ങാനും, അത്താഴം നൽകുവാനും ഉള്ള സംവിധാനം തദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെ സഹകരണത്തോടെ ഒരുക്കേണ്ടതാണ്
17. മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് നീർചാലുകളിൽ ഉള്ള തടസങ്ങൾ കണ്ടെത്തുക. അവയിലെ തടസങ്ങൾ മാറ്റുവാൻ തദ്ദേശ എൻജിനീയറിങ്ങ് വിഭാഗം, പൊതു മാരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവരെ ഉപയോഗിക്കുക
18. ഓടകൾ പരിശോധിച്ച് അവയിലെ തടസങ്ങൾ മാറ്റുവാൻ തദ്ദേശ എൻജിനീയറിങ്ങ് വകുപ്പിനെ നിയോഗിക്കുക. മഴവെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന എല്ലാ വസ്തുക്കളും ഓടകളിൽനിന്നും നീർച്ചാലുകളിൽ നിന്നും മാറ്റുക.
19. സ്വകാര്യ ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ പഞ്ചായത്തിരാജ് ആക്ട്, സെക്ഷൻ 238/മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 412 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്തം അതാത് തദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ നിലവിൽ ഏതെങ്കിലും തദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ പഞ്ചായത്തി രാജ് ആക്ട്, സെക്ഷൻ 238 പ്രകാരം ഉടൻ തീർപ്പാക്കുകയും, മരം/മര ചില്ല വീണ് മരണം, നാശനഷ്ടം എന്നിവ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുക. അപകടകരം എന്നും അടിയന്തരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങൾ (മര ചില്ലകൾ മുറിക്കുവാനും, മരം കോതി ഒതുക്കുവാനും ഈ സമിതിയുടെ ശുപാർശ ആവശ്യം ഇല്ല; തദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് തന്നെ തീരുമാനിക്കാം) മുറിക്കുവാനുള്ള

അനുമതി നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചുമതലപ്പെടുത്തും. ഈ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി അടിയന്തിരമായി മുറിക്കേണ്ട സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് ദുരന്ത നിവാരണ നിയമം അനുസരിച്ച് ഉത്തരവാദിത്തം ഉണ്ടായിരിക്കും.

20. GO (Ms) No. 84/2022/LGSG dated 19-4-2022, GO (Ms) No. 86/2022/LSGD dated 19-4-2022 എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് വർഷം വികസന ഫണ്ട്/സ്വന്തം ഫണ്ട് എന്നിവ ഉപയോഗിച്ച് ദുരന്ത പ്രതികരണ, പ്രതിരോധ പ്രോജക്റ്റ്കൾ തയ്യാറാക്കി നടപ്പാക്കേണ്ടത് ഉണ്ട്. അതാത് വർഷം പഞ്ചായത്തി രാജ് ആക്ട്, സെക്ഷൻ 238 പ്രകാരം അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ചുരുങ്ങിയത് 5 ലക്ഷം രൂപയുടെ പദ്ധതി ഉണ്ടാകണം. തദ്ദേശ സ്ഥാപന പരിധിയിലെ (വകുപ്പ്, സ്ഥാപനം എന്നീ വകഭേദം ഇല്ലാതെ) എല്ലാ പ്രദേശത്തെയും അപകടകരമായ മരങ്ങൾ ആവശ്യാനുസരണം കോതുവാനും, മുറിച്ച് മാറ്റുവാനും ആയിരിക്കണം ഈ പദ്ധതി എന്നും നിഷ്കർഷിക്കുന്നു.

21. അപകടകരം എന്നും അടിയന്തരമായി മുറിച്ച് മാറ്റേണ്ടത് എന്നും പൊതുസ്ഥലത്ത് കണ്ടെത്തുന്ന മരങ്ങൾ മുറിക്കുവാനുള്ള അനുമതി നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിക്കായിരിക്കും ചുമതല. മുറിച്ച് മാറ്റണം എന്ന് സമിതി മുൻപാകെ നിർദേശിക്കപ്പെടുന്ന മരങ്ങൾ ഓരോന്നും സമിതി സന്ദർശിക്കുകയും, മുറിച്ച് മാറ്റിയില്ലെങ്കിൽ ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാകും എന്നും ഉത്തമ ബോധ്യം ഉണ്ടാകുകയും ചെയ്താൽ മാത്രമെ സമിതി അവരുടെ സംയുക്ത

ശുപാർശ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് നല്കുവാൻ പാടുള്ളൂ.

22. മര ചില്ലകൾ മുറിക്കുവാനും, മരം കോതി ഒതുക്കുവാനും ഈ സമിതിയുടെ ശുപാർശ ആവശ്യം ഇല്ല; തദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് തന്നെ തീരുമാനിക്കാം. ഇതിനായി വകുപ്പുകൾ/തദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തണം.

23. സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി അടിയന്തിരമായി മുറിക്കേണ്ട മരങ്ങൾ മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈകൊള്ളാവുന്നതാണ്. ഇത്തരത്തിൽ സമതി ശുപാർശ ചെയ്ത് ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ അംഗീകരിച്ച മരങ്ങൾ മുറിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മഴക്കാല ദുരന്ത പ്രതികരണ തയ്യാറെടുപ്പിനായി അനുവദിച്ച തുകയിൽ നിന്നും പണം ചെലവഴിക്കാവുന്നതാണ്.

24. അടിയന്തിരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിക്ക് ശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ.

25. അംഗീകൃത ദുരന്തത്തിൽ മറിഞ്ഞു വീഴുന്ന മരം മുറിച്ച് മാറ്റി ഗതാഗതം പുനർസ്ഥാപിക്കുവാനും, Search and Rescueവിനായും മരം മുറിച്ച് മാറ്റുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദനീയമാണ്.

26. അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം പൊതുജനങ്ങൾക്ക് പത്ര-മാധ്യമങ്ങൾ വഴി നിർദ്ദേശം നൽകുക. ഈ നിർദ്ദേശം അനുസരിക്കാത്ത വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത എന്നത് പരസ്യപ്പെടുത്തുക.

27. അപകടാവസ്ഥയിലുള്ള മരങ്ങൾ, മരച്ചില്ലകൾ, ഹോർഡിങ്ങുകൾ, പോസ്റ്റുകൾ തുടങ്ങിയവ സുരക്ഷിതമാക്കുന്ന പ്രവർത്തനം ക്യാമ്പയിൻ മോഡിൽ ഡ്രൈവ് നടത്തണം.
28. ഹരിത കേരളം, തൊഴിലുറപ്പ് എന്നീ പദ്ധതികൾ ഉപയോഗിച്ച് ജല സംരക്ഷണത്തിന് കുളങ്ങളും, തോടുകളും, മറ്റ് ജലാശയങ്ങൾ, കിണറുകൾ എന്നിവയെല്ലാം ശുദ്ധമാക്കുവാനും പരമാവധി ജല സംഭരണം ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കുക.
29. പുഴകടവുകളിലും, ബീച്ചുകളിലും, അപകടകരമായ കയം/നീർച്ചുഴി ഉള്ള പ്രദേശങ്ങളിലും അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുക
30. മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ കാലവർഷ-തുലാവർഷ കാലത്ത് വാഹനങ്ങൾ നിർത്തരുത് എന്ന അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുക
31. മലയോര മേഖലയിലെ പാലം, culvert എന്നിവയുടെ അടിയിലുള്ള തടസങ്ങൾ നീക്കംചെയ്ത് ജല ബഹിർഗമനം സുഗമമാക്കുവാൻ നടപടി സ്വീകരിക്കുക
32. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള എല്ലാ പാലങ്ങളുടെയും Structural Auditനടത്തി ബലക്ഷയം ഉള്ളവയുടെ മുൻഗണനാ ക്രമം നിർണയിച്ച്, മഴക്കാലത്ത് വാഹന ഗതാഗതം നിയന്ത്രിക്കേണ്ടവയുടെ വിവരം ശുപാർശ സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
33. എല്ലാ സ്ക്കൂളുകളിലെയും കെട്ടിടങ്ങളുടെ ഉറപ്പ് തദേശ-സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എഞ്ചിനീയറെകൊണ്ട് പ്രാഥമിക പരിശോധന നടത്തി സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തുവാൻ നടപടി എടുക്കുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങൾ അദ്ധ്യയനം നടത്തുവാൻ യോഗ്യമാക്കുവാൻ വേണ്ടുന്ന നടപടികൾ വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളേണ്ടതാണ്. അയോഗ്യത ഉള്ള കെട്ടിടങ്ങളിൽ ഒരു കാരണവശാലും അദ്ധ്യയനം നടത്തുവാൻ പാടുള്ളതല്ല.

34. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടക കെട്ടിടത്തിലോ മറ്റ് സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം

35. സ്കൂളിനടുത്തുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയ്ക്ക് സുരക്ഷാഭിത്തികൾ നിർമ്മിക്കണം. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം.

36. റെയിൽ ക്രോസ്സിന് സമീപമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ച് കടക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.

37. എല്ലാ ആശുപത്രികളുടെയും കെട്ടിടങ്ങളുടെ ഉറപ്പ് തദേശ-സ്വയംഭരണ എഞ്ചിനീയറിംഗ് എഞ്ചിനീയറെകൊണ്ട് പ്രാഥമിക പരിശോധന നടത്തി സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തുവാൻ നടപടി എടുക്കുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങൾക്ക് ആവശ്യമായ ബലപ്പെടുത്തൽ നടത്തുവാൻ വേണ്ടുന്ന നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊള്ളേണ്ടതാണ്. അയോഗ്യത ഉള്ള കെട്ടിടങ്ങളിൽ ഒരു കാരണവശാലും രോഗികളെയോ, ഉദ്യോഗസ്ഥരെയോ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

38. പൊതു സ്ഥലങ്ങളിലെ ഉയർന്ന മരങ്ങളിലും, പൊതു കെട്ടിടങ്ങളിലും വളരുന്ന തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ആളുകൾ മരണപെടുന്ന സാഹചര്യം ഉണ്ടായതായി കണ്ടുവരുന്നു. ഇത്തരം പൊതുശല്യം ആകാവുന്ന ജീവികളെ നിയന്ത്രിക്കുവാൻ ആവശ്യമായ നടപടികൾ കൈകൊള്ളുക.

39. ദുരന്ത ശേഷം, ദുരന്ത ബാധിതർ വീട് തകർന്ന അതേ സ്ഥലത്താണ് വീട് പുനർനിർമിക്കുന്നതെങ്കിൽ, സ്ഥലം സുരക്ഷിതം ആണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം വീട് നിർമാണത്തിന് ഒരു ദിവസത്തിനുള്ളിൽ അനുമതി നൽകേണ്ടതാണ് [GO (Ms) No. 7/2018/DMD dated 21-06-2018]

40. അംഗീകൃത ദുരന്തത്തിൽ തകർച്ച നേരിട്ട വീടുകളുടെ കെട്ടിട തകർച്ചയുടെ തോത് മാത്രം ശതമാന നിരക്കിൽ GO (Ms) No. 25/2019/DMD dated 23-08-2019 പ്രകാരം കണക്കാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗവും, ഭരണ വിഭാഗവും, ലാൻഡ് റവന്യൂ ഉദ്യോഗസ്ഥനും ചേർന്നാണ് നാശനഷ്ട്ട തോത് കണക്കാക്കാകി നൽകേണ്ടത്.

41. ഇത്തരത്തിൽ ലഭിക്കുന്ന നാശനഷ്ട വിവര തോതിന് അനുസരിച്ച് GO (Ms) No. 1/2025/DMD dated 9-1-2025 (https://shorturl.at/HnGqJ) പ്രകാരം ആണ് തുക അനുവദിക്കേണ്ടത്.

42. GO (Ms) No. 1/2019/DMD dated 11-01-2019 പ്രകാരം പുറമ്പോക്കിൽ വസിക്കുന്നവർക്കും ഈ സഹായം ലഭ്യമാക്കണം.

43. വീടുകളുടെ നാശനഷ്ടം സംബന്ധിച്ച വിവരം റിലീഫ് പോർട്ടൽ (https://relief.kerala.gov.in/reliefportal/index.php) മുഖാന്തരം ലാൻഡ് റവന്യൂ വകുപ്പിന് ലഭ്യമാക്കുക.

44. വീടിന്റെയോ, ഗൃഹോപകരണങ്ങളുടെയോ വാല്യു കണക്കാക്കേണ്ടതില്ല. തകർച്ച നേരിട്ട കെട്ടിടത്തിന് തകർച്ചയുടെ ശതമാന നിരക്കിലെ തോതിന് അനുസരിച്ച് മാത്രമേ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. വീടിന്റെയോ, ഗ്രഹോപകരണങ്ങളുടെയോ വാല്യു ദുരിതാശ്വാസ സഹായം നൽകുന്നതിന് മാനദണ്ഡം അല്ല.

45. പരസ്യ ഹോഡിങ്ങുകളുടെയും, കാലപ്പഴക്കം ചെന്ന പോസ്റ്റ്റുകളുടെയും ശക്തി പരിശോധിക്കുവാനും, ഇവ കാറ്റത്ത് മറിഞ്ഞു വീണ് നഷ്ടവും ജീവഹാനിയും ഉണ്ടാക്കുന്നില്ല എന്നും ഉറപ്പ് വരുത്തണം എന്ന് ബോർഡ് സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ സ്ഥാപനങ്ങൾക്കും, കമ്പനികൾക്കും നിർദ്ദേശം നൽകുക.

46. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ദുരന്ത സാഹചര്യത്തിലും ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ഇതിനായി ജല അതോറിറ്റിയുടെ സഹായവും, ജലനിധിയുടെ സഹായവും തേടുക.

47. ആലപ്പുഴ ജില്ലയിൽ കുട്ടനാട് മേഖലയിൽ പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉയരം കുറഞ്ഞ നടപാലങ്ങളും, കൾവർട്ടുകളും തടസം സൃഷ്ടിച്ചിരുന്നു. ഇവയിൽ പ്രധാന തടസം സൃഷ്ടിച്ചവ റവന്യു വകുപ്പും, തദ്ദേശസ്വയംഭരണ പൊതുമരാമത്ത് വിഭാഗവുമായി ആലോചിച്ച് മഴക്കാലത്തെക്കെങ്കിലും മാറ്റുക. ഇവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2020/02/supply-compressed.pdf, https://sdma.kerala.gov.in/wp-content/uploads/2019/12/VOL-2_NEW.pdf

48. കെട്ടിനിൽക്കുന്ന ജലവും പരിസരങ്ങളും ശുചീകരിക്കുന്നതിനും, കൊതുക് നിവരണത്തിനും, കുടിവെള്ള സ്രോതസുകൾ അണുവിമുതമാക്കുന്നതിനും ആവശ്യമായ സാധനങ്ങളും ഉപകരണങ്ങളും നേരത്തെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ വാങ്ങി സൂക്ഷിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

49. മഴക്കാലത്ത് ജലനിരപ്പ് ഉയരുന്നതനുസരിച്ച് പ്രളയം ബാധിക്കുവാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ സംക്ഷിപ്ത വിവരം കേരള വാട്ടർ അതോറിറ്റി/ജലനിധിയുമായി ബന്ധപ്പെട്ട് ശേഖരിച്ച് സൂക്ഷിക്കേണ്ടതും ഒരു പ്രദേശത്തേക്ക് കുടിവെള്ളം മുടങ്ങിയാൽ അവിടേക്ക് കുടിവെള്ളമെത്തിക്കുവാൻ സാധിക്കുന്ന തൊട്ടടുത്തുള്ള മറ്റൊരു പദ്ധതി മുൻകൂട്ടി കണ്ടെത്തി വെക്കേണ്ടതുമാണ്.

50. ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുവാൻ പറ്റിയ പദ്ധതികളൊന്നും സമീപപ്രദേശത്തില്ലായെങ്കിൽ സുരക്ഷിതമായ ജലം ലഭ്യമായതോ അടിയന്തര സാഹചര്യത്തിൽ ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ സാധിക്കുന്നതോ ആയ ബദൽ സ്രോതസ്സ് കണ്ടെത്തി വെക്കേണ്ടതും അവിടുത്തെ ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തി ആവശ്യമായ ശുദ്ധീകരണ പ്രക്രിയ എന്താണെന്ന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തീരുമാനിക്കേണ്ടതാണ്.

51. ടാങ്കർ ലോറിയിൽ ജലവിതരണം സാധിക്കാത്ത രീതിയിൽ വെള്ളപ്പൊക്കം കാരണം ഗതാഗത തടസ്സം ഉണ്ടാകുകയാണെങ്കിൽ ഒരു കുടുംബത്തിന് അത്യാവശ്യമായി നൽകേണ്ട കുടിവെള്ള

വിതരണത്തിനായി 15-20 ലിറ്റർ ജെറി ക്യാനുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ കരുതലായി സൂക്ഷിക്കേണ്ടതും ആവശ്യഘട്ടങ്ങളിൽ ഇതുപയോഗപ്പെടുത്തി കുടിവെള്ള വിതരണം ഉറപ്പാക്കേണ്ടതുമാണ്.

52. അത്യാവശ്യ സന്ദർഭങ്ങളിൽ വിതരണം ചെയ്യുവാനായി ക്ലോറിൻ ടാബ്ലറ്റ് മതിയായ അളവിൽ സൂക്ഷിക്കുക.

53. തദ്ദേശ സർക്കാരുകൾ തയ്യാറാക്കിയ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുന്ന അടിയന്തിര ഘട്ട പ്രവർത്തനങ്ങൾക്ക് തയ്യാറെടുക്കുക.

54. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിവിധ എമർജൻസി റെസ്പോൺസ് ടീമുകൾക്ക് ഓരോ മേഖല തിരിച്ച് അടിയന്തിരഘട്ട പ്രവർത്തന ചുമതല നൽകുക

55. അടിയന്തിരഘട്ടങ്ങളിൽ തീരത്തെയും, വയൽ ബണ്ടുകളിലെയും, പുഴയോരത്തെയും വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ്, കൃഷി വകുപ്പ് എന്നിവരുമായി ചേർന്ന് നടത്തണം

56. വീടുകളുടെ നാശവും, കൃഷി നാശവും പരമാവധി കുറയ്ക്കുവാൻ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ തയ്യാറാക്കി സൂക്ഷിക്കുക. Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

57. അതിശക്തമായ പമ്പ് സെറ്റുകൾക്ക് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports

Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

58. ബണ്ട് സംരക്ഷണം, കടൽ/പുഴ തീരത്തെവീട് സംരക്ഷണം എന്നിവ ആവശ്യമായി വരികയാണെങ്കിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും, ജലസേചന വകുപ്പിനും, കൃഷി വകുപ്പിനും സ്വന്തമായി ഈ പ്രവർത്തിക്ക് പണം ലഭ്യമല്ല എങ്കിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ, മണൽ ബണ്ട്കളോ (മണൽ വാടാ), പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ബണ്ടുകളോ ഇടുന്ന പ്രവർത്തികൾക്ക് ഒരു പഞ്ചായത്തിൽ പരമാവധി നാല് ലക്ഷം രൂപ, മുനിസിപ്പാലിറ്റിയിൽ അഞ്ച് ലക്ഷം രൂപ, കോർപ്പറേഷനിൽ ഏഴ് ലക്ഷം രൂപ വരെ 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്. പ്രവർത്തികൾക്ക് തഹസിൽദാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ എന്നത് പരിശോധിച്ച് മാത്രം ബില്ലുകൾ അനുവദിക്കുക.

59. ദുരന്ത ശേഷം വീടുകളിലേക്ക് തിരികെ പോകുന്നവർക്കായി അനുബന്ധം 9ലെ നിര്ദേശങ്ങൾ ക്യാമ്പിൽ നൽകുക

60. മഴക്കാലത്ത് കിടപ്പ് രോഗികളുടെ ഗൃഹപരിചരണം എങ്ങനെ കാര്യക്ഷമമാക്കാം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് തുടങ്ങി വിവിധ വിഷയങ്ങളിൽ വിദഗ്ധ ഡോക്ടർമാർ നയിക്കുന്ന ക്ലാസ്സുകളും കുടുംബശ്രീ അംഗങ്ങൾക്കായി നല്കുക. ആരോഗ്യവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയോജനത്തോടെ ഈ ക്ലാസ്സുകൾ നടത്തുക. കിടപ്പ് രോഗികൾക്ക് സഹായം ആവശ്യമാണെങ്കിൽ പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാക്കുക

61. കുടുംബശ്രീ മുഖാന്തരം ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, മുനിസിപാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ റിസോഴ്സ് പേഴ്സൺമാരുടെ പൂൾ രൂപീകരിച്ച് മഴക്കാല ദുരന്ത പ്രതിരോധം എന്നിവയിൽ ക്യാമ്പെയ്ൻ നടത്തുക.

62. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ ഭിന്നശേഷി സഹായ കേന്ദ്രം ആരംഭിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ എംഎസ്ഡബ്ല്യു വിദ്യാർത്ഥികളും അവരുടെ അധ്യാപകരും സന്നദ്ധ സംഘടനകളും കുടുംബശ്രീയും നടത്തുന്ന സ്പെഷൽ സ്കൂളുകളും ഈ കേന്ദ്രങ്ങൾ വഴി ഏകോപിപ്പിക്കുക. ബ്ലോക്ക് തലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ബിആർസികളും ജില്ലാതലത്തിൽ ആരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെ സാമൂഹ്യ നീതി വകുപ്പും പദ്ധതി നിർവഹണത്തിൽ പങ്കെടുക്കുക. വിവിധ ഭിന്നശേഷി അവകാശ സംഘടനകളെയും സ്പെഷൽ എഡ്യുക്കേഷൻ സ്ഥാപനങ്ങളെയും ഇതുമായി സഹകരിപ്പിക്കുക. തദ്ദേശ സ്വയംഭരണ സംവിധാനങ്ങളിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് മേൽ പ്രവർത്തനങ്ങളുടെ എകോപനം ഉറപ്പ് വരുത്തുക.

63. പ്ലാൻറ്റേഷൻ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കന്നവരുടെ വിവരങ്ങൾ ശേഖരിക്കുക. ഇത്തരം സ്ഥലങ്ങളിലെ കണക്റ്റിവിറ്റി, വൈദുതി എന്നിവ കൂടി ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സ്ഥലങ്ങളുടെ വിവരശേഖരണവും siteലെവൽ ഇൻസ്പെക്ഷനും തോഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തി എന്ന് ഉറപ്പ് വരുത്തുക

64. ഇത്തരം സ്ഥലങ്ങളിൽ KSEB/BSNL/JIO/AIRTEL/VI എന്നിവരുമായി സഹകരിച്ച് നിരന്തര വിവര സംവേദന സംവിധാനം ഉറപ്പ് വരുത്തുക

65. ഇത്തരം പ്രദേശങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ JCB, Electric Cutter, കയറുകൾ, അടിയന്തിര ആവശ്യത്തിനുള്ള മരുന്നുകൾ, ASKA Light എന്നീ സംവിധാനങ്ങൾ തോഴിൽ വകുപ്പ് ഉറപ്പ് വരുത്തി എന്ന് ഉറപ്പാക്കുക

66. നിലവിലുള്ള മുഴുവൻ തോട്ടംതൊഴിലാളി വാസകേന്ദ്രങ്ങളുടെയും ഭൂപടങ്ങളും ആവശ്യമുള്ളയിടങ്ങളിൽ ഒഴിപ്പിക്കൽ പ്ലാനുകളും തോഴിൽ വകുപ്പ് തയ്യാറാക്കി എന്ന് ഉറപ്പ് വരുത്തുക

67. മുഴുവൻ വാസസ്ഥലങ്ങളുടെയും ദോഷപൂർണ്ണത (Vulnerability) നിർണ്ണയിക്കുകയും അതിൽ നിന്ന് വൾനറബിൾ ആയ കുടുംബങ്ങളെ

സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിക്ക് തോഴിൽ വകുപ്പ് രൂപം നൽകി എന്ന് ഉറപ്പ് വരുത്തുക

68. തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയറുടെ സഹായത്തോടെ തോട്ടങ്ങളിലെ ലയങ്ങളുടെ ഫിറ്റ്നെസ്സ് പരിശോധിക്കുകയും ഫിറ്റ്നെസ്സ് ഇല്ലാത്ത ലയങ്ങളിൽ തൊഴിലാളികളെ താമസിപ്പിക്കുന്നില്ല എന്നും തോഴിൽ വകുപ്പ് ഉറപ്പ് വരുത്തി എന്ന് ഉറപ്പാക്കുക
69. ഒറ്റപ്പെട്ട ലയങ്ങളോട് അടുത്ത് അടിയന്തിരമായി ക്യാമ്പുകൾ ആരംഭിക്കുവാൻ അവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും, അവിടങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ തോഴിൽ വകുപ്പ് ഉറപ്പ് വരുത്തി എന്ന് ഉറപ്പാക്കുകയും ചെയ്യുക
70. നദികളുടെ തീരപ്രദേശത്തോടു ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിൽ/നഗരങ്ങളിൽ തനത് ഫണ്ടിൽ നിന്ന് തന്നെ ആവശ്യമായ ബോട്ടുകൾ, വള്ളങ്ങൾ, ഡിങ്കികൾ എന്നിവ വാങ്ങിവെയ്ക്കുവാൻ നിർദേശം നല്കുക. ടൂറിസം പദ്ധതികളുമായി ചേർന്ന് ഇത്തരം ബോട്ടുകൾ, വള്ളങ്ങൾ, ഡിങ്കികൾ എന്നിവ സൂക്ഷിച്ചാൽ അവയുടെ ദീർഘകാല വിനിയോഗം ഉറപ്പാക്കാം
71. ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ശുപാർശ നടത്തുന്നതിനും, മനുഷ്യ ഇടപെടൽ മൂലം അല്ലാതെ സ്വാഭാവിക ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനും നടപടിക്രമങ്ങൾ അനുബന്ധം 14 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയോട് സ്ഥല പരിശോധന ആവശ്യപ്പെടുന്നതിന് മുൻപ് തന്നെ ജില്ലാ തലത്തിൽ ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ഹസാർഡ് അനലിസ്റ്റ് എന്നിവർ സ്ഥല പരിശോധന നടത്തുകയും അനുബന്ധം 14ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് ലിസ്റ്റ് സംയുക്തമായി പൂരിപ്പിച്ച് തീരുമാനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.
72. ചെക്ക് ലിസ്റ്റിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉത്തരത്തിനും ബ്രാക്കറ്റിൽ ഉള്ള നമ്പർ

കൂട്ടിയാൽ കിട്ടുന്ന ഏറ്റവും ചുരുങ്ങിയ സ്കോർ 20 ആണ്. ഏറ്റവും കൂടുതൽ സ്കോർ 100 ആണ്. പരിശോധനയ്ക്ക് ശേഷം പ്രസ്തുത സ്ഥലത്തിന് മൊത്തം ലഭിക്കുന്ന സ്കോർ 35ൽ താഴെ ആണെങ്കിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിക്ക് വിഷയം ശുപാർശ ചെയ്യുക.

73. ഉരുൾപൊട്ടൽ സാധ്യതകണക്കാക്കുന്ന മലയോരമേഖലയിൽ ജനങ്ങൾക്കിടയിൽ ശക്തമായ ബോധവൽക്കരണ കാമ്പയിനും പരിശീലനവും നൽകണം. ആളുകൾക്ക് അപകടസാധ്യത മനസ്സിലാക്കി ക്യാമ്പുകളിലേക്ക് സ്വയം മാറാൻ സാധിക്കുന്നതരത്തിൽ പരിശീലനം മൈനിങ് & ജിയോളൊജി, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവരുടെ സഹായത്തോടെ നടത്തണം.

74. ആപതാ മിത്ര, സിവിൽ ഡിഫൻസ്, ടീം കേരള, സാമൂഹിക സന്നദ്ധ സേന, ERT എന്നിങ്ങനെ പരിശീലനം സിദ്ധിച്ചവർക്ക് പ്രാദേശികമായി രക്ഷാപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടിടം കണ്ടെത്തുകയും രക്ഷാപ്രവർത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ വാങ്ങിയോ, മഴക്കാലത്തേക്ക് വാടകയ്ക്ക് എടുത്തോ ശേഖരിച്ച് വെക്കണം. ആപതാ മിത്ര, സിവിൽ ഡിഫൻസ് തുടങ്ങിയ പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരെ അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ ഈ കേന്ദ്രവുമായി ബന്ധിപ്പിക്കണം. ഈ കേന്ദ്രത്തിന്റെ ദൈനംദിന മേൽനോട്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കും. ഇതിനായി ERT അംഗങ്ങളെ നിയോഗിക്കണം. അപകടങ്ങൾ ഉണ്ടാവുമ്പോൾ സമയനഷ്ടംകൂടാതെ പ്രാദേശികമായി രക്ഷാപ്രവർത്തനം ആരംഭിക്കാൻ ഇത് ഗുണകരമാവും. ഇതിനാവശ്യമായ തുക ദുരന്തപ്രതികരണനിധിയിൽ നിന്ന് അനുവദിക്കും. ഓരോ ഗ്രാമപഞ്ചായത്തിനും 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 3 ലക്ഷംരൂപയും കോർപറേഷന് 5 ലക്ഷം രൂപ വരെയും ഉപകരണങ്ങൾ വാങ്ങുവാനും സംഭരണകേന്ദ്രം ആരംഭിക്കുന്നതിനും, ഈ വർഷം നടത്തുന്നതിനുമായി ജില്ലാ ദുരന്തനിവാരണ

അതോറിറ്റിയിൽ നിന്ന് ആവശ്യാനുസരണം അനുവദിക്കും. കൂടുതലായി ഉപകരണങ്ങൾ ആവശ്യമായി വന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ സ്വരൂപിക്കണം. ഉപകരണങ്ങൾ വാങ്ങുന്നുവെങ്കിൽ മഴക്കാല ശേഷം അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുപയോഗിക്കാവുന്ന തരത്തിൽ സൂക്ഷിക്കണം.

75. അതിതീവ്രമഴ ലഭിച്ചാൽ നഗരമേഖകളിൽ വെള്ളക്കെട്ട് രൂപപ്പെടാനുള്ള സാധ്യത മുൻകൂട്ടികണ്ട് ഡ്രെയിനേജ് സംവിധാനങ്ങൾ വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം. ഇവ മോണിറ്റർ ചെയ്യാൻ എല്ലാ ജില്ലകളിലും പ്രത്യേകം സംവിധാനം രൂപീകരിക്കണം. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങൾ അതിതീവ്രമഴ പെയ്താൽ രൂക്ഷമായ വെള്ളക്കെട്ട് രൂപം കൊള്ളാൻ സാധ്യതയുള്ളവയാണ്. ഓപ്പറേഷൻ ബ്രേക്ക്ത്രൂ, ഓപ്പറേഷൻ അനന്ത തുടങ്ങിയവക്ക് തുടർച്ചയുണ്ടാവണം. അവയുടെ നിലവിലെ അവസ്ഥ പരിശോധിച്ച് അടിയന്തര മുൻകരുതലുകൾ എടുക്കേണ്ടതുമുണ്ട്.

76. ദേശീയ പാതയിലും, റോഡിൽ പണിനടക്കുന്നയിടങ്ങളിൽ സുരക്ഷാബോർഡുകൾ ഉറപ്പാക്കണം. റോഡിലുള്ള കുഴികൾ അടക്കാനുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കണം. കുഴികളും മറ്റും രൂപം കൊണ്ട സ്ഥലങ്ങളിൽ ആളുകൾക്ക് അപകടം പറ്റാതിരിക്കാൻ മുന്നറിയിപ്പ് ബോർഡ്കൾ വെക്കണം.

77. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വവും ഉറപ്പാക്കണം. ഓടകൾ വൃത്തിയാക്കാൻ തുറന്നിടുകയോ, സ്ലാബുകൾ തകരുകയോ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ അപകടമുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കണം. ഇവയുടെ അറ്റകുറ്റപണികൾ അടിയന്തരമായി പൂർത്തീകരിച്ച് നടപ്പാതകൾ സുരക്ഷിതമാക്കണം

78. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 6അം യോഗം കൈക്കൊണ്ട തീരുമാനം അനുസരിച്ച് Ltr. No. DM/372/2019/SDMA dated 22-02-2019 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള സ്കൂൾ

സുരക്ഷാ നിർദ്ദേശങ്ങൾ എല്ലാ സ്കൂളിലും നടപ്പാക്കി എന്ന് ഉറപ്പ് വരുത്തുക. എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷ പദ്ധതി തയാറാക്കി എന്ന് ഉറപ്പു വരുത്തുക.

79. ജില്ലയിലെ എല്ലാ സ്കൂളുടെയും fitness, Circular No. GEDN-M1/188/2025-G.EDN dated 13-5-2026 പ്രകാരം ഉറപ്പ് വരുത്തുക. Fitness ഇല്ലാത്ത കെട്ടിടങ്ങൾ സ്കൂൾ നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. ആയതിനായി ദുരന്ത നിവാരണ നിയമം, Section 30 (2) (xxiii) പ്രകാരം ഇതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുക. പ്രസ്തുത നിർദ്ദേശം അനുസരിക്കാത്തവർ ദുരന്ത നിവാരണ നിയമം, Section 51 (b) പ്രകാരം ശിക്ഷയ്ക്ക് വിധേയരാകും എന്നത് വ്യക്തമാക്കുക.

80. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടക കെട്ടിടത്തിലോ മറ്റ് സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് Circular No. GEDN-M1/188/2025-G.EDN dated 13-5-2026 അനുസരിച്ച് ലഭ്യമാക്കണം.

81. സ്കൂളിനടുത്തുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയ്ക്ക് സുരക്ഷാഭിത്തികൾ നിർമ്മിക്കണം, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം.

82. റെയിൽ ക്രോസ്സിന് സമീപമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ച് കടക്കുന്നതിനുള്ള സംവിധാനം ഒരുക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക. ഇതിനായി സ്റ്റുഡൻറ് പൊലീസിനെ വിനിയോഗിക്കുക.

83. സ്കൂളും പരിസരവും വൃത്തിയാക്കണം. പി.ടി.എയുടെ നേതൃത്വത്തിൽ ജനകീയ സന്നദ്ധ പ്രവർത്തനം നടത്തി സ്കൂൾ ശുചീകരിക്കണം. സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡണ്ട്സ് അസോസിയേഷനുകൾ, അദ്ധ്യാപക-വിദ്യാർത്ഥി-ബഹുജന സംഘടനകൾ മുതലായവരെ സഹകരിപ്പിക്കണം

84. ഇഴജന്തുക്കളുടെ സാന്നിധ്യം ക്ളാസ് മുറികളിലും പരിസരങ്ങളിലും ഇല്ല എന്ന് SAPRA volunteersനെ ഉപയോഗപ്പെടുത്തി ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകേണ്ടതാണ്.


85. സ്കൂൾ പരിസരത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ, ബോർഡുകൾ, ഹോർഡിംഗ്സ് എന്നിവ നീക്കം ചെയ്യണം.

86. കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി ക്ലോറിനേഷൻ അടക്കമുള്ള ജല ശുചീകരണ നടപടികൾപൂർത്തിയാക്കണം. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം.

87. സ്കൂളിലേയ്ക്കുള്ള വഴി, പരിസരം എന്നിവിടങ്ങളിലെ അപകടാവസ്ഥയിൽ നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ, വൈദ്യുത കമ്പികൾ എന്നിവ ഒഴിവാക്കണം എന്ന് കെ.എസ്.ഇ.ബിയോട് നിർദേശിക്കുക

88. സ്കൂൾ ബസ്സുകൾ, സ്കൂളിൽ കുട്ടികളെ എത്തിക്കുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്ന് ഗതാഗത വകുപ്പിനോട് നിർദേശിക്കുക.

89. സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകണം എന്ന് പോലീസിനോട് നിർദേശിക്കുക.




90. ദുരന്ത പ്രതികരണത്തിന് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മതിയായ പരിശീലനം ലഭ്യമാക്കണം. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി മോക്ക് ഡ്രിൽ സംഘടിപ്പിക്കണം എന്ന് സ്കൂൾ, അഗ്നി-രക്ഷാ സേന എന്നിവരോട് നിർദേശിക്കുക. അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രം മോക്ക് ഡ്രിൽ നടത്തുക.

91. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ നടത്തണം.

**92. ഉസ്കൂൾ ആപ്പ് ഉപയോഗിച്ച് എല്ലാ സ്കൂളുകളും July 30ന് മുൻപായി DM Plan പൂർത്തിയാക്കേണ്ടതാണ് (https://uschool.sdma.kerala.gov.in/).**

### 6.4.1 ദുരന്താവശിഷ്ട നിർമ്മാർജനം

1. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏതൊക്കെ മാലിന്യങ്ങൾ എത്ര അളവിൽ ഉണ്ടാകാൻ സാധ്യത ഉണ്ട് എന്നതിന്റെ കണക്കെടുപ്പ് വെള്ളമിറങ്ങി 48 മണിക്കൂറിനകം നടത്തിയിരിക്കണം.
2. ഇവ മാറ്റുവാൻ സന്നദ്ധ പ്രവർത്തകരുടെ സേവനം പരമാവധി വിനിയോഗിക്കുക. ശുചിത്വ മിഷന്റെ സാങ്കേതിക മേൽനോട്ട സഹായം ഉറപ്പാക്കുക.
3. അംഗീകൃത ദുരന്തം ബാധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപ എന്ന നിലയിൽ ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാൻ ജില്ലകൾക്ക് 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്. ദുരന്തം ബാധിച്ചു എന്നും, ഇത്തരത്തിൽ മാലിന്യം പൊതു ഇടങ്ങളിൽ അടിഞ്ഞിട്ടുണ്ട് എന്നും ആയതിനാൽ ഇവ നീക്കം ചെയ്യേണ്ടതുണ്ട് എന്നും തഹസിൽദാർ കണ്ട് ബോധ്യപ്പെടുകയും സർട്ടിഫൈ ചെയ്യുകയും വേണം.
4. ഏതൊക്കെ തരം മാലിന്യങ്ങളാണ് കൈകാര്യം ചെയ്യാനുള്ളത് എന്നതിന്റെ ലിസ്റ്റ് ഉണ്ടാക്കുക. പൊതുവിൽ താഴെ പറയുന്ന മാലിന്യങ്ങളാണ് ഒരു ദുരന്തത്തിൽ ഉണ്ടാകുന്നത്;
   a. പൊളിഞ്ഞു പോയതോ പൊളിച്ചു കളയുന്നതോ ആയ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ
   b. മരത്തിന്റെ ഉരുപ്പടികൾ (കേട്പാടുവന്ന ഫർണിച്ചർ, മേശകൾ, കസേരകൾ, വാതിൽ, ജന്നൽ)

c. പ്രളയജലത്തിലോ, ഉരുൾപൊട്ടലിലോ നനഞ്ഞതും ചളികയറിയതുമായ ബഡ്സുകൾ, സോഫകൾ
d. പ്ലാസ്റ്റിക് വസ്തുക്കൾ
e. വസ്ത്രങ്ങൾ
f. പേപ്പർ
g. ചീത്തയായ ഭക്ഷണ വസ്തുക്കളും ഫ്രിഡ്ജിൽ ഉണ്ടായിരുന്ന മറ്റു വസ്തുക്കളും
h. ഫ്രിഡ്ജ്, വാഷിങ് മെഷീൻ, തുടങ്ങിയ വൈറ്റ് ഗുഡ്സ്
i. കമ്പ്യൂട്ടർ, മൊബൈൽഫോൺ, ഇൻവെർട്ടർ, സോളാർ തുടങ്ങിയ ഇലക്ട്രോണിക് വേസ്റ്റ്
j. വീട്ടിലും ആശുപത്രിയിലും ഫാർമസിയിലും ഉള്ള മരുന്നുകൾ
k. ലോബോറട്ടറികളിൽ ഉള്ള രാസ വസ്തുക്കൾ
l. വളക്കടകളിലും മറ്റുമുള്ള കീട നാശിനികൾ
m. ഫാക്ടറികളിലും മറ്റും ഉണ്ടായിരുന്ന രാസ പദാർത്ഥങ്ങൾ
n. മൃഗങ്ങളുടെ മൃതദേഹങ്ങൾ
o. മറിഞ്ഞു വീണതും ചീഞ്ഞു പോയതും ആയ മരങ്ങൾ
p. കേടായ വാഹനങ്ങൾ

5. അജൈവ, ജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച് ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുവാൻ ശുചിത്വ മിഷൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.
6. ദുരന്ത ശേഷം ശാസ്ത്രീയമായി കിണറുകളും, ദുരന്തം ബാധിച്ച ജല സംഭരണികളും ശുചിയാക്കുന്നതിന് മുൻഗണന നൽകുക.
7. ദുരന്തഘട്ടത്തിന് ശേഷം കൺട്രോൾ റൂമിൽ നിന്നും ദിവസവും ചുവടെ ചേർക്കുന്ന വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ജില്ലാ തലത്തിൽ തദ്ദേശ വകുപ്പ് ക്രോഡീകരിച്ച് ജില്ലാ ഇ.ഒ.സിക്ക് നൽകുക.

| District | Name of LB | Number of Affected Wards | Number of Volunteer Squads for cleaning flood | Number of Flood Affected Houses | Houses cleaned | Number of flood affected public | Number of flood affected public |
|---|---|---|---|---|---|---|---|

| | | | affected houses | | | buildings | buildings cleaned |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

| District | Name of LB | Number of flood affected wells | Number of wells cleaned | Number of wells super chlorinated | Number of wells cleaned by pumping out water | Number of flood affected public places | Number of flood affected public places cleaned |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

| District | Name of LB | Biodegradable waste collected (Kg) | Biodegradable waste disposed (Kg) | Non Biodegradable waste collected (Kg) | Non Biodegradable waste disposed (Kg) |
|---|---|---|---|---|---|
| | | | | | |
| | | | | | |

| District | Name of LB | Carcasses of Large Animals Buried | Carcasses of Small Animals Buried | Carcasses of Birds Buried |
|---|---|---|---|---|
| | | | | |
| | | | | |

8. സംസ്ഥാന തലത്തിൽ ഇവ ക്രോഡീകരിച്ച് പഞ്ചായത്ത്, അർബൻ എന്നിവ തിരിച്ച് സംസ്ഥാന ഇ.ഒ.സിക്ക് email (seoc.gok@gmail.com) ആയി തദ്ദേശ വകുപ്പ് നൽകുക.
9. സ്വകാര്യ ഭൂമിയിലെ മണ്ണ്, എക്കൽ, മണൽ, പാറ എന്നിവ നീക്കം ചെയ്യുന്നതിന് Rule 31 of Kerala Minor Mineral Concession (Amendment) Rules, 2023 പ്രകാരം ഉള്ള നടപടികൾ പാലിക്കേണ്ടത് ഉണ്ട്. സ്വകാര്യ ഭൂമിയിലെ ദുരന്താവശിഷ്ടങ്ങൾ അംഗീകൃത ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/) വന്നെത്തിയതാണ് എന്ന് മാത്രം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി തഹസിൽദാർ സർട്ടിഫൈ ചെയ്യേണ്ടതാണ്.

10. ദുരന്തങ്ങളിൽ വന്നടിയുന്ന മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് GO (Rt) No. 3007/2025/LSGD dated 19-12-2025 പ്രകാരം വ്യക്തമായ പ്രോട്ടോക്കോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (https://document.kerala.gov.in/documents/governmentorders/govtorder2212202517:22:26.pdf).

### 6.4.2 ദുരന്ത പ്രതികരണ നിധിയിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന തുക ലഭ്യമാക്കുവാനുള്ള നടപടി ക്രമം

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുവടെ ചേർക്കുന്ന തുകകൾ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വഴി ചില മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദനീയം ആണ്. ഈ തുക ലഭ്യമാക്കുന്നതിനായി ഉള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.
   a) ബണ്ട് സംരക്ഷണം, കടൽ/പുഴ തീരത്തെ വീട് സംരക്ഷണം എന്നിവ ആവശ്യമായി വരികയാണെങ്കിൽ, തദ്ദേശ സ്ഥാപനത്തിനും, ജലസേചന വകുപ്പിനും, കൃഷി വകുപ്പിനും സ്വന്തമായി ഈ പ്രവർത്തിക്ക് പണം ലഭ്യമല്ല എങ്കിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ, മണൽ ബണ്ട്കളോ (മണൽ വാടാ), പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ബണ്ടുകളോ ഇടുന്ന പ്രവർത്തികൾക്ക് ഒരു പഞ്ചായത്തിൽ പരമാവധി നാല് ലക്ഷം രൂപ, മുനിസിപ്പാലിറ്റിയിൽ അഞ്ച് ലക്ഷം രൂപ, കോർപ്പറേഷനിൽ ഏഴ് ലക്ഷം രൂപ വരെ 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്.
   b) മേൽ പ്രവർത്തികൾ ആവശ്യമായ സ്ഥലങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യം അനുസരിച്ച്, തഹസിൽദാർ സന്ദർശിച്ച് പ്രവർത്തി ആവശ്യകത ബോധ്യപ്പെട്ടു എങ്കിൽ തഹസിൽദാർ അനുവദിക്കുന്ന സ്ഥലത്ത്, പ്രവർത്തി നടപ്പാക്കാൻ ഉള്ള ടെൻഡർ നടപടികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം പൂർത്തീകരിച്ച്

സാമ്പത്തിക അനുമതിയുടെ പരിധിക്കുള്ളിൽ നിന്നും പ്രവർത്തി അനുമതി നൽകുക. ഈ പ്രവർത്തിമൂലം ഉണ്ടാകുന്ന ദുരന്ത ലഘൂകരണം എത്ര എന്നത് തഹസിൽദാർക്ക് ബോധ്യപ്പെടുകയും, അത്തരത്തിൽ സാക്ഷ്യപ്പെടുത്തിയതിന് ശേഷം വേണം അനുമതി നല്കുവാൻ.

c) പ്രവർത്തികൾക്ക് തഹസിൽദാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ എന്നത് പരിശോധിച്ച് മാത്രം ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്മാറി നൽകും.

d) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന മേഖലയിൽ കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുചി മുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 2245-02-101-94-Flood-Other itemsൽ നിന്നും 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും, കോർപ്പറേഷൻ 5 ലക്ഷം രൂപയും അനുവദനീയം ആണ്.

e) അംഗീകൃത ദുരന്തം ബാധിച്ച തദ്ദേശ സ്ഥാപനങ്ങളിൽ പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപ എന്ന നിലയിൽ ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാൻ ജില്ലകൾക്ക് 2245-02-101-94-Flood-Other itemsൽ നിന്നും അനുവദനീയം ആണ്.

f) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു കെട്ടിടം കണ്ടെത്തുകയും രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ വാങ്ങിയോ, മഴക്കാലത്തേക്ക് വാടകയ്ക്ക് എടുത്തോ ശേഖരിക്കുവാൻ ഓരോ ഗ്രാമപഞ്ചായത്തിനും 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റിക്ക് 3 ലക്ഷം രൂപയും കോർപറേഷന് 5 ലക്ഷം രൂപ വരെയും 2245-02-101-94-Flood-Other itemsൽ നിന്നും അനുവദനീയം ആണ്.

g) കേരളത്തിലെ 6 സിറ്റി കോർപ്പറേഷനുകൾക്കും (Thiruvananthapuram, Kollam, Ernakulam, Thrissur, Kozhikode, Kannur) നഗര പ്രളയ

തയ്യാറെടുപ്പിനായി 1 കോടി രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കും. ഈ തുക സിറ്റി കോർപ്പറേഷനുകൾക്ക് മുൻകൂർ ആയി നല്കണം

h) ടൌൺഷിപ്പ് നിർമ്മിതി നടക്കുന്ന കല്പറ്റ നഗര സഭയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ 50 ലക്ഷം രൂപ വയനാട് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് അനുവദിക്കും.

i) ദേശീയ നഗര പ്രളയ ദുരന്ത നിവാരണ മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാം.

(https://nidm.gov.in/pdf/guidelines/new/management_urban_flooding.pdf).

j) പ്രവർത്തികൾ നടത്തുന്നതിന് മുൻപ് പ്രവർത്തികളുടെ ഭരണാനുമതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും വാങ്ങണം. ടെൻഡർ ഉൾപ്പടെ ഉള്ള നടപടികൾ നഗര സഭ തന്നെ നിർവഹിക്കണം.

k) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുൻകൂർ അംഗീകാരം നല്കിയ പ്രവർത്തികൾക്ക് മാത്രമെ ബില്ലുകൾ മാറി നല്കുവാൻ പാടുള്ളൂ.

l) നടത്തിയ പ്രവർത്തി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് (ഫോട്ടോ ഉൾപ്പടെ) 30-4-2027ന് മുൻപ് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കണം.

2. മേൽ പരാമർശിക്കുന്ന തുക ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ സുലേഖയിൽ ഉണ്ടാകേണ്ടതോ, ഡി.പി.സി അനുമതി ആവശ്യമുള്ളതോ അല്ല. ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ അനുമതി നൽകേണ്ടത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ആണ്.

3. മേൽ തുക ആവശ്യമായ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ആവശ്യകത വ്യക്തമാക്കി പദ്ധതി തയ്യാറാക്കി നൽകുക. ദുരന്ത നിവാരണ വർക്കിങ് ഗ്രൂപ്പ് തീരുമാനത്തോടെ തഹസിൽദാർക്ക് സമർപ്പിക്കുക. പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച തഹസിൽദാറുടെ മേൽ ശുപാർശയോടുകൂടി ജില്ലാ ദുരന്ത നിവാരണ

അതോറിറ്റിക്ക് കൈമാറുക. ആവശ്യപ്പെടുന്ന തുകയിൽ മേൽ പരാമർശിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്ന് എത്ര തുക അനുവദിക്കണം എന്ന തീരുമാനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈക്കൊള്ളാം.

4. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുന്ന പദ്ധതികൾക്ക് അനുവദിക്കുന്ന തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 50ന്റെ അധികാരം ഉണ്ടായിരിക്കുന്നതാണ്. തുക ചെലവഴിച്ച് Utilization Certificate (GFR12a)യിൽ മാർച്ച് 31ന് മുൻപ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് തഹസിൽദാർമുഖാന്തരം സമർപ്പിക്കണം
5. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുന്ന പദ്ധതികൾക്ക് അനുവദിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റ്റി.എസ്.ബി അക്കൌണ്ടിലൊ, റ്റി.എസ്.ബി അക്കൌണ്ട് ഇല്ലെങ്കിൽ ബാങ്ക് അക്കൌണ്ടിലൊ അനുവദിച്ച് നൽകാവുന്നതാണ്.
6. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഭരണാനുമതി നൽകിയ പ്രോജക്ടുകൾ/പദ്ധതികൾക്ക് സാങ്കേതിക അനുമതി (Technical sanction) അളവെടുക്കൽ (Measurement) ചെക്ക് ചെയ്ത് മെഷർമെന്റ് (check measurement), വാല്യുവേഷൻ, ബില്ല് തയ്യാറാക്കൽ, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രോജക്ടുളിൽ ഇന്ന് അനുവർത്തിച്ചു കൊണ്ടിരിക്കുന്ന രീതിശാസ്ത്രം പിൻതുടരേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ ഈ പ്രോജക്ടുകൾ/പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണ്.

## 6.5 പോലീസ്

1. ഒഴിപ്പിക്കൽ, തിരച്ചിൽ പ്രവർത്തനങ്ങളുടെ നടത്തിപ്പിന്റെ ചുമതല പോലീസിനായിരിക്കും.
2. **തദ്ദേശ സർക്കാരുകൾ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ നിന്നും പ്രധാനമായും ചുവടെ ചേർക്കുന്ന വിവരങ്ങൾ**

**പരിശോധിച്ച് സ്റ്റേഷൻ തലത്തിൽ അവലോകനം നടത്തുകയും, പട്ടികകളും, മൊബൈൽ നമ്പറുകളും സൂക്ഷിക്കുകയും ചെയ്യുക.**

A. ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ - വാർഡ് തിരിച്ച്

B. ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള വിഭാഗങ്ങളുടെ പട്ടിക

a. പുറമ്പോക്കിൽ വസിക്കുന്നവർ

b. ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ

c. വയൽ കരകളിൽ താമസിക്കുന്നവർ

d. മലയുടെ ചരിവുകളിലും, ഒറ്റപ്പെട്ട പ്രദേശത്തും, ഒറ്റപ്പെട്ട എസ്റ്റേറ്റ് ലേബർ ക്യാബകൾ എന്നിവിടങ്ങളിൽ വസിക്കുന്നവർ

e. 2018ലോ, 2019ലോ, 2021ലോ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീടുകളിലോ താമസിക്കുന്ന ദുരന്ത ബാധിതർ

f. പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

g. ലയങ്ങളിൽ താമസക്കാരായിരുന്ന, ലയം പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

h. ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ

i. ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ, വൃദ്ധസദനങ്ങളിലെ താമസക്കാർ, കുട്ടികളുടെ ഹോസ്റ്റലുകൾ, അതിദരിദ്രർ പടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ

3. മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒഴിപ്പിക്കൽ പ്രവർത്തനത്തിൽ 5.5 (2) (B) (a to i) പട്ടികയിൽപ്പെടുന്നവർക്ക് ആദ്യ പരിഗണന നൽകണം. ഈ രീതിയിൽ മുൻഗണനാ ക്രമം തദ്ദേശ സ്ഥാപനത്തിൽ നിന്നും നിർണയിച്ച് പോലീസ് സ്റ്റേഷനിൽ ശേഖരിക്കുക, അവലോകനം ചെയ്യുക.

a) ഇത്തരം പ്രദേശവാസികളെ സംബന്ധിച്ച് വിവരം നിലവിൽ തദ്ദേശ സർക്കാരുകളുടെ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ, ഇലക്ഷൻ ബൂത്ത് ലെവൽ ഓഫീസർമാരുടെയും, സന്നദ്ധ പ്രവർത്തകരുടെയും കൂടെ ഇവ തയ്യാറാക്കുവാൻ തദ്ദേശ സ്ഥാപനത്തെ സഹായിക്കുക.

b) ഒരു ജില്ലയിലോ, താലൂക്കിലോ, പ്രദേശത്തോ മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ ഒഴിപ്പിക്കൽ ആവശ്യമായി വന്നാൽ ആദ്യം ഒഴിപ്പിക്കേണ്ടതും, രക്ഷിക്കേണ്ടതും ഈ പട്ടിക അനുസരിച്ചായിരിക്കണം

c) ഇന്ന് മഴയുടെ മഞ്ഞ ആലേർട്ടും നാളെ ഓറഞ്ചോ, ചുവപ്പോ ആണെങ്കിൽ, ഇന്ന് വൈകീട്ട് തന്നെ ഇത്തരത്തിൽ ദുരന്ത സാധ്യതാ മേഖലയിൽ വസിക്കുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനവും, വില്ലേജ് ഓഫീസും ചേർന്ന് നടപടി സ്വീകരിച്ചു എന്ന് ഉറപ്പ് വരുത്തുക.

d) ജില്ലയിൽ മഴയുടെ ഓറഞ്ച് അലേർട്ട് ആണ് എങ്കിൽ നിർബന്ധമായും ഇവരെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം. ഇവയിൽ ഏതെങ്കിലും കുടുംബം കാലവർഷ-തുലാവർഷ മാസങ്ങളിൽ ഏതൊരു അവസരത്തിലും ക്യാമ്പിലേക്ക് മാറി താമസിക്കണം എന്ന ആവശ്യം ഉന്നയിച്ചാൽ, അവർക്കായി ക്യാമ്പ് നടത്തണം

e) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജല നിരപ്പ് സംബന്ധിച്ച ഓറഞ്ച് അലേർട്ട് ലഭിച്ചാൽ ഉടൻ തന്നെ നിർബന്ധമായും 5.5 (2) (B) (a to i) പട്ടികയിൽപ്പെടുന്നവരെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം

f) മഴയുടെ ചുവന്ന അലേർട്ട് ജില്ലയിൽ വന്നാൽ ഉടൻ തന്നെ 2018, 2019, 2021 വാർഷങ്ങളിൽ പ്രളയവും ഉരുൾപൊട്ടലും ബാധിച്ചവരെയും, 5.5 (2) (B) (a to i) പട്ടികയിൽപ്പെടുന്നവരെയും ആളുകളെ ഒഴിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തോടും, അഗ്നി-രക്ഷാ സേനയോടും ഒപ്പം പ്രവർത്തിക്കുക.

g) ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുക.

4. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനം എന്നീ സാഹചര്യത്തിൽ ഗർഭിണികൾ, കുട്ടികൾ, അംഗപരിമിതർ, ഭിന്നശേഷിക്കാർ, വൃദ്ധസദനങ്ങളിലെ താമസക്കാർ, കുട്ടികളുടെ ഹോസ്റ്റലുകൾ, അതിദരിദ്രർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക

5. പോലീസ് സ്റ്റേഷൻ തലത്തിൽ ലഭ്യമായ ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, ബോട്ടുകൾ, ഇലക്ട്രിക് മരം മുറി യന്ത്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഉടമയുടെ പേരും, മൊബൈൽ നമ്പരും സഹിതം ശേഖരിക്കുക

6. കാലാവസ്ഥാ മുന്നറിയിപ്പുകളും, ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും എല്ലാ പോലീസ് സ്റ്റേഷനുകളിലും എത്തുന്നു എന്ന് ഉറപ്പ് വരുത്തുക. സംസ്ഥാന അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അതോറിറ്റിയുടെ EOC ഗ്രൂപ്പിലൂടെ എസ്.പി.എം.ആർനും, ജില്ലാ പോലീസ് മേധാവികൾക്കും IPS ഗ്രൂപ്പിലൂടെയും നൽകുന്നുണ്ട്.

7. ജില്ല ഇ.ഓ.സിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു സീനിയർ സിവിൽ പോലീസ് ഓഫീസർ, പോലീസ് വി.എച്ച്.എഫ് സഹിതം ദിവസം മുഴുവനും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.

8. മലയോര മേഖലയിൽ രാത്രിയാത്ര ഒഴിവാക്കുവാൻ നിർദ്ദേശം നൽകുന്ന അവസരത്തിൽ അത്തരം പാതകളിൽ ഈ നിർദ്ദേശം നടപ്പിൽ വരുത്തി എന്ന് ഉറപ്പ് വരുത്തുകയും, അത്തരം പാതകളിൽ നിരന്തരം പട്രോൾ നടത്തുകയും ചെയ്യുക.

9. തീരദേശത്തും, പുഴ, കായൽ കരകളിലും വിനോദ സഞ്ചാരം ഒഴിവാക്കുവാൻ നിർദ്ദേശം നൽകുന്ന അവസരത്തിൽ, നിർദ്ദേശം നടപ്പിൽ വരുത്തുക.
10. ഒഴിപ്പിക്കൽ നിർദ്ദേശം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചാൽ ഉടൻ തന്നെ നിർദ്ദേശിക്കപ്പെടുന്ന പ്രദേശത്തെ ആളുകളെ ഒഴിപ്പിക്കുകയും അവരെ മുൻ നിശ്ചയിച്ചിട്ടുള്ള ഏറ്റവും അടുത്തുള്ള ക്യാമ്പിൽ എത്തിക്കുകയും ചെയ്യുക. ക്യാമ്പുകളുടെ പട്ടിക തഹസിൽദാർമാരിൽ നിന്നും നേരത്തെ വാങ്ങി സൂക്ഷിക്കുക.
11. ദുരന്ത സാഹചര്യത്തിൽ താൽകാലികമായി ഒഴിപ്പിക്കുന്ന പ്രദേശങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തുക
12. സന്നദ്ധ പ്രവർത്തകരെ നിയന്ത്രിക്കുകയും, ദുരിതാശ്വാസം ദുരന്ത ബാധിതർക്ക് ജാതി, മത, വിഭാഗീയ ചിന്തകൾക്ക് അതീതമായി ഒരേപോലെ വിതരണം ചെയ്യുന്നു എന്നും ഉറപ്പ് വരുത്തുവാൻ ബന്ധപ്പെട്ടവരെ സഹായിക്കുക.
13. സെൽഫി എടുക്കുവാനും, ദുരന്ത മേഖലയിൽ സന്ദർശന ഉദ്ദേശ്യത്തോടെയും വരുന്നവരെ നിരുത്സാഹപ്പെടുത്തുകയും കർശനമായി ഒഴിവാക്കുകയും ചെയ്യുക.
14. ദേശീയ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയോ, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെയോ അംഗീകാരം ഇല്ലാത്ത ഒരു സന്നദ്ധ സംഘടനയുടെയും പ്രവർത്തനം ദുരന്ത മേഖലയിൽ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
15. പോലീസ് കണ്ട്രോൾ റൂമിൽ ലഭിക്കുന്ന പ്രധാന ദുരന്ത വിവരങ്ങൾ അപ്പോൾ തന്നെ ജില്ലാ ഇ.ഓ.സിയിലും അറിയിക്കുക.
16. ദുരന്ത മേഖലയിൽ സന്നദ്ധ പ്രവർത്തനത്തിന് മുന്നിട്ട് വരുന്ന അംഗീകൃത സന്നദ്ധ സംഘടനകൾ, സുമനസ്ക്കർ എന്നിവരെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നതിന് നേതൃത്വം നൽകണം.

17. കുട്ടികളെയും, വനിതകളെയും ദുരന്ത സമയത്ത് കടത്തി കൊണ്ട് പോകുന്നില്ല എന്ന് വനിതാ-ശിശുക്ഷേമ വകുപ്പുമായി ചേർന്ന് ഉറപ്പ് വരുത്തുക
18. ക്യാമ്പുകളിൽ കുട്ടികൾക്കും സ്ത്രീകൾക്കും എതിരെ അതിക്രമങ്ങൾ നടക്കുന്നില്ല എന്ന് വനിതാ-ശിശുക്ഷേമ വകുപ്പുമായി ചേർന്ന് ഉറപ്പാക്കണം
19. ദുരന്ത സാഹചര്യത്തിൽ, ദുരന്ത ബാധിത പ്രദേശത്ത് തകർച്ച നേരിട്ട ഒപ്റ്റിക്കൽ ഫൈബർ ലൈനുകൾ, ടവറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് പ്രദേശം അറിയുന്ന ഡ്രൈവർമാരുടെ സേവനം ആവശ്യമായി വന്നാൽ Telecommuications Service Providers, Mobile Companies എന്നിവർക്ക് പ്രദേശം അറിയുന്ന ഡ്രൈവർമാരുടെ സേവനം ലഭ്യമാക്കുക.
20. കേന്ദ്ര സേനകളെ വിന്യസിക്കുന്ന അവസരത്തിൽ അവർക്ക് ആവശ്യമായ പ്രാദേശിക സഹായവും നേതൃത്വവും ഉറപ്പാക്കുക
21. മഴക്കാലത്ത് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും മഴകോട്ട്, വ്യക്തിഗത സുരക്ഷാ കിറ്റ് (അനുബന്ധം 7), വെള്ളത്തിൽ ഉപയോഗിക്കാവുന്നതരം പാദരക്ഷ, ഒരു ടോർച്ച് എന്നിവ നൽകുന്നത് പരിഗണിക്കണം. ഈ കിറ്റ് സ്വയം അപകടത്തിൽപെട്ടാലും അടിയന്തിരഘട്ടത്തിൽ മറ്റുള്ളവർക്കായി ഉപയോഗിക്കുവാനും സഹായകരമായിരിക്കും.
22. സുരക്ഷാ കിറ്റിൽ ഉണ്ടാകേണ്ട വസ്തുക്കൾ (ഒരു വ്യക്തിക്ക് എന്ന കണക്കിൽ) അനുബന്ധം 7 ആയി ചേർത്തിട്ടുണ്ട്.
23. സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകണം.
24. ജില്ലയിൽ ഹെലികോപ്റ്റർ ഇറങ്ങുന്ന സാഹചര്യം ഉണ്ട് എങ്കിൽ ചുവടെ ചേർക്കുന്ന നടപടികൾ പൂർത്തിയാക്കുക
    a) വെള്ളക്കെട്ട് ഉണ്ടെങ്കിൽ, വെള്ളക്കെട്ട് ഒഴിവാക്കുവാൻ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടി എടുക്കുക
    b) ഹെലികോപ്റ്റർ പങ്ക കുരുങ്ങുവാൻ സാധ്യതയുള്ള മരങ്ങൾ, കമ്പികൾ, കയറുകൾ എന്നിവ ഉണ്ടെങ്കിൽ അവ നീക്കം

ചെയ്യുവാൻ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടി എടുക്കുക

c) ഹെലികോപ്റ്റർ എത്തുന്നു എന്ന അറിയിപ്പ് സംസ്ഥാന അതോറിറ്റി നൽകിയാൽ ഇറങ്ങാൻ ഉദേശിക്കുന്ന സ്ഥലം പോലീസ് ബന്ദവസിൽ ആക്കുക

d) ഹെലികോപ്റ്റർ എത്തുന്നതിന് 1 മണിക്കൂർ മുൻപ് എങ്കിലും ലാൻഡ് ചെയ്യുന്ന സ്ഥലം അടയാളപ്പെടുത്തി, ഈ സ്ഥലത്ത് നിന്നും 50 മീറ്റർ ചുറ്റളവിൽ ഉള്ള എല്ലാ വ്യക്തികളെയും പോലീസ് മാറ്റുക.

## 6.6 അഗ്നി-രക്ഷാ സേന

1. ദുരന്ത ബാധിത പ്രദേശങ്ങളിൽ രക്ഷാ പ്രവർത്തനത്തിന്റെയും, ജില്ലാ തലത്തിലും, ദുരന്ത ബാധിത പ്രദേശങ്ങളിലും സന്നദ്ധ സേന, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, ആപ്ത മിത്ര, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ മേൽനോട്ടവും നേതൃത്വം അഗ്നി-രക്ഷാ സേനക്ക് ആയിരിക്കും
2. തദ്ദേശ സർക്കാരുകൾ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ നിന്നും പ്രധാനമായും ചുവടെ ചേർക്കുന്ന വിവരങ്ങൾ പരിശോധിച്ച് സ്റ്റേഷൻ തലത്തിൽ അവലോകനം നടത്തുകയും, പട്ടികകളും, മൊബൈൽ നമ്പറുകളും സൂക്ഷിക്കുകയും ചെയ്യുക.

A. ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ - വാർഡ് തിരിച്ച്

B. ദുരന്ത ആഘാതം ഏറ്റവും ഉണ്ടാകുവാൻ സാധ്യതയുള്ള വിഭാഗങ്ങളുടെ പട്ടിക

a) പുറമ്പോക്കിൽ വസിക്കുന്നവർ

b) ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ

c) വയൽ കരകളിൽ താമസിക്കുന്നവർ

d) മലയുടെ ചരിവുകളിലും, ഒറ്റപ്പെട്ട പ്രദേശത്തും, ഒറ്റപ്പെട്ട എസ്റ്റേറ്റ് ലേബർ ക്യാമ്പുകൾ എന്നിവിടങ്ങളിൽ വസിക്കുന്നവർ

e) 2018ലോ, 2019ലോ, 2021ലോ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീടുകളിലോ താമസിക്കുന്ന ദുരന്ത ബാധിതർ

f) പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

g) ലയങ്ങളിൽ താമസക്കാരായിരുന്ന, ലയം പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

h) ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ

i) ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ, അതി ദരിദ്രർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ

3. മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒഴിപ്പിക്കൽ പ്രവർത്തനത്തിൽ 5.6 (2) (B) (a to i) പട്ടികയിൽപ്പെടുന്നവർക്ക് ആദ്യ പരിഗണന നൽകണം. ഈ രീതിയിൽ മുൻഗണനാ ക്രമം തദ്ദേശ സ്ഥാപനത്തിൽ നിന്നും നിർണയിച്ച് സ്റ്റേഷനിൽ ശേഖരിക്കുക, അവലോകനം ചെയ്യുക, ആവശ്യമെങ്കിൽ ഈ പ്രദേശങ്ങൾ സന്ദർശിച്ച് പ്രാദേശിക സാഹചര്യം മനസ്സിലാക്കുക.

4. ഒരു ജില്ലയിലോ, താലൂക്കിലോ, പ്രദേശത്തോ മുന്നറിയിപ്പിന്റെ വെളിച്ചത്തിൽ ഒഴിപ്പിക്കൽ ആവശ്യമായി വന്നാൽ ആദ്യം ഒഴിപ്പിക്കേണ്ടതും, രക്ഷിക്കേണ്ടതും ഈ പട്ടിക അനുസരിച്ചായിരിക്കണം

5. ഒഴിപ്പിക്കൽ സാഹചര്യം ഉണ്ടായാൽ തദ്ദേശ സ്ഥാപനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളോടൊപ്പം പ്രവർത്തിച്ച് ഒഴിപ്പിക്കൽ പ്രവർത്തനം സുഗമം ആക്കുക.
6. ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി സ്റ്റേഷനിൽ സൂക്ഷിക്കുക.
7. കാലാവസ്ഥാ മുന്നറിയിപ്പുകളും, ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും എല്ലാ അഗ്നി-രക്ഷാ സ്റ്റേഷനുകളിലും എത്തുന്നു എന്ന് ഉറപ്പ് വരുത്തുക. സംസ്ഥാന അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അതോറിറ്റിയുടെ IPS WhatsApp ഗ്രൂപ്പിലൂടെ അഗ്നി-രക്ഷാ സേന മേധാവിക്ക് നിലവിൽ നൽകുന്നുണ്ട്
8. ജില്ല ഇ.ഓ.സിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു സീനിയർ ഫയർമാൻ ദിവസം മുഴുവനും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.
9. മലയോര മേഖലയിൽ രാത്രിയാത്ര ഒഴിവാക്കുവാൻ നിർദ്ദേശം നൽകുന്ന അവസരത്തിൽ അത്തരം പാതകളിൽ മരം വീണോ, മണ്ണിടിഞ്ഞ് വീണോ തടസം നേരിട്ടാൽ ഉടൻ തന്നെ തടസം മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
10. രക്ഷാ പ്രവർത്തനത്തിൽ പുറമ്പോക്കിൽ വസിക്കുന്നവർ, ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ, വയൽ കരകളിൽ താമസിക്കുന്നവർ, മലയുടെ ചരിവുകളിലും ഒറ്റപ്പെട്ട പ്രദേശത്തും വസിക്കുന്നവർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക.
11. ഒഴിപ്പിക്കൽ, രക്ഷാ പ്രവർത്തനം എന്നീ സാഹചര്യത്തിൽ ഗർഭിണികൾ, കുട്ടികൾ, അംഗപരിമിതർ, ഭിന്നശേഷിക്കാർ, അതി ദരിദ്രർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ എന്നിവർക്ക് ആദ്യ പരിഗണന നൽകുക
12. ഫയർ കണ്ട്രോൾ റൂമിൽ ലഭിക്കുന്ന പ്രധാന ദുരന്ത വിവരങ്ങൾ അപ്പോൾ തന്നെ ജില്ലാ ഇ.ഓ.സിയിലും അറിയിക്കുക.
13. രക്ഷാ പ്രവർത്തനത്തിന മേഖലയിൽ സന്നദ്ധ പ്രവർത്തനത്തിന് മുന്നിട്ട് വരുന്ന അംഗീകൃത സന്നദ്ധ സംഘടനകൾ, സുമനസ്ക്കർ എന്നിവരെ

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുക, അവർക്ക് നേതൃത്വം നൽകുക.

14. ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്ക് ഒരു വ്യക്തിഗത സുരക്ഷാ കിറ്റ് നൽകുന്നത് പരിഗണിക്കണം. ഈ കിറ്റ് സ്വയം അപകടത്തിൽപെട്ടാലും അടിയന്തിരഘട്ടത്തിൽ മറ്റുള്ളവർക്കായി ഉപയോഗിക്കുവാനും സഹായകരമായിരിക്കും. ഈ കിറ്റിൽ ഉണ്ടാകേണ്ട വസ്തുക്കൾ (ഒരു വ്യക്തിക്ക് എന്ന കണക്കിൽ) അനുബന്ധം 7 ആയി ചേർത്തിട്ടുണ്ട്

15. കേന്ദ്ര സേനകളെ വിന്യസിക്കുന്ന അവസരത്തിൽ അവർക്ക് ആവശ്യമായ പ്രാദേശിക സഹായവും നേതൃത്വവും ഉറപ്പാക്കുക

16. ആലപ്പുഴ ജില്ലയിൽ ഡി.ഡി.എം.എയുടെ നിയന്ത്രണത്തിൽ സൂക്ഷിച്ചിരിക്കുന്ന അതിശക്തമായ 5 (UK Pumps) പമ്പുകൾ പ്രവർത്തനക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തി എന്നും ഇവ അടിയന്തിരമായി വിവിധ സ്ഥലങ്ങളിൽ വിന്യസിക്കുവാൻ ആവശ്യമായ എണ്ണം ക്രെയിൻ, വാഹനങ്ങൾ എന്നിവയ്ക്ക് ജൂൺ 15 മുൻപ് തന്നെ കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിച്ചു എന്നും ഉറപ്പ് വരുത്തുക. ഇവ ജില്ലയിൽ വിന്യസിക്കേണ്ട ആവശ്യം വന്നാൽ കൃഷി വകുപ്പും, ജലസേചന വകുപ്പും, പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് മുൻഗണന നിശ്ചയിച്ച് തീരുമാനം കൈക്കൊള്ളുക. മറ്റ് ജില്ലകളിലേക്ക് മാറ്റുന്നത് അനുവദിക്കുന്ന അവസരത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക. ഈ പമ്പുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന് H/A 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്നും ആവശ്യമായ തുക ചെലവഴിക്കാവുന്നതാണ്.

17. ദുരന്ത പ്രതികരണത്തിന് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മതിയായ പരിശീലനം ലഭ്യമാക്കണം. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി മോക്ക് ഡ്രിൽ സംഘടിപ്പിക്കണം എന്ന്

സ്കൂളുകളോട് നിർദേശിക്കുക. അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രം മോക്ക് ഡ്രിൽ നടത്തണം എന്ന് നിർദേശിക്കുക.

18. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ നടത്തുവാൻ സ്കൂളുകൾക്ക് സഹായം നൽകുക.

## 6.7 ആരോഗ്യ വകുപ്പ്

1. എല്ലാ പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, താലൂക്ക്/ജില്ലാ ആശുപത്രികളിലും, മഴക്കാല പകർച്ചവ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗ രേഖ ഉണ്ടായിരിക്കേണ്ടതാണ്.
2. ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുക. ക്യാമ്പിൽ JHI, PHN എന്നിവരുടെ സേവനം ഉറപ്പ് വരുത്തുക.
3. ദുരിതാശ്വാസ ക്യാമ്പുകളിൽ പാലിക്കേണ്ട ആരോഗ്യ പരിപാലന നടപടികൾ അനുബന്ധം 3 പരിഗണിച്ച് പ്രത്യേകമായി പുറപ്പെടുവിക്കുക
4. മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.
5. മഴക്കാലത്ത് പാമ്പ് കടിയുടെ സാധ്യത വർധിക്കും എന്നതിനാൽ, പാമ്പ് കടിയുടെ ചികിത്സയ്ക്കായി നിർണയിച്ചിട്ടുള്ള എല്ലാ ആശുപത്രികളിലും അതാത് പ്രദേശത്തെ പാമ്പ് കടിയുടെ മുൻകാല ചരിത്രം പരിശോധിച്ച് ആവശ്യമായ Anti Venom കരുതുക. Anti Venom ലഭ്യമായ ആശുപത്രികളുടെ വിവരം അനുബന്ധം 5 ആയി ചേർത്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സർപ്പ മൊബൈൽ ആപ്ലിക്കേഷൻ എല്ലാ ഡി.ഈ.ഓ.സി, ടി.ഈ.ഓ.സികളിലും ഔദ്യോഗിക ഫോണിൽ സ്ഥാപിക്കുക.
6. ജില്ലയിലെ എല്ലാ ആശുപത്രികളുടെയും fitness തദേശ-സ്വയംഭരണ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെകൊണ്ട് അതാത് തദേശ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. Fitness

ഇല്ലാത്ത കെട്ടിടങ്ങൾ ആശുപത്രി നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. പ്രധാനമായും മഴക്കാലത്തിന് മുമ്പായി ആശുപത്രിയുടെ ഘടനാത്മക സുരക്ഷ (Structural safety) ഉറപ്പു വരുത്തുന്നതിനായി ആശുപത്രിയുടെ ഭിത്തികൾ, മേൽക്കൂരകൾ, പാരപ്പറ്റുകൾ തുടങ്ങിയവ പരിശോധിക്കുകയും ആവശ്യമായ പക്ഷം അടിയന്തരമായിട്ടുള്ള അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക. ഇതിനൊപ്പം തന്നെ പൊട്ടലുകൾ ഉണ്ടെങ്കിൽ അവ അടക്കുകയും മേൽക്കൂരകളിലും പുറംഭിത്തികളിലും വാട്ടർപ്രൂഫിംഗ് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

7. GO (Rt) No. 414/2021/DMD dated 13-5-2021 (https://sdma.kerala.gov.in/wp-content/uploads/2021/05/Rapid-Safety-Audit-GO-May-21.pdf) പ്രകാരം ജില്ലയിലെ എല്ലാ ആശുപത്രികളുടെയും സുരക്ഷാ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അതാത് തദ്ദേശ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഇതിനായി അഗ്നി-രക്ഷാ സേനക്ക് ആവശ്യമായ നിർദ്ദേശം നൽകുക. അഗ്നി-രക്ഷാ വകുപ്പിന്റെ എൻ.ഓ.സി ഇല്ലാത്ത കെട്ടിടങ്ങൾ ആശുപത്രി നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. ദുരന്ത നിവാരണ നിയമം, Section 30 (2) (xxiii) പ്രകാരം ഇതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുക. പ്രസ്തുത നിർദ്ദേശം അനുസരിക്കാത്തവർ ദുരന്ത നിവാരണ നിയമം, Section 51 (b) പ്രകാരം ശിക്ഷയ്ക്ക് വിധേയരാകും എന്നത് വ്യക്തമാക്കുക.
8. രോഗ പ്രതിരോധത്തിൽ ശുചിത്വത്തിന്റെ പ്രാധാന്യം എടുത്തു പറയുന്ന പ്രചാരണങ്ങൾ നടത്തുക.
9. കേരളത്തിൽ ശേഖരിച്ചിട്ടുള്ള അപകടകരമായ രാസപദാർത്ഥങ്ങൾ ഏതെല്ലാം, എത്ര വീതം, എവിടെ എല്ലാം (തദ്ദേശ സ്ഥാപനത്തിന്റെ പേര് സഹിതം) എന്നത് വ്യവസായ വകുപ്പിനോട് പട്ടികപ്പെടുത്തി ജൂൺ 15ന് മുൻപ് നല്കുവാൻ ആവശ്യപ്പെടുക. ഈ രാസപദാർത്ഥങ്ങൾ ജലത്തിലോ, മണ്ണിലോ, വായുവിലോ കലർന്ന് മനുഷ്യ ജീവന് അപകടകരം ആയാൽ അവ പ്രതിരോധിക്കുന്ന രീതികൾ, മരുന്നുകൾ എന്നിവ ഏതെല്ലാം എന്ന് പ്രസിദ്ധീകരിക്കുക.

ഇവയ്ക്കായി, ഇത്തരം ശേഖരം ഉള്ള പ്രദേശങ്ങളിലെ സർക്കാർ ആശുപത്രികൾ പ്രതിരോധ മരുന്നുകൾ സഹിതം സജ്ജമാക്കുക.

10. പ്രളയവും മണ്ണിടിച്ചിലും ബാധിക്കാൻ സാധ്യതയുള്ള മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളുടേയും സമഗ്രമായ ലിസ്റ്റ് തയ്യാറാക്കുക

11. ഓരോ ആരോഗ്യ കേന്ദ്രത്തിലും അത്തരം ആപത്ഘട്ടങ്ങളിൽ അവിടെ നിന്നും അടിയന്തരമായി മാറ്റേണ്ട ഉപകരണങ്ങളുടേയും മറ്റു വസ്തുക്കളുടേയും കൃത്യമായ ലിസ്റ്റ് തയ്യാറാക്കി വയ്ക്കുക. അതോടൊപ്പം അവയെല്ലാം മാറ്റി പ്രവർത്തനങ്ങൾ തുടരാൻ സാധിക്കുന്ന സാധ്യതാ സ്ഥലങ്ങളും കണ്ടു വയ്ക്കുക. വെള്ളം കയറുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷ പ്രധാനമാണ്. അതിനായി പ്രധാന മെഡിക്കൽ ഉപകരണങ്ങൾ ഉയർന്ന നിലകളിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ എടുക്കുക.

12. പ്രധാന ആശുപത്രികളിലെല്ലാം മാസ് കാഷ്വാലിറ്റി ട്രയാജ് പ്രോട്ടോക്കോൾ, അതായത്, വലിയ അത്യാഹിതങ്ങളെ എങ്ങനെ നേരിടാമെന്നുള്ളതിനുള്ള മാനദണ്ഡം നടപ്പിലാക്കുക. അതിനാവശ്യമായ പരിശീലനങ്ങളും ഉറപ്പു വരുത്തുക. ആശുപത്രികളുടെ കാര്യക്ഷമതാ പരിധിയ്ക്ക് മുകളിലോട്ട് പെട്ടെന്നു രോഗികളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ കൈകാര്യം ചെയ്യാൻ ആവശ്യമായ സർജ് കപ്പാസിറ്റി പ്ളാനും തയ്യാറാക്കുകയും, നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും നൽകുക. അത്യാഹിത ഘട്ടങ്ങളോട് പിഴവില്ലാത്ത രീതിയിൽ പ്രതികരിക്കാൻ സഹായകമായ ഹോസ്പിലറ്റ് എമർജൻസി റെസ്പോൺസ് പ്ലാനും തയ്യാറാക്കി പരിശീലനം നൽകുക. ഇത്തരം ഘട്ടങ്ങളിൽ കൃത്യമായ ഏകോപനം ഉറപ്പു വരുത്തുന്നതിനായി ആശയവിനിമയ സംവിധാനവും ഒരുക്കുക.

13. ഡയാലിസിസ് ചെയ്യുന്നവർ, കാൻസർ ചികിത്സയിലുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള ചികിത്സയിൽ കഴിയുന്നവർ ഉൾപ്പെടെ ചികിത്സ മുടങ്ങാൻ പാടില്ലാത്ത ഗുരുതരമായ രോഗാവസ്ഥയുള്ളവരുടെ സമഗ്രമായ ലിസ്റ്റുകളും തയ്യാറാക്കുക. അത്യാഹിത ഘട്ടങ്ങളിൽ ഇവരുടെ ചികിത്സകൾ മുടങ്ങാതെ

നോക്കുന്നതിനു വേണ്ടിയാണ് ഈ ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഇവർ അവരുടെ മെഡിക്കൽ റെക്കോർഡുകൾ നിർബന്ധമായും കയ്യിൽ സൂക്ഷിച്ചു വയ്ക്കണം. അതോടൊപ്പം അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടാനായി ജില്ലാ കോൺട്രോൾ റൂം, വാർഡ് മെമ്പർ, ഏതെങ്കിലും സന്നദ്ധസംഘടനയിൽ ഉള്ള വളണ്ടിയർമാരുടെ നമ്പറുകൾ എന്നിവയും സൂക്ഷിക്കണം. ഇത്തരം രോഗികൾക്ക് ആശുപത്രികളിൽ നിന്നും മരുന്നുകൾ ഒരു മാസത്തേയ്ക്ക് നൽകുകയും വേണം.

14. അടിയന്തിര സാഹചര്യത്തെ മുന്നിൽ കണ്ടു ആശുപത്രികളെല്ലാം രണ്ടാഴ്ചത്തേക്കുള്ള മരുന്നുകൾ കൂടുതലായി കരുതുകയും അവ വാട്ടർപ്രൂഫ് കണ്ടെയ്നറുകളിൽ സൂക്ഷിക്കുകയും ചെയ്യുക. ഡോക്സി സൈക്ലിൻ, ഓ.ആർ.എസ്, ബ്ലീച്ചിങ് പൌഡർ, മാസ്കുകൾ, സാനിട്ടൈസറുകൾ എന്നിവ നിർബന്ധമായും ആ സ്റ്റോക്കിൽ ആവശ്യത്തിന് ഉണ്ടായിരിക്കേണ്ടതാണ്

15. ഗർഭിണികൾ, കിടപ്പിലായവർ, ഭിന്നശേഷിയുള്ളവർ തുടങ്ങി ദുരന്തഘട്ടങ്ങളിൽ ഏറ്റവും ആദ്യം സഹായമെത്തിക്കുകയും സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്യേണ്ടവരുടെ ലിസ്റ്റുകളും തയ്യാറാക്കുക. ഇവരുടെ വീടുകൾ മാപ്പ് ചെയ്യുകയും വേണം. അതിനു പുറമേ, ഇവരെ വളണ്ടിയർമാരുമായി ബന്ധപ്പെടുത്തുകയും അവശ്യഘട്ടങ്ങളിൽ കാലതാമസമില്ലാതെ അവിടെയെത്തി അവരെ സുരക്ഷിതരാക്കാൻ സാധിക്കുമെന്ന് ഉറപ്പു വരുത്തുകയും വേണം.

16. ആശുപത്രികളിൽ വൈദ്യുത വിതരണം തടസ്സമില്ലാതെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനായി ആശുപത്രികളിൽ ജനറേറ്ററുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തണം. ആശുപത്രിയിലെ വൈദ്യുതി സുരക്ഷയും വിതരണവും ഉറപ്പു വരുത്തുന്നതിനായി, ലൈസൻസ് ഉള്ള ഇലക്ട്രീഷന്റെ സഹായത്തോടെ എർത്തിംഗ് , ലൈറ്റ്നിങ് അറസ്റ്ററുകൾ വൈദ്യുത പാനലുകൾ, വയറിംഗ്, ആശുപത്രിക്കു പുറത്തു വൈദ്യുതിയുടെ ബന്ധപ്പെട്ട മറ്റു സംവിധാനങ്ങൾ എന്നിവ സുരക്ഷിതമാണെന്ന് ഉറപ്പാക്കുക, റസിഡ്വൽ കറന്റ് ഡിവൈസുകളും (RCD) ഐസൊലേറ്ററുകളും പ്രവർത്തനക്ഷമമാണെന്ന്

ഉറപ്പാക്കുക, വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകളിലുള്ള വൈദ്യുത പാനലുകൾ ഉയർത്തുക, ട്രാൻസ്ഫോർമറും ജനറേറ്ററുകളും ഉള്ള മേഖലകളിൽ വെള്ളം കെട്ടാതിരിക്കാൻ നടപടികൾ എടുക്കുക അവയെല്ലാം പ്രവർത്തനക്ഷമമാണെന്നു ഉറപ്പു വരുത്തുകയും ചെയ്യുക, എല്ലാ പ്രധാന മെഡിക്കൽ ഉപകരണങ്ങളുടെയും മെയ്ന്റനൻസ് പരിശോധിക്കുക, അവയുടെ UPS ബാക്കപ്പ് ഉറപ്പാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. വൈദ്യുത ബന്ധത്തിൽ തകരാറുകൾ വരുന്ന മുറക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താനുള്ള തയ്യാറെടുപ്പുകൾ, ആവശ്യമായ ടാസ്ക് ഫോഴ്സുകൾ തുടങ്ങിയവ മുൻകൂട്ടി സജ്ജമാക്കി നിർത്തണം. അതാത് ആശുപത്രിയുടെ മേഖലയിലെ കെ.എസ്.ഇ.ബിയുടെ എമർജൻസി നമ്പർ കരുതുക.
18. എച്.ഐ.വി/എയ്ഡ്സ് രോഗികൾ ക്യാമ്പുകളിലുണ്ടെങ്കിൽ അവർ വിവേചനം അനുഭവിക്കുന്നില്ല എന്നും, പ്രത്യേക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ട് എന്നും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി ചേർന്ന് ആരോഗ്യവകുപ്പ് ഉറപ്പാക്കേണ്ടതാണ്.
19. ഒറ്റപ്പെട്ട പ്രദേശങ്ങൾ/ഗതാഗതം തടസ്സപ്പെട്ട മേഖലകളിലേക്ക് (ക്യാമ്പുകൾ അല്ലാത്തവ) മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആവശ്യാനുസരണം സജ്ജീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.
20. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ രോഗികൾക്കായി ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ, പ്രത്യേക ക്യാമ്പ് സംവിധാനങ്ങൾ, ലഭ്യമാക്കേണ്ട കൂട്ടിരിപ്പുകാരൻ/കാരിയെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയടങ്ങുന്ന പ്ലാൻ മുൻകൂട്ടി തയ്യാറാക്കി നടപ്പിലാക്കുക.
21. ആശുപത്രിയിൽ വെള്ളം കയറാനിടയുള്ള സാഹചര്യത്തിൽ രോഗികളുടെ സുരക്ഷയും ഒഴിപ്പിക്കൽ പ്ലാനും പ്രത്യേക ശ്രദ്ധ വേണ്ടതാണ്. അതിനായി മുന്നൊരുക്കമെന്ന നിലയിൽ ഉയർന്ന അപകടസാധ്യതയുള്ള രോഗികളുടെ (ഉദാ: ICU, NICU, ഡയാലിസിസ്) പട്ടികയും അവരെ മാറ്റുന്നതിനുള്ള പ്രോട്ടോക്കോളുകളും തയ്യാറാക്കുക. അതിന്റെ ഭാഗമായി ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശങ്ങളും പരിശീലനവും നൽകുക. അങ്ങനെ മാറ്റേണ്ട

സാഹചര്യം കണക്കിലെടുത്തു അടിയന്തര ഗതാഗത സൗകര്യങ്ങളും എളുപ്പത്തിൽ കയറ്റാവുന്ന ഉപകരണങ്ങളും ഒരുക്കുക, രോഗികളുടെ വിവരങ്ങൾ വെള്ളത്തിൽ നിന്നും സംരക്ഷിക്കാനായി അവയെ ഡിജിറ്റൈസ് ചെയ്തു ബാക്ക് അപ് ചെയ്യുകയും ചെയ്യുക.

22. വെള്ളം കയറി ആശുപത്രി പ്രവർത്തിക്കാൻ സാധിക്കാത്ത പക്ഷം താത്കാലികമായി പ്രവർത്തിപ്പിക്കാൻ പറ്റുന്ന കെട്ടിടങ്ങൾ പ്രാദേശികമായി മുൻകൂട്ടി കണ്ടെത്തുകയും അത്തരം സാഹചര്യങ്ങളിൽ ആശുപത്രി സേവനം അവിടെ സജ്ജമാക്കുകയും ചെയ്യുക. ഇതിനായി സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടെ പരിശീലനം നൽകി തയ്യാറാക്കി നിർത്തുക.

23. ആശുപത്രികളിൽ വെള്ളം കയറിയാൽ, അതിനു ശേഷമുള്ള ശുചീകരണവും സേവനങ്ങളുടെ പുനരാരംഭവും മുൻകൂട്ടി കണ്ടു സേഫ്റ്റി ഇൻസ്പെക്ഷൻ ടീം, ക്ലീനിങ് ടീം, ഇൻഫെക്ഷൻ കണ്ട്രോൾ ടീം എന്നിവ രൂപീകരിക്കുക, സംഭവിച്ച നാശനഷ്ടങ്ങൾ രേഖപ്പെടുത്തി ആരോഗ്യ-ദുരന്തനിവാരണ വകുപ്പുകളെ അറിയിച്ചു നൽകുക.

24. എല്ലാ ജില്ലയിലും ചുരുങ്ങിയത് 10 ബോഡി ബാഗുകൾ കരുതുക

25. സർക്കാർ ആശുപത്രികളിൽ ഉള്ള അപകടകരമായ മരങ്ങൾ സെക്ഷൻ 5, പാര 44ലെ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈകൊള്ളാവുന്നതാണ്. ഇത്തരത്തിൽ സമതി ശുപാർശ ചെയ്ത് ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ അംഗീകരിച്ച മരങ്ങൾ മുറിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മഴക്കാല ദുരന്ത പ്രതികരണ തയ്യാറെടുപ്പിനായി അനുവദിച്ച തുകയിൽ നിന്നും പണം ചെലവഴിക്കാവുന്നതാണ്.

**26. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് പ്രത്യേക ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ**

a. സംസ്ഥാന മാനസികാരോഗ്യ അതോറിറ്റി, ജില്ല മാനസികാരോഗ്യ പരിപാടി എന്നിവയുമായി ചേർന്ന് പ്രാഥമിക മാനസികാരോഗ്യ പരിചരണം എല്ലാ ദുരന്ത ബാധിതർക്കും ലഭ്യമാക്കുക.

b. ജില്ലാ ദുരന്ത നിവാരണ അതോറിയും ജില്ലാ മാനസികാരോഗ്യ പ്രോഗ്രാമും ചേർന്ന് ജില്ലയിലെ മാനസികാരോഗ്യ ദുർബലത സംബന്ധിച്ചും ഈ മേഖലയിലെ ജില്ലയിലെ സംവിധാനങ്ങളുടെ ശേഷി സംബന്ധിച്ചും അസ്സസ്മെന്റ് നടത്തണം. ഇത് ആരോഗ്യവകുപ്പിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും സമർപ്പിക്കണം.

c. ദുരിതാശ്വാസ ക്യാമ്പുകളിൽ മാനസികാരോഗ്യ കൗൺസിലറുടെ സേവനം ഉറപ്പാക്കണം. ഇതിനായി ജില്ലാ മനസികാരോഗ്യ പ്രോഗ്രാം, കുടുംബശ്രീ, ആരോഗ്യ വകുപ്പ്, മറ്റ് വകുപ്പുകളിലെ ഔദ്യോഗിക കൗൺസിലർമാരുടെ ഒരു പാനൽ എല്ലാ ജില്ലയിലും മുൻകൂട്ടി തയ്യാറാക്കി വെക്കേണ്ടതാണ്. ഇവർക്ക് ദുരിതബാധിതരെ/ദുരിതാശ്വാസ ക്യാമ്പുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായ പരിശീലനം നൽകേണ്ടതുമാണ്. ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം/ ആരോഗ്യ വകുപ്പ് നിശ്ചയിക്കുന്ന നോഡൽ ഓഫീസർ (DMHP) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ പ്രസ്തുത പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

d. വലിയ വ്യാപ്തിയിലുള്ള ദുരന്തങ്ങൾ സംഭവിക്കുമ്പോൾ സന്നദ്ധ പ്രവർത്തകരായെത്തുന്നവരും വിവിധ സംഘടനകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ച് എത്തുന്നവരും മതിയായ യോഗ്യതയുള്ളവരാണ് എന്ന് ഉറപ്പാക്കണം. യോഗ്യത ഉള്ളവരാണെങ്കിൽ കൂടിയും ദുരിതാശ്വാസ ക്യാമ്പുകൾ/ദുരിതബാധിതരെ കൈകാര്യം ചെയ്യാൻ ആവശ്യമായ പ്രത്യേക പരിശീലനം (Orientation) ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ നൽകിയ ശേഷം മാത്രമേ ഇവരെ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത്തരത്തിൽ മാനസികാരോഗ്യ പ്രഥമശുശ്രൂഷ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നവരുടെ വിവര ശേഖരണം നടത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വഴി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും ആരോഗ്യ വകുപ്പിനും കൈമാറേണ്ടതുമാണ്.

e. ദുരിതബാധിതരായ ആളുകൾക്ക് ലഭ്യമാക്കേണ്ട അവശ്യസേവനങ്ങൾ സംബന്ധിച്ചുള്ള പ്രാഥമിക ധാരണകൾ സംബന്ധിച്ച് മാനസികാരോഗ്യ പ്രഥമശുശ്രൂഷ നൽകുന്നവർക്ക് ഉണ്ടെന്ന് ഉറപ്പാക്കണം. (ഉദാഹരണമായി സർക്കാറിന്റെ ദുരിതാശ്വാസ സേവനങ്ങൾ ലഭ്യമാക്കുന്നത് പോലെയുള്ള വിവരങ്ങൾ)

f. ദുരിതാശ്വാസ ക്യാമ്പ്/ദുരിതബാധിതർക്കായി കൗൺസിലിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കൗൺസിലർമാർക്കായി ചെയ്യാൻ പാടുള്ളത് & ചെയ്യാൻ പാടില്ലാത്തത് (Do's and Don'ts) എന്നിവ വ്യക്തമാക്കുന്ന ഒരു ഹ്രസ്വമായ മാർഗനിർദേശ വീഡിയോ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് തയ്യാറാക്കേണ്ടതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കൗൺസിലർമാർ പ്രസ്തുത വീഡിയോയും മാർഗനിർദേശങ്ങളും കണ്ടിരിക്കണം എന്ന് കർശനമായി ഉറപ്പാക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനും ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിനും ഉണ്ടായിരിക്കും.

g. ദുരിതാശ്വാസ ക്യാമ്പുകളിൽ/ദുരിതബാധിതർക്ക് മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുമ്പോൾ നിർബന്ധമായും അവരുടെ വിവരങ്ങൾ രേഖപ്പെടുത്തി ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം വഴി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണ്. തുടർചികിത്സ ആവശ്യമായവർക്ക് അതിനായുള്ള സൗകര്യങ്ങൾ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം ചെയ്ത് നൽകേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലയിലെ വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വിവരങ്ങൾ കൈമാറണം.

## 6.8 ജലസേചന വകുപ്പ്

1. തീരശോഷണ ആഘാതം ലഘൂകരിക്കുവാൻ ആവശ്യമായ രീതിയിൽ ജലസേചന വകുപ്പ് കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ അടിയന്തിരമായി പരിശോധിച്ച്, പരിഹരിക്കുക. കടൽ ഭിത്തിയുടെ

നിർമ്മാണം, പരിപാലനം, പുനർനിർമ്മാണം എന്നിവയ്ക്ക് ദുരന്ത പ്രതികരണ നിധി വിനിയോഗിക്കുവാൻ പാടുള്ളതല്ല.

2. തീരശോഷണം നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രദേശങ്ങൾ കണ്ടെത്തി ജൂൺ 15ന് മുൻപ് പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക.
3. അടിയന്തിരഘട്ടങ്ങളിൽ തീരത്തെയും, വയൽ ബണ്ടുകളിലെയും, പുഴയോരത്തെയും വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ് തദ്ദേശ സർക്കാരുമായി ചേർന്ന് നടത്തണം
4. തീരശോഷണം, ശക്തമായ കാറ്റ്, സുനാമി, ചുഴലികാറ്റ് എന്നിവയോടനുബന്ധിച്ചുള്ള അടിയന്തിരഘട്ടത്തിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ ഉപയോഗിക്കുന്നതിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്. ആവശ്യമാണെങ്കിൽ മാത്രം ഇവ ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചെലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്റ്റ് തഹസിൽദാർ വേണം അന്തിമമായി അഗീകരിക്കുവാൻ.
5. വകുപ്പിന് കീഴിലുള്ള 20 ഡാം/ബാരേജുകളിൽ മലമ്പുഴ, കല്ലട എന്നീ ഡാമുകൾക്ക് മാത്രമാണ് റൂൾ ലെവൽ നിശ്ചയിച്ചിട്ടുള്ളത് ബാക്കിയുള്ള 18 ഡാം/ബാരേജുകളിൽ ജലനിരപ്പ് അനുസരിച്ചും മഴയുടെ മുന്നറിയിപ്പും ഡാമുകളിലെ നീരൊഴുക്കും കൃത്യമായി നിരീക്ഷിച്ചു മാനുവൽ നിർദേശങ്ങൾ പാലിച്ചുമാണ് ജല വിതാനം ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

6. വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള എല്ലാ അണക്കെട്ടുകളുടെയും ചുവപ്പ് അലേർട്ട് (തുറന്നു വിടുന്നതിന് മുൻപുള്ള മുന്നറിയിപ്പ്), ഓറഞ്ച് അലേർട്ട്, നീല അലേർട്ട് എന്നീ ജലനിരപ്പുകളും, റൂൾ കർവ് ബാധകമായ അണക്കെട്ടുകൾക്ക് റൂൾ കർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 15ന് മുൻപ് നൽകി പ്രസ്തുത ജില്ലകളുടെ കൂടി അനുമതി ഒറ്റതവണയായി വാങ്ങണം. ഈ അംഗീകൃത പദ്ധതി അനുസരിച്ച് മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുവാൻ പാടുള്ളൂ.

6.1 കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള റൂൾ കർവ്വ് നിലവിൽ 200 MCMനു മുകളിൽ ശേഷി ഉള്ള ഡാമുകളിൽ മാത്രമാണ് ജലവിതാനം ക്രമീകരിക്കേണ്ടത് എന്ന് നിർദ്ദേശം 08/10/2021 തീയതിയിലെ GO (Rt) No.524/2021/WRD of Water Resources (Interstate Water Cell) Department ഉത്തരവ് പ്രകാരം നിലനിൽക്കുന്നതിനാൽ, ജലസേചന വകുപ്പിന് കീഴിൽ കല്ലട മലമ്പുഴ എന്നീ ഡാമുകളിൽ മാത്രമേ റൂൾ കർവ്വ് അനുസരിച്ച് ജലവിതാനം നിലനിർത്തുവാൻ സാധിക്കുകയുള്ളൂ എന്ന് ജലസേചന വകുപ്പ് അറിയിച്ചരിക്കുന്നു. ആയതിനാൽ കല്ലട, മലമ്പുഴ എന്നീ ഡാമുകളിലെ ജലവിതാന നിയന്ത്രണത്തെ കുറിച്ചുള്ള മുന്നറിയിപ്പ് റൂൾ കർവും അലേർട്ട് ജലനിരപ്പുകളെയും അനുസരിച്ചും ബാക്കി വരുന്ന 14 ഡാമുകളിൽ Red/Orange/Blue alert ലെവലുകൾ അനുസരിച്ചും 4 barrageകളിൽ ജലനിരപ്പനുസരിച്ചും മഴയുടെ മുന്നറിയിപ്പും നീരൊഴുക്കും നിരീക്ഷിച്ച് ഏത് സാഹചര്യങ്ങളിൽ അണക്കെട്ടുകൾ/ബാരേജുകൾ തുറക്കും എന്ന വിവരം ജൂൺ 15നു മുൻപ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകി എന്ന് ഉറപ്പു വരുത്തുക.

7. വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള എല്ലാ കനാലുകളും, പുഴകളും, നീർച്ചാലുകളും തടസരഹിതമാക്കി എന്ന് മെയ്-ജൂൺ മാസത്തിൽ തന്നെ ഉറപ്പ് വരുത്തുക. പ്രധാന നീർചാലുകളും, ഓടകളും,

പരിശോധിച്ച്, അവയിൽ തടസങ്ങൾ ഇല്ല എന്ന് മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവരുമായി ചേർന്ന് ഉറപ്പ് വരുത്തുക. മഴവെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന എല്ലാ വസ്തുക്കളും ഓടകളിൽനിന്നും, നീർച്ചാലുകളിൽ നിന്നും മാറ്റുക.

8. അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടേണ്ടുന്ന സാഹചര്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുകയാണെങ്കിൽ നീല അലേർട്ട് പുറപ്പെടുവിക്കുന്ന അവസരത്തിൽ തുറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ (1077ൽ) നിർബന്ധമായും അറിയിപ്പ് നൽകേണ്ടതാണ്; 36 മണിക്കൂർ മുൻപെങ്കിലും ഇത്തരം ഒരു പ്രാഥമിക അറിയിപ്പ് ജില്ലകൾക്ക് നല്കുവാൻ വകുപ്പ് പരിശ്രമിക്കണം. ഡാം ഉള്ള ജില്ലയുടെ ജില്ലാ കളക്ടറുടെ അനുമതിയോടെ മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടാൻ പാടുള്ളൂ.
9. നീല അലേർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലേർട്ട് വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
10. ഓറഞ്ച് അലേർട്ടും, ചുവപ്പ് അലേർട്ടും മാത്രമുള്ള അണക്കെട്ടുകളിൽ ഓറഞ്ച് അലേർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലേർട്ട് വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
11. എല്ലാ അണക്കെട്ടുകൾക്കും ചുവപ്പ്, ഓറഞ്ച്, നീല എന്നീ മൂന്നു തരം മുന്നറിയിപ്പുകൾ ഇല്ല. ഏതെല്ലാം അണക്കെട്ടുകൾക്കാണ് ഇവ ബാധകം എന്നത് പ്രത്യേകമായി ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെ അറിയിക്കണം.
12. ഒരു കാരണവശാലും വൈകിട്ട് 6 മണിക്ക് ശേഷം, പകൽ 6 മണിവരെ, പകൽ തുറക്കാതെ ഇരുന്ന അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്ന് പുതുതായി ജലം ഒഴുക്കരുത്.

13. വേലിയേറ്റ സമയത്തെ സമുദ്ര സ്ഥിതി കൂടി INCOISന്റെ വെബ്സൈറ്റിൽ (https://incois.gov.in/portal/osf/tide.jsp) നിന്നും പരിശോധിച്ചിട്ട് വേണം അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടുവാൻ അനുവാദം നല്കുവാൻ. ജില്ല ഇ.ഓ.സി യിൽ നിയോഗിച്ചിടുള്ള ജലസേചന വകുപ്പ് എഞ്ചിനീയർ മേൽ അനുമാനം നടത്തി അണക്കെട്ടിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനുമായി ചർച്ച ചെയ്ത് ശുപാർശ നൽകേണ്ടതാണ്.

14. അപ്രതീക്ഷിത മഴയിൽ രാത്രിയും തുറന്ന് വിടേണ്ടി വരുന്ന അണക്കെട്ടുകളുടെ പേരുകൾ അനുബന്ധം 4 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുന്നതിന് മുൻപ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക, അനുമതി വാങ്ങുക.

15. ജലസേചന വകുപ്പുകളിലെ അസിസ്റ്റന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലേക്ക് 24 x 7 നിയോഗിക്കുക. KSDMA രൂപീകരിച്ചിട്ടുള്ള Virtual Cadre ൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കാവുന്നതാണ്. എന്നാൽ അടിയന്തരഘട്ടങ്ങളിൽ മുഴുവൻ സമയം ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമാണെന്നതിനാൽ തന്നെ Virtual Cadre ലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മറ്റുള്ളവർക്കും ത്വരിത പരിശീലനം നൽകി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

16. ജില്ല ഇ.ഓ.സിയിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എഞ്ചിനീയർ അതാത് അണകെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലത്തിന് അനുസരിച്ച് ഓരോ പ്രദേശത്തും എത്ര കണ്ട് ജലം ഉയരും എന്നത് വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരുമായി ചര്ച്ച ചെയ്ത് ജില്ലാ ഇ.ഒ.സിയ്ക്ക് അനുമാനിച്ച് നൽകേണ്ടതാണ്. ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുമോ എന്ന് കൂട്ടായി പരിശോധിക്കുകയും ചെയ്യുക.

17. നദീ ജലം മറ്റ് ജില്ലകളിൽ ചെന്ന് എത്തും എങ്കിൽ പ്രസ്തുത ജില്ലയിലെ ജില്ലാ ഇ.ഒ.സിയെ അറിയിക്കുക.

18. കേന്ദ്ര ജല കമ്മിഷൻ (CWC) നൽകുന്ന പ്രളയ മുന്നറിയിപ്പ് നിരീക്ഷിച്ച് ജില്ലയിലെ ഏതെല്ലാം ഭാഗത്ത് പ്രളയ സാധ്യതയുണ്ട് എന്ന് സംസ്ഥാന, ജില്ലാ ഇ.ഒ.സികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ അറിയിക്കുന്നതിന് ജില്ലയിലെ എല്ലാ ജല സേചന ഉദ്യോഗസ്ഥരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തിക്കുവാനുള്ള ചുമതലയും മേൽ ഉദ്യോഗസ്ഥന് ആയിരിക്കും.

19. പൊതുജനങ്ങൾക്ക് അണക്കെട്ട് തുറക്കുന്നതിന് മുൻപ് ഇ.എ.പി അനുസരിച്ചുള്ള സൈറൺ മുഴക്കി അറിയിപ്പ് നൽകുക.

20. വകുപ്പ് തയ്യാറാക്കിയ അടിയന്തിരഘട്ട പ്രവർത്തന പദ്ധതി (ഇ.എ.പി) പ്രകാരം പൊതുജനങ്ങളും തദ്ദേശ സർക്കാരുകളും അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ ഒരു ലഘുലേഖയിൽ ഓരോ അണകെട്ടും സംബന്ധിച്ച് പ്രസിദ്ധീകരിക്കുക. ഈ ലഘുലേഖയിൽ ജനങ്ങൾക്ക് എങ്ങനെയാണ് മുന്നറിയിപ്പ് നൽകേണ്ടത്, ആരാണ് മുന്നറിയിപ്പ് നൽകേണ്ടത്, എങ്ങനെയാണ് അവരെ അടിയന്തരഘട്ടത്തിൽ മാറ്റേണ്ടത് എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രതിപാതിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ ജീവിക്കുന്ന ആളുകളുടെ വിവരങ്ങൾ, അവർക്കുള്ള സുരക്ഷിത സ്ഥലങ്ങൾ, ഗതാഗതമാർഗങ്ങൾ, ഒഴിപ്പിക്കൽ വഴികൾ തുടങ്ങിയവയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണം.

<table>
<tr><th>Sl. No</th><th>ജില്ല</th><th>അണക്കെട്ട്</th><th>ഇ.എ.പി ലിങ്ക്</th><th>റൂൾ കെർവ്</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>നെയ്യാർ</td><td colspan="2" rowspan="7">https://www.idrb.kerala.gov.in/emergency-action-plan<br>ജില്ലയിലെ ജലസേചന വകുപ്പിന് കീഴിലെ ഡാമുകളുടെ ഇ.എ.പി, റൂൾ കെർവ് എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാക്കുവാൻ ജലസേചന വകുപ്പിന് നിർദേശം നൽകുക</td></tr>
<tr><td>2</td><td>കോഴിക്കോട്</td><td>കുറ്റിയാടി (പെരുവണ്ണാമൂഴി)</td></tr>
<tr><td>3</td><td>പാലക്കാട്</td><td>മലമ്പുഴ</td></tr>
<tr><td>4</td><td>പാലക്കാട്</td><td>ചുള്ളിയാർ</td></tr>
<tr><td>5</td><td>പാലക്കാട്</td><td>മംഗലം</td></tr>
<tr><td>6</td><td>പാലക്കാട്</td><td>വാളയാർ</td></tr>
<tr><td>7</td><td>പാലക്കാട്</td><td>കാഞ്ഞിരപ്പുഴ</td></tr>
</table>

| | | | |
|---|---|---|---|
| 8 | പാലക്കാട് | മീൻകര | |
| 9 | പാലക്കാട് | കുളുർ ബറാജ് (പഴശ്ശി) | |
| 10 | പാലക്കാട് | പോത്തുണ്ടി | |
| 11 | തൃശ്ശൂർ | ചീമോനി | |
| 12 | തൃശ്ശൂർ | വാഴാനി | |
| 13 | തൃശ്ശൂർ | പീച്ചി | |
| 14 | ഇടുക്കി | മലങ്കര | |
| 15 | കൊല്ലം | കല്ലട (പരപ്പാർ) | |

21. ആലപ്പുഴ ജില്ലയിൽ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിൽ സൂക്ഷിച്ചിരിക്കുന്ന അതിശക്തമായ പമ്പുകൾ പരിശോധിച്ച് അവ പ്രവർത്തന ക്ഷമമം ആണ് എന്ന് ജൂൺ 15ന് മുൻപ് ഉറപ്പ് വരുത്തുകയും, ഇവ അടിയന്തിരമായി വിവിധ സ്ഥലങ്ങളിൽ വിന്യസിക്കുവാൻ ആവശ്യമായ ക്രെയിൻ, വാഹനങ്ങൾ എന്നിവയ്ക്ക് മെയ്-ജൂൺ മാസത്തിൽ തന്നെ കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്. ഈ പ്രവർത്തികൾക്ക് ചെലവാകുന്ന തുക GO (Ms) No. 6/2023/DMD dated 18-6-2023, item 4 – Clearance of Affected Areas പ്രകാരം 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്. ഇവ വിന്യസിക്കുന്നതിനും, മറ്റ് ജില്ലകളിലേക്ക് മാറ്റുന്നതിനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി വാങ്ങണം.

22. തണ്ണീർമുക്കം ബണ്ടിലൂടെയുള്ള ജല ബഹിർഗമനം സുഗമമാണ് എന്ന് ഉറപ്പുവരുത്തുക

23. തദ്ദേശ സ്ഥാപന തലത്തിൽ വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ (Flood Management Plan) തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ

സഹായിക്കുക. വകുപ്പിന്റെ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത ലഘൂകരണ പദ്ധതിയുമായി ചേർന്ന് പോകുന്നതാണ് എന്ന് ഉറപ്പ് വരുത്തുക

24. പൊഴി മുഖങ്ങളിൽ അടിഞ്ഞിട്ടുള്ള മണ്ണ് ജൂൺ 20ന് മുൻപായി മാറ്റുക. ജല ബഹിർഗമനം സുഗമമാക്കുവാനായി നിരന്തരം ആവശ്യമായ നടപടികൾ സ്വീകരിക്കുക.
25. സ്പിൽവേകൾ, അണക്കെട്ടുകൾ, ബരാജ്കൾ എന്നിവയുടെ ഷട്ടറുകൾ പ്രവർത്തനക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് റിപോർട്ട് ജൂൺ 20ന് മുൻപായി നൽകുക
26. Irrigation എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് കീഴിലും Rapid Response Team രൂപീകരികരിക്കണം. അടിയന്തര പ്രവർത്തി നിർവഹണത്തിനായി ആവശ്യമായ ഉപകരണങ്ങൾ (JCB, Hitachi, Geo Bags) ഉറപ്പ് വരുത്തുക.

## 6.9 കെ.എസ്.ഇ.ബി

1. കെ.എസ്.ഇ.ബിയുടെ നിയന്ത്രണത്തിൽ ഉള്ള എല്ലാ പ്രധാന അണക്കെട്ടുകളുടെയും ചുവപ്പ്, ഓറഞ്ച്, നീല എന്നീ അലേർട്ട് ജലനിരപ്പുകളും, റൂൾ കെർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 15ന് മുൻപ് നൽകി മുൻകൂർ അനുമതി വാങ്ങണം.
2. കെ.എസ്.ഇ.ബിയുടെ നിയന്ത്രണത്തിൽ ഉള്ള എല്ലാ അണക്കെട്ടുകൾക്കും ചുവപ്പ്, ഓറഞ്ച്, നീല എന്നീ മൂന്നു തരം മുന്നറിയിപ്പുകൾ ഇല്ല. ഏതെല്ലാം അണക്കെട്ടുകൾക്കാണ് ഇവ ബാധകം എന്നത് പ്രത്യേകമായി ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെ അറിയിക്കണം.
3. വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള എല്ലാ അണക്കെട്ടുകളുടെയും ചുവപ്പ് അലേർട്ട് (തുറന്നു വിടുന്നതിന് മുൻപുള്ള മുന്നറിയിപ്പ്),

ഓറഞ്ച് അലേർട്ട്, നീല അലേർട്ട് എന്നീ ജലനിരപ്പുകളും, റൂൾ കർവ് ബാധകമായ അണക്കെട്ടുകൾക്ക് റൂൾ കർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 15ന് മുൻപ് നൽകി പ്രസ്തുത ജില്ലകളുടെ കൂടി അനുമതി ഒറ്റതവണയായി വാങ്ങണം. ഈ അംഗീകൃത പദ്ധതി അനുസരിച്ച് മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുവാൻ പാടുള്ളൂ.

4. അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടേണ്ടുന്ന സാഹചര്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുകയാണെങ്കിൽ നീല അലേർട്ട് പുറപ്പെടുവിക്കുന്ന അവസരത്തിൽ തുറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ (1077ൽ) നിർബന്ധമായും അറിയിപ്പ് നൽകേണ്ടതാണ്; 36 മണിക്കൂർ മുൻപെങ്കിലും ഇത്തരം ഒരു പ്രാഥമിക അറിയിപ്പ് ജില്ലകൾക്ക് നല്കുവാൻ കെ.എസ്.ഇ.ബി പരിശ്രമിക്കണം. ഡാം ഉള്ള ജില്ലയുടെ ജില്ലാ കളക്ടറുടെ അനുമതിയോടെ മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടാൻ പാടുള്ളൂ.
5. ഒരു കാരണവശാലും വൈകിട്ട് 6 മണിക്ക് ശേഷം, പകൽ 6 മണിവരെ, പകൽ തുറക്കാതെ ഇരുന്ന അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്ന് പുതുതായി ജലം ഒഴുക്കരുത്.
6. ചില ചെറിയ അണക്കെട്ടുകൾക്ക് ഈ നിഷ്കർഷ പാലിക്കുവാൻ സാധിക്കില്ല. ആയതിനാൽ ഇവയുടെ പട്ടിക അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്. ഇവ തുറക്കുന്നതിന് മുൻപ് അണക്കെട്ടിന്റെ നടത്തിപ്പ് ചുമതലയുള്ള വകുപ്പ് അണകെട്ടിന് താഴെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലാ കളക്ടർമാരുടെയും അനുമതി വാങ്ങണം.
7. വേലിയേറ്റ സമയത്തെ സമുദ്ര സ്ഥിതി കൂടി INCOISന്റെ വെബ്സൈറ്റിൽ (https://incois.gov.in/portal/osf/tide.jsp) നിന്നും

പരിശോധിച്ചിട്ട് വേണം അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടുവാൻ.

8. പൊതുജനങ്ങൾക്ക് അണക്കെട്ട് തുറക്കുന്നതിന് മുൻപ് ഇ.എ.പി അനുസരിച്ചുള്ള സൈറൺ മുഴക്കി അറിയിപ്പ് നൽകുക
9. നീല അലേർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലേർട്ട് വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
10. ഓറഞ്ച് ആലേർട്ടും, ചുവപ്പ് ആലേർട്ടും മാത്രമുള്ള അണക്കെട്ടുകളിൽ ഓറഞ്ച് അലേർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലേർട്ട് വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
11. വകുപ്പ് തയ്യാറാക്കിയ അടിയന്തിരഘട്ട പ്രവർത്തന പദ്ധതി (ഇ.എ.പി) പ്രകാരം പൊതുജനങ്ങളും തദ്ദേശ സർക്കാരുകളും അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ ഒരു ലഘുലേഖയിൽ ഓരോ അണകെട്ടും സംബന്ധിച്ച് പ്രസിദ്ധീകരിക്കുക. ഈ ലഘുലേഖയിൽ ജനങ്ങൾക്ക് എങ്ങനെയാണ് മുന്നറിയിപ്പ് നൽകേണ്ടത്, ആരാണ് മുന്നറിയിപ്പ് നൽകേണ്ടത്, എങ്ങനെയാണ് അവരെ അടിയന്തരഘട്ടത്തിൽ മാറ്റേണ്ടത് എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രതിപാദിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ ജീവിക്കുന്ന ആളുകളുടെ വിവരങ്ങൾ, അവർക്കുള്ള സുരക്ഷിത സ്ഥലങ്ങൾ, ഗതാഗതമാർഗങ്ങൾ, ഒഴിപ്പിക്കൽ വഴികൾ തുടങ്ങിയവയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണം.

| Sl. No | അണക്കെട്ട് | ഇ.എ.പി ലിങ്ക് |
|---|---|---|
| 1 | കല്ലാർകുട്ടി | Link |
| 2 | മീനാർ 1 & 2 | |
| 3 | അപ്പർ മൂഴിയാർ | |
| 4 | ഗവി | |
| 5 | കുള്ളാർ | |
| 6 | ഇരട്ടയാർ | |
| 7 | കല്ലാർ | |

| | | |
|---|---|---|
| 8 | കുളമാവ് | |
| 9 | ഇടുക്കി-ചെറുതോണി | |
| 10 | കുറ്റിയാടി, കോട്ടഗിരി, നിയർ കോട്ടഗിരി, കോസാനി | |
| 11 | കക്കയം | |
| 12 | കുറ്റിയാടി ഔഗ്മെന്റേഷൻ - മെയിൻ, സ്പിൽവേ, നായമൂല, മാഞ്ഞൂര | |
| 13 | പമ്പ, ആനത്തോട്, കക്കി | |
| 14 | മൂഴിയാർ | |
| 15 | ലോവർ പെരിയാർ | |
| 16 | വെള്ളുത്തോട് വേയർ | |
| 17 | പൊന്മുടി | |
| 18 | കുണ്ടള, മാട്ടുപ്പെട്ടി, ആർ.എ ഹെഡ് വർക്സ് | |
| 19 | ആനയിറങ്കൽ | |
| 20 | ഇടമലയാർ | |

12. കുടിവെള്ള വിതരണ പദ്ധതിക്കുള്ള വൈദ്യുതി കണക്ഷനുകൾ തടസ്സമില്ലാതെ ലഭ്യമാക്കേണ്ടതാണ്.
13. മരം വീഴ്ചയോ, കാറ്റ് മൂലമോ, ഉരുൾപൊട്ടലിലോ വൈദ്യുതി തടസ്സമുണ്ടാകുന്ന പക്ഷം ഏറ്റവുമടുത്തുള്ള ഫീഡറിൽ നിന്നും അവശ്യ കുടിവെള്ള വിതരണം നടത്തുന്നതിന് തക്കതായ രീതിയിൽ വൈദ്യുതി ലഭ്യമാക്കുക.
14. മരം വീഴ്ചയോ, കാറ്റ് മൂലമോ, ഉരുൾപൊട്ടലിലോ വൈദ്യുതി കമ്പി പൊട്ടിവീണാൽ ഉടൻ തന്നെ ആ ഭാഗത്തേക്കുള്ള വൈദ്യുത ബന്ധം വിച്ഛേദിക്കുക. പൊതുജനങ്ങൾക്ക്, കെ.എസ്.ഇ.ബിയുടെ മൊബൈൽ മെസേജ് സംവിധാനം വഴി വൈദ്യുതി കമ്പി പൊട്ടിവീണ ഭാഗത്തെ പറ്റിയും, പൊതുജനങ്ങൾ സുരക്ഷ നടപടി സ്വീകരിക്കണം എന്നും ഉള്ള അറിയിപ്പ് നൽകുക. ഈ വിവരം തദ്ദേശ സ്ഥാപനത്തെയും, വില്ലേജ് ഓഫീസറെയും, പോലീസ് അധികാരിയെയും അറിയിക്കുക.
15. സ്പിൽവേകൾ, അണക്കെട്ടുകൾ, ബരാജ്കൾ എന്നിവയുടെ ഷട്ടറുകൾ പ്രവർത്തനക്ഷമം ആണ് എന്ന് ഉറപ്പ് വരുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് റിപോർട്ട് മെയ് 30ന് മുൻപായി നൽകുക

16. മൺസൂൺ സമയങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കൂടുതൽ സ്കിൽഡ് ലേബേർസിനെ മുൻകൂട്ടി വിനിയോഗിക്കുന്നതും ആവശ്യ സാധനങ്ങളായ wires, poles etc. തുടങ്ങിയവ മുൻകൂട്ടി ഇത്തരത്തിലുള്ള സ്ഥലങ്ങളുടെ അടുത്ത പ്രദേശത്ത് സ്റ്റോക്ക് ചെയ്യുന്നത് നന്നായിരിക്കും
17. മുൻകാലങ്ങളിലെ flood ലെവൽ അടയാളപ്പെടുത്തിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുമ്പോൾ flood ലെവലിന് മുകളിൽ ആയിരിക്കുവാൻ ശ്രദ്ധിക്കുക. വെള്ളപ്പൊക്ക സാധ്യതയുള്ള സ്ഥലങ്ങളിൽ temporary ലിഫ്റ്റിങ് എന്ന ഓപ്ഷൻ ഉറപ്പാക്കുന്നത് പരിഗണിക്കണം
18. ആശുപത്രികളിൽ വൈദ്യുത സപ്ലൈ തടസ്സമില്ലാതെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
19. വൈദ്യുത ബന്ധത്തിൽ തകരാറുകൾ വരുന്ന മുറക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താനുള്ള തയ്യാറെടുപ്പുകൾ, ആവശ്യമായ ടാസ്ക് ഫോഴ്സുകൾ തുടങ്ങിയവ മുൻകൂട്ടി സജ്ജമാക്കി നിർത്തണം.
20. സംസ്ഥാനത്തെ ആശുപത്രികളിൽ വൈദ്യുതി മുടങ്ങുന്നില്ലെന്ന് ആരോഗ്യ വകുപ്പുമായും ചേർന്ന് ഉറപ്പാക്കണം.
21. ദുരന്ത സാഹചര്യത്തിൽ, ദുരന്ത ബാധിത പ്രദേശത്ത് തകർച്ച നേരിട്ട ഒപ്റ്റിക്കൽ ഫൈബർ ലൈനുകൾ, ടവറുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി പ്രത്യേകം സഹായം Telecommuications Service Providers, Mobile Companies എന്നിവർക്ക് നല്കണം.
22. KSEB എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് കീഴിലും Rapid Response Team രൂപീകരികരിക്കണം. അടിയന്തര പ്രവർത്തി നിർവഹണത്തിനായി ആവശ്യമായ ഉപകരണങ്ങൾ ഉറപ്പ് വരുത്തുക.

## 6.10 കേരള വാട്ടർ അതോറിറ്റി

1. മഴക്കാലത്ത് ജലത്തിൻറെ ഗുണനിലവാരം പരിശോധിച്ച് (ഭൗതിക, രാസ, ജൈവ) വേണ്ട പരിഹാര നടപടികൾ കൈക്കൊണ്ട്

ഗുണനിലവാര സൂചികക്ക് അനുസൃതവും അനുവദനീയമായ പരിധികൾക്കുള്ളിലും ആണ് എന്ന് ഉറപ്പ് വരുത്തേണ്ടുന്ന ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കാണ്.

2. മൺസൂൺ കാലാവസ്ഥായിൽ ഒഴുകിയെത്തുന്ന വെള്ളത്തിൽ പ്രധാനമായും കലക്കൽ, ജൈവ മാലിന്യങ്ങൾ എന്നിവ ഉള്ളതുമൂലം ശുദ്ധീകരണശാലയുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിക്കാൻ സാധ്യതയുണ്ട്. അതിനാൽ സ്രോതസ്സിലെ ഇൻടേക്കിൽ ആവശ്യമായ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണ്. മുൻകരുതൽ നടപടികൾ കൈക്കൊണ്ട ശേഷവും കലക്കലിന്റെ തോത് അനുവദനീയമായ അളവിൽ നിന്നും കൂടുതൽ ആണെങ്കിൽ പ്ലാന്റിൽ ജല ഗുണനിലവാര സൂചികകളുടെ സൂക്ഷ്മമായ അവലോകനം ഉറപ്പാക്കേണ്ടതാണ്.

3. ക്ലോറിനേഷൻ നടത്തി അവക്ഷിപ്ത ക്ലോറിൻറെ (Residual Chlorine) തോത് എല്ലാ ഔട്ട്ലറ്റ് പോയിന്റുകളിലും ആവശ്യമായ അളവിൽ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ജലജന്യ രോഗങ്ങൾ പടരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ അവലംബിക്കേണ്ടതാണ്.

4. ജല വിതരണം നടത്തുന്ന പൈപ്പ് ലൈനുകളിൽ മതിയായ മർദ്ദമില്ലാതെ വരികയോ ജലചോർച്ച കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം പ്രത്യേക മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഓടകൾ, ഓവുകൾ, അഴുക്കുചാലുകൾ തുടങ്ങിയവക്ക് സമീപം കടന്നുപോകുകയോ കുറുകെ കൂടി കടന്നുപോകുകയോ ചെയ്യുന്ന പൈപ്പ്ലൈനുകൾ പ്രത്യേകമായി നിരീക്ഷണത്തിന് വിധേയമാക്കുകയും വിതരണ ശൃംഖലയുടെ അധോമുഖഭാഗത്ത് വെള്ളത്തിൻറെ ഗുണ നിലവാരം ഉറപ്പാക്കുകയും യാതൊരു കാരണവശാലും മാലിന്യങ്ങൾ കലരുന്നില്ല എന്നുറപ്പ് വരുത്തേണ്ടതുമാണ്.

6. ജലസംഭരണികൾ കഴുകി വൃത്തിയാക്കുകയും ജലത്തിൻറെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

7. ജലവിതരണ സംവിധാനങ്ങൾ വെള്ളം കയറി തകരാറിലാകുകയാണെങ്കിൽ അടിയന്തിര സാഹചര്യങ്ങളിൽ കുടിക്കുവാനാവശ്യമായ ജലം വിതരണം ചെയ്യുവാനായി

ഒരുങ്ങിയിരിക്കേണ്ടതും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

8. മഴക്കാലത്ത് ആരോഗ്യം/തദ്ദേശസ്വയംഭരണം/റവന്യൂ എന്നീ വകുപ്പുകളിലെ പ്രതിനിധികൾ നൽകുന്ന ജലത്തിൻറെ ഗുണനിലവാരം സൗജന്യമായോ സർക്കാർ നിർദേശിക്കുന്ന തുകയ്ക്കൊ തിട്ടപ്പെടുത്തി നൽകേണ്ടതാണ്. പ്രളയം, ഉരുൾപൊട്ടൽ എന്നിവ ബാധിക്കുന്ന വില്ലേജുകളിലെ ജല സ്രോതസുകളുടെയോ, ഈ വില്ലേജുകളിൽ വിതരണം ചെയ്യുവാൻ ജലം ശേഖരിക്കുന്ന സ്രോതസുകളുടെയോ ജലം പരിശോധിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ തുക അനുവദിച്ച് നല്കുവാൻ അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

9. വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ ഉള്ള എല്ലാ പ്രധാന അണക്കെട്ടുകളുടെയും ചുവപ്പ്, ഓറഞ്ച്, നീല എന്നീ അലർട്ട് ജലനിരപ്പുകളും, റൂൾ കെർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 1ന് മുൻപ് നൽകി മുൻകൂർ അനുമതി വാങ്ങണം.

10. അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടേണ്ടുന്ന സാഹചര്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുകയാണെങ്കിൽ നീല അലേർട്ട് പുറപ്പെടുവിക്കുന്ന അവസരത്തിൽ തുറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ (BSNL 1077ൽ) നിർബന്ധമായും അറിയിപ്പ് നൽകേണ്ടതാണ്; 36 മണിക്കൂർ മുൻപെങ്കിലും ഇത്തരം ഒരു പ്രാഥമിക അറിയിപ്പ് ജില്ലകൾക്ക് നല്കുവാൻ വകുപ്പ് പരിശ്രമിക്കണം. ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലാ കളക്ടർമാരുടെയും അനുമതിയോടെ മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടാൻ പാടുള്ളൂ.

11. ഒരു കാരണവശാലും വൈകിട്ട് 6 മണിക്ക് ശേഷം, പകൽ 6 മണിവരെ അണക്കെട്ടിൽ നിന്നും പുതുതായി ജലം തുറന്ന് വിടരുത്.
12. വേലിയേറ്റ സമയത്തെ സമുദ്ര സ്ഥിതി കൂടി INCOISന്റെ വെബ്സൈറ്റിൽ (https://incois.gov.in/portal/osf/tide.jsp) നിന്നും പരിശോധിച്ചിട്ട് വേണം അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടുവാൻ.
13. നീല അലേർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലേർട്ട് വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
14. ഓറഞ്ച് ആലേർട്ടും, ചുവപ്പ് ആലേർട്ടും മാത്രമുള്ള അണക്കെട്ടുകളിൽ ഓറഞ്ച് അലേർട്ട് നൽകുന്ന സമയം മുതൽ ചുവപ്പ് അലേർട്ട് വരെ ചുരുങ്ങിയത് 24 മണിക്കൂർ സമയം എങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
15. വകുപ്പ് തയ്യാറാക്കിയ അടിയന്തിരഘട്ട പ്രവർത്തന പദ്ധതി (ഇ.എ.പി) പ്രകാരം പൊതുജനങ്ങളും തദ്ദേശ സർക്കാരുകളും അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ ഒരു ലഘുലേഖയിൽ ഓരോ അണകെട്ടും സംബന്ധിച്ച് പ്രസിദ്ധീകരിക്കുക. ഈ ലഘുലേഖയിൽ ജനങ്ങൾക്ക് എങ്ങനെയാണ് മുന്നറിയിപ്പ് നൽകേണ്ടത്, ആരാണ് മുന്നറിയിപ്പ് നൽകേണ്ടത്, എങ്ങനെയാണ് അവരെ അടിയന്തിരഘട്ടത്തിൽ മാറ്റേണ്ടത് എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രതിപാദിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ ജീവിക്കുന്ന ആളുകളുടെ വിവരങ്ങൾ, അവർക്കുള്ള സുരക്ഷിത സ്ഥലങ്ങൾ, ഗതാഗതമാർഗങ്ങൾ, ഒഴിപ്പിക്കൽ വഴികൾ തുടങ്ങിയവയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണം.
16. ചില ചെറിയ അണക്കെട്ടുകൾക്ക് ഈ നിഷ്കർഷ പാലിക്കുവാൻ സാധിക്കില്ല. ആയതിനാൽ ഇവയുടെ പട്ടിക അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്. ഇവ തുറക്കുന്നതിന് മുൻപ് അണകെട്ടിന്റെ നടത്തിപ്പ് ചുമതലയുള്ള വകുപ്പ് അണകെട്ടിന് താഴെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലാ കളക്ടർമാരുടെയും അനുമതി വാങ്ങണം.

## 6.11 ഫിഷറീസ് വകുപ്പ്

1. കടൽ ക്ഷോഭം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾക്കും, തീരദേശ നിവാസികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സമയ ബന്ധിതമായി നൽകുവാൻ ഫിഷറീസ് വകുപ്പും, തീരദേശ പോലീസും, Marine Enforcementഉം ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക.
2. മത്സ്യ തൊഴിലാളികൾ കടലിൽ അപകടത്തിൽപെടുമ്പോൾ അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കായി തീരദേശ പോലീസും, ഫിഷറീസ് വകുപ്പും fishing harborകൾ കേന്ദ്രീകരിച്ച് ഒരു കടൽയാനം (sea worthy boat) എങ്കിലും വാടകയ്ക്ക് എടുക്കുക. ഇതിനായി റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. തീരശോഷണം, ശക്തമായ കാറ്റ്, സുനാമി, ചുഴലിക്കാറ്റ് എന്നിവയോടനുബന്ധിച്ചുള്ള അടിയന്തിരഘട്ടത്തിൽ ഈ ബോട്ടുകളുടെ ഉപയോഗത്തിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും പണം ചെലവഴികാവുന്നതാണ്. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചെലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവഴിക്കുവാൻ പാടുള്ളതല്ല. റേറ്റ് കോൺട്രാക്റ്റ് അന്തിമമായി ജില്ലാ കളക്ടർ വേണം അംഗീകരിക്കാൻ.
3. മത്സ്യ തൊഴിലാളികൾ കടലിൽ അപകടത്തിൽപെടുമ്പോൾ അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കുന്ന നമ്പറിൽ ഫിഷറീസ് വകുപ്പിന്റെ സംസ്ഥാന/ജില്ല കൺട്രോൾ റൂം നേരിട്ട് വിളിക്കുകയും, അനുബന്ധം 15ആയി നൽകിയിരിക്കുന്ന ഫോർമാറ്റിൽ ഇമെയിൽ മുഖാന്തരം സന്ദേശം നൽകുകയും, രക്ഷാപ്രവർത്തനത്തിനായി

ആവശ്യപ്പെടുകയും ചെയ്യുക. ഇത്തരത്തിൽ നൽകുന്ന സന്ദേശങ്ങളുടെ ഒരു കോപ്പി ജില്ലാ ഇ.ഒ.സിക്ക് ഇമെയിൽ ആയി നൽകുക.

| Sl No | Coastal District | Addressed to | Copy to |
|---|---|---|---|
| 1 | Kasargode | MRSC Kochi, Contact No. 0484-2217889 (Tel), 0484-2218460 (Fax). Email: dhq4@indiancoastguard.nic.in | MRSSC Beypore, Contact No. 0495-2417995 (Tel), 0495-2417994 (Fax). Email: cgs-bpe@indiancoastguard.nic.in |
| 2 | Kannur | | |
| 3 | Kozhikkode | | |
| 4 | Malappuram | | |
| 5 | Thrissur | | |
| 6 | Ernakulam | | |
| 7 | Alappuzha | | |
| 8 | Kollam | | MRRSC Vizhinjam, Contact No. 0471-2481855 (Tel), 0471-2486484 (Fax). Email: cgs-vzm@indiancoastguard.nic.in |
| 9 | Thiruvananthapuram | | |

4. കാലാവസ്ഥാ മുന്നറിയിപ്പുകളും, കടൽ സ്ഥിതി മുന്നറിയിപ്പുകളും, ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും എല്ലാ Fish Landing Centres, Mathsya Bhavan, Fisheries Office എന്നിവയിൽ എത്തുന്നു എന്ന് ഉറപ്പ് വരുത്തുക. സംസ്ഥാന അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അതോറിറ്റിയുടെ EOC ഗ്രൂപ്പിലൂടെ സംസ്ഥാന ഫിഷറീസ് കണ്ട്രോൾ റൂമിന് നൽകുന്നുണ്ട്.
5. തീരശോഷണം മൂലം വീടുകളിൽ നിന്നും മാറി താമസിക്കേണ്ടി വരുന്ന മത്സ്യ തൊഴിലാളികൾക്ക് അനുബന്ധം 3ൽ സൂചിപ്പിക്കുന്ന തരത്തിൽ ഉള്ള ക്യാമ്പുകൾ സജ്ജീകരിച്ച് മാറ്റി താമസിപ്പിക്കേണ്ടതാണ്.
6. തീരശോഷണം മൂലം ഉള്ള വീടുകളുടെ നാശ നഷ്ടം സമയ ബന്ധിതമായി തദ്ദേശ വകുപ്പ്, ലാൻഡ് റവന്യൂ വകുപ്പ് എന്നിവരുടെ സഹായത്തോടെ ലാൻഡ് റവന്യൂ കമ്മീഷണർ തയ്യാറാക്കുന്ന മൊബൈൽ ആപ്പിൽ ശേഖരിച്ചു എന്ന് ഉറപ്പ് വരുത്തുക, ധനസഹായം ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുക.

7. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4-12-2017ലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് "Fishermen advised not to venture" എന്ന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ സംസ്ഥാന അതോറിറ്റി "മത്സ്യതൊഴിലാളികൾ കേന്ദ്ര കാലാവസ്ഥാ വകുപ്പോ, INCOISഓ നിർദ്ദേശിക്കുന്ന സമുദ്ര മേഖലയിൽ, നിർദ്ദേശിക്കുന്ന കാലയളവിൽ "മത്സ്യ ബന്ധനത്തിന് പോകരുത്", എന്ന നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കും.
8. ഇൻഡ്യൻ മഹാസമുദ്രത്തിന്റെയും, അറബിക്കടലിന്റെയും, ബംഗാൾ ഉൾക്കടലിന്റെയും ഏതെങ്കിലും സമുദ്ര പ്രദേശത്ത് "Total suspension of fishing" എന്ന നിർദ്ദേശം ഉണ്ടെങ്കിൽ പ്രസ്തുത മേഖലയിൽ, മുന്നറിയിപ്പിൽ സൂചിപ്പിക്കുന്ന കാലയളവിൽ "മത്സ്യ ബന്ധനത്തിന് പോകുന്നത് തടയണം" എന്ന കർശന നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കും.
9. മത്സ്യ തൊഴിലാളികൾക്കുള്ള മുന്നറിയിപ്പുകൾ ലഭിച്ചാൽ ചുവടെ ചേർക്കുന്ന നടപടികൾ ഫിഷറീസ് വകുപ്പും, തീരദേശ പോലീസും, Marine Enforcementഉം സ്വീകരിക്കുക:
   a. എല്ലാ Fish Landing സെന്ററിലും, മത്സ്യ ഗ്രാമങ്ങളിലും, മൈക്കിലൂടെ വിവരം വിളിച്ചറിയിക്കുക
   b. അമ്പലങ്ങൾ, പള്ളികൾ എന്നിവയിലൂടെയും, മത്സ്യതൊഴിലാളി കൂട്ടായ്മകളിലൂടെയും, സാമൂഹിക സംഘടനകളിലൂടെയും വിവരം പരമാവധി മത്സ്യ തൊഴിലാളികളിൽ എത്തിക്കുക
   c. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യ തൊഴിലാളികൾ അധികമായുള്ള പ്രദേശങ്ങളിൽ തമിഴ്, ഹിന്ദി എന്നീ ഭാഷകളിലും വിവരം മൈക്കിലൂടെ വിളിച്ച് അറിയിക്കുവാൻ നിർദ്ദേശിക്കുക
   d. വള്ളവും വലയും ഏറ്റവും അടുത്തുള്ള fishing harborൽ സൂക്ഷിക്കുന്നതാണ് കടൽ ക്ഷോഭത്തിൽ നിന്നും, കള്ളകടലിൽ നിന്നും ഇവ സംരക്ഷിക്കുവാൻ ഏറ്റവും ഉചിതം. ഈ വിവരവും,

വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ കയ്യിൽ കരുതേണ്ട ആവശ്യകതയും മത്സ്യതൊഴിലാളികളെ നിരന്തരം ഓർമ്മപ്പെടുത്തുക.

e. മത്സ്യ തൊഴിലാളി സുരക്ഷാ സന്ദേശങ്ങൾ ഉൾപ്പെടുത്തി പത്ര പരസ്യം നൽകുക.

10. തീരദേശ ജില്ലകളിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനോട് ചേർന്ന് കടലോര ജാഗ്രതാസമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ചുഴലിക്കാറ്റ്/ശക്തമായ മഴ/സുനാമി തുടങ്ങിയ മുന്നറിയിപ്പുകൾ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിന്ന് വാട്ട്സപ് മുഖേനയും ഫോണിലൂടെയും കടലോര ജാഗ്രത സമിതികളെ അറിയിക്കേണ്ടതാണ്. അവർ തത്സമയം ഈ അറിയിപ്പുകൾ കരയിലുള്ള മത്സ്യതൊഴിലാളികളെ ഫോണിലൂടെയും കടലിലുള്ള മത്സ്യത്തൊഴിലാളികളെ വയർലസ്സിലൂടെയും അറിയിക്കേണ്ടതാണ്.

11. മത്സ്യ തൊഴിലാളികൾക്ക് അവരുടെ മൊബൈൽ ഫോണിൽ ഐ.എൻ.സി.ഓ.ഐ.എസ് (INCOIS)ൽ നിന്നും നേരിട്ട് കാലാവസ്ഥാ, കടൽ സ്ഥിതി വിവരം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഇതിനായി, 2018ൽ ശേഖരിച്ച് നമ്പറുകളും, ഇവയിൽ മാറ്റം ഉണ്ടെങ്കിൽ പുതുക്കിയ നമ്പറുകളും, പുതുതായി മത്സ്യ തൊഴിലാളികളായി രജിസ്റ്റർ ചെയ്തവരുടെ നമ്പറുകളും INCOISന് നൽകി എന്നും INCOIS ഈ വിവരം നൽകുന്നുണ്ട് എന്നും ഉറപ്പ് വരുത്തുക. എല്ലാ മത്സ്യ ഗ്രാമങ്ങളിലും മത്സ്യ തൊഴിലാളികളുടെ മൊബൈൽ നമ്പർ ശേഖരിച്ച് INCOISന് നൽകുവാൻ കാംപേയ്ൻ സംഘടിപ്പിക്കുക.

12. ജില്ലയിൽ അടിയന്തരഘട്ടത്തിൽ ആരംഭിക്കുന്ന ക്യാമ്പ്കളിൽ ആവശ്യമായി വരുന്ന മത്സ്യം ലഭ്യമാക്കുവാൻ മത്സ്യഫെഡ് തയ്യാറെടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

## 6.12 മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്

1. രണ്ട് ദിവസം അടുപ്പിച്ചു മഴ പെയ്താൽ, ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലജുകളിൽ ഉള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തിവെക്കുവാൻ ഉത്തരവ് നൽകുക. ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, വില്ലേജ് ഓഫീസർ, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും വരുത്തുന്നതിനായി നൽകുക.
2. മഴക്കാലത്ത് എല്ലാ ക്വാറികളും നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കണം. മണ്ണിടിച്ചിൽ/പാറ നിരങ്ങൽ സാധ്യത കണ്ടാൽ ഉടൻതന്നെ അത്തരം ക്വാറികൾ അടച്ചിടുവാൻ നിർദ്ദേശിക്കുക.
3. മലയോരത്ത് നിന്നും മണ്ണ് വെട്ടിമാറ്റുക, ആഴത്തിലുള്ള കുഴികൾ നിർമ്മിക്കുക, നിർമാണത്തിനായി ആഴത്തിൽ മണ്ണ് മാറ്റുക എന്നിവ 2 ദിവസം തുടർച്ചയായി മഴ പെയ്ത പ്രദേശങ്ങളിൽ അനുവദിക്കരുത്. ഇത്തരം സാഹചര്യം ഉണ്ടായാൽ പ്രവർത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകുക. ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, വില്ലേജ് ഓഫീസർ, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും നടപ്പിൽ വരുത്തുന്നതിനായി നൽകുക.
4. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/Soil Piping എന്നിവ ഉണ്ടാകുവാൻ ഏറ്റവും സാദ്ധ്യതയുള്ള വില്ലേജുകൾ മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥനുമായി ചേർന്ന് മാസത്തിൽ ഒരിക്കൽ സന്ദർശിച്ച് ഒരു പൊതു അവലോകനം നടത്തി ജില്ലാ കളക്ടർക്ക് നൽകുക. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/Soil Piping എന്നിവ ഉണ്ടാകുവാൻ ഏറ്റവും സാദ്ധ്യതയുള്ള വില്ലേജുകളുടെ പട്ടിക അതാത് ജില്ലാ കളക്ടർമാരിൽ നിന്നോ ഈ കൈപ്പുസ്തകത്തിൽ നിന്നോ https://sdma.kerala.gov.in/wp-content/uploads/2018/11/ILDM_2014.pdf ലഭിക്കുന്നതാണ്. 2018, 2019 വർഷങ്ങളിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ബാധിച്ച സ്ഥലങ്ങൾ പ്രത്യേകം സന്ദർശിച്ച് ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിൽ വസിക്കുന്നവരെ മാറ്റി പാർപ്പിക്കണമോ എന്ന് ജില്ലാ

കളക്ടർക്ക് ഉപദേശം നൽകുക. ഈ പ്രവർത്തനം കാലവർഷ-തുലാവർഷ മാസങ്ങളിൽ മുഴുവനും തുടരുക.

5. പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവും ഉള്ള മുള്ള് വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷികേണ്ടതാണ്. ഈ നിർദ്ദേശം എല്ലാ പാറമട ഉടമസ്ഥരും 45 ദിവസത്തിനുള്ളിൽ പാലിച്ചു എന്ന് ഉറപ്പ് വരുത്തണം. പ്രവർത്തനം നിലച്ച പാറമടകുളങ്ങൾ ഉള്ള പാറമട ഉടമസ്ഥർക്കും ഈ തീരുമാനം ബാധകമാണ്.
6. പുറമ്പോക്കിൽ ഉള്ള, നിലവിൽ പ്രവർത്തനം നിലച്ച പാറമടകളിൽ ഉള്ള ഇത്തരം കുളങ്ങൾക്ക് ചുറ്റും വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടത്തിന്റെ ചുമതല മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനാണ്. ഇതിനാവശ്യമായ തുക പ്രസ്തുത വകുപ്പ് Quarry Safety Fund/District Mineral Foundation Fundൽ നിന്നും കണ്ടെത്തേണ്ടതാണ്.
7. ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ, പാറമടകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ എന്നിവയിൽ അന്വേഷണം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ അനുബന്ധം 14 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയോട് സ്ഥല പരിശോധന അവശ്യപ്പെടുന്നതിന് മുൻപ് തന്നെ ജില്ലാ തലത്തിൽ ജില്ലാ ഹസാർഡ് അനലിസ്റ്റ്, ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എന്നിവർ സ്ഥല പരിശോധന നടത്തുകയും അനുബന്ധം 14ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് ലിസ്റ്റ് സംയുക്തമായി പൂരിപ്പിച്ച് തീരുമാനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.
8. ചെക്ക് ലിസ്റ്റിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉത്തരത്തിനും ബ്രാക്കറ്റിൽ ഉള്ള നമ്പർ കൂട്ടിയാൽ കിട്ടുന്ന ഏറ്റവും ചുരുങ്ങിയ സ്കോർ 20 ആണ്. ഏറ്റവും കൂടുതൽ സ്കോർ 100 ആണ്. പരിശോധനയ്ക്ക് ശേഷം പ്രസ്തുത സ്ഥലത്തിന് മൊത്തം ലഭിക്കുന്ന സ്കോർ 35ൽ താഴെ ആണെങ്കിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിക്ക് വിഷയം ശുപാർശ ചെയ്യുക.

9. മണ്ണെടുക്കൽ, റോഡ് നിർമ്മാണം, ക്വാറികളുടെ അനുമതി, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയോ, ജില്ലാ ഹസാർഡ് അനലിസ്റ്റ്കളുടെയോ റിപ്പോർട്ട്, അനുമതി എന്നിവ ദുരന്ത നിവാരണ നിയമം അനുസരിച്ച് ആവശ്യമില്ല, ഇവ നല്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ മാത്രം ചുമതലയുള്ള ജില്ലാ ഹസാർഡ് അനലിസ്റ്റ്കൾക്കും നിയമപരമായ ബാധ്യതയില്ല. ദുരന്ത ശേഷം ഉള്ള ഡെബറിസ് മാറ്റുന്നതിനാണ് ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 24 (സി) പ്രകാരം സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെയും, സെക്ഷൻ 34 (d) പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര നിയമത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഈ അതോറിറ്റികൾക്ക്, പ്രസ്തുത നിയമം അനുശാസിക്കുന്ന ചുമതലകൾ നിർവഹിക്കുവാനുള്ള അധികാരം മാത്രമാണ് ലഭ്യമായിട്ടുള്ളത്; മറ്റ് നിയമങ്ങൾക്ക് മുകളിൽ ഈ നിയമത്തിന് പ്രാബല്യം ഉണ്ട്.
10. GO (Rt) No. 542/14/ID dated 26-5-2014 പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സമിതി അല്ല. ജില്ലാ ജിയോളൊജിസ്റ്റ് ആണ് ഈ സമിതിയുടെ കൺവീനർ. ജില്ലാ ജിയോളൊജിസ്റ്റ്ന് പരിശോധന നടത്തുവാൻ സാങ്കേതിക പരിമിതി ഉണ്ടെങ്കിൽ IITകൾ, NITകൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഉള്ള ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി പരിശോധന നടത്തി പ്രസ്തുത പരിശോധനയുടെ വെളിച്ചത്തിൽ തീരുമാനം വകുപ്പിനുള്ളിൽ സ്വീകരിക്കുകയും, GO (Rt) No. 542/14/ID dated 26-5-2014 പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതിയുടെ മുന്നിൽ അജണ്ട ആയി കൊണ്ട് വന്ന് ആവശ്യമായ തീരുമാനം കൈകൊള്ളുകയും ചെയ്യുക. ആയതിനായി വേണ്ടിവരുന്ന ചെലവ് മൈനിങ് & ജിയോളൊജി വകുപ്പ്, ദുരന്ത നിവാരണ നിയമം 2005, Section 32 അനുസരിച്ച് സ്വയം കണ്ടെത്തുക.

## 6.13 മണ്ണ് സംരക്ഷണ വകുപ്പ്

1. എല്ലാ ബ്ലോക്കിലേയും പ്രധാന നീർചാലുകൾ പരിശോധിച്ച്, അവയിൽ തടസങ്ങൾ ഇല്ല എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ്, ജലസേചന വകുപ്പ് എന്നിവരുമായി ചേർന്ന് ഉറപ്പ് വരുത്തുക
2. മലയോര മേഖലയിൽ കർഷകർക്കിടയിൽ ഉരുൾപൊട്ടൽ സാധ്യത ലഘൂകരിക്കുവാൻ ആവശ്യമായ പ്രചാരണം നടത്തുക. ഇതിന് ആവശ്യമായ ലഘുലേഖയിൽ ഉൾപ്പെടുത്തേണ്ട Content സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കും.
3. നീർചാലുകളിൽ ഉള്ള തടസങ്ങൾ കണ്ടെത്തി അവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുക
4. അടിയന്തിര ഘട്ടങ്ങളിൽ, ജില്ലയിലെ മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
5. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/Soil Piping എന്നിവ ഉണ്ടാകുവാൻ ഏറ്റവും സാദ്ധ്യതയുള്ള വില്ലേജുകൾ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥനുമായി ചേർന്ന് മാസത്തിൽ ഒരിക്കൽ സന്ദർശിച്ച് ഒരു പൊതു അവലോകനം നടത്തി ജില്ലാ കളക്ടർക്ക് നൽകുക. പട്ടിക അതാത് ജില്ലാ കളക്ടർമാരിൽ നിന്നോ ഈ കൈപ്പുസ്തകത്തിൽ നിന്നോ https://sdma.kerala.gov.in/wp-content/uploads/2018/11/ILDM_2014.pdf ലഭിക്കുന്നതാണ്. 2018, 2019, 2021 വർഷങ്ങളിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ബാധിച്ച സ്ഥലങ്ങൾ പ്രത്യേകം സന്ദർശിച്ച് ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിൽ വസിക്കുന്നവരെ മാറ്റി പാർപ്പിക്കണമോ എന്ന് ജില്ലാ കളക്ടർക്ക് ഉപദേശം നൽകുക. ഈ പ്രവർത്തനം കാലവർഷ-തുലാവർഷ മാസങ്ങളിൽ മുഴുവനും തുടരുക.
6. ദുരന്ത സാഹചര്യത്തിൽ മണ്ണിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നിരന്തരം നിരീക്ഷിക്കുകയും, കൃഷി വകുപ്പിന് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുക.

7. ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ, പാറമടകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ എന്നിവയിൽ അന്വേഷണം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ അനുബന്ധം 14 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയോട് സ്ഥല പരിശോധന അവശ്യപ്പെടുന്നതിന് മുൻപ് തന്നെ ജില്ലാ തലത്തിൽ ജില്ലാ ഹസാർഡ് അനലിസ്റ്റ്, ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ എന്നിവർ സ്ഥല പരിശോധന നടത്തുകയും അനുബന്ധം 14ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്ക് ലിസ്റ്റ് സംയുക്തമായി പൂരിപ്പിച്ച് തീരുമാനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.
8. ചെക്ക് ലിസ്റ്റിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉത്തരത്തിനും ബ്രാക്കറ്റിൽ ഉള്ള നമ്പർ കൂട്ടിയാൽ കിട്ടുന്ന ഏറ്റവും ചുരുങ്ങിയ സ്കോർ 20 ആണ്. ഏറ്റവും കൂടുതൽ സ്കോർ 100 ആണ്. പരിശോധനയ്ക്ക് ശേഷം പ്രസ്തുത സ്ഥലത്തിന് മൊത്തം ലഭിക്കുന്ന സ്കോർ 35ൽ താഴെ ആണെങ്കിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിക്ക് വിഷയം ശുപാർശ ചെയ്യുക.

### 6.14 ദേവസ്വം

1. കാലാവസ്ഥാ മുന്നറിയിപ്പ് അടിസ്ഥാനമാക്കി ഉത്സവ/തീർഥാടന പരിപാടികൾക്കുള്ള തീർത്ഥാടകരെ നിയന്ത്രിക്കണം
2. എല്ലാ തീർഥാടന കേന്ദ്രങ്ങളിലും അപകടമുണ്ടായാൽ പ്രതികരിക്കുവാനും, അപകട സാധ്യതാ ലഘൂകരണത്തിനും പദ്ധതി തയ്യാറാക്കണം. ഇതിൽ ഒഴിപ്പിക്കൽ പദ്ധതികൾ (Evacuation Plan), ബദൽ മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തണം. ഈ പദ്ധതികൾ തയ്യാറാക്കുവാനുള്ള മാർഗരേഖ ഇവിടെ ലഭ്യമാണ് http://sdma.kerala.gov.in/wp-content/uploads/2018/11/ILDM_2015.pdf
3. ബലി തർപ്പണത്തിന് സുരക്ഷിത സ്ഥലം ഒരുക്കണം

## 6.15 മൃഗസംരക്ഷണ വകുപ്പ്

1. പക്ഷികൾക്കും, മൃഗങ്ങൾക്കും മഴക്കാലത്ത് ഉണ്ടാകാവുന്ന പകർച്ച വ്യാധികൾ പരിഗണിച്ച് ഇവയെ പ്രതിരോധിക്കുന്നതിന് ജില്ലാ തല പദ്ധതി തയാറാക്കി നടപ്പാക്കുക.
2. എല്ലാ മൃഗ സംരക്ഷണ കേന്ദ്രങ്ങളിലും ജില്ലാ മൃഗ സംരക്ഷണ ആശുപത്രികളിലും പകർച്ചവ്യാധികൾ തടയുന്നതിനായുള്ള മരുന്നുകൾ ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തുക.
3. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളായ കുട്ടനാട്ടിലും, കോൾ നിലങ്ങളിലും, പൊക്കാളി മേഖലയിലും, അടിയന്തിരഘട്ടങ്ങളിൽ മൃഗ സംരക്ഷണ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുവാൻ ആവശ്യമായ സ്ഥലങ്ങൾ നിർണയിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് മുൻകൂട്ടി സൗകര്യം ഒരുക്കുക.
4. ഇത്തരം ക്യാമ്പുകളിൽ ലഭ്യമാക്കുവാൻ ആവശ്യമായ വൈക്കോൽ, തീറ്റ, പുല്ല്, മരുന്ന് എന്നിവയ്ക്ക് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.
5. പൊതു ഇടങ്ങളിലെ നായ്ക്കൾ, പശുക്കൾ, കാളകൾ, കുരങ്ങുകൾ എന്നിവയ്ക്ക് ഭക്ഷണവും, ആരോഗ്യ പരിപാലനവും ലഭ്യമാക്കുവാൻ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരെയും സംഘടനകളെയും ജില്ലാ തലത്തിൽ വിളിച്ച് ചേർത്ത് ഏകോപിത രീതിയിൽ പ്രവർത്തനം സാധ്യമാക്കുക.
6. പൊതു ഇടങ്ങളിലെ മൃഗ പരിപാലനത്തിനായി മുന്നിട്ടിറങ്ങുന്ന സന്നദ്ധ പ്രവർത്തകരെയും സംഘടനകളെയും ആക്രമിക്കുന്ന രീതി കാണാറുണ്ട്. ഇവ ഉണ്ടാകാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുക.

7. കേരളത്തിൽ ശേഖരിച്ചിട്ടുള്ള അപകടകരമായ രാസപദാർത്ഥങ്ങൾ ഏതെല്ലാം, എത്ര വീതം, എവിടെല്ലാം (തദ്ദേശ സ്ഥാപനത്തിന്റെ പേര് സഹിതം) എന്നത് വ്യവസായ വകുപ്പിനോട് പട്ടികപ്പെടുത്തി നല്കുവാൻ ആവശ്യപ്പെടുക. ഈ രാസപദാർത്ഥങ്ങൾ ജലത്തിലോ, മണ്ണിലോ, വായുവിലോ കലർന്ന് മൃഗങ്ങൾക്ക് ജീവന് അപകടകരം ആയാൽ അവ പ്രതിരോധിക്കുന്ന രീതികൾ, മരുന്നുകൾ എന്നിവ ഏതെല്ലാം എന്ന് പ്രസിദ്ധീകരിക്കുക. ഇവയ്ക്കായി, ഇത്തരം ശേഖരം ഉള്ള പ്രദേശങ്ങളിലെ മൃഗാശുപത്രികൾ പ്രതിരോധ മരുന്നുകൾ സഹിതം സജ്ജമാക്കുക.

## 6.16 സിവിൽ സപ്ലൈസ് വകുപ്പ്

1. എല്ലാ താലൂക്കിലും ഉള്ള സപ്ലൈ ഓഫീസർമാർ മുഖാന്തിരം 100 കിലോ അരി, 50 കിലോ പയർ, 10 കിലോ എണ്ണ, 75 കിലോ മണ്ണെണ്ണ എന്നിവ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി സംഭരിച്ച് സൂക്ഷിക്കുക. അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ ക്യാമ്പുകളിൽ ഇത്തരത്തിൽ സംഭരിച്ചിട്ടുള്ള ഭക്ഷ്യ-ധാന്യങ്ങളും, എണ്ണയും, മണ്ണെണ്ണയും സപ്ലൈ ഓഫീസർമാർ തഹസിൽദാർ ആവശ്യപെടുമ്പോൾ നേരിട്ട് എത്തിക്കേണ്ടതാണ്.
2. ക്യാമ്പുകളിൽ ആവശ്യമായ എല്ലാ ഭക്ഷ്യ-ധാന്യങ്ങളും, എണ്ണയും, മണ്ണെണ്ണയും, പാചക വാതകവും സപ്ലൈ കോ, കൺസ്യൂമർ ഫെഡ് എന്നിവയിൽ നിന്നുമാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയുടെ ലഭ്യത ക്യാമ്പുകൾക്ക് ഉറപ്പുവരുത്തുവാൻ ഈ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർക്ക് മുൻകൂട്ടി നിർദ്ദേശം നൽകുക.
3. ഏതെങ്കിലും സാഹചര്യത്തിൽ ഈ വസ്തുക്കൾ പുറത്തുനിന്നും വാങ്ങേണ്ടി വരികയാണെങ്കിൽ ആ വസ്തു ലഭ്യമല്ല എന്നുള്ള കത്ത് അതാതു സ്ഥലത്തെ സപ്ല്യ ഓഫീസർ (Supply officer)/സ്ഥാപന മേധാവി ദുരിതാശ്വാസത്തിന്റെ ചുമതലയുള്ള പ്രദേശത്തെ റവന്യു ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

4. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ 2018ൽ വെള്ളപ്പൊക്കത്തിൽ ബാധിക്കപ്പെട്ട എല്ലാ Consumer Fed, SupplyCo, Civil Supplies PDS Shopsഇലും വെള്ളം കയറി വസ്തുവകകൾ നഷ്ട്ടപ്പെടതിരിക്കുവാനും, പൊതു വിതരണം തടസ്സപ്പെടാതിരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുക. പലവ്യഞ്ജനങ്ങൾ തറ നിരപ്പിൽ നിന്നും ചുരുങ്ങിയത് 2 മീറ്റർ ഉയരത്തിൽ സൂക്ഷിക്കുക.
5. നെല്ല് സംഭരണ കേന്ദ്രങ്ങളിൽ 2018ൽ സംഭവിച്ചത് പോലെ ജലം കയറി സംഭരിച്ച വസ്തുക്കൾ നഷ്ട്ടപ്പെടാതിരിക്കുവാൻ നെല്ല് സംഭരണ കേന്ദ്രങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുക. സംഭരിച്ച നെല്ല് തറ നിരപ്പിൽ നിന്നും ചുരുങ്ങിയത് 2 മീറ്റർ ഉയരത്തിൽ സൂക്ഷിക്കുക.

## 6.17 കൃഷി വകുപ്പ്

1. ബണ്ട് തകർച്ച നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രദേശങ്ങളും കണ്ടെത്തി 15-6-2022ന് മുൻപ് പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക.
2. അടിയന്തിരഘട്ടങ്ങളിൽ തീരത്തെയും, വയൽ ബണ്ടുകളിലെയും, പുഴയോരത്തെയും വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ്, തദ്ദേശ സർക്കാർ എന്നിവരുമായി ചേർന്ന് നടത്തണം
3. വെള്ളപൊക്ക സമയത്ത് ഉണ്ടാകുന്ന മടവീഴ്ചയിൽ കൃഷി നാശം പരമാവധി കുറയ്ക്കുവാൻ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ, പമ്പ്കളോ തയ്യാറാക്കി സൂക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan

(ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

4. മടവീഴ്ചയിൽ വെള്ളം കയറിയത് പൂർണ്ണമായും വറ്റിക്കുവാൻ മടവീണ സ്ഥലങ്ങൾ അടയ്ക്കണം എന്നതിനാൽ, കയർ ചാക്കുകളും, ജിയോ ട്യൂബുകളും, പമ്പ് സെറ്റുകളും ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ ഇവയ്ക്ക് ചെലവാകുന്ന തുക GO (Ms) No. 6/2023/DMD dated 18-6-2023, item 4 – Clearance of Affected Areas പ്രകാരം 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്.
5. കൃഷി നഷ്ടം AIMS (https://www.aims.kerala.gov.in/) ആപ്ലിക്കേഷൻ മുഖാന്തരം ശേഖരിക്കുകയും, അതാത് മാസം വകുപ്പ് സെക്രട്ടറി മുഖാന്തരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ആവശ്യമായ തുകയുടെ ശുപാർശ സഹിതം ദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിക്കുക. തുക അനുവദിക്കുന്ന മുറയ്ക്ക് വിതരണം DBT ആയി ചെയ്യുക.
6. AIMS ആപ്ലിക്കേഷന്റെ വിവരങ്ങൾ സംസ്ഥാന/ജില്ലാ ഇ.ഒ.സിയ്ക്ക് പരിശോധിക്കുവാനും, ഏറ്റവും താഴെ തട്ടിൽ വരെയുള്ള വിവരം ഡൌൺലോഡ് ചെയ്യുവാനും അനുവാദം നൽകുക.
7. രാസവളവും, കീട നാശിനികളും സൂക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും പ്രളയത്തിലോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവയിലോ ജലത്തിലും, മണ്ണിലും വന്നെത്തുവാനുള്ള സാഹചര്യം ഉണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ അവ ഉയർന്ന പ്രദേശങ്ങളിലേക്ക് മഴക്കാലത്ത് മാറ്റുവാൻ ഇവ ശേഖരിച്ചിട്ടുള്ള കടകൾക്കും, സ്റ്റോക്ക് യാർഡുകൾക്കും നിർദ്ദേശം നൽകുക.

## 6.18 കെ.എസ്.ആർ.റ്റി.സി

1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടാൽ പൊതുജനങ്ങളെ ഒഴിപ്പിക്കുവാൻ ആവശ്യമായ വാഹനങ്ങൾ വിട്ടുനൽകുക.
2. ദുരന്ത സമയത്തെ വാഹന വിനിയോഗത്തിനായി പ്രത്യേക റേറ്റ് ഓരോ ജില്ലയിലേക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുക

3. ബസ്സുകൾ ദുരിതാശ്വാസത്തിനായി ഉപയോഗിക്കുകയാണെങ്കിൽ ചുവടെ ചേർക്കുന്ന രീതിയിൽ പട്ടികപ്പെടുത്തി കെ.എസ്.ആർ.റ്റി.സി എം.ഡി മുഖാന്തരം സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന തുക കേന്ദ്രീകൃതമായി കെ.എസ്.ആർ.റ്റി.സിയ്ക്കു ലഭ്യമാക്കും.


| Sl. No | ബസ് നംബർ | ബസ് വിനിയോഗിച്ച തീയതി | ഉപയോഗിച്ച കിലോമീറ്റർ | വാടക തുക |
|---|---|---|---|---|
| | | | | |
| | | | | |
| ബസ്സ് മേൽ സൂചിപ്പിച്ചത് പോലെ ദുരിതാശ്വാസ പ്രവർത്തനത്തിനായി ഉപയോഗിച്ചു | | | കെ.എസ്.ആർ.ടി.സി ഡിപ്പോ മാനേജർ | ഒപ്പ് |
| ബസ്സ് മേൽ സൂചിപ്പിച്ചത് പോലെ ദുരിതാശ്വാസ പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തി | | | തഹസിൽദാർ | ഒപ്പ് |

## 6.19 ജലഗതാഗത വകുപ്പ്

1. അടിയന്തിരഘട്ടത്തിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോട്ടുകൾ ദുരിതാശ്വാസ സാമഗ്രികൾ വിതരണം ചെയ്യുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് വിട്ടുനൽകുക.
2. വിവിധ ജില്ലകളിൽ റജിസ്റ്റർ ചെയ്ത ബോട്ടുകളുടെ വിവരങ്ങൾ, ഉടമകളുടെ പേരും, ബോട്ട് ലഭ്യമായ സ്ഥലവും, മൊബൈൽ നമ്പറും സഹിതം പട്ടികപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജൂൺ 15ന് മുൻപ് ലഭ്യമാക്കുക
3. കുട്ടനാടൻ മേഖലയിൽ പ്രളയ സാഹചര്യത്തിൽ ഒറ്റപ്പെട്ട് പോകുന്ന പ്രദേശത്തെ ജനങ്ങൾക്ക് ദൈനംദിന കൃത്യങ്ങൾ നിർവഹിക്കുവാൻ സ്വന്തം ശുചിമുറികൾ ഉപയോഗിക്കുവാൻ സാധിക്കില്ല. ഇത്തരം സാഹചര്യത്തിൽ ശുചിമുറികൾ ഉള്ള ബോട്ടുകൾ ഓരോ കരകളിലും എത്തിച്ച് ജനങ്ങൾക്ക് സൗകര്യം ചെയ്ത് നൽകേണ്ടതുണ്ട്. ഇതിനായി ബോട്ട് ഉടമകളുമായി ചർച്ച നടത്തുകയും കേന്ദ്ര സർക്കാർ Ltr. No. 33-

2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുകയും ചെയ്യുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

## 6.20 വിദ്യാഭ്യാസ വകുപ്പ്




1. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ 6ആം യോഗം കൈക്കൊണ്ട തീരുമാനം അനുസരിച്ച് Ltr. No. DM/372/2019/SDMA dated 22-02-2019 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള സ്കൂൾ സുരക്ഷാ നിർദ്ദേശങ്ങൾ എല്ലാ സ്കൂളിലും നടപ്പാക്കി എന്ന് ഉറപ്പ് വരുത്തുക. എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷ പദ്ധതി തയാറാക്കി എന്ന് ഉറപ്പു വരുത്തുക.
2. ജില്ലയിലെ എല്ലാ സ്കൂളുടെയും fitness, Circular No. GEDN-M1/188/2025-G.EDN dated 13-5-2026 പ്രകാരം ഉറപ്പ് വരുത്തുക. Fitness ഇല്ലാത്ത കെട്ടിടങ്ങൾ സ്കൂൾ നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. ആയതിനായി ദുരന്ത നിവാരണ നിയമം, Section 30 (2) (xxiii) പ്രകാരം ഇതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുക. പ്രസ്തുത നിർദ്ദേശം അനുസരിക്കാത്തവർ ദുരന്ത നിവാരണ നിയമം, Section 51 (b) പ്രകാരം ശിക്ഷയ്ക്ക് വിധേയരാകും എന്നത് വ്യക്തമാക്കുക.
3. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടക കെട്ടിടത്തിലോ മറ്റ് സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ

പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് Circular No. GEDN-M1/188/2025-G.EDN dated 13-5-2026 അനുസരിച്ച് ലഭ്യമാക്കണം.

4. **ഉസ്കൂൾ ആപ്പ് ഉപയോഗിച്ച് എല്ലാ സ്കൂളുകളും July 30ന് മുൻപായി DM Plan പൂർത്തിയാക്കേണ്ടതാണ് (https://uschool.sdma.kerala.gov.in/).**
5. പൊതു/എയ്ഡഡ് സ്ക്കൂളുകളിൽ ഉള്ള അപകടകരമായ മരങ്ങൾ സെക്ഷൻ 5, പാര 44ലെ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈകൊള്ളാവുന്നതാണ്. ഇത്തരത്തിൽ സമതി ശുപാർശ ചെയ്ത് ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ അംഗീകരിച്ച മരങ്ങൾ മുറിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മഴക്കാല ദുരന്ത പ്രതികരണ തയ്യാറെടുപ്പിനായി അനുവദിച്ച തുകയിൽ നിന്നും പണം ചെലവഴിക്കാവുന്നതാണ്.
6. സ്കൂളിനടുത്തുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയ്ക്ക് സുരക്ഷാഭിത്തികൾ നിർമ്മിക്കണം, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക.
7. റെയിൽ ക്രോസ്സിന് സമീപമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ച് കടക്കുന്നതിനുള്ള സംവിധാനം ഒരുക്കണം എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുക. ഇതിനായി സ്റ്റുഡൻറ് പൊലീസിനെ വിനിയോഗിക്കുക.
8. സ്കൂളും പരിസരവും വൃത്തിയാക്കണം. പി.ടി.എയുടെ നേതൃത്വത്തിൽ ജനകീയ സന്നദ്ധ പ്രവർത്തനം നടത്തി സ്കൂൾ ശുചീകരിക്കണം. സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡണ്ട്സ് അസോസിയേഷനുകൾ, അദ്ധ്യപക-വിദ്യാർത്ഥി-ബഹുജന സംഘടനകൾ മുതലായവയെ സഹകരിപ്പിക്കണം
9. ഇഴജന്തുക്കളുടെ സാന്നിധ്യം ക്ളാസ് മുറികളിലും പരിസരങ്ങളിലും ഇല്ല എന്ന് SAPRA volunteersനെ ഉപയോഗപ്പെടുത്തി ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകേണ്ടതാണ്.

10. സ്കൂൾ പരിസരത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ, ബോർഡുകൾ, ഹോർഡിംഗ്സ് എന്നിവ നീക്കം ചെയ്യണം.
11. കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി ക്ലോറിനേഷൻ അടക്കമുള്ള ജല ശുചീകരണ നടപടികൾപൂർത്തിയാക്കണം. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം.
12. സ്കൂളിലേയ്ക്കുള്ള വഴി, പരിസരം എന്നിവിടങ്ങളിലെ അപകടാവസ്ഥയിൽ നിൽക്കുന്ന വൈദ്യുത പോസ്റ്റുകൾ, വൈദ്യുത കമ്പികൾ എന്നിവ ഒഴിവാക്കണം എന്ന് കെ.എസ്.ഇ.ബിയോട് നിർദേശിക്കുക
13. സ്കൂൾ ബസ്സുകൾ, സ്കൂളിൽ കുട്ടികളെ എത്തിക്കുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്ന് ഗതാഗത വകുപ്പിനോട് നിർദേശിക്കുക.
14. സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകണം എന്ന് പോലീസിനോട് നിർദേശിക്കുക.
15. ദുരന്ത പ്രതികരണത്തിന് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മതിയായ പരിശീലനം ലഭ്യമാക്കണം. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി മോക്ക് ഡ്രിൽ സംഘടിപ്പിക്കണം എന്ന് സ്കൂൾ, അഗ്നി-രക്ഷാ സേന എന്നിവരോട് നിർദേശിക്കുക. അഗ്നി-രക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രം മോക്ക് ഡ്രിൽ നടത്തുക.
16. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ നടത്തണം എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് നിർദേശിക്കുക.
17. താത്കാലിക ദുരിതാശ്വാസ ക്യാമ്പുകൾ ആയി ഉപയോഗിക്കുന്ന എല്ലാ സ്കൂളുകളിലേയും ശുചിമുറികൾ പ്രത്യേകപരിഗണന നൽകി കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക. ഇതിനായി തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുന്ന തുക വിനിയോഗിക്കുക.
18. സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമമായി താഴെപ്പറയുന്നവ നടപ്പിലാക്കേണ്ടതാണ്

a. സ്കൂൾ സുരക്ഷാ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് സ്കൂൾ സുരക്ഷാ സമിതി രൂപീകരിക്കുക, യോഗം കൂടുക.
b. കുട്ടികളുടെയും അധ്യാപക-അനധ്യാപക-സുരക്ഷാ സമിതി പങ്കാളിത്തത്തോടെയും അപകടസാധ്യതാ അവലോകനം/ദുരന്ത സാധ്യതാ അവലോകനം നടത്തുക.
c. വിവിധ ദുരന്ത/അപകട സാധ്യതകളുമായുള്ള ബന്ധത്തിൽ പരിശീലനങ്ങളും മോക്ക് ഡ്രില്ലുകളും നടത്തുക.
d. അപകടസാധ്യതകൾ പരിഹരിക്കാനുള്ള വ്യത്യസ്ഥ നടപടികൾ സ്വീകരിക്കുക.

19. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, UNICEF എന്നിരുടെ സംയുക്ത കലാധിഷ്ഠിത മാനസിക സാമൂഹിക പരിചരണ പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലർമാരെയും, കുടുംബശ്രീ കൗൺസിലർമാരെയും ദുരന്തബാധിതരായ കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷിക്കാൻ വിനിയോഗിക്കുക

20. എല്ലാ സ്കൂളുകളിലും ചുവടെ ചേർക്കുന്ന വിഷയങ്ങൾ ഉൾപെടുത്തി പ്രത്യേക ഓൺലൈൻ ക്ലാസ്സ് (സ്കൂൾ തുറന്നാൽ അസ്സെംബ്ലി) വിളികേണ്ടതാണ്

– ജല സംരക്ഷണ പ്രവർത്തനങ്ങളും ഇവ നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യവും – വാട്ടർ അതോറിറ്റി, ജലസേചനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ബോധവത്ക്കരിക്കുക.
– മഴക്കാലത്ത് പുഴക്കടവുകളിലും, ബീച്ചുകളിലും, തോടുകളിലും, അപകടകരമായ കയം ഉള്ള പ്രദേശങ്ങളിലും, കെട്ടി കിടക്കുന്ന വെള്ളത്തിലും കുളിക്കുമ്പോൾ എടുക്കേണ്ടുന്ന മുൻകരുതലുകളും, അടിയന്തിരഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന സുരക്ഷാ നടപടികളും സംബന്ധിച്ച് 'എറിഞ്ഞ് കൊടുക്ക്, ചാടരുത്' (Throw, don't jump) എന്ന സിദ്ധാന്തത്തിൽ ഊന്നികൊണ്ട് - അഗ്നിശമനസേന, പോലീസ് എന്നീ

വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ബോധവത്ക്കരിക്കുക.

– മഴക്കാല പകർച്ചവ്യാധി പ്രതിരോധം - ആരോഗ്യ വകുപ്പ്/ആയുഷ് ഡോക്ടർമാരുടെ സഹായത്തോടെ ബോധവത്ക്കരിക്കുക.

## 6.21 കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി

1. മഴക്കാലത്ത് കേരളത്തിൽ റോഡ് അപകടങ്ങൾ, പ്രത്യേകിച്ച്, ടാങ്കർ ലോറി അപകടങ്ങൾ വർധിക്കാറുണ്ട്. റോഡ് സുരക്ഷാ അതോറിറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
2. ടാങ്കർ ലോറികൾ, പ്രത്യേകിച്ച് പെട്രോളിയം ഉത്പന്നങ്ങൾ കൊണ്ട്പോകുന്ന ടാങ്കർ ലോറികൾ സഞ്ചരിക്കുന്ന പ്രധാന പാതകളിൽ, രാത്രി 10 മണിക്കും പകൽ 6 മണിക്കും ഇടയിൽ അതാത് ജില്ലാ അതിർത്തികളിൽ വച്ച് ഇവയെ തടഞ്ഞ് ഡ്രൈവർമാർക്ക് ഒരു ചൂട് കാപ്പി/ചായ കുടിക്കുവാൻ നൽകുന്നതും, 30 മിന്റ്റ് സമയം ഇവർക്ക് നിർബന്ധിത വിശ്രമം നൽകുന്നതും ഉചിതമായിരിക്കും. ഇതിന് ആവശ്യമായ തുക റോഡ് സുരക്ഷാ അതോറിറ്റികൾ കണ്ടെത്തേണ്ടതാണ്.

## 6.22 കേരള ഡാം സേഫ്റ്റി അതോറിറ്റി

1. മഴക്കാലത്തിന് മുൻപായി കേരളത്തിലെ എല്ലാ അണകെട്ടുകളും പരിശോധിക്കുകയും റിപ്പോർട്ട് തയ്യാറാക്കി സർക്കാർ പരിഗണനയ്ക്ക് സമർപ്പിക്കുക.
2. എല്ലാ അണക്കെട്ടുകളുടെയും അടിയന്തിരഘട്ട പ്രവർത്തന രേഖ തയ്യാറാക്കി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി വാങ്ങി എന്ന് ഉറപ്പ് വരുത്തുക.

## 6.23 ടൂറിസം വകുപ്പ്

1. കാലാവസ്ഥാപ്രവചനത്തിന്റെയും മുന്നറിയിപ്പുകളുടെയും അടിസ്ഥാനത്തിൽ പ്രധാന ടൂറിസ്റ്റ് ലൊക്കേഷനുകളിലേക്ക് വിനോദസഞ്ചാരികളുടെ യാത്ര അധികാരികൾ പരിമിതപ്പെടുത്തണം.

പ്രധാന വിനോദസഞ്ചാര മേഖലകളിൽ അപകടം ഉണ്ടായാൽ ഒഴിപ്പിക്കൽ തന്ത്രങ്ങൾ, ബദൽ മാർഗ്ഗങ്ങൾ, ദുരന്ത സാധ്യത ലഘൂകരിക്കുവാൻ ഉതകുന്ന നടപടികൾ എന്നിവ ഉൾപ്പെടുത്തി ഒരു പദ്ധതി തയ്യാറാക്കണം.

2. നദികളിലെ സ്നാനഘട്ടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നത് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഉറപ്പു വരുത്തണം. മഴക്കാലത്ത് വെള്ളപ്പൊക്കസാധ്യതയുണ്ടെന്നും അത്തരം സ്ഥലങ്ങളിൽ കുളിക്കരുതെന്നും സൂചനാ ഫലകങ്ങൾ സ്ഥാപിക്കണം.
3. മഴക്കാലങ്ങളിൽ തടാകങ്ങളിലും കടലിലും അണക്കെട്ടുകളിലും പ്രവേശിക്കുന്നത് തടയുവാനായി മുന്നറിയിപ്പ് ബോർഡുകൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സ്ഥാപിക്കണം എന്ന് നിർദ്ദേശിക്കുക.
4. മഴക്കാലങ്ങളിൽ കുന്നുകൾക്ക് സമീപമായുള്ള റോഡുകളിൽ മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അത്തരം സ്ഥലങ്ങളിൽ ടൂറിസ്റ്റുകൾ അവരുടെ വണ്ടികൾ നിർത്തരുത് എന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കണം.
5. രണ്ട് ദിവസത്തിലധികം കനത്ത മഴ തുടർച്ചയായി പെയ്യുമ്പോൾ പ്രദേശത്തേക്ക് വിനോദസഞ്ചാരികളുടെ പ്രവേശനം ടൂറിസം വകുപ്പ് പരിമിതപ്പെടുത്തണം.
6. വിവിധ ജില്ലകളിൽ ടൂറിസം മേഖലയിൽ ഉള്ള ബോട്ടുകളുടെയും, വള്ളങ്ങളുടെയും വിവരങ്ങൾ, ഉടമകളുടെ പേരും, ബോട്ട് ലഭ്യമായ സ്ഥലവും, മൊബൈൽ നമ്പറും സഹിതം പട്ടികപ്പെടുത്തി മെയ് 30ന് മുൻപ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
7. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഉൾപ്പെടുന്ന പുഴ കടവുകളിലും, ബീച്ചുകളിലും, കയം/നീർച്ചുഴി ഉള്ള പ്രദേശങ്ങളിലും അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുവാൻ ജില്ലാ വിനോദസഞ്ചാര വികസന സമിതിക്ക് നിർദ്ദേശം നൽകുക. ശക്തമായ കാറ്റും, തീരശോഷണവും, തിരയും ഉള്ള സമയത്തും ഇത്തരം അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ജല ക്രീഡകളിൽ ഏർപ്പെടുവാൻ ആരെയും അനുവദിക്കരുത്. ഇതിന് ആവശ്യമായ നടപടികൾ ജില്ലാ വിനോദസഞ്ചാര വികസന സമിതി സ്വീകരിച്ചു (DTPC) എന്ന് ഉറപ്പ് വരുത്തുക.

8. വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അപകടസാധ്യത മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കണം. മലവെള്ളപ്പാച്ചിൽ ഉണ്ടാവാൻ ഇടയുള്ള ജലാശയങ്ങളിൽ സുരക്ഷാമുന്നറിയിപ്പ് നൽകാൻ ആവശ്യമായ സംവിധാനം ഒരുക്കണം. ഇത്തരം കേന്ദ്രങ്ങളിൽ ഗാർഡുമാർക്ക് അടിയന്തിരബന്ധപ്പെടലുകൾക്കായി ഹാം റേഡിയോ ഓപ്പറേറ്റർമാരെ ഉൾപ്പെടുത്തി ആവശ്യമായ സജീകരണം ഒരുക്കി നല്കുക.

## 6.24 വനം വകുപ്പ്

1. ഓറഞ്ച്, റെഡ് അലർട്ട് ഉള്ള ദിവസങ്ങളിലും, സംസ്ഥാന അതോറിറ്റി പ്രത്യേക മുന്നറിയിപ്പ് പുറപ്പടുവിക്കുന്ന ദിവസങ്ങളിലും, അലർട്ട് ഉള്ള ജില്ലകളിലെ വന മേഖലയിലെ വിനോദ സഞ്ചാരം നിയന്ത്രിക്കുക
2. ശക്തമായ മഴക്കാലത്ത് വനത്തിനുള്ളിൽ വസിക്കുന്ന തദേശീയർക്ക് (native community, indigineous community) ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ഉറപ്പ് വരുത്തുക.
3. വനത്തിനുള്ളിൽ വസിക്കുന്ന തദേശീയരെ ആവശ്യമാണെങ്കിൽ മാറ്റി താമസിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പുകൾ നടത്തുവാൻ ഉതകുന്ന കെട്ടിടങ്ങൾ അതാത് ഊരുകളിലോ, ഏറ്റവും അടുത്തുള്ള കെട്ടിട സമുച്ചയങ്ങളിലോ കണ്ടെത്തി തയ്യാറാക്കുക. തയ്യാറാക്കിയിട്ടുള്ള കെട്ടിടങ്ങൾ സംബന്ധിച്ച വിവരം അതാത് റേഞ്ച് ഓഫീസർ/പട്ടികജാതി/പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥൻ, അതാത് വില്ലേജ് ഓഫീസർക്കും, തഹസിൽദാർക്കും നൽകേണ്ടതാണ്. സ്വകാര്യ കെട്ടിടങ്ങളാണ് ഉപയോഗിക്കുന്നതെങ്കിൽ വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവരുമായി ബന്ധപ്പെട്ട് ഇത്തരം കെട്ടിടങ്ങൾ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിച്ച് ദുരന്ത സമയത്ത് വാടകയ്ക്ക് എടുക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള Rate Contract പ്രക്രിയ പൂർത്തിയാക്കുക.
4. വനത്തിനുള്ളിൽ ഇത്തരം ക്യാമ്പുകളുടെ നടത്തിപ്പ് ചുമതല പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനും, വനം വകുപ്പിനും

ആയിരിക്കും. ഇതിനായി ജില്ലാ കളക്ടറുമായും, തഹസിൽദാറുമായും ബന്ധപ്പെട്ട് ആവശ്യമായ ക്യാമ്പ് നടത്തിപ്പ് നടപടികൾ കൈകൊള്ളുക

5. ക്യാമ്പുകളിൽ വിവേചനമില്ല എന്ന് ഉറപ്പ് വരുത്തുക
6. വനത്തിനുള്ളിൽ ദുരന്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുകയും, അതാത് ദിവസം ദുരന്ത നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് സ്ഥലത്തെ വില്ലേജ് ഓഫീസർക്ക് ലഭ്യമാക്കുകയും ചെയ്യുക.
7. അടിയന്തിരഘട്ടത്തിൽ വനംവകുപ്പ് വക VHF സംവിധാനം ജില്ലാ കളക്ടർക്കും തഹസിൽദാർമാർക്കും വിവര സംവേദനത്തിന് ഉപയോഗപ്പെടുത്താൻ തയ്യാറാക്കി നൽകുക.
8. അടിയന്തിരഘട്ടത്തിൽ വനംവകുപ്പിന്റെ സേവനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
9. വനഭൂമിയിൽ ഉള്ള വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അപകടസാധ്യത മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കണം. മലവെള്ളപ്പാച്ചിൽ ഉണ്ടാവാൻ ഇടയുള്ള ജലാശയങ്ങളിൽ സുരക്ഷാമുന്നറിയിപ്പ് നൽകാൻ ആവശ്യമായ സംവിധാനം ഒരുക്കണം. ഇത്തരം കേന്ദ്രങ്ങളിൽ വനം വകുപ്പ് ഗാർഡ്മാർക്ക് അടിയന്തിരബന്ധപ്പെടലുകൾക്കായി ഹാം റേഡിയോ ഓപ്പറേറ്റർമാരെ ഉൾപ്പെടുത്തി ആവശ്യമായ സജീകരണം ഒരുക്കി നല്കുക.
10. വനം വകുപ്പ് സ്ഥാപിച്ചിട്ടുള്ള മഴ മാപിനികളുടെ വിവരം അതാത് ദിവസം ജില്ലാ ഇ.ഒ.സിക്ക് നല്കുക
11. വനപ്രദേശങ്ങളിലും, ഊരുകളിലും താമസിക്കുന്നവർക്ക് മുന്നറിയിപ്പുകൾ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം

## 6.25 പട്ടികവർഗ്ഗ വികസന വകുപ്പ്

1. ഓരോ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിലുമുള്ള ദുർബലത അനുഭവിക്കുന്നതും ദുരന്ത സാധ്യത കൂടുതലുമുള്ള ഉന്നതികളുടെ ലിസ്റ്റ് തയ്യാറക്കുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുക.

2. ഓരോ ഉന്നതികളിലും രക്ഷാപ്രവർത്തനത്തിന് പ്രാപ്യമായ രീതിയിലുള്ള ഉപകരണങ്ങളും പരിശീലനം ലഭിച്ച ആളുകളും ഉണ്ടെന്ന് ഉറപ്പുവരുത്തുക.
3. ഉന്നതിയിലെ ആളുകളിലേക്ക് കറന്റ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഇല്ലാത്ത സാഹചര്യത്തിലും മുന്നറിയിപ്പുകൾ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ സംഘങ്ങൾ രൂപീകരിക്കുക.
4. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് പ്രത്യേകമായി ക്യാമ്പ് സൗകര്യം ആവശ്യമുണ്ടെങ്കിൽ വനം വകുപ്പും, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിച്ചേർന്ന് ഒരുക്കേണ്ടതാണ്.
5. വനത്തിനകത്തും, വന അതിർത്തിയോട് ചേർന്നും ഉള്ള ഉന്നതികളെ ഒഴിപ്പിക്കേണ്ടി വന്നാൽ ഒഴിപ്പിച്ച് എത്തിക്കുവാൻ ഉള്ള സുരക്ഷിത പാത, സ്ഥലം എന്നിവ വനം വകുപ്പുമായി ചേർന്ന് തയ്യാറാക്കുക. ഈ വിവരം ഉന്നതിയിലെ ജനങ്ങൾക്ക് ലഭ്യമാക്കുക.
6. ആപത് സമയങ്ങളിൽ രക്ഷപ്പെടാനുള്ള സുരക്ഷിത മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി വനം വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മുന്നൊരുക്കമെന്ന നിലയിൽ പ്രവർത്തിക്കേണ്ടതാണ്.
7. സുരക്ഷിതമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരെ മുന്കരുതലിന്റെ ഭാഗമായി മാറ്റി താമസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
8. ഉന്നതികളെ കേന്ദ്രീകരിച്ചു മൊബൈൽ മെഡിക്കൽ ടീമുകൾ മുന്നൊരുക്കമെന്ന നിലയിൽ നിയോഗിക്കണം.
9. ഗതാഗതം തടസ്സപ്പെട്ട് ഒറ്റപ്പെട്ട് പോകുന്ന ഉന്നതികളിൽ പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷ്യ കിറ്റുകൾ വഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കണം.
10. മുന്നറിയിപ്പുകൾ വാട്സ്ആപ് വോയിസ് നോട്ടുകൾ, അനൗൺസ്മെന്റ്, വോളന്റീയർമാർ തുടങ്ങിയവർ വഴി ഭാഷ തടസ്സങ്ങൾ ഒഴിവാക്കുന്ന രീതിയിൽ അറിയിക്കാനുള്ള സൗകര്യമൊരുക്കണം.

11. ഭിന്നശേഷിക്കാർ, കുട്ടികൾ, ഗർഭിണികൾ, മാനസിക ബുദ്ധിമുട്ട് നേരിടുന്നവർ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ലിസ്റ്റ് നേരത്തെ തന്നെ തയ്യാറാക്കി വേണ്ട നടപടികൾ കൈക്കൊള്ളുക.
12. മൺസൂണിനു മുൻപായി ദുരന്ത നിവാരണ ഊരുകൂട്ടങ്ങൾ സംഘടിപ്പിച്ചു നടത്തേണ്ട മുന്നൊരുക്കങ്ങൾ, ദുരന്ത സമയത്തു ഉപയോഗിക്കാൻ പറ്റുന്ന സുരക്ഷാ മാർഗ്ഗങ്ങൾ, അടിയന്തിര രക്ഷാപ്രവർത്തക സംഘങ്ങളുടെ രൂപീകരണം, മുന്നറിപ്പ് സന്ദേശങ്ങൾ ഉന്നതി നിവാസികളിലേക്ക് എത്തിക്കൽ എന്നിവ ഉറപ്പാക്കാനായി സംഘങ്ങൾ രൂപീകരിക്കുകയും ബോധവത്കരണം നടത്തുകയും ചെയ്യണം.
13. ഓരോ പ്രദേശത്തെയും ഉന്നതിയിൽ സാമൂഹിക -സാംസ്കാരിക ഘടകങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സാമൂഹിക- മാനസിക പരിചരണത്തിനായി വകുപ്പിലെ കമ്മിറ്റഡ് സോഷ്യൽ വർക്കറിന്റെ സേവനം ഉറപ്പുവരുത്തുക. കൂടാതെ, കൂടുതൽ പരിചരണം ആവശ്യമായ ഘട്ടങ്ങളിൽ പ്രദേശത്തെ ജില്ല മാനസികാരോഗ്യ പരിപാടിയിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുക.

## 6.26 പട്ടികജാതി വികസന വകുപ്പ്

1. പ്രദേശത്തെ ദുർബലത അനുഭവിക്കുന്നതും ദുരന്ത സാധ്യത കൂടുതലുമുള്ള നഗറുകളുടെ ലിസ്റ്റ് തയ്യാറക്കുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുക.
2. മുന്നറിയിപ്പ് സംവിധാങ്ങൾ എസ്.സി പ്രൊമോട്ടർമാർ വഴി എല്ലാവരിലേക്കും എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. നെറ്റ് വർക്കുകൾ ലഭ്യമല്ലാത്ത, ഒറ്റപ്പെട്ട് പോകാൻ സാധ്യതയുള്ള വാസസ്ഥലങ്ങൾ നേരത്തെ ലിസ്റ്റ് ചെയ്ത് മാറ്റിതാമസിപ്പേകണ്ടവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് താത്കാലികമായി മാറ്റി താമസിപ്പിക്കേണ്ടതാണ്.

3. ക്യാമ്പുകളിൽ യാതൊരുവിധ വിവേചനവും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും, ഉണ്ടാകാൻ സാധ്യതയുള്ള അവസരങ്ങളിൽ അവ പരാതിപ്പെടാനുമായുള്ള അവസരമൊരുക്കുക.
4. ഓരോ പ്രദേശത്തെയും സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സാമൂഹിക-മാനസിക പരിചരണത്തിനായി വകുപ്പിലെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കറിന്റെ സേവനം ഉറപ്പുവരുത്തുക. കൂടാതെ, കൂടുതൽ പരിചരണം ആവശ്യമായ ഘട്ടങ്ങളിൽ പ്രദേശത്തെ ജില്ല മാനസികാരോഗ്യ പരിപാടിയിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുക.

## 6.27 സാമൂഹിക നീതി വകുപ്പ്

1. വഴിയരികുകളിലും, കടത്തിണ്ണകളിൽ, ബസ് സ്റ്റാൻണ്ട്കളിലും അന്തിയുറങ്ങുന്ന ആളുകൾക്ക് മഴക്കാലം ദുരന്ത പൂർണമാണ്. ഇത് ഒഴിവാക്കുവാനും, ഇവർക്ക് ഈ മഴക്കാലത്ത് രാത്രികാലങ്ങളിൽ ഉറങ്ങാനും, അത്താഴം നൽകുവാനും ഉള്ള സംവിധാനം ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
2. 60 വയസിന് മുകളിൽ ഉള്ളവർ ദുരിതാശ്വാസ ക്യാമ്പിൽ എത്തിയാൽ അവരെ സംരക്ഷിക്കുന്നതിന് ആവശ്യമായ സേവനം നൽകുക
3. അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അംഗപരിമിതരുടെ പേര്, വിലാസം, മൊബൈൽ ഫോൺ എന്നിവ അതാത് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി, തഹസിൽദാർ എന്നിവർക്ക് നൽകുക.
4. ആശാ വർക്കർ, അംഗൻവാടികളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് മേൽ വിവരം നൽകുകയും, ദുരന്ത സാഹചര്യ വിവരവും, മുന്നറിയിപ്പുകളും ഇവരുടെ വീടുകളിൽ എത്തി എന്ന് പ്രത്യേകം ഉറപ്പ് വരുത്തുവാൻ അംഗൻവാടി സൂപ്പർവൈസറെ ചുമതലപ്പെടുത്തുക.
5. ഇതിനായി, ഇവരുടെയോ, സഹായിയുടെയോ മൊബൈൽ ഫോൺ വിവര ശേഖരണം നടത്തി ഇവ ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസർ സൂക്ഷിക്കുക

6. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഇവർക്ക് ലഭ്യമാക്കുവാൻ എസ്.എം.എസ്, WhatsApp എന്നിവ ഉപയോഗിക്കുക.
7. സംസാരശേഷി പരിമിതർക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആംഗ്യഭാഷയിൽ വിവിധ ദുരന്ത സംബന്ധിയായ വിവരങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യൂട്യൂബിൽ https://www.youtube.com/channel/UCj8-5kAk2IxuEtFypoFIgkw പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ വ്യാപകമായി പ്രചരിപ്പിക്കുക.
8. കാഴ്ചാ പരിമിതർക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ ദുരന്ത സംബന്ധിയായ വിവരങ്ങൾ ബ്രയിൽ ലിപിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കാഴ്ചാ പരിമിതരുടെ വിവരം അനുസരിച്ച് ആവശ്യമാണെങ്കിൽ ഇവ പ്രിന്റ് ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അയച്ച് നൽകുന്നതാണ്. ആവശ്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ആവശ്യമായ എണ്ണവും ഉൾപ്പെടുത്തി സാമൂഹിക നീതി വകുപ്പ് സംസ്ഥാന അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതാണ്.
9. അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ എന്നിവരുടെ പേര്, വിലാസം, മൊബൈൽ ഫോൺ എന്നിവ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി, തഹസിൽദാർ എന്നിവർക്ക് നൽകുക.
10. ആശാ വർക്കർ, അംഗൻവാടികളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് മേൽ വിവരം നൽകുകയും, ദുരന്ത സാഹചര്യ വിവരവും, മുന്നറിയിപ്പുകളും ഇവരുടെ വീടുകളിൽ എത്തി എന്ന് പ്രത്യേകം ഉറപ്പ് വരുത്തുക.
11. ഇതിനായി, ഇവരുടെയോ, സഹായിയുടെയോ മൊബൈൽ ഫോൺ വിവര ശേഖരണം നടത്തി ഇവ ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസർ സൂക്ഷിക്കുക
12. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഇവർക്ക് ലഭ്യമാക്കുവാൻ എസ്.എം.എസ്, WhatsApp എന്നിവ ഉപയോഗിക്കുക.

13. ദുരന്ത സാഹചര്യത്തിൽ, അംഗപരിമിതർ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ എന്നിവരുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും, ഇവരെ രക്ഷപെടുത്തുവാനും പ്രത്യേക പദ്ധതി റവന്യു, പോലീസ്, അഗ്നി-രക്ഷാ സേന, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ സഹകരണത്തോടെ നടത്തുവാൻ നേതൃത്വം നൽകുക. ഇത്തരം സാഹചര്യം അനുഭവിക്കുന്നവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന എൻ.ജി.ഓകളുടെ സേവനം ഇതിനായി തേടാവുന്നതാണ്.
14. അംഗപരിമിതരുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും, ഇവരെ രക്ഷപെടുത്തുവാനും പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ എം.ജി യുണിവേർസിറ്റിയുടെ Inter University Centre for Disability Studies iucdsmgu@gmail.comനെയോ, Thanal Palliative and Paraplegic Care, Ernakulam (Mr. Sabith Ummar: 9947922791) എന്ന എൻ.ജി. ഓയുമായോ ബന്ധപ്പെടാവുന്നതാണ്.
15. താത്കാലിക ദുരിതാശ്വാസ ക്യാമ്പിൽ കുട്ടികൾക്കും, ഗർഭിണികളായ വനിതകൾക്കും പ്രത്യേകം പോഷകാഹാരവും, വൈദ്യ സഹായവും, ആവശ്യമായ മാനസിക സമാശ്വാസ സഹായവും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഒറ്റയ്ക്കല്ല ഒപ്പമുണ്ട് എന്ന പദ്ധതിയുടെ ഹെല്പ് ലൈനുകൾ വഴി ആ സേവനം ലഭ്യമാക്കണം
16. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സൈക്കോ സോഷ്യൽ കെയർ ഉറപ്പാക്കണം. ഇവരോ അവരുടെ കുടുംബാംഗങ്ങളോ വിവേചനങ്ങൾ നേരിടുന്നില്ലെന്ന് ഉറപ്പ് വരുത്തണം. ഒറ്റയ്ക്കല്ല ഒപ്പമുണ്ട് എന്ന പദ്ധതിയുടെ ഹെല്പ് ലൈനുകൾ വഴി ആ സേവനം ലഭ്യമാക്കണം
17. ദുരന്തത്തിൽ തകർന്ന വീടുകളിലും, പ്രദേശങ്ങളിലും പോകുന്ന അവസരത്തിൽ കുട്ടികളെ കൂടെ കൊണ്ടുപോകരുത് എന്ന് പ്രത്യേക നിർദ്ദേശം മാതാപിതാക്കൾക്ക് നൽകുക
18. സാമൂഹിക നീതി വകുപ്പിന്റെ കീഴിലുള്ള വയോജന സ്ഥാപനങ്ങളിലുള്ളവർക്ക് ദുരന്തഘട്ടങ്ങളിൽ പ്രത്യേക പരിചരണവും സംരക്ഷണവും ഉറപ്പ് വരുത്തേണ്ടതാണ്.

19. ഭിന്നശേഷിക്കാർ ഉപയോഗിക്കുന്ന സഹായ ഉപകാരണങ്ങളുടെ ലഭ്യത, അവയുടെ പ്രവർത്തന ക്ഷമത എന്നിവ ഉറപ്പ് വരുത്തേണ്ടതാണ്.
20. ദുരിതാശ്വാസ ക്യാമ്പുകളിൽ വീൽചെയർ സൗഹൃദമായ ശുചിമുറികളും താമസ സൗകര്യങ്ങളും ഉറപ്പ് വരുത്തണം. ഇവർ തുടർച്ചയായി മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തണം.
21. പാലിയേറ്റിവ് കെയറിലുള്ള രോഗികൾക്ക് ആവശ്യമായ പരിചരണവും സംരക്ഷണവും ഉറപ്പ് വരുത്തണം, ഇവർ നിത്യേന കഴിക്കുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കണം. ഇവ മുടങ്ങാതെ ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
22. ക്യാമ്പുകളിൽ ഒരു രീതിയിലുമുള്ള വിവേചനം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുകയും അടിയന്തര സാഹചര്യങ്ങളിൽ അവർക്ക് ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ഹെല്പ് ലൈൻ നമ്പർ സ്ഥാപിക്കുകയും അവ ക്യാമ്പുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണം
23. ട്രാൻസ്ജൻഡർ വിഭാഗത്തിൽ പെടുന്നവർക്ക് ക്യാമ്പുകളിൽ വിവേചനം നേരിടുന്നില്ലെന്ന് ഉറപ്പാക്കുക.
24. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഡയാലിസിസ് ചെയ്യുന്നവർ, കാൻസർ ചികിത്സയിലുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള ചികിത്സയിൽ കഴിയുന്നവർ, ഗർഭിണികൾ, കിടപ്പിലായവർ, ഭിന്നശേഷിയുള്ളവർ തുടങ്ങി ദുരന്തഘട്ടങ്ങളിൽ ഏറ്റവും ആദ്യം സഹായമെത്തിക്കുകയും സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്യേണ്ടവരുടെ എന്നിവരുടെ പട്ടിക മുൻകൂട്ടി തയ്യാറാക്കി തദ്ദേശ സ്ഥാപനം, താലൂക്ക് കൺട്രോൾ റൂം, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ നൽകുക. ഇവരുടെ വീടുകൾ മാപ്പ് ചെയ്യുകയും വേണം. അതിനു പുറമേ, ഇവരെ വളണ്ടിയർമാരുമായി ബന്ധപ്പെടുത്തുകയും അവശ്യഘട്ടങ്ങളിൽ കാലതാമസമില്ലാതെ അവിടെയെത്തി അവരെ സുരക്ഷിതരാക്കാൻ സാധിക്കുമെന്ന് ആരോഗ്യ വകുപ്പുമായി ചേർന്ന് ഉറപ്പു വരുത്തുകയും വേണം.

## 6.28 വനിതാ-ശിശുക്ഷേമ വകുപ്പ്

1. ദുരന്ത സാഹചര്യങ്ങളിൽ കുട്ടികളും സ്ത്രീകളും 'മനുഷ്യക്കടത്തിന്' വിധേയരാകുന്നില്ല എന്ന് പോലീസുമായി ചെർന്ന് ഉറപ്പാക്കണം.
2. ക്യാമ്പുകളിൽ കുട്ടികൾക്കും സ്ത്രീകൾക്കും എതിരെ അതിക്രമങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പാക്കണം.
3. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്
4. ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിംഗ് ക്ലാസ്സുകളും ക്യാമ്പിൽ നടത്തേണ്ടതാണ്.
5. കുട്ടികൾക്ക് ആവശ്യമായ പോഷകാഹാരം ക്യാമ്പുകളിൽ ഉറപ്പുവരുത്തേണ്ടതാണ്. ക്യാമ്പുകളിൽ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി പാൽ, മുട്ട, പാൽപ്പൊടി എന്നിവ കുട്ടികൾക്ക് ലഭ്യമാക്കണം
6. അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യവും സ്വകാര്യതയും ഉറപ്പാക്കണം.
7. പെൺകുട്ടികൾക്ക് ആവശ്യമായ സുരക്ഷ ക്യാമ്പുകളിൽ ഉറപ്പുവരുത്തേണ്ടതാണ്. ആർത്തവ കാലത്തിനു ആവശ്യമായ വ്യക്തി ശുചിത്വ വസ്തുക്കളായ സാനിറ്ററി പാഡ്, ടിഷ്യു പേപ്പർ എന്നിവ ലഭ്യമാക്കേണ്ടതാണ്
8. ദുരന്ത ശേഷം ശേഷം ആദ്യമായി വീട്ടിൽ പോകുമ്പോൾ കുട്ടികളെ കൂടെ കൊണ്ടുപോകരുത് എന്ന് മാതാ പിതാക്കളിൽ അവബോധം വളർത്തുക. വീടിന് ഏറ്റ ദുരന്ത ആഘാതം കുട്ടികളിൽ മാനസിക വിഷമം ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ഒറ്റയ്ക്കല്ല ഒപ്പമുണ്ട് എന്ന പദ്ധതിയുടെ ഹെല്പ് ലൈനുകൾ വഴി ആ സേവനം ലഭ്യമാക്കണം.
9. സ്ത്രീകളിലെ പ്രജനന ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ക്യാമ്പുകളിൽ കൺസൾറ്റഷൻ വഴി മനസ്സിലാക്കി തുടർ ചികിത്സയും ക്യാമ്പിൽ നൽകേണ്ട സൗകര്യങ്ങൾ, മരുന്നുകൾ എന്നിവ എത്തിച്ചു നൽകണം.

10. സ്ത്രീകൾക്കും കുട്ടികൾക്കും ദുരന്ത സമയത്തു സാമൂഹിക മാനസിക പ്രാഥമിക പരിചരണം നൽകണം. കുട്ടികൾക്കായി ബാല സൗഹൃദ സ്ഥലങ്ങളും, പരിപാടികളും ക്യാമ്പുകളോട് ചേർന്ന് ഒരുക്കേണ്ടതാണ്.

## 6.29 വിവര-പൊതുജന സമ്പർക്ക വകുപ്പ്

1. പത്ര, ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങൾക്കായി ജൂൺ മാസത്തിൽ ഒരു യോഗം ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് സംഘടിപ്പിക്കുക. പ്രസ്തുത യോഗത്തിൽ കാലവർഷ അവലോകനവും, ദുരന്ത സംബന്ധിയായ മറ്റ് വിവരങ്ങളും, ദുരന്ത സാഹചര്യത്തിൽ മാദ്ധ്യമങ്ങൾക്ക് വിവരം ലഭ്യമാക്കുന്നതിനുള്ള സംവിധാനവും വിശദീകരിക്കുക.
2. സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന മുന്നറിയിപ്പുകൾ സംസ്ഥാന സർക്കാർ വെബ്സൈറ്റ്, ജില്ലാ വെബ്സൈറ്റ്, സംസ്ഥാന സർക്കാരിന്റെയും ജില്ലാ കളക്ടർമാരുടെയും സാമൂഹിക മാധ്യമം എന്നിവയിൽ പ്രസിദ്ധീകരിക്കുക.
3. സംസ്ഥാന ഇ.ഓ.സിയിലേക്ക് ഇൻഫോർമേഷൻ ഓഫീസറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണി വരെ നിയോഗിക്കുക. പ്രസ്തുത ഉദ്യോഗസ്ഥന് ദുരന്ത സംബന്ധിയായ വിവര ശേഖരണം ജില്ലാ തലത്തിൽനിന്നും നടത്തി മാധ്യമങ്ങൾക്ക് ദിവസവും 3 തവണ ലഭ്യമാക്കുന്നതിന്റെയും, സംസ്ഥാന ഇ.ഓ.സിക്ക് വേണ്ടി മാദ്ധ്യമങ്ങളുമായി നിരന്തര ബന്ധം പുലർത്തുന്നതിന്റെയും ചുമതല ഉണ്ടായിരിക്കും.
4. അടിയന്തരഘട്ടങ്ങളിൽ പുറത്തിറക്കേണ്ട കുറിപ്പുകൾ, അറിയിപ്പുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളെ സഹായിക്കേണ്ട ചുമതല EOCകളിൽ നിയോഗിക്കപ്പെടുന്ന ഐ ആൻഡ് പിആർഡി ഉദ്യോഗസ്ഥരുടേതാണ്.
5. ഭാഷാ ന്യൂനപക്ഷങ്ങൾ, അതിഥി തൊഴിലാളികൾ, വിനോദസഞ്ചാരികൾ എന്നിവർക്കായി ബഹുഭാഷാ സന്ദേശങ്ങൾ/ദുരന്ത വിവര വിജ്ഞാന

സാമഗ്രികൾ എന്നിവ രൂപപ്പെടുത്തണം. ഇവ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കാൻ നേതൃത്വം നൽകണം.

6. തെറ്റായ വിവരങ്ങൾ പരക്കുന്നത് ഒഴിവാക്കാൻ സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ഫാക്ട് ചെക്ക് സംവിധാനം ഏർപ്പെടുത്തണം.

## 6.30 ഗതാഗത വകുപ്പ്

1. എല്ലാ ജില്ലകളിലെയും ട്രക്ക്, ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള വലിയ ജനറേറ്ററുകൾ എന്നിവയുടെ വിവരവും, ഇവയിൽ നിലവിൽ ജില്ലയിൽ ലഭ്യമായവയുടെ ഉടമസ്ഥരുടെ വിവരവും ശേഖരിച്ച് സംസ്ഥാന/ജില്ലാ ഇ.ഓ.സിക്ക് നൽകുക
2. ജില്ലകളിൽ ഉള്ള ജെ.സി.ബി, ഹിറ്റാച്ചി, ചെയ്ൻ ബെൽറ്റ് ഉള്ള ഹിറ്റാച്ചി, വലിയ ട്രക്കുകൾ എന്നിവ ഗതാഗത വകുപ്പ് മുൻകൂട്ടി കണ്ടെത്തി ഉടമകളുമായി വിനിയോഗ ധാരണയിൽ എത്തുക
3. ജില്ലയിലെ ഉപയോഗത്തിൽ ഉള്ള ആംബുലൻസുകളുടെ വിവരം, മൊബൈൽ ഫോൺ സഹിതം, കണ്ടെത്തി അവരുമായി വിനിയോഗ ധാരണയിൽ എത്തുക.
4. വെള്ളം കയറുന്ന സാഹചര്യത്തിൽ ഉപയോഗിക്കാൻ പറ്റുന്ന വിധത്തിൽ തറയിൽ നിന്നും കൂടുതൽ ഉയരമുള്ള വാഹനങ്ങൾ ആയിരിക്കണം കണ്ടെത്തേണ്ടത്.
5. ജില്ലാ ഇ.ഓ.സി ആവശ്യപ്പെട്ടാൽ ഇത്തരം വാഹനങ്ങൾ സജ്ജമാക്കി നൽകുക
6. സ്കൂൾ ബസ്സുകൾ, സ്കൂളിൽ കുട്ടികളെ എത്തിക്കുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കണം

## 6.31 എക്സൈസ്

1. സേനാ അംഗങ്ങളുടെയും, സേനയുടെ വാഹനങ്ങളുടെ സേവനവും ദുരന്ത സാഹചര്യത്തിൽ രക്ഷാപ്രവർത്തനം, ഒഴിപ്പിക്കൽ പ്രവർത്തനം എന്നിവയ്ക്ക് ലഭ്യമാക്കുക
2. എക്സൈസ് ഉദ്യോഗസ്ഥർക്ക് ഒരു വ്യക്തിഗത സുരക്ഷാ കിറ്റ് നൽകുന്നത് പരിഗണിക്കണം. ഈ കിറ്റ് സ്വയം അപകടത്തിൽപെട്ടാലും അടിയന്തിരഘട്ടത്തിൽ മറ്റുള്ളവർക്കായി ഉപയോഗിക്കുവാനും സഹായകരമായിരിക്കും.
3. ഈ കിറ്റിൽ ഉണ്ടാകേണ്ട വസ്തുക്കൾ (ഒരു വ്യക്തിക്ക് എന്ന കണക്കിൽ) അനുബന്ധം 7 ആയി ചേർത്തിട്ടുണ്ട്.
4. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സമയത്ത് ക്യാമ്പുകളിൽ മദ്യമോ മറ്റ് ലഹരി വസ്തുക്കളുടെയോ വിൽപ്പനയോ, ഉപയോഗമോ ഇല്ല എന്ന് ഉറപ്പ് വരുത്തുക.

## 6.32 പൊതുമരാമത്ത് വകുപ്പ്

1. സംസ്ഥാനത്തെ എല്ലാ പാലങ്ങളുടെയും Structural Auditനടത്തി ബലക്ഷയം ഉള്ളവയുടെ മുൻഗണനാ ക്രമം നിർണയിച്ച്, മഴക്കാലത്ത് വാഹന ഗതാഗതം നിയന്ത്രിക്കേണ്ടവയുടെ വിവരം ശുപാർശ സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
2. സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, പ്രധാന ഓഫീസുകൾ എന്നിവയുടെ Structural Auditനടത്തി ബലക്ഷയം ഉള്ളവയുടെ മുൻഗണനാ ക്രമം നിർണയിച്ച്, മഴക്കാലത്ത് പ്രവർത്തനം ഒഴിവാക്കേണ്ടവയുടെ വിവരം ശുപാർശ സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക
3. അടിയന്തിരഘട്ടത്തിൽ കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ എന്നിവയുടെ തകർച്ച താൽക്കാലികമായി പരിഹരിച്ച് ഉപയോഗ യോഗ്യമാക്കുവാൻ എമർജൻസി ടീമുകളെ തയ്യാറാക്കി നിർത്തുക.
4. റോഡിൽ പണിനടക്കുന്നയിടങ്ങളിൽ സുരക്ഷാബോർഡുകൾ ഉറപ്പാക്കണം. റോഡിലുള്ള കുഴികൾ അടക്കാനുള്ള നടപടിയും

അടിയന്തരമായി സ്വീകരിക്കണം. കുഴികളും മറ്റും രൂപം കൊണ്ട സ്ഥലങ്ങളിൽ ആളുകൾക്ക് അപകടം പറ്റാതിരിക്കാൻ മുന്നറിയിപ്പ്ബോർഡുകൾ വെക്കണം.

5. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വവും ഉറപ്പാക്കണം. ഓടകൾ വൃത്തിയാക്കാൻ തുറന്നിടുകയോ, സ്ലാബുകൾ തകരുകയോ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ അപകടമുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കണം. ഇവയുടെ അറ്റകുറ്റപണികൾ അടിയന്തരമായി പൂർത്തീകരിച്ച് നടപ്പാതകൾ സുരക്ഷിതമാക്കണം.
6. PWD എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് കീഴിലും Rapid Response Teams രൂപീകരികരിക്കണം. അടിയന്തര പ്രവർത്തി നിർവഹണത്തിനായി ആവശ്യമായ ഉപകരണങ്ങൾ Generator, Light, First Aid Kits, JCB, boats, hitachi, ambulance, pump, cutters (concrete and tree), geobags എന്നിവ ഉറപ്പ് വരുത്തുക.

## 6.33 വ്യവസായ വകുപ്പ്

1. Chemical Emergency Response Centre മഴക്കാലത്ത് ഫാക്റ്ററികളിൽ ഉണ്ടാകാവുന്ന ദുരന്ത സാധ്യത ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗ നിര്ദേശങ്ങൾ പുറപ്പെടുവിക്കുക
2. അപകടകരമായ രാസപദാർത്ഥങ്ങൾ ശേഖരിച്ചിട്ടുള്ള ഫാക്റ്ററികളിൽ അവ പ്രളയം ബാധിക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആണോ ശേഖരിച്ചിട്ടുള്ളത് എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ അവ ഉയർന്ന പ്രദേശങ്ങളിലേക്കോ, പ്രളയം ബാധിക്കാത്ത സ്ഥലങ്ങളിലേക്കൊ, മറ്റ് നിയമങ്ങൾ മൂലം ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളോടെ, മഴക്കാലത്ത് മാറ്റുവാൻ നിർദ്ദേശിക്കുക.
3. മഴക്കാല ദുരന്തങ്ങളിൽ അപകടകരമായ രാസപദാർത്ഥങ്ങൾ ശേഖരിച്ചിട്ടുള്ള ഫാക്റ്ററികളിൽ നിന്നും രാസപദാർത്ഥങ്ങൾ ബഹിർഗമിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ ഉടൻതന്നെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക. പത്ര-മാധ്യമങ്ങളിലൂടെയും, പോലീസ് മുഖാന്തരവും ഇത്തരം സ്ഥലങ്ങളിലെ പൊതുജനങ്ങളെ അറിയിക്കുക, പ്രതിവിധി നിർദ്ദേശിക്കുക.

4. അപകടകരമായ മലിനീകരണം എത്തുവാൻ സാധ്യതയുള്ള തദ്ദേശ സ്ഥാപനത്തിലെ അധ്യക്ഷ/അദ്ധ്യക്ഷൻ എന്നിവരെയും അറിയിക്കുക, പ്രതിവിധി നിർദ്ദേശിക്കുക
5. കേരളത്തിൽ ശേഖരിച്ചിട്ടുള്ള അപകടകരമായ രാസപദാർത്ഥങ്ങൾ ഏതെല്ലാം, എത്ര വീതം, എവിടെ എല്ലാം (തദ്ദേശ സ്ഥാപനത്തിന്റെ പേര് സഹിതം) എന്നത് പട്ടികപ്പെടുത്തി ആരോഗ്യ വകുപ്പിനും, സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും ജൂൺ 1ന് മുൻപ് നൽകുക. ഈ രാസപദാർത്ഥങ്ങൾ ജലത്തിലോ, മണ്ണിലോ, വായുവിലോ കലർന്ന് മനുഷ്യ ജീവന് അപകടകരം ആയാൽ അവ പ്രതിരോധിക്കുന്ന രീതികൾ, മരുന്നുകൾ എന്നിവ ഏതെല്ലാം എന്ന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രസിദ്ധീകരിക്കുക.
6. അടിയന്തിര ഘട്ടങ്ങളിൽ ആവശ്യസാധനങ്ങളും, പാക്കിങ് സാമഗ്രികളും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആവശ്യാനുസരണം ലഭ്യമാക്കുക

## 6.34 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

1. രാസവളം, കീടനാശിനി, അപകടകരമായ രാസപദാർത്ഥങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും പ്രളയത്തിലോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടലിലോ ജലത്തിലും, മണ്ണിലും ക്രമാതീതമായി വന്നെത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുക.
2. പ്രളയ സാഹചര്യത്തിൽ ഉണ്ടാകുന്ന ജല, ഭൂമി മലിനീകരണ തോത് നിരീക്ഷിക്കുക, രേഖപ്പെടുത്തുക. ഇവയുടെ തോതിലെ സാധാരണയിൽ കവിഞ്ഞ വ്യതിയാനം എത്ര എന്നത് അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ദുരന്ത ശേഷം റിപ്പോർട്ട് ആയി നൽകുക
3. ദുരന്ത സാഹചര്യത്തിന് ശേഷം മണ്ണിലും, ജലത്തിലും ഉണ്ടായിട്ടുള്ള മലിനീകരണം ഇല്ലാതാക്കുവാനായി ആവശ്യമായ സാങ്കേതിക ഉപദേശം സർക്കാരിന് നൽകുക

## 6.35 തൊഴിൽ വകുപ്പ്

1. പ്ലാൻറ്റേഷൻ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ ശേഖരിക്കുക. ഇത്തരം സ്ഥലങ്ങളിലെ കണക്റ്റിവിറ്റി, വൈദ്യുതി എന്നിവ കൂടി ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സ്ഥലങ്ങളുടെ വിവരശേഖരണവും site ലെവൽ ഇൻസ്പെക്ഷനും ഉദ്യോഗസ്ഥർ നടത്തുക
2. ഇത്തരം സ്ഥലങ്ങളിൽ KSEB/BSNL/JIO/AIRTEL/VI എന്നിവരുമായി സഹകരിച്ച് നിരന്തര വിവര സംവേദന സംവിധാനം ഉറപ്പ് വരുത്തുക
3. ഇത്തരം പ്രദേശങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ JCB, Electric Cutter, കയറുകൾ, അടിയന്തിര ആവശ്യത്തിനുള്ള മരുന്നുകൾ, ASKA Light എന്നീ സംവിധാനങ്ങൾ ഉറപ്പ് വരുത്തുക
4. നിലവിലുള്ള മുഴുവൻ തോട്ടംതൊഴിലാളി വാസകേന്ദ്രങ്ങളുടെയും ഭൂപടങ്ങളും ആവശ്യമുള്ളയിടങ്ങളിൽ ഒഴിപ്പിക്കൽ പ്ലാനുകളും തയ്യാറാക്കേണ്ടതാണ്
5. മുഴുവൻ വാസസ്ഥലങ്ങളുടെയും ദോഷപൂർണ്ണത (Vulnerability) നിർണ്ണയിക്കുകയും അതിൽ നിന്ന് വൾനറബിൾ ആയ കുടുംബങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിക്ക് രൂപം നൽകുകയും ചെയ്യുക
6. തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയറുടെ സഹായത്തോടെ തോട്ടങ്ങളിലെ ലയങ്ങളുടെ ഫിറ്റ്നെസ്സ് പരിശോധിക്കുക. ഫിറ്റ്നെസ്സ് ഇല്ലാത്ത ലയങ്ങളിൽ തൊഴിലാളികളെ താമസിപ്പിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
7. ഒറ്റപ്പെട്ട ലയങ്ങളോട് അടുത്ത് അടിയന്തിരമായി ക്യാമ്പുകൾ ആരംഭിക്കുവാൻ അവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും, അവിടങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ ഉറപ്പുകയും ചെയ്യുക
8. മേൽ പ്രവർത്തനങ്ങൾക്ക് തദേശ സ്ഥാപനം, റവന്യൂ എന്നീ വകുപ്പുകളുടെ സേവനം ഉപയോഗിക്കുക

9. ലയങ്ങളിൽ താമസിക്കുന്നവർക്ക് മുന്നറിയിപ്പുകൾ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം.
10. അഥിതി തൊഴിലാളികൾക്കായി പ്രത്യേക ബഹുഭാഷാ മുന്നറിയിപ്പുകൾ എത്തിക്കുകയും ബഹുഭാഷാ IECകൾ പ്രചരിപ്പിക്കുകയും ചെയ്യുക.
11. ദുരന്ത സാധ്യതാ പ്രദേശങ്ങളിലെ അതിഥി തൊഴിലാളികളെ തിരിച്ചറിഞ്ഞ് ലിസ്റ്റ് ചെയ്യുകയും, മുന്നൊരുക്കമെന്ന നിലയിൽ മാറ്റി താമസിക്കേണ്ട ആളുകളെ മാറ്റിതാമസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ, പ്രത്യേക ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കാൻ ക്യാമ്പുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്ന വോളന്റീർമാരെ നിയോഗിക്കേണ്ടതുണ്ട്.
12. ദുരന്ത ഘട്ടങ്ങളിൽ അതിഥി തൊഴിലാളികൾക്കായി വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്നവരുടെ സേവനം ഉറപ്പാക്കി കൊണ്ട് പ്രത്യേക കാൾ സെന്റർ സംവിധാനമൊരുക്കണം. ഇതിനായി ജില്ല ദുരന്ത നിവാരണ അതോറിറ്റികളിലെ അടിയന്തിര കാൾ സെന്റർ സംവിധാനത്തിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്ന ആളുകളെ പരിശീലനം നൽകി നിയോഗിക്കാവുന്നതും സഹകരിച്ചു പ്രവർത്തിക്കാവുന്നതുമാണ്.
13. ദുരന്ത സമയത്തെ സാമൂഹിക- മാനസികാരോഗ്യ പ്രാഥമിക പരിചരണത്തിനായി വിവിധ ഭാഷകൾ സംസാരിക്കുന്ന കൗൺസിലർമാരുടെ ലിസ്റ്റ് തയ്യാറാക്കുകയും ആവശ്യമുള്ള അഥിതി തൊഴിലാളികൾക്കു ലഭ്യമാക്കുകയും വേണം.
14. പ്ലാൻറ്റേഷനുകളിലെ ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികളെ അതി തീവ്ര കാലാവസ്ഥാ സമയങ്ങളിൽ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി പ്ലാന്റേഷൻ വിങ്, പ്ലാന്റേഷൻ ഉടമകൾ എന്നിവരുമായി സംയോജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. ലൈൻ ഹൗസുകളിൽ/ ലയങ്ങളിൽ/ പാടികളിൽ താമസിക്കുന്ന തൊഴിലാളികളിലേക്ക് ബഹുഭാഷാ മുന്നറിയിപ്പുകൾ, ബഹുഭാഷാ IEC കൾ എന്നിവ എത്തിക്കാൻ പ്ലാന്റേഷൻ ഉടമകളെ

ചുമതലപ്പെടുത്തുകയും, തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനായി ചെയ്യേണ്ട കാര്യങ്ങൾ സംയോജിതമായി നടപ്പിലാക്കേണ്ടതുമാണ്.

15. മുന്നറിയിപ്പ് പ്രചാരണങ്ങൾക്കായി അംഗീകൃത തൊഴിലാളി യൂണിയനുകളേയും തൊഴിലാളികളുടെ മറ്റ് കൂട്ടായ്മകളെയും ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഔദ്യോഗിക മുന്നറിയിപ്പ് ഇവരിലേക്ക് എത്തിക്കപ്പെടുന്നുണ്ട് എന്ന് തൊഴിൽ വകുപ്പ് ഉറപ്പ് വരുത്തണം.
16. ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പഞ്ചായത്തുകൾ, ആരോഗ്യ വകുപ്പ് എന്നിവയുമായി ചേർന്ന് ഒരുക്കേണ്ടതാണ്.
17. ദുരന്ത ബാധിതരായ/ പരിക്കേറ്റ തൊഴിലാളികളെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാൻ വേണ്ട സഹായങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിച്ചേർന്ന് ഒരുക്കേണ്ടതാണ്.
18. ദുരന്തങ്ങളിൽ മരിക്കുന്ന അഥിതി തൊഴിലാളികളുടെ മൃതദേഹം (ആവശ്യാനുസരണം) സ്വദേശത്തേക്ക് എത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
19. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യക്തികൾ കേരളത്തിൽ വച്ച് അംഗീകൃത ദുരന്തത്തിൽ മരണപ്പെട്ടാൽ ബന്ധുക്കൾക്കുള്ള ദുരിതാശ്വാസ സഹായം അതാത് ജില്ലയിൽ നിന്നും വിതരണം ചെയ്യാം. ആയതിനായി, മരണപ്പെട്ട വ്യക്തിയുടെ സ്വദേശത്തെ ജില്ലാ കളക്ടറിൽ നിന്നും ദുരിതാശ്വാസ സഹായത്തിനായി അർഹതയുള്ള ബന്ധുക്കളുടെ പട്ടികയും, ആധാർ നമ്പറും, ബാങ്ക് അക്കൌണ്ട് നമ്പറും, ഓരോരുത്തർക്കും എത്ര ശതമാനം വീതം ദുരിതാശ്വാസ സഹായത്തിനായി അർഹതയുണ്ട് എന്നതും സാക്ഷ്യപ്പെടുത്തി വാങ്ങി അതാത് ബന്ധുക്കളുടെ അക്കൌണ്ടിൽ ലഭ്യമാക്കുക.

## 6.36 പരിസ്ഥിതി വകുപ്പ്

1. കേരളത്തിലെ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളെ ദുരന്തങ്ങൾ എങ്ങനെ ബാധിക്കുന്നു എന്നത് പരിസ്ഥിതി വകുപ്പ് സസൂക്ഷ്മം നിരീക്ഷിക്കേണ്ടതും ഇവയെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപ്പിക്കേണ്ടതും പരിസ്ഥിതി വകുപ്പായിരിക്കണം
2. Strategic Environment Assessment Tool (https://europa.eu/capacity4dev/public-environment-climate/documents/ec-booklet-sea-strategic-environmental-assessment-development-cooperation-supporting) ഉപയോഗപ്പെടുത്തി ദുരന്ത ആഘാതങ്ങളെ സംബന്ധിച്ച റിപോർട്ട് ദുരന്ത ശേഷം 3 മാസത്തിനുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ലഭ്യമാക്കുക.

## 6.37 നോർക്ക വകുപ്പ്

1. വിദേശങ്ങളിൽ നിന്നും ദുരിതാശ്വാസ സഹായം ലഭ്യമാകുന്ന അവസരങ്ങളിൽ അവ കേരളത്തിൽ എത്തിക്കുന്നതിനുള്ള ഏകോപനം ഉറപ്പ് വരുത്തുക
2. വിമാനത്താവളങ്ങളിൽ വിദേശത്തുനിന്നുള്ള സഹായം എത്തിക്കുന്നതിനും ജില്ലകളിലേക്ക് ലഭ്യമാക്കുന്നതിനും സൗകര്യം ഒരുക്കുക
3. കേരളത്തിന് പുറത്ത് ഉണ്ടാകുന്ന അപകടങ്ങളിൽ മലയാളികൾക്ക് ആവശ്യമായ സഹായം നൽകുക.
4. കേരളത്തിന് പുറത്ത് അംഗീകൃത ദുരന്തങ്ങളിൽ ബാധിക്കപ്പെടുന്ന മലയാളികൾക്ക് ആവശ്യമായ സഹായം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് നൽകുക.
5. അഥിതി തൊഴിലാളികളുമായി ബന്ധപ്പെട്ട ബഹുഭാഷാ മുന്നറിയിപ്പ് സംവിധാനങ്ങൾ, IEC മെറ്റീരിയലുകൾ എന്നിവ തൊഴിൽ വകുപ്പുമായി ചേർന്ന് നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ കാൾ സെന്ററുകളിൽ അഥിതി തൊഴിലാളികൾ, വിനോദ സഞ്ചാരികൾ എന്നിവർക്കായുള്ള വിവിധ

ഭാഷകൾ കൈകാര്യം ചെയ്യുന്ന കാൾ സെന്റർ സൗകര്യം സജ്ജീകരിക്കുക.

## 6.38 കെ.എസ്.അർ.ഇ.സി (KSREC)

1. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ഉപഗ്രഹ ചിത്രങ്ങൾ, High Resolution Digital Elevation Model, ഭൂവിവരങ്ങൾ എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക.
2. ദുരിതാശ്വാസ ഘട്ടത്തിൽ ഭൂവിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിന് തദ്ദേശ-സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരെ സഹായിക്കുക
3. പുനർനിർമ്മാണ ഘട്ടത്തിൽ ഭൂവിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിന് തദ്ദേശ-സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരെ സഹായിക്കുക
4. ദുരന്ത ബാധിത പ്രദേശത്ത് ഡ്രോൺ സർവേ നടത്തുന്നതിന് തദ്ദേശ-സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരെ സഹായിക്കുക

## 6.39 കേരള മാനസികാരോഗ്യ അതോറിറ്റി

1. സംസ്ഥാനത്തെ അംഗീകൃത കൗണ്സിലിംഗ് വ്യക്തികളെ കണ്ടെത്തുകയും ഇവരുടെ പട്ടിക തയ്യാറാക്കി വെക്കുകയും ദുരന്ത സാഹചര്യങ്ങളിൽ കൗൺസിലിംഗ് പ്രവർത്തികളിൽ ഇവരെ വിനിയോഗിക്കുകയും ചെയ്യുക.
2. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, UNICEF എന്നിരുടെ സംയുക്ത കലാധിഷ്ഠിത മാനസിക സാമൂഹിക പരിചരണ പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലർമാരെയും, കുടുംബശ്രീ കൗൺസിലർമാരെയും ദുരന്തബാധിതരായ കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷിക്കാൻ വിനിയോഗിക്കുക
3. ദുരന്തബാധിതരായവരുടെ മാനസിക ആരോഗ്യ പരിപാലന ചുമതല കേരള മാനസികാരോഗ്യ അതോറിറ്റിയിൽ നിക്ഷിപ്തമാണ്

4. ജില്ലാദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലെ അതിഥികളുടെ മാനസികാരോഗ്യം പരിരക്ഷിക്കുക.

## 7 ജില്ലാ കളക്ടർമാർക്കുള്ള തയ്യാറെടുപ്പ് പരിശോധന പട്ടിക

1. മൺസൂൺ തയ്യാറെടുപ്പ് DDMA യോഗം ചേർന്നിട്ടുണ്ടോ: ഉണ്ട്/ഇല്ല
2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും LSGD ജോയിന്റ് ഡയറക്ടർമാർ യോഗം നടത്തിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
3. ജില്ലയിലെ Hazard Maps പരിശോധിച്ച് A0 വലുപ്പത്തിൽ പ്രിന്റ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടോ (https://sdma.kerala.gov.in/hazard-maps/): ഉണ്ട്/ഇല്ല
4. Orange Bookൽ നിർവചിച്ചിരിക്കുന്ന ദുർബല വിഭാഗങ്ങളെ ആദ്യഘട്ട ഒഴിപ്പിക്കലിനായി തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
5. എല്ലാ LSGD-കളും പ്രീ-മൺസൂൺ ശുചീകരണം നടത്തിയതായി ഉറപ്പാക്കിയിട്ടുണ്ടോ (Circular No. WM3/40/2026-LSGD dated 25-2-2026): ഉണ്ട്/ഇല്ല
6. അണക്കെട്ട്/ബാരേജ് ഉടമസ്ഥ വകുപ്പുകൾ സ്ലൂയിസ് ഗേറ്റുകളുടെ പരിപാലനം നടത്തിയതായി ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
7. SEOC-യിലേക്കുള്ള Hotline പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
8. DEOC-യിലെ Satellite Phone പ്രവർത്തനക്ഷമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ (https://sdma.kerala.gov.in/wp-content/uploads/2020/09/Satellite-Phone-Circular-2019.pdf): ഉണ്ട്/ഇല്ല
9. അണക്കെട്ട് ഉടമസ്ഥ വകുപ്പുകളുടെ Satellite Phones പ്രവർത്തനക്ഷമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
10. എല്ലാ അണക്കെട്ടുകളുടെയും/ബാധകമായ അണക്കെട്ടുകളുടെയും Emergency Action Plans, Rule Curve എന്നിവ പുതുക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
11. പോലീസിന്റെ Satellite Phones പ്രവർത്തനക്ഷമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
12. DEOC-ൽ വ്യത്യസ്ത നെറ്റ്‌വർക്കുകളിലുള്ള രണ്ട് മൊബൈൽ ഫോണുകൾ പ്രവർത്തനക്ഷമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല

13. DEOC-ൽ രണ്ട് പകരം ഇന്റർനെറ്റ് കണക്ഷനുകൾ ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
14. DEOC-ലേക്ക് പ്രത്യേക സ്റ്റാഫ് നിയമിച്ചിട്ടുണ്ടോ (ഓരോ വകുപ്പിൽ നിന്നും 6 പേർ വീതം): ഉണ്ട്/ഇല്ല
15. TEOC-ൽ പ്രത്യേക മൊബൈൽ ഫോൺ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
16. TEOC-ൽ കുറഞ്ഞത് ഒരു ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
17. IRS താലൂക്ക് തലത്തിൽ വരെ നോട്ടിഫൈ ചെയ്തിട്ടുണ്ടോ: ഉണ്ട്/ഇല്ല
18. Orange Book-ന്റെ പകർപ്പ് ജില്ലാ കളക്ടറുടെ ഡെസ്കിൽ, DEOC-ൽ, JD LSGD-യുടെ ഡെസ്കിൽ, ഫിനാൻസ് ഓഫീസറുടെ ഡെസ്കിൽ എന്നിവിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
19. പോലീസ്, ഫയർ & റെസ്ക്യൂ, ആപ്ദ മിത്ര, NDRF (ലഭ്യമെങ്കിൽ), മറ്റ് കേന്ദ്ര സായുധ സേനകൾ എന്നിവയുമായി ഏകോപനം നടത്തിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
20. 2026-ൽ സർക്കാർ അനുവദിച്ച Rs. 1 കോടി (Flood Other Items) തുകയിൽ നിന്ന് LSGD-കൾക്ക് Orange Book Section 5(12)(A)(c & d) പ്രകാരം മുൻകൂർ ഫണ്ട് നൽകിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
21. Orange Book Section 4 (ii) പ്രകാരം ജില്ലാ/താലൂക്ക് EOC-കൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യവും പ്രവർത്തനക്ഷമവുമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
22. Orange Book Section 5.12 (A) (e) പ്രകാരം എല്ലാ Village Officers-ക്കും Rs.25,000/- മുൻകൂർ നൽകിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
23. PWD, LSGD Engineering Wing, KSEB, Irrigation Department എന്നിവ Rapid Response Teams രൂപീകരിച്ചിട്ടുണ്ടോ: ഉണ്ട്/ഇല്ല
24. KSDMA പുറത്തിറക്കുന്ന കാലാവസ്ഥ/പൊതു മുന്നറിയിപ്പുകൾ സമയബന്ധിതമായി ജില്ലാ സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി I&PRD പ്രത്യേക സോഷ്യൽ മീഡിയ പ്രതിനിധിയെ നിയോഗിച്ചിട്ടുണ്ടോ: ഉണ്ട്/ഇല്ല

25. എല്ലാ LSGD-കളുടെയും WhatsApp ഗ്രൂപ്പുകൾ രൂപീകരിച്ച് ജനപ്രതിനിധികളും സെക്രട്ടറിമാരും അംഗങ്ങളാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
26. ജില്ലയിലെ MLAs, MPs എന്നിവരെ ഉൾപ്പെടുത്തി WhatsApp ഗ്രൂപ്പ് രൂപീകരിച്ച് KSDMA മുന്നറിയിപ്പുകൾ പങ്കുവെയ്ക്കുന്നുണ്ടോ: ഉണ്ട്/ഇല്ല
27. LSGD-കൾ Disaster Management Working Group Meetings നടത്തിയിട്ടുണ്ടോ, അടിയന്തര പ്രതികരണത്തിനായി contingency funds earmark ചെയ്തിട്ടുണ്ടോ: ഉണ്ട്/ഇല്ല
28. LSGD-കൾ ക്യാമ്പ് ലൊക്കേഷനുകൾ തിരിച്ചറിഞ്ഞ് Village Officers-നൊപ്പം തയ്യാറെടുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
29. Cyclone Shelters-ൽ വൈദ്യുതി, ശുചിത്വം, പ്ലംബിംഗ്, മലിനജല സംവിധാനം, മാലിന്യ സംസ്കരണം, ജനറേറ്റർ, ലൈറ്റുകൾ, ഫാനുകൾ തുടങ്ങിയവ പരിശോധിച്ച് Shelter Management Committee മുഖേന പ്രതിരോധ പരിപാലനം നടത്തിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
30. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ random walk checking നടത്തി Geology, Soil Conservation Departments വഴി ദുർബല വിഭാഗങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ടോ: ഉണ്ട്/ഇല്ല
31. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിൽ random walk checking നടത്തി Irrigation, LSGD Departments വഴി ദുർബല വിഭാഗങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ടോ: ഉണ്ട്/ഇല്ല
32. Flood water draining pumps, ambulances, JCBs, Hitachi, boats, chain saws, Aska Lights, Hospitals-ഉം പ്രധാന ഓഫീസുകളുടേയും generators എന്നിവ പരിശോധിച്ച് ലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
33. DDMA/താലൂക്ക് ഉദ്യോഗസ്ഥർക്ക് നിർണായക സ്ഥലങ്ങളിലേക്കുള്ള യാത്രയ്ക്കായി rugged vehicles (Bolero/Gurkha) contract arrangement വഴി ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല

34. ആശുപത്രികളുടെ വൈദ്യുതി കണക്ഷനുകൾ പരിശോധിച്ച് 2018-ലെ വെള്ളപ്പൊക്ക ജലനിരപ്പ് പരിഗണിച്ച് വെള്ളപ്പൊക്ക ബാധ ഉണ്ടാകില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
35. School Safety checks പൂർത്തിയായിട്ടുണ്ടോ: ഉണ്ട്/ഇല്ല
36. എല്ലാ സ്കൂളുകളും Uschool App പൂരിപ്പിച്ചിട്ടുണ്ടോ: ഉണ്ട്/ഇല്ല
37. SupplyCo, Civil Supplies, HortiCorp, MatsyaFed എന്നിവരുമായി അവശ്യവസ്തുക്കളുടെയും ഇന്ധനത്തിന്റെയും വിതരണത്തിനായി ഏകോപനം നടത്തിയിട്ടുണ്ടോ: ഉണ്ട്/ഇല്ല
38. അവശ്യവസ്തു വിതരണത്തിനായി rate contracts നിലവിലുണ്ടോ: ഉണ്ട്/ഇല്ല
39. ജില്ലയിലെ DM Directory തയ്യാറാക്കി ഉറപ്പാക്കിയിട്ടുണ്ടോ: ഉണ്ട്/ഇല്ല

## 8 ഉപസംഹാരം

ദുരന്തങ്ങളിൽ വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുന്നത് കുറയ്ക്കുന്നതിനാണ് നിലവിൽ രാജ്യത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ പ്രാമുഖ്യം നൽകുന്നത്. പല മാതൃകകളും ദുരന്ത നിവരണത്തിൽ കേരളം മുന്നോട്ട് വച്ചിട്ടുണ്ട്. കേരളത്തിന്റെ ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണ പദ്ധതി രാജ്യത്തിന് തന്നെ മാതൃകയാകുകയും ദേശീയ ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണ മാർഗ്ഗ രേഖയിൽ മറ്റ് സംസ്ഥാനങ്ങൾ പിന്തുടരേണ്ടുന്ന പദ്ധതിയായി പരാമർശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം സമഗ്ര മേഖലയിലും വ്യാപിച്ചു.

ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിലും, പ്രതികരണ പ്രവർത്തനങ്ങളിലും നാം ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഓരോ അനുഭവത്തിൽ നിന്നും ശാസ്ത്രീയമായി പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, തിരുത്തൽ വരുത്തേണ്ടിടത്ത് തിരുത്തൽ വരുത്തി, കൂടുതൽ കാര്യക്ഷ്യമതയോടെ, ദുഷ്കരമായ ദുരന്ത സാഹചര്യങ്ങളെ നേരിടുവാനും, ദുരന്ത സാഹചര്യങ്ങൾ ലഘൂകരിക്കുവാനും ആസൂത്രണം നടത്തി വിജയിക്കുന്ന സമീപനമാണ് ആധുനിക സമൂഹത്തിന് ആവശ്യം.

ഇലക്ഷൻ നടത്തുന്ന അതേ തയ്യാറെടുപ്പും, അതേ കൃത്യതയോടും കൂടി മഴക്കാല ദുരന്തങ്ങളെ നേരിടാൻ തയ്യാറെടുപ്പ് പ്രവർത്തനങ്ങളും, പ്രതികരണ പ്രവർത്തനങ്ങളും നടത്തുവാൻ നമുക്ക് സാധിക്കണം. ഇതിലേക്കായി ഈ മാർഗ്ഗരേഖ കൂടുതൽ പരിഷ്കരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥരിൽ നിന്നും ക്ഷണിക്കുന്നു. ഓരോ വർഷവും ഈ കൈപുസ്തകം പുനർപ്രസിദ്ധീകരിക്കുമ്പോൾ മുൻ വർഷത്തെ അനുഭവങ്ങളും, നല്ല ശീലങ്ങളും സംഗ്രഹിച്ച് സന്നിവേശിപ്പിക്കും.

ശാസ്ത്രം, അനുഭവം, ആസൂത്രണം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തന രീതിയാണ് കേരളത്തിന് എന്നും സാമൂഹിക മാനദണ്ഡങ്ങളിൽ മുൻനിരയിൽ നിൽക്കുവാൻ സഹായിച്ചിട്ടുള്ളത്. സുരക്ഷിത കേരളത്തിനായി നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം.

ഈ കൈപുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മുന്നൊരുക്ക പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അതാത് വകുപ്പുകൾ ദുരന്ത നിവാരണ വകുപ്പിലേക്ക് ജൂൺ 20അം തീയതി റിപ്പോർട്ട് നൽകേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അവരവരുടെ മുന്നൊരുക്ക നടപടികൾ സംബന്ധിച്ചും, ജില്ല തലത്തിൽ വിവിധ വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനമായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ജൂൺ 20അം തീയതി നൽകേണ്ടതാണ്.

## 9 അനുബന്ധം 1 ദൈനംദിന ദുരന്ത റിപ്പോർട്ട് സമർപ്പിക്കേണ്ട ഫോർമാറ്റ്

**ഓരോ വകുപ്പുകളും അവരവരുടെ ഫോർമാറ്റ് ദിവസവും 3 മണിക്ക് മുൻപായി പൂരിപ്പിക്കുക**

തദേശ സ്വയംഭരണ വകുപ്പ് (പഞ്ചായത്ത്)

| District | **No of Anganwadis Damaged** | **No of Schools damaged** | **No of Primary Health centres damaged** | **No of panchayath owned Buildings damaged** | **Length of (km) -LSGD Roads damaged** |
|---|---|---|---|---|---|
| Thiruvananthapuram | | | | | |
| Kollam | | | | | |
| Pathanamthitta | | | | | |
| Alappuzha | | | | | |
| Kottayam | | | | | |
| Idukki | | | | | |
| Ernakulam | | | | | |
| Thrisssur | | | | | |
| Palakkad | | | | | |
| Malappuram | | | | | |
| Kozhikode | | | | | |
| Wayanad | | | | | |
| Kannur | | | | | |
| Kasaragod | | | | | |

തദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യം)

| District | **No of Anganwadis Damaged** | **No of Schools damaged** | **No of Primary Health centres damaged** | **No of panchayath owned Buildings damaged** | **Length of (km) -LSGD Roads damaged** |
|---|---|---|---|---|---|
| Thiruvananthapuram | | | | | |
| Kollam | | | | | |
| Pathanamthitta | | | | | |
| Alappuzha | | | | | |
| Kottayam | | | | | |
| Idukki | | | | | |
| Ernakulam | | | | | |
| Thrisssur | | | | | |

| | | | | | |
|---|---|---|---|---|---|
| Palakkad | | | | | |
| Malappuram | | | | | |
| Kozhikode | | | | | |
| Wayanad | | | | | |
| Kannur | | | | | |
| Kasaragod | | | | | |

മൃഗ സംരക്ഷണ വകുപ്പ്

| Animal husbandry monsoon damage assessment | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Sl No | Districts | No of camps opened | Number of inmates | Animal loss | | | | Shed/poultry shed damaged | Feed and Fodder distributed(Quantity ) |
| | | | | Buffalo / cow/ Camel | Sheep/Goat | Calf | Poultry | | |
| | Thiruvananthapuram | | | | | | | | |
| | Kollam | | | | | | | | |
| | Pathanamthitta | | | | | | | | |
| | Alappuzha | | | | | | | | |
| | Kottayam | | | | | | | | |
| | Idukki | | | | | | | | |
| | Ernakulam | | | | | | | | |
| | Thrisssur | | | | | | | | |
| | Palakkad | | | | | | | | |
| | Malappuram | | | | | | | | |
| | Kozhikode | | | | | | | | |
| | Wayanad | | | | | | | | |
| | Kannur | | | | | | | | |
| | Kasaragod | | | | | | | | |

മത്സ്യ ബന്ധന വകുപ്പ്

| Fisheries Department damage assessment | | | | | | | |
|---|---|---|---|---|---|---|---|
| Sl No | Districts | No of Fisheries villages affected | Number of Boats damaged | | Number of Nets damaged | | Number of fish farms affected |
| | | | Fully | Partially | Fully | Partially | |
| | Thiruvananthapuram | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | Kollam | | | | | | |
| | Pathanamthitta | | | | | | |
| | Alappuzha | | | | | | |
| | Kottayam | | | | | | |
| | Idukki | | | | | | |
| | Ernakulam | | | | | | |
| | Thrisssur | | | | | | |
| | Palakkad | | | | | | |
| | Malappuram | | | | | | |
| | Kozhikode | | | | | | |
| | Wayanad | | | | | | |
| | Kannur | | | | | | |
| | Kasaragod | | | | | | |

വൈദ്യുതി വകുപ്പ്

| **KSEB Damage assessment monsoon** | | | | |
|---|---|---|---|---|
| **Sl No** | **Districts** | **No of transformers damaged** | **No of poles damaged** | **Length of conducters damaged (KM)** |
| | Thiruvananthapuram | | | |
| | Kollam | | | |
| | Pathanamthitta | | | |
| | Alappuzha | | | |
| | Kottayam | | | |
| | Idukki | | | |
| | Ernakulam | | | |
| | Thrisssur | | | |
| | Palakkad | | | |
| | Malappuram | | | |
| | Kozhikode | | | |
| | Wayanad | | | |
| | Kannur | | | |
| | Kasaragod | | | |

പൊതുമരാമത്ത് വകുപ്പ്

| PWD damage assessment | | | |
|---|---|---|---|
| Sl No | Districts | Length of road damaged (KM) | Number of bridges damaged |
| | Thiruvananthapuram | | |
| | Kollam | | |
| | Pathanamthitta | | |
| | Alappuzha | | |
| | Kottayam | | |
| | Idukki | | |
| | Ernakulam | | |
| | Thrisssur | | |
| | Palakkad | | |
| | Malappuram | | |
| | Kozhikode | | |
| | Wayanad | | |
| | Kannur | | |
| | Kasaragod | | |

പ്രസ്തുത വിവരങ്ങൾ എല്ലാ വകുപ്പുകളും എല്ലാ ആഴ്ചയും സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിക്ക് ***seoc.gok@gmail.com*** എന്ന ഇമെയിലിൽ ലഭ്യമാക്കേണ്ടതാണ്.

# 10 അനുബന്ധം 2: എല്ലാ മാസവും സമർപ്പിക്കേണ്ടുന്ന ദുരന്ത റിപ്പോർട്ടിന്റെ ഫോർമാറ്റ്

**(എല്ലാ മാസവും അവസാന പ്രവർത്തി ദിവസം 5 മണിക്ക് ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് seoc.gok@gmail.com എന്ന ഇമെയിലിൽ ലഭ്യമാകേണ്ടതാണ്)**

**Format for District Level Statistics on Disasters issued by Ministry of Home Affairs, Govt. of India vide Ltr. No. 32-4/2011-NDM-I dated 28th March 2013**

Most Immediate/ By Speed Post

No.32-4/2011-NDM-I
Government of India
Ministry of Home Affairs
(Disaster Management Division)

"C" Wing 3rd Floor NDCC-II
Jai Singh Road New Delhi-110001
Dated the 28th March2013

To

The Relief Commissioner/ Secretaries,
Department of Revenue & Disaster Management,
(All States/ UTs.)

Subject: Request for implementation of uniform format I and IT for submission of disaster statistics by States/ UTs- regarding.

Sir/ Madam,

I am directed to inform that as a follow-up of the report of the High Powered Committee on Disasters Management in India, Ministry of Statistics and Programme Implementation has developed two dynamic formats (format I and II) for collection of data on various disaster form States/UTs. And sending the said data to Central Statistics Office (copy enclosed). A code list on Disasters is attached with formats. For district codes, the census district codes would be adopted for making online entry by the responders and stakeholders at the district level. Further, in order to facilitate the States/UTs. To provide (disaster data in these formats) online software is being developed by Ministry of Statistics and Programme Implementation and will be provided to the States/UTs. Shortly.

3. It is mentioned that usage of disaster statistics is very vital for preparation of policy and planning, mitigation, response and recovery situation in the county. As such once the standardized format is fully operational, disaster statistics will fill in the critical gap in the field of better panning, policy, preparedness and management of disaster in the county. The States/UTs Governments are requested to kindly furnish/ provide requisite information, to the Ministry of Statistics and programme Implementation for the year 2001-2012 in the prescribed revised format I and II directly, to enable them to compile the information for further use under intimation to this Ministry.

Yours faithfully

(Dev Kumar)
Tele; 23438123/Fax; 23438106

Encl: as above

Copy for necessary follows up to:-

Shri V. Parameswaran, Dy. Director General, M/o Statistic & Programme Implementation , central Statistics office, West Block-8 Wing-6, R.K Puram, New Delhi-110066.

## FORMAT FOR COLLECTION OF STATISTICS ON DISASTER: DISTRICT LEVEL

| |
|---|
| Name of Disaster(with code): |
| Name of District (with code): |
| Date of Disaster (DD/MM/YYYY): |
| Affected population(no.) |
| Percentage of affected population (%) |
| Villages affected (no) |
| Families affected (no) |

| S. No. | ITEM | |
|---|---|---|
| 1. | LIVES | |
| | (a) Number of Deaths(no.) | |
| | Male | |
| | Female | |
| | Children | |
| | (b) Number of injuries(no) | |
| | (i)major | |
| | Men | |
| | Women | |
| | Children | |
| | (ii)minor | |
| | Men | |
| | Women | |
| | Children | |
| | | |
| 2. | LIVESTOCKS | |
| | (a) Number of animal perished(no.) | |
| | (i)cow | |
| | (ii)buffalo | |
| | (iii)Sheep | |
| | (iv)Goats | |
| | (v)Camels | |
| | (vi)Horse/mules/donkey | |
| | (vii)Poultry/ duck | |
| | (viii)Pigs | |
| | (x)Others | |
| | | |
| 3. | **AGRICULTURE**<br><br>**Season: Rabi/Kharif** | |
| | (a) Food grains | |
| | (i) Sown area affected (hectr) | |

| | | |
|---|---|---|
| | (ii) Production lost tons | |
| | (a)Cash corps | |
| | (iii) Sown area affected (hectrs) | |
| | (iv) Production lost (tosns) | |
| | (c)Horticultural crops | |
| | (v) Sown area affected(hects) | |
| | (vi) Production lost (tons) | |
| | (d)Trees uprooted(no) | |
| | (e) area Affected (hectrs) | |
| **4.** | **HOUSING** | |
| | Number of affected houses(no) | |
| | (a) Rural | |
| | (i) Kuchha | |
| | Fully | |
| | Partially | |
| | (ii) Pucca | |
| | Fully | |
| | Partially | |
| | (b) Urban | |
| | (i) Kuchha | |
| | Fully | |
| | Partially | |
| | (ii) Pucca | |
| | Fully | |
| | Partially | |
| **5.** | **INFRASRUCTURE** | |
| | **(A)ROADS** | |
| | (a) Road length damaged (km) | |
| | (i) National highway | |
| | (ii) State highway | |
| | (iii) District road | |
| | (iv) Others | |
| | (B)Villages disconnected to transportation facility | |
| | (i) Number | |
| | (ii) Days | |
| | **(B) BRIDGES** | |
| | (a) Motorables (no) | |
| | Fully | |
| | Partially | |
| | (b)Pedestrian(no) | |
| | Fully | |
| | Partially | |
| | **(C) WATER SUPPLY SYSTEM** | |
| | (a) Pipe line | |
| | (i) Trunk(no) | |
| | Fully damaged | |
| | Partially damaged | |
| | (ii) Distribution (no) | |
| | Fully damaged | |
| | Partially damaged | |

| | | |
|---|---|---|
| | (b) Pumping station(no) | |
| | Fully damaged | |
| | Partially damaged | |
| | (c) Overhead reservoirs | |
| | Fully damaged | |
| | Partially damaged | |
| | (d) Water treatment plant | |
| | Fully damaged | |
| | Partially damaged | |

| | | |
|---|---|---|
| | (e) Drinking Water Tanks (no.) | |
| | fully damaged | |
| | partially damaged | |
| | (f) Drinking Water Wells (no.) | |
| | fully damaged | |
| | partially damaged | |
| | (g) others ( please mention) | |
| | fully damaged | |
| | partially damaged | |
| | (D) SWERAGE SYSTEM | |
| | (a) trunk ( no ) | |
| | fully damaged | |
| | partially damaged | |
| | (b) distribution ( no ) | |
| | fully damaged | |
| | partially damaged | |
| | ( c ) sewerage treatment plant (no) | |
| | fully damaged | |
| | partially damaged | |
| | **(E) IRRIGATION** | |
| | ( a ) breach of canal damaged | |
| | number | |
| | ( b ) breach of dam damaged | |
| | number | |
| | ( c ) irrigation tank damaged | |
| | number | |
| | ( d ) irrigation wells damaged | |
| | number | |
| | ( e ) reservoirs damaged | |
| | number | |
| | **( F ) ELECTRICITY SUPPLY*** | |
| | ( a ) high tension lines damaged | |
| | length | |
| | No of days | |
| | ( b ) low tension line damaged | |
| | length | |
| | No of days | |
| | ( c ) transformers damaged | |

| | | |
|---|---|---|
| | number | |
| | No of days | |
| | ( d ) substations damaged | |
| | number | |
| | No of days | |
| *Note : For more than one damages the average no of days may be reported against items " No of days " | | |
| | **( G ) BUILDING** | |
| | ( a ) primary schools ( no ) | |
| | partially | |
| | fully | |
| | ( b ) secondary schools ( no ) | |
| | partially | |
| | fully | |

| | | |
|---|---|---|
| | ( c ) Community center ( no ) | |
| | partially | |
| | fully | |
| | ( d ) health centers ( no ) | |
| | Dispensaries | |
| | PHCs | |
| | Hospitals ( DH /SDH ) | |
| | ( e ) Other Government Building | |
| | partially | |
| | fully | |
| | **H.SHOPS AND OTHER COMMERCIAL BUILDING DAMAGED** | |
| | ( a ) shops | |
| | partially | |
| | fully | |
| | ( b ) other commercial buildings | |
| | partially | |
| | fully | |
| | **(I ) OTHER UTILITIES** | |
| | | |
| | ( a ) land telephone disrupted ( no. of days ) | |
| | ( b ) mobile phones disrupted ( no. of days ) | |
| | ( c ) villages disconnected to communication facilities ( no .) | |
| | ( i ) Number | |
| | ( ii ) Days | |
| **6.** | **HEALTH** | |
| | Occurrence of epidemics ( no. of persons affected ) : ( a ) **water borne** | |
| | ( i ) Cholera | |
| | ( ii ) Diarrhea | |
| | ( iii ) Others | |

| | | |
|---|---|---|
| | ( b) vector borne | |
| | ( i ) Malaria | |
| | ( ii ) Dengue | |
| | ( iii ) Plague | |
| | ( iv ) Other | |
| | ( c ) Others | |
| | | |
| | TOTAL EXPENDITURE INCURRED ON MITIGATION | |
| | | |
| | | |

**ദുരന്തങ്ങളുടെ കോഡ്**

- ദേശീയ തലത്തിൽ അംഗീകരിച്ചിട്ടുള്ള ദുരന്തങ്ങൾ - A) വെള്ളപ്പൊക്കം, B) ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറ വീഴ്ച/പറ നിരങ്ങൽ, C) വരൾച്ച, D) ചുഴലിക്കാറ്റ്, E) ഭൂമികുലുക്കം, F) മേഘസ്ഫോടനം, G) ആലിപ്പഴ വീഴ്ച, H) സുനാമി, I) തീ, J) കീടാക്രമണം, K) ശൈത്യതരംഗം/ശീതാഘാതം, L) ഹിമപാതം. ഇവയുടെ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായം GO (Ms) No. 6/2023/DMD dated 18-6-2023 പ്രകാരം നിർണയിച്ചിട്ടുണ്ട്.
- സംസ്ഥാന സവിശേഷ ദുരന്തങ്ങൾ - M) തീരശോഷണം, N) ഇടിമിന്നൽ, O) ശക്തമായ കാറ്റ്, P) കുഴലീകൃത മണ്ണൊലിപ്പ്, Q) ഉഷ്ണതരംഗം/സൂര്യാഘാതം/സൂര്യതാപം, R) മനുഷ്യ-മൃഗ സംഘർഷം. തീരശോഷണം, ഇടിമിന്നൽ, ശക്തമായ കാറ്റ് എന്നിവയുടെ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായം GO (Ms) No. 343/2015/DMD dated 23-07-2015 പ്രകാരം നിർണയിച്ചിട്ടുണ്ട്. കുഴലീകൃത മണ്ണൊലിപ്പിന്റെ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായം GO (Rt) No. 149/2017/DMD dated 18-01-2017 പ്രകാരം നിർണയിച്ചിട്ടുണ്ട്. ഉഷ്ണതരംഗം/സൂര്യാഘാതം/സൂര്യതാപം എന്നിവയുടെ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായം GO (Ms) No. 9/2019/DMD dated 9-03-2019 പ്രകാരം നിർണയിച്ചിട്ടുണ്ട്.

## 11 അനുബന്ധം 3: ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. തദ്ദേശ സ്ഥാപന തലത്തിൽ, ഒന്നോ രണ്ടോ (ചുരുങ്ങിയത് രണ്ട് വർഡുകൾക്ക് ഒന്ന് എന്ന നിലയിൽ) വാർഡുകൾക്കായി ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം എന്ന നിലയിൽ കണ്ടെത്തി അതാത് തദേശ സ്ഥാപനത്തിലെ ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുക. ഒരു വാർഡിൽ ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം കണ്ടെത്തേണ്ടുന്ന ചുമതല അതാത് തദ്ദേശ സ്ഥാപനത്തിലെ സെക്രട്ടറി നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥനും, പ്രദേശത്തെ വില്ലേജ് ഓഫീസർക്കും സംയുക്തമായിട്ടായിരിക്കും.
2. ക്യാമ്പുകളുടെ പൊതു നടത്തിപ്പ് ചുമതല അതാത് സ്ഥലത്തെ വില്ലേജ് ഓഫീസർക്കായിരിക്കും
3. ക്യാമ്പ് നടത്തിപ്പിനായി വില്ലേജ് ഓഫീസറുടെ കൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ചാർജ് ഓഫീസറെ നിയോഗിക്കേണ്ടതാണ്.
4. ജില്ലയിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചാൽ ചുവടെ ചേർക്കുന്ന വിഭാഗത്തിൽ ഉള്ളവർ ദുരിതാശ്വാസ ക്യാമ്പുകളിലെ തിരക്ക് ഒഴിവാക്കാനായി, ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ സുരക്ഷിതമായ സ്ഥലങ്ങളിലെ വീടുകളിലേക്ക് മാറി താമസിക്കുന്നത് പ്രോഹത്സാഹിപ്പിക്കുക.
   i. പുറമ്പോക്കിൽ വസിക്കുന്നവർ
   ii. ഉന്നതികൾ, നഗറുകൾ, പുഴയുടെയോ, നീർചാലുകളുടെയോ ഓരത്ത് താമസിക്കുന്നവർ
   iii. വയൽ കരകളിൽ താമസിക്കുന്നവർ
   iv. മലയുടെ ചരിവുകളിലും, ഒറ്റപ്പെട്ട പ്രദേശത്തും, ഒറ്റപ്പെട്ട എസ്റ്റേറ്റ് ലേബർ ക്യാബകൾ എന്നിവിടങ്ങളിൽ വസിക്കുന്നവർ
   v. 2018ലോ, 2019ലോ, 2021ലോ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം എന്നിവ ബാധിക്കുകയും, വസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ്

ഇന്ത്യ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നിയോഗിച്ച സംഘം കണ്ടെത്തുകയും ചെയ്ത വീടുകളിലോ താമസിക്കുന്ന ദുരന്ത ബാധിതർ

vi. പുറമ്പോക്കിൽ താമസക്കാരായിരുന്ന, വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

vii. ലയങ്ങളിൽ താമസക്കാരായിരുന്ന, ലയം പൂർണ്ണമായും തകരുകയോ, വാസയോഗ്യമല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങൾ

viii. ദുരിതാശ്വാസ സഹായം ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങൾ

ix. ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, വാർദ്ധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ, വൃദ്ധസദനങ്ങളിലെ താമസക്കാർ, കുട്ടികളുടെ ഹോസ്റ്റലുകൾ, അതിദരിദ്രർ പട്ടികയിൽ ഉൽപ്പെടുത്തിയിട്ടുള്ളവർ

5. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ, ഒന്നോ രണ്ടോ (ചുരുങ്ങിയത് രണ്ട് വർഡുകൾക്ക് ഒന്ന് എന്ന നിലയിൽ) വാർഡുകൾക്കായി ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം എന്ന നിലയിൽ കണ്ടെത്തി അതാത് തദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുക. ഒരു വാർഡിൽ ഒരു ക്യാമ്പ് നടത്തുവാൻ ഉതകുന്ന കെട്ടിടം കണ്ടെത്തേണ്ടുന്ന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥനും, പ്രദേശത്തെ വില്ലേജ് ഓഫീസർക്കും സംയുക്തമായിട്ടായിരിക്കും.

6. ദുരന്ത പ്രതികരണ നിധിയുടെ പുതിയ മാനദണ്ഡം അനുസരിച്ചു Preparedness (തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ)നായി തുക ചെലവഴിക്കാം. എല്ലാ പഞ്ചായത്തുകൾക്കും 2245-02-101-94-Flood-Other itemsൽ നിന്നും 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും, കോർപ്പറേഷൻ 5 ലക്ഷം രൂപയും നല്കുക. ഈ തുക മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഉപയോഗിക്കുവാൻ പാടില്ല.

അതാത് തദേശ സ്ഥാപന മേഖലയിൽ കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുച്ചി മുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മാത്രമെ ഈ തുക ഉപയോഗിക്കുവാൻ പാടുള്ളൂ. ഒരു തദ്ദേശ സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഈ തുകയ്ക്ക് അർഹത ഉണ്ടാക്കൂ.

7. ഓരോ വാർഡിലും ദുരിതാശ്വാസ ക്യാമ്പുകളായി തെരഞ്ഞെടുത്ത കെട്ടിടങ്ങളിലേക്കുള്ള സുരക്ഷിതമായ വഴി അടയാളപ്പെടുത്തി പ്രസിദ്ധീകരിക്കുക. ഇവ ദുരന്ത സാധ്യതാ പ്രദേശങ്ങളിലുള്ള ജനങ്ങളെ അറിയിക്കുക.
8. ക്യാമ്പിൽ 60 വയസിന് മുകളിൽ ഉള്ള ദീർഘസ്ഥായീരോഗങ്ങളുള്ളവർ ഉണ്ടെങ്കിൽ അത്തരത്തിൽ ഉള്ള എല്ലാവരെയും ക്യാമ്പിലെ തന്നെ മറ്റൊരു കെട്ടിടത്തിൽ താമസിപ്പിക്കുവാൻ ശ്രമിക്കുക.
9. കുടുംബമായി ക്യാമ്പിൽ എത്തുന്നവർക്ക് ഒന്നിച്ച് താമസിക്കാനുള്ള സൗകര്യമുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സർക്കാർ സ്കൂളുകളുടെ ഒരു ക്ലാസ്മുറി 20 x 20 അടി എന്ന് കണക്കാക്കിയാൽ ഒരു മുറിയിൽ പരമാവധി 8 മുതൽ 12 വ്യക്തികൾ, അല്ലെങ്കിൽ പരമാവധി 2 കുടുംബം മാത്രം താമസിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
10. ഓരോരുത്തർക്കും ആവശ്യമായ കിടക്കകൾ, ബെഡ്ഷീറ്റ്, സോപ്പ്, ടവൽ, മാസ്ക് എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തണം. ഇവ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്നതിനായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പ് വരുത്തുകയോ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നു വാങ്ങുകയോ ചെയ്യാം.
11. എല്ലാവരും പരസ്പരം ഇടപഴുകാൻ സാധ്യതയുള്ള സമയങ്ങളിലെല്ലാം മാസ്ക് ധരിക്കണം
12. തുണി കൊണ്ട് ഉണ്ടാക്കിയ, പുനരുപയോഗിക്കാവുന്ന മാസ്കുകൾ ഉപയോഗിക്കുന്നത് പ്രോഹത്സാഹിപ്പിക്കുക
13. ഇത്തരം മാസ്ക് ഉപയോഗിക്കുമ്പോൾ പരിഗണിക്കേണ്ട നടപടികൾ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ ക്യാമ്പിൽ

പ്രദർശിപ്പിക്കുക. Cloth Mask - Best practices - No. 31/F2/2020/Health dated 6th April 2020 (http://dhs.kerala.gov.in/wp-content/uploads/2020/04/mask08042020.pdf)

14. ക്യാമ്പിൽ കൈകൾ സോപ്പുപയോഗിച്ച് കഴുകുവാനുള്ള സൗകര്യം ഒരുക്കണം

15. വസ്ത്രം അണുവിമുക്തമാക്കുന്നതിനും കഴുകുന്നതിനുമുള്ള സൗകര്യം ഉറപ്പാക്കണം.

16. ക്യാമ്പിലേക്ക് വസ്തുക്കൾ കൊണ്ടുവരുന്നത്തിന് പരമാവധി കുറച്ചു പ്ലാസ്റ്റിക്ക് പാക്കിങ്ങുകൾ ഉപയോഗിക്കുക

17. ക്യാമ്പുകൾ നടത്താൻ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ അതാത് വില്ലേജ് ഓഫീസറും, തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിച്ച ചാർജ്ജ് ഓഫീസറും സൂക്ഷിക്കേണ്ടതാണ്. കെട്ടിടങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ഉള്ളതായിരിക്കണം എന്ന് നിർബന്ധം ഇല്ല.

18. സർക്കാർ കെട്ടിടം അല്ലെങ്കിൽ ഉടമസ്ഥരുമായി തഹസിൽദാർ ഒരു റേറ്റ് കോൺട്രാക്റ്റ് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

19. ക്യാമ്പ് നടത്തിപ്പിന്റെ ചെലവുകൾ എല്ലാം, വില്ലേജ് ഓഫീസർ, സ്ഥലത്തെ വാർഡ് മെംബർ, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തണം. ഇവർ സാക്ഷ്യപ്പെടുത്താത്ത ചെലവുകൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കരുത്.

20. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആവശ്യത്തിന് കെട്ടിടം ഇല്ലെങ്കിൽ അടുത്തുള്ള തദ്ദേശ സ്ഥാപനത്തിൽ ഒരു കെട്ടിടം കണ്ടെത്തി കെട്ടിടം ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അറിയിക്കുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ വിവരം അതാത് വില്ലേജ് ഓഫീസിനു മുൻപിലും, തദ്ദേശ സർക്കാർ ഓഫീസിന് മുൻപിലും,

പോലീസ് സ്റ്റേഷന് മുൻപിലും പ്രദർശിപ്പിക്കുക. കേരളത്തിൽ ക്യാമ്പുകൾ ആരംഭിക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് https://sdma.kerala.gov.in/infrastructure-facilities/ൽ ലഭ്യമാക്കിയിട്ടുണ്ട്.

21. ക്യാമ്പിൽ കൊതുക് ശല്യം ഉണ്ടാകാതിരിക്കുവാനുള്ള ക്രമീകരണങ്ങൾ ഒരുക്കുക
22. ക്യാമ്പിൽ അഗ്നിശമനോപകരണം (Fire Extinguisher) ഉറപ്പാക്കണം.
23. ദുരിതാശ്വാസ ക്യാമ്പുകളായി തെരഞ്ഞെടുക്കുന്ന കെട്ടിടങ്ങളിൽ വൈദ്യുതി/ജലലഭ്യത ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ശുചിമുറി എന്നിവ തദ്ദേശ സർക്കാർ, കേരള വാട്ടർ അതോറിറ്റി, KSEBL എന്നിവയുടെ സഹകരണത്തോടെ ഉറപ്പാക്കണം.
24. ക്യാമ്പുകളിൽ ഒരു ശുചിമുറി എങ്കിലും ട്രാൻസ്ജൻഡർ സൗഹാർദ്രമാക്കേണ്ടതാണ്.
25. ട്രാൻസ്ജൻഡർ വിഭാഗത്തിലുള്ള ആൾക്കാർ ക്യാമ്പുകളിൽ ഉണ്ടെങ്കിൽ അവർക്ക് വേണ്ടുന്ന അടിയന്തിര മരുന്നുകളും മറ്റും ആവശ്യത്തിനനുസരിച്ചു ലഭ്യമാക്കേണ്ടതാണ്
26. വൈദ്യുതി തടസ്സമുണ്ടാകുന്ന അവസരങ്ങളിൽ ഉപയോഗിക്കാൻ ജനറേറ്റർ/ഇൻവെർട്ടർ വാടകയ്ക്ക് എടുത്ത് സൂക്ഷിക്കുക. ഉടമസ്ഥരുമായി ഒരു റേറ്റ് കോൺട്രാക്റ്റ് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.
27. ക്യാമ്പുകളിലെ വിനോദ വിവര വിനിമയ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

28. ക്യാമ്പുകളിൽ ദിനപത്രം, പുസ്തകം, മാസിക പൊതു വായനയ്ക്കായി ലഭ്യമാക്കുക.
29. ടി.വി/സിനിമ/വാർത്ത കാണുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താവുന്നതാണ്.
30. വ്യായാമം ചെയ്യുന്നതിനുള്ള പ്രേരണയും സൗകര്യവും ലഭ്യമാക്കണം.
31. മൊബൈൽ ചാർജിങ്, റീചാർജ്ജിങ് സൗകര്യം ലഭ്യമാക്കണം.

**ക്യാമ്പുകളുടെ നടത്തിപ്പ്**

32. ക്യാമ്പുകളുടെ ദൈനംദിന നടത്തിപ്പ് ചുമതല റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവർ ചേർന്ന് നടത്തണം.
33. എല്ലാ ക്യാമ്പുകളിലും ചുമതലക്കാരായി മൂന്ന് ഉദ്യോഗസ്ഥരെ തഹസിൽദാർ നിയോഗിക്കണം. ഷിഫ്റ്റ് വ്യവസ്ഥയിൽ ഇവരുടെ സേവനം എല്ലാദിവസവും 8 മണിക്കൂർ വീതം ക്യാമ്പിൽ ലഭ്യമായിരിക്കണം.
34. ഇലക്ഷൻ സമയത്തെ രീതിയിൽ എട്ട് ക്യാമ്പുകൾക്ക് ഒരു സെക്ടർ ഓഫീസർ എന്ന നിലയിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. ജില്ലാ കളക്ടർക്ക് ഏതൊരു വകുപ്പിലെയും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താം. ഈ ഉദ്യോഗസ്ഥന് ഒരു വാഹനം വാടകയ്ക്ക് നൽകുകയും, ദിവസവും ഒരു തവണ എങ്കിലും ഇദ്ദേഹം ക്യാമ്പുകൾ സന്ദർശിച്ച് വൈകിട്ട് 3 മണിക്കുള്ളിൽ ക്യാമ്പ് റജിസ്റ്ററിൽ ഒപ്പ് വയ്ക്കണം.
35. എല്ലാ ക്യാമ്പുകളിലും ക്യാമ്പ് പരിപാലന കമ്മിറ്റി രൂപീകരിക്കുക. കമ്മിറ്റി അംഗങ്ങൾ - വാർഡ് മെമ്പർ, ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ക്യാമ്പിലെ ഒരു വനിതാ പ്രതിനിധി, ക്യാമ്പിലെ ഒരു പുരുഷ പ്രതിനിധി, കുടുംബശ്രീ CDS അദ്ധ്യക്ഷ.
36. മേൽ സൂചിപ്പിച്ച ex- officio മെമ്പർമാർ ഒഴികെ ക്യാമ്പിന് പുറത്തുള്ള ആരും കമ്മിറ്റിയിൽ അംഗം ആക്കുവാൻ പാടുള്ളതല്ല.
37. ക്യാമ്പ് നടത്തിപ്പ് കമ്മിറ്റി എല്ലാ ദിവസവും ഒരു തവണ എങ്കിലും യോഗം ചേർന്ന് ക്യാമ്പ് നടത്തിപ്പ് വിലയിരുത്തി വിവരങ്ങൾ ക്യാമ്പ് നടത്തിപ്പിന് ചുമതലയുള്ള വില്ലേജ് ഓഫീസർക്ക് നൽകേണ്ടതാണ്. വിലയിരുത്തേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

| **ദുരിതാശ്വാസ ക്യാമ്പ് നടത്തിപ്പ് കമ്മിറ്റി ദൈനംദിനം വിലയിരുത്തേണ്ട വിഷയങ്ങൾ** | | |
|---|---|---|
| **ക്യാമ്പിന്റെ പേര്, വില്ലേജ്** | | |
| **റിപ്പോർട്ട് തീയതി, സമയം** | | |
| **Sl. No** | **വിഷയം** | **സാഹചര്യം** |

| | | | |
|---|---|---|---|
| 1 | ഭക്ഷണ ലഭ്യത | നാളത്തെ ആവശ്യത്തിന് ഉണ്ട് | |
| | | നാളത്തെ ആവശ്യത്തിന് ഇല്ല | |
| 2 | ആർക്കെങ്കിലും അസുഖം ഉണ്ടോ | ഉണ്ട് | |
| | | ഇല്ല | |
| 3 | വൈദ്യുതി/ജനറേറ്റർ | ഉണ്ട് | |
| | | ഇല്ല | |
| 4 | പ്രവർത്തിക്കുന്ന എത്ര ശുചിമുറികൾ ഉണ്ട് | | |
| 5 | ഡോക്ടറുടെ സേവനം ലഭ്യമാണോ | ഉണ്ട് | |
| | | ഇല്ല | |
| 6 | സ്ത്രീകൾ എത്ര | | |
| 7 | ഗർഭിണികൾ എത്ര | | |
| 8 | പുരുഷന്മാർ എത്ര | | |
| 9 | കുട്ടികൾ എത്ര | | |
| 10 | അംഗപരിമിതർ എത്ര | | |
| 11 | ഭിന്നശേഷിക്കാർ എത്ര | | |
| 12 | ശുദ്ധ ജല ലഭ്യത ക്യാമ്പിൽ ഉണ്ടോ | ഉണ്ട് | |
| | | ഇല്ല | |
| 13 | പനി, ചുമ, ശ്വാസതടസ്സം, വയറിളക്കം, തൊണ്ട വേദന ഉള്ള എത്ര വ്യക്തികൾ ഉണ്ട് | | |
| 14 | പനി, ചുമ, ശ്വാസതടസ്സം, വയറിളക്കം, തൊണ്ട വേദന ഉള്ളവരെ ഡോക്ടർ പരിശോധിച്ചോ | | |
| 15 | 60 വയസിനുമേൽ പ്രായമുള്ളവർ | | |
| 16 | ദീർഘസ്ഥായി രോഗങ്ങളുള്ളവർ | | |

38. ക്യാമ്പുകളിൽ ഭക്ഷണവും മറ്റ് അത്യാവശ്യ വസ്തുക്കളും എത്തിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും, മത സ്ഥാപനങ്ങളും, വ്യക്തികളും ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കൈവശം മാത്രം ഇവ നൽകേണ്ടതാണ്. ലഭിക്കുന്ന വസ്തുക്കളുടെ വിതരണം ക്യാമ്പ് പരിപാലന കമ്മിറ്റിയുടെ ഉത്തരവാദിത്തവുമാണ്. സർക്കാർ സംവിധാനത്തിലൂടെ അല്ലാതെ ലഭിക്കുന്ന സഹായങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുക.

39. ക്യാമ്പുകളിൽ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, മത സ്ഥാപനങ്ങൾ എന്നിവർ നേരിട്ട് വസ്തുവകകളും, ആഹാര സാധനങ്ങളും വിതരണം ചെയ്യുന്നില്ല എന്ന് ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കർശനമായി ഉറപ്പ് വരുത്തണം.
40. ക്യാമ്പുകളിൽ രാഷ്ട്രീയ, ജാതി, മത പരിഗണനകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
41. ക്യാമ്പുകളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെയും, സന്നദ്ധ സംഘടനകളുടെയും, രാഷ്ട്രീയ സംഘടനകളും, മത സ്ഥാപനങ്ങളും അവരുടെ അടയാളങ്ങൾ ഒഴിവാക്കിക്കൊണ്ട് ക്യാമ്പിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കണം.
42. ക്യാമ്പുകളിൽ ഭക്ഷണം നൽകുന്നതിന് ഒരു ദിവസം ഒരു വ്യക്തിക്കായി ചിലവാക്കാവുന്ന തുക എത്ര എന്ന് പ്രാദേശികമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർണ്ണയിക്കുക. GO (Ms) No. 6/2023/DMD dated 18-6-2023 പ്രകാരം ഉള്ള കേന്ദ്ര മാനദണ്ഡത്തിൽ ക്യാമ്പുകളിൽ ഭക്ഷണം നൽകുന്നതിന് തുക പരിമിതപ്പെടുത്തിയിട്ടില്ല.

**ക്യാമ്പുകളിലെ ആരോഗ്യ പരിപാലനം**

43. ക്യാമ്പുകളിലെ ആരോഗ്യ പരിപാലനം ആരോഗ്യ വകുപ്പിന്റെ ചുമതല ആയിരിക്കും
44. ആരോഗ്യപരമായ കാര്യങ്ങളിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ദിശയുടെ ടോൾ ഫ്രീ നമ്പർ 1056 അല്ലെങ്കിൽ 0471-2552056 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക
45. പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ ദിനവും ക്യാമ്പിലുള്ള എല്ലാവരേയും നിരീക്ഷിക്കുകയും കോവിഡ്-19 രോഗലക്ഷണങ്ങൾ (പനി, ചുമ, ശ്വാസതടസ്സം, വയറിളക്കം, തൊണ്ട വേദന മുതലായവ) ഉണ്ടെങ്കിൽ പി.എച്ച്.സി ഡോക്ടറോട് റിപ്പോർട്ട് ചെയ്യുക.
46. ബോധവത്കരണത്തിലൂടെ രോഗലക്ഷണങ്ങൾ സ്വയം റിപ്പോർട്ട് ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുക.
47. രോഗ ലക്ഷണം ഉള്ളവരെ, അവരെ താമസിപ്പിക്കുവാനായി ക്യാമ്പ് നടത്തുന്ന സ്കൂളിൽ മറ്റൊരു കെട്ടിടം തയ്യാറാക്കി, മാറ്റി

തമാസിപ്പിക്കണം എന്ന് ഡോക്ടർ നിഷ്കർഷിച്ചാൽ പ്രസ്തുക കെട്ടിടത്തിലേക്ക് അത്തരത്തിൽ ഉള്ളവരെ മാറ്റി താമസിപ്പിക്കുക.

48. ക്യാമ്പിലെ അന്തേവാസികൾക്ക് മാനസിക സംഘർഷം ഒഴിവാക്കുവാനായി Counsilling സംവിധാനം ഒരുക്കേണ്ടതാണ്. ഒറ്റയ്ക്കല്ല ഒപ്പമുണ്ട് എന്ന പദ്ധതിയുടെ ഹെല്പ് ലൈനുകൾ വഴി ആ സേവനം ലഭ്യമാക്കണം.
49. ദുരിതാശ്വാസ ക്യാമ്പുകളിൽ മാനസികാരോഗ്യ കൗൺസിലറുടെ സേവനം ഉറപ്പാക്കണം. ഇതിനായി ജില്ലാ മാനസികാരോഗ്യ പ്രോഗ്രാം, കുടുംബശ്രീ, ആരോഗ്യ വകുപ്പ്, മറ്റ് വകുപ്പുകളിലെ ഔദ്യോഗിക കൗൺസിലർമാരുടെ ഒരു പാനൽ എല്ലാ ജില്ലയിലും മുൻകൂട്ടി തയ്യാറാക്കി വെക്കേണ്ടതാണ്. ഇവർക്ക് ദുരിതബാധിതരെ/ദുരിതാശ്വാസ ക്യാമ്പുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായ പരിശീലനം നൽകേണ്ടതുമാണ്. ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം/ ആരോഗ്യ വകുപ്പ് നിശ്ചയിക്കുന്ന നോഡൽ ഓഫിസർ (DMHP) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ പ്രസ്തുത പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.
50. നിലവിൽ സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്ക് അവയുടെ ലഭ്യത ഉറപ്പുവരുത്തുക.
51. ഹെൽത്ത് ഇൻസ്പെക്ടറിന്റെ നേതൃത്വത്തിൽ പെരിഫെറൽ ആരോഗ്യ സ്ഥാപനങ്ങൾ ക്യാമ്പിൽ സംയോജിത കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്
52. ക്യാമ്പിലെ ശുചീകരണത്തിൽ ഏർപ്പെടുന്നവർക്ക് ആഴ്ചതോറും എലിപ്പനിക്കെതിരെയുള്ള രോഗപ്രതിരോധഗുളിക doxycycline - 200 mg നൽകണമോ എന്നു അതാത് പി.എച്ച്.സി ഡോക്ടർ തീരുമാനിക്കുകയും ആവശ്യമെങ്കിൽ നൽകുകയും ചെയ്യുക.

**ശുചിത്വ-മാലിന്യ പരിപാലനം**

53. കുറഞ്ഞത് 30 പേർക്ക് 1 ടോയ്‌ലറ്റ് ഉറപ്പ് വരുത്തുക
54. ടോയ്‌ലറ്റ് ഉപയോഗത്തിന് മുൻപും പിൻപും കൈകളുടെ ശുചിത്വം ഉറപ്പു വരുത്തുവാനായി ശുചിമുറികളിൽ സോപ്പ് ലായനി കുപ്പികളിൽ തൂക്കി ഇടുക. ലായനി തീർന്ന് പോകുന്ന അവസ്ഥ

ഒഴിവാക്കുവാൻ ദിവസം 4 വട്ടം സന്നദ്ധ പ്രവർത്തകർ പരിശോധിക്കുക.

55. ശുചീകരണ വസ്തുക്കളും (ലോഷൻ, ഫീനോൾ, ക്ലോറിൻ, ബ്ലീച്ചിങ് പൌഡർ, ചൂലുകൾ, തറ തുടയ്ക്കുവാൻ ആവശ്യമായ തുണി/മോപ്പ്, സോഡിയം ഹൈപ്പോ ക്ലോറൈഡ്), ശുചീകരണം നടത്തുന്നവർക്ക് ആവശ്യമായ വ്യക്തി സുരക്ഷാ സാമഗ്രികളും (കയ്യുറ, ഗംബൂട്ട്) ദിവസവും ആവശ്യത്തിന് ലഭ്യമാക്കണം

56. 1% ബ്ലീച് ലായനി (1 ലിറ്റർ വെള്ളത്തിൽ 30 ഗ്രാം പുതിയ ബ്ലീച്ചിങ് പൌഡർ) ഉപയോഗിച്ച് ദിവസത്തിൽ രണ്ട് പ്രാവശ്യം നിലം വൃത്തിയാക്കുക. അതിസ്പർശന പ്രതലങ്ങൾ (ടോയ്‌ലറ്റ്, വാതിൽപിടി, ടേബിളുകൾ) 1% ബ്ലീച് ലായനി ഉപയോഗിച്ചു ദിവസവും ചുരുങ്ങിയത് 4 തവണ വൃത്തിയാക്കുക

57. ശുചിമുറികൾ ദിവസവും രണ്ട് തവണ ഫീനോൾ അല്ലെങ്കിൽ ബ്ലീച്ചിങ് പൌഡർ ഉപയോഗിച്ച് വൃത്തിയാക്കണം

58. ക്യാമ്പ്കളിലെ എല്ലാ മുറികളുടെയും പ്രവേശന കവാടത്തിൽ ഹാൻഡ് സാനിട്ടൈസർ ഉറപ്പാക്കുക

59. ക്യാമ്പുകളിലെ ശുചിത്വ-മാലിന്യ പരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കും

60. എല്ലാ ക്യാമ്പുകളും പൂർണ ഹരിത പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

61. ക്യാമ്പുകളും, പരിസരവും ദിവസവും ശുചീകരിക്കുക

62. ഗ്ലൗസ്, ബൂട്സ് മുതലായവ ഉപയോഗിച്ചു മാത്രം ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

63. ആവശ്യത്തിന് ശുചിമുറികൾ ഇല്ലാത്ത ക്യാമ്പ്കളിൽ തൽകാലിക കെമിക്കൽ ശുചിമുറികൾ, ബയോ-ശുചിമുറികൾ എന്നിവ ആവശ്യമെങ്കിൽ മുൻകൂട്ടി ഉറപ്പ് വരുത്തുക. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി 2245-02-101-94-Flood-Other items എന്ന ഹെഡ്ൽ നിന്നും ഇതിനായി തുക വഹിക്കാവുന്നതാണ്.

64. ശുചിമുറികളിൽ ആവശ്യമായ ബക്കറ്റ്, മഗ്ഗ് എന്നിവയുടെയും ലഭ്യത ഉറപ്പാക്കണം.
65. സ്ത്രീകളുടെ മുറികളിൽ സാനിട്ടറി നാപ്കിൻ ഉറപ്പാക്കുക. ഇവയുടെ ഉപയോഗ ശേഷമുള്ള ശാസ്ത്രീയ ശേഖരണവും സംസ്ക്കരണവും ഉറപ്പാക്കുക
66. ക്യാമ്പ്കളിൽ ജൈവ മാലിന്യവും, അജൈവ മാലിന്യവും ശേഖരിക്കുന്നതിന് പ്രത്യേകം അടപ്പുള്ള ബിന്നുകളും, മാലിന്യ ശേഖരണ ബാഗുകളും ലേബൽ ചെയ്തു ലഭ്യമാക്കുക
67. ശേഖരിക്കുന്ന ഭക്ഷണ അവശിഷ്ടം കമ്പോസ്റ്റ് ചെയ്യുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കുക
68. മാലിന്യം സംസ്കരിക്കുന്നതിന് തദ്ദേശ സ്ഥാപനം ആവശ്യമായ നടപടി സ്വീകരിക്കുക
69. ക്യാമ്പുകളുടെ ശുചീകരണ പ്രവർത്തനങ്ങളിലും മറ്റും സഹായിക്കുന്ന സന്നദ്ധപ്രവർത്തകരുടെ ബോധവത്കരണ ക്ലാസ്സുകൾ മുൻകൂട്ടി നിശ്ചയിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കുകയും ചെയ്യുക.
70. വസ്ത്രം കഴുകാനായി പ്രത്യേകം സമയം ക്രമീകരിക്കേണ്ടതാണ്

**ഭക്ഷണ ക്രമീകരണം**

71. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും, സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ, ക്യാമ്പിൽ ഭക്ഷണം ലഭ്യമായി എന്ന് ഉറപ്പ് വരുത്തേണ്ടത് വില്ലേജ് ഓഫീസറും, ക്യാമ്പ് പരിപാലന കമ്മിറ്റിയും ആയിരിക്കും
72. ഭക്ഷണം കഴിക്കുവാൻ തിക്കും തിരക്കും ഒഴിവാക്കുവാൻ പല സ്ഥലങ്ങളിൽ ആയി പരമാവധി 20 പേരിൽ കൂടാതെ ഭക്ഷണം കഴിക്കുവാൻ ക്രമീകരണം ചെയ്യുക
73. ഭക്ഷണം കഴിക്കുന്നതിനുള്ള പ്ലേറ്റ്, ഗ്ലാസ് എന്നിവ ഓരോരുത്തർക്കും പ്രത്യേകം നൽകുവാനും, ക്യാമ്പിൽ താമസിക്കുന്ന സമയത്തോളം ഓരോരുത്തരും അവരവരുടെ തന്നെ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം

74. ഭക്ഷണം കൈകാര്യം (പാചകം, വിതരണം etc.) ചെയ്യുന്നവർ ഉപയോഗിച്ച പാത്രങ്ങളിലോ ഭക്ഷണാവശിഷ്ടങ്ങളിലോ നേരിട്ട് സ്പർശിക്കരുത്. ഭക്ഷണവും ഭക്ഷണാവശിഷ്ടങ്ങളും കൈകാര്യം ചെയ്യുമ്പോൾ എല്ലായ്പ്പോഴും കയ്യുറകളും മാസ്കും ധരിക്കേണ്ടതാണ്.

75. ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം ഉറപ്പാക്കണം. സന്നദ്ധ പ്രവർത്തകരും കയ്യുറകളും മാസ്കും ധരിക്കേണ്ടതാണ്.

76. ഓരോ കുടുംബത്തിനും മുറിയിൽ കുടിവെള്ളത്തിനായി പ്രത്യേകം ജഗ്ഗ് ഉണ്ടെന്ന് ഉറപ്പാക്കണം.

77. ഭക്ഷണം കഴിക്കുന്ന പാത്രം, ഗ്ലാസ് എന്നിവ സ്വയം കഴുകി വൃത്തിയാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകണം.

78. ക്യാമ്പുകളിൽ ആവശ്യമായ എല്ലാ ഭക്ഷ്യ-ധാന്യങ്ങളും, പച്ചക്കറിയും, മത്സ്യവും, മാംസവും, എണ്ണയും, മണ്ണെണ്ണയും, പാചക വാതകവും സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ്, മത്സ്യ ഫെഡ്, കെപ്കോ എന്നുവയിൽ നിന്നും വാങ്ങുവാൻ കരാർ ഉണ്ടാക്കുക. ഇവയുടെ ലഭ്യത ക്യാമ്പുകൾക്ക് ഉറപ്പുവരുത്തുവാൻ ഈ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർക്ക് മുൻകൂട്ടി നിർദ്ദേശം നൽകുകയും, കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുകയും ചെയ്യുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Orange Book of Disaster Management 1 – Standard Operations Procedures (SOP) & Emergency Supports Functions Plan (ESFP)ൽ (https://sdma.kerala.gov.in/wp-content/uploads/2020/06/Orange-Book-of-Disaster-Management-1-2020.pdf) നൽകിയിട്ടുണ്ട്.

79. പ്രൈവറ്റ് ആയി ഇത്തരം അവശ്യസാധനങ്ങൾ വാങ്ങേണ്ടുന്ന സ്ഥിതി സംജാതമായാൽ ഇവ മേൽ സൂചിപിച്ച സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമല്ല എന്ന് വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

80. ക്യാമ്പുകളിലെ അടുക്കളയിൽ മണ്ണെണ്ണയോ, പാചക വാതകകമോ ഉപയോഗിക്കുവാൻ ശ്രമിക്കുക. വിറക് ആവശ്യമാണെങ്കിൽ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അഗീകരിച്ച വ്യക്തിയിൽ നിന്നുമാത്രം സംഭരിക്കുക.

81. കൊതുകിന്റെ പ്രജനനം, ജല മലിനീകരണം എന്നിവ തടയുന്നതിനായി ജലം നിറച്ച പാത്രങ്ങൾ നന്നായി അടച്ചു സൂക്ഷിക്കുക. ജലസംഭരണികൾ ഉപയോഗിക്കുന്നതിനു മുൻപ് വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്യണം

82. ശുദ്ധജലലഭ്യത ഉറപ്പാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക. തിളപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ വെള്ളം സൂപ്പർ ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക. ശുദ്ധജലലഭ്യത ഉറപ്പാക്കുവാനായി തഹസിൽദാരുടെ അംഗീകാരത്തോടെ ക്യാമ്പിൽ ടാങ്കറിൽ ജലം ലഭ്യമാക്കാവുന്നതാണ്

83. വെള്ളം സൂപ്പർ ക്ലോറിനേറ്റ് ചെയ്യേണ്ട വിധം:
   a) 1000 ലിറ്റർ വെള്ളത്തിൽ 5 ഗ്രാം (1 ടീസ്പൂൺ) ബ്ലീച്ചിങ്ങ് പൗഡർ എന്ന ക്രമത്തിൽ ആവശ്യമായ ബ്ലീച്ചിങ്ങ് പൗഡർ ഒരു ബക്കറ്റിൽ എടുക്കുക. ഇതിൽ അല്പം വെള്ളം ചേർത്ത് കുഴമ്പു പരുവത്തിലാക്കുക. നന്നായി കുഴമ്പ് ആയ ശേഷം ബക്കറ്റിൻറെ മുക്കാൽ ഭാഗം വെള്ളം ഒഴിച്ച് ഇളക്കുക.ശേഷം ബക്കറ്റ് 10 മിനിറ്റ് അനക്കാതെ വെക്കുക. മുകളിലെ തെളിഞ്ഞ ക്ലോറിൻ ലായനി ജലസംഭരണിയിലേക്കു പകരുക. സൂപ്പർക്ലോറിനേറ് ചെയ്ത വെള്ളം 1 മണിക്കൂറിന് ശേഷം ഉപയോഗിക്കുക
   b) 20 ലിറ്റർ വെള്ളത്തിന് 500 mg ക്ലോറിൻ ടാബ്ലറ്റ് ഒരെണ്ണം മതിയാകും.
   c) 200 ലിറ്റർ വെള്ളത്തിന് 5 gm ക്ലോറിൻ ടാബ്ലറ്റ് ഒരെണ്ണം മതിയാകും

**ക്യാമ്പിൽ കഴിയുന്നവർക്കുള്ള നിർദ്ദേശം**

84. സന്ദർശകരെ ഒഴിവാക്കുക

85. പരിസരം മലിനമാകാതെ വൃത്തിയായി സൂക്ഷിക്കുക

86. മാലിന്യം തരംതിരിച്ച് പ്രത്യേകമായി ലഭ്യമാക്കിയിട്ടുള്ള വേസ്റ്റ് ബിന്നിൽ നിക്ഷേപിക്കുമെന്ന് ഉറപ്പാക്കുക
87. ദിവസവും കഴുകി വൃത്തിയാക്കിയ വസ്ത്രം ഉപയോഗിക്കുക
88. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽ യഥാസമയം ക്യാമ്പ് പരിപാലന കമ്മിറ്റിയെ അറിയിക്കുക
89. അലക്ഷ്യമായി തുപ്പാതിരിക്കുക
90. മുഴുവൻ സമയവും സുരക്ഷിതമായി തുണികൊണ്ടുള്ള മാസ്ക് ധരിക്കുക. ഒരു മാസ്ക് വൃത്തിയാക്കാതെ 6 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി ഉപയോഗിക്കരുത്.
91. സോപ്പ്/സോപ്പ്പൊടി ഉപയോഗിച്ചു മാസ്കുകൾ ദിവസവും കഴുകി വെയിലിൽ ഉണക്കി/ഇസ്തിരി ഇട്ടതിന് ശേഷം മാത്രം ഉപയോഗിക്കുക
92. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മാസ്ക്ക് മാറ്റരുത്. മാസ്ക് ഇല്ലെങ്കിൽ തൂവാല കൊണ്ട് മുഖം മറയ്ക്കുക. അതിന് ശേഷം കൈകൾ സോപ്പും, വെള്ളവും അല്ലെങ്കിൽ സാനിറ്റൈസർ ഉപയോഗിച്ച് ശുചിയക്കേണ്ടതാണ്.
93. ഇടയ്ക്കിടയ്ക്ക് സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകുന്നതും ശീലമാക്കുക.
94. ഒറ്റത്തവണ ഉപയോഗിക്കുന്ന കയ്യുറയും, മാസ്ക്കും ഒരു കരണവശാലും അലക്ഷ്യമായി വലിച്ചെറിയരുത്. അവ കത്തിച്ച് കളയുകയോ, ബ്ലീച്ചിങ് പൗഡർ ലായനിയിൽ മുക്കിവെച്ചതിന് ശേഷം കുഴിച്ചിടുകയോ ചെയ്യാം.
95. കൈകൾ വൃത്തിയാക്കുന്നത് അണുബാധയിൽ നിന്ന് രക്ഷിക്കുന്നതിനുള്ള ഒരു അടിയന്തര മാർഗ്ഗമാണ്. സോപ്പും, വെള്ളവും ഉപയോഗിച്ച് കൈ കഴുകുക. നിങ്ങളുടെ കൈകൾ വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ കാര്യങ്ങൾ ചെയ്യുക:
    a) കൈകൾ ശുദ്ധവും, ഒഴുക്കുള്ളതുമായ വെള്ളം (ചൂടുള്ള അല്ലെങ്കിൽ തണുത്ത) ഉപയോഗിച്ച് സോപ്പ് പുരട്ടി കഴുകുക.
    b) കൈകൾ സോപ്പ്, ഉപയോഗിച്ച് കുറഞ്ഞത് 20 സെക്കന്റ് നേരം ഉരച്ച് കഴുകുക. നിങ്ങളുടെ കൈയുടെ പുറം വശം വിരലുകളുടെ

ഇടഭാഗം, നഖങ്ങളുടെ ഉൾഭാഗം, തള്ളവിരൽ, എന്നിവയും ഉരച്ച് കഴുകുക.

c) ഉണങ്ങിയ ഒരു തൂവാല കൊണ്ട് കൈ തുടയ്ക്കുക സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകുന്നത് അണുക്കളുടെ അളവ് കുറയ്ക്കുന്നതിനുള്ള മികച്ച മാർഗമാണ്.

d) സോപ്പും ജലവും ലഭ്യമല്ലെങ്കിൽ, സാനിറ്റൈസറുകൾ ഉപയോഗിക്കുക. കൈ പ്രത്യക്ഷമായി വൃത്തികേടായിരിക്കുന്ന സമയത്ത് സാനിറ്റൈസറുകൾ ഫലപ്രദമല്ല.

96. കൈകൾ കഴുകേണ്ടത് എപ്പോഴെല്ലാം?

a) ഭക്ഷണം ഉണ്ടാക്കുന്നതിനുമുമ്പും ശേഷവും
b) ഭക്ഷണം കഴിക്കുന്നതിനുമുമ്പ്
c) ടോയ്ലറ്റ് ഉപയോഗിച്ചതിനുശേഷം
d) ടോയ്ലറ്റ് ഉപയോഗിച്ച ഒരു കുഞ്ഞിനെ വൃത്തിയാക്കിയ ശേഷം
e) രോഗം പിടിപെട്ട ഒരാളെ ശുശ്രൂഷിക്കുന്നതിന് മുമ്പും ശേഷവും
f) നിങ്ങൾ ചുമയ്ക്കുകയോ, അല്ലെങ്കിൽ തുമ്മുകയോ ചെയ്ത ശേഷം
g) മൃഗങ്ങളെ അല്ലെങ്കിൽ മൃഗ മാലിന്യങ്ങൾ സ്പർശിച്ചതിനുശേഷം
h) ചപ്പുചവറിൽ സ്പർശിച്ച ശേഷം
i) മുറിവുകൾ പരിപാലിക്കുന്നതിനു മുമ്പും ശേഷവും

97. ദന്തശുചിത്വം - ശുദ്ധവും സുരക്ഷിതവുമായ ജലം ഉപയോഗിച്ച് മാത്രമേ പല്ല് തേക്കാവൂ. ടാപ്പ് വാട്ടർ സുരക്ഷിതമാണോ എന്ന് ഉറപ്പ് വരുത്തുക.

98. കുളിക്കുന്ന വിധം - പ്രകൃതി ദുരന്ത ശേഷം ശുദ്ധമായ വെള്ളത്തിൽ മാത്രം കുളിക്കുക. ആവശ്യമെങ്കിൽ കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയാത്ത, തെളിഞ്ഞതല്ലാത്ത വെള്ളം ക്ലോറിനേറ്റ് ചെയ്തതിന് ശേഷം കുളിക്കാനായി ഉപയോഗിക്കാം. എന്നാൽ ഈ വെള്ളം വായിലൂടെ ഉള്ളിൽ പോകാതിരിക്കാനും കണ്ണ് കഴുകാതിരിക്കാനും ശ്രദ്ധിക്കണം.

99. മുറിവ് സംരക്ഷിക്കുന്ന വിധം - വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കുശേഷം മുറിവേൽക്കാനുള്ള സാധ്യത

കൂടുതലാണ്. അടിയന്തിരമായ പ്രഥമശുശ്രൂഷ ചെറിയ മുറിവുകൾ സൌഖ്യമാക്കുകയും അണുബാധ തടയാനും സഹായിക്കും.

a) ശരീരത്തിലെ മുറിവുകൾ മലിനജലവുമായി സംബർക്കത്തിൽ വരുന്നത് എലിപ്പനിക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. ഇതരത്തിലുള്ള സംബർക്കം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഡോക്സിസൈക്ലിൻ പ്രതിരോധ മരുന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം കഴിക്കേണ്ടതാണ്.

b) ചുവടെ ചേർക്കുന്ന സാഹചര്യങ്ങളിൽ വൈദ്യ സഹായം തേടുക
   - മുറിവുകൾക്ക് ചുവപ്പ്, വീക്കം എന്നിവ ഉണ്ടാവുകയാണെങ്കിൽ
   - മുറിവിൽ എന്തെങ്കിലും ബാഹ്യ വസ്തു (മണ്ണ്, തടി, ലോഹം അല്ലെങ്കിൽ മറ്റ് വസ്തുക്കൾ) ഉണ്ടെങ്കിൽ
   - മുറിവ് അപകടസാധ്യതയുള്ള അണുബാധയ്ക്ക് വിധേയം എങ്കിൽ

c) പഴയ മുറിവ് രോഗബാധയുടെ ലക്ഷണങ്ങൾ കാണിക്കുന്നു എങ്കിൽ

d) മുറിവുകൾ വൃത്തിയാക്കുകയും മൂടിയിരിക്കുകയും ചെയ്യണം

e) തുറന്ന മുറിവ് ഉണ്ടെങ്കിൽ, കഴിയുന്നതും മലിനജലമായി ബന്ധപ്പെടാതിരിക്കുക.

f) അണുബാധയുടെ സാധ്യത കുറയ്ക്കാൻ ഒരു വാട്ടർപ്രൂഫ് ബാൻഡേജ് ഉപയോഗിച്ച് തുറന്ന മുറിവുകൾ മൂടുക.

g) സോപ്പ്, ശുദ്ധജലം എന്നിവ ഉപയോഗിച്ച് തുറന്ന മുറിവുകൾ നന്നായി കഴുകുക.

h) ടെറ്റനസ് കുത്തിവയ്പ്പിന്റെ ആവശ്യകതയുണ്ടോ എന്ന് ആരോഗ്യപ്രവർത്തകരോട് ആരായേണ്ടതാണ്

i) മുറിവ് കൈകാര്യം ചെയ്യുന്ന ആരോഗ്യ പ്രവർത്തകർ/സന്നദ്ധ പ്രവർത്തകർ ശുശ്രൂഷയ്ക്ക് ശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കണം

## 12 അനുബന്ധം 4: രാത്രികാലങ്ങളിലും ഷട്ടറുകൾ പ്രവർത്തിപ്പിച്ച് പെട്ടന്ന് ജലം ഒഴുക്കിവിടേണ്ടിവന്നേക്കാവുന്ന ചെറിയ അണക്കെട്ടുകൾ

| Sl. No | ജില്ല | അണക്കെട്ട് |
|---|---|---|
| 1 | കോഴിക്കോട് | കക്കയം |
| 2 | തൃശൂർ | പെരിങ്ങൽക്കുത്ത് |
| 3 | | ഷോളയാർ |
| 4 | ഇടുക്കി | കല്ലാർ |
| | | ഇരട്ടയാർ |
| | | ലോവർ പെരിയാർ |
| | | കല്ലാർകുട്ടി |
| 5 | പത്തനംതിട്ട | മൂഴിയാർ |
| | | മണിയാർ |
| 6 | തിരുവനന്തപുരം | അരുവിക്കര |

1. ഇത്തരം അണക്കെട്ടുകളിൽ നിന്നും രാത്രി ജലം തുറന്ന് വിടുന്നസാഹചര്യം ഉണ്ടോ എന്നത് ദിവസവും 2 വട്ടം അതാത് ആണകെട്ടുകളുടെ ചുമതലയുള്ള വകുപ്പുകൾ (KSEB, Irrigation) വിലയിരുത്തുക. ഉണ്ടോ, ഇല്ലയോ എന്നത് നേരിട്ട് ജില്ല കളക്ടറെ അറിയിക്കുകയും ചെയ്യുക. ജില്ല കളക്ടറുടെ കൂടി അംഗീകാരത്തോടെ മാത്രം തുറന്ന് വിടുക.

2. 29/08/2019 തീയതിയിലെ കേന്ദ്ര ജല കമ്മീഷൻ ചെയർമാന്റെ 01/15/DSM/2018/Misc.Tech/958-76 നമ്പർ കത്ത് അനുസരിച്ചും 08/10/2021 തീയതിയിലെ G.O.(Rt) No.524/2021/WRD of Water Resources (Interstate Water Cell) Department പ്രകാരം കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള റൂൾ കർവ്വ് നിലവിൽ 200MCM നു മുകളിൽ ശേഷി ഉള്ള ഡാമുകളിൽ മാത്രമാണ് ജലവിതാനം ക്രമീകരിക്കേണ്ടത് എന്ന് നിർദ്ദേശമുള്ളത്. ആയത് പ്രകാരം ജലസേചന വകുപ്പിന് കീഴിലുള്ള 20 ഡാം/ബാരേജുകളിൽ മലമ്പുഴ, കല്ലട എന്നീ ഡാമുകൾക്ക് മാത്രമാണ് റൂൾ ലെവൽ നിശ്ചയിച്ചിട്ടുള്ളത് ബാക്കിയുള്ള 18 ഡാം/ബാരേജുകളിൽ ജലനിരപ്പ് അനുസരിച്ചും മഴയുടെ മുന്നറിയിപ്പും ഡാമുകളിലെ നീരൊഴുക്കും കൃത്യമായി നിരീക്ഷിച്ചു മാനുവൽ നിർദേശങ്ങൾ

പാലിച്ചുമാണ് ജല വിതാനം ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

3. അണക്കെട്ടുകളിൽ നിന്നും രാത്രി ജലം തുറന്ന് വിടുന്നതായി മുന്നറിയിപ്പ് ലഭിച്ചാൽ ഉടൻ തന്നെ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുക.
   a. അതാത് അണകെട്ടിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാൻ ഉദ്ദേശിക്കുന്ന ജലം പുഴയുടെ കരകവിഞ്ഞ് ഒഴുകുമോ എന്ന് ജില്ല ഇ.ഓ.സിയിൽ നിയോഗിച്ചിട്ടുള്ള ജലസേചന വകുപ്പ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും, കൂട്ടായി പരിശോധിക്കുകയും ചെയ്യുക.
   b. ജലം ഒഴുകുന്ന ജില്ലയിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പാതയിലെ എല്ലാ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാരെയും, പ്രസിഡന്റ്, ചെയർമാൻ, മേയർ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവരെയും അണക്കെട്ട് തുറക്കുവാൻ ഉള്ള സാധ്യത സംബന്ധിച്ച വിവരം അറിയിക്കുക
   c. എല്ലാ പത്ര-മാധ്യമങ്ങളെയും അറിയിക്കുക
   d. ജില്ലാ കളക്ടറുടെ സാമൂഹിക മാധ്യമത്തിൽ പ്രസിദ്ധീകരിക്കുക
   e. ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക
   f. തുറന്നു വിടുന്ന ജലം നദിയുടെ കരകവിഞ്ഞ് ഒഴുകുവാൻ സാധ്യതയുണ്ടെങ്കിൽ പൊതുജനങ്ങൾക്കായി മൈക്കിലൂടെ നദിയുടെയും/കായലിന്റെയും തീര പ്രദേശങ്ങളിൽ മൈക്കിലൂടെ ഉടൻ തന്നെ (രാത്രി കാലം ആണെങ്കിലും) വിളിച്ച് പറയുവാനായി പൊലീസിനെയും, തദ്ദേശ സ്ഥാപനങ്ങളെയും, അഗ്നി-രക്ഷാ വകുപ്പിനും നിർദ്ദേശം നൽകുക.
   g. നദീ ജലം മറ്റ് ജില്ലകളിൽ ചെന്ന് എത്തും എങ്കിൽ പ്രസ്തുത ജില്ലയിലെ ജില്ലാ ഇ.ഒ.സിയെ അറിയിക്കുക. പ്രസ്തുത ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും a മുതൽ f വരെ നടപ്പിൽ വരുത്തുക.

h. ഇത്തരം സാഹചര്യത്തിൽ അനുബന്ധം 3ൽ സൂചിപ്പിക്കുന്നത് പോലെ ആവശ്യമായ സ്ഥലങ്ങളിൽ ക്യാമ്പുകൾ പ്രവർത്തിപ്പിക്കണം.

## 13 അനുബന്ധം 5: പാമ്പ് കടിയ്ക്കുള്ള ചികിത്സ ലഭ്യമാകുന്ന ആശുപത്രികളുടെ പട്ടിക


പാമ്പ് കടിയ്ക്കുള്ള ചികിത്സ ലഭ്യമാകുന്ന ആശുപത്രികൾ, പാമ്പുപിടിക്കാൻ വനം വകുപ്പ് പരിശീലനം നല്കിയവരെ ബന്ധപ്പെടുവാൻ ഉള്ള വിവരങ്ങൾ, വിവിധ തരം പാമ്പുകളെ തിരിച്ചറിയാൻ ഉള്ള അടയാളങ്ങൾ എന്നിവ വനം വകുപ്പ് പുറത്തിറക്കിയിട്ടുള്ള സർപ്പ മൊബൈൽ ആപ്പിൽ ലഭ്യമാണ്. ഈ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.


| Sl.No. | ജില്ല | ആശുപത്രി |
|---|---|---|
| 1 | | Medical College Hospital |
| 2 | | SAT Hospital |
| 3 | | GH Neyyattinkara |
| 4 | Thiruvananthapuram | THQH Parassala |
| 5 | | PHC Poozhnadu |
| 6 | | THQH Chiryinkcczhu |
| 7 | | FW Store, DMO |
| 8 | | DH Kollam |
| 9 | Kollam | THQH Karunaganpally |
| 10 | | Medical College Paripally |
| 11 | | GH Pathanamthitta |
| 12 | | DH Kozhcncherry |
| 13 | Pathanamthitta | THQH Ranni |
| 14 | | THOH Thiruvalla |
| 15 | | THQH Mallappally |
| 16 | Alappuzha | Medical College, Vandanam |
| 17 | | THQH Cherthala |

| | | |
|---|---|---|
| 18 | | THQH Thuravoor |
| 19 | Kottayam | Medical College Hospital |
| 20 | | lnstitute of Child Health |
| 21 | | GH Changanassery |
| 22 | | GH  Kanjirappally |
| 23 | | CHC Erumeli |
| 24 | | GH Kottayam |
| 25 | | THOH Pampady |
| 26 | | GH Pala |
| 27 | | THQH Kuruvilangadu |
| 28 | | THQH Vaikkom |
| 29 | ldukki | DH Painavu |
| 30 | | THQH Thodupuzha |
| 31 | | THQH Ncdumkandom |
| 32 | Ernakulam | THQH Karuvelippady |
| 33 | | GH Ernakulam |
| 34 | | THOH Kothamangalam |
| 35 | | TH Piravom |
| 36 | | Govt. Medical College Ernakulam |
| 37 | Thrissur | New Medical College |
| 38 | | THQH  Kodungalloor |
| 39 | | GH Thrissur |
| 40 | | THQH Chavakkad |
| 41 | Palakkad | DH Palakkad |
| 42 | | THQH Ottapalam |
| 43 | | THOH Mannarkkad |
| 44 | | FH C Pudur |
| 45 | | GTSH Koottathara |
| 46 | | W&C Hospital Palakkad |
| 47 | Malappuram | DH Thirur |
| 48 | | DH Pcrundalmanna |
| 49 | | Medical College Manjeri |
| 50 | | DH Nilamboor |


| | | |
|---|---|---|
| 51 | Kozhikkode | Medical College Kozhikkode |
| 52 | | Institute of Maternity and Child Health |
| 53 | | W&C Hospital Kozhikkode |
| 54 | | GH Kozhikkode |
| 55 | | THOH Thamarasserv |
| 56 | | THQH Feroke |
| 57 | | THOH Ouiladndy |
| 58 | | THQH Perampra |
| 59 | | THQH Nadhanuram GH Vadakara |
| 60 | Wayanad | THQH Vaithiri |
| 61 | | THOH Sulthan Bethery |
| 62 | | DH Manandavady |
| 63 | Kannur | GH Thalasscrv<br>DH Kannur |
| 64 | | TH Payangadi |
| 65 | | THQ H Payyannur |
| 66 | | TH Peringome |
| 67 | | Govt. Medical College Kannur |
| 68 | Kasaragod | DH Kanhangad |
| 69 | | GH Kasaragod |

14 അനുബന്ധം 6: സംസ്ഥാനത്ത് വാർഷികമായും, ഋതുക്കളിലും, അതാത് മാസവും ലഭിക്കുന്ന ദീർഘ കാല ശരാശരി മഴയുടെ അളവ് സൂചിപ്പിക്കുന്ന ഭൂപടങ്ങൾ



**കേരള സംസ്ഥാനത്ത് ലഭിക്കുന്ന പ്രതിമാസ ശരാശരി മഴ**



# 15 അനുബന്ധം 7: വ്യക്തിഗത സുരക്ഷാ കിറ്റ്



## 16 അനുബന്ധം 8: കേന്ദ്ര ജല കമ്മീഷൻ പുഴയിലെ ജലനിരപ്പ് നിരീക്ഷിക്കുന്ന സ്ഥലങ്ങളും അനുബന്ധ വിവരങ്ങളും

| Sl No. | Name of Site | River | Main River | District | Taluk | Lat | Long | Warning Levl (m) | Danger Level (m) | Highest Flood Level (FL) (m) | Highest FL recorded on |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Kalloopara | Manimala | Pamba | Pathanamthitta | Mallapally | 9.4036 | 76.6503 | 5.00 | 6.00 | 9.64 | 16-08-2018 |
| 2 | Malakkara | Pampa | Pamba | Pathanamthitta | Pathanamthitta | 9.3325 | 76.6631 | 6.00 | 7.00 | 9.58 | 16-08-2018 |
| 3 | Thumpamon | Achankovil | Pamba | Pathanamthitta | Pathanapuram | 9.2250 | 76.7147 | 9.00 | 10.00 | 13.74 | 07-11-1978 |
| 4 | Pattazhy | Kallada | Kallada | Kollam | Kozhenchery | 9.0728 | 76.7611 | 7.00 | 8.00 | 13.81 | 15-11-1992 |
| 5 | Ayilam | Vamanapuram | Vamanapuram | Trivandrum | Chirayinkeezhu | 8.7150 | 76.8500 | 6.00 | 8.00 | 10.69 | 10-10-1992 |
| 6 | Madamon | Pampa | Pamba | Pathanamthitta | Ranni | 9.3639 | 76.8378 | 100.00 | 101.00 | 111.00 | 15-08-2018 |
| 7 | Vellaikadavu | Karamana | Karamana | Trivandrum | Kattakada | 8.4981 | 77.0042 | 92.00 | 93.00 | 97.00 | |
| 8 | Nellippally | Kallada | Kallada | Kollam | Pathanapuram | 9.0278 | 76.9250 | | | | |
| 9 | Arakkannur | Ithikkara | Ithikkara | Kollam | Kottarakkara | 8.8725 | 76.8467 | | | | |
| 10 | Aruvipuram | Neyyar | Neyyar | Trivandrum | Neyyattinkara | 8.4200 | 77.0925 | 93.00 | 95.50 | 99.39 | 15-08-2018 |
| 11 | Mankara | Bharatapuzha | Bharatapuz | Palakkad | Palakkad | 10.761 | 76.486 | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ha | | | 1 | 1 | | | | |
| 12 | Pudur | Kannadipuzh a | Bharatapuz ha | Palakkad | Palakkad | 10.777 5 | 76.512 2 | | | | |
| 13 | Arangaly | Chalakkudy | Periyar | Trissur | Kodungallur | 10.286 1 | 76.322 2 | | | | |
| 14 | Neeleeswa ram | Periyar | Periyar | Ernakulam | Kunnathunad | 10.183 6 | 76.495 6 | 9 | 10 | 12.4 | 19-08-2018 |
| 15 | Kalampur | Kaliyar | Muvattupuz ha | Ernakulam | Muvattupuzh a | 9.9906 | 76.632 2 | | | | |
| 16 | Ramamang alam | Muvattupuzh a | Muvattupuz ha | Ernakulam | Kanayannor | 9.9436 | 76.478 3 | | | | |
| 17 | Vandiperiy ar | Periyar | Periyar | Idukki | Pirmedu | 9.5733 | 77.090 6 | | | | |
| 18 | Kidangoor | Meenachil | Meenachil | Kottayam | Meenachil | 9.6750 | 76.602 8 | 6.16 | 7.16 | 8.20 | 16-08-2018 |
| 19 | Kondazhy | Gayatri | Bharatapuz ha | Trichur | Ottapallam | 10.723 3 | 76.401 9 | | | | |
| 20 | Kottappura m | Keecheri/Alo or | Keecheri | Trichur | Wadakkanch ery | 10.677 8 | 76.200 6 | | | | |
| 21 | Palakadavu | Karuvannur | Karuvannur | Trichur | Mukundapur am | 10.425 0 | 76.237 8 | 8.30 | 9.30 | 12.10 | 16-08-2018 |
| 22 | Pallippady | Kothamangal am | Muvattupuz ha | Ernakulam | Kothamangal am | 10.039 4 | 76.616 7 | | | | |
| 23 | Manakkad | Thodupuzha | Muvattupuz ha | Idukki | Muvattupuzh a | 9.9089 | 76.696 1 | | | | |
| 24 | Kalathukad avu | Meenachil | Meenachil | Kottayam | Meenachil | 9.7197 | 76.778 3 | | | | |
| 25 | Manikal | Manimala/ | Pamba | Kottayam | Kanjirapalli | 9.5311 | 76.912 2 | | | | |
| 26 | Pullakkaya r | Manimala | Pamba | Kottayam | Kanjirapalli | 9.5744 | 76.886 1 | | | | |
| 27 | Erinjipuzh a | Payaswani | Payaswani | Kasargod | Kasargod | 12.495 8 | 75.156 9 | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 28 | Perumannu | Valapatnam | Valapatnam | Kannur | Iritty | 11.9808 | 75.5778 | | | | |
| 29 | Kuttiyadi | Kuttiyadi | Kuttiyadi | Kozhikode | Koyalandy | 11.6508 | 75.7583 | | | | |
| 30 | Kuniyil | Chaliyar | Chaliyar | Malappuram | Ernad | 11.2394 | 76.0233 | 9 | 10 | 10.63 | 14-07-1994 |
| 31 | Karathodu | Kadalundi | Kadalundi | Malappuram | Ernad | 11.0569 | 76.0394 | | | | |
| 32 | Pulamanthole | Pulanthodu | Bharatapuzha | Palakkad | Pattambi | 10.8981 | 76.1919 | 15.6 | 16.6 | 19.94 | 16-08-2018 |
| 33 | Kumbidi | Bharatapuzha | Bharatapuzha | Palakkad | Pattambi | 10.8544 | 76.0200 | 8.2 | 9.2 | 11.27 | 16-08-2018 |
| 34 | Pookkayam | Chandragiri | Chandragiri | Kasargod | Vellarikund | 12.4583 | 75.2764 | | | | |
| 35 | Thottathinkadavu | Iruvazhinjipuzha | Chaliyar | Kozhikode | Thamarassery | 11.3619 | 76.0019 | | | | |
| 36 | Peruvampadam | Kurumanpuzha | Chaliyar | Malappuram | Nilambur | 11.3153 | 76.1964 | | | | |
| 37 | Chakkalakuth | Kudhirapuzha | Kudhirapuzha | Malappuram | Nilambur | 11.2642 | 76.2386 | | | | |
| 38 | Adkasthala | Shiriya | Shiriya | Kasargod | Manjeswaram | 12.6747 | 75.1183 | 97.50 | 98.50 | 100.05 | |
| 39 | Kottathara | Siruvani | Cauvery | Palakkad | Manarghat | 11.1233 | 76.7794 | | | | |

## 17 അനുബന്ധം 9 - വീടുകളിൽ തിരികെ പോകുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

ക്യാമ്പുകളിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ പ്രചരിപ്പിക്കണം. **വെള്ളം കയറിയിറങ്ങിയതോ, ഉരുൾ പൊട്ടൽ മണ്ണിടിച്ചിൽ ബാധിച്ചതോ ആയ വീടുകളിൽ തിരികെ ചെല്ലുന്ന സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. ദുരന്ത ബാധിതമായ കെട്ടിടങ്ങൾ പരിശോധിക്കുവാനും, പുനർനിർമ്മിക്കുവാനും ഉതകുന്ന മാർഗനിർദ്ദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ ഇവിടെ ലഭിക്കും https://sdma.kerala.gov.in/wp-content/uploads/2019/06/Hand-book-JAN-2019.pdf
2. ഒറ്റക്ക് വീട്ടിലേക്ക് മടങ്ങരുത്. മുതിർന്നവർ രണ്ടോ അതിലധികമോ പേർ ഒരുമിച്ചു പോകണം.
3. വീട്ടിലേക്ക് പോകുമ്പോൾ ഈ വസ്തുക്കൾ കൂടെ കരുതുക
   - Washing Powder - അലക്ക് പൊടി
   - Bleaching powder - ബ്ലീച്ചിങ് പൊടി
   - Mosquito coil - മോസ്കിറ്റോ കോയിൽ
   - Candles - മെഴുകുതിരികൾ
   - Matchbox - തീപ്പെട്ടി
   - Dettol - ഡെറ്റോൾ
   - First-aid Kit - പ്രഥമശുശ്രൂഷ കിറ്റ്
   - Toothpaste - ടൂത്ത്പേസ്റ്റ്
   - Water Bottle - വെള്ളകുപ്പി
   - Bathing Soap - സോപ്പ്
4. ഒരു കാരണവശാലും രാത്രിയിൽ വീട്ടിലേക്ക് ചെല്ലരുത്. വീടിനകത്ത് പാമ്പു മുതൽ ഗ്യാസ് ലീക്ക് വരെ ഉണ്ടാകും. രാത്രി കയറിച്ചെല്ലുന്നത് കൂടുതൽ അപകടം വിളിച്ചുവരുത്തുകയാണ്.
5. ഏതെങ്കിലും കാരണവശാൽ കെട്ടിടത്തിന്റെ സ്ഥാനം അതിന്റെ യഥാർത്ഥ അടിത്തറയിൽ നിന്നും നീങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ

കെട്ടിടത്തിൽ പ്രവേശിക്കരുത്. പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ദർക്ക് മാത്രമേ ഇത്തരം സാഹചര്യങ്ങളിൽ പ്രവർത്തിക്കാനാകൂ.

6. അധികാരികൾ സുരക്ഷിതമാണെന്ന് നിർദ്ദേശിക്കുന്നത് വരെ വീട്ടിലേക്ക് മടങ്ങരുത്
7. മേൽക്കൂരകളും ഭിത്തികളും ബലഹീനമല്ലെന്നും വിള്ളലുകളില്ലെന്നും ഉറപ്പാക്കുക
8. വീടും ചുറ്റുപാടും വൃത്തിയാക്കാൻ തുടങ്ങുന്നതിനുമുമ്പ് നാശം സംഭവിച്ച വസ്തുവകകളുടെ ഫോട്ടോകളും വീഡിയോകളും എടുക്കുക
9. പ്രളയജലം കിണറുകളും ചവറുകളും മാൻഹോളുകളും മൂടിയിരിക്കും, അതിനാൽ സാവധാനവും സൂക്ഷിച്ചും ഡ്രൈവ് ചെയ്യുക
10. വീടിന്റെ മെയിൻ സ്വിച്ച് ഓഫാണെന്ന് ഉറപ്പാക്കുക. സോളാർ, ഇൻവെർട്ടർ എന്നിവ സ്ഥാപിച്ചിട്ടുള്ളവർ മുൻകരുതൽ എടുക്കുക
11. വൃത്തിയാക്കുന്ന സമയത്ത് എല്ലായ്പ്പോഴും കൈയ്യുറകൾ, പാദരക്ഷകൾ (പ്രത്യേകിച്ച് ബൂട്ട്സ്) ധരിക്കുക
12. വെള്ളപ്പൊക്കം പൂർണ്ണമായും മറികടന്നതിനുശേഷം മാത്രമേ നിങ്ങളുടെ വീട്ടിലേക്ക് തിരിച്ചുപോകാവു
13. വീട്, ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ എല്ലാ മുക്കിലും കോണിലും അണുനാശിനി ഉപയോഗിച്ചു വൃത്തിയാക്കുക
14. വീടിന്റെ ജനാലകൾ പുറത്തുനിന്ന് തുറക്കാൻ പറ്റുമെങ്കിൽ അവ തുറന്നിട്ട് കുറച്ചു സമയം കഴിഞ്ഞ് വേണം അകത്ത് പ്രവേശിക്കാൻ.
15. വീടിനകത്തും പുറത്തും ഇഴജന്തുക്കളെ പ്രതീക്ഷിക്കണം.
16. വീടിനു പുറത്തു നിന്നും പൈപ്പ് വഴിയാണ് ഗ്യാസ് സപ്ലൈ ചെയ്യുന്നതെങ്കിൽ അഥവാ ഗ്യാസിന്റെ സിലിണ്ടർ വീടിന് വെളിയിലാണെങ്കിൽ അത് ഓഫ് ചെയ്യണം.
17. വീടിന്റെ വാതിലിന്റെ ഇരുവശവും ചെളി ആണെങ്കിൽ തുറക്കുക ശ്രമകരം ആയിരിക്കും. ബലം പ്രയോഗിക്കേണ്ടി വരും. പഴയ

വീടാണെങ്കിൽ അത് ഭിത്തിയെയോ മേൽക്കൂരയെയോ അസ്ഥിരപ്പെടുത്താൻ വഴിയുണ്ട്, സൂക്ഷിക്കണം.

18. വീടിനകത്ത് കയറുന്നതിന് മുൻപ് ഏതെങ്കിലും തരത്തിലുള്ള ഗ്യാസ് ലീക്ക് ഉള്ളതായി (അസ്വാഭാവിക ഗന്ധം) തോന്നിയാൽ വാതിൽ തുറന്ന് കുറെ കഴിഞ്ഞിട്ട് അകത്ത് കയറുക
19. വെള്ളത്തിൽ വസ്തുക്കൾ ഒഴുകി നടക്കും, പലതും ഫാനിന്റെ മുകളിലോ മറ്റോ തങ്ങിനിന്ന് തലയിൽ വീഴാനുള്ള സാധ്യതയും മുന്നിൽ കാണണം.
20. ഒരു കാരണവശാലും വീടിനകത്ത് ലൈറ്റർ ഉപയോഗിക്കരുത്, സിഗരറ്റോ മെഴുകുതിരിയോ കത്തിക്കുകയും അരുത്.
21. വീട്ടിൽ ഫ്ലഷും, പൈപ്പും വർക്ക് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ അതിലൂടെ വരുന്നത് ശുദ്ധജലമാണോ കലക്ക വെള്ളമാണോ എന്ന് ശ്രദ്ധിക്കുക.
22. ദുരന്ത ബാധിതമായ അടഞ്ഞു കിടക്കുന്ന വീടുകളിൽ പൂപ്പൽ, പഴയ പെയിന്റിലെ (1978 മുമ്പ് പണി കഴിപ്പിച്ച വീടുകളിൽ) ഈയത്തിന്റെ പൊടി എന്നിവ മനുഷ്യന് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാം. ആയതിനാൽ ആദ്യം തന്നെ ഇത്തരം വീടുകൾ തുറന്നിട്ട് കുറഞ്ഞത് 2 മണിക്കൂർ കഴിഞ്ഞ് മാത്രം വീടുകളിൽ പ്രവേശിക്കുക.
23. ദുരന്ത ബാധിതമായ കെട്ടിടങ്ങളിൽ പാമ്പ് പോലുള്ള അപകടകാരികളായ ജീവികൾ ഒളിഞ്ഞിരിക്കാൻ സാധ്യതയുണ്ട്. ഇവയുടെ സാനിധ്യം പരിശോധിച്ചിട്ട് മാത്രം ഇത്തരം കെട്ടിടങ്ങളിൽ പ്രവേശിക്കുക.

## 17.1 വീടിന്റെ തറയും പരിസരവും വൃത്തിയാക്കുന്ന രീതി

1. പരിസരം വൃത്തി ആക്കാൻ ക്ലോറിൻ ലായിനി തളിക്കുക
2. 1% ക്ലോറിൻ ലായനി തയ്യാറാകുന്ന വിധം: 6 ടീ സ്പൂണിൽ ഉൾക്കോള്ളാവുന്നത്ര (30 ഗ്രാം അളക്കുവാൻ കഴിയുന്നില്ല എങ്കിൽ) ബ്ലീച്ചിംഗ് പൌഡർ എടുത്തു കുഴമ്പ് പരുവത്തിൽ ആക്കുക. അതിനു ശേഷം അതിലേക്കു 1 ലിറ്റർ വെള്ളം ചേർക്കുക. മുകളിൽ പറഞ്ഞ

പോലെ കലക്കി 10 മിനിറ്റ് വച്ച ശേഷം, അതിന്റെ തെളി എടുത്തു വേണം തറ തുടക്കാനും, പരിസരത്ത് ഒഴിക്കാനും. കൂടുതൽ ആവശ്യം എങ്കിൽ ഒരു ലിറ്ററിന് 6 ടീസ്പൂൺ എന്ന കണക്കിന് കൂടുതൽ ലായനി തയ്യാറാക്കാം.

3. നിലം തുടച്ച ശേഷം/വീട്ടു പരിസരത്ത് ക്ലോറിൻ ലായനി ഒഴിച്ച ശേഷം ചുരുങ്ങിയത് 20 - 30 മിനിറ്റ് സമ്പർക്കം ലഭിച്ചാൽ മാത്രമേ അണു നശീകരണം പൂർണ്ണമായി നടക്കൂ. അതിനാൽ അത്രയും സമയം വരെ തറ തുടക്കുവാനോ വെള്ളം ഒഴിക്കുവാണോ പാടില്ല.
4. അര മണിക്കൂറിനു ശേഷം മണം ഉള്ള മറ്റു ലായനികൾ ഉപയോഗിച്ച് തറ വൃത്തി ആക്കി ക്ലോറിൻ മണം മാറ്റാം.
5. വീട് ശുചിയാക്കുവാൻ ആവശ്യമായ ഉപകരണങ്ങൾ
    - കയ്യുറകൾ
    - മുഖംമൂടി & മറ്റ് സംരക്ഷക വസ്തുക്കൾ
    - ചൂൽ
    - മാലിന്യ സഞ്ചി
    - സോപ്പ്പൊടി

**ആരോഗ്യം**

1. ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക
2. വെള്ളപ്പൊക്കം മൂലം ജലത്തിൽ കാർഷിക വ്യാവസായിക മാലിന്യങ്ങൾ ഉൾപെടാൻ സാധ്യത ഉണ്ട്. ഈ ജലം ശരീരത്തിൽ സ്പർശിച്ചത് കൊണ്ട് ഗുരുതരമായ ആരോഗ്യപ്രശ്നമുണ്ടാകുന്നില്ല എങ്കിലും, വെള്ളപ്പൊക്കത്താൽ മലിനമായ ഭക്ഷണ പാനീയങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാം
3. നിങ്ങളുടെ വീട്ടിൽ മാലിന്യം പ്രവഹിച്ചിട്ടുണ്ടെങ്കിൽ, റബ്ബർ ബൂട്ട്സ്, കയ്യുറകൾ ഇവ വൃത്തിയാക്കലിനുവേണ്ടി ഉപയോഗിക്കുക. അണുവിമുക്തമാക്കുവാൻ കഴിയാത്ത മാലിന്യവൽക്കരിച്ച ഗാർഹിക സാമഗ്രികൾ നീക്കം ചെയ്യുക

4. ഏന്തെങ്കിലും മുറിവുകൾ നിങ്ങൾക്ക് ഉണ്ടെങ്കിൽ, അവയെ സോപ്പ് ഉപയോഗിച്ച് കഴുകുകയും രോഗം വരാതിരിക്കാൻ ഒരു ആന്റിബയോട്ടിക് തൈലം ഉപയോഗിക്കുകയും ചെയ്യുക.
5. മുറിവുകൾ മലിന ജലവുമായി സംബർക്കത്തിൽപെട്ടിട്ടുണ്ടെങ്കിൽ ആഴ്ചയിൽ 200 എംജി എന്ന അളവിൽ ഡോക്സിസൈക്ലീൻ എലിപ്പനി പ്രതിരോധ മരുന്നായി ഡോക്ടറുടെ നിർദ്ദേശപ്രകാരം കഴിക്കുക.
6. വെള്ളപ്പൊക്കം മുഖേന മലിനമാക്കപ്പെട്ട വസ്ത്രങ്ങൾ ചൂടുവെള്ളം, സോപ്പ് എന്നിവ ഉപയോഗിച്ച് പ്രത്യേകം കഴുകുക
7. കുട്ടികളെ വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ കളിക്കാൻ അനുവദിക്കരുത് കൂടാതെ ശുദ്ധജലം ഉപയോഗിച്ച് കഴുകി മാലിന്യ വിമുക്തമാക്കാത്ത കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് കളിക്കാൻ അനുവദിക്കരുത്. രണ്ട് ലിറ്റർ വെള്ളത്തിന് 3 ടീസ്പൂൺ നിറച്ച് ബ്ലീച്ചിങ് പൌഡർ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ അണുവിമുക്തമാക്കുക. സ്റ്റഫ് ചെയ്ത മൃഗങ്ങളും കുഞ്ഞ് കളിപ്പാട്ടങ്ങളും പോലുള്ള ചില കളിപ്പാട്ടങ്ങൾ അണുവിമുക്തമാക്കുവാൻ സാധ്യമല്ല. അവ ഉപേക്ഷിക്കുക
8. ദുരന്ത ശേഷം ശേഷം ആദ്യമായി വീട്ടിൽ പോകുമ്പോൾ കുട്ടികളെ കൂടെ കൊണ്ടുപോകരുത്. വീടിന് ഏറ്റ ദുരന്ത ആഘാതം നേരിട്ട് കാണുന്നത് കുട്ടികളിൽ മാനസിക വിഷമം ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ഒറ്റയ്ക്കല്ല ഒപ്പമുണ്ട് എന്ന പദ്ധതിയുടെ ഹെല്പ് ലൈനുകൾ വഴി ആ സേവനം ലഭ്യമാക്കണം
9. തിളപ്പിച്ച് ആറ്റിയ വെള്ളം മാത്രം കുടിക്കുക.
10. ദുരന്തം ബാധിച്ച വീട്ടിൽ ഉള്ള ആഹാര സാധനങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കുന്നതാണ് ഉചിതം
11. പ്രളയ ജലത്തിൽ വീണുകിടന്ന എല്ലാ മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും ഉപേക്ഷിക്കുക

12. പ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ബാധിച്ച വീട്ടിലെ എല്ലാ ഭക്ഷണ വസ്തുക്കളും ഉപേക്ഷിക്കുക. പുതിയവ വാങ്ങി മാത്രം ഉപയോഗിക്കുക
13. ഫ്രിഡ്ജിൽ സൂക്ഷിച്ചിരുന്ന എല്ലാ വസ്തുക്കളും ഉപേക്ഷിക്കുക
14. അഴുക്കുപിടിച്ചതും പൊട്ടിയതുമായ പാത്രങ്ങൾ ഉപേക്ഷിക്കുക
15. **വെള്ളപ്പൊക്കത്തിൽ നനഞ്ഞ ഈ വസ്തുക്കൾ ശാസ്ത്രീയമായി, തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്നതുപോലെ ഉപേക്ഷിക്കുന്നതാണ് നല്ലത്**
    - മെത്തകൾ
    - ബോക്സ് സ്പ്രിംഗ് ബെഡ്സ്
    - സ്റ്റഫ് ചെയ്ത കളിപ്പാട്ടങ്ങൾ
    - തലയിണകൾ
    - പാഡിംഗ് കുഷ്യനുകൾ
    - ഫർണിച്ചർ കവറുകൾ

## 17.2 കിണറുകൾ, ദുരന്തം ബാധിച്ച ജല സംഭരണികൾ എന്നിവ ശുചിയാക്കുന്ന പ്രവർത്തനം

1. കിണറുകളും, ജല സംഭരണികളും ശുചീകരിക്കുന്നതിൽ പരിശീലനം ഉള്ളവരെ ഉപയോഗിച്ച് മാത്രം ഈ പ്രവർത്തനം നിർവഹിക്കുക.
2. കിണറിൽ വായൂ സഞ്ചാരം ഉറപ്പാക്കിയതിന് ശേഷം മാത്രം ഇറങ്ങുക. ഇതിനായി ശക്തമായ ഒരു ഫാൻ കിണറ്റിനുള്ളിൽ ഇറക്കി ചുരുങ്ങിയത് 1 മണിക്കൂർ പ്രവർത്തിപ്പിച്ച ശേഷം കിണറ്റിൽ ഇറങ്ങുക
3. എപ്പോഴും മുകളിൽ രക്ഷാ പ്രവർത്തനം നടത്തുവാൻ സന്നദ്ധരായി രണ്ടുപേർ ഉണ്ടാകുക.
4. സാധാരണ വാങ്ങാൻ ലഭിക്കുന്ന ബ്ലീച്ചിംഗ് പൌഡറിൽ 30 മുതൽ 40 ശതമാനം വരെ ആണ് ക്ലോറിന്റെ അളവ്. 33% ക്ലോറിൻ ഉണ്ട് എന്ന നിഗമനത്തിൽ ആണ് ഇനി പറയുന്ന അളവുകൾ നിർദ്ദേശിക്കുന്നത്.
5. കിണറിലെ വെള്ളത്തിന്റെ അളവ് ആദ്യം നമ്മൾ കണക്കാക്കണം. അതിനു ആദ്യം കിണറിന്റെ വ്യാസം മീറ്ററിൽ കണക്കാക്കുക (D).

തുടർന്ന് ബക്കറ്റ് കിണറിന്റെ ഏറ്റവും അടിയിൽ വരെ ഇറക്കി നിലവിൽ ഉള്ള വെള്ളത്തിന്റെ ആഴം മീറ്ററിൽ കണക്കാക്കുക (H) വെള്ളത്തിന്റെ അളവ് = 3.14 x D x D x H x 250 ലിറ്റർ

6. സാധാരണ ക്ലോറിനേഷൻ നടത്താൻ 1000 ലിറ്ററിന് 2.5 ഗ്രാം ബ്ലീച്ചിംഗ് പൌഡർ ആണ് ആവശ്യം വരിക. എന്നാൽ വെള്ളപ്പൊക്കത്തിനു ശേഷം വെള്ളം അതീവ മലിനം ആയിരിക്കും എന്നത് കൊണ്ട് സൂപ്പർ ക്ലോറിനേഷൻ നടത്തേണ്ടതുണ്ട്. ഇതിനായി 1000 ലിറ്ററിന് 5 ഗ്രാം (ഏകദേശം ഒരു ടീസ്പൂൺ കൂമ്പാരം ആയി) ബ്ലീച്ചിംഗ് പൌഡർ ആണ് ആവശ്യം.
7. വെള്ളത്തിന്റെ അളവ് വച്ച് ആവശ്യം ആയ ബ്ലീച്ചിംഗ് പൌഡർ ഒരു പ്ലാസ്റ്റിക് ബക്കറ്റിൽ എടുക്കുക. ഇതിൽ അല്പം വെള്ളം ചേർത്ത് കുഴമ്പ് പരുവത്തിൽ ആക്കുക. നന്നായി കുഴമ്പ് ആയ ശേഷം ബക്കറിന്റെ മുക്കാൽ ഭാഗം വെള്ളം ഒഴിച്ച് ഇളക്കുക. ശേഷം ബക്കറ്റ് 10 മിനിറ്റ് അനക്കാതെ വെക്കുക
8. 10 മിനിറ്റ് കഴിയുമ്പോൾ ലായനിയിലെ ചുണ്ണാമ്പ് അടിയിൽ അടിയും. മുകളിൽ ഉള്ള വെള്ളത്തിൽ ക്ലോറിൻ ലയിച്ചു ചേർന്നിരിക്കും. വെള്ളം കോരുന്ന ബക്കറ്റിലേക്ക് ഈ തെളി ഒഴിച്ച ശേഷം ബക്കറ്റ് കിണറിന്റെ ഏറ്റവും അടിയിലേക്ക് ഇറക്കി പൊക്കുകയും താഴ്ത്തുകയും ചെയ്തു വെള്ളത്തിൽ ക്ലോറിൻ ലായനി നന്നായി കലർത്തുക.
9. 1 മണിക്കൂർ സമയം വെള്ളം അനക്കാതെ വച്ച ശേഷം കിണറിലെ വെള്ളം ഉപയോഗിച്ച് തുടങ്ങാം.

Reference: https://www.afterflood.in/

## 18 അനുബന്ധം 10 - ഹെലികോപ്റ്റർ ഇറങ്ങുവാൻ സാധിക്കുന്ന സ്ഥലങ്ങളുടെ പട്ടിക

ഹെലികോപ്റ്റർ ഇറങ്ങുവാൻ സാധിക്കുന്ന സ്ഥലങ്ങളുടെ ഭൂപടങ്ങളും ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2021/05/Helipad-Locations-and-Maps.pdf. പട്ടിക ചുവടെ ചേർക്കുന്നു.

| Sl No | District | LSGs | Location Name | Y | X |
|---|---|---|---|---|---|
| 1 | Thiruvananthapuram | Thiruvananthapuram(C) | Airforce Technical Area, Sangumugham | 8.515242 | 76.91143 |
| 2 | Thiruvananthapuram | Thiruvananthapuram(C) | Southern Air Command, Ulloor - Akkulam Rd, Aakkul | 8.522888 | 76.90804 |
| 3 | Thiruvananthapuram | Andoorkonam | CRPF Ground, Pallipuram | 8.610281 | 76.85716 |
| 4 | Thiruvananthapuram | Varkala(M) | Near Papanasam Beach, Varkala Cliff | 8.735782 | 76.70448 |
| 5 | Thiruvananthapuram | Kalliyoor | Vellayani Agricultural Stadium, Agricultural Coll | 8.428898 | 76.98644 |
| 6 | Thiruvananthapuram | Thiruvananthapuram(C) | Central Stadium, Sector 3, Statue, Palayam, Thiru | 8.496821 | 76.95078 |
| 7 | Thiruvananthapuram | Thiruvananthapuram(C) | Chandrasekharan Nair Stadium, Mahathma Gandhi Rd, | 8.504874 | 76.95063 |
| 8 | Thiruvananthapuram | Thiruvananthapuram(C) | University Stadium, GV Raja Pavilion, Palayam PMG | 8.507852 | 76.95116 |
| 9 | Thiruvananthapuram | Thiruvananthapuram(C) | Marthoma Stadium | 8.560076 | 76.95433 |
| 10 | Thiruvananthapuram | Thiruvananthapuram(C) | Trivandrum International Stadium | 8.571546 | 76.88437 |
| 11 | Thiruvananthapuram | Thiruvananthapuram(C) | Mar Evanious College ground,Nalanchira | 8.54783 | 76.93977 |

| | | | | | |
|---|---|---|---|---|---|
| 12 | Thiruvananthapuram | Poovachal | Christian College,Kattakada | 8.508546 | 77.08614 |
| 13 | Thiruvananthapuram | Attingal(M) | Mamom ground, Attingal | 8.679912 | 76.82394 |
| 14 | Kollam | Kollam(C) | Asramam Ground, Kollam, Kerala 691001 | 8.894689 | 76.59105 |
| 15 | Kollam | Sasthamkotta | Devasom Board College Ground, Sasthamcotta | 9.040513 | 76.63122 |
| 16 | Kollam | Sooranadu South | Kumaranchira Devi Temple Ground, Sooranad South | 9.064228 | 76.60488 |
| 17 | Kollam | Sooranadu North | Govt HSS Ground, Sooranad North | 9.103471 | 76.62214 |
| 18 | Kollam | Kollam(C) | Lal Bahadur Sastri Stadium, Near, Q.A.C.Road, Ka | 8.883159 | 76.59905 |
| 19 | Kollam | Kollam(C) | Hockey Stadium, Link Road, near Ashramam Maidaan | 8.894196 | 76.58808 |
| 20 | Pathanamthitta | Kozhancherry | Indoor Stadium, Pramadom, Kozenchery Taluk | 9.241649 | 76.81087 |
| 21 | Pathanamthitta | Kozhancherry | Catholicate College Ground, Kozenchery Taluk | 9.258209 | 76.78011 |
| 22 | Pathanamthitta | Kadapra | Devasom Board College Ground, Parumala, Thiruvalla | 9.32334 | 76.53603 |
| 23 | Pathanamthitta | Thiruvalla | Municipal Stadium, Thiruvalla | 9.384266 | 76.57953 |
| 24 | Pathanamthitta | Thiruvalla | Marthoma College ground, Thiruvalla | 9.400759 | 76.58355 |
| 25 | Pathanamthitta | Thiruvalla | Municipal Stadium, | 9.384266 | 76.57953 |

| | | | | | |
|---|---|---|---|---|---|
| | | | Thiruvalla | | |
| 26 | Pathanamthitta | Kozhancherry | Stadium Junction, Ring Road Azoor, Pathanamthitta | 9.261176 | 76.7833 |
| 27 | Pathanamthitta | Mallappally | Bishop abrham memorial College Ground, Thuruthica | 9.423132 | 9.423132 |
| 28 | Pathanamthitta | Pathanamthitta | KAP 3rd Battallion Parade Ground Pathanamthitta, | 9.132544 | 76.75134 |
| 29 | Pathanamthitta | Pandalam-Thekkekkara | N.S.S. College ground Pandalam | 9.221572 | 76.67957 |
| 30 | Pathanamthitta | Thumpamon | M.G School ground,Thumpamon, Kerala 689502 | 9.221946 | 76.71212 |
| 31 | Pathanamthitta | Vechoochira | St. Thomas School,Vechoochira - Erumeli Rd, Vechoochira | 9.442628 | 76.85363 |
| 32 | Pathanamthitta | Ranni- Perunad | Nilakkal base camp | 9.38992 | 77.01139 |
| 33 | Pathanamthitta | Kidangannoor | SVGVHSS Ground, Nalkalikkal, Kozhencherry | 9.3102 | 76.68188 |
| 34 | Alappuzha | Chingoli | NTPC Ground,Kayamkulam | 9.252593 | 76.46338 |
| 35 | Alappuzha | Alappuzha | Recreation Ground,CCSB Rd, Civil Station Ward, Al | 9.494173 | 76.31937 |
| 36 | Alappuzha | Alappuzha | EMS Stadium, Palace Rd, Municipal Stadium Ward, | 9.490403 | 76.33608 |
| 37 | Idukki | Vandiperiyar | Wallardi Estate Ground at Harisson Malayalam Plan | 9.585705 | 77.10764 |
| 38 | Idukki | Kattappana | Govt College, Kattapana | 9.76118 | 77.10539 |
| 39 | Idukki | Kattappana | Grama | 9.752103 | 77.11731 |

| | | | | | |
|---|---|---|---|---|---|
| | | | Panchayath Stadium, Kattapana | | |
| 40 | Idukki | Kattappana | St George Higher Secondary School Kattappana | 9.74815 | 77.11355 |
| 41 | Idukki | Konnathadi | St George Auditorium Parathod (Beenamol Stadium) | 9.939846 | 77.0288 |
| 42 | Idukki | Upputhara | St.Marys Forane Church Parish Hall,Upputhara | 9.705073 | 77.02034 |
| 43 | Idukki | Upputhara | St.Philomina HSS Upputhara | 9.705057 | 77.02031 |
| 44 | Ernakulam | Karukutty | Adlux medicity convension centre,Karukutty | 10.23613 | 76.37281 |
| 45 | Ernakulam | Sreemoolanagaram | Akavoor high school ground,Sreemoolanagaram,Choww | 10.13571 | 76.40822 |
| 46 | Ernakulam | Alangad | Alangad,Thiruvallur temple ground | 10.11871 | 76.30877 |
| 47 | Ernakulam | Kochi(C) | Ambedkar Stadium, Kadavanthara | 9.979077 | 76.28808 |
| 48 | Ernakulam | Karumaloor | Aquacity flat building Helipad (Dual core buildi | 10.1345 | 76.32813 |
| 49 | Ernakulam | Perumbavoor(M) | Ashramam Boys HSS ground,Perumbavoor | 10.11844 | 76.48825 |
| 50 | Ernakulam | Perumbavoor(M) | Asramam School Ground, Perumbavoor | 10.11854 | 76.48826 |
| 51 | Ernakulam | Ezhikkara | Chaathanad St.Vincent Feror Church ground,Chathan | 10.08208 | 76.23782 |
| 52 | Ernakulam | Kottuvally | Cheriyappilly ground, Kottuvally | 10.12011 | 76.24568 |
| 53 | Ernakulam | Kalamasseri(M) | DLF FLAT | 10.01158 | 76.34421 |

| | | | | | |
|---|---|---|---|---|---|
| | | | Helipad,Kakkanad | | |
| 54 | Ernakulam | Eloor(M) | FACT School Ground, Elur East | 10.0678 | 76.30527 |
| 55 | Ernakulam | Chittattukara | Govt HSS ground puthiyakav,Vadakkekara | 10.16587 | 76.20498 |
| 56 | Ernakulam | North Paravoor(M) | Govt. Boys HSS Ground,N.Paravur | 10.14755 | 76.2261 |
| 57 | Ernakulam | Perumbavoor(M) | Govt.boys high school ground, Perumbavoor | 10.1172 | 76.48139 |
| 58 | Ernakulam | Koothattukulam(M) | Higher Secondary School Ground,Koothattukulam | 9.860127 | 76.59904 |
| 59 | Ernakulam | Kochi(C) | Kaloor Stadium | 9.997383 | 76.30084 |
| 60 | Ernakulam | Keerampara | Keerampara schoool ground, Kothamangalam | 10.1007 | 76.64961 |
| 61 | Ernakulam | Marad(M) | Lakeshore Hospital,Helipad faculty,Maradu | 9.919132 | 76.31891 |
| 62 | Ernakulam | Marad(M) | LeMeridean Hotel,Helipad faculty,Maradu | 9.933262 | 76.31725 |
| 63 | Ernakulam | Kothamangalam(M) | M A college Kothamangalam | 10.05409 | 76.61847 |
| 64 | Ernakulam | Kochi(C) | Maharajas College Stadium, PT Usha Road | 9.974142 | 76.28335 |
| 65 | Ernakulam | Kothamangalam(M) | Mar Athanrious College Ground, Kothamanagalam | 10.05437 | 76.61854 |
| 66 | Ernakulam | Kochi(C) | Marine drive,Ernakulam | 9.97428 | 76.28409 |
| 67 | Ernakulam | Vazhakkulam | MES college ground,Marambilly | 10.10592 | 76.41103 |
| 68 | Ernakulam | Eloor(M) | MKK Nair Ground,Elur South | 10.06778 | 76.30513 |
| 69 | Ernakulam | Muvattupuzha(M) | Municipal Stadium Ground,BOC | 9.991377 | 76.58065 |

| | | | | | |
|---|---|---|---|---|---|
| | | | Junction, Muvattupuz | | |
| 70 | Ernakulam | Nedumbassery | Naval Air Port, W Island | 9.944984 | 76.28074 |
| 71 | Ernakulam | Kochi(C) | Nedumbasssery Airport, Aluva | 10.15595 | 76.3855 |
| 72 | Ernakulam | Avoly | Nirmala College Ground , Muvattupuzha | 9.978844 | 76.59431 |
| 73 | Ernakulam | Thrikkakkara(M) | NPOL Helipad,Thrikkakara,Vazhakkala | 10.02426 | 76.33416 |
| 74 | Ernakulam | Chendamangalam | Paliyam HS school ground,Chendamangalam | 10.17241 | 76.23399 |
| 75 | Ernakulam | Puthenvelikkara | Panchayat ground,Manacherikkunnu, Puthenvelikkara | 10.1854 | 76.24419 |
| 76 | Ernakulam | Karumaloor | Panchayath Ground,Veliyathunad,Karumallor | 10.13013 | 76.32865 |
| 77 | Ernakulam | Puthenvelikara | Presentasion college ground,Manacherikunnu,Puthen | 10.19436 | 76.25241 |
| 78 | Ernakulam | Kottuvally | Private ground near village office,Cheriyappilly | 10.11995 | 76.24553 |
| 79 | Ernakulam | Karumaloor | Settlement School ground near UC College,Karumall | 10.12627 | 76.32916 |
| 80 | Ernakulam | Kalamasseri(M) | Skyline Brown ,Kakkanad | 10.01815 | 76.37425 |
| 81 | Ernakulam | Vadakkekara | SNMITC,Maliankara,Moothakunnam | 10.18027 | 76.18349 |
| 82 | Ernakulam | Aluva(M) | St george HSS ground kothamangalam | 10.06213 | 76.6314 |
| 83 | Ernakulam | Kottuvally | ST Philominas HSS school ground,Koonammavu,Kottuv | 10.1001 | 76.26513 |

| | | | | | |
|---|---|---|---|---|---|
| 84 | Ernakulam | Kadungalloor | St. Johns Visitation Public School,Muppatha dam,Ka | 10.09733 | 76.32243 |
| 85 | Ernakulam | Puthenvelikara | ST.Antony's English medium school ground,Kappelik | 10.18816 | 76.25342 |
| 86 | Ernakulam | North Paravoor(M) | Stadium Ground,N.Paravu r | 10.14478 | 76.2303 |
| 87 | Ernakulam | Kochi(C) | Tritwam Flat_towers, Helipad,Ernakula m | 9.997152 | 76.27307 |
| 88 | Ernakulam | Aluva(M) | UC College ground,Aluva West | 10.12583 | 76.33511 |
| 89 | Thrissur | Thrissur | C Achuthamenon Memorial college, Kuttanellur, Oll | 10.50199 | 76.25465 |
| 90 | Thrissur | Thrissur | Lulu Convention Centre, Pazhakkel, Thrisssur | 10.54008 | 76.18168 |
| 91 | Thrissur | Kandanasseri | Sreekrishna College, Guruvayoor Devasom | 10.60612 | 76.08897 |
| 92 | Thrissur | Thrissur | Thope Stadium ground | 10.52006 | 76.23002 |
| 93 | Thrissur | Kolazhi | Shobha city helipad | 10.55059 | 76.18601 |
| 94 | Thrissur | Thrissur | Kunjikuttan Thamburan college ground | 10.23816 | 76.21233 |
| 95 | Thrissur | Nattika | Nattika Cotton mill ground | 10.42771 | 76.10065 |
| 96 | Thrissur | Nattika | SN College ground Nattika | 10.42591 | 76.10606 |
| 97 | Thrissur | Thrissur | Municipal Corporation Stadium | 10.53246 | 76.21587 |
| 98 | Thrissur | Thrissur | Thoppe Stadium, Nellikunnu | 10.5201 | 76.22999 |
| 99 | Thrissur | Thrissur | Kerala Varma | 10.52675 | 76.1992 |

| | | | | | |
|---|---|---|---|---|---|
| | | | College Stadium, C Achutha Menon Road | | |
| 100 | Thrissur | Thrissur | Vetenary College Stadium, Mannuruthy | 10.53242 | 76.26327 |
| 101 | Palakkad | Ottappalam | Palappuram NSS college ground | 10.76503 | 76.40591 |
| 102 | Palakkad | Palakkad(M) | Palakkad Town Fort Maidanam | 10.76686 | 76.6568 |
| 103 | Palakkad | Palakkad(M) | Palakkad Town Govt Victoria College Ground | 10.78588 | 76.65059 |
| 104 | Palakkad | Puthusseri | BEML Kanjikode | 10.79517 | 76.78311 |
| 105 | Palakkad | Pattambi | Pattambi SNGS College ground | 10.80941 | 76.20046 |
| 106 | Palakkad | Kannambra | Mary Matha Higher Secondary school,Alathur | 10.58159 | 76.42084 |
| 107 | Palakkad | Vandazhi | St xavier School ground,Alathur | 10.52062 | 76.54025 |
| 108 | Palakkad | Melarcode | MNKM HSS ,Chittilancheri,Al athur | 10.60226 | 76.55602 |
| 109 | Palakkad | Peringottukurissi | Govt. HSS ,Peringottukurissi, Alathur | 10.75371 | 76.50502 |
| 110 | Palakkad | Lekkidiperoor | Govt.HS Nellikurissi,Ottap palam | 10.78861 | 76.4221 |
| 111 | Palakkad | Agali | Kottathara Goat Farm Ground,Mannark kad | 11.13147 | 76.68217 |
| 112 | Palakkad | Palakkad | Indira Gandhi Municipal Stadium Ground,Palakkad | 10.77223 | 76.66163 |
| 113 | Palakkad | Palakkad | Mission High School Ground | 10.76839 | 76.65221 |
| 114 | Malappuram | Nilambur(M) | MSP Parade Ground around 1/2 KM from Malappuram T | 11.27341 | 76.21503 |
| 115 | Malappuram | Pallikal | Calicut International | 11.13419 | 75.95658 |

| | | | | | |
|---|---|---|---|---|---|
| | | | airport at Karippur | | |
| 116 | Malappuram | Manjeri(M) | Sports Complex and Football academy | 11.10055 | 76.15541 |
| 117 | Malappuram | Malappuram(M) | Municipal Stadium. | 11.03767 | 76.0713 |
| 118 | Malappuram | Malappuram(M) | MSP Stadium, Up Hill | 11.03086 | 76.09886 |
| 119 | Malappuram | Malappuram(M) | Kottapadi Stadium, Down Hill | 11.04655 | 76.07287 |
| 120 | Wayanad | Sulthan Bathery | St Mary's College ground, Helipad, Sulthan Bather | 11.67766 | 76.26484 |
| 121 | Wayanad | Manathavady(M) | Valliyoorkkavu temple Ground (Temporary),Man antha | 11.8052 | 76.0287 |
| 122 | Wayanad | Kalpatta | SKMJ Higher secondary school Kalpetta | 11.6226 | 76.08754 |
| 123 | Kozhikode | Kozhikode(C) | Medical College Ground at Kozhikode | 11.28001 | 75.83742 |
| 124 | Kozhikode | Kozhikode(C) | Vikram Maiden, West hill, Kozhikode | 11.28604 | 75.76703 |
| 125 | Kozhikode | Payyoli(M) | Payyoli Higher Secondary School Ground at Payyoli | 11.50492 | 75.62582 |
| 126 | Kozhikode | Onchiyam | Govt College, Madappally | 11.63718 | 75.57051 |
| 127 | Kozhikode | Kozhikode(C) | Kozhikode Corporation Stadium, Tazhekkod | 11.25666 | 75.78571 |
| 128 | Kozhikode | Koyilandi(M) | Sports Council Stadium, Edapally Panvel Highway, | 11.44313 | 75.69334 |
| 129 | Kozhikode | Kozhikode(C) | Municipal Stadium, Kozhikode | 11.26963 | 75.78342 |
| 130 | Kozhikode | Onchiyam | Govt College, Mallappally at | 11.63718 | 75.57051 |

| | | | | | |
|---|---|---|---|---|---|
| | | | Vatakara Taluk | | |
| 131 | Kannur | Ramanthalli | Ezhimala Naval Academy, Payyannur | 12.04049 | 75.19494 |
| 132 | Kannur | Kannur(C) | Police Parade Ground, Kannur | 11.87559 | 75.36819 |
| 133 | Kannur | Mattanoor(M) | Pazhassi Raja NSS College Ground, Kannur | 11.93946 | 75.56594 |
| 134 | Kannur | Kannur(C) | Stadium Complex, Talap | 11.87476 | 75.3699 |
| 135 | Kannur | Peringome Vayakkara | CRPF CAMP, Peringome | 12.21616 | 75.29027 |
| 136 | Kannur | Dharmadom | Brennen college ,Thalassery | 11.77735 | 75.47063 |
| 137 | Kannur | Kuthuparamba(M) | Nirmalagiri college | 11.85544 | 75.56767 |
| 138 | Kannur | Kannur(C) | DSC Center Helipad, Kannur Burnassery. | 11.86033 | 75.36049 |
| 139 | Kannur | Kannur(C) | Kannur Jawahar Stadium | 11.87558 | 75.36819 |
| 140 | Kannur | Kuthuparamba(M) | Kuthuparamba Muncipal Stadium | 11.83056 | 75.56442 |
| 141 | Kannur | Mattanoor(M) | Mattannur PRNSS College Ground | 11.93941 | 75.56594 |
| 142 | Kannur | Anthoor(M) | KAP IV Bn Camp Ground, Mangattuparamba | 11.98532 | 75.36828 |
| 143 | Kannur | Anthoor(M) | Govt. Engineering College Ground, Mangattuparamba | 11.98569 | 75.37864 |
| 144 | Kannur | Kunjimangalam | Payyanur College ground,Edat | 12.10337 | 75.2328 |
| 145 | Kannur | Thalassery(M) | Muncipal Stadium, Thalassery | 11.75083 | 75.48573 |
| 146 | Kasargode | Mangalpady | Mannamkuzhy Stadium,Uppala Manjeshwaram | 12.66635 | 74.91889 |
| 147 | Kasargode | Kumbala | Kumbala HSS School ground, Kumbala, | 12.594 | 74.94488 |

| | | | | | |
|---|---|---|---|---|---|
| | | | Manjeshwaram | | |
| 148 | Kasargode | Manjeshwaram | GovindaPai Memorial College Ground, Manjeshwaram | 12.72512 | 74.89469 |
| 149 | Kasargode | Kuttikol | GHS, Bandaduka, Kasaragod | 12.4991 | 75.26943 |
| 150 | Kasargode | Karaduka | GVHSS, Mulleriya, Kasaragod | 12.55325 | 75.16255 |
| 151 | Kasargode | Chengala | Muncipal Stadium, Vidyanagar Kasaragod | 12.52471 | 75.01452 |
| 152 | Kasargode | Kasargod(M) | Govt. Muslim Vocational Higher Secondary School, | 12.48486 | 74.99098 |
| 153 | Kasargode | Kanhangad(M) | Cheemeni HSS School ground, Hosdurg | 12.30895 | 75.09154 |
| 154 | Kasargode | Kanhangad(M) | SN polytechnique, helipad, Kanhangad, Hosdurg | 12.31133 | 75.08347 |
| 155 | Kasargode | Pullur Periya | CUK periya, Hosdurg | 12.39622 | 75.09143 |
| 156 | Kasargode | Kallar | Rajapuram, Vellarikund | 12.42042 | 75.24333 |
| 157 | Kasargode | East Eleri | Chitarikal, Vellarikund | 12.32437 | 75.35902 |
| 158 | Kasargode | Balal | St. Jude HSS,Velllarikund | 12.36474 | 75.29076 |
| 159 | Kasargode | Kasargod(M) | Government college ,kasargode,Vidya nagar | 12.51969 | 75.01308 |
| 160 | Kottayam | Changanacherry(M) | NSS College Ground, Perunna, Changanassery | 9.440666 | 76.54462 |
| 161 | Kottayam | Kottayam(M) | Police parade ground, Kottayam | 9.591077 | 76.53334 |
| 162 | Kottayam | Kottayam(M) | Nehru Stadium, Kottayam | 9.5962 | 76.52653 |
| 163 | Kottayam | Kottayam(M) | CMS Higher | 9.59828 | 76.51675 |

| | | | | | |
|---|---|---|---|---|---|
| | | | Secondary school Ground, Kottayam | | |
| 164 | Kottayam | Mutholi | Govt. LPS, Velliappally | 9.692795 | 76.67179 |
| 165 | Kottayam | Ramapuram | St. Augustines HSS, Ramapauram | 9.798968 | 76.66335 |
| 166 | Kottayam | Ramapuram | Panchayat Ground, Ramapuram | 9.797365 | 76.66362 |
| 167 | Kottayam | Uzhavoor | Holy Cross H.S, M C Road SH 1,Monippally | 9.807859 | 76.5758 |
| 168 | Kottayam | Uzhavoor | St. Ann's H.S, Pulluvattom,Kurianadu,Monipally | 9.780637 | 76.57691 |
| 169 | Kottayam | Thalappalam | Govt. LPS, Kaippally,Poonjar Thekkekara | 9.709571 | 76.76178 |
| 170 | Kottayam | Poonjar Thekkekara | College of Engineering ,Poonjar Thekkekara | 9.673971 | 76.82629 |
| 171 | Kottayam | Poonjar Thekkekara | St. Antony's HSS,Poonjar south,Poonjar Thekkekara | 9.67032 | 76.81404 |
| 172 | Kottayam | Kadanad | St. John's H.S, Kurumannu,Ramapuram | 9.778945 | 76.73032 |
| 173 | Kottayam | Kadanad | St. Sebastian's H.S, Kurumannu,Kadandu ,Pizhaku R | 9.779417 | 76.70225 |
| 174 | Kottayam | Uzhavoor | St. Stephen's College Ground, Uzhavoor | 9.785413 | 76.60714 |
| 175 | Kottayam | Pala(M) | Municipal Stadium, Pala | 9.71231 | 76.68755 |
| 176 | Kottayam | Pala(M) | St. Thomas College Ground, Pala | 9.701236 | 76.66462 |
| 177 | Kottayam | Kuravilangad | De Paul HSS, Kuravilangadu | 9.743605 | 76.54818 |
| 178 | Kottayam | Kuravilangad | St. Mary's HSS, | 9.755139 | 76.56398 |

| | | | | | |
|---|---|---|---|---|---|
| | | | Kuravilangad | | |
| 179 | Kottayam | Eratupetta(M) | St. George College, Aruvithura, Erattupetta | 9.691979 | 76.77145 |
| 180 | Kottayam | Vellavoor | St. George HS,Manimala | 9.493461 | 76.74781 |
| 181 | Kottayam | Changanasarry(M) | Municipal Stadium,Karukachal, Changanassery | 9.444217 | 76.53856 |
| 182 | Kottayam | Changanasarry(M) | GVHSS, Vazhappally,Changanasarry | 9.458949 | 76.52683 |
| 183 | Kottayam | Kanjirapally | St. Joseph H.S Koovappally | 9.524984 | 76.82682 |
| 184 | Kottayam | Kanjirapally | Panchayat Ground, Koovappally | 9.529508 | 76.82278 |
| 185 | Kottayam | Kanjirapally | Govt. V.H.S.E, Vizhikkathodu,Koovapally | 9.51567 | 76.80633 |
| 186 | Kottayam | Parathode | Assumption H.S, Palampra,Earumaly North | 9.547386 | 76.8291 |
| 187 | Kottayam | Koottikkal | J.J. M.M. HSS, Yendayar,Kottikal | 9.616895 | 76.88788 |
| 188 | Kottayam | Kottayam(M) | Baselius College, Kottayam | 9.587293 | 76.52978 |
| 189 | Kottayam | Kottayam(M) | BCM College,Near Manorama,KK Road , Kottayam | 9.590291 | 76.52806 |
| 190 | Kottayam | Kottayam(M) | CMS College, ,CMS College Road,Kottayam | 9.597697 | 76.51967 |
| 191 | Kottayam | Manarkad | St. Mary's College, Maalam,Manarcad | 9.608219 | 76.59118 |
| 192 | Kottayam | Athirampuzha | K E College, Mannanam,Athirampuzha | 9.64446 | 76.51987 |
| 193 | Kottayam | Kanjirapally | AKJM Higher seondry | 9.554862 | 76.78664 |

| | | | | | |
|---|---|---|---|---|---|
| | | | schools,Kanjirapally | | |
| 194 | Kottayam | Arpookara | Kottayam Medical collage,Arpookara | 9.632557 | 76.51506 |

## 19 അനുബന്ധം 11 - സാറ്റലൈറ്റ് ഫോൺ നമ്പറുകൾ

**Emergency Satellite Phone numbers of SEOC, DEOCs, KSEB and Irrigation**

*Satellite Phones cannot be called in normal times. These phones are switched-on only in times of emergency for inter-departmental communication.*

*ഈ ഫോണുകൾ എപ്പോഴും പ്രവർത്തിപ്പിക്കാവുന്നവ അല്ല. അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ സംവിധാനങ്ങൾ പരസ്പരം ബാധിപ്പിക്കുവാൻ ഉദേശിച്ചിട്ടുള്ള സംവിധാനം ആണ് എന്നതിനാൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രമാണ് ഇവ അതാത് വകുപ്പുകൾ പ്രവർത്തിപ്പിക്കുന്നത്*

**Updated on 15th May 2024**

**Table: 1 - SEOC & DEOC Satellite Phone details**

| Sl. No | District | SEOC/DEOCs | Contact officer Name & Designation | Satellite phone number |
|---|---|---|---|---|
| 1 | Trivandrum | SEOC | Member Secretary KSDMA & Head SEOC | 8991118175 |
| 2 | Trvandrum | DEOC | Chairman DDMA & District Collector | 8991119065 |
| 3 | Kollam | DEOC | Chairman DDMA & District Collector | 8991119066 |
| 4 | Pathanamthitta | DEOC | Chairman DDMA & District Collector | 8991119067 |
| 5 | Alappuzha | DEOC | Chairman DDMA & District Collector | 8991119072 |
| 6 | Kottayam | DEOC | Chairman DDMA & District Collector | 8991119068 |
| 7 | Idukki | DEOC | Chairman DDMA & District Collector | 8991118173 |
| 8 | Ernakulam | DEOC | Chairman DDMA & District Collector | 8991118172 |
| 9 | Thrissur | DEOC | Chairman DDMA & District Collector | 8991119064 |
| 10 | Palakkad | DEOC | Chairman DDMA & District Collector | 8991119073 |
| 11 | Malappuram | DEOC | Chairman DDMA & District Collector | 8991119069 |
| 12 | Kozhikode | DEOC | Chairman DDMA & District Collector | 8991119070 |
| 13 | Wayanad | DEOC | Chairman DDMA & District Collector | 8991118174 |
| 14 | Kannur | DEOC | Chairman DDMA & District Collector | 8991119071 |
| 15 | Kasaragod | DEOC | Chairman DDMA & District Collector | 8991119074 |

SEOC - State Emergency Operations Centre
DEOC - District Emergency Operations Centre

**Table: II - Irrigation – Dam/Reservoir – Satellite phone details**

| Sl. No | Name of the Dam/Reservoir | District | Contact officer Name & Designation | Satellite phone number |
|---|---|---|---|---|
| 1 | Neyyar | Thiruvananthapuram | Irrigation Division, Thiruvanathapuram, eeirrigationtvpm@gmail.com | 8991120754 |
| | | | NIP Channel Sub Division Neyyattinkara aeecsdnta@gmail.com | |
| | | | Assistant Engineer Neyyar Dam Section aeneyyardam@gmail.com | |
| 2 | Kallada | Kollam | KIP RB Division, Kottarakkara, eekalladaktr@gmail.com | 8991120755 |
| | | | KIP (RB) Subdivision No:2 Thenmala parappardam.thenmala@gmail.com | |
| | | | KIP (RB) section No.3/2 Thenmala aethenmala3@gmail.com | |
| 3 | PVIP/ Bhoothathankettu Barrage | Ernakulam | PVIP Division No.I, Perumbavoor eepvip1pbvr@gmail.com | 8991120757 |
| | | | Assistant Executive Engineer, PVIP Sub Division No. 1, Bhoothathankettu, aee1pvip@gmail.com | |
| | | | Assistant Engineer, PVIP Section 1/1, Bhoothathankettu, aeperiyar@gmail.com | |
| 4 | PIP /Maniyar Barrage | Pattanamtitta | PIP Division, Chengannur pipcgr@gmail.com | 8991120756 |
| | | | Assistant Executive Engineer, PIP Sub Division Kozhenchery aeepipkzry@gmail.com | |
| | | | Assistant Engineer, PIP Section 4, Maniyar aepipmaniyar@gmail.com | |
| 5 | Malankara | Idukki | MVIP Division No. 3, Muvattupuzha, eemvip3@gmail.com | 8991120758 |
| | | | MVIP Sub Division no. 1, Muttom, | |

| | | | | |
|---|---|---|---|---|
| | | | mvipaee1@gmail.com | |
| | | | MVIP section 2/1, Muttom, aemalankara@gmail.com | |
| 6 | Vazhani | Thrissur | Irrigation Division, Thrissur, irrndntsr2021@gmail.com | 8991120759 |
| | | | Assistant Executive Engineer, Irrigation Sub-Division, Thalapilly irrnsdntply@gmail.com | |
| | | | Assistant Engineer, Irrigation Section, Vazhani vazhanisection@gmail.com | |
| 7 | Chimoni | Thrissur | Irrigation Division, Thrissur, irrndntsr2021@gmail.com | 8991120760 |
| | | | Chimoni Dam Project Sub Division, Echippara, irrnsubdncdp@gmail.com | |
| | | | Assistant Engineer, Chimoni dam Project Section No. 1, Echippara, aechimoni@gmail.com | |
| 8 | Malampuzha | Palakkad | Irrigation Division, Malampuzha, executiveengineermalampuzha@gmail.com | 8991120761 |
| | | | Head Works Sub Division, Malampuzha headworksmpz@gmail.com | |
| | | | Head works section, Malampuzha Dam aedammalampuzha@gmail.com | |
| 9 | Mangalam | Palakkad | Irrigation Division, Malampuzha, executiveengineermalampuzha@gmail.com | 8991120764 |
| | | | Assistant Executive Engineer, Alathur Canal Sub Division, Palakkad aeealathur@gmail.com | |
| | | | Assistant Engineer, Dam Section, Mangalam aemangalam@gmail.com | |
| 10 | Peechi | Thrissur | Irrigation Division, Thrissur, irrndntsr@gmail.com | 8991120762 |
| | | | Assistant Executive Engineer, Head Works Sub Division, Peechi, hwpeechi@gmail.com | |

| | | | | |
|---|---|---|---|---|
| | | | Assistant Engineer, Head Works Section Peechi hwspeechi@gmail.com | |
| 11 | Pothundy | Palakkad | Irrigation Division, Malampuzha, executiveengineermalampuzha@gmail.com | 8991120763 |
| | | | Assistant Executive EngineerIrrigation Sub-Division Nenmarapothundysubdn@gmail.com | |
| | | | Assistant Engineer, Head Works Section, Pothundy aeheadworkssectionpothundi@gmail.com | |
| 12 | Meenkara | Palakkad | Irrigation Division, Chittur, chitturdivision@yahoo.com | 8991120765 |
| | | | Assistant Executive Engineer, Irrigation Sub Division No. I, Chittur subdvn1cpp@yahoo.com | |
| | | | Assistant Engineer, Meenkara Dam Section aemeenkara@gmail.com | |
| 13 | Chulliyar | Palakkad | Irrigation Division, Chittur, chitturdivision@yahoo.com | 8991120766 |
| | | | Assistant Executive Engineer, Irrigation Sub Division No. I, Chittur subdvn1cpp@yahoo.com | |
| | | | Assistant Engineer, Chulliyar Dam Section aechulliyar@gmail.com | |

| | | | | |
|---|---|---|---|---|
| 14 | Walayar | Palakkad | Irrigation Division, Chittur, chitturdivision@yahoo.com | 8991120767 |
| | | | Assistant Executive Engineer, Irrigation Sub Division No II Chittur subdivno2ctr@gmail.com | |
| | | | Assistant Engineer, Walayar Dam Section aewalayardam@gmail.com | |
| 15 | Moolathara Regulator | Palakkad | Irrigation Division, Chittur, chitturdivision@yahoo.com | 8991120768 |
| | | | Assistant Executive Engineer, Irrigation Sub Division No II Chittur subdivno2ctr@gmail.com | |
| | | | Assistant Engineer, Head Works Section, Moolathara aemoolathara1@gmail.com | |
| 16 | Siruvani | Palakkad | KPIP Division No. I, Kanjirapuzha eekpipdivision1@gmail.com | 8991120770 |
| | | | Assistant Executive Engineer, KPIP Sub Division No.I Ottapalam siruvanisubdivisionaee@gmail.com | |
| | | | Assistant Engineer, Siruvani Project Section 3/1 aesiruvaniprojectsection@gmail.com | |
| 17 | Kanjirapuzha | Palakkad | KPIP Division No.I, Kanjirapuzha eekpipdivision1@gmail.com | 8991120769 |

| | | | | |
|---|---|---|---|---|
| | | | Assistant Executive Engineer, KPIP Head Works Sub Division 3, Kanhirapuzha kpipsubdn3@gmail.com | |
| | | | Assistant Engineer, KPIP Section 4/3, Kanhirapuzha aekpipsn4@gmail.com | |
| 18 | Kuttiyadi | Kozhikode | KyIP Division, Perambra kyipdivision@gmail.com | 8991120772 |
| | | | KyIP O&M Sub Division, Peruvannamoozhi, kyipsubdivisionmoozhi@gmail.com | |
| | | | KyIP O&M Section, Peruvannamoozhi, aekuttiyadidam@gmail.com | |
| 19 | Pazhassi Barrage | Kannur | PyIP Division No. I, Kannur, pyipexecutiveengineer@yahoo.com | 8991120773 |
| | | | Assistant Executive Engineer, PyIP Sub Division Mattannur pyipsubdivisionmattannur@gmail.com | |
| | | | Assistant Engineer, Pazhassi Dam Section aepazhassi@gmail.com | |
| 20 | Karapuzha | Wayanad | KRP Division , Kalpetta, executiveengineerkrp@gmail.com | 8991120771 |
| | | | Assistant Executiive Engineer, KRP Sn No:2/2, Vazhavattah, Wayanad, aee2krp@gmail.com | |
| | | | Assistant Engineer KRP Section 2/2, Vazhavetta, aekrpsection2@gmail.com | |

**Table: III - KSEB – Dam/Reservoir – Satellite phone details**

| Designation of the officer in charge | Dam site | Satelitte Phone No | Status |
|---|---|---|---|
| **KAKKAD** | | | |
| Assistant Engineer, Dam Safety Sub Division, Moozhiyar | Anathode Dam | 8991118824 | Working |
| Assistant Engineer, Dam Safety Sub Division, Kochu Pamba | Pamba Dam | 8991118825 | Working |
| Assistant Executive Engineer, Dam Safety Sub Division, Kochu Pamba | Dam Safety Sub Division Office, Kochu Pamba | 8991118826 | Working |
| Assistant Engineer, Dam Safety Sub Division, Moozhiyar | Kakki Dam | 8991118827 | Working |
| Assistant Executive Engineer, Dam Safety Sub Division, Moozhiyar | Dam Safety Sub Division Office, Moozhiyar | 8991118828 | Working |
| Assistant Engineer, Dam Safety Section No. II, Moozhiyar | Moozhiyar Dam | 8991118829 | Working |
| **PAMBLA** | | | |
| Assistant Engineer -II, Dam Safety Sub Division, Pambla | Kallarkutty | 8991118833 | Working |
| Assistant Engineer -I,Dam Safety Sub Division, Pambla | Pambla | 8991118834 | Working |
| Assistant Engineer, Dam Safety Section,Kallarkutty | Ponmudi | 8991118835 | Working |
| Assistant Engineer, Dam Safety Section, Munnar | Maduppetty | 8991118836 | Working |
| Assistant EngineerI, Dam Safety Section, Munnar | Kundala | 8991118837 | Working |
| **IDAMALAYAR** | | | |
| Assistant Engineer, I&M Section, Idamalayar | Idamalayar Dam | 8991118830 | Working |
| Assistant Engineer, Dam Safety Sub Division, Poringalkuthu | Poringalkuthu Dam | 8991118831 | Working |
| Assistant Engineer, Dam Safety Section, Sholayar | Sholayar Main & Flanking Dam | 8991118832 | Working |

| | | | |
|---|---|---|---|
| **KAKKAYAM** | | | |
| Assistant Executive Engineer | Kakkayam, Kozhikode | 8991118841 | Not working sent for repair at Delhi |
| Assistant Executive Engineer (AE in additional charge of AEE) | Banasurasagar, Padinjarathara, Waynad | 8991118839 | Working |

## 20 അനുബന്ധം 12 - സംസ്ഥാനത്തെ പെട്രോളിയം അടിയന്തിരഘട്ട സഹായ വാഹനങ്ങൾ, സംസ്ഥാനത്ത് ദുരിതാശ്വാസ ക്യാമ്പുകൾ നടത്താവുന്ന കെട്ടിടങ്ങളും, ആശുപത്രികളും സംബന്ധിച്ച ഭൂപടങ്ങളും, പട്ടികയും

- പെട്രോളിയം അടിയന്തിരഘട്ട സഹായ വാഹനങ്ങൾ - https://sdma.kerala.gov.in/wp-content/uploads/2021/05/Emergency-Response-Vehicle-details-10-05-2021_ERV_Website.pdf
- ദുരിതാശ്വാസ ക്യാമ്പുകൾ നടത്താവുന്ന കെട്ടിടങ്ങളും, ആശുപത്രികളും സംബന്ധിച്ച ഭൂപടങ്ങളും, പട്ടികയും https://sdma.kerala.gov.in/infrastructure-facilities/

## 21 അനുബന്ധം 14 - ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ശുപാർശ ചെയ്യുന്നതിനുള്ള ചെക്ക് ലിസ്റ്റ്

- ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടം ഇതിനാൽ സംസ്ഥാന ദുരന്ത നിവാരണ പ്ലാനിൽ ഉൾപ്പെടുത്തുന്നു. ദേശീയ ഭൌമ ശാസ്ത്ര പഠന കേന്ദ്രം (NCESS) തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ പ്ലാനിന്റെ 2016ലെ പതിപ്പിൽ ഉൾപ്പെടുത്തിയിരുന്ന ഭൂപടത്തിന്റെ സ്ഥാനത്ത് ഇനി മുതൽ ദേശീയ നോഡൽ ഏജെൻസി ആയ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടം ആയിരിക്കും ഉപയോഗപ്പെടുക. പ്രസ്തുത ഭൂപടത്തിൽ ഉരുൾപൊട്ടൽ സാധ്യത പ്രദേശങ്ങളെ 3 സോണുകൾ ആയി തിരിച്ചിരിക്കുന്നു. ഹൈ (High), മോഡറേറ്റ് (Moderate), ലോ (Low) ഹസാർഡ് സോണുകൾ. പുനരധിവാസം പോലെയുള്ള നടപടികളിൽ പ്രഥമ പരിഗണന നൽകേണ്ടത് High Hazard സോണുകളിൽ ഉൾപ്പെട്ടവരെയാണ്. ഇതുകൂടാതെ 2018ലെ മഹാപ്രളയനാന്തരം ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പഠനങ്ങളിലും 2019ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ച വിദഗ്ധ സമിതി നടത്തിയ പഠനത്തിലും വാസയോഗ്യമല്ലാത്തത് എന്ന് കണ്ടെത്തിയ വീടുകളിൽ താമസിക്കുന്നവരുടെ പട്ടിക സംസ്ഥാന-ജില്ലാ ഭരണകൂടങ്ങൾ ഉപയോഗിച്ച് വരുന്നു.
- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുള്ള ശുപാർശ ഹസാർഡ് അനലിസ്റ്റ്, ജില്ലകളിലെ ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പുകളുടെയും സംയുക്ത മേൽനോട്ടത്തിൽ, സ്ഥലത്ത് സാങ്കേതിക പരിശോധന നടത്തി പ്രസ്തുത പ്രശ്നത്തിന്റെ യഥാർത്ഥ സ്ഥിതിയും പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ വിശദമായ റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് തുടർ

നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്. സ്ഥലം പരിശോധിക്കുന്നതിന് ചുവടെ ചേർക്കുന്ന ചെക്ക്ലിസ്റ്റ് വിനിയോഗിക്കുക.

- 2018-ൽ ഉണ്ടായ ഉരുൾപൊട്ടൽ മാപ്പ് ചെയ്യാൻ ഗവൺമെന്റ് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോട് 7-9-2018 ന് പുറപ്പെടുവിച്ച ഗവണ്മെന്റ് ഉത്തരവ് നം. 20/2018/DMD പ്രകാരം ചുമതലപ്പെടുത്തി. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ രണ്ട് ജിയോളജിസ്റ്റുകൾ ഉള്ള 10 ടീമുകളെ നിയോഗിച്ചു. ജിയോളജിസ്റ്റുകൾ മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങൾ ഉടൻ തന്നെ സർവേ നടത്തുകയും അപകടഭീഷണിയിൽ ഉള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട നിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കു സമർപ്പിക്കുകയും ചെയ്തു. 2019-ൽ ഉണ്ടായ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യം ആണോ അല്ലയോ എന്ന് വ്യക്തമായ ശാസ്ത്രീയ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മൈനിങ് ആൻഡ് ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ ജോയിന്റ് ടീമിനെ 19-8-2019 ന് പുറപ്പെടുവിച്ച ഗവണ്മെന്റ് ഉത്തരവ് നം. 520/2019/DMD പ്രകാരം ചുമതലപ്പെടുത്തി. തുടർന്ന് അപകടഭീഷണിയിൽ ഉള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട നിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കു സമർപ്പിക്കുകയും ചെയ്തു. പരിശോധനക്ക് മുൻപ് മുകളിൽ പ്രസ്താവിച്ചിരിക്കുന്ന രണ്ടു പഠനങ്ങളിൽ ഏതെങ്കിലും ഒന്നിൽ വന്നിട്ടുള്ള പ്രദേശങ്ങൾ ആണോ എന്ന് പരിശോധിക്കേണ്ടതാണ്.
- പുനരധിവാസത്തിന് കാരണമായ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത മറ്റു ദുരന്ത നിവാരണ പരിഹാര പ്രവർത്തികളിലൂടെ പരിഹരിക്കാൻ സാധിക്കുമെങ്കിൽ, അതിനുള്ള സാധ്യതകൾ കണ്ടെത്തി, വിശദമായ റിപ്പോർട്ട് ചെക്ക്ലിസ്റ്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.
- സംയുക്ത റിപ്പോർട്ടിൽ വിവിധ ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്ന അഭിപ്രായത്തിൽ വൈരുദ്ധ്യം ഉണ്ടെങ്കിലോ, പരിശോധനയ്ക്ക് ശേഷം

പ്രസ്തുത സ്ഥലത്തിന് മൊത്തം ലഭിക്കുന്ന സ്കോർ 35ൽ താഴെ ആണെങ്കിലോ വിശദ പഠനത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ സമീപിക്കാവുന്നതാണ്. പ്രസ്തുത വിഷയത്തിന്മേൽ സംസ്ഥാനത്തെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ തുടങ്ങിയ പ്രതിഭാസങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശകസമിതി [GO(Rt)No.356/2020/DMD dated 17/03/2022 & GO (Rt) No. 223/2023/DMD dated 04/04/2023) വിശദമായി പരിശോധിക്കുകയും, കൂടുതൽ ശാസ്ത്രിയ പഠനം ആവശ്യമാണെങ്കിൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിദഗ്ധ സംഘത്തെ പ്രസ്തുത പ്രശ്നത്തിന്റെ പഠനത്തിനായി നിയോഗിക്കുകയും, പരിഹാരം കണ്ടെത്തുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്യും.

- ഈ ചെക്ക്ലിസ്റ്റ് ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ ദുരന്ത സാധ്യതകൾ പരിശോധിക്കുവാൻ മാത്രം വിനിയോഗിക്കുക.
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിക്കുന്ന പഠന സംഘം ജില്ല സന്ദർശിക്കുന്ന സാഹചര്യത്തിൽ അവരുടെ താമസം, ഭക്ഷണം, ജില്ലയിലെ യാത്ര എന്നിവ 2245-02-101-94-Flood-Other items എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാം

----

## ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ മേഖലയിൽ വിനിയോഗിക്കുവാനുള്ള ദുരന്ത സാധ്യതാ അവലോകന ചെക്ക്ലിസ്റ്റ്

എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉത്തരത്തിനും ബ്രാക്കറ്റിൽ ഉള്ള നമ്പർ കൂട്ടിയാൽ കിട്ടുന്ന ഏറ്റവും ചുരുങ്ങിയ സ്കോർ 20 ആണ്. ഏറ്റവും കൂടുതൽ സ്കോർ 100 ആണ്. പരിശോധനയ്ക്ക് ശേഷം പ്രസ്തുത സ്ഥലത്തിന് മൊത്തം ലഭിക്കുന്ന സ്കോർ 35ൽ താഴെ ആണെങ്കിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിക്ക് വിഷയം ശുപാർശ ചെയ്യുക.

ചോദ്യം 5, 6 എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ ഉത്തരം 'അതെ' എന്നാണെങ്കിൽ പ്രസ്തുത സ്ഥലത്തെ കെട്ടിടങ്ങളിൽ വസിക്കുന്നവരെ

മഴക്കാലത്ത് നിർബന്ധമായി മാറ്റി താമസിപ്പിക്കണം. അത്തരം സ്ഥലങ്ങളിലെ കെട്ടിടങ്ങളിൽ വസിക്കുന്ന കുടുംബങ്ങളെ അവിടെ നിന്നും വാസ സ്ഥലം നിരന്തരമായി മാറ്റുവാൻ നിർദേശിക്കുക. ചോദ്യം 5, 6 എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ ഉത്തരം 'അതെ' എന്നാണെങ്കിൽ ഒരു കാരണവശാലും പുതുതായി വീട് നിർമ്മിക്കുവാൻ അനുവദിക്കുവാൻ സാധിക്കില്ല

I. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനം (അക്ഷാംശം/രേഖാംശം)
II. വീടിന്റെ/കെട്ടിത്തിന്റെ വിലാസം (വില്ലേജ്, പഞ്ചായത്ത്, പിൻ കോഡ് നംബർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തണം)
III. വീട്/കെട്ടിട ഉടമയുടെ പേര്, ആധാർ നംബർ അല്ലെങ്കിൽ റേഷൻ കാർഡ് നംബർ
IV. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനം ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യത ഭൂപടത്തിൽ 'ഹൈ/മോഡറേറ്റ്/ലോ സാധ്യതാ പ്രദേശത്ത് ആണ്/അല്ല; ആണെങ്കിൽ ഏത് തരം സാധ്യത പ്രദേശത്ത് ആണ്?
ഹൈ (1), മോഡറേറ്റ് (2), ലോ (6), സാധ്യതാ പ്രദേശത്ത് അല്ല (10)
V. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനം 2018ലെ കാലവർഷത്തിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ബാധിച്ച സ്ഥലം ആണോ?
അതെ (0)/അല്ല (8)
VI. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനം 2018ലെ കാലവർഷത്തിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ബാധിച്ചതിനാൽ വീട് വയ്ക്കരുത് എന്ന് കേന്ദ്ര ജിയോളജി വകുപ്പ് (GSI) നിർണ്ണയിച്ചിട്ടുള്ള സ്ഥാനം ആണോ?
അതെ (0)/അല്ല (7)
VII. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനം സ്ഥാനത്തിന്റെ ചരിവ് 22 ഡിഗ്രിയിൽ കൂടുതൽ ആണോ?
അതെ (1)/അല്ല (8)
VIII. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്തിന്റെ മേൽഭാഗത്തെ ചരിവ് 1 മീറ്ററിൽ കൂടുതൽ വെട്ടി കിഴക്കാം തൂക്കായി നിർത്തിയിട്ടുണ്ടോ?
ഉണ്ട് (2)/ഇല്ല (6)

IX. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്തിന്റെ മേൽഭാഗത്തെ ചരിവിൽ, വീടിന്റെ സ്ഥാനത്ത് വന്ന് പതിക്കാവുന്ന രീതിയിൽ വലിയ പാറകൾ/ഒഴുകി ഇറങ്ങാവുന്ന രീതിയിൽ മണ്ണ്/ഇടിഞ്ഞ് ഇറങ്ങാവുന്ന രീതിയിൽ മണ്ണ്/മുൻ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവയുടെ ബാക്കി എന്നിവ ഉണ്ടോ?

ഉണ്ട് (1)/ഇല്ല (6)

X. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്തിന്റെ താഴ്ഭാഗത്തെ ചരിവിൽ ഇടിഞ്ഞ് വീണാൽ വീടിന്റെ അടിത്തറയെ ബാധിക്കാവുന്ന രീതിയിൽ 1 മീറ്ററിൽ കൂടുതൽ മണ്ണ് വെട്ടി കിഴക്കാം തൂക്കായി നിർത്തിയിട്ടുണ്ടോ?

ഉണ്ട് (1)/ഇല്ല (7)

XI. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്തിന്റെ മേൽഭാഗത്തെ ചരിവും, താഴ്ഭാഗത്തെ ചരിവും 1 മീറ്റർ ഉയരത്തിൽ അധികരിക്കാതെ തട്ടുകളായി തിരിക്കുവാൻ സാധിക്കുമോ?

സാധിക്കില്ല (2)/സാധിക്കും (8)

XII. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്ത് കുഴലീകൃത മണ്ണൊലിപ്പ് (Soil Piping) ശ്രദ്ധയിൽ പെട്ടിട്ട് ഉണ്ടോ?

ഉണ്ട് (2)/ഇല്ല (5)

XIII. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനം തൊട്ടടുത്തുള്ള നീർച്ചാലിൽ നിന്നും 15 മീറ്ററിനുള്ളിൽ ആണോ?

അതെ (2)/അല്ല (8)

XIV. വീട്/കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ മുകൾ ഭാഗത്ത് റിസർവ് വനം ആണോ, കാട്ടുതീ, മരം മുറിച്ചു മാറ്റൽ എന്നിവ മൂലം ക്ഷയിച്ച വനമേഖലയാണോ?

ക്ഷയിച്ച വനം (2)/റിസർവ് വനം (7)

XV. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്ത് മുൻവർഷങ്ങളിൽ മലയിടിച്ചിൽ ഉണ്ടായിട്ടുണ്ടോ?

ഉണ്ട് (2)/ഇല്ല (6)

XVI. ദ്രവിച്ച പാറയേയും ഉറച്ച ശിലയെയും വേർതിരിക്കുന്ന പ്രതലത്തിന്റെ ചരിവ്/ദിശ വീട്/കെട്ടിടം നിൽക്കുന്ന സ്ഥലത്തേക്കാണോ അഭിമുഖീകരിക്കുന്നത്?

അതെ (2)/അല്ല (7)

XVII. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്ത് മണ്ണിൽ ആഴത്തിൽ ഉള്ള വിള്ളലുകൾ ഉണ്ടോ?

ഉണ്ട് (2)/ഇല്ല (7)

XVIII. മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ വീട്/കെട്ടിടം നിൽക്കുന്ന സ്ഥലത്തിന് ലഭിച്ച മൊത്തം സ്കോർ എത്ര?

XIX. വീട്/കെട്ടിടം നിൽക്കുന്ന സ്ഥാനത്ത് തന്നെ സ്ഥിരവാസം തുടരുവാൻ കുടുംബത്തെ/വ്യക്തിയെ അനുവദിക്കാമോ?

അനുവദിക്കാം/അനുവദിക്കാൻ പാടില്ല

XX. പ്രത്യേക ശുപാർശകൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തുക

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാധ്യതാമേഖലാ ഭൂപടം https://sdma.kerala.gov.in/hazard-maps/ എന്ന ലിങ്കിൽ ലഭ്യമാണ്. ഗൂഗിൾ എർത്തിൽ ഉപയോഗത്തിനായി KMZ ഫയലുകൾ ഇവിടെയുള്ള ZIP ഫയൽ ഡൌൺലോഡ് ചെയ്തതിന് ശേഷം എക്സ്സ്ട്രാക്റ്റ് ചെയ്യുക. അപ്പോൾ ജില്ല തിരിച്ച് KMZ ഫയലുകൾ ലഭിക്കും. ഈ ഫയൽ ഗൂഗിൾ എർത്തിൽ തുറന്ന്, വീട്/കെട്ടിടം നിൽക്കുന്ന വസ്തുവിന്റെ അതിരുകളുടെ അക്ഷാംശ രേഖാംശ വിവരം ഇതിൽ പ്ലോട്ട് ചെയ്താൽ ഈ വിവരം കൃത്യമായി കണ്ടെത്താം.

------

## 22 അനുബന്ധം 15 - നേവി, കോസ്റ്റ് ഗാർഡ് എന്നി സേനകളുടെ സഹായം മുങ്ങി മരണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കുന്നതിനുള്ള ഫോർമാറ്റ്

| | | |
|---|---|---|
| A | Requesting Authority | |
| B | Place | |
| C | Brief account of the incident and the type of assistance required | |
| D | Mode of transport and route to reach the site (for ground movement, to be provided by requesting authority) | |
| E | Paying Authority | District Collector |
| F | Name of Laison Officer at the site for coordination | |
| G | If diving assistance is required, the following information may be given | |
| | 1. Location | |
| | 2. Depth of water in the area | |
| | 3. Speed of water (current) | |
| | 4. Effect of tide | |
| | 5. Jetty/ramp location | |
| | 6. Nature of bottom | |
| | 7. Extent of search in square meters | |
| | 8. Sea condition and shore condition | |
| | 9. Beach shore features | |
| H | If air search is required, the following information may be given | |
| | 1. Location and time when last seen | |
| | 2. Length of boat | |
| | 3. Color of boat | |
| | 4. Other distinguishing features of the boat | |
| | 5. Number of persons on the boat | |
| Email to: The Naval Officer-in-Charge, Joint Operations Centre, Kochi. Email: sncoicjocnavy@nic.in<br>Copy to: Member Secertary, KSDMA & Head, SEOC. Email: seoc.ksdma@kerala.gov.in | | |

Ref: Ltr. No. DI/7390/07 dated 16-6-2021 from Commander Spl Ops & Diving Officer, India Navy, Southern Navay Command

**മാർഗ്ഗരേഖ തയ്യാറാക്കിയവർ**

1. ശ്രീ. ജീവൻ ബാബു കെ, ഐ.എ.എസ്, കമ്മീഷണർ, ദുരന്ത നിവാരണം - എഡിറ്റർ
2. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
3. ശ്രീ. ഫഹദ് മർസൂക്ക്, ഹസാർഡ് അനലിസ്റ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
4. ശ്രീ. രാജീവൻ കെ, കാലാവസ്ഥാ വിദഗ്ദ്ധൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
5. കുമാരി അമൃത കെ, ഹസാർഡ് അനലിസ്റ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
6. ശ്രീമതി അഞ്ജലി പി, ഹസാർഡ് അനലിസ്റ്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, എറണാകുളം
7. ശ്രീമതി ചിന്തുമോൾ സി, ഹസാർഡ് അനലിസ്റ്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ആലപ്പുഴ
8. കുമാരി ചാന്ദിനി പി.സി സേനൻ, ഹസാർഡ് അനലിസ്റ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
9. ഡോ. പ്രതീഷ് മാമൻ, KSDMA-UNICEF Coordinator, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
10. ശ്രീ. രവീന്ദ്രൻ എസ്, ജി.ഐ.എസ് സ്പെഷ്യലിസ്റ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
11. ശ്രീമതി അമൃത എ.എസ്, ജി.ഐ.എസ് ടെക്നീഷ്യൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
12. കുമാരി ശ്രീകാവ്യ ടി.എ, ജി.ഐ.എസ് ടെക്നീഷ്യൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
13. ശ്രീ. ഷിനു എ, ജി.ഐ.എസ് ടെക്നീഷ്യൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

**Published by**
Kerala State Emergency Operations Centre (SEOC), Kerala State Disaster Management Authority
Department of Disaster Management, Govt. of Kerala

Observatory Hills, Vikas Bhavan P.O, Thiruvananthapuram, Kerala, India. Pin – 695033
Email: seoc.ksdma@kerala.gov.in. Tel/Fax: +91 (0) 471 – 1079, 1070
Web: sdma.kerala.gov.in